# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

2021 ആഗസ്റ്റ് 6, വെള്ളി

സ്പീക്കർ
**ശ്രീ. എം. ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി
**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ
**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1284/2022

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം,എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത് -വിനോദസഞ്ചാര വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി,പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം,സാംസ്കാരികം, യുവജനക്ഷേമം വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യം- വനിത-ശിശു വികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ്ജ് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ..1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ..28

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..28

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..71

**II അനുമോദനം**

ഒളിമ്പിക്സ് മെഡൽ ജേതാക്കൾക്ക് അഭിനന്ദനം ..370

**III അടിയന്തരപ്രമേയം**

അശാസ്ത്രീയ ലോക്ഡൗൺ നിയന്ത്രണം

- ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

(അവതരണാനുമതി നിഷേധിച്ചു) ..370

**IV ശ്രദ്ധ ക്ഷണിക്കൽ**

(1) കിഫ്ബി വഴി നടപ്പാക്കുന്ന റോഡ് പദ്ധതികളിലെ തടസ്സങ്ങൾ

- ശ്രീ. കെ. ബി. ഗണേഷ് കുമാർ ..384

(2) കനാൽ നവീകരണ പുനരധിവാസ പ്രവർത്തനങ്ങൾ

- ശ്രീ. ടി. ജെ. വിനോദ് ..393

**V സബ്മിഷൻ**

1. JNTBGRI ഉപകേന്ദ്രത്തിന്റെ പ്രവർത്തനം

-ശ്രീ. വി. ആർ. സുനിൽ കുമാർ ..395

2. ഭവന വായ്പാ കുടിശ്ശിക

-ശ്രീമതി യു. പ്രതിഭ ..396

3. ജനറൽ ആശുപത്രിയുടെ വികസനം

-ശ്രീ. വി. കെ. പ്രശാന്ത് ..397

4. ആർ.ടി. ഓഫീസ് നിർമ്മാണം

- ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ..399

*പേജ്*

**VI റിപ്പോർട്ട് സമർപ്പണം**

2021-ലെ കേരള ധനകാര്യ ബിൽ, 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ ..400

**VII അനൗദ്യോഗികാംഗങ്ങളുടെ കാര്യം**

(1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ടിന്റെ പരിഗണന ..401

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ:

(i) 2021-ലെ കേരള അന്ധവിശ്വാസ-അനാചാര നിർമ്മാർജ്ജന ബിൽ

-ശ്രീ. കെ. ഡി. പ്രസേനൻ ..400

(ii) 2021-ലെ കേരള സംസ്ഥാന അക്ഷയ സംരംഭക ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

-ശ്രീ. എൻ. ഷംസുദ്ദീൻ ..403

(iii) 2021-ലെ കേരള ഉച്ചഭാഷിണി വെളിച്ച സംവിധാന തൊഴിലാളി ക്ഷേമനിധി ബിൽ

-ശ്രീ. ടി. ജെ. വിനോദ് ..408

(iv) 2021- ലെ കേരള മിശ്രവിവാഹിത കുടുംബ സംരക്ഷണ ബിൽ

-ശ്രീ. എം. രാജഗോപാലൻ ..412

(v) 2021-ലെ സംസ്ഥാനത്തെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ഏകോപിപ്പിക്കുന്നതിനുള്ള അപ്പെക്സ് കൗൺസിൽ രൂപീകരണ ബിൽ

-ശ്രീമതി ഒ. എസ്. അംബിക ..418

(3) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങളുടെ തുടർചർച്ച ..421

*പേജ്*

(i) 2021-ലെ കേരള അതിഥി തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

-ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ..421

(ii) 2021-ലെ കേരള സംസ്ഥാന വാതിൽപ്പടി സേവനരംഗത്ത് ജോലി ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബിൽ

-ശ്രീ. പി. എസ്. സുപാൽ ..423

(iii) 2021-ലെ കേരള ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണ ബിൽ

-ശ്രീ. പി. ടി. തോമസ് ..426

**അനുബന്ധം** ..429

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

*2021 ആഗസ്റ്റ് 6, വെള്ളി*

വാല്യം 185] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 12

നിയമസഭ 2021 ആഗസ്റ്റ് മാസം 6-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

<u>മി. സ്പീക്കർ</u>: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*331)

### കണ്ടൽ കാടുകളുടെ സംരക്ഷണം

1(*331) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>:
<u>ശ്രീ. പി. എസ്. സുപാൽ</u>:
<u>ശ്രീമതി സി. കെ. ആശ</u>:
<u>ശ്രീ. പി. ബാലചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം - വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവ വൈവിധ്യങ്ങളുടെ കലവറയായ കണ്ടൽ കാടുകളുടെ സംരക്ഷണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി സ്വകാര്യ കണ്ടൽ കാടുകൾ ഏറ്റെടുക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) ഇപ്രകാരം ഏറ്റെടുത്തിട്ടുള്ള കണ്ടൽ വനങ്ങളിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് അറിയിക്കാമോ;

(ഡി) കണ്ടൽ വനങ്ങളുടെ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

വനം - വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, (എ) ജൈവ വൈവിധ്യങ്ങളുടെ കലവറയായ കണ്ടൽ കാടുകളുടെ സംരക്ഷണത്തിന് കേന്ദ്ര സഹായത്തോടെ Conservation and Management of Mangroves (60% CSS) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം വനം വകുപ്പ് കണ്ടൽ തൈകൾ, തീരപ്രദേശങ്ങളിൽ നട്ടുപിടിപ്പിക്കാവുന്ന അനുബന്ധ തൈകളായ കാറ്റാടി, രാമച്ചം, പൂവരശ്ശ് എന്നിവ ഉൽപ്പാദിപ്പിച്ച് നേരിട്ട് നട്ടുപിടിപ്പിക്കുകയും കൂടാതെ നട്ടുപിടിപ്പിക്കുന്നതിനായി പൊതുജനങ്ങൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്നു. സ്വകാര്യ വ്യക്തികൾക്ക് സ്വകാര്യ ഭൂമിയിലെ കണ്ടൽ സംരക്ഷിക്കുന്നതിനായി ഏക്കറിന് 4000 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു. 5 ജില്ലകളിൽ സർക്കാർ അധീനതയിലുള്ള കണ്ടൽ പ്രദേശങ്ങൾ റിസർവ് ഫോറസ്റ്റായി വിജ്ഞാപനം ചെയ്ത് സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ജൈവ വൈവിധ്യങ്ങളുടെ കലവറയായ കണ്ടൽ കാടുകളുടെ സംരക്ഷണത്തിന്റെ ഭാഗമായി റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിന് കീഴിൽ സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽ കാടുകൾ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) പ്രളയശേഷമുള്ള പുനർനിർമ്മാണത്തിന്റെ ഭാഗമായി റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിന് കീഴിൽ സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽ കാടുകൾ ഏറ്റെടുക്കുക വഴി ജൈവ വൈവിധ്യങ്ങളുടെ കലവറയായ കണ്ടൽ കാടുകളുടെ ഏകീകരണവും സംരക്ഷണവുമാണ് ലക്ഷ്യമാക്കുന്നത്. ഇപ്രകാരം, ഏതാണ്ട് 12.00 ച.കി.മീ. വരുന്ന സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽ വനങ്ങൾ കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രൈജൽ ലാൻഡ്സ്) ആക്ട് 2003, സെക്ഷൻ 4(1) മുഖേന അർഹമായ നഷ്ടപരിഹാര തുക നൽകി ഏറ്റെടുക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. 23-5-2019-ലെ സ.ഉ (പി) നം. 19/2019/P & EA നമ്പർ ഉത്തരവ് പ്രകാരം കണ്ടൽ കാടുകളുടെ ഏറ്റെടുക്കലിനും സംരക്ഷണത്തിനുമായി 120 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ സാമ്പത്തിക വർഷം ഈയിനത്തിൽ 10 കോടി രൂപയാണ് സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി (SLEC) അംഗീകരിച്ചിട്ടുള്ളത്. ആദ്യഘട്ടത്തിൽ തൃശ്ശൂർ,

കൊല്ലം, കണ്ണൂർ, മലപ്പുറം എന്നീ നാല് ജില്ലകളിലെ 51.41 ഹെക്ടർ കണ്ടൽ കാടുകൾ അർഹമായ തുക നഷ്ടപരിഹാരം നൽകി ഏറ്റെടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. 1-1-2021-ലെ സ.ഉ. (സാധാ) നം. 1/2021/വനം പ്രകാരം തൃശ്ശൂർ, കൊല്ലം ജില്ലകളിലെ കണ്ടൽ കാടുകൾ ഏറ്റെടുക്കുന്നതിനുള്ള അഡ്വൈസറി കമ്മിറ്റിയുടെ ശിപാർശ അംഗീകരിച്ച് ഉടൻ നടപടി സ്വീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇ.എഫ്.എൽ. അഡ്വൈസറി സബ്കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൊല്ലം, തൃശ്ശൂർ ജില്ലകളിലെ കണ്ടൽ ഭൂമി ഏറ്റെടുക്കുന്നതിനായുള്ള നഷ്ടപരിഹാരം തീരുമാനിക്കുന്നതിനുള്ള സമിതി രൂപീകരിച്ച് സർക്കാർ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. കണ്ണൂർ, മലപ്പുറം എന്നീ ജില്ലകളിൽ ഇതിനായുള്ള ഇ.എഫ്.എൽ. അഡ്വൈസറി കമ്മിറ്റിയുടെ ശിപാർശകൾക്കനുസരിച്ചുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. മറ്റുള്ള ജില്ലകളിൽ കണ്ടൽ കാടുകളുടെ വിവരശേഖരണം, സർവ്വേ രേഖകളുടെ പരിശോധന തുടങ്ങിയ പ്രാഥമിക പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(സി) റീ ബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിന് കീഴിൽ കണ്ടൽ കാടുകളുടെ ഏറ്റെടുക്കൽ പൂർത്തിയായതിനുശേഷമേ മറ്റ് പ്രവർത്തനങ്ങൾ നടത്താനാവുകയുള്ളൂ.

(ഡി) കണ്ടൽ കാടുകളെ സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം ജനങ്ങളിലും കുട്ടികളിലും എത്തിക്കുന്നതിലേയ്ക്കായി സെമിനാറുകളും ബോധവൽക്കരണ ക്ലാസ്സുകളും പ്രകൃതിപഠന ക്യാമ്പുകളും നടത്തി വരുന്നുണ്ട്. കൂടാതെ വനം വകുപ്പിന്റെ പ്രസിദ്ധീകരണമായ 'അരണ്യം' മുഖേനയും കണ്ടലിന്റെ പ്രാധാന്യത്തെപ്പറ്റി ബോധവൽക്കരണം നടത്തുന്നുണ്ട്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, പുഴകളാലും അഴിമുഖങ്ങളാലും കായലുകളാലും സമ്പന്നമായ കേരളത്തിൽ മൂന്ന് ദശാബ്ദങ്ങൾക്കുമുമ്പ് ഏതാണ്ട് 700 ചതുരശ്ര കിലോമീറ്റർ കണ്ടൽ വനങ്ങളുണ്ടായിരുന്നു. ഇന്നത് കേവലം 9 ചതുരശ്ര കിലോമീറ്റർ മാത്രമായി ചുരുങ്ങിയിരിക്കുന്നു. അതിന്റെ 98.5 ശതമാനവും കണ്ണൂർ, കാസർഗോഡ്, എറണാകുളം ജില്ലകളിലാണുള്ളത്. മറ്റു പ്രദേശങ്ങളിൽ, പ്രത്യേകിച്ച് കായലുകളും അഴിമുഖങ്ങളും ഏറെയുള്ള പ്രദേശങ്ങളിൽ ഇത്തരം കണ്ടൽ കാടുകൾ വ്യാപിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട എം.എൽ.എ. ചോദിച്ചതുപോലെ, ജൈവ വൈവിധ്യങ്ങളുടെ കലവറയായ കണ്ടൽ കാടുകളുടെ അളവ് ഒരു ഘട്ടത്തിൽ കുറഞ്ഞുവന്നിട്ടുണ്ടായിരുന്നു. ഇത്

മനസ്സിലാക്കിക്കൊണ്ടാണ് കേന്ദ്രാവിഷ്കൃതപദ്ധതി പ്രകാരം കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ കണ്ടൽ കാടുകൾ നട്ടുപിടിപ്പിക്കുന്ന പ്രക്രിയ ആരംഭിച്ചത്. അതിന്റെ ഭാഗമായാണ് വിവിധ ജില്ലകളിൽ ഇതുസംബന്ധിച്ച സർവ്വേയുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കണ്ടൽ കാടുകൾ വച്ചുപിടിപ്പിക്കാനും സംരക്ഷിക്കാനും പ്രാദേശിക സമൂഹങ്ങളെ ബോധവൽക്കരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. അതോടൊപ്പം വിദ്യാർത്ഥികൾക്കുൾപ്പെടെ നടത്തിക്കൊണ്ടിരിക്കുന്ന ബോധവൽക്കരണ പ്രവർത്തനങ്ങൾക്കപ്പുറത്ത്, സർവ്വകലാശാലകളുടെയും എൻ.ജി.ഒ.-കളുടെയും അതുപോലെ സാധ്യതയുള്ള മറ്റ് വിഭാഗങ്ങളുടെയും പിന്തുണയോടുകൂടി ഇത് വ്യാപിപ്പിക്കാനുള്ള എന്തുനടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഇതൊരു സർക്കാർ പരിപാടിയായി മാത്രം നിർവ്വഹിക്കാനല്ല ഉദ്ദേശിക്കുന്നത്. ഈ മേഖലയിൽ താൽപ്പര്യമുള്ള മുഴുവൻ ഏജൻസികളുടെയും സഹായത്തോടുകൂടി വിവിധ തലങ്ങളിലുള്ള ബോധവൽക്കരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുണ്ട്. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ ജൈവസമ്പത്ത് സംരക്ഷിക്കുന്ന ജീവജാലങ്ങളുടെ വളർച്ചയ്ക്ക് കണ്ടൽ കാടുകൾ സഹായകമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. അതിന്റെ പ്രാധാന്യമനുസരിച്ചുതന്നെ ആവശ്യമായ പ്രോത്സാഹന പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നതാണ്.

ശ്രീ. പി. എസ്. സുപാൽ: സർ, കണ്ടൽ കാടുകൾ പ്രകൃതിയുടെ ജൈവ വൈവിധ്യ കലവറയാണ്. 'പ്രകൃതിയുടെ കിഡ്നി' എന്ന് വിശേഷിപ്പിക്കാറുള്ള കണ്ടൽ കാടുകളുടെ സംരക്ഷണത്തിന് വലിയ പ്രാധാന്യം നൽകേണ്ടതുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതിന് നമുക്ക് കഴിയണം. തെക്കൻ കേരളത്തിലെ പ്രധാനപ്പെട്ട കണ്ടൽ കാടാണ് അഷ്ടമുടിക്കായലുമായി ബന്ധപ്പെട്ടുള്ളത്. പ്രാദേശിക ഭരണകൂടങ്ങളുമായി ബന്ധപ്പെട്ട് പ്രസ്തുത ജൈവവൈവിധ്യ കലവറ സംരക്ഷിക്കുന്നതിനാവശ്യമായ പ്രത്യേക പരിപാടികൾ ആവിഷ്കരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, നേരത്തെ പറഞ്ഞതുപോലെ, കൊല്ലം ഉൾപ്പെടെയുള്ള ജില്ലകളിലാണ് ഇപ്പോൾ കണ്ടൽ കാടുകൾ വ്യാപിപ്പിക്കാനുള്ള സാഹചര്യമുള്ളത്. കണ്ണൂർ ജില്ലയിലും സമാനമായ സാഹചര്യം നിലവിലുണ്ട്. ഈ സാഹചര്യങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി പ്രകൃതിക്കും നാടിനും ഗുണകരമായ വിധത്തിലുള്ള ഒരു പദ്ധതിയാക്കി വിപുലീകരിച്ച് നടപ്പാക്കാനാണുദ്ദേശിക്കുന്നത്.

<u>ശ്രീമതി സി. കെ. ആശ</u>: സർ, കേരളത്തിന്റെ പാരിസ്ഥിതിക പൈതൃകത്തിന്റെ പ്രതീകങ്ങളായ കണ്ടൽ കാടുകൾ സംരക്ഷിക്കപ്പെടേണ്ടതാണെന്ന് നമുക്കെല്ലാവർക്കും അറിവുള്ളതാണ്. ചതുപ്പ് പ്രദേശങ്ങളും തണ്ണീർത്തടങ്ങളും വ്യാപകമായി നികത്തുന്നതോടൊപ്പം കണ്ടൽ കാടുകൾ നശിപ്പിക്കുന്ന പ്രവണതയും കൂടിവരുന്നുണ്ട്. ഇത് നിയന്ത്രിക്കുന്നതിനുവേണ്ടി വന സംരക്ഷണ നിയമങ്ങൾക്ക് സമാനമായ നിയമനിർമ്മാണം നടത്തുന്നതിന് സംസ്ഥാന സർക്കാർ മുൻകയ്യെടുക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, കണ്ടൽ കാടുകൾ നശിപ്പിക്കുന്ന പ്രവൃത്തികൾക്കെതിരെ നിലവിലുള്ള നിയമങ്ങൾ പ്രകാരം കടുത്ത നടപടി സ്വീകരിക്കാൻ നമുക്ക് സാധിക്കും. ജനങ്ങളുടെ വികസനാവശ്യങ്ങളും കണ്ടൽ കാടുകൾ സംരക്ഷിക്കണമെന്ന പ്രകൃതിസ്നേഹികളുടെ ആവശ്യവും ചിലയിടങ്ങളിലെങ്കിലും തർക്കങ്ങൾക്ക് വഴിവയ്ക്കുന്നുണ്ട്. തർക്കങ്ങൾക്ക് വഴിവയ്ക്കാതെ അത്തരം പ്രശ്നങ്ങൾ പരിഹരിച്ച് മുന്നോട്ടുപോകാനാണ് സർക്കാർ ആഗ്രഹിക്കുന്നത്. അതിന് നല്ല പ്രതികരണമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. പി. ബാലചന്ദ്രൻ</u>: സർ, കേരളത്തിലെ കണ്ടൽ കാടുകളെക്കുറിച്ചുള്ള ചർച്ചയിൽ ഒഴിച്ചുനിർത്താനാകാത്തൊരു പേരാണ് കണ്ടൽ പൊക്കുടന്റേത്. പുഴയോരങ്ങളിലും കായലോരങ്ങളിലും കണ്ടൽ കാടുകൾ വച്ചു പിടിപ്പിക്കുന്നതിനായി തന്റെ ജീവിതകാലം മുഴുവൻ കൊതുമ്പുവള്ളത്തിൽ യാത്രചെയ്ത് സൂര്യോദയം മുതൽ സന്ധ്യവരെ അദ്ധ്വാനിച്ചിരുന്ന കണ്ടൽ പൊക്കുടന്റെ സ്മരണയ്ക്കായി ഏതെങ്കിലും രീതിയിലുള്ള പുരസ്കാരം ഏർപ്പെടുത്തണം. അദ്ദേഹത്തെ ഓർമ്മിക്കുന്നത് തന്നെ കണ്ടൽ കാടിന്റെ സംരക്ഷണവുമായി ബന്ധപ്പെട്ട് ജനങ്ങളിൽ ഒരു അവബോധം സൃഷ്ടിക്കുമെന്നുള്ളതുകൊണ്ട് കണ്ടൽ കാടുകളുടെ സംരക്ഷണാർത്ഥം അത്തരത്തിലുള്ള സമീപനം ഇവിടെ കൊണ്ടുവരാൻ സാധിക്കുമോ എന്നതാണ് എന്റെ ചോദ്യം.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കണ്ടൽ കാടുകളെക്കുറിച്ച് സംസാരിക്കുമ്പോൾ തീർച്ചയായും കണ്ടൽ പൊക്കുടന്റെ നാമധേയം നമ്മൾ സ്മരിക്കേണ്ടതായിട്ടുണ്ട്. വലിയ ശാസ്ത്രജ്ഞനൊന്നുമല്ലാത്ത അദ്ദേഹം കണ്ടൽ കാടുകളുടെ ജൈവവൈവിധ്യം മനസ്സിലാക്കി നാടൻ അറിവുകളുടെ ശക്തിയിൽ നിന്നുകൊണ്ടാണ് അവയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിലപാടുകൾ സ്വീകരിച്ചത്. നമ്മുടെ ശാസ്ത്രജ്ഞന്മാർ കണ്ടുപിടിക്കുന്നതിന് എത്രയോ മുമ്പുതന്നെ കണ്ടൽ കാടുകളുടെ ജൈവപ്രാധാന്യം മനസ്സിലാക്കിയ വലിയൊരു മനുഷ്യനാണ് പൊക്കുടൻ.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, തീരപ്രദേശങ്ങളിൽ കടലാക്രമണം പോലുള്ള പ്രകൃതി ദുരന്തങ്ങൾ തടയാൻ കണ്ടൽ ഉപയോഗിച്ച് ജൈവകവചം നിർമ്മിക്കാനുള്ള പദ്ധതികളെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; അവ നിർമ്മിക്കാനനുയോജ്യമായ സ്ഥലങ്ങൾ നിർണ്ണയിച്ചിട്ടുണ്ടോ; കണ്ടലിന്റെ ശോഷണം തടയാൻ സ്വകാര്യമേഖലയിൽ കണ്ടൽ ആവാസവ്യവസ്ഥയും മത്സ്യവും ചെമ്മീനും സംയോജിപ്പിച്ചുള്ള ജലകൃഷി രീതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ഉപ്പുവെള്ളം ശക്തിയായി വരുന്ന തീരപ്രദേശങ്ങളിൽ കണ്ടലുകൾ സ്വാഭാവികമായി വളരില്ലെന്നാണ് കണ്ടെത്തിയിട്ടുള്ളത്. എന്നാൽ അഴിമുഖവുമായി ബന്ധപ്പെട്ട ഉൾനാടൻ നദീതീരങ്ങളിലും ചതുപ്പുനിലങ്ങളിലും അവ വളരുന്നുണ്ട്. അതുകൊണ്ട് പ്രസ്തുത മേഖലകളിൽ കൂടുതൽ കണ്ടൽ കാടുകൾ വച്ചുപിടിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ജലകൃഷി രീതി നല്ലൊരു നിർദ്ദേശമാണ്. അതിന്റെ പ്രായോഗികതയെക്കുറിച്ച് ഗൗരവമായി ആലോചിക്കുന്നതാണ്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, പരിസ്ഥിതി സംരക്ഷണത്തിന് കണ്ടൽ അനിവാര്യമാണ്. അതുപോലെ വികസനവും അനിവാര്യമാണ്. ചില ഘട്ടങ്ങളിൽ കണ്ടലിന്റെ പേരിൽ ഒരു തരത്തിലും വികസനം നടത്താൻ പറ്റാത്ത പശ്ചാത്തലവുമുണ്ട്. അതുകൊണ്ട് കണ്ടൽ ചെടിയുടെ പ്രായപരിധി നിശ്ചയിക്കാൻ സർക്കാർ തലത്തിൽ എന്തെങ്കിലും സംവിധാനമുണ്ടോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, പ്രായപരിധി നിശ്ചയിച്ച് വളർത്താവുന്ന ഒരു പ്രത്യേകതരം സസ്യവർഗ്ഗമല്ല കണ്ടൽ. സ്വാഭാവികമായി വളർന്നുവരികയും പഴയതില്ലാതായി അവിടെ പുതിയതുണ്ടാവുകയും ചെയ്യുന്നൊരു പ്രക്രിയയാണ് കണ്ടലിന്റെ വളർച്ചയുമായി ബന്ധപ്പെട്ട് ഇതുവരെ കാണാൻ കഴിഞ്ഞിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെയും ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെയും കണ്ടൽ വനങ്ങളുടെ സംരക്ഷണവും വികസനവുമായി ബന്ധപ്പെട്ട സംഘർഷങ്ങൾ കണ്ടൽ വനവ്യാപനത്തിന് തടസ്സമായി നിൽക്കുന്നുണ്ട്. അതെങ്ങനെ പരിഹരിക്കാൻ കഴിയുമെന്നത് സമവായത്തിലൂടെ മാത്രമേ തീരുമാനിക്കാൻ സാധിക്കുകയുള്ളൂ.

<u>ശ്രീമതി കെ. കെ. രമ</u>: സർ, തീരപ്രദേശങ്ങൾ സംരക്ഷിക്കുന്നതിന് കണ്ടൽ കാടുകൾ ഏറ്റവും ഫലപ്രദമാണെന്നും കടൽഭിത്തികളും പുലിമുട്ടുകളും നിർമ്മിക്കുന്നതിനെക്കാളും കണ്ടൽ ചെടികൾ വച്ചുപിടിപ്പിക്കുന്നതിന് ചെലവ് വളരെ കുറവാണെന്നും പഠനങ്ങൾ തെളിയിക്കുന്നുണ്ട്. എന്നാൽ കണ്ടൽ ചെടികൾ വച്ചുപിടിപ്പിക്കുന്നതിന് എല്ലാ സ്ഥലങ്ങളും അനുയോജ്യമല്ല. അതുകൊണ്ട് ഏതൊക്കെ സ്ഥലങ്ങളിലാണ് ഇത് വച്ചുപിടിപ്പിക്കേണ്ടത് എന്നതിനെക്കുറിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതു പോലെയും ഞാൻ ഇവിടെ വ്യക്തമാക്കിയതുപോലെയും ഉപ്പുവെള്ള സാന്നിദ്ധ്യമുള്ള തീരപ്രദേശങ്ങളിൽ കണ്ടലുകൾ വളരില്ല. സ്വാഭാവികമായ പ്രദേശങ്ങളിൽ, പ്രത്യേകിച്ചും ചതുപ്പുനിലവുമായി ബന്ധപ്പെട്ട പ്രദേശങ്ങളിലാണ് അവ വളരുന്നത്. ഇത് വച്ചുപിടിപ്പിക്കാനനുയോജ്യമായ പ്രദേശങ്ങളുടെ സർവ്വേ നടത്തിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് പരിശോധിച്ച് ഉത്തരം പറയുന്നതാണ്.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, കുറ്റ്യാടിയുടെ കിഴക്കേ അതിർത്തിയിലൂടെ കുറ്റ്യാടി മുതൽ മൂരാട് വരെ കുറ്റ്യാടിപ്പുഴ ഒഴുകുകയാണ്. പുഴയുടെ ഇരുകരകളിലും മണ്ണൊലിപ്പ് അതിരൂക്ഷമാണ്. പുഴയോര സംരക്ഷണത്തിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; പുഴയോരങ്ങളിൽ കണ്ടൽ കാടുകൾ വച്ചുപിടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, പുഴയോര മേഖലയിലെ കരയിടിച്ചിൽ തടയുന്നതിനുള്ള പദ്ധതി വനം വകുപ്പിന്റെ കീഴിലല്ല. അത് ഇറിഗേഷൻ വകുപ്പിന്റെ കീഴിലാണ്. എന്നാൽ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഇത്തരം പ്രദേശങ്ങളിലെ ചതുപ്പുനിലങ്ങളിൽ കണ്ടലുകൾ വച്ചുപിടിപ്പിക്കുന്നത് തീരദേശങ്ങൾ നഷ്ടപ്പെട്ടുപോകുന്ന പ്രക്രിയ നല്ലതോതിൽ തടയാൻ സഹായിക്കുമെന്ന് കണ്ടെത്തിയിട്ടുണ്ട്. കുറ്റ്യാടി മേഖലയിലെ പ്രശ്നങ്ങൾ പ്രത്യേകമായി പരിശോധിക്കുന്നതാണ്.

ശ്രീ. നജീബ് കാന്തപുരം: സർ, ഇൻഡ്യയിലാണ് ഏറ്റവും വലിയ കണ്ടൽ കാടുകളുള്ളത്. അവയെ ആദ്യമായി റിസർവ് ഫോറസ്റ്റായി പ്രഖ്യാപിച്ചത് പശ്ചിമബംഗാളാണ്. കേരളത്തിൽ കണ്ടൽ കാടുകളെ റിസർവ് ഫോറസ്റ്റായി പ്രഖ്യാപിക്കാൻ ആലോചിക്കുന്നുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, Kerala Forest (Vesting and Management of Ecologically Fragile Lands) Act പ്രകാരം അർഹമായ നഷ്ടപരിഹാരം നൽകിക്കൊണ്ട് സ്വകാര്യ മേഖലയിലെ കണ്ടൽ വനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുതുടങ്ങിയിട്ടുണ്ട്. അത് എല്ലാ മേഖലയിലും ഒരുമിച്ച് നടപ്പാക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ട് എല്ലാവർക്കുമറിയാം. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് ഇതിൽ വളരെ പ്രധാനപ്പെട്ട സമീപനം സ്വീകരിച്ചത്. കാരണം പരിസ്ഥിതി സൗഹൃദ വികസനമാണ് എൽ.ഡി.എഫ്.-ന്റെ വികസന പരിപാടിയായി അംഗീകരിച്ചിട്ടുള്ളത്. ഹരിത ബഡ്ജറ്റ് പ്രഖ്യാപിച്ചതും ആ ചിന്തയുടെ ഭാഗമായിട്ടാണ്. പാരിസ്ഥിതിക പ്രാധാന്യമുള്ള പ്രശ്നങ്ങൾ തീർച്ചയായും അതിന്റെ ഗൗരവത്തോടുകൂടി ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

ശ്രീ. എച്ച്. സലാം: സർ, തീരദേശ സംരക്ഷണത്തിനുവേണ്ടിയുള്ള കടൽഭിത്തി നിർമ്മാണത്തിൽ പ്രധാനമായും ടെട്രാപോഡാണ് ഉപയോഗിക്കുന്നത്. ചില രാജ്യങ്ങളിൽ ടെട്രാപോഡിന്റെ മൂന്ന് മുഖങ്ങളിൽ ഒരു ഭാഗം കണ്ടൽ വച്ചുപിടിപ്പിക്കാൻ പ്രാപ്തമായ തരത്തിലേയ്ക്ക് രൂപകല്പന ചെയ്യുകയും അത് വിജയകരമാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. അത്തരത്തിൽ കേരളത്തിന്റെ തീരസംരക്ഷണത്തിന് പുലിമുട്ടിനൊപ്പം, അതിന്റെ മുകളിൽ കണ്ടൽ വച്ചുപിടിപ്പിക്കാനാവശ്യമായ ഒരു സ്കീം മറ്റ് വകുപ്പുമായി ചേർന്ന് ആലോചിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അക്കാര്യം ഞാൻ വ്യക്തമാക്കിയിട്ടുള്ളതാണ്. തീരദേശ സംരക്ഷണത്തിന് ഇപ്പോൾ കുറെക്കൂടി ഫലപ്രദമായി കണ്ടെത്തിയിട്ടുള്ളത് കാറ്റാടിയാണ്. പരീക്ഷണാർത്ഥം കഴിഞ്ഞ വനമഹോത്സവ കാലത്ത് ആലപ്പുഴ ജില്ലയിലെ അർത്തുങ്കൽ മുതൽ ആലപ്പുഴ വരെയുള്ള മേഖലയിൽ 70000 കാറ്റാടി മരങ്ങൾ നട്ടുപിടിപ്പിക്കുന്ന പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, മുൻ എം.എൽ.എ. ശ്രീ. ജെയിംസ് മാത്യുവിന്റെ നേതൃത്വത്തിൽ വളപട്ടണം കായലിന്റെ ചുറ്റും കണ്ടൽ കാടുകൾ വച്ചുപിടിപ്പിച്ച് നല്ലരീതിയിൽ സംരക്ഷിച്ചിട്ടുണ്ട്. എന്നാൽ ഇത് വനത്തിന്റെ പരിധിയിൽ വരുന്നതുകൊണ്ട് പ്രദേശം വനസംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുമോയെന്ന ആശങ്കയാണ് നാട്ടുകാർക്കുള്ളത്. എന്നാൽ പുഴയും കായലും സംരക്ഷിക്കാൻ കണ്ടൽ ചെടിക്കുള്ള സ്വാധീനം വളരെ വലുതുമാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ എന്തെങ്കിലുമൊരു തീരുമാനമെടുത്ത് mental agony ഉണ്ടാകാത്തവിധത്തിൽ എത്തിക്കുന്നതിന് നടപടിയെടുക്കുമോ; ഇതുമായി ബന്ധപ്പെട്ട് നേരത്തെ ധാരാളം ചർച്ചകൾ നടന്നിട്ടുണ്ട്. അതുകൊണ്ട് ഈ രൂപത്തിൽ ഭംഗിയായും പരസ്പരപൂരകമായും തീരത്തക്കവിധത്തിലുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, പ്രകൃതി സംരക്ഷണത്തിന്റെ അനിവാര്യത ജനങ്ങൾക്ക് ബോദ്ധ്യപ്പെടുന്ന മുറയ്ക്കാണ് ഇത്തരം പരിപാടികൾ വിജയകരമായി പൂർത്തിയാക്കാൻ കഴിയുന്നത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കണ്ണൂരിലെ വളപട്ടണം പുഴയുമായി ബന്ധപ്പെട്ട മേഖലകളിൽ ഇപ്പോൾ അത്തരം തർക്കങ്ങളൊന്നുമില്ല. ഇപ്പോൾ അവിടെ നല്ലനിലയിലുള്ള പ്രവർത്തനമാണ് നടന്നുകൊണ്ടിരിക്കുന്നത്. കണ്ടൽ കാടുകൾ വച്ചുപിടിപ്പിക്കുന്നത് വ്യാപകമാക്കുക എന്നത് നല്ല നിർദ്ദേശമാണ്. അത് നമ്മുടെ പരിസ്ഥിതി സംരക്ഷണത്തിന് അനിവാര്യമാണ്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, പത്താംക്ലാസ് ജയിക്കുമ്പോൾ നീന്തൽ അറിയാവുന്നവർക്ക് സർക്കാർ ഗ്രേസ് മാർക്കായി ഒരു മാർക്ക് നൽകുന്നുണ്ട്. അതുപോലെ അഞ്ചാം ക്ലാസിൽ പഠിക്കുന്നൊരു കുട്ടി ഒരു വൃക്ഷത്തൈ നട്ട് അഞ്ച് വർഷം സംരക്ഷിച്ച് വളർത്തിയാൽ പത്താം ക്ലാസ് ജയിക്കുമ്പോൾ അവർക്ക് ഏതെങ്കിലും തരത്തിലുള്ള ഗ്രേസ് മാർക്ക് നൽകിയാൽ ഒരുവർഷം നാല് ലക്ഷം വൃക്ഷത്തൈകളെങ്കിലും സംരക്ഷിക്കാൻ കഴിയും. അതിന് എന്തെങ്കിലുമൊരു നടപടി സർക്കാർ സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇതൊരു പുതിയ ആശയമാണ്. സർക്കാർ ഇതുവരെ അത്തരത്തിലൊരു ആശയവുമായി ബന്ധപ്പെട്ട് ആലോചനകൾ നടത്തിയിട്ടില്ല. ഗ്രേസ് മാർക്ക് നൽകുന്നത് സംബന്ധിച്ച് സമൂഹത്തിൽ ഭിന്നാഭിപ്രായങ്ങൾ നിലനിൽക്കുന്ന ഈ കാലഘട്ടത്തിൽ അത് എത്രത്തോളം പ്രായോഗികമാക്കാൻ കഴിയുമെന്നത് പരിശോധിച്ചുമാത്രം പറയേണ്ടൊരു കാര്യമാണ്.

ശ്രീ. എം. വിജിൻ: സർ, വൃക്ഷത്തൈ നട്ടുപിടിപ്പിക്കേണ്ടതും സംരക്ഷിക്കേണ്ടതും പ്രധാനപ്പെട്ട കാര്യമാണെന്നതിൽ തർക്കമില്ല. എന്റെ നിയോജകമണ്ഡലത്തിലെ ഏഴോം, ചെറുകുന്ന് പ്രദേശങ്ങളിൽ കൃഷി ചെയ്യാതെ കിടന്ന വയലുകളിൽ 'സുഭിക്ഷ കേരളം പദ്ധതി'യുടെ ഭാഗമായി നെൽകൃഷി ആരംഭിച്ചുവെങ്കിലും കണ്ടൽ കാടുകൾ വ്യാപിച്ചുകിടക്കുന്ന ഒരുപാട് വയലുകളിൽ കൃഷി ചെയ്യാൻ സാധിക്കാത്ത ബുദ്ധിമുട്ടുണ്ട്. കൃഷി-വനം വകുപ്പുകൾ സംയുക്തമായി അത് അവിടെനിന്നും മാറ്റി മറ്റൊരു സ്ഥലത്ത് നടുന്നതിനും ഇത്തരം സ്ഥലങ്ങൾ കൃഷിയോഗ്യമാക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച പ്രദേശം കണ്ടൽ കാടുകളും അതിന്റെ ഭാഗമായി രുചികരമായ കരിമീൻ, കൊഞ്ച് തുടങ്ങിയ വിവിധയിനം മത്സ്യങ്ങളും ലഭിച്ചുകൊണ്ടിരുന്ന ഒരു സ്ഥലമായിരുന്നു. പിന്നീട് സുഭിക്ഷ കേരളം പദ്ധതി പ്രകാരം കൃഷി ആരംഭിച്ചപ്പോൾ ആ സാധ്യത ഇല്ലാതാവുകയും കൃഷി മാത്രമാവുകയും ചെയ്തു. അവിടത്തെ കണ്ടൽ കാടുകൾ പിഴുതുമാറ്റി മറ്റേതെങ്കിലും സ്ഥലത്ത് നടുന്നത് സാധ്യമാക്കാൻ കഴിയുമോയെന്നത് പരിശോധിക്കാതെ പറയാൻ സാധിക്കില്ല.

മി. സ്പീക്കർ: നക്ഷത്രചിഹ്നമിട്ട 332-ാം നമ്പർ ചോദ്യവുമായി നക്ഷത്രചിഹ്നമിട്ട 343-ാം നമ്പർ ചോദ്യം ക്ലബ് ചെയ്യുന്നതിന് ശ്രീ. മുരളി പെരുനെല്ലി നോട്ടീസ് നൽകിയിട്ടുണ്ട്. ചോദ്യങ്ങൾ സമാനമായതിനാൽ ക്ലബ്ബിംഗ് അനുവദിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിക്ക് രണ്ടിനുംകൂടി ഒരുമിച്ച് മറുപടി പറയാവുന്നതാണ്.

## പട്ടികഗോത്രങ്ങളിൽപ്പെട്ടവരുടെ ആരോഗ്യ സംരക്ഷണം

2(*332) ശ്രീ. പി. വി. അൻവർ:

ശ്രീ. ഒ. ആർ. കേളു:

ശ്രീ. പി. മമ്മിക്കുട്ടി:

ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിൽ പട്ടിണികൊണ്ടും ആരോഗ്യപരിപാലന സംവിധാനത്തിന്റെ അപര്യാപ്തതകൊണ്ടും അട്ടപ്പാടിയിൽ പട്ടിക ഗോത്രങ്ങളിൽപ്പെട്ട നിരവധി ശിശുക്കൾ മരിക്കാനിടയായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിൽനിന്നും പാഠമുൾക്കൊണ്ട് പട്ടിക ഗോത്രങ്ങളിൽപ്പെട്ടവരുടെ ആരോഗ്യ സംരക്ഷണത്തിനുള്ള സമഗ്രപദ്ധതി കൂടുതൽ ഫലപ്രദമാക്കാൻ നടപടിയെടുത്തിട്ടുണ്ടോ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് യഥാസമയം ആധുനിക ചികിത്സാ സമ്പ്രദായ പ്രകാരമുള്ള ചികിത്സ ലഭ്യമാക്കാൻ അവസരമൊരുക്കുന്നതിനും സൗജന്യമായി ചികിത്സ നൽകുന്നതിനുമുള്ള പദ്ധതിയുടെ കാര്യക്ഷമത വിലയിരുത്തിയിട്ടുണ്ടോ;

(സി) ഈ വിഭാഗത്തിൽപ്പെട്ടവരുടെയിടയിൽ പോഷകാഹാര കുറവ് കൊണ്ടുള്ള മാതൃ-ശിശു മരണങ്ങൾ ഇല്ലാതാക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, (എ) ഉണ്ട്. അട്ടപ്പാടിയിൽ ആദിവാസി ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും സാമൂഹ്യനീതി, ആരോഗ്യം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകളുടെ സഹകരണത്തോടുകൂടിയും സർക്കാരിന്റെ മറ്റ് ഏജൻസികൾ വഴിയും ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി, കുട്ടികൾക്കും കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും പോഷകാഹാര വിതരണം, മില്ലറ്റ് വില്ലേജ്/നമത് വെള്ളാമെ പദ്ധതി, സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി, ജനനി ജന്മരക്ഷാ പദ്ധതി, സിക്കിൾസെൽ അനീമിയ രോഗികൾക്ക് ധനസഹായ പദ്ധതി, ഫുഡ് സപ്പോർട്ട് പദ്ധതി തുടങ്ങിയവ. അട്ടപ്പാടിയിലെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ രോഗികളെ കിടത്തി ചികിൽസിക്കാനുള്ള സൗകര്യവും പെരിന്തൽമണ്ണ സഹകരണ ആശുപത്രിയിൽ അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാർക്ക് സ്പെഷ്യാലിറ്റി ചികിൽസയും നൽകി വരുന്നു.

(ബി) ഉണ്ട്. ചുവടെ പറയുംപ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നതായി വിലയിരുത്തിയിട്ടുണ്ട്. ആരോഗ്യ സംരക്ഷണ പദ്ധതികൾ, സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി, അരിവാൾ രോഗികൾക്കുള്ള സാമ്പത്തിക സഹായം തുടങ്ങിയവ. കേരളത്തിൽ പട്ടികവർഗ്ഗ മേഖലകളിലായി ആധുനിക സൗകര്യങ്ങളോടുകൂടിയ 16 മൊബൈൽ യൂണിറ്റുകളും പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 5 അലോപ്പതി ഒ.പി. ക്ലിനിക്കുകളും ആറളത്ത് ഒരു ആയുർവേദ ആശുപത്രിയും സംസ്ഥാനത്താകെ 17 ആയുർവേദ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഉടമസ്ഥതയിൽ ആംബുലൻസ് സേവനം ലഭ്യമാക്കി വരുന്നുണ്ട്.

(സി) പട്ടികവർഗ്ഗക്കാർക്കിടയിൽ പോഷകാഹാരക്കുറവുകൊണ്ടുള്ള മാതൃ-ശിശു മരണങ്ങൾ ഇല്ലാതാക്കുന്നതിന് ജനനി ജന്മരക്ഷാ പദ്ധതി, മുലയൂട്ടുന്ന അമ്മമാർക്ക് പ്രത്യേക പരിചരണങ്ങൾ ലഭ്യമാക്കുന്നതിനായി അട്ടപ്പാടിയിൽ "വാത്സല്യ സ്പർശം" പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. നഴ്സിംഗ് പ്രാവീണ്യമുള്ള പട്ടികവർഗ്ഗ യുവതികൾ ഗർഭിണികളെയും മുലയൂട്ടുന്ന അമ്മമാരെയും വീടുകളിൽ സന്ദർശിച്ച് ഗർഭപരിരക്ഷ, മുലയൂട്ടൽ എന്നിവയെക്കുറിച്ച് അവബോധം നൽകിവരുന്നു. കൂടാതെ പ്രതിരോധ കുത്തിവയ്പ് നൽകൽ, പോഷകാഹാരക്കുറവുള്ള കുട്ടികളെയും ഗർഭിണികളെയും കണ്ടെത്തി ചികിത്സിക്കുന്നതിനുള്ള പ്രത്യേക സ്ക്രീനിംഗ് ക്യാമ്പുകൾ, അയൺ, ഫോളിക് ആസിഡ്, വിറ്റാമിൻ ഗുളികകളുടെ വിതരണം എന്നീ പ്രവർത്തനങ്ങളും വകുപ്പ് കൃത്യമായി നടത്തിവരുന്നു.

3(*343) <u>ശ്രീ. മുരളി പെരുനെല്ലി</u>:
<u>ശ്രീ. എം. രാജഗോപാലൻ</u>:
<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികഗോത്ര സമൂഹങ്ങളിൽ കാണുന്ന സിക്കിൾസെൽ അനീമിയ രോഗബാധയ്ക്ക് ഫലപ്രദമായ എന്തെല്ലാം ചികിത്സകളാണ് നിലവിൽ നൽകിവരുന്നതെന്ന് അറിയിക്കാമോ;

(ബി) കാട്ടുമൃഗങ്ങളുടെ ആവാസകേന്ദ്രത്തോട് അടുത്തുകഴിയുന്നവരായ ആദിവാസികൾക്കിടയിൽ ജന്തുജന്യ രോഗങ്ങൾ ഉണ്ടാകാറുണ്ടോ; ആരോഗ്യ, മൃഗസംരക്ഷണ വകുപ്പുകളുമായി ചേർന്ന് ഇത്തരം രോഗനിവാരണത്തിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുമോ;

(സി) ആദിവാസി ഗോത്രസമൂഹങ്ങളിൽ ആധുനിക ചികിത്സാ സമ്പ്രദായം അനുവർത്തിക്കുന്നതിനും കൂടുതൽ ചികിത്സാസൗകര്യങ്ങൾ ഒരുക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, (എ) സിക്കിൾസെൽ രോഗികളുടെ ചികിത്സയ്ക്കായി ഫലപ്രദമായ ചികിത്സ ലോകത്തുതന്നെ കണ്ടുപിടിച്ചിട്ടില്ല. എന്നാൽ രോഗബാധിതർക്ക് ആശ്വാസമേകുന്നതിനായി ബ്ലോക്ക് പഞ്ചായത്തുവഴി "സാന്ത്വനം" പദ്ധതി നടപ്പിലാക്കി വരുന്നു. ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ സിക്കിൾ സെൽ ഡിറ്റക്ഷനുമായി ബന്ധപ്പെട്ട് ഹോസ്റ്റലുകളിലും സ്കൂളുകളിലും ഊരുകളിലുമുള്ള കുട്ടികൾക്ക് രക്തപരിശോധനയും സിക്കിൾ പരിശോധനയും ജനറ്റിക് കൗൺസിലിംഗും നടത്തി വരുന്നു. കൂടാതെ ഈ പദ്ധതി പ്രകാരം രോഗികൾക്ക് പോഷകാഹാര കിറ്റ് നൽകിവരുന്നു. സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്കിടയിൽ 770 സിക്കിൾസെൽ അനീമിയ രോഗികളാണ് നിലവിലുള്ളത്. പട്ടികവർഗ്ഗക്കാർക്കിടയിൽ കണ്ടുവരുന്ന പാരമ്പര്യ രോഗമായ സിക്കിൾസെൽ അനീമിയ ബാധിതർക്ക് ഒരു സാന്ത്വനമെന്ന നിലയിൽ അവശ്യമരുന്നും ജീവനോപാധികളും വാങ്ങുന്നതിനായി പ്രതിമാസം 2500 രൂപ വീതം ധനസഹായമായി നൽകിവരുന്നു. ഈ രോഗത്തിനുള്ള ചികിത്സ ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽനിന്നാണ് നൽകിവരുന്നത്.

(ബി) കാട്ടുമൃഗങ്ങളുടെ ആവാസകേന്ദ്രങ്ങളോടടുത്ത് കഴിയുന്നവരായ പട്ടികവർഗ്ഗക്കാർക്കിടയിൽ ജന്തുജന്യ രോഗബാധകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം രോഗബാധയുണ്ടാകുന്ന സാഹചര്യങ്ങളിൽ ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട് ആവശ്യമായ ചികിത്സ ഒരുക്കുകയും ഗോത്രഭാഷയിൽ ഉൾപ്പെടെയുള്ള ബോധവൽക്കരണ പരിപാടികൾ നടത്തിവരുകയും ചെയ്യുന്നു. Indian Council of Medical Research (ICMR)-ന്റെ കീഴിൽ പ്രവർത്തിക്കുന്ന Vector Control Research Centre (Pondicherry)-മായി സംസ്ഥാന മൃഗസംരക്ഷണ വകുപ്പിനുകീഴിലുള്ള പാലോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസ് (SIAD) സഹകരിച്ച് പ്രവർത്തിച്ചുവരുന്നു. പട്ടികവർഗ്ഗ മേഖലകളിലെ ജന്തുജന്യരോഗങ്ങൾ പ്രതിരോധിക്കാനും നിയന്ത്രിക്കാനുമുള്ള നടപടികൾ സംസ്ഥാന ആരോഗ്യ വകുപ്പ് മുഖാന്തരം നടത്തിവരുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള SIAD പോലുള്ള ഗവേഷണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ മൃഗസംരക്ഷണ വകുപ്പ് ജന്തുജന്യ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തിവരുന്നു. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഏകാരോഗ്യം (one health) നടപ്പിലാക്കുന്നതിനും വെറ്ററിനറി പൊതുജനാരോഗ്യം തുടങ്ങുന്നതിനും മൃഗസംരക്ഷണ വകുപ്പ് ആലോചിക്കുന്നുണ്ട്.

(സി) ആദിവാസി ഗോത്രസമൂഹങ്ങളിൽ ആധുനിക ചികിത്സാ സമ്പ്രദായം അനുവർത്തിക്കുന്നതിനും കൂടുതൽ ചികിത്സാ സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ടി പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

ശ്രീ. പി. വി. അൻവറിനുവേണ്ടി ശ്രീ. ഡി. കെ. മുരളി: സർ, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ആരോഗ്യ പരിപാലനത്തിനുവേണ്ടി ഗവൺമെന്റ് നടപ്പിലാക്കി വരുന്ന പദ്ധതികളെ ഞാൻ അഭിനന്ദിക്കുകയാണ്. വകുപ്പിന്റെ നേതൃത്വത്തിൽ കുറച്ച് പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിൽ അലോപ്പതി ഒ.പി. ക്ലിനിക്കുകൾ നടത്തുന്നുണ്ട്. അവ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയുണ്ട്. ആശുപത്രികളിലെത്താനുള്ള ദൂരം കൂടുതലായതിനാൽ വനമേഖലയിൽ താമസിക്കുന്നവർ അസുഖം വന്നാൽ മന്ത്രവാദം പോലെയുള്ള കാര്യങ്ങളെ ആശ്രയിക്കുന്ന സ്ഥിതിയുണ്ട്. അതുകൊണ്ട് തിരുവനന്തപുരം ജില്ലയിലെ ആദിവാസി മേഖലകളുൾപ്പെടെയുള്ള സെറ്റിൽമെന്റുകൾ കേന്ദ്രീകരിച്ച് അലോപ്പതി ഒ.പി. ക്ലിനിക്കുകൾ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഇപ്പോൾത്തന്നെ അഞ്ചോളം ഒ.പി. ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. അത് എല്ലാസ്ഥലത്തും ആയിട്ടില്ലെന്നുള്ളത് ശരിയാണ്. ചികിത്സ ലഭിക്കുന്നതിനുവേണ്ടി ആധുനിക സൗകര്യങ്ങളോടുകൂടിയ 16 മെഡിക്കൽ മൊബൈൽ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. അതിൽ 14 എണ്ണം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേനയും രണ്ടെണ്ണം പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ടുമാണ് നടത്തുന്നത്. ആവശ്യമുള്ള സ്ഥലങ്ങളിൽ ഒ.പി. ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ഡി. കെ. മുരളി: സർ, പോഷകാഹാര വിതരണത്തിനുവേണ്ടി അങ്കണവാടികളെ നന്നായി പ്രയോജനപ്പെടുത്താൻ കഴിയുന്നതാണ്. എന്നാൽ സെറ്റിൽമെന്റ് മേഖലകളിൽ അങ്കണവാടികളുടെ എണ്ണം കുറവാണ്. നൂറ് കുടുംബങ്ങൾക്ക് ഒരു അങ്കണവാടി എന്നനിലയിൽ അവയുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഇതിനുള്ള മറുപടി പറയേണ്ടത് സാമൂഹ്യക്ഷേമ വകുപ്പാണ്. പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ ഏകാദ്ധ്യാപക സ്കൂളുകൾ ആരംഭിച്ചിട്ടുണ്ട്. അതുപോലെ മെന്റർ ടീച്ചർമാരുടെ സഹായവും ഉപയോഗപ്പെടുത്തുന്നുണ്ട്. നൂറ് കുടുംബങ്ങൾക്ക് ഒരു അങ്കണവാടി എന്നുള്ളത് എത്രത്തോളം പ്രായോഗികമാകുമെന്നുള്ളത് പരിശോധിക്കുന്നതാണ്. ആദിവാസി മേഖലയിൽ കൂടുതൽ അങ്കണവാടികൾ ആരംഭിക്കുന്നതുസംബന്ധിച്ച് സാമൂഹ്യക്ഷേമ വകുപ്പുമായി ചർച്ച ചെയ്യാവുന്നതാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, പട്ടികവർഗ്ഗക്കാരുടെ ആരോഗ്യം വളരെ പ്രധാനപ്പെട്ടതാണ്. കമ്മ്യൂണിറ്റി കിച്ചൺ പദ്ധതിയുടെ കാര്യം ഇവിടെ സൂചിപ്പിച്ചു. കേരളത്തിലെ ഏതെല്ലാം ജില്ലകളിലാണ് പ്രസ്തുത പദ്ധതി പ്രവർത്തിക്കുന്നത്; കോവിഡ് പശ്ചാത്തലത്തിൽ അതിന്റെ പ്രവർത്തനം നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ അത് തുടരാൻ സർക്കാരിന് സാധിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ മാത്രമാണ് കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി നടത്തിവരുന്നത്. മറ്റ് സ്ഥലങ്ങളിൽക്കൂടി വ്യാപിപ്പിക്കുന്ന കാര്യമാണ് ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ടിരിക്കുന്നത്. ആവശ്യമായ സ്ഥലങ്ങളിൽ കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. പി. മമ്മിക്കുട്ടി</u>: സർ, പട്ടികവർഗ്ഗ വിഭാഗത്തിന്റെ ആരോഗ്യ സംരക്ഷണത്തിന് മുന്തിയ പരിഗണന നൽകിക്കൊണ്ട് വിവിധങ്ങളായ പ്രവർത്തനങ്ങൾ നടത്തിവരുന്നതിനെ ഞാൻ അഭിനന്ദിക്കുകയാണ്. അപൂർവ്വമായിട്ടാണെങ്കിലും ആധുനിക ചികിത്സാരീതികൾ അവലംബിക്കുന്നതിന് ഈ വിഭാഗത്തിൽ താല്പര്യം കാണുന്നുണ്ട്. അതുകൊണ്ട് യുക്തിചിന്തയുടെയും ശാസ്ത്രബോധത്തിന്റെയും അടിസ്ഥാനത്തിലുള്ള ആധുനിക ചികിത്സാരീതികൾ അവലംബിക്കുന്നതിന് ഗോത്രവർഗ്ഗ വിഭാഗത്തിനിടയിൽ ബോധവൽക്കരണം നടത്താൻ പദ്ധതി ആവിഷ്കരിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച കാര്യത്തെക്കുറിച്ച് വകുപ്പ് വിശദമായി ചർച്ച ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട രോഗികളെ സഹായിക്കാൻവേണ്ടി സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും പട്ടികവർഗ്ഗ വിഭാഗക്കാർ കൂടുതലുള്ള പ്രദേശങ്ങളിലെ ആശുപത്രികളിലുമായി ഏകദേശം 140 പട്ടികവർഗ്ഗ ഹെൽത്ത് പ്രൊമോട്ടർമാരെ നിയമിച്ചിരുന്നു. ഇവർ മുഖേന പട്ടികവർഗ്ഗ വിഭാഗത്തിന്റെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ആഗസ്റ്റ് 9 അന്തർദ്ദേശീയ ആദിവാസി ദിനമാണ്. ആദിവാസികളുടെ ആരോഗ്യ പരിരക്ഷയുമായി ബന്ധപ്പെട്ട് ആഗസ്റ്റ് 9 മുതൽ 15 വരെ ഏഴുദിവസം നീണ്ടുനിൽക്കുന്ന കാമ്പയിൻ ഏറ്റെടുക്കണമെന്നാണ് തദ്ദേശസ്വയംഭരണ വകുപ്പും ആരോഗ്യവകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പും ആലോചിക്കുന്നത്. എല്ലാ ആദിവാസികൾക്കും ആരോഗ്യ പരിരക്ഷ ലഭിക്കുന്നതിനുള്ള പ്രവർത്തനമായി അന്തർദ്ദേശീയ ആദിവാസി ദിനത്തെ മാറ്റിയെടുക്കാൻ കഴിയണം. എല്ലാ അംഗങ്ങളും അവരവരുടെ മണ്ഡലങ്ങളിലെ ആദിവാസി ഊരുകൾ സന്ദർശിച്ച് ആരോഗ്യ പരിരക്ഷാ പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീമതി ഒ. എസ്. അംബിക</u>: സർ, ആദിവാസി ഊരുകളിൽ മാത്രം കണ്ടുവരുന്നതും അവരുടെ ജീവിത സാഹചര്യത്തിന്റെ ഭാഗമായി ഉണ്ടാകുന്നതുമായ അരിവാൾ രോഗം, ത്വക്കിനെ ബാധിക്കുന്ന പാരമ്പര്യ രോഗങ്ങൾ എന്നിവ പൂർണ്ണമായും നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഗർഭിണികളായ സ്ത്രീകൾക്ക് ആധുനിക ശാസ്ത്രീയ ചികിത്സ ലഭ്യമാകുന്നുണ്ടോ; അവർ ആധുനിക ചികിത്സയോട് സഹകരിക്കുന്നുണ്ടോ; ഇതിലൂടെ അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യം ഉറപ്പാക്കാൻ കഴിയുന്നുണ്ടോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, സിക്കിൾസെൽ അനീമിയ ഒരു ജനിതക രോഗമാണ്. അതുകൊണ്ടുതന്നെ രോഗം പൂർണ്ണമായും ചികിത്സിച്ച് ഭേദമാക്കാമെന്ന് ഇതുവരെ തെളിയിക്കപ്പെട്ടിട്ടില്ല. കൂടുതൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും അവർക്കുവേണ്ട പോഷകാഹാരങ്ങൾ നൽകി ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുകയും മാത്രമാണ് ഇക്കാര്യത്തിൽ ചെയ്യാൻ കഴിയുന്നത്. പ്രധാനമായി വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിലാണ് ഈ രോഗം കണ്ടുവരുന്നത്. സംസ്ഥാനത്ത്, എഴുന്നൂറിലധികം സിക്കിൾസെൽ അനീമിയ രോഗികളാണ് നിലവിലുള്ളത്. അത് ബോധവൽക്കരണത്തിലൂടെ മാറ്റിയെടുക്കുന്നതിനുള്ള വലിയ ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, പ്രാക്തന ഗോത്ര വർഗ്ഗക്കാരുൾപ്പെടെയുള്ള ഗോത്രസമൂഹങ്ങൾക്ക് രോഗസാധ്യത വളരെ കൂടുതലാണ്. ദാരിദ്ര്യം, നിരക്ഷരത, രോഗകാരണങ്ങളെക്കുറിച്ചുള്ള അജ്ഞത, സുരക്ഷിതമായ കുടിവെള്ളത്തിന്റെയും ശുചിത്വത്തിന്റെയും അഭാവം, അന്ധവിശ്വാസങ്ങൾ തുടങ്ങിയവയെല്ലാം ഇവരുടെ ദുരിതത്തിന് ആക്കം കൂട്ടുന്നു. പ്രസ്തുത സാഹചര്യത്തിൽ അവർക്കിടയിൽ ബോധവൽക്കരണത്തിനും ചികിത്സയ്ക്കുമായി മെഡിക്കൽ മൊബൈൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവ എല്ലാ ദിവസവും കോളനികൾ സന്ദർശിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് നടപടിയെടുത്തിട്ടുണ്ടോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം നേരത്തെ സഭയിൽ പറഞ്ഞതാണ്. സംസ്ഥാനത്ത് 16 മെഡിക്കൽ മൊബൈൽ യൂണിറ്റുകളാണ് പ്രവർത്തിച്ചുവരുന്നത്. കൂടാതെ എല്ലാ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും ഇവർക്ക് സൗജന്യ ചികിത്സ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇവരെ ആശുപത്രിയിൽ കൊണ്ടുപോകാനും സംരക്ഷണം നൽകാനും പ്രത്യേക ഹെൽത്ത് പ്രൊമോട്ടർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ എല്ലാ പ്രദേശങ്ങളിലും എസ്.ടി. പ്രൊമോട്ടർമാരെ

നിയമിക്കുകയും അസുഖം വരുന്ന ആളുകളെ അടിയന്തരമായി ആശുപത്രിയിലെത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അന്ധവിശ്വാസങ്ങളിൽ നിന്നും അനാചാരങ്ങളിൽനിന്നും ഇവരെ മാറ്റിയെടുക്കുന്നതിനുള്ള പ്രവർത്തനവും നടത്തിവരുന്നുണ്ട്.

ശ്രീ. എം. രാജഗോപാലൻ: സർ, കാസർഗോഡ് ജില്ലയിലെ ബദിയടുക്ക ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ അധിവസിച്ചുവരുന്ന പ്രാക്തന ഗോത്രവർഗ്ഗങ്ങളായ കൊറഗർ വിഭാഗത്തിൽപ്പെടുന്നവർ മദ്യത്തിനും പാൻപരാഗ് ഉൾപ്പെടെയുള്ള നിരോധിത ലഹരി വസ്തുക്കൾക്കും അടിമകളായി മാറുന്ന സ്ഥിതിവിശേഷമുണ്ട്. ഈ വിഭാഗത്തിലെ പലരും അരാജകത്വത്തിലേയ്ക്കും അകാലമരണത്തിലേയ്ക്കും വഴുതിവീഴുന്ന സാഹചര്യമാണുള്ളത്. പ്രസ്തുത വിഭാഗത്തെ സാധാരണ ജീവിതത്തിലേയ്ക്ക് കൊണ്ടുവരുന്നതിനായി പ്രത്യേകം ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കാനും ബോധവൽക്കരണവും ആവശ്യമായിട്ടുള്ള ചികിത്സയും ഉറപ്പുവരുത്താനും നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ്. പാവപ്പെട്ട ജനവിഭാഗങ്ങൾക്കിടയിലുള്ള അമിത മദ്യപാനവും ലഹരിവസ്തുക്കളുടെ ഉപയോഗവും പരിഹരിക്കാൻവേണ്ടി എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട് ഒട്ടേറെ ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നുണ്ട്. ഉത്സവകാലങ്ങളിലാണ് കൂടുതൽ ദുരന്തങ്ങളുണ്ടാകുന്നത്. മദ്യത്തിനും മയക്കുമരുന്നിനുമെതിരായി ആദിവാസി ഊരുകളിലടക്കം ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ ജനപ്രതിനിധികൾ കൂടുതൽ ശ്രദ്ധിക്കണമെന്നാണ് ചൂണ്ടിക്കാണിക്കാനുള്ളത്.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, സംസ്ഥാനത്തെ വനാന്തരങ്ങളിൽ കഴിയുന്ന ആദിവാസി സമൂഹം നൂറുകണക്കിന് വർഷങ്ങളായി പിന്തുടരുന്ന പരമ്പരാഗത ആദിവാസി ചികിത്സാ രീതികൾ സംരക്ഷിക്കുന്നതിനും പുതിയ തലമുറയ്ക്ക് കൈമാറുന്നതിനുമുതകത്തക്ക രീതിയിൽ ശേഖരിച്ച് സൂക്ഷിക്കുന്നതിന് ഒരു പരമ്പരാഗത ആദിവാസി ചികിത്സാ പഠനകേന്ദ്രം ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ആദിവാസികളുടെ തനതായ ചികിത്സാരീതികൾ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്. രോഗചികിത്സയ്ക്ക് ആദിവാസികളുടെ മരുന്ന് ഫലപ്രദമാണെന്ന് കാണുന്നുണ്ട്. പക്ഷേ അവ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ എന്ന് സംശയമാണ്.

ആദിവാസി സമൂഹത്തിന്റെ ചികിത്സാ രീതികൾ, മരുന്നുകൾ എന്നിവയെല്ലാം പ്രചരിപ്പിക്കുന്നതിനാണ് പട്ടികജാതി-പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ തൃശ്ശൂർ ജില്ലയിൽ 'ആയുർധാര' എന്ന ആയുർവ്വേദ സ്ഥാപനം ആരംഭിച്ചത്. പിന്നീട് അത് തകർന്നുപോകുന്ന സ്ഥിതിയാണുണ്ടായത്. പ്രസ്തുത സ്ഥാപനത്തെ ഉപയോഗിച്ചുകൊണ്ട്, ആദിവാസി സമൂഹത്തിന്റെ മരുന്നുകളടക്കം പ്രചരിപ്പിക്കുന്നതിനുള്ള ഇടപെടൽ നടത്തുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇവിടെ പരാമർശിച്ച ആദ്യത്തെ ചോദ്യത്തിൽ സൂചിപ്പിക്കുന്നത് 2011-2016 കാലയളവിലാണ് നവജാത ശിശുമരണങ്ങൾ കൂടുതലായുണ്ടായതെന്നാണ്. ഒരു ഗവൺമെന്റിന്റെ കാലഘട്ടം കണക്കാക്കിയാണ് ചോദ്യം ചോദിച്ചിരിക്കുന്നത്. എല്ലാ കാലത്തും മരണം സംഭവിച്ചിട്ടുണ്ട്. ഗർഭിണികളായ അമ്മമാരുടെ പോഷകാഹാര കുറവോ അല്ലെങ്കിൽ അവർക്കുണ്ടാകുന്ന മറ്റ് പ്രശ്നങ്ങൾമൂലമോ ആയിരിക്കാം നവജാതശിശുക്കളുടെ മരണം സംഭവിക്കുന്നത്. റേഷൻ കടകൾ, മാവേലി സ്റ്റോറുകൾ, ആശുപത്രികൾ, അങ്കണവാടികൾ, ആശാവർക്കർമാർ തുടങ്ങിയ എല്ലാ സംവിധാനങ്ങളും നമുക്കുണ്ടെങ്കിലും കുഞ്ഞുങ്ങൾക്ക് ആരോഗ്യ പ്രശ്നങ്ങളുണ്ടാകുകയും മരിക്കുകയും ചെയ്യുന്നുണ്ട്. ഇത്തരം കുഞ്ഞുങ്ങളുടെ മരണം ശിശുമരണങ്ങളായിട്ടല്ല, കൊലപാതകങ്ങളായിട്ടാണ് കണക്കാക്കേണ്ടത്. നമ്മുടെ സിസ്റ്റത്തിന്റെ പ്രശ്നമാണ്. സിസ്റ്റമാണ് കൊലയാളി. ഇത്തരം സംഭവങ്ങൾ മാറിമാറി വന്ന സർക്കാരുകളുടെ കാലത്തുണ്ടായിട്ടുണ്ട്. അതുകൊണ്ട് സംസ്ഥാനത്ത് ലഭ്യമായ സംവിധാനങ്ങൾ ആദിവാസി മേഖലകളിൽ സമഗ്രമായി ഏകോപിപ്പിക്കാനും സംഘടിപ്പിക്കാനും കൃത്യമായ സൂപ്പർവിഷൻ നടത്താനുംവേണ്ടി സ്ഥിര സംവിധാനം ഏർപ്പെടുത്താൻ സർക്കാർ ശ്രദ്ധിക്കണം.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചതുപോലെ ഏതെങ്കിലുമൊരു പ്രത്യേക കാലഘട്ടത്തിൽ മാത്രമല്ല ശിശുമരണങ്ങൾ സംഭവിച്ചിട്ടുള്ളത്. അത് വളരെയധികം ശരിയാണ്. ആദിവാസികൾക്കുവേണ്ടി ഒട്ടേറെ ക്ഷേമപ്രവർത്തനങ്ങൾ നടത്തിയെങ്കിലും അവരുടെ ആരോഗ്യപരിരക്ഷയുൾപ്പെടെയുള്ള കാര്യങ്ങൾ വേണ്ടത്ര സംരക്ഷിക്കാൻ കഴിഞ്ഞില്ലെന്നത് ചർച്ച ചെയ്യപ്പെടേണ്ട വിഷയമാണ്. ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനുവേണ്ടിയാണ് കമ്മ്യൂണിറ്റി കിച്ചൺ ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പാക്കിയത്. ഗർഭിണിയായി മൂന്ന് മാസം മുതൽ കുഞ്ഞിന് ഒരു വയസ്സ് വരെ അമ്മയ്ക്ക് പോഷകാഹാരം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണ് 'ജനനി ജന്മരക്ഷാ പദ്ധതി'. പ്രതിമാസം 2000 രൂപയാണ് അനുവദിച്ചിരിക്കുന്നത്. പ്രസ്തുത പദ്ധതി ഫലപ്രദമാണോ എന്ന കാര്യം സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

പ്രൊമോട്ടേഴ്സ്, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസേഴ്സ്, ഹെൽത്ത് പ്രൊമോട്ടേഴ്സ് എന്നിവർ ഇക്കാര്യത്തിൽ നന്നായി ഇടപെടുന്നുണ്ട്. പ്രസ്തുത രംഗത്ത് ത്രിതല പഞ്ചായത്ത് സംവിധാനങ്ങളുൾപ്പെടെ മെച്ചപ്പെട്ട ഇടപെടൽ നടത്താൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഗ്രാന്റ് ഇൻ-എയ്ഡായും തുക നൽകുന്നുണ്ട്. പ്രൊമോട്ടർമാരുടെ ബോധവൽക്കരണ പരിപാടികളിലൂടെ വലിയ രീതിയിലുള്ള മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ജനപ്രതിനിധികൾ ഇടപെട്ടാൽ കൂടുതൽ മാറ്റം വരുത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: സർ, കേരളത്തിൽ ഏറ്റവും കൂടുതൽ ആദിവാസികളുള്ള രണ്ടാമത്തെ ജില്ലയാണ് കാസർഗോഡ്. പ്രാക്തന ഗോത്രവർഗ്ഗ വിഭാഗമായ കൊറഗറെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. അതിൽ നല്ലൊരു വിഭാഗം ആളുകളും ഇപ്പോഴും മന്ത്രവാദത്തെ ആശ്രയിച്ചാണ് ചികിത്സ നടത്തുന്നത്. അവർ പലതരത്തിലുള്ള ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്നുണ്ട്. മദ്യപാനംപോലുള്ള നിരവധി ദുശ്ശീലങ്ങളും അവർക്കുണ്ട്. കാസർഗോഡ് ജില്ലയിൽ ആവശ്യമായ ആശുപത്രികളും ചികിത്സാ സൗകര്യങ്ങളുമില്ലാത്തതിനാൽ കർണ്ണാടകയെയാണ് ആശ്രയിക്കുന്നത്. എന്നാൽ പ്രസ്തുത വിഭാഗത്തിന് കർണ്ണാടകയിലേയ്ക്ക് പോകാനും കഴിയില്ല. അതുകൊണ്ട് കാസർഗോഡ് ജില്ലയിൽ ഒരു ട്രൈബൽ ഹോസ്പിറ്റൽ അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ശരിയാണ്. കൂടുതൽ ആദിവാസികളുള്ള ജില്ലയാണ് കാസർഗോഡ്. ഉൾപ്രദേശങ്ങളിൽ വേണ്ടത്ര ചികിത്സാ സൗകര്യങ്ങളില്ലെന്നുള്ളത് ശരിയാണ്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രത്യേക ആരോഗ്യകേന്ദ്രം സ്ഥാപിക്കണമെന്നാണ് അദ്ദേഹം ഇവിടെ ചൂണ്ടിക്കാണിച്ചിരിക്കുന്നത്. ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിന്റെ സഹായം ലഭിക്കാൻ ശ്രമിക്കുന്നുണ്ട്. അത് ലഭിച്ചാൽ ആദിവാസി മേഖലയിൽ കൂടുതൽ ആരോഗ്യകേന്ദ്രങ്ങൾ ആരംഭിക്കാൻ കഴിയും. അത്തരം സന്ദർഭത്തിൽ കാസർഗോഡ് ജില്ലയ്ക്ക് മുഖ്യ പരിഗണന നൽകുന്നതാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, 2012-14 വർഷങ്ങളിൽ അട്ടപ്പാടിയിൽ ശിശുമരണങ്ങൾ രൂക്ഷമായുണ്ടായപ്പോൾ അത് കുറച്ചുകൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങളിൽ അന്നത്തെ പാർലമെന്റ് അംഗമെന്നുള്ള നിലയിൽ ബഹുമാനപ്പെട്ട സ്പീക്കർ ഞങ്ങളുടെകൂടെ വളരെ സജീവമായുണ്ടായിരുന്നു. ആ കാലത്താണ് കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി ആരംഭിച്ചത്. ഭക്ഷണമുണ്ടാക്കാനുള്ള സാധനങ്ങൾ നൽകിയാൽ പാചകം ചെയ്ത് കഴിക്കില്ലെന്നുള്ളതുകൊണ്ട് ഓരോ

ഊരും കേന്ദ്രീകരിച്ച് ഭക്ഷണം പാചകം ചെയ്തുകൊടുക്കുന്ന പദ്ധതിയായ കമ്മ്യൂണിറ്റി കിച്ചൻ ഇൻഡ്യയിൽ ആദ്യമായി അട്ടപ്പാടിയിലാണ് ആരംഭിച്ചത്. പക്ഷേ, പദ്ധതിക്കാവശ്യമായ സാധനങ്ങൾ വിതരണം ചെയ്യുന്നവർക്ക് പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്ന് കൃത്യമായ ഫണ്ട് ലഭിക്കാത്തതിനാൽ പലപ്പോഴും പദ്ധതി മുടങ്ങാറുണ്ട്. അതുകൊണ്ട് ഒരു തടസ്സവുമില്ലാതെ ഫണ്ട് ലഭ്യമാക്കി കമ്മ്യൂണിറ്റി കിച്ചനുകൾ എല്ലാസമയത്തും പ്രവർത്തിപ്പിക്കുമെന്ന് ഉറപ്പുവരുത്തണം.

അതുപോലെ ഇപ്പോൾ ട്രൈബൽ ഹോസ്റ്റലുകളെല്ലാം അടഞ്ഞു കിടക്കുകയാണ്. അട്ടപ്പാടിയിലുള്ള ആദിവാസി കുട്ടികളുൾപ്പെടെ കേരളത്തിന്റെ വിവിധഭാഗങ്ങളിൽനിന്നുള്ള കുട്ടികൾ അട്ടപ്പാടിയിലെ ഹോസ്റ്റലുകളിൽ താമസിക്കുന്നുണ്ടായിരുന്നു. അതുപോലെ അട്ടപ്പാടിയിലെ കുട്ടികൾ വയനാട്, ഇടുക്കി ജില്ലകളിലെ ഹോസ്റ്റലുകളിലും താമസിക്കുന്നുണ്ട്. കോവിഡ് മഹാമാരിമൂലം ഒന്നരവർഷമായി ഹോസ്റ്റലുകൾ അടഞ്ഞു കിടക്കുന്നതിനാൽ ഇവരെല്ലാം ഇപ്പോൾ ഊരുകളിലാണ്. അതുകൊണ്ട് ഹോസ്റ്റലിൽ ലഭിച്ചിരുന്ന സൗകര്യങ്ങൾ കിട്ടുന്നില്ലെന്നു മാത്രമല്ല ഓൺലൈൻ പഠനത്തിനുള്ള സൗകര്യങ്ങളും ഊരുകളിലില്ല. കോവിഡ് പരിശോധനകൾ പൂർത്തിയാക്കി ഹോസ്റ്റലുകൾ തുറന്നാൽ അവർക്ക് പഠിക്കാനും നല്ല ജീവിതസാഹചര്യമുണ്ടാക്കാനും സാധിക്കും. അതിനുള്ള സൗകര്യമൊരുക്കണമെന്നുള്ളതാണ് എന്റെ നിർദ്ദേശം. അതുപോലെ അട്ടപ്പാടിയിലെ കാര്യങ്ങൾ വിലയിരുത്തുന്നതിനായി ഒറ്റപ്പാലം സബ്കളക്ടർ കൺവീനറായ മോണിറ്ററിംഗ് സമിതിയുടെ യോഗം അടുത്തകാലത്തൊന്നും കൂടിയിട്ടില്ല. അതിനുള്ള നടപടിയുമുണ്ടാകണം.

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ഇവിടെ രണ്ടുകാര്യങ്ങളാണ് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചിരിക്കുന്നത്. ഒന്ന്, കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി ആരംഭിക്കാനുള്ള സാഹചര്യം. ഏകദേശം 97 കുട്ടികൾ മരിച്ചതിനുശേഷമാണ് നമ്മൾ ഈ പദ്ധതിയെക്കുറിച്ച് ചർച്ച ചെയ്തത്. കുട്ടികൾ മരിക്കാനുള്ള പ്രധാന കാരണം അമ്മമാരിലും കുട്ടികളിലുമുള്ള പോഷകാഹാരക്കുറവായതിനാൽ അത് പരിഹരിക്കുന്നതിനുവേണ്ടിയാണ് സാമൂഹിക അടുക്കള എന്നൊരു സംവിധാനം കൊണ്ടുവന്നത്. അത് ഏറ്റവും ഫലപ്രദമായിരുന്നതിനാലാണ് കൂടുതൽ ആളുകൾക്ക് അതിന്റെ പ്രയോജനം ലഭിക്കാൻ സംവിധാനമൊരുക്കിയത്. അത് കൂടുതൽ മെച്ചപ്പെടുത്തി നടത്തണമെന്നാണ് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത്. ആഹാരസാധനങ്ങൾ വാങ്ങുന്ന വകയിൽ നൽകാനുള്ള കുടിശ്ശിക കൊടുത്തു തീർക്കാനുള്ള നടപടികളെല്ലാം സ്വീകരിച്ചിട്ടുണ്ട്. ഒരുതരത്തിലും മുടക്കം വരാതെ പ്രസ്തുത പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കുന്നതാണ്.

രണ്ടാമത്തെ കാര്യം, ഹോസ്റ്റലുകൾ തുറന്നുപ്രവർത്തിക്കാത്തത് കാരണമുണ്ടായിരിക്കുന്ന പ്രയാസമാണ്. എല്ലാ മേഖലകളിലും പ്രയാസം നേരിടുന്നുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും മോഡൽ റെസിഡൻഷ്യൽ സ്കൂളുകളും തുറന്നു പ്രവർത്തിപ്പിക്കാൻ കഴിയാത്ത സ്ഥിതിയാണ് നിലവിലുള്ളത്. അതിന്റെ ഫലമായി കുട്ടികളിൽ ആരോഗ്യപ്രശ്നവും കുടുംബ പ്രശ്നവുമുണ്ടാകുന്നുണ്ട്. കുട്ടികളുടെ കൊഴിഞ്ഞു പോക്കുണ്ടാവുമോ എന്നുള്ള സംശയവുമുണ്ട്. കാരണം വെക്കേഷൻപോലെ കുട്ടികളെല്ലാം ഓരോ പ്രദേശത്ത് പോയി താമസിക്കുകയും മറ്റ് ജോലികൾക്ക് പോകുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് അവരെയെല്ലാം ഹോസ്റ്റലുകളിലേയ്ക്ക് മടക്കിക്കൊണ്ടുവരുന്നത് സംബന്ധിച്ച് വകുപ്പ് ചർച്ച ചെയ്തു കൊണ്ടിരിക്കുകയാണ്. എത്രയും പെട്ടെന്ന് മടക്കിക്കൊണ്ടു വരണമെന്നു തന്നെയാണ് ആഗ്രഹിക്കുന്നത്. കോവിഡ് മൂന്നാംഘട്ടത്തിന്റെ വരവ് എങ്ങനെയായിരിക്കുമെന്നുകൂടി പരിശോധിച്ച ശേഷം കുട്ടികളെ ഹോസ്റ്റലുകളിലേയ്ക്കും മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലേയ്ക്കും തിരിച്ച് കൊണ്ടുവരുന്ന കാര്യം ആലോചിക്കുന്നതാണ്.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, പണിയെടുക്കാൻ വിധിക്കപ്പെട്ട പണിയ വിഭാഗവും അടിമവ്യാപാരം നിലനിന്നിരുന്ന കാലഘട്ടത്തിന്റെ ദുഃസൂചകമായ അടിയ വിഭാഗവുമുൾപ്പെടെ 36-ലധികം ഗോത്രസമൂഹമുള്ള നാടാണ് കേരളം. ഉൾക്കാടുകളിൽ താമസിക്കുന്ന ഇത്തരം ഗോത്രസമൂഹങ്ങൾ മാഞ്ഞു പോകുന്നുവെന്നാണ് പറയപ്പെടുന്നത്. വിവാഹ പ്രായമെത്തുന്നതിനുമുമ്പേ അമ്മമാരാകുന്ന പട്ടികവർഗ്ഗ പെൺകുട്ടികളും നമ്മുടെ നാട്ടിലുണ്ട്. ഗർഭാവസ്ഥയിൽത്തന്നെ പട്ടികവർഗ്ഗ സ്ത്രീകൾക്കും ശിശുക്കൾക്കും ആവശ്യമായ പരിരക്ഷ ലഭിക്കാൻ ആദിവാസി മേഖലയിൽ മെഡിക്കൽ ക്ലിനിക്കുകൾ ആരംഭിക്കാൻ കഴിയുമോ എന്നതാണ് എന്റെ ചോദ്യം?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ഉൾവനങ്ങളിൽ ജീവിക്കുന്ന ആദിവാസി സമൂഹത്തിന് ആധുനിക സൗകര്യങ്ങളൊന്നുംതന്നെ ലഭ്യമാകുന്നില്ലെന്ന് നമുക്കറിയാം. അവർ ഒട്ടേറെ പ്രകൃതി ദുരന്തങ്ങൾക്കും വന്യമൃഗങ്ങളുടെ ആക്രമണത്തിനും വിധേയരാകുന്നുണ്ട്. അവർക്ക് വേണ്ടത്ര ചികിത്സയും മറ്റും ലഭിക്കുന്നുമില്ല. അതുകൊണ്ടാണ് അവരെ ഉൾവനങ്ങളിൽനിന്നും പുറത്തുകൊണ്ടുവന്ന് പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുന്നത്. പക്ഷേ പ്രസ്തുത പദ്ധതികളൊന്നുംതന്നെ ഫലപ്രദമായി നടപ്പാകുന്നില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. അതുകൊണ്ട് ഉൾവനങ്ങളിൽനിന്നും ആദിവാസി വിഭാഗത്തെ പുറംലോകവുമായി ബന്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. പുനരധിവാസ പദ്ധതികൾ പുനഃസംവിധാനം ചെയ്യാനുള്ള തീരുമാനമെടുത്തിട്ടുണ്ട്.

ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച ആരോഗ്യ പരിരക്ഷയും മറ്റു കാര്യങ്ങളുമൊക്കെ നല്ലതുപോലെ നടത്താൻ കഴിയുന്നുണ്ട്. അതിൽ പ്രധാനം അവിവാഹിതരായ അമ്മമാരുടെ കാര്യമാണ്. അവരുടെ എണ്ണം വർദ്ധിച്ച സമയത്താണ് അതിനെ നേരിടാൻവേണ്ടിയുള്ള പ്രവർത്തനങ്ങൾ നമ്മൾ സംഘടിപ്പിച്ചത്. ഡി.എൻ.എ. ടെസ്റ്റടക്കം നടത്തി പിതൃത്വം തെളിയിക്കുന്ന സംവിധാനം വന്നതിനുശേഷമാണ് അവിവാഹിതരായ അമ്മമാരുടെ എണ്ണം കേരളത്തിൽ കുറഞ്ഞുവന്നത്. തീർച്ചയായും അവിവാഹിതരായ അമ്മമാർ ഉണ്ടാകാൻ പാടില്ലെന്നുതന്നെയാണ് നമ്മൾ ആഗ്രഹിക്കുന്നത്. ബോധവൽക്കരണ പരിപാടിയും നല്ലരീതിയിലുള്ള ശിക്ഷാനടപടികളും സ്വീകരിച്ചുകൊണ്ട് നമുക്ക് മുന്നോട്ടുപോകാൻ കഴിയും. അതുപോലെ അവിവാഹിതരായ അമ്മമാർക്കുണ്ടാകുന്ന കുട്ടികളും സമൂഹത്തിൽ ഒറ്റപ്പെട്ടുപോകാതിരിക്കാനുള്ള ശ്രദ്ധയുണ്ടാകണം. തീർച്ചയായും അക്കാര്യത്തിലും ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അട്ടപ്പാടിയിലെ എം.എൽ.എ.-യായ ശ്രീ. എൻ. ഷംസുദ്ദീനോടൊപ്പം നിരവധി തവണ അവിടെ പോകുകയും കാര്യങ്ങൾ മനസ്സിലാക്കുകയും ചെയ്തു ഒരാളാണ് ഞാൻ. അവിടത്തെ യഥാർത്ഥ പ്രശ്നം എന്താണെന്ന് ഇതുവരെ കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ല. അത് പോഷകാഹാരക്കുറവാണെന്നും ജനറ്റിക് പ്രശ്നമാണെന്നും പറയുന്നു. മാറിമാറിവരുന്ന ഗവൺമെന്റുകൾ ധാരാളം പദ്ധതികൾ നടപ്പാക്കുന്നുണ്ടെങ്കിലും ആദിവാസി സമൂഹത്തിന്റെ സ്ഥിതിഗതികൾ പഴയതുപോലെ തന്നെയാണ് തുടരുന്നത്. ശിശുമരണങ്ങളുണ്ടാകുന്നു; ഗർഭിണികളായ സ്ത്രീകൾക്ക് ധാരാളം പ്രശ്നങ്ങളുണ്ടാകുന്നു; പല ഗോത്രങ്ങളിൽപ്പെട്ടവരുടെ എണ്ണം കുറഞ്ഞുവരുന്നു തുടങ്ങിയവയെല്ലാം അവിടത്തെ വളരെ പ്രധാനപ്പെട്ട പ്രശ്നങ്ങളാണ്. അത് ബഹുമാനപ്പെട്ട സ്പീക്കറിനും അറിയാവുന്നതാണ്. അങ്ങ് അവിടത്തെ പാർലമെന്റ് അംഗമായിരുന്ന ആളാണ്. നമ്മുടെ ഗവൺമെന്റുകൾ ആവിഷ്കരിക്കുന്ന പദ്ധതികൾ അവരിലേയ്ക്ക് എത്തുന്നില്ല. പല വീടുകളും വാസയോഗ്യമല്ലെന്നുള്ള പരാതികളുണ്ട്. അവിടെ നടപ്പാക്കുന്ന പദ്ധതികൾ അവരിലേയ്ക്ക് എത്താത്തതിന്റെ കാരണം കണ്ടെത്തുകയും അത് ഫലപ്രദമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുമോ എന്നുള്ളതാണ് എന്റെ ചോദ്യം?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ആദിവാസി കോളനികൾ സന്ദർശിച്ചതിന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവുൾപ്പെടെയുള്ളവർ കാര്യങ്ങൾ ചൂണ്ടിക്കാണിച്ചത്. ഓരോ അംഗത്തിനും ഇതുപോലുള്ള അനുഭവങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും. ആദിവാസി ജനവിഭാഗത്തിന്റെ ക്ഷേമത്തിനുവേണ്ടി ചെലവഴിച്ച സംഖ്യ അവരുടെ ആവശ്യത്തിനുതന്നെ ഉപയോഗപ്പെടുത്തിയിരുന്നെങ്കിൽ അവരുടെ ജീവിതം കൂടുതൽ മെച്ചപ്പെട്ടുമായിരുന്നു. പല കാരണങ്ങൾകൊണ്ടും അത് നമുക്ക്

നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ല. പല രീതിയിലുള്ള അഴിമതിയും തട്ടിപ്പുമെല്ലാം അക്കാര്യത്തിൽ നടന്നിട്ടുണ്ട്. തുടർന്നും അത്തരം അഴിമതികളും കെടുകാര്യസ്ഥതയും ഉണ്ടാകാതിരിക്കാനായി വകുപ്പുതലത്തിൽ കൃത്യമായ മോണിറ്ററിംഗ് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. നമ്മുടെ സമൂഹത്തിലെ ഏറ്റവും താഴെത്തട്ടിലുള്ള ആളുകളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനാണ് ത്രിതല പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരവും ഫണ്ടുമൊക്കെ നൽകിയത്. കഴിഞ്ഞ കാൽ നൂറ്റാണ്ടായി ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾകൊണ്ട് ഏറ്റവും പിൻനിരയിൽ നിൽക്കുന്ന ആളുകൾക്ക് മുന്നിലേയ്ക്ക് വരാൻ കഴിയേണ്ടതായിരുന്നു. അത് എത്രത്തോളം വന്നുവെന്നത് പരിശോധിക്കണം. നമ്മുടെ സമൂഹത്തിന്റെ കൃത്യമായ പരിശോധനയും ഇക്കാര്യത്തിലുണ്ടാകണം. വകുപ്പ് കൃത്യമായ പരിശോധന നടത്തി സംഭവിച്ച പാളിച്ചകൾ തിരുത്തിക്കൊണ്ട് ആദിവാസി സമൂഹത്തെ മറ്റ് സമൂഹത്തോടൊപ്പം ഉയർത്തിക്കൊണ്ടുവരാനാവശ്യമായ എല്ലാ പ്രവർത്തനങ്ങളും നടത്തുമെന്ന് ഞാൻ ഈ സന്ദർഭത്തിൽ ഉറപ്പുനൽകുകയാണ്.

മി. സ്പീക്കർ: നക്ഷത്രചിഹ്നമിട്ട 333-ാം നമ്പർ ചോദ്യവുമായി നക്ഷത്രചിഹ്നമിട്ട 357-ാം നമ്പർ ചോദ്യം ക്ലബ് ചെയ്യണമെന്ന് ഡോ. മാത്യു കുഴൽനാടൻ, എം.എൽ.എ. നോട്ടീസ് നൽകിയിട്ടുണ്ട്. ചോദ്യങ്ങൾ സമാനസ്വഭാവമുള്ളതിനാൽ ക്ലബ്ബിംഗ് അനുവദിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിക്ക് രണ്ടിനുംകൂടി ഒരുമിച്ച് മറുപടി പറയാവുന്നതാണ്.

**കാട്ടുപന്നികൾമൂലമുള്ള കൃഷിനാശം**

4(*333) ഡോ. എൻ. ജയരാജ്:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിയിടങ്ങളിലിറങ്ങി വിള നശിപ്പിക്കുന്ന കാട്ടുപന്നികളെ കൊല്ലുന്നതിന് കർഷകരെ അനുവദിക്കണമെന്നുള്ള ഹൈക്കോടതി ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വിധി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ;

(സി) വിളകൾ നശിപ്പിക്കുന്ന കാട്ടുപന്നികളെയും മറ്റ് മൃഗങ്ങളെയും ക്ഷുദ്രജീവികളായി പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, (എ) ഉണ്ട്. ശ്രീ. കെ. വി. സെബാസ്റ്റ്യൻ ഉൾപ്പെടെ 6 പേർ ഫയൽ ചെയ്ത WP (C) No. 21207/2020 (A), ശ്രീ. തോമസ് തോമസ് ഉൾപ്പെടെ 6 പേർ ഫയൽ ചെയ്ത WP (C) No. 12496/2021 (J) എന്നിവയിലെ 23-7-2021-ലെ ഇടക്കാല ഉത്തരവുപ്രകാരം ടി കേസ്സുകളിലെ ഹർജിക്കാരായ 12 പേർക്ക്, ഒരു മാസത്തിനുള്ളിൽ ചീഫ് വൈൽഡ് ലൈഫ് വാർഡൻ 1972-ലെ വന്യജീവി (സംരക്ഷണ) ആക്ടിലെ സെക്ഷൻ 11 (1) (b) പ്രകാരം ഇവരുടെ കൃഷിഭൂമി പ്രദേശത്ത് കാട്ടുപന്നികളെ വേട്ട നടത്തുന്നതിനുള്ള അനുമതി നൽകണമെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഉത്തരവായിട്ടുണ്ട്.

(ബി) വിധി പരിശോധിച്ച് ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതാണ്.

(സി) കൃഷിയിടങ്ങളിലിറങ്ങി വിളകൾ നശിപ്പിക്കുന്ന കാട്ടുപന്നികളെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കണമെന്ന ശിപാർശ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കാട്ടുപന്നികളെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിനാണ്. കാട്ടുപന്നികളെ ക്ഷുദ്രജീവിയാക്കി പ്രഖ്യാപിച്ചുകൊണ്ടുള്ള കേന്ദ്ര ഉത്തരവ് ഇതുവരെയും ലഭിച്ചിട്ടില്ല. കൃഷിയിടങ്ങളിലിറങ്ങി വിളകൾ നശിപ്പിക്കുന്ന ഇതര വന്യമൃഗങ്ങളെ ക്ഷുദ്രജീവികളായി പ്രഖ്യാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

5(*357) ശ്രീ. ഷാഫി പറമ്പിൽ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) വന്യജീവി (സംരക്ഷണ) നിയമത്തിലെ സെക്ഷൻ 62 പ്രകാരം കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കാൻ കേന്ദ്ര സർക്കാരിന് നിവേദനം നൽകിയിരുന്നോ;

(ബി) പ്രസ്തുത നിവേദനത്തിന്മേൽ കേന്ദ്ര സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) കൃഷിയിടങ്ങളിൽ നാശം വരുത്തുന്ന കാട്ടുപന്നികളെ കൊല്ലാൻ കർഷകർക്ക് അനുവാദം നൽകുന്നതിന് സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിൽ എന്തൊക്കെ നിബന്ധനകളാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത വിഷയം സംബന്ധിച്ച കേരള ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിബന്ധനകൾ ലഘൂകരിക്കാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, (എ) കാട്ടുപന്നികൾമൂലം കൃഷിനാശം കൂടുതലുള്ള പ്രദേശങ്ങളിലെ കാട്ടുപന്നികളെ ഒരു വർഷത്തേയ്ക്ക് വെർമിനായി പ്രഖ്യാപിക്കണമെന്നുള്ള ശിപാർശ സംസ്ഥാന സർക്കാർ 1-11-2020-ലും 17-6-2021-ലും കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്.

(ബി) 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിന്റെ 11 (1) (b) വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ സേവനം ഉപയോഗിച്ചും കാട്ടുപന്നി പ്രശ്നം പരിഹരിക്കാൻ നിർദ്ദേശിച്ചുകൊണ്ട് 01-11-2020-ലെ സംസ്ഥാന സർക്കാരിന്റെ ശിപാർശ കേന്ദ്ര സർക്കാർ മടക്കിയിരുന്നു. 17-6-2021-ൽ വീണ്ടും കേന്ദ്ര സർക്കാരിന് കത്ത് നൽകിയിട്ടുണ്ട്. ടി കത്തിൽ കേന്ദ്ര സർക്കാരിന്റെ മറുപടി ലഭ്യമായിട്ടില്ല.

(സി) ഉണ്ട്. ഉത്തരവിലെ നിബന്ധനകൾ താഴെ കൊടുക്കുന്നു. മനുഷ്യന്റെ ജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ 2 (16) വകുപ്പിൽ നിർവ്വചിച്ചിട്ടുള്ളതുപ്രകാരം നശിപ്പിക്കാൻ കർഷകർക്കും ഉദ്യോഗസ്ഥർക്കും നടപടി സ്വീകരിക്കാവുന്നതാണ്. വിഷ പ്രയോഗം, സ്ഫോടക വസ്തു പ്രയോഗം, വൈദ്യുതി ഷോക്ക് ഏൽപ്പിക്കൽ, വനാതിർത്തിയിൽനിന്നും 2 കിലോമീറ്റർ വരെയുള്ള ഭാഗത്ത് കുരുക്കിട്ട് പിടിക്കൽ എന്നീ മാർഗ്ഗങ്ങളിലൂടെ കാട്ടുപന്നികളെ നശിപ്പിക്കാൻ പാടില്ല. കാട്ടിൽനിന്നും നാട്ടിലേയ്ക്കിറങ്ങി മനുഷ്യജീവനോ സ്വത്തിനോ കൃഷിക്കോ നാശനഷ്ടമുണ്ടാക്കുന്ന എല്ലാത്തരം കാട്ടുപന്നികളെയും നശിപ്പിക്കാവുന്നതാണ്. കാട്ടുപന്നിയുടെ ആക്രമണം രൂക്ഷമായ പ്രദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ചീഫ് വൈൽഡ് ലൈഫ് വാർഡൻ പുറപ്പെടുവിച്ചിട്ടുള്ള പട്ടികയിലെ പ്രദേശങ്ങളിൽ കാട്ടുപന്നികളെ നശിപ്പിക്കാവുന്നതാണ്. ജനജാഗ്രതാ സമിതിയുടെ ശിപാർശ സഹിതമോ അല്ലാതെയോ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ/അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ/ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/വൈൽഡ് ലൈഫ് വാർഡൻ എന്നിവർക്ക്, ടി പന്നികളെ നശിപ്പിക്കുന്നതിനുള്ള അനുമതി തേടിക്കൊണ്ട്, സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ 24 മണിക്കൂറിനകം തീർപ്പാക്കേണ്ടതാണ്. ഇപ്രകാരം അനുമതി ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പിടിക്കപ്പെടുകയോ കൊല്ലപ്പെടുകയോ ചെയ്യുന്ന കാട്ടുപന്നികളെ സംബന്ധിച്ച വിവരം പ്രസ്തുത വനം വകുപ്പ് ഉദ്യോഗസ്ഥരെ ഉടൻതന്നെ അറിയിക്കേണ്ടതും പ്രസ്തുത അറിയിപ്പ്

ലഭിച്ചുകഴിഞ്ഞാലുടൻ 24 മണിക്കൂറിനകം പ്രസ്തുത കാട്ടുപന്നിയുടെ ജഡത്തെ പ്രസ്തുത ഉദ്യോഗസ്ഥർ കൈപ്പറ്റേണ്ടതുമാണ്. ഫോറസ്റ്റ് റേഞ്ച് പരിധിയിലുള്ള തോക്ക് ഉപയോഗിക്കാൻ ലൈസൻസുള്ളവരും പന്നിയെ കൊല്ലാൻ സന്നദ്ധരായവരുമായ വ്യക്തികളുടെ ഒരു പാനൽ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/വൈൽഡ് ലൈഫ് വാർഡൻ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. കാട്ടുപന്നിയെ വെടിവച്ചു കൊല്ലുന്നതിന് വനം വകുപ്പ്, പോലീസ്, മറ്റു യൂണിഫോം സർവ്വീസിൽപ്പെട്ട ഉദ്യോഗസ്ഥർ, തോക്ക് ഉപയോഗിക്കാൻ ലൈസൻസുള്ള വ്യക്തികൾ എന്നിവരെ എംപാനൽ ചെയ്യാവുന്നതാണ്. വെടിവയ്ക്കാൻ എംപാനൽ ചെയ്യപ്പെടുന്ന വ്യക്തിക്ക് കൃത്യം നിർവ്വഹിക്കുന്ന മുറയ്ക്ക് പന്നി ഒന്നിന് 1000 രൂപ (ആയിരം രൂപ മാത്രം) നിരക്കിൽ പ്രതിഫലം അനുവദിക്കേണ്ടതാണ്. കാട്ടുപന്നിയെ വെടിവയ്ക്കുന്നതുമായി ബന്ധപ്പെട്ട് അറിഞ്ഞോ അറിയാതെയോ മനുഷ്യ ജീവനോ സ്വത്തിനോ സംഭവിക്കുന്ന അപായങ്ങൾക്കും നാശനഷ്ടങ്ങൾക്കും വെടിവയ്ക്കുന്നയാൾ മാത്രമായിരിക്കും ഉത്തരവാദി. കൊല്ലപ്പെട്ട പന്നിയുടെ ജഡം പരിശോധിച്ച് മഹസ്സർ തയ്യാറാക്കേണ്ടതും നിശ്ചിത ഫോമിൽ റേഞ്ച് ഫോറസ്റ്റ് ഓഫീസർ റിപ്പോർട്ട് തയ്യാറാക്കേണ്ടതുമാണ്. തുടർന്ന് സെക്ഷൻ ഫോറസ്റ്റ് ഓഫീസറുടെ മേൽനോട്ടത്തിൽ ജഡം കത്തിക്കുകയോ മണ്ണെണ്ണ ഒഴിച്ച് മറവുചെയ്യുകയോ ചെയ്യേണ്ടതാണ്. കൃത്യം നടപ്പാക്കി 24 മണിക്കൂറിനകം ചീഫ് വൈൽഡ് ലൈഫ് വാർഡന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. പ്രസ്തുത കാട്ടുപന്നികളെ വെടിവച്ച് കൊല്ലുന്നതുമായി ബന്ധപ്പെട്ട് വനം വകുപ്പ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി അതത് ഡിവിഷനുകളിൽ സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ച് ചീഫ് വൈൽഡ് ലൈഫ് വാർഡൻ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

(ഡി) നിലവിലെ സർക്കാർ ഉത്തരവിൻ പ്രകാരംതന്നെ കൃഷിഭൂമികളിൽ നാശം വരുത്തുന്ന കാട്ടുപന്നികളെ നശിപ്പിക്കാൻ കർഷകർക്കും നടപടി സ്വീകരിക്കാവുന്നതാണ്. WP(C)No. 21207/2020 (A), WP (C) No. 12496/2021 (J) എന്നിവയിൽ 23-7-2021-ൽ വന്നിരിക്കുന്നത് സംയുക്ത ഇടക്കാല ഉത്തരവാണ്. പ്രസ്തുത ഉത്തരവ് പരിശോധിച്ച് ആവശ്യമായ തുടർ നടപടി സ്വീകരിക്കുന്നതാണ്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, കേരളത്തിനുമുകളിൽ പച്ചക്കട നിവർത്താനുള്ള അങ്ങയുടെയും വകുപ്പിന്റെയും പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നു. പക്ഷേ എല്ലാ കാടുകളും ഹരിതാഭമായി ഭൂമിയുടെ മാറിൽ നൃത്തം ചെയ്യുമ്പോൾ അതിന് തൊട്ടടുത്ത് താമസിക്കുന്ന സാധാരണക്കാരായ കൃഷിക്കാർ നേരം

വെളുക്കുമ്പോൾ കാണുന്നത് നശിപ്പിക്കപ്പെട്ട അവരുടെ കൃഷിയിടങ്ങളാണ്. വനപ്രദേശത്തിന്റെ സമീപത്തല്ലാത്ത എന്റെ നിയോജകമണ്ഡലമുൾപ്പെടെ ജനവാസമുള്ള പ്രദേശങ്ങളിൽപ്പോലും രാത്രിയിൽ കാട്ടുപന്നികൾ കടന്നുവന്ന് വളരെയേറെ നാശമുണ്ടാക്കുന്നു. അതിനെ വെർമിനായി പ്രഖ്യാപിക്കണമെന്നുള്ള ശിപാർശ രണ്ടുപ്രാവശ്യം നൽകിയെങ്കിലും കേന്ദ്ര ഗവൺമെന്റ് അത് മടക്കിയെന്നാണ് അങ്ങ് ഇവിടെ സൂചിപ്പിച്ചത്. പന്നിയെ വെടിവച്ച് നശിപ്പിക്കാനുള്ള ഉത്തരവ് നൽകിയിട്ടുണ്ട്. ആ ഉത്തരവിൻപ്രകാരം വെടിവയ്ക്കുന്ന പന്നിയെ വനം വകുപ്പ് ഉദ്യോഗസ്ഥർ കുഴിച്ചിടുകയാണ് ചെയ്യുന്നത്. രാജസ്ഥാനിൽ ഇപ്രകാരം നശിപ്പിക്കുന്ന നീലക്കാളകളെയും മറ്റ് വന്യജീവികളെയും അതിന്റെ ഉടമസ്ഥനോ അല്ലെങ്കിൽ ലേലം ചെയ്തോ നൽകുന്ന സമ്പ്രദായമുണ്ട്. ഇവിടെയും അങ്ങനെ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, വനമേഖലയ്ക്ക് സമീപം താമസിക്കുന്ന കർഷകർ നേരിടുന്ന ഗുരുതരമായ പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത്. ഇക്കാര്യത്തിൽ നിയമാനുസൃതം പ്രവർത്തിക്കാൻ മാത്രമേ നമുക്ക് സാധിക്കുകയുള്ളൂ. നിലവിലുള്ള നിയമമനുസരിച്ച് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ചെയ്യാൻ സാധിക്കില്ല. എന്നാൽ വെർമിനായി പ്രഖ്യാപിച്ചാൽ ലൈസൻസുള്ള കർഷകർക്ക് അവയെ വെടിവച്ചുകൊല്ലാൻ സാധിക്കും. രാജസ്ഥാനിൽ അതിനുള്ള അനുവാദം നൽകിയിട്ടുണ്ടെന്ന വസ്തുത കേന്ദ്ര ഗവൺമെന്റിന് അയച്ച കത്തിൽ എടുത്തുപറഞ്ഞിട്ടുണ്ട്. അതിനുവേണ്ടിയുള്ള നടപടികൾ തുടർന്നും സ്വീകരിക്കുന്നതാണ്.

ഡോ. എൻ. ജയരാജ്: സർ, പ്രകൃതിയിലെ സന്തുലിതാവസ്ഥയിലുണ്ടായ മാറ്റമാണ് വന്യജീവികളുടെ എണ്ണം വർദ്ധിക്കാനിടയായത്. കാട് നന്നായി സംരക്ഷിക്കുന്നതുകൊണ്ട് സ്വാഭാവികമായി വന്യജീവികളുടെ വർദ്ധനവുമുണ്ടായിട്ടുണ്ട്. ഒരു കാലഘട്ടത്തിലുണ്ടായിരുന്ന നായാട്ടൊക്കെ നിലച്ചുപോയതും ചില വന്യജീവികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കാൻ കാരണമായി. ഈ അസന്തുലിതാവസ്ഥ എല്ലാരംഗത്തുമുണ്ട്. കാട്ടുപന്നികളിലാണ് ഏറ്റവും കൂടുതൽ വംശവർദ്ധനവ് നടക്കുന്നത്. വനം വകുപ്പ് അത് തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? പന്നികളുടെ ആക്രമണംമൂലമാണ് കൃഷിയിടങ്ങൾ ഭൂരിഭാഗവും നശിക്കുന്നത്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, വനസംരക്ഷണം നല്ല നിലയിൽ നടക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതിന് അദ്ദേഹത്തോട്

നന്ദി രേഖപ്പെടുത്തുന്നു. വന്യജീവികളുടെ വംശവർദ്ധനവ് തടയുന്നതിന് വന്ധ്യംകരണ പ്രവർത്തനങ്ങൾ നടത്തുകയെന്നതാണ് സാധാരണ കേട്ടിട്ടുള്ളത്. ഒരുഘട്ടത്തിൽ കേരളത്തിലെ തെരുവുനായ്ക്കളെ വന്ധ്യംകരിച്ച അനുഭവം നമ്മുടെ മുന്നിലുണ്ട്. എന്നാൽ നേരത്തെ പല പ്രാവശ്യം ഇവിടെ സൂചിപ്പിച്ചതുപോലെ, ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം കൂടിയേതീരൂ എന്നൊരു ദൗർഭാഗ്യകരമായ പ്രതിസന്ധി നമ്മുടെ മുന്നിലുണ്ട്. അത് നീങ്ങിക്കിട്ടിയാൽ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കും. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച കാര്യം ഗവൺമെന്റ് ഗൗരവമായിത്തന്നെ പരിശോധിക്കുന്നതാണ്.

<u>ശ്രീ. പ്രമോദ് നാരായൺ</u>: സർ, കടുത്ത പ്രതിസന്ധി നേരിടുന്ന കേരളത്തിലെ പാവപ്പെട്ട കർഷകരെ കൂടുതൽ ദുരിതത്തിലേയ്ക്ക് നയിക്കുന്നതാണ് കാട്ടുപന്നിയുൾപ്പെടെയുള്ള വന്യമൃഗങ്ങളുണ്ടാക്കുന്ന നിരന്തരമായ കൃഷിനാശം. കർഷകർക്ക് നൽകുന്ന നഷ്ടപരിഹാരം കാർഷികവിളകളുടെ ഉൽപ്പാദന ചെലവുമായി താരതമ്യം ചെയ്യുമ്പോൾ വളരെക്കുറവാണ്. അതുകൊണ്ട് നഷ്ടപരിഹാരത്തുകയുടെ നിരക്ക് വർദ്ധിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതു പോലുള്ള ആവശ്യങ്ങൾ കർഷകരുടെ ഭാഗത്തുനിന്നും ഉയർന്നുവരുന്നുണ്ട്. പക്ഷേ കാർഷിക വിളകൾക്ക് നഷ്ടപരിഹാരം നിശ്ചയിക്കുന്നത് വനം വകുപ്പല്ല, കൃഷി വകുപ്പാണ്. കേന്ദ്ര മാനദണ്ഡങ്ങൾക്കനുസൃതമായി മാത്രമേ കൃഷി വകുപ്പിന് നഷ്ടപരിഹാരത്തുക പുതുക്കി നിശ്ചയിക്കാൻ സാധിക്കുകയുള്ളൂ. ഇത്തരത്തിലുള്ള അനാവശ്യ നിബന്ധനകൾ കാരണം നാം ആഗ്രഹിക്കുന്ന വിധത്തിൽ കർഷക സമൂഹത്തെ സഹായിക്കാൻ സാധിക്കുന്നില്ലെന്ന വസ്തുത സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ഉപദ്രവകാരികളായ കാട്ടുപന്നികളെ ലൈസൻസുള്ള തോക്കുപയോഗിച്ച് വെടിവച്ച് കൊല്ലാൻ അനുവദിച്ചുകൊണ്ട് ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത ഉത്തരവ് സമ്പാദിച്ച ആളുകൾക്ക് മാത്രമേ അതിന്റെ പ്രയോജനം ലഭിക്കുകയുള്ളൂവെന്നാണ് ഇവിടെ സൂചിപ്പിച്ചത്. എല്ലാ കർഷകർക്കും ആ ഉത്തരവ് നടപ്പാക്കാനുള്ള അധികാരം നൽകുമോ; അതിന് വനം വകുപ്പിന്റെ മുൻകൂർ അനുമതി വേണമെന്ന വ്യവസ്ഥ ഒഴിവാക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഹൈക്കോടതി ഉത്തരവുപ്രകാരം നിലവിൽ പന്ത്രണ്ടുപേർക്ക് മാത്രമേ അതിനുള്ള അനുമതി നൽകാൻ കഴിയുകയുള്ളൂ. എന്നാൽ ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൂടുതൽ കർഷകരെ സഹായിക്കുന്ന വിധത്തിലുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുമോ എന്ന് പരിശോധിച്ച് ഉപദേശം നൽകുന്നതിനായി അഡ്വക്കേറ്റ് ജനറലിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

ശ്രീ. ജോബ് മൈക്കിൾ: സർ, വന്യമൃഗങ്ങൾ ഭക്ഷണം തേടി നാട്ടിലെത്തുന്നത് തടയാൻ അവയ്ക്ക് ഭക്ഷണവും വെള്ളവും കാടിനുള്ളിൽത്തന്നെ എത്തിക്കാൻ സർക്കാർ നടപടി സ്വീകരിക്കുന്നുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, വനത്തിനകത്ത് ശുദ്ധജലം ലഭ്യമാക്കുന്നതിനും ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുമുള്ള നടപടികൾക്ക് മുൻ പിണറായി വിജയൻ സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. ആ പരിപാടികൾ ശക്തമായി തുടർന്നുകൊണ്ടു പോകാനാണ് സർക്കാർ ആഗ്രഹിക്കുന്നത്.

ഡോ. മാത്യു കുഴൽനാടൻ: സർ, ഇത് വളരെ ഗൗരവത്തിലെടുക്കേണ്ട വിഷയമാണ്. വന്യമൃഗ ആക്രമണവുമായി ബന്ധപ്പെട്ട് നിരവധി വീടുകൾ ഞാൻ സന്ദർശിച്ചിട്ടുണ്ട്. പുലർച്ചെ മൂന്ന് മണിക്ക് മുന്നിൽ കാട്ടാന വന്ന് നിൽക്കുമ്പോൾ അതിനെ ഇല്ലാതാക്കാൻ അവർക്ക് കഴിയുമെങ്കിൽപ്പോലും ക്രിമിനൽ പ്രോസിക്യൂഷൻ നടപടികൾ പേടിച്ച് സ്വന്തം വീട് നശിപ്പിക്കുന്നത് മാറിനിന്ന് കാണേണ്ടിവരുന്ന കർഷകന്റെ അവസ്ഥ ഞാൻ അവരോട് സംസാരിച്ച് മനസ്സിലാക്കിയിരുന്നു. അദ്ധ്വാനിച്ചുണ്ടാക്കിയ വിളകൾ പാകമാകുമ്പോൾ കാട്ടുപന്നികൾ മുഴുവൻ നശിപ്പിച്ചുകളയുന്നത് കർഷകർക്ക് നിസ്സഹായനായി നോക്കിനിൽക്കേണ്ടിവരുന്നു. അവർക്ക് നമ്മൾ നഷ്ടപരിഹാരം കൊടുക്കാറുമില്ല.

(ചോദ്യോത്തരസമയം കഴിഞ്ഞു)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ജലനിധി പദ്ധതി

6 (*334) ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലോകബാങ്ക് സഹായത്തോടെയുള്ള ജലനിധിയുടെ രണ്ടാംഘട്ട പദ്ധതി പൂർത്തിയായിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ പ്രയോജനം എത്ര കുടുംബങ്ങൾക്ക് ലഭ്യമായിട്ടുണ്ടെന്നറിയിക്കുമോ?

2012-ൽ ആരംഭിച്ച രണ്ടാംഘട്ട ജലനിധി പദ്ധതിയിൽ 115 ഗ്രാമപഞ്ചായത്തുകളാണ് ഉൾപ്പെടുന്നത്. രണ്ടാംഘട്ട ജലനിധി പദ്ധതിക്കുള്ള ലോകബാങ്ക് സഹായം 2019 ജൂൺ മാസം അവസാനിച്ചു. ജലനിധി രണ്ടാംഘട്ടത്തിൽ ഏറ്റെടുത്ത 2176 പദ്ധതികളിൽ ഇതുവരെ 2173 പദ്ധതികളുടെ പ്രവൃത്തികൾ പൂർത്തീകരിച്ച് 2.54 ലക്ഷം കുടുംബങ്ങൾക്ക് കുടിവെള്ളം നൽകിവരുന്നു. വൈകിയാരംഭിച്ച മൂന്നിയൂർ കുടിവെള്ള പദ്ധതിയുടെ നിർമ്മാണം ഇതിനോടകം 80% പൂർത്തീകരിച്ചിട്ടുണ്ട്. മൂന്നിയൂർ പദ്ധതി പൂർത്തീകരിക്കുമ്പോൾ രണ്ടാംഘട്ടത്തിലെ ഗുണഭോക്തൃ കുടുംബങ്ങളുടെ എണ്ണം 2.59 ലക്ഷമായി വർദ്ധിക്കും.

(ബി) ജലനിധി രണ്ടാംഘട്ടത്തിന്റെ തുടർച്ചയായി ലോക ബാങ്കിന്റെ ധനസഹായം അഭ്യർത്ഥിച്ചതിന് കേന്ദ്ര സർക്കാർ അനുകൂല നിലപാട് സ്വീകരിച്ചിരുന്നോയെന്ന് അറിയിക്കുമോ?

ലോകബാങ്ക് ധനസഹായത്തോടെ ജലനിധി രണ്ടാംഘട്ട പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരുന്ന അവസരത്തിൽത്തന്നെ കൂടുതൽ ഗ്രാമപഞ്ചായത്തുകളിലേയ്ക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിനുവേണ്ടി ലോകബാങ്കിന്റെ അഡീഷണൽ ഫിനാൻസിനായി 24-8-2017-ൽ സംസ്ഥാന സർക്കാർ ഒരു പ്രൊപ്പോസൽ കേന്ദ്ര ധനകാര്യവകുപ്പിന് നൽകിയിരുന്നു. തുടർന്ന് പദ്ധതി നിർദ്ദേശം അടിയന്തരമായി പരിഗണിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 28-6-2018, 05-4-2019 എന്നീ തീയതികളിൽ ലോകബാങ്കിന്റെ കൺട്രി ഡയറക്ടർക്ക് സർക്കാർ കത്ത് നൽകിയിരുന്നു. എന്നാൽ 2018-ലെ മഹാപ്രളയത്തിന്റെ പശ്ചാത്തലത്തിൽ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിനുള്ള (RKI) സാമ്പത്തിക സഹായം ലോകബാങ്ക് ഊർജ്ജിതമാക്കിയതിനാൽ ജലനിധി രണ്ടാംഘട്ടത്തിന്റെ തുടർച്ചയ്ക്ക് ധനസഹായത്തിനായുള്ള സർക്കാരിന്റെ അഭ്യർത്ഥനയിന്മേൽ ലോകബാങ്ക്/കേന്ദ്ര സർക്കാർ അനുകൂല നിലപാട് സ്വീകരിച്ചില്ല.

(സി) ജലനിധി ഒന്നാംഘട്ടത്തിലെ പദ്ധതികളിൽ മൂന്നിലൊന്ന് പ്രവർത്തനരഹിതമായെന്നതിനാൽ ഇവയുടെ പുനരുദ്ധാരണത്തിന് പദ്ധതിയുണ്ടോ; പദ്ധതികൾ പ്രവർത്തനരഹിതമാകാനുള്ള കാരണങ്ങളിൽ മുഖ്യം സ്ഥായിയായ ജല സ്രോതസ്സുകളുടെ അഭാവമായിരുന്നോയെന്ന് വ്യക്തമാക്കാമോ?

ജലനിധി പദ്ധതികളിൽ പലകാരണങ്ങളാലും പ്രവർത്തനരഹിതമായതും ഭാഗികമായി പ്രവർത്തിക്കുന്നതുമായ പദ്ധതികൾ കേടുപാടുകൾ പരിഹരിച്ച് അവയെ പൂർണ്ണമായും പ്രവർത്തനസജ്ജമാക്കുന്നതിനുവേണ്ടി സർക്കാർ " Sustainability Support to Community Managed Water Supply Scheme" എന്ന പേരിലുള്ള സുസ്ഥിരതാ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിലേയ്ക്കായി 2021-22-ൽ 30 കോടി രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തിയ സ്കീമുകൾ ഗ്രാമപഞ്ചായത്ത് തലത്തിൽ പരിശോധിക്കുമ്പോൾ സ്രോതസ്സിലുള്ള ജലലഭ്യതക്കുറവ്, പരിപാലനത്തിലും തുടർനടത്തിപ്പിലും വരുന്ന വീഴ്ചകൾ എന്നിവ സ്കീമുകൾ പൂർണ്ണ തോതിൽ ഉപയോഗപ്പെടുത്താൻ കഴിയാത്തതിന്റെ പ്രധാന കാരണങ്ങളാണെന്ന് കാണുന്നു.

(ഡി) മഴവെള്ള സംഭരണവും ഭൂജല പോഷണവും ജലനിധി പദ്ധതിയുടെ ഭാഗമായിരുന്നോ; എങ്കിൽ ഇത് എത്രമാത്രം യാഥാർത്ഥ്യമായിട്ടുണ്ടെന്ന് അറിയിക്കുമോ?

കെ.ആർ.ഡബ്ല്യു.എസ്.എ.-യുടെ (ജലനിധി) കീഴിൽ മഴ കേന്ദ്രം എന്ന പ്രത്യേക സ്ഥാപനത്തിന് രൂപം നൽകിക്കൊണ്ട് മഴവെള്ള സംഭരണം ഭൂജല പരിപോഷണം പദ്ധതി 2012-13 സാമ്പത്തിക വർഷം മുതൽ സംസ്ഥാന ബഡ്ജറ്റിൽ പ്രതിവർഷം വകയിരുത്തിയിട്ടുള്ള തുക ഉപയോഗിച്ച് നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ ആനുകൂല്യത്തിനായി മലയോര/തീരദേശ പഞ്ചായത്തുകൾക്ക് മുൻഗണന നൽകിക്കൊണ്ട് തെരഞ്ഞെടുക്കുകയും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന ഗുണഭോക്താക്കളെ കണ്ടെത്തി അവരുടെകൂടി സാമ്പത്തിക പങ്കാളിത്തത്തോടെ പദ്ധതി നടപ്പിലാക്കി വരുന്നു. 54 ഗ്രാമപഞ്ചായത്തുകളിലെ 8837 കുടുംബങ്ങൾക്ക് 10000 ലിറ്റർ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുന്നതിന് സഹായകരമായ മഴവെള്ള സംഭരണികൾ നിർമ്മിച്ചുനൽകിയിട്ടുണ്ട്. 18 ഗ്രാമ പഞ്ചായത്തുകളിലെ 7430 കുടുംബങ്ങളിലെ തുറന്ന കിണർ മഴവെള്ളം ശേഖരിച്ച് റീ-ചാർജ് ചെയ്യുന്ന പദ്ധതി വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ജലസൗഹൃദ വിദ്യാലയം പദ്ധതിയുടെ ഭാഗമായി 840 സർക്കാർ വിദ്യാലയങ്ങളിൽ മഴവെള്ള സംഭരണി നിർമ്മിച്ചുനൽകുന്നതിലൂടെ വിദ്യാർത്ഥി സമൂഹത്തിന് മഴവെള്ള സംഭരണത്തിന്റെ പ്രാധാന്യവും ആവശ്യകതയും മനസ്സിലാക്കിക്കൊടുക്കാൻ സാധിച്ചിട്ടുണ്ട്. പ്രസ്തുത വിദ്യാലയങ്ങളിലെ കുടിവെള്ള ക്ഷാമത്തിന് ഒരുപരിധി വരെ പരിഹാരം കാണാനും സാധിച്ചിട്ടുണ്ട്. കൂടാതെ ഭൂഗർഭജല റീ-ചാർജ് ജലനിധി പദ്ധതിയുടെ ഭാഗമായിരുന്നു. ജലനിധി പദ്ധതികൾ നടപ്പിലാക്കുന്ന പഞ്ചായത്തുകളിൽ ജലലഭ്യത ഉറപ്പാക്കുന്നതിനായി സമഗ്ര ജല സുരക്ഷാ രൂപ രേഖ (Water Security Plan) തയ്യാറാക്കിയിരുന്നു. ഈ രൂപരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള ജലസംരക്ഷണ പ്രവർത്തനങ്ങൾ ജലനിധി പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിയിട്ടുണ്ട്. ഭൂജല പോഷണ പ്രവർത്തനങ്ങളുടെ ഭാഗമായി കിണർ റീ-ചാർജിംഗ്, ചെറിയ തടയണകൾ, മഴക്കുഴികൾ, ഭൂമിയുടെ അടിയിലുള്ള തടയണകൾ, VCB (Vented Cross Bar) എന്നീ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരത്തിൽ 2912 ഭൂഗർഭജല പരിപോഷണ പ്രവൃത്തികൾ ജലനിധി ഒന്നാംഘട്ടത്തിലും 1777 പ്രവൃത്തികൾ ജലനിധി രണ്ടാംഘട്ടത്തിലും നടപ്പിലാക്കിയിട്ടുണ്ട്.

## മത്സ്യാധിഷ്ഠിത മൂല്യവർദ്ധിതോല്പന്നങ്ങൾ

7 (*335) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എച്ച്. സലാം:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) പുതുതായി അയ്യായിരം പേർക്കെങ്കിലും ഈ വർഷം തൊഴിൽ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ മത്സ്യാധിഷ്ഠിത മൂല്യവർദ്ധിതോല്പന്നങ്ങൾ വ്യാപകമാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളെക്കുറിച്ച് അറിയിക്കാമോ?

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ കൊല്ലം ശക്തികുളങ്ങരയിൽ നടത്തുന്ന ഫിഷ് പ്രോസസ്സിംഗ് സെന്ററിൽ സോളാർ ഡ്രയർ ഉപയോഗിച്ചുകൊണ്ട് ഗുണമേന്മയുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നുണ്ട്. പ്രോസസ്സിംഗ് സെന്ററിന്റെ രൂപകൽപ്പനയും പരിപാലനവും കേന്ദ്രസർക്കാർ സ്ഥാപനമായ ICAR-CIFT-ന്റെ മാനദണ്ഡങ്ങളനുസരിച്ചാണ് ചെയ്തിരിക്കുന്നത്. കൂടാതെ ഉൽപ്പാദിക്കപ്പെടുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഗുണമേന്മ ICAR-CIFT-ന്റെ നിർദ്ദേശങ്ങൾക്ക് വിധേയമായിരിക്കും. മത്സ്യത്തിന്റെ വിപണനത്തിനായി സാഫ് വഴി മത്സ്യത്തൊഴിലാളി വനിതകൾക്ക് CIFT മുഖേന നിർമ്മിച്ച 20 ഹൈജീനിക് റെഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെന്റിംഗ് കിയോസ്കുകൾ നൽകുന്ന പദ്ധതിയിൽ 16 കിയോസ്കുകൾ നിലവിൽ നൽകിക്കഴിഞ്ഞു. കൊച്ചിൻ ഷിപ്പ്‌യാർഡ് ലിമിറ്റഡിന്റെ CSR ഫണ്ടുപയോഗിച്ച് CIFT മുഖേന നടപ്പ് സാമ്പത്തിക വർഷത്തിൽ 2 മത്സ്യത്തൊഴിലാളി വനിതകളടങ്ങുന്ന 26 ഗ്രൂപ്പുകൾക്ക് ഹൈജീനിക് റെഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെന്റിംഗ് കിയോസ്കുകൾ വിതരണം ചെയ്യുന്നതാണ്. തീരദേശ സ്വയംസഹായഗ്രൂപ്പുകളിലെ അംഗങ്ങൾക്ക് മത്സ്യഫെഡ് ഫിഷ് മാർട്ടുകളിലൂടെ തൊഴിൽ ലഭ്യമാക്കിവരുന്നുണ്ട്. മത്സ്യത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ മത്സ്യഫെഡ്, ഫിഷ് മാർട്ട്, ഫ്രാഞ്ചൈസി മാർട്ട്, അന്തിപ്പച്ച യൂണിറ്റ് എന്നിവിടങ്ങളിലൂടെ വിപണനം ചെയ്തുവരുന്നു.

(ബി) ഇതിനുവേണ്ട പശ്ചാത്തല സൗകര്യമൊരുക്കാൻ മത്സ്യഫെഡ് വഴി നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ?

മത്സ്യഫെഡ് വഴി കൂടുതൽ ഫിഷ് മാർട്ടുകളും എല്ലാ നിയോജകമണ്ഡലങ്ങളിലും സഹകരണ സംഘം/ബാങ്കുമായി ചേർന്ന് ഫ്രാഞ്ചൈസി മാർട്ടുകളും കൂടുതൽ അന്തിപച്ച യൂണിറ്റുകളും ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. ഇതുവഴി കൂടുതൽ ഉപഭോക്താക്കൾക്ക് പ്രയോജനം ലഭ്യമാകുന്നു.

(സി) കുടുംബശ്രീ മാതൃകയിൽ തീരശ്രീ രൂപീകരിച്ച് മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സാമ്പത്തികോന്നമനത്തിനുള്ള പദ്ധതികൾക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ?

മത്സ്യത്തൊഴിലാളി വനിതകൾ നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കിക്കൊണ്ട് അവരുടെ സമഗ്ര വികസനത്തിനായും സാമ്പത്തിക സാമൂഹിക ഉന്നമനത്തിനായും 2010 മുതൽ സാഫ് വഴി തീരമൈത്രി എന്ന ബദൽ ജീവനോപാധി പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിലൂടെ 2 മുതൽ 5 പേരടങ്ങുന്ന മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി ഗ്രൂപ്പുകളാക്കി അവർക്കേറ്റവും അനുയോജ്യമായ ചെറുകിട തൊഴിൽ സംരംഭം ആരംഭിക്കുന്നതിനാവശ്യമായ സാമ്പത്തിക, സാങ്കേതിക, വിപണന സഹായങ്ങളും ആവശ്യമായ പരിശീലനങ്ങളും നൽകിവരുന്നു. മത്സ്യത്തൊഴിലാളി വനിതകളുടെ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിച്ചുകൊണ്ട് അവർക്ക് പ്രവർത്തനമൂലധനം റിവോൾവിംഗ് ഫണ്ടായി സാഫ് മുഖേന നൽകിവരുന്നു. തീരശ്രീ ഫിഷറീസ് വകുപ്പിൽ ഇപ്പോൾ നടപ്പിലാക്കാനുദ്ദേശിക്കുന്നില്ല.

(ഡി) ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി മത്സ്യഫെഡിന്റെ ആഭിമുഖ്യത്തിൽ ഓൺലൈൻ മത്സ്യ വ്യാപാരത്തിന് പദ്ധതിയുണ്ടോ; ഇതിനായി സബ്സിഡിയോടുകൂടി ഇലക്ട്രിക് വാഹനങ്ങൾ വാങ്ങാൻ മത്സ്യഫെഡ് വായ്പ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

മത്സ്യഫെഡ് വഴി തിരുവനന്തപുരം ജില്ലയിൽ ഓൺലൈൻ മത്സ്യവ്യാപാരമാരംഭിച്ചിട്ടുണ്ട്. കൂടാതെ ഓൺലൈൻ മത്സ്യവ്യാപാരത്തിന് ഇലക്ട്രിക് ഓട്ടോ വാങ്ങുന്നതിന് മത്സ്യഫെഡ് വഴി നൽകുന്ന വായ്പകൾക്ക് സബ്സിഡി അനുവദിക്കുന്നതാണെന്ന 2021-22-ലെ ബഡ്ജറ്റ് പ്രസംഗം നടപ്പാക്കുന്നതാണ്.

**ദേവസ്വങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂസ്വത്തുക്കൾ**

8 (*336) ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേവസ്വങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂസ്വത്തുക്കൾ അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഗുരുവായൂർ ദേവസ്വം ഒഴികെയുള്ള മറ്റ് ദേവസ്വങ്ങളുടെ ഭൂമി പൂർണ്ണമായും അളന്ന് തിട്ടപ്പെടുത്തിയിട്ടില്ല.

(ബി) സംസ്ഥാനത്തെ ദേവസ്വങ്ങളുടെ ഭൂസ്വത്തുക്കൾ ആരെങ്കിലും അനധികൃതമായി കൈവശം വച്ചിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ?

ഉണ്ട്.

(സി) പട്ടണങ്ങളിൽ സ്ഥിതിചെയ്യുന്ന സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ദേവസ്വം ബോർഡുകളുടെ ഭൂമിയിൽ കെട്ടിട സമുച്ചയവും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിച്ച് വാടകയ്ക്ക് നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**അക്വാ ലൂം പദ്ധതി**

9 (*337) ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വി. ശശി:
ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി പുതുതായി ആരംഭിച്ച 'അക്വാ ലൂം' എന്ന പദ്ധതിയിലൂടെ ഏതെല്ലാം സേവനങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുകയെന്ന് വിശദീകരിക്കുമോ?

കേരള ജല അതോറിറ്റിയുടെ പൊതുപരാതി പരിഹാര സോഫ്റ്റ്‌വെയറായ 'അക്വാ ലൂം' മുഖേന ബിൽ, ജലദൗർലഭ്യം, പൈപ്പ് ലൈനിലെ ലീക്ക് തുടങ്ങിയവ സംബന്ധിച്ച പരാതികൾ ജല അതോറിറ്റിയെ അറിയിക്കുന്നതിനും പരാതിയുടെ നിലവിലെ സ്ഥിതി പരാതിക്കാരന് അറിയുന്നതിനും സാധിക്കുന്നു. ജല അതോറിറ്റിയുടെ Toll free നമ്പരായ 1916, സമൂഹമാധ്യമങ്ങളായ Facebook Messenger, Official WhatsApp നമ്പരായ 9495998258 എന്നിവയിലൂടെ ജല അതോറിറ്റി ഹെഡ്ഓഫീസിലും മറ്റ് ഓഫീസുകളിലും ലഭിക്കുന്ന പരാതികൾ 'അക്വാ ലൂം' സോഫ്റ്റ്‌വെയറിൽ രജിസ്റ്റർ ചെയ്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കുകയും പരാതിയിന്മേൽ കൈക്കൊണ്ട നടപടികൾ റിപ്പോർട്ടായി സോഫ്റ്റ്‌വെയറിൽത്തന്നെ ലഭ്യമാക്കുകയും ചെയ്യുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ?

വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് താഴെസൂചിപ്പിക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നു.

1. പരാതി പരിഹാര നടപടികൾ വേഗത്തിലാക്കുക
2. കൂടുതൽ കാര്യക്ഷമമായി കുടിവെള്ള വിതരണം ഉറപ്പാക്കുക
3. സ്രോതസ്സുകളുടെ ജലലഭ്യത ഉറപ്പുവരുത്തി വിതരണം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുക
4. ജല ഗുണനിലവാരം രേഖപ്പെടുത്തുന്നതിന് നൂതന സംവിധാനങ്ങൾ നടപ്പിലാക്കുക
5. ഓൺലൈൻ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തി വിപുലീകരിക്കുക
6. വരുമാനരഹിത ജലത്തിന്റെ അളവ് അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുക.
7. റവന്യൂ വരുമാനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക
8. ഓൺലൈൻ സേവന മേഖല കൂടുതൽ ശക്തിപ്പെടുത്തുക

(സി) കുടിവെള്ള പൈപ്പ് ലൈൻ പൊട്ടി ഗതാഗത തടസ്സമുൾപ്പെടെയുള്ള സാഹചര്യമുണ്ടാകുന്നതിനാൽ ആയതിന്റെ കാരണം വേഗത്തിൽ കണ്ടെത്തി പരിഹാരമുണ്ടാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കുടിവെള്ള പൈപ്പ് ലൈൻ പൊട്ടി ഗതാഗത തടസ്സമുൾപ്പെടെയുണ്ടാകുന്ന സാഹചര്യമൊഴിവാക്കുന്നതിനായി നൂതന സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി വരുന്നു. പൈപ്പ് ലൈനുകളിൽ ലീക് രൂപപ്പെടുമ്പോൾത്തന്നെ അറിയിപ്പ് ലഭിക്കുന്ന, FFAS (ഫ്ലോ ഫെയിലുവർ അലെർട്ട് സിസ്റ്റം) നിലവിൽ 7 സ്ഥലത്ത് സ്ഥാപിച്ചിട്ടുണ്ട്. ഇത് ബാക്കിയുള്ള പ്രധാന ശുദ്ധീകരണ ശാലകളിൽ ഘടിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സംവിധാനത്തിന്, ലീക് അതിവേഗം ശ്രദ്ധയിൽകൊണ്ടുവരാൻ സാധിക്കുന്നതാണ്. കൂടാതെ ലീക് ശ്രദ്ധയിൽപ്പെട്ടാൽ ഉടനടി ലീക് പോയിന്റ് കണ്ടുപിടിക്കുന്നതിനുള്ള ലീക് ഡിറ്റക്ടർ നിലവിലുണ്ട്. ആയത് വ്യാപകമായി ഉപയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. നിലവിൽ ചോർച്ച കണ്ടെത്തിയാലുടനടി റിപ്പയർ ചെയ്യുന്നതിന് പി.ഡബ്ല്യൂ.ഡി. റോഡ് കട്ടിംഗിന് അനുമതി കിട്ടാത്തതും എഗ്രിമെന്റ്, സെക്യൂരിറ്റി ഡെപ്പോസിറ്റ്, അഡ്വാൻസ് റെക്ടിഫിക്കേഷൻ ചാർജ് എന്നിവ മുഖേനയുണ്ടാകുന്ന തടസ്സങ്ങളും നീക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നുണ്ട്.

**മത്സ്യനയം**

10 (*338) ശ്രീ. എൻ.കെ. അക്ബർ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ ജനതയുടെ സാമൂഹിക സാമ്പത്തിക പുരോഗതി ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ മത്സ്യനയം പരിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്.

(ബി) പാരമ്പര്യമായി മത്സ്യത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് മാത്രമായി കടൽ മത്സ്യബന്ധനത്തിനുള്ള അനുവാദം നൽകുന്നകാര്യം പരിഗണിക്കുമോ?

പരിശോധിക്കുന്നതാണ്.

(സി) നവലിബറൽ നയത്തിന്റെ ഭാഗമായി കേന്ദ്രസർക്കാർ ആഴക്കടൽ മത്സ്യബന്ധനം സ്വദേശ/വിദേശ മൂലധന ശക്തികൾക്ക് അടിയറവുവച്ചതായി പറയപ്പെടുന്ന നടപടി തിരുത്താൻ ആവശ്യപ്പെടുമോയെന്നറിയിക്കാമോ?

കേന്ദ്രസർക്കാരുകൾ വിദേശ ട്രോളറുകൾക്ക് അനുവദിച്ചിരുന്ന LOP സംസ്ഥാനങ്ങളുടെ നിരന്തരമുള്ള സമ്മർദ്ദത്തിന്റെ ഫലമായും കോടതി വിധിയുടെ പശ്ചാത്തലത്തിലും 2018 മുതൽ പിൻവലിച്ചിട്ടുണ്ട്. ആഴക്കടൽ മത്സ്യബന്ധനം പി.പി.പി. മോഡൽ കമ്പനികൾക്ക് നൽകാനുള്ള കേന്ദ്രസർക്കാർ നയങ്ങൾക്കെതിരെ കേരളസർക്കാർ അഭിപ്രായം അറിയിച്ചിട്ടുണ്ട്.

(ഡി) ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് മത്സ്യബന്ധനരീതി നവീകരിക്കുന്നതിനും മത്സ്യസമ്പത്തിന്റെ നാശത്തിനിടയാക്കുന്ന തരത്തിലുള്ള മത്സ്യബന്ധനം തടയുന്നതിനുംവേണ്ട മാർഗ്ഗനിർദ്ദേശം മത്സ്യനയത്തിൽ ഉൾക്കൊള്ളിക്കുന്നത് പരിശോധിക്കുമോ?

നൂതന സാങ്കേതികവിദ്യകളുപയോഗിച്ച് കടൽ മത്സ്യബന്ധനം നവീകരിക്കാനും കടലിൽ കൂടുതൽ ദൂരങ്ങളിൽ മത്സ്യബന്ധനം നടത്താൻ മത്സ്യത്തൊഴിലാളികളെ സജ്ജമാക്കുന്നതിനുംവേണ്ട നിർദ്ദേശങ്ങൾ

മത്സ്യനയത്തിൽ ഉൾപ്പെടുത്തുന്നകാര്യം പരിശോധിച്ചുവരുന്നു. മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനും കടൽ മത്സ്യവിഭവങ്ങൾ സംരക്ഷിക്കുന്നതിനും KMFR Act 2017-ൽ ഭേദഗതി ചെയ്യുകയും ആയതനുസരിച്ചുള്ള KMFR Rule 2018-ൽ നിലവിൽ വരികയും ചെയ്തു. മത്സ്യവിഭവങ്ങളുടെ നാശത്തിനിടയാക്കുന്ന തരത്തിലുള്ള മത്സ്യബന്ധനം തടയുന്നതിനായി ഫിഷ് അഗ്രഗേറ്റിംഗ് ഡിവൈസസ്, വിഷ പദാർത്ഥങ്ങൾ, ഡൈനാമിറ്റ്, നിശ്ചിത ശക്തിയിൽ കൂടുതൽ തീവ്രതയുള്ള പ്രകാശ സ്രോതസ്സുകൾ എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധനം എന്നിവ നിരോധിച്ചിട്ടുണ്ട്. അതുപോലെ വലകളുടെ കുറഞ്ഞ കണ്ണിവലിപ്പം, പരമാവധി വലിപ്പം എന്നിവ നിഷ്കർഷിച്ചിട്ടുണ്ട്. ചെറുമത്സ്യങ്ങളെ പിടിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

**വനവൽക്കരണ പദ്ധതികൾ**

11 (*339) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. പി. ടി. എ. റഹീം:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനശോഷണത്തിന് കാരണമാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയെന്ന ലക്ഷ്യത്തോടെ ഗ്രീൻ ഇൻഡ്യ മിഷൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നറിയിക്കുമോ?

കാലാവസ്ഥാ വ്യതിയാനംമൂലം പരിസ്ഥിതിക്കും പ്രത്യേകിച്ച് വനങ്ങൾക്കുമുണ്ടാകാവുന്ന ദോഷവശങ്ങൾക്ക് പരിഹാരം കാണുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് നടപ്പാക്കിവരുന്ന പദ്ധതിയാണ് ഗ്രീൻ ഇൻഡ്യ മിഷൻ പദ്ധതി. പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾ 5 ഉപദൗത്യങ്ങളായി ക്രമീകരിച്ച് നടപ്പാക്കിവരുന്നു. കാലിമേച്ചിൽ, വിറക് ശേഖരണം മുതലായ വനാശ്രിത പ്രവർത്തനങ്ങൾ വനങ്ങളുടെ ശോഷണത്തിന് കാരണമാകുന്നു. ഇവ പരിഹരിച്ച് നിലവിലുള്ള വനങ്ങളുടെ സംരക്ഷണം, വനസാന്ദ്രത മെച്ചപ്പെടുത്തൽ, നീർച്ചാലുകളുടെ സംരക്ഷണം, നീർമ്മറി പ്രദേശങ്ങളുടെ മണ്ണ്-ജല സംരക്ഷണം, മണ്ണൊലിപ്പ് നിയന്ത്രണം എന്നിവയും വനങ്ങൾക്കുപുറത്ത് വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിന് ഉപയുക്തമാകത്തക്ക വിധത്തിൽ വൃക്ഷത്തൈകളുടെ ഉൽപാദനം, വിതരണം, ഇന്ധനാവശ്യത്തിനായി വനത്തെ ആശ്രയിക്കുന്നത് ലഘൂകരിക്കുന്നതിനായി പുനരുപയോഗക്ഷമമായ ഇന്ധന ഉപയോഗം, ഉൽപാദനക്ഷമതയുള്ള കാലിവളർത്തൽ, തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കൽ, കള

നിയന്ത്രണം, മണ്ണൊലിപ്പ് തടയുന്നതിന് സഹായകരമായ മരങ്ങൾ വച്ചുപിടിപ്പിക്കൽ, തടയണ നിർമ്മാണം, ഗള്ളി പ്ളഗിംഗ്, മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനുള്ള നടപടികൾ തുടങ്ങിയ പ്രവർത്തനങ്ങളാണ് മേൽ ഉപഘടകങ്ങളിലൂടെ നടപ്പാക്കിവരുന്നത്.

(ബി) വനത്തിനുള്ളിലും വനത്തിനുപുറത്തും വൃക്ഷാവരണം വർദ്ധിപ്പിക്കാൻ പദ്ധതി ലക്ഷ്യമാക്കുന്നുണ്ടോ; സാമൂഹ്യ വനവൽക്കരണ പദ്ധതിയിൽ കാർഷിക വനവൽക്കരണം ഉൾപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

വനത്തിനുള്ളിലും വനത്തിനുപുറത്തും വൃക്ഷാവരണം വർദ്ധിപ്പിക്കുകയെന്നത് ഗ്രീൻ ഇൻഡ്യ മിഷൻ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്. വനത്തിനുള്ളിലെ വനസംരക്ഷണ, വനവൽക്കരണ പദ്ധതി പ്രവർത്തനങ്ങൾ ടെറിട്ടോറിയൽ വനം ഡിവിഷനുകളും വൈൽഡ്ലൈഫ് വനം ഡിവിഷനുകളും നിർവ്വഹിക്കുന്നു. വനത്തിനുപുറത്തെ സോഷ്യൽ ഫോറസ്ട്രി-അഗ്രോഫോറസ്ട്രി പ്രവർത്തനങ്ങൾ സോഷ്യൽ ഫോറസ്ട്രി വിഭാഗം വഴിയും നടപ്പാക്കുന്നു. ഗ്രീൻ ഇൻഡ്യ മിഷൻ പദ്ധതിയുടെ ഭാഗമായി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിളകളുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും അനുയോജ്യമായ വിവിധ ഫലവൃക്ഷങ്ങൾ ഇടവിളയായി നട്ടുവളർത്തുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കർഷകരുടെ ഭൂമിയിലെ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളും കർഷകർക്ക് വനവൽക്കരണത്തിൽ താൽപര്യം വർദ്ധിപ്പിക്കുന്നതിനുള്ള ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചു വരുന്നുണ്ട്.

(സി) ദേശീയ വനവൽക്കരണ പരിപാടിയുടെ ഭാഗമായി വനസംരക്ഷണ സമിതികൾ വഴി സംസ്ഥാനത്ത് വനവികസന ഏജൻസി നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

പ്രക്ഷീണവനങ്ങളുടെ സംരക്ഷണത്തിനായി പങ്കാളിത്ത വനപരിപാലന തത്വത്തിൻകീഴിൽ 2002-03 മുതൽ 2015-16 വരെ സംസ്ഥാനത്ത് നടപ്പാക്കിവന്നിരുന്ന പദ്ധതിയാണ് ദേശീയ വനവൽക്കരണ പദ്ധതി (National Afforestation Programme). സംസ്ഥാനത്തെ വിവിധ വനവികാസ ഏജൻസികളുടെ (FDA) നേതൃത്വത്തിൽ ബന്ധപ്പെട്ട വനസംരക്ഷണ സമിതികൾ/ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾ വഴിയാണ് പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കിയിരുന്നത്. ആദിവാസികളുൾപ്പെടെയുള്ള വനാശ്രിതരുടെ പങ്കാളിത്തവും അതിലൂടെ അവരുടെ വരുമാനവർദ്ധനവും ജീവിതനിലവാര ഉയർച്ചയുമാണ് ദേശീയ

വനവൽക്കരണ പരിപാടിയുടെ നടത്തിപ്പിലൂടെ രാജ്യം ലക്ഷ്യമിട്ടത്. 2002-03 മുതൽ 2015-16 വരെയുള്ള കാലയളവിൽ കേന്ദ്രസർക്കാർ അനുവദിച്ച 7662.40 ലക്ഷം രൂപ ചെലവഴിച്ച് 39619.31 ഹെക്ടർ പ്രക്ഷീണ വനപ്രദേശത്ത് വനവൽക്കരണ പരിപാടികൾ നടപ്പാക്കിയിട്ടുണ്ട്. മുള, ഈറ തുടങ്ങിയ വനവിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും വഴി വനാശ്രിത സമൂഹങ്ങളുടെ തൊഴിൽ സംരക്ഷണവും ടി പദ്ധതിയിലൂടെ ഉറപ്പുവരുത്തിയിരുന്നു. കൂടാതെ വനാശ്രിത സമൂഹത്തിന് വനത്തെയും വനസംരക്ഷണ-പരിപാലന പ്രവർത്തനങ്ങളെയും വനാശ്രിതത്വം കുറയ്ക്കുന്നതിന്റെ പ്രാധാന്യത്തെയും സംബന്ധിച്ച് അവബോധം സൃഷ്ടിക്കൽ, മണ്ണ്-ജലസംരക്ഷണം എന്നിങ്ങനെ വിവിധ പരിപാടികളും ദേശീയ വനവൽക്കരണ പരിപാടി വഴി നടപ്പാക്കിയിട്ടുണ്ട്. ഈ പരിപാടിയുടെ ഭാഗമായ Entry Point Activities-ന്റെ ഭാഗമായി ജലവിതരണ സംവിധാനങ്ങൾ, കുളങ്ങളുടെ നിർമ്മാണം, കമ്മ്യൂണിറ്റി ഹാളുകൾ മുതലായ പൊതുആസ്തികൾ സൃഷ്ടിക്കൽ, പ്രകൃതി സൗഹൃദ ഊർജ്ജ സംവിധാനങ്ങളുടെ വിതരണം എന്നിവയും നടപ്പാക്കിയിട്ടുണ്ട്.

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളെപ്പറ്റിയുള്ള പഠനം**

12 (*340) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ നിലവിലെ സാമ്പത്തിക, സാമൂഹിക സ്ഥിതിയെപ്പറ്റി സർക്കാർതലത്തിൽ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ?

പട്ടികജാതി വികസന വകുപ്പ് പട്ടികജാതി വിഭാഗങ്ങളുടെ നിലവിലെ സാമ്പത്തിക-സാമൂഹിക സ്ഥിതിയെപ്പറ്റി പ്രത്യേക പഠനം നടത്തിയിട്ടില്ല. എന്നാൽ 2009-10 സാമ്പത്തിക വർഷം പട്ടികജാതി കുടുംബങ്ങളുടെയും സങ്കേതങ്ങളുടേയും അടിസ്ഥാന സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ വികസന മേഖലയിലെ വിവരശേഖരണം നടത്തിയിട്ടുണ്ട്. പട്ടികവർഗ്ഗക്കാരുടെ വ്യക്തിപരവും കുടുംബപരവും അവരുടെ ഊരുകൾ അടിസ്ഥാനമാക്കിയും വിശദമായ ഒരു പഠനം (ഇ സർവ്വേ- പട്ടികവർഗ്ഗക്കാരുടെ അടിസ്ഥാന വിവര ശേഖരണം) പട്ടികവർഗ്ഗ വികസന വകുപ്പ് പൂർത്തിയാക്കിയിട്ടുണ്ട്. 2018-19 സാമ്പത്തിക

വർഷത്തിൽ മിനിസ്ട്രി ഓഫ് ട്രൈബൽ അഫയേഴ്സ് അനുമതി നൽകിയ 'എ സ്റ്റഡി ഓൺ ദി സോഷ്യോ-ഇക്കണോമിക് സ്റ്റാറ്റസ് ഓഫ് ലെസ്സ് പോപ്പുലേറ്റഡ് ഷെഡ്യൂൾഡ് ട്രൈബ്സ് ഓഫ് കേരള' എന്ന പഠനം വയനാട് കാടർ, തച്ചനാടൻ, മൂപ്പൻ, മലപ്പണിക്കർ, കുടി/മേലെക്കുടി എന്നീ പട്ടികവർഗ്ഗ സമുദായങ്ങളെക്കുറിച്ച് നടത്തിയിട്ടുണ്ട്.

(ബി) എങ്കിൽ ഏത് ഏജൻസിയെയാണ് ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

2009-10 സാമ്പത്തിക വർഷം പട്ടികജാതി കുടുംബങ്ങളുടേയും സങ്കേതങ്ങളുടേയും അടിസ്ഥാന വിവര ശേഖരണം പട്ടികജാതി വികസന വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനവും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനും സംയുക്ത സംരംഭമായാണ് നടത്തിയത്. കിർത്താഡ്സും പഠനം നടത്തിയിട്ടുണ്ട്.

(സി) പ്രസ്തുത പഠനത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട പ്രസ്തുത സർവ്വേയിലെ അടിസ്ഥാന വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* പട്ടികവർഗ്ഗ വികസന വകുപ്പ് ശേഖരിച്ച വിവരങ്ങൾ കേരള സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ വിദഗ്ദ്ധരുടെ നേതൃത്വത്തിൽ വിശകലനം ചെയ്തുവരുന്നു. പൂർത്തിയാകുന്നമുറയ്ക്ക് ഈ പഠനം പ്രസിദ്ധീകരിക്കുന്നതാണ്. കിർത്താഡ്സുമായി ബന്ധപ്പെട്ട പ്രസ്തുത പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുന്ന തുകയും കേന്ദ്രവിഹിതവും സമയബന്ധിതമായി ചെലവഴിക്കാൻ കഴിയാത്ത സാഹചര്യമുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി സംസ്ഥാന, കേന്ദ്രാവിഷ്കൃത പദ്ധതികളിൽ, സാമ്പത്തിക സഹായമായി ഗുണഭോക്താക്കൾക്ക് നേരിട്ട് കൈമാറുന്ന പദ്ധതികളിൽ തുക സമയബന്ധിതമായി ചെലവഴിച്ച് പൂർണ്ണമായും പുരോഗതി കൈവരിക്കുന്നുണ്ട്. എന്നാൽ നിർമ്മാണ പ്രവൃത്തികൾക്ക് ഭൂമി വിട്ടുകിട്ടുന്നതിനുള്ള കാലതാമസവും കണ്ടെത്തുന്ന ഭൂമിയിലെ തർക്കങ്ങളുംമൂലം ഇത്തരം പ്രവൃത്തികൾ അതത് വർഷം പൂർത്തിയാക്കി തുക ചെലവഴിക്കുന്നതിന് കഴിയാതെ വരാറുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മത്സ്യനയം

13 (*341) ശ്രീ. എൻ. ഷംസുദീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യനയം വൻകിട കുത്തക സ്വകാര്യ കമ്പനികൾക്ക് ആഴക്കടൽ മത്സ്യബന്ധനം നടത്തുന്നതിന് സഹായകരമാകുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ?

ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2019-ൽ പ്രസിദ്ധീകരിച്ച സംസ്ഥാന മത്സ്യനയത്തിൽ ആഴക്കടൽ മത്സ്യബന്ധനം സംബന്ധിച്ച സംസ്ഥാനത്തിന്റെ സമീപനം വ്യക്തമായി പറയുന്നുണ്ട്. " വിദേശ ട്രോളറുകൾക്കോ തദ്ദേശീയ കോർപ്പറേറ്റുകളുടെ യാനങ്ങൾക്കോ ആഴക്കടൽ മത്സ്യബന്ധനം നടത്താനുള്ള അനുവാദം നൽകാതിരിക്കാനും ഇന്ത്യയുടെ സമുദ്രാതിർത്തിയിൽ അവയെ പ്രവേശിപ്പിക്കാതിരിക്കാനുമാവശ്യമായ നടപടികൾ സ്വീകരിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമെന്നും അതോടൊപ്പം പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾ, സഹകരണ സംഘങ്ങൾ എന്നിവർക്ക് ആഴക്കടൽ മത്സ്യബന്ധന രീതികളിൽ ആവശ്യമായ സാങ്കേതിക പരിശീലനവും സാമ്പത്തിക സഹായവും നല്കുമെന്നുമാണ്" സംസ്ഥാന ഫിഷറീസ് നയം 2019-ലൂടെ വ്യക്തമാക്കിയിട്ടുള്ളത്.

(ബി) പ്രസ്തുത നയത്തിന്റെ ഭാഗമായിട്ടാണോ അമേരിക്കൻ കമ്പനിയായ ഇ.എം.സി.സി.-യുമായി ധാരണാപത്രം ഒപ്പിട്ടതെന്ന് വ്യക്തമാക്കാമോ?

അമേരിക്കൻ കമ്പനിയായ ഇ.എം.സി.സി.-യുമായി ഫിഷറീസ് വകുപ്പ് ഒരു ധാരണാപത്രവും ഒപ്പിട്ടിട്ടില്ല.

(സി) മത്സ്യനയത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. മത്സ്യത്തൊഴിലാളി മേഖലയിൽ ഉയർന്നുവരുന്ന വെല്ലുവിളികളും പുതിയ സംഭവവികാസങ്ങളും കണക്കിലെടുത്ത് മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സാമൂഹിക-സാമ്പത്തിക വികസനം വേഗത്തിലാക്കാൻ ലക്ഷ്യമിട്ട് 2019-ലെ സംസ്ഥാനത്തിന്റെ ഫിഷറീസ് പോളിസി (മത്സ്യ നയം) പരിഷ്കരിച്ച് പുതിയ കരട് നയം രൂപീകരിക്കുന്നതിനുവേണ്ടി 10 അംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

## പട്ടികജാതി വിഭാഗങ്ങൾക്കായുള്ള തൊഴിൽ പരിശീലനം

14 (*342) ശ്രീ. എ. രാജ:

ശ്രീ. ആന്റണി ജോൺ:

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും നൈപുണ്യശേഷി വികസനത്തിനും തൊഴിൽ പരിശീലനത്തിനുമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്; പ്രസ്തുത വിഭാഗക്കാർക്ക് സംരംഭകത്വ വികസന പരിശീലനവും സംരംഭങ്ങൾക്ക് മൂലധനപിന്തുണയും നൽകി വരുന്നുണ്ടോയെന്ന് അറിയിക്കുമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട, തൊഴിൽരഹിതർക്ക് നൈപുണ്യ വികസന പരിശീലന പരിപാടികൾ സംഘടിപ്പിച്ച് സംസ്ഥാനത്തും വിദേശത്തും തൊഴിൽ ലഭ്യമാക്കുന്നതിനും സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും വകുപ്പ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വിവര സാങ്കേതികം, ഇലക്ട്രിക്കൽ & ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ്, ടെക്സ്റ്റൈൽ ഡിസൈനിംഗ് എന്നിങ്ങനെ വിവിധ മേഖലകളിൽ തൊഴിൽ ലഭ്യമാകുന്ന വിവിധ പരിശീലന പരിപാടികൾ വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കുന്നുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ സ്വയം തൊഴിൽ സബ്സിഡി പദ്ധതി പ്രകാരം സംരംഭം ആരംഭിക്കുന്നതിനായി വായ്പയെടുക്കുന്ന ഗുണഭോക്താവിന്റെ 3 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് മൂന്നിലൊന്ന് തുക (ഒരു ലക്ഷം രൂപ വരെ) സബ്സിഡിയായി നൽകിവരുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ അംഗങ്ങളായുള്ള സ്വാശ്രയ സംഘങ്ങൾക്കും വനിതാ സ്വാശ്രയ സംഘങ്ങൾക്കും പരമാവധി 15 ലക്ഷം രൂപ വരെ മുതൽമുടക്കുള്ള പ്രോജക്ടുകൾക്ക് 75% തുക (പരമാവധി 10 ലക്ഷം രൂപ) ജില്ലാതലത്തിൽ, പ്രോജക്ടുമായി ബന്ധപ്പെട്ട വകുപ്പുകൾ പരിശോധിച്ച് സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നൽകിവരുന്നു. വിദേശത്ത് തൊഴിൽ തേടി പോകുന്ന അഭ്യസ്തവിദ്യരായ പട്ടികജാതി യുവതീയുവാക്കൾക്ക് യാത്രാസംബന്ധമായ ചെലവുകൾ നേരിടുന്നതിന് ഒരു ലക്ഷം രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കിവരുന്നു. പട്ടികജാതി/പട്ടികവർഗ്ഗ/പിന്നാക്ക വിഭാഗത്തിൽപ്പെട്ടവരുടെ സംരംഭകത്വ വികസനത്തിനായി വകുപ്പിന്റെ പദ്ധതിയായ 'സ്റ്റാർട്ട് അപ് മിഷൻ

ഡ്രീംസ് പദ്ധതി' കേരള സ്റ്റാർട്ട് അപ് മിഷൻ മുഖേന നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതിയിലൂടെ ലഭ്യമാകുന്ന സഹായങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*. റിവോൾവിംഗ് ഫണ്ട് എന്ന പ്രത്യേക പലിശരഹിത സീഡ് ഫണ്ട് പദ്ധതി പട്ടികജാതി വിഭാഗങ്ങളിലുള്ളവർക്കായി ഈ പദ്ധതിയുടെ ഭാഗമായി ലഭ്യമാണ്.

(ബി) പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള വ്യവസായ പരിശീലന കേന്ദ്രങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കിത്തീർക്കുന്നതിന് പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള വ്യവസായ പരിശീലന കേന്ദ്രങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി തീർക്കുന്നതിന് വകുപ്പുതലത്തിൽ നിലവിൽ പദ്ധതികളൊന്നും തന്നെയില്ല. എന്നാൽ വകുപ്പിന്റെ ഐ.ടി.ഐ.-കളിലെ ഭൗതിക സാഹചര്യവും അക്കാദമിക് സൗകര്യവും വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(സി) പ്രസ്തുത വിഭാഗങ്ങളിലെ അഭ്യസ്തവിദ്യർക്ക് സിവിൽ സർവ്വീസ് ഉൾപ്പെടെ സർക്കാർ സർവ്വീസിൽ ഉദ്യോഗം കരസ്ഥമാക്കുന്നതിനുള്ള പരിശീലന പരിപാടിയെക്കുറിച്ച് അറിയിക്കാമോ?

കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയിൽ സിവിൽ സർവ്വീസ് പരിശീലനം നടത്തിവരുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വകുപ്പിന്റെ നിയന്ത്രണത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS) മുഖേന വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചുവരുന്നു. ICSETS മുഖേന പ്രവേശന പരീക്ഷ നടത്തി തെരഞ്ഞെടുക്കുന്ന 30 പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തെ മികച്ച സ്ഥാപനങ്ങളിൽ ചേർന്ന് സിവിൽ സർവ്വീസ് പരിശീലനം നടത്തുന്നതിനായി 'ലക്ഷ്യ സ്കോളർഷിപ്പ് ' എന്നപേരിൽ ഒരു പദ്ധതി 2019-20 മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. മത്സര പരീക്ഷകളിൽ പരിശീലനം നൽകുന്നതിനായി വകുപ്പിനുകീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, പാലക്കാട് എന്നീ ജില്ലകളിലായി 4 പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഡാമുകളുടെ സുരക്ഷ

15 (*344) ശ്രീ. ഒ. ആർ. കേളു:
ശ്രീ. എം. എം. മണി:
ശ്രീ. കെ. ആൻസലൻ:
ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലവിഭവ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന മുഴവൻ ഡാമുകളെയും സംബന്ധിച്ച് സുരക്ഷാ വിഭാഗം നടത്തിയ പരിശോധനകളുടെ റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ?

ജലവിഭവ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഡാമുകളിൽ, കേരളാ ഡാം സുരക്ഷാ അതോറിറ്റി, ഡാം സേഫ്റ്റി റിവ്യൂ പാനൽ, ഡാം സേഫ്റ്റി ഓർഗനൈസേഷൻ എന്നിവ കാലാകാലങ്ങളിൽ പരിശോധന നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടുകൾ പരിശോധിക്കുന്നുണ്ട്.

(ബി) തുടരെയുണ്ടാകുന്ന കനത്തമഴയും പ്രകൃതി ദുരന്തങ്ങളും കണക്കിലെടുത്ത് ഡാമുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

കേന്ദ്രജല കമ്മീഷന്റെ മാനദണ്ഡങ്ങൾ പാലിച്ച് ജലവിഭവ വകുപ്പിനുകീഴിലുള്ള എല്ലാ ഡാമുകളിലും വിശദമായ മഴക്കാലപൂർവ്വ പരിശോധനകളും ത്രൈമാസ പരിശോധനകളും നടത്തി, ഡാമുകളുടെ എല്ലാ ഘടകങ്ങളും സുരക്ഷിതവും പ്രവർത്തനസജ്ജവുമാണെന്ന് ഉറപ്പുവരുത്തുന്നുണ്ട്. ടി പരിശോധനകളിൽ ഡാമിന്റെ പ്രധാന ഘടകങ്ങളിൽ ന്യൂനതകൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം ആയവ അടിയന്തരമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും മഴക്കാലശേഷവും വിശദമായ പരിശോധനകൾ നടത്തി സുരക്ഷ ഉറപ്പുവരുത്താറുമുണ്ട്. മഴയെത്തുടർന്ന് ഡാമുകളിലേയ്ക്കുള്ള നീരൊഴുക്ക് വർദ്ധിക്കുന്ന സാഹചര്യത്തിൽ, ഡാമുകളിലെ ജലനിരപ്പ് കൃത്യമായ ഇടവേളകളിൽ പരിശോധിക്കുന്നതിനും അനുവദനീയമായ ജലനിരപ്പിനുമുകളിലേയ്ക്ക് സംഭരണികളിലെ ജലനിരപ്പ് ഉയരാതിരിക്കാനാവശ്യമായ നടപടികൾ, അംഗീകൃത മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട ഡാം എഞ്ചിനീയർമാർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഡാമുകളിലെ ജലനിരപ്പും മറ്റ് ബന്ധപ്പെട്ട വിവരങ്ങളും ദിവസേന വിലയിരുത്തുന്നത് കൂടാതെ സാഹചര്യത്തിന്റെ തീവ്രത കണക്കിലെടുത്ത് ആവശ്യമെങ്കിൽ ഓരോ മണിക്കൂറിലെയും സ്ഥിതിഗതികളും വിലയിരുത്താറുമുണ്ട്. അടിയന്തര ഘട്ടങ്ങളിലെ ആശയ വിനിമയത്തിനായി ഡാമുകളിലെല്ലാംതന്നെ

സാറ്റലൈറ്റ് ഫോൺ ലഭ്യമാക്കിയിട്ടുണ്ട്. ഇതിനുപുറമെ ലോകബാങ്ക് സഹായത്തോടെയുള്ള ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (DRIP) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഡാമുകളുടെ അടിയന്തരമായ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ അറ്റകുറ്റപ്പണികൾ ചെയ്തുവരുന്നു. കൂടാതെ ഡാമുകളുടെ പ്രവർത്തനം, പരിപാലനം എന്നിവയുമായി ബന്ധപ്പെട്ട Operation & Maintenance Manual, Emergency Action Plan എന്നീ മാർഗ്ഗരേഖകളും തയ്യാറാക്കിയിട്ടുണ്ട്. കേരള സംസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന മുല്ലപ്പെരിയാർ ഡാമിന്റെ നടത്തിപ്പും മേൽനോട്ടവും വഹിക്കുന്നത് തമിഴ്നാടാണ്. 2014 മേയ് 7-ലെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ O.S.No.3/2006-ലെ ഉത്തരവുപ്രകാരം കേന്ദ്ര ജല കമ്മീഷനിലെ പ്രതിനിധി ചെയർമാനായും കേരളത്തിന്റെയും തമിഴ്നാടിന്റെയും ഓരോ പ്രതിനിധികൾ അംഗങ്ങളായും രൂപീകരിച്ച മൂന്നംഗ മേൽനോട്ട സമിതി കാലാകാലങ്ങളിൽ ഡാം പരിശോധന നടത്തുകയും ഡാമിന്റെ ബലക്ഷയവും സുരക്ഷാകാര്യങ്ങളും സൂക്ഷ്മനിരീക്ഷണം നടത്തുകയും ആവശ്യമായ നടപടികൾ ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇതിനോടനുബന്ധിച്ച് രൂപീകരിച്ച മുല്ലപ്പെരിയാർ മേൽനോട്ട ഉപസമിതി, മുല്ലപ്പെരിയാർ ഡാമിൽ പരിശോധന നടത്തിയ റിപ്പോർട്ടുകൾ സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും സർക്കാർ ഇതുസംബന്ധിച്ച് കേന്ദ്ര ജല കമ്മീഷനുമായും തമിഴ്നാടുമായും ബന്ധപ്പെട്ട് വേണ്ട പരിഹാര നടപടികളെടുക്കുകയും ചെയ്തുവരുന്നു. കനത്ത മഴ സമയത്ത് ജലവിതാനത്തിലുണ്ടാകുന്ന വ്യതിയാനങ്ങൾ, തമിഴ്നാട് കൊണ്ടുപോകുന്ന ജലത്തിന്റെ അളവ് എന്നിവ ഡാമിന്റെ ചുമതലയുള്ള കേരള ജലവിഭവ വകുപ്പിലെ ഉദ്യോഗസ്ഥർ നിരീക്ഷിച്ചുവരികയും ഡാമിന്റെയും ഡാമിന്റെ കീഴ്ഭാഗങ്ങളിൽ വസിക്കുന്ന ജനങ്ങളുടെയും സുരക്ഷ ഉറപ്പുവരുത്താനായി അണക്കെട്ടിൽനിന്നും കൂടുതൽ ജലം തമിഴ്നാട് കൊണ്ടുപോകാനും ജലവിതാനം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും ഡാമിന്റെ ഷട്ടറുകൾ തുറന്ന് ജലം പുറത്തേയ്ക്കൊഴുക്കുന്ന സാഹചര്യമുണ്ടായാൽ ആ വിവരം 24 മണിക്കൂറിനുമുമ്പായി കേരളത്തെ അറിയിക്കണമെന്നും കേരളം തമിഴ്നാടിനോടും മേൽനോട്ട സമിതിയുടെ ചെയർമാനോടും കേന്ദ്ര സർക്കാരിനോടും ആവശ്യപ്പെടാറുണ്ട്. ഇതുകൂടാതെ, ദുരന്തനിവാരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 3-6-2021-ൽ രൂപീകരിച്ച കമ്മിറ്റി, യോഗം ചേർന്ന്, അന്തർ സംസ്ഥാന ഡാമുകളുടെ ജലവിതാനത്തിന്റെ നിജസ്ഥിതിയും റൂൾകർവ് അനുസരിച്ച് സംസ്ഥാനത്തെ ഡാമുകളുടെ പ്രവർത്തനവും നിരീക്ഷിച്ചുവരുന്നുണ്ട്. മലമ്പുഴ, മംഗലം, പോത്തുണ്ടി, വാളയാർ, ചുള്ളിയാർ, മീങ്കര, കുറ്റ്യാടി എന്നീ അണക്കെട്ടുകളുടെ വിശദമായ ഫ്ലഡ് മാപ്പും റൂൾകർവും തയ്യാറാക്കിയിട്ടുണ്ട്. റൂൾകർവ് അനുസരിച്ച് അണക്കെട്ടിൽ ശേഖരിക്കുന്ന ജലം, എമർജൻസി ആക്ഷൻ പ്ലാൻ, ഓറഞ്ച്ബുക്ക് എന്നിവ പ്രകാരം നിയന്ത്രിതമായും പുഴയിലെ ജലനിരപ്പ് നിരീക്ഷിച്ച് സുരക്ഷിതമായും തുറന്ന് വിടാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) ഡാമുകളോടനുബന്ധിച്ച് നടത്തിവരുന്ന ടൂറിസം പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

കുറ്റ്യാടി ജലസേചന പദ്ധതിയുടെ പെരുവണ്ണാമൂഴി ഡാമിനോടുചേർന്നുള്ള പ്രദേശത്ത് ടൂറിസം വകുപ്പിന്റെ ധനസഹായത്തോടെ 3.13 കോടി രൂപയുടെ ടൂറിസം വികസന പദ്ധതികൾ KIIDC മുഖേന പൂർത്തീകരിച്ചുവരുന്നു. പഴശ്ശി ബാരേജിന്റെ താഴെഭാഗത്ത് ഇടതുകരയിലായി ഡി.ടി.പി.സി.-യുടെ നേതൃത്വത്തിൽ ചെറിയ ഒരു ടൂറിസം പദ്ധതി നടന്നുവരുന്നുണ്ട്. കാരാപ്പുഴ ഡാമിനോട് ചേർന്നുവരുന്ന പ്രദേശത്ത് നടപ്പാക്കി വരുന്ന ടൂറിസം പദ്ധതിയുടെ ഒന്നുംരണ്ടും ഘട്ടങ്ങൾ പൂർത്തിയാക്കി സന്ദർശകരെ പ്രവേശിപ്പിച്ചുവരുന്നുണ്ട്. മലമ്പുഴ, മംഗലം, പോത്തുണ്ടി എന്നീ ഡാമുകളിൽ ടൂറിസം പദ്ധതികൾ നിലവിലുണ്ട്. കാഞ്ഞിരപ്പുഴ ഡാമിനോട് ചേർന്നുള്ള ഉദ്യാനത്തിലെ പ്രവർത്തനങ്ങൾ ഡി.ടി.പി.സി. മുഖേനയാണ് നടന്നുവരുന്നത്. പെരിയാർവാലി പ്രോജക്ടിനുകീഴിലുള്ള ഭൂതത്താൻകെട്ട് ബാരേജിലും പമ്പാ ജലസേചന പദ്ധതിയുടെ കീഴിലുള്ള മണിയാർ ബാരേജിലും ഡി.ടി.പി.സി.-യുടെ കീഴിലാണ് ടൂറിസം പദ്ധതി നടപ്പിലാക്കുന്നത്. മൂവാറ്റുപുഴ നദീതട ജലസേചന പദ്ധതിക്കുകീഴിൽ മലങ്കര ഡാമിൽ ടൂറിസം വകുപ്പിന്റെ ധനസഹായത്തോടെ (2.5 കോടി രൂപ) ഹാബിറ്റാറ്റ് ഗ്രൂപ്പ്, എൻട്രൻസ് പ്ലാസ, നടപ്പാത, ആംഫിതീയേറ്റർ എന്നിവയും ഇടുക്കി ജില്ല ഡി.ടി.പി.സി.-യുടെ ധനസഹായത്തോടെ (15 ലക്ഷം രൂപ) അടിസ്ഥാന സൗകര്യങ്ങളൊരുക്കി കുട്ടികളുടെ പാർക്കിന്റെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. വാഴാനി ഡാമിനോടനുബന്ധിച്ച് ടൂറിസം പദ്ധതികൾ നടത്തുന്നത് ഡി.ടി.പി.സി.-യുടെ കീഴിലുള്ള ഡി.എം.സി. ആണ്. നെയ്യാർ ഡാമിൽ Development of Neyyar Dam as tourist destination Phase-I പൂർത്തീകരിച്ചിട്ടുണ്ട്. Phase II-ന് അനുമതി ലഭിച്ചിട്ടുണ്ട്. അതിന്മേലുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. തെന്മല ഡാമിൽ KIIDC മുഖേന ടൂറിസം പദ്ധതിയുടെ പ്രവൃത്തി നടപ്പിലാക്കി വരുന്നു.

(ഡി) ഡാമുകളോടനുബന്ധിച്ച് സുരക്ഷിതത്വം ഉറപ്പാക്കിക്കൊണ്ട് ടൂറിസം പദ്ധതികൾ വ്യാപിപ്പിച്ച് സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

ജലസേചന വകുപ്പിനുകീഴിലുള്ള ഡാമുകളോടനുബന്ധിച്ചുള്ള നിലവിലെ ടൂറിസം പദ്ധതികൾ വ്യാപിപ്പിക്കുന്നതിനും പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തുനടപ്പാക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു. ഇതുവഴി വരുമാനം വർദ്ധിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. എന്നാൽ ഇപ്രകാരം പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ഡാമുകളുടെയും സന്ദർശകരുടെയും സുരക്ഷിതത്വത്തിനുതന്നെയാണ് മുൻഗണന നൽകുന്നത്.

## പിന്നാക്ക വിഭാഗ കമ്മീഷന്റെ പ്രവർത്തനങ്ങൾ

16 (*345) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ അധികാരങ്ങളും അവകാശങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ, 1993-ലെ കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ ആക്ട് (1993-ലെ 11-ാം ആക്ട്) 3-ാം വകുപ്പുപ്രകാരം രൂപീകരിച്ചിട്ടുള്ളതാണ്. കെ.എസ്.സി.ബി.സി ആക്ടിലെ 3-ാം വകുപ്പുപ്രകാരം കമ്മീഷന്റെ അദ്ധ്യക്ഷൻ സുപ്രീംകോടതി ജഡ്ജിയോ ഹൈക്കോടതി ജഡ്ജിയോ ആയ വ്യക്തിയായിരിക്കണം. പിന്നാക്ക വിഭാഗ വികസന വകുപ്പ് സെക്രട്ടറി, കമ്മീഷന്റെ എക്സ്-ഒഫീഷ്യോ മെമ്പർ സെക്രട്ടറിയും രണ്ട് അംഗങ്ങൾ പിന്നാക്ക വിഭാഗങ്ങളുടെ കാര്യങ്ങളെ സംബന്ധിച്ച് പ്രത്യേക പരിജ്ഞാനമുള്ള വരുമായിരിക്കേണ്ടതാണ്. പിന്നാക്ക വിഭാഗക്കാരുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകൾ പ്രസ്തുത പട്ടികയിൽ ഏതെങ്കിലും വിഭാഗത്തെ ഉൾപ്പെടുത്തിയെന്നോ ഉൾപ്പെടുത്തിയില്ലെന്നോയുള്ള പരാതികൾ എന്നിവ സ്വീകരിക്കുക, അവ പരിശോധിച്ച് സർക്കാരിന് ഉപദേശം നൽകുക, ആക്ടിലെ 11-ാം വകുപ്പുപ്രകാരം പിന്നാക്ക വിഭാഗക്കാരുടെ പട്ടിക കാലാകാലങ്ങളിൽ പുതുക്കുന്ന പ്രക്രിയയിൽ സർക്കാരിന് ഉപദേശം നൽകുക, മറ്റ് പിന്നാക്ക സമുദായങ്ങളുടെ ലിസ്റ്റിൽ (ഒ.ബി.സി. ലിസ്റ്റ്) ഉൾപ്പെടുത്തിയിട്ടുള്ള സമുദായങ്ങളെ സംബന്ധിച്ച് സർക്കാർ ആവശ്യപ്പെടുന്ന കാര്യങ്ങളിൽ ഉപദേശം നൽകുക എന്നിവയാണ് കമ്മീഷന്റെ ചുമതലകൾ.

(ബി) കമ്മീഷൻ പുനഃസംഘടിപ്പിച്ചത് എന്നാണെന്ന് അറിയിക്കാമോ?

8-3-2019-ലെ G.O.(P)No.01/2019/BCDD പ്രകാരം ജസ്റ്റിസ് ജി. ശശിധരനെ കമ്മീഷൻ ചെയർമാനായും 28-5-2019-ലെ G.O.(P) No.02/2019/BCDD പ്രകാരം ഡോ. എ. വി. ജോർജിനേയും 3-12-2019-ലെ G.O.(P) No.03/2019/BCDD പ്രകാരം ശ്രീമതി സുബൈദ ഇസ്ഹാക്കിനെയും കമ്മീഷൻ മെമ്പർമാരായും നിയമിച്ചുകൊണ്ട് കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ പുനഃസംഘടിപ്പിക്കുകയുണ്ടായി.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കമ്മീഷൻ ഏറ്റെടുത്ത് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട്*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കുടിവെള്ളത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കൽ

17 (*346) ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി വഴി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണമേന്മ ഉറപ്പാക്കുന്നതിന് നിലവിൽ സ്വീകരിച്ചുവരുന്ന മാർഗ്ഗങ്ങളെന്തെല്ലാമാണെന്ന് വിശദമാക്കുമോ;

&

(ബി) അശുദ്ധ ജലം കുടിക്കാനിടയാകുന്നവർക്ക് ആരോഗ്യ പ്രശ്നങ്ങളുണ്ടാകുന്നുവെന്ന ആരോഗ്യ വിദഗ്ദ്ധരുടെ അഭിപ്രായം കണക്കിലെടുത്ത് ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ചുവടെ പരാമർശിച്ചിരിക്കുന്ന പദ്ധതികളാണ് നിലവിലുള്ളത്.

1. എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ പ്രവർത്തിച്ചുവരുന്നു.
2. പരിശോധനാ ഫലങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനും വിവിധ തലങ്ങളിൽ ഉദ്യോഗസ്ഥർക്ക് നിരീക്ഷിക്കുന്നതിനും തീരുമാനമെടുക്കുന്നതിനും LIMS (Laboratory Information Management System) സോഫ്റ്റ്‌വെയർ ഉപയോഗിച്ചുവരുന്നുണ്ട്.
3. സംസ്ഥാനത്തെ 8 ജില്ലാ ലാബുകൾ ജലജീവൻ പദ്ധതിയുടെ ഭാഗമായി ISO/IEC 17025 നിലവാരത്തിലേയ്ക്കുയർത്തി NABL അക്രെഡിറ്റേഷൻ ലഭ്യമാക്കിയിട്ടുണ്ട്.
4. സംസ്ഥാനത്തെ മുഴുവൻ കുടിവെള്ള സ്രോതസ്സുകളും വർഷത്തിൽ രണ്ടുതവണവീതം ഫീൽഡ് ടെസ്റ്റ് കിറ്റ് (Field Test Kit) ഉപയോഗിച്ച് പരിശോധിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(സി) ജലഗുണനിലവാര പരിശോധന കുറ്റമറ്റ നിലയിലാക്കുന്നതിനായി ആധുനിക സങ്കേതങ്ങൾ പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ക്വാളിറ്റി കൺട്രോൾ ലാബുകളെ ISO/IEC 17025:2017 നിലവാരത്തിലേയ്ക്കുയർത്തി ദേശീയ അംഗീകാരമായ NABL അക്രെഡിറ്റേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി നടന്നുവരുന്നു. ഇപ്രകാരം 2020-21-ൽ 8 ജില്ലാ ലാബുകൾക്ക് എൻ.എ.ബി.എൽ. അംഗീകാരം ലഭിച്ചുകഴിഞ്ഞു. ജലജീവൻ മിഷൻ 2021-22 പദ്ധതിയിൽപ്പെടുത്തി 6 ജില്ലാ ലാബുകൾ, 32 സബ് ജില്ലാ ലാബുകൾ, ജല ശുദ്ധീകരണ ശാലകളിൽ പ്രവർത്തിക്കുന്ന തെരഞ്ഞെടുത്ത 37 ലാബുകൾ എന്നിവയുൾപ്പെടെ ആകെ 75 ലാബുകളെ ആധുനികവത്കരിച്ച് ഇവയ്ക്ക് എൻ.എ.ബി.എൽ.-ന്റെ അക്രെഡിറ്റേഷൻ ലഭ്യമാക്കാനുള്ള പദ്ധതി കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**സമ്പൂർണ്ണ കുടിവെള്ള ലഭ്യത**

18 (*347) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള ദൗർലഭ്യം നേരിടുന്ന പ്രദേശങ്ങളിൽ സമ്പൂർണ്ണ കുടിവെള്ള ലഭ്യത ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് കുടിവെള്ള ദൗർലഭ്യം നേരിടുന്ന പ്രദേശങ്ങളിൽ സമ്പൂർണ്ണ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) ഗ്രാമീണ, നഗര മേഖലകളിൽ സമ്പൂർണ്ണ കുടിവെള്ള കണക്ഷൻ എന്നത്തേയ്ക്ക് ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

2024-ഓടുകൂടി ജലജീവൻ മിഷൻ പദ്ധതി വഴി സംസ്ഥാനത്തെ മുഴുവൻ ഗ്രാമീണ കുടുംബങ്ങളിലും കുടിവെള്ള കണക്ഷൻ ലഭ്യമാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ജലജീവൻ മിഷൻ (അർബൻ)/അമൃത് 2.0 പദ്ധതിയിലൂടെ സംസ്ഥാനത്തെ 93 നഗരങ്ങളിൽ 2026-ഓടുകൂടി സമ്പൂർണ്ണ കുടിവെള്ള കണക്ഷൻ നൽകാനാണ് ലക്ഷ്യമിടുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ജലവിഭവ വകുപ്പ് സജ്ജമാക്കുന്ന കൺസ്യൂമർ പോർട്ടൽ വഴി എന്തെല്ലാം സേവനങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാകുമെന്ന് വിശദമാക്കുമോ?

ഉപഭോക്തൃ ജല ഉപഭോഗ വിവരങ്ങൾ, വ്യക്തിഗതവും ലെഡ്ജർ സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ, ജലവിതരണ പദ്ധതികളുൾപ്പെടെയുള്ള ഉപഭോക്തൃ പ്രൊഫൈൽ, ബിൽ പേമെന്റ് വിശദാംശങ്ങൾ, ഉപഭോക്തൃ വാട്ടർ മീറ്റർ റീഡിംഗ് ചേർക്കൽ, ഓൺലൈനായി പണമടയ്ക്കാനുള്ള ബിൽ പേമെന്റ് ഓപ്ഷൻ (Pay Now) തുടങ്ങിയവയാണ് കൺസ്യൂമർ പോർട്ടൽ വഴി ഉപഭോക്താക്കൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ.

## സാംസ്കാരിക നയ രൂപീകരണം

19 (*348) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എം. വിജിൻ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശാസ്ത്രാവബോധമുള്ള സമൂഹത്തെ വാർത്തെടുക്കുന്നതിന നുയോജ്യമായ വിധത്തിൽ ഒരു സാംസ്കാരിക നയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശാസ്ത്രീയവും പുരോഗമനപരവുമായ ആശയങ്ങളുടെ അടിസ്ഥാനത്തിൽ മാനവിക മൂല്യങ്ങളിലധിഷ്ഠിതമായ ഒരു സാംസ്കാരിക നയം രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സാംസ്കാരിക സംഘടനകളുടെ പേരിൽ നടത്തുന്ന പിന്തിരിപ്പൻ ആശയങ്ങളുടെ പ്രചാരണം നിഷ്ഫലമാക്കാൻ നടപടിയുണ്ടാകുമോ;

&

(സി) സാമൂഹിക ഐക്യത്തിന് പ്രാമുഖ്യം നൽകുന്ന തരത്തിൽ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നതിന് വകുപ്പ് മുൻകയ്യെടുക്കുമോ?

സാമൂഹിക ഐക്യവും മതനിരപേക്ഷതയും പുരോഗമനാശയങ്ങളും പരിപോഷിപ്പിക്കുന്നതിനുള്ള വിപുലമായ ഒരു സാംസ്കാരിക വിദ്യാഭ്യാസ പരിപാടി സാംസ്കാരികകാര്യ വകുപ്പ് തയ്യാറാക്കി വരികയാണ്. സ്ത്രീസമത്വം, സ്ത്രീസുരക്ഷ

തുടങ്ങിയ വിഷയങ്ങളിലെ പ്രചരണ പരിപാടികൾക്കായി ' സമം' എന്ന പേരിൽ ഒരു പരിപാടി ഇതിനകം ആരംഭിച്ചുകഴിഞ്ഞു. വിവിധ യുവജനക്ഷേമ ഏജൻസികളെയും യുവജന സംഘടനകളെയും ഏകോപിപ്പിച്ചുകൊണ്ട് വിപുലമായ ഒരു സാംസ്കാരിക വിദ്യാഭ്യാസ പ്രചരണ പരിപാടി തയ്യാറാക്കിവരികയാണ്. സാംസ്കാരിക വകുപ്പിന്റെ പ്രവർത്തനങ്ങൾ പൊതുവെ ജാതിമത വ്യവസ്ഥകൾക്കതീതമായതും സാമൂഹ്യ ഐക്യത്തിൽ ഊന്നിയതുമാണ്. കേരളത്തിലെ 14 ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന ഒരു സുപ്രധാന പദ്ധതി സർക്കാർ നടപ്പിലാക്കി വരികയാണ്. ജാതിമത ഭേദമെന്യേ കേരളത്തിന്റെ സാമൂഹിക ഐക്യത്തിനും നവോത്ഥാന മൂല്യങ്ങൾ പരിപോഷിപ്പിക്കുന്നതിനും നിലകൊണ്ട 14 നവോത്ഥാന നായകരുടെ നാമധേയമാണ് ഈ സാംസ്കാരിക സമുച്ചയങ്ങൾക്ക് നൽകിയിട്ടുള്ളത്. സാംസ്കാരിക ഡയറക്ടറേറ്റ് മുഖേന 38 സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്നുണ്ട്. ഈ സ്ഥാപനങ്ങൾ കലാ-സാംസ്കാരിക മേഖലകളിൽ വിവിധ രംഗങ്ങളിൽ പ്രശസ്തരായ കലാകാരന്മാരുടെ നാമധേയത്തിലുള്ളതും അതത് പ്രദേശത്തെ സാംസ്കാരികവും സാമൂഹികവുമായ ഉന്നമനത്തിനായി പ്രവർത്തിക്കുന്നവയുമാണ്. ഗ്രാമീണ കലാകാരന്മാരുടേയും കരകൗശല വിദഗ്ധരുടേയും ഉപജീവന സുസ്ഥിരത ഉറപ്പാക്കുന്നതിനും പൈതൃകത്തെ സംരക്ഷിക്കുന്നതിനുമായി സാംസ്കാരിക വകുപ്പ് റൂറൽ ആർട്ട് ഹബ്ബ് പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിൽ വ്യത്യസ്തങ്ങളായ പാരമ്പര്യ കരകൗശല രൂപങ്ങളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. കേരളത്തിലെ കലാ-സാംസ്കാരിക പാരമ്പര്യത്തെ സംരക്ഷിക്കുക, യുവകലാകാരന്മാരെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യത്തോടെ 47 കലാരൂപങ്ങളിൽ കലാപരിശീലനം നൽകിവരുന്ന വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി സാംസ്കാരിക വകുപ്പ് നടപ്പിലാക്കിവരുന്നു. ഇതിൽ കേരളത്തിലെ വിവിധ പ്രദേശങ്ങളിലെ നാടൻ കലാരൂപങ്ങളും വിവിധ പാരമ്പര്യ കലകളും ഉൾപ്പെടുന്നുണ്ട്. സാംസ്കാരിക വകുപ്പ് നടപ്പിലാക്കിവരുന്ന ഇത്തരം പദ്ധതികളിലൂടെ സമൂഹത്തിന്റെ പുരോഗതിക്ക് ആക്കം കൂട്ടുന്നതിനും സാംസ്കാരിക രംഗം ശക്തിപ്പെടുത്തുന്നതിനും സാധ്യമാകുന്നുണ്ട്. സാംസ്കാരിക സ്ഥാപനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് പയ്യന്നൂർ, തവനൂർ, പാലക്കാട്, വൈക്കം, വെങ്ങാനൂർ എന്നീ അഞ്ച് പ്രധാന കേന്ദ്രങ്ങളിൽ മഹാത്മാഗാന്ധിയുടെ എഴുപതാം രക്തസാക്ഷിത്വ വാർഷികാചരണ പരിപാടിയായ 'രക്തസാക്ഷ്യം' സാംസ്കാരിക വകുപ്പ് ആചരിക്കുകയും രക്തസാക്ഷ്യം സുവനീർ പ്രസിദ്ധീകരിക്കുകയും ചെയ്തു. സാംസ്കാരിക രംഗം ശക്തിപ്പെടുത്തുന്നതിന് നവോത്ഥാന/മാനവിക ആശയങ്ങൾ

ഉൾക്കൊള്ളുന്ന കവിതകൾ കേരളനടനത്തിൽ ചിട്ടപ്പെടുത്തി സാംസ്കാരിക വകുപ്പ് നവമാധ്യമങ്ങളിലൂടെയും സാംസ്കാരിക വേദിയിലൂടെയും അവതരിപ്പിച്ചുവരുന്നു. ശ്രീനാരായണ ഗുരുവിന്റെ 'ദൈവദശകം', കുമാരനാശാന്റെ 'ചണ്ഡാല ഭിക്ഷുകി', ഒ.എൻ.വി.-യുടെ 'പെങ്ങൾ' എന്നീ കാവ്യങ്ങളുടെ രംഗാവിഷ്കാരം അവതരിപ്പിക്കുന്നതിലൂടെ സാമൂഹ്യ ഐക്യത്തിന്റെ സന്ദേശം പ്രചരിക്കുന്നുണ്ട്. സമൂഹത്തിന്റെ പുരോഗതിക്ക് ആക്കംകൂട്ടുന്ന വിധത്തിൽ സമൂഹത്തിന്റെ എല്ലാ തട്ടിലുമുള്ള കലാകാരന്മാരെ ഉൾപ്പെടുത്തി കേരള ലളിതകലാ അക്കാദമി കലാക്യാമ്പുകളും എക്സിബിഷനുകളും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സംഘടിപ്പിച്ചുവരുന്നു. സാമൂഹിക ഐക്യം ഊട്ടിയുറപ്പിക്കുന്നതിനും മതനിരപേക്ഷത ശക്തിപ്പെടുത്തുന്നതിനും നവോത്ഥാന മൂല്യങ്ങൾ വീണ്ടെടുക്കുന്നതിനുമുള്ള ശ്രമങ്ങൾ സാംസ്കാരിക വകുപ്പിനുകീഴിലുള്ള വിവിധ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്നുവരികയാണ്. പുസ്തക പ്രസാധനം, ഡോക്യുമെന്ററികൾ, സാമൂഹിക മാധ്യമങ്ങൾ തുടങ്ങിയവയിലൂടെ വിപുലമായ സാംസ്കാരിക വിദ്യാഭ്യാസ പരിപാടിയാണ് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിവരുന്നത്. സമൂഹത്തിന്റെ അടിത്തട്ടോളം ചെല്ലുന്ന സാംസ്കാരിക പ്രവർത്തനങ്ങളിലൂടെ ഇന്ത്യയുടെ മതേതരഘടനയേയും ബഹുസ്വരസംസ്കൃതിയേയും സംരക്ഷിക്കാനുള്ള ശ്രമങ്ങളാണ് കേരളത്തിലെ സാംസ്കാരിക സ്ഥാപനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായി കേരള സാഹിത്യ അക്കാദമി ചരിത്രം, സംസ്കാരം, ഫോക്‌ലോർ എന്നീ രംഗങ്ങളിൽ ഗൗരവമേറിയ സെമിനാറുകൾ സംഘടിപ്പിക്കുകയും അതിനുതകുന്ന രീതിയിലുള്ള പുസ്തകങ്ങളും ആനുകാലികങ്ങളും പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നുണ്ട്. മലയാളഭാഷാ പഠനത്തിനായുള്ള കോഴ്സുകൾ, മലയാള സാഹിത്യത്തെയും സംസ്കാരത്തെയും പ്രചരിപ്പിക്കാനുള്ള റേഡിയോ മലയാളം പ്രക്ഷേപണം, ഭാഷാ അഭിമാനം വെളിവാകുന്ന തരത്തിലുള്ള സുവനീറുകൾ എന്നിവയിലൂടെ കേരളത്തിന്റെ സാംസ്കാരിക ഐക്യം ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ മലയാളം മിഷൻ നടത്തിവരുന്നു. 'പയമേ പണലി' (ഗോത്ര കലാകാരന്മാരെയും എഴുത്തുകാരെയും അവതരിപ്പിക്കുന്ന പരിപാടി), നവോത്ഥാന നാടക പരമ്പര (അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്ക്), കവിയരങ്ങ്, കഥോത്സവം, ഓഡിയോ ബുക്കുകൾ തുടങ്ങിയവ റേഡിയോ മലയാളം പ്രക്ഷേപണം ചെയ്തുവരുന്നു. ഇതുവഴി സാമൂഹിക ഐക്യം ഉറപ്പുവരുത്തുന്നു. സമം-സ്ത്രീപക്ഷ കേരളത്തിനായി 'ഷീ റേഡിയോ' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാനുള്ള തയ്യാറെടുപ്പിലാണ്. ഒപ്പം ലക്ഷദ്വീപിലെ എഴുത്തുകാരനായ ഇസ്മത് ഹുസൈനുമായുള്ള അഭിമുഖം 'എഴുത്തുമുറി' എന്ന

പരിപാടിയിലൂടെ റേഡിയോ മലയാളത്തിൽ സംപ്രേക്ഷണം ചെയ്തു. സാഹിത്യ നായകരുടെയും സാംസ്കാരിക പ്രവർത്തകരുടെയും അഭിപ്രായ രൂപീകരണത്തിനും ആവിഷ്കാര സ്വാതന്ത്ര്യത്തിനുമുള്ള സാമൂഹികവേദിയായി മലയാളം മിഷൻ മാറിയിട്ടുണ്ട്. ഒരു മാസം നീണ്ടുനിൽക്കുന്ന നവോത്ഥാന പ്രഭാഷണ പരമ്പരയിലൂടെ നവോത്ഥാന മൂല്യങ്ങൾ വീണ്ടെടുക്കാനുള്ള ഊർജ്ജിത ശ്രമവും മലയാളം മിഷൻ നടത്തുകയാണ്. വിവിധ കലോത്സവങ്ങൾ, നാടകോത്സവങ്ങൾ, ശില്പശാലകൾ തുടങ്ങിയവ നടത്തുക, കലാപഠനത്തിനുള്ള ധനസഹായം, ചികിത്സാ ധനസഹായം, കലാകാര പെൻഷൻ എന്നിവ ശിപാർശ ചെയ്യുക, അതിലൂടെ കലയെയും കലാകാരന്മാരെയും സാംസ്കാരിക മണ്ഡലത്തെയും ഊർജ്ജസ്വലമാക്കി സാമൂഹികപുരോഗതിക്ക് ആക്കം കൂട്ടുക തുടങ്ങിയ പ്രവർത്തനങ്ങൾ കേരള സംഗീത നാടക അക്കാദമി നിർവ്വഹിക്കുന്നുണ്ട്. യുവജനങ്ങളെയും വിദ്യാർത്ഥികളെയും ലിംഗഭേദമെന്യേ കലാസാംസ്കാരിക രംഗത്ത് സജീവമാക്കിക്കൊണ്ട് കേരളത്തിന്റെ നവോത്ഥാന ആശയങ്ങൾ പരിചയപ്പെടുത്താൻ വിവിധ പരിപാടികൾ സാംസ്കാരിക വകുപ്പിന്റെ വജ്രജൂബിലി ഫെലോഷിപ്പ് ലഭിക്കുന്ന കലാകാരന്മാർ സംസ്ഥാനവ്യാപകമായി നടത്തിവരുന്നു. കേരളത്തിന്റെ പാരമ്പര്യ ഗൃഹനിർമ്മാണരീതിയും ചുമർചിത്രരചനയും പരിപോഷിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് ആറന്മുള വാസ്തുവിദ്യാഗുരുകുലം നടത്തിവരുന്നത്. ചുമർചിത്രരചനയിൽ നവോത്ഥാന ആശയങ്ങൾ വാസ്തു വിദ്യാഗുരുകുലം ഉൾക്കൊള്ളിക്കുന്നുണ്ട്. സമൂഹത്തിന്റെ വിവിധ തലങ്ങളിൽ സജീവമായ സാംസ്കാരിക പ്രവർത്തനങ്ങൾ സാധ്യമാക്കിക്കൊണ്ട് രാജ്യത്തിന്റെ മതേതരഘടനയേയും ബഹുസ്വര സംസ്കൃതിയേയും സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങളാണ് കേരളത്തിലെ സാംസ്കാരിക സ്ഥാപനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്.

**സ്വാഭാവിക വനസംരക്ഷണം**

20 (*349) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വാഭാവിക വനസംരക്ഷണം ഉറപ്പാക്കുന്നതിനായി വനാതിർത്തി വേർതിരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് സ്വാഭാവിക വനസംരക്ഷണം ഉറപ്പാക്കുന്നതിനായി വനാതിർത്തി വേർതിരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വനാതിർത്തി ഉദ്ദേശം 16,846 കിലോമീറ്ററാണ്. 2016-17 മുതൽ ജണ്ട നിർമ്മാണത്തിൽ കാര്യമായ പുരോഗതി കൈവരിക്കാനായി. 2016-17-ൽ 12,500 ജണ്ടകളും (ഉദ്ദേശം 550 കി.മീ. വനാതിർത്തി), 2017-18-ൽ 14,416 ജണ്ടകളും (ഉദ്ദേശം 680 കി.മീ. വനാതിർത്തി), 2018-19-ൽ 14,618 ജണ്ടകളും (ഉദ്ദേശം 700 കി.മീ. വനാതിർത്തി) നിർമ്മിക്കുകയുണ്ടായി. 2019-20-ൽ 11,779 ജണ്ടകൾ (ഉദ്ദേശം 530 കി.മീ. വനാതിർത്തി) നിർമ്മിക്കുകയുണ്ടായി. 2020-21 സാമ്പത്തിക വർഷത്തിൽ 16993 ജണ്ടകൾ (ഉദ്ദേശം 700 കി.മീ. വനാതിർത്തി) നിർമ്മിച്ചുകഴിഞ്ഞിട്ടുണ്ട്. അവശേഷിക്കുന്ന വനാതിർത്തിയിലെ ജണ്ടകളുടെ നിർമ്മാണം അടുത്ത രണ്ടുവർഷങ്ങൾക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഈ നടപടി പൂർത്തിയാക്കാത്തതിനാൽ വനശോഷണം സംഭവിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

ഇല്ല.

(സി) നശിച്ചുപോയ വനഭാഗങ്ങളിൽ പുതുതായി മരങ്ങൾ വച്ചു പിടിപ്പിക്കുന്നതിനും കാട്ടുതീമൂലമുള്ള വനനാശം തടയുന്നതിനും സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ?

നശിച്ചതും ക്ഷയിച്ചുപോയതുമായ വനഭാഗങ്ങളിൽ സ്വാഭാവിക രീതിയിലും തദ്ദേശീയ വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചും പുനരുജ്ജീവിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ, വിദേശ വൃക്ഷവിളത്തോട്ടങ്ങൾ ഘട്ടംഘട്ടമായി ഒഴിവാക്കി സ്വാഭാവിക വനങ്ങളായി മാറ്റുന്ന പരിസ്ഥിതി പുനഃസ്ഥാപന പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്. കാട്ടുതീമൂലമുള്ള വനനാശം തടയുന്നതിനായി സംസ്ഥാന വനം വകുപ്പിനുകീഴിലുള്ള എല്ലാ സർക്കിളുകളിലും ബ്ലോക്ക് തലം (സ്റ്റേഷൻ/സെക്ഷനുകൾക്കുകീഴിൽ) മുതൽ ഫയർ സീസണുകളിൽ നടപ്പാക്കേണ്ട കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങളെ സംബന്ധിച്ച ഫയർ മാനേജ്മെന്റ് പ്ലാൻ മുൻകൂറായി തയ്യാറാക്കി നടപ്പിലാക്കിവരുന്നു. ഓരോ മേഖലയിലെയും സാദ്ധ്യതയ്ക്കനുസരിച്ച് ബന്ധപ്പെട്ട ഫയർ പ്ലാനിൽ നിഷ്കർഷിച്ചിട്ടുള്ള പ്രതിരോധ പ്രവർത്തനങ്ങൾ (ടി പ്രദേശത്തെ ഇന്ധനശേഷി കുറയ്ക്കുന്നതിനുള്ള നടപടികൾ, ഫയർ ബ്രേക്ക് നിർമ്മാണം, ഫയർലൈൻ നിർമ്മാണം, ഫയർ ഗ്യാംഗുകളെ

നിയോഗിക്കുക തുടങ്ങിയവ) നടപ്പിലാക്കുകയും ഫയർ വാച്ചർമാരെ സുരക്ഷയ്ക്കായി നിയോഗിക്കുകയും ചെയ്തുവരുന്നു. ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി (EDC)/വന സംരക്ഷണ സമിതി (VSS) അംഗങ്ങളെ ഉൾപ്പെടുത്തി ഫയർ ഗ്യാംഗുകളെ സൃഷ്ടിക്കുകയും ആവശ്യാനുസരണം ടിയാൻമാരെ കാട്ടുതീ മേഖലകളിലേയ്ക്ക് നിയോഗിക്കുകയും ചെയ്യുന്നു. ട്രക്ക് പാത്തുകളും കൂപ്പുറോഡുകളും നവീകരിച്ച് ഉൾക്കാടുകളിൽ വേഗത്തിലെത്തി കാട്ടുതീ കണ്ടെത്തി തടയുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ ഫോറസ്റ്റ് ഫയർ അലർട്ട് സംവിധാനം ഉപയോഗപ്പെടുത്തുന്നതിന് ഹെഡ്ക്വാർട്ടേഴ്സ് തലത്തിലും ഫീൽഡ് തലത്തിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ ഫയർ സീസണിൽ തുറക്കുകയും അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്തുവരുന്നുണ്ട്.

**ശുചിത്വ തീരം പദ്ധതി**

21 (*350) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും ശുദ്ധമായ കുടിവെള്ളവും സുരക്ഷിതമായ ടോയ്ലെറ്റുകളും ഫലപ്രദമായ മാലിന്യസംസ്കരണ സംവിധാനങ്ങളും മികച്ച ശുചിത്വബോധവും പ്രദാനം ചെയ്യുകയെന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ച ശുചിത്വ തീരം പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

സംസ്ഥാനത്തെ മുഴുവൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും ശുദ്ധമായ കുടിവെള്ളവും സുരക്ഷിതമായ ടോയ്ലെറ്റുകളും മികച്ച ശുചിത്വ ബോധവും പ്രദാനം ചെയ്യുകയെന്ന ഉദ്ദേശ്യത്തോടെ ഫിഷറീസ് വകുപ്പ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി 99.92 കോടി രൂപയുടെ 117 കുടിവെള്ള പദ്ധതികൾ നടപ്പാക്കിയതിൽ 103 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 11.36 കോടി രൂപയുടെ 45 സാനിറ്റേഷൻ പദ്ധതികൾ നടപ്പാക്കിയതിൽ 13 പൊതുശൗചാലയങ്ങൾ, 893 ഗുണഭോക്താക്കൾക്ക് സ്വന്തമായി ശൗചാലയം നിർമ്മിക്കാൻ സാമ്പത്തിക സഹായം എന്നിവ നൽകുകയും ചെയ്തു.

(ബി) പദ്ധതിയുടെ ഭാഗമായി തീരദേശങ്ങളിൽ നിന്നും ഖരമാലിന്യങ്ങൾ ശേഖരിക്കുന്നുണ്ടോ?

തീരദേശത്തുനിന്നും ഫിഷറീസ് വകുപ്പ് മുഖേന ഖരമാലിന്യങ്ങൾ ശേഖരിക്കുന്നില്ല. എന്നാൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ശുചിത്വസാഗരം പദ്ധതിയിലുൾപ്പെടുത്തി കടലിൽനിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് ഷ്രഡ്ഡ് ചെയ്ത് പുനരുപയോഗിക്കുന്നുണ്ട്.

(സി) ഏതൊക്കെ ഏജൻസികൾ മുഖേനയാണ് ഈ പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

സാഫ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, ശുചിത്വ മിഷൻ, നെറ്റ് ഫിഷ് (MPEDA) എന്നീ വകുപ്പുകളും ഏജൻസികളും വഴിയാണ് ശുചിത്വ സാഗരം പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ചുഴലിക്കാറ്റും മഴയും കടലാക്രമണങ്ങളും ലോക്ക്ഡൗണും മത്സ്യത്തൊഴിലാളികളുടെ ജീവിതം ദുസ്സഹമാക്കിയിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**കുടിവെള്ള ദുരുപയോഗം**

22 (*351) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്:
ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുടാപ്പുകളിൽ നിന്നുള്ള കുടിവെള്ളം വാഹനങ്ങൾ കഴുകുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾക്കും വ്യാപകമായി ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. സംസ്ഥാനത്തെ പൊതുടാപ്പുകളിൽനിന്നുള്ള കുടിവെള്ളം വാഹനങ്ങൾ കഴുകുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾക്കും ചില സ്ഥലങ്ങളിലുപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ കുടിവെള്ളം ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

മോട്ടോറുകൾ വിതരണ ശൃംഖലയിലേയ്ക്ക് നേരിട്ട് ഘടിപ്പിക്കുക, വിതരണ ശൃംഖലയിൽനിന്നും നേരിട്ട് നടത്തുന്ന ജലമോഷണം, പൊതുടാപ്പുകളുടെ ദുരുപയോഗം, നിർമ്മാണ പ്രവർത്തനങ്ങൾക്കായി കുടിവെള്ളം ദുരുപയോഗം ചെയ്യുന്നത് എന്നിവ കണ്ടെത്തുകയും വാട്ടർ സപ്ലൈ & സ്വീവറേജ് ആക്ട് 1986 പ്രകാരം ഉചിതമായ നടപടികൾ സ്വീകരിക്കുകയും പിഴ ചുമത്തുകയും ചെയ്തുവരുന്നു. പൊതുടാപ്പുകളിലെ ജല ദുരുപയോഗം ശ്രദ്ധയിൽപ്പെടുമ്പോൾ കത്ത് മുഖേനയും ഫോൺ മുഖേനയും പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും ഭാഗത്തുനിന്നും അറിയിപ്പുകൾ ലഭിക്കുന്നുണ്ട്. മാത്രമല്ല വാട്ടർ അതോറിറ്റിയുടെ മീറ്റർ റീഡർമാർ, ഓവർസിയേഴ്സ് തുടങ്ങിയ ഫീൽഡ് ജീവനക്കാർ നടത്തുന്ന സന്ദർശനം മുഖേനയും ജല ദുരുപയോഗം കണ്ടെത്തിവരുന്നുണ്ട്.

(സി) പൊതുടാപ്പുകളിലെ കുടിവെള്ളം ദുരുപയോഗം ചെയ്യുന്നവർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ജലമോഷണം തടയുന്നതിനായുള്ള നോൺ റവന്യൂ വാട്ടർ മാനേജ്മെന്റ് ആൻഡ് ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡ് 2017 മുതൽ 2021 ജൂലൈ മാസം വരെ 603 ജലമോഷണ കേസ്സുകൾ രജിസ്റ്റർ ചെയ്ത് കേരള വാട്ടർ സപ്ലൈ & സ്വീവറേജ് ആക്ട് 1986 പ്രകാരം 35.11 ലക്ഷം രൂപ പിഴ ചുമത്തുകയും ചെയ്തിട്ടുണ്ട്.

**പട്ടികഗോത്ര യുവജനങ്ങളുടെ നൈപുണ്യ വികസനം**

23 (*352) ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. കെ. ആൻസലൻ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക സ്വയംപര്യാപ്തത കൈവരിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലെത്തുന്നതിനായി പട്ടികഗോത്രങ്ങളിൽപ്പെട്ട യുവജനങ്ങൾക്ക് സ്വയംതൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയെക്കുറിച്ച് വിശദമാക്കുമോ?

പട്ടികവർഗ്ഗ വിഭാഗത്തിന് സാമ്പത്തിക സ്വയംപര്യാപ്തത കൈവരിച്ച് സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തുന്നതിനായി പട്ടികഗോത്രങ്ങളിൽപ്പെട്ട യുവജനങ്ങൾക്ക് സ്വയംതൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമായി തുണിത്തര നിർമ്മാണം, വിഷ്വൽമീഡിയ, ഐ.ടി., ഹോട്ടൽ മാനേജ്മെന്റ്,

പ്ലാസ്റ്റിക് ഇൻഡസ്ട്രി, ഓട്ടോമൊബൈൽ, സ്വയം തൊഴിൽ കണ്ടെത്തൽ, പാരാമെഡിക്കൽ മേഖല, ആയുർവേദ, പഞ്ചകർമ്മ, കാർഷിക മേഖലയിലും, കെട്ടിട നിർമ്മാണ മേഖലയിലും തൊഴിൽ, പരമ്പരാഗത കൃഷിയെ പ്രോത്സാഹിപ്പിക്കൽ തുടങ്ങിയ വ്യത്യസ്ത മേഖലകളിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) ആധുനിക തൊഴിൽ മേഖലകളിലെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി ഇവർക്ക് രാജ്യത്തിനകത്തും വിദേശത്തും തൊഴിൽ തേടാൻ സഹായം നൽകിവരുന്നുണ്ടോ?

ആധുനിക തൊഴിൽ മേഖലകളിലെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി പ്രശസ്ത തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുമായി ചേർന്ന് പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ആയതിലൂടെ വിജയകരമായി പരിശീലനം പൂർത്തിയാക്കിയവർക്ക് രാജ്യത്തിനകത്തും വിദേശത്തും തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നുണ്ട്. വിദേശത്ത് പോകാൻ തെരഞ്ഞെടുക്കുന്നവർക്ക് യാത്രാചെലവിനും മറ്റ് അനുബന്ധ ചെലവുകൾക്കുമായി വകുപ്പ് സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്.

(സി) ഇവർക്കായി വരുമാനദായകമായ രീതിയിൽ കാർഷികവൃത്തി പ്രോത്സാഹിപ്പിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ?

പട്ടികവർഗ്ഗ വികസന വകുപ്പ് പട്ടിക വർഗ്ഗക്കാർക്കായി വരുമാനദായകമായ രീതിയിൽ കാർഷികവൃത്തി പോത്സാഹിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

### റീബിൽഡ് കേരളയിലെ വനം വകുപ്പ് പദ്ധതികൾ

24 (*353) ശ്രീ. ജി. സ്റ്റീഫൻ:
ഡോ. കെ. ടി. ജലീൽ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീബിൽഡ് കേരള-യിൽ ഉൾപ്പെടുത്തി എന്തെല്ലാം പദ്ധതികളാണ് വനം വകുപ്പ് ഏറ്റെടുത്തിട്ടുള്ളത്; അതിനായി നീക്കിവച്ചിട്ടുള്ള തുകയുടെ വിശദാംശം ലഭ്യമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിൽ വനംവകുപ്പിന് കീഴിലുൾപ്പെടുത്തിയ പദ്ധതികളുടെ വിവരങ്ങളും അതിനായി നീക്കിവച്ചിട്ടുള്ള തുകയുടെ വിശദാംശവും അനുബന്ധമായി* ചേർക്കുന്നു. സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി അംഗീകരിച്ചതുപ്രകാരം 2021-2022 സാമ്പത്തിക വർഷത്തിൽ പദ്ധതി നടത്തിപ്പിനായി ആദ്യ ക്വാർട്ടറിലേയ്ക്കുള്ള 23.1334 കോടി രൂപ 17-6-2021-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ 258/2021/P&EA പ്രകാരം അനുവദിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതികളുടെ മേൽനോട്ടത്തിനായി സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയും നടത്തിപ്പിനായി പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റും രൂപീകരിച്ചിട്ടുണ്ടോ; പ്രസ്തുത സമിതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളുടെ മേൽനോട്ടത്തിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള ഒരു സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി (SLEC) ഉന്നതതല മേൽനോട്ടത്തിനും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഇക്കോ ഡെവലപ്മെന്റ് & ട്രൈബൽ വെൽഫെയർ)-ന്റെ മേൽനോട്ടത്തിലുള്ള പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (PMU) ഹെഡ് ക്വാർട്ടേഴ്സ്തലത്തിലും ഫോറസ്റ്റ് സർക്കിൾ തലവന്മാരുടെ നേതൃത്വത്തിലുള്ള റീജിയണൽ ലെവൽ കമ്മിറ്റികൾ പ്രാദേശികതലത്തിലും പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി 30-9-2020-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നം.225/2020/വനം, 13-10-2020-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.)നം 252/2020/വനം-വന്യജീവി എന്നീ നമ്പർ ഉത്തരവുകൾ പ്രകാരം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതികളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി വകുപ്പുമന്ത്രിയുടെ തലത്തിലും റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ ഹൈലെവൽ എംപവേർഡ് കമ്മിറ്റി (HLEC) തലത്തിലും റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI) സെക്രട്ടേറിയറ്റ് തലത്തിലും അവലോകന യോഗങ്ങൾ ക്രമമായി നടന്നുവരുന്നുണ്ട്.

(സി) പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് ഇതുവരെ നടന്നുവന്ന പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കാമോ?

റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ പുരോഗതി വിവരം ചുവടെചേർക്കുന്നു.

<u>പ്രോജക്ട്-1</u>: സ്വകാര്യ സെറ്റിൽമെന്റുകളുടെ പുനരധിവാസം (291.96 കോടി രൂപ) - പുനരധിവാസത്തിന് സ്വയംസന്നദ്ധമാകുന്ന ഒരു അർഹമായ കുടുംബത്തിന്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

15.00 ലക്ഷം രൂപ എന്ന നിരക്കിൽ നൽകി 4 വനം ഡിവിഷനുകളിലെ 22 സെറ്റിൽമെന്റുകളിലായി 677 ആദിവാസി ഇതര കുടുംബങ്ങളെ വനത്തിന് പുറത്തേയ്ക്ക് മാറ്റി പാർപ്പിക്കുന്നതിനായാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമാക്കുന്നത്. നിലവിൽ സംസ്ഥാന ലെവൽ എംപവേർഡ് കമ്മിറ്റി (SLEC) 78 അർഹതപ്പെട്ട കുടുംബങ്ങളുടെ (ശെന്തുരുണി-57, കാസർഗോഡ്-21) പുനരധിവാസ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിന്റെ തുടർനടപടിക്രമങ്ങൾ അതത് ഡിവിഷനുകീഴിൽ പുരോഗമിക്കുന്നുണ്ട്.

പ്രോജക്ട് -2 : സ്വകാര്യ എസ്റ്റേറ്റുകളുടെ ഏറ്റെടുക്കൽ (385.31 കോടി രൂപ) - വനത്തിനകത്ത് സ്ഥിതി ചെയ്യുന്ന സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുത്ത് സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനമാണ് പദ്ധതി വഴി ലക്ഷ്യമാക്കുന്നത്. ഇ.എഫ്.എൽ. ആക്ട് [കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജുമെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രെജൈൽ ലാൻഡ്സ്) ആക്ട്] 2003-ന്റെ സെക്ഷൻ 4(1) പ്രകാരം നഷ്ടപരിഹാരം നൽകിയോ എൽ.എ.ആർ. ആക്ട് പ്രകാരമോ 1450.1688 ഹെക്ടർ സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ആദ്യഘട്ടത്തിൽ 6 ഡിവിഷനുകളിലായി 13 എസ്റ്റേറ്റുകളാണ് ഇതിലുൾപ്പെടുത്തിയിട്ടുള്ളത്. ഡിവിഷൻ തലത്തിൽ ബന്ധപ്പെട്ട രേഖകളുടെ പ്രാഥമിക പരിശോധന നടത്തിവരുന്നു.

പ്രോജക്ട്-3 : കണ്ടൽക്കാടുകളുടെ ഏറ്റെടുക്കലും സംരക്ഷണവും (120 കോടി രൂപ) - കേരളത്തിലെ ഏതാണ്ട് 12 ചതുരശ്ര കിലോമീറ്റർ വരുന്ന സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽവനങ്ങൾ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കാനാണ് ഈ പദ്ധതിയിൽ ഉദ്ദേശിച്ചിട്ടുള്ളത്. പ്രാഥമികഘട്ടത്തിൽ തൃശ്ശൂർ, കൊല്ലം, കണ്ണൂർ, മലപ്പുറം എന്നീ നാല് ജില്ലകളിലെ 51.41 ഹെക്ടർ കണ്ടൽക്കാടുകൾ കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജുമെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രെജൈൽ ലാൻഡ്സ്) ആക്ട് 2003-ന്റെ സെക്ഷൻ 4 (1)പ്രകാരം അർഹമായ നഷ്ടപരിഹാര തുക പകരം നൽകി ഏറ്റെടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇ.എഫ്.എൽ. അഡ്വൈസറി സബ്കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൊല്ലം, തൃശ്ശൂർ ജില്ലകളിലെ കണ്ടൽഭൂമി ഏറ്റെടുക്കുന്നതിനായുള്ള നഷ്ടപരിഹാരം തീരുമാനിക്കുന്നതിനുള്ള സമിതി രൂപീകരിച്ച് സർക്കാർ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. കണ്ണൂർ, മലപ്പുറം എന്നീ ജില്ലകളിൽ ഇതിനായുള്ള ഇ.എഫ്.എൽ. അഡ്വൈസറി കമ്മിറ്റിയുടെ ശിപാർശകൾക്കനുസരിച്ചുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്. മറ്റുള്ള ജില്ലകളിൽ കണ്ടൽകാടുകളുടെ വിവരശേഖരണം, സർവ്വേ രേഖകളുടെ പരിശോധന തുടങ്ങിയ പ്രാഥമിക പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

പ്രോജക്ട് - 4: മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനും പ്രകൃതി ദുരന്തങ്ങൾമൂലമുള്ള നാശനഷ്ടങ്ങളുടെ ആക്കം കുറയ്ക്കുന്നതിനും ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനുമായി വനാന്തര ഭാഗങ്ങളിൽനിന്നും ഗോത്രവാസികളെ അവരുടെ സമ്മതപ്രകാരം വനത്തിനുള്ളിൽത്തന്നെയുള്ള അനുയോജ്യമായ ഇടങ്ങളിലേയ്ക്ക് മാറ്റിത്താമസിപ്പിക്കുന്നതിനുള്ള സാധ്യതാ പഠനം, കണ്ടൽക്കാടുകളുടെ സംരക്ഷണം സംബന്ധിച്ച സാധ്യതാ പഠനം, വനങ്ങൾ പ്രദാനം ചെയ്യുന്ന ഹൈഡ്രോളജിക്കൽ സർവ്വീസസിനെ വിലയിരുത്തുന്നതിനുള്ള സാധ്യതാ പഠനം - (5.98 കോടി രൂപ)

**ഉപ്പുജല തടാകങ്ങളുടെ സംരക്ഷണം**

25 (*354) ശ്രീ. ഇ. കെ വിജയൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വാഴൂർ സോമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഉപ്പുജല തടാകങ്ങൾ മലിനീകരണംമൂലമുള്ള ആവാസവ്യവസ്ഥാ തകർച്ച നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരളത്തിലെ ഉപ്പുജല തടാകങ്ങൾ മലിനീകരണംമൂലമുള്ള ആവാസവ്യവസ്ഥ തകർച്ച നേരിടുന്നുണ്ടെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അഴികൾ/പൊഴികൾ മുഖേന തടാകങ്ങളിലേയ്ക്കെത്തുന്ന ലവണത്തിനുപുറമേ തടാകങ്ങളിലേയ്ക്ക് എത്തിച്ചേരുന്ന വിവിധതരത്തിലുള്ള മാലിന്യങ്ങൾ ഇതിന് ആക്കം കൂട്ടുന്നുണ്ട്.

(ബി) തടാകങ്ങളിലെ ജലത്തിന്റെ ഗുണനിലവാരം കുറയുന്നതും ജലജീവികളുടെ നശീകരണവും കണക്കിലെടുത്ത് തടാകങ്ങളുടെ സംരക്ഷണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

തടാകങ്ങളുടെ വൃഷ്ടി പ്രദേശത്ത് ലഭ്യമാകുന്ന മഴവെള്ളം സംരക്ഷിക്കുന്നതിന് നീർത്തടാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുകയെന്നത് തടാകങ്ങളിലേയ്ക്കുള്ള നീരൊഴുക്ക് വർദ്ധിക്കാനിടയാകും. ഇത് ജലഗുണനിലവാര വർദ്ധനയ്ക്ക് സഹായകമാകും. ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് തലത്തിൽ നീർത്തട പ്ലാനുകൾ തയ്യാറാക്കുകയും റിഡ്ജ്-ടു-വാലി സമീപനത്തോടുകൂടി കുളങ്ങളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സാമ്പത്തിക ലഭ്യതയനുസരിച്ച് ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. കുട്ടനാട് പാക്കേജിന്റെ ഭാഗമായി വേമ്പനാട് കായലിൽ കുട്ടനാട് പ്രദേശത്ത് സംരക്ഷണ പ്രവർത്തനങ്ങൾ നിർവ്വഹിച്ചിട്ടുണ്ട്.

(സി) കായലുകളുടെ ശുചീകരണത്തിനായി ഒരു ജനകീയ ക്യാമ്പയിൻ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ കായലുകൾ പലവിധത്തിലുള്ള പാരിസ്ഥിതിക തകർച്ച നേരിടുന്നുണ്ട്. ഇതുപരിഹരിച്ച് തടാകങ്ങളെ സുസ്ഥിരമായി സംരക്ഷിക്കുന്നതിന് ബഹുമുഖ പദ്ധതികളാവശ്യമാണ്. ശാസ്ത്രീയമായ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ, ജനകീയമായി ഏറ്റെടുക്കാൻ കഴിയുന്ന പ്രവർത്തനങ്ങളും വകുപ്പുകൾ/ഏജൻസി മുഖേന നിർവ്വഹിക്കാൻ കഴിയുന്ന പ്രവർത്തനങ്ങളും വേർതിരിച്ച്, തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കായലുകളുടെ ശുചീകരണത്തിന് ജനപങ്കാളിത്തം ഉറപ്പാക്കി ക്യാമ്പയിൻ മാതൃകയിൽ ശുചീകരണ പ്രവർത്തനം ഏറ്റെടുക്കുന്നത് കായലുകളുടെ സംരക്ഷണത്തിനും ജലഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും ജലസ്രോതസ്സുകളിൽ മാലിന്യം എത്തിച്ചേരുന്നത് കുറയ്ക്കുന്നതിനും സഹായകമാകും.

(ഡി) ഉപ്പുജല തടാകങ്ങളോടനുബന്ധിച്ചുള്ള ചതുപ്പ് പ്രദേശങ്ങളിൽ കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സ്വാഭാവികമായി കണ്ടൽചെടികൾ വളരുന്നതിന് സാദ്ധ്യതയുള്ള കായൽ പ്രദേശങ്ങളിൽ കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നതിന് കുട്ടനാട് പാക്കേജ്-1-ൽ ഉൾപ്പെടുത്തി വനംവകുപ്പ് നടപടി സ്വീകരിച്ചിരുന്നു. എന്നാൽ, കായലോരങ്ങളിൽ സ്വകാര്യ വ്യക്തികളുടെ ഭൂമികൂടി വരുന്ന ഇടങ്ങളിൽ കണ്ടൽവനവൽക്കരണത്തിന് പരിമിതികൾ നിലനിൽക്കുന്നു. കണ്ടൽവനവൽക്കരണത്തിൽ സ്വകാര്യ വ്യക്തികൾ താൽപര്യം കാണിക്കുന്നില്ല എന്നതാണ് കാരണം. എന്നാൽ, അഷ്ടമുടികായലിന്റെ ഭാഗമായി വരുന്ന ചില പ്രദേശങ്ങളിൽ കൃഷിയിടങ്ങളും മറ്റും വേലിയേറ്റ പ്രതിരോധത്തിന് സഹായകമാകുംവിധം കണ്ടൽ ജൈവവേലി നിർമ്മിക്കുന്നതിന് താൽപര്യം കാണിക്കുന്നവരുമുണ്ട്. ഫിഷറീസ് വകുപ്പ്, വനം വകുപ്പ് അധികൃതർ മുഖേനയാണ് കണ്ടൽവനവൽക്കരണം നിർവ്വഹിച്ചുവരുന്നത്. ഹരിതകേരളം മിഷന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി നടക്കുന്ന പച്ചത്തുരുത്ത് പദ്ധതിയിൽപ്പെടുത്തി 4 ജില്ലകളിലായി 508 സെന്റ് സ്ഥലത്ത് കണ്ടൽ തുരുത്തുകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്.

**മത്സ്യത്തൊഴിലാളികൾ നേരിടുന്ന ചൂഷണം**

26 (*355) <u>ശ്രീ. എ. കെ. എം. അഷ്റഫ്:</u>
<u>ഡോ. എം. കെ. മുനീർ:</u>
<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u>
<u>ശ്രീ. കെ. പി. എ. മജീദ്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾ പിടിക്കുന്ന മത്സ്യത്തിന് മതിപ്പുവില മാത്രം നൽകി മത്സ്യവ്യാപാരികൾ ചൂഷണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) മത്സ്യത്തിന്റെ വില നിർണ്ണയിക്കുന്ന കാര്യത്തിൽ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

&

(സി) മത്സ്യത്തൊഴിലാളികളെ ചൂഷണം ചെയ്യുന്നത് അവസാനിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

സംസ്ഥാനത്തെ ഹാർബറുകളുടെയും ലാൻഡിംഗ് സെന്ററുകളുടെയും അടിസ്ഥാന സൗകര്യം വികസിപ്പിച്ചുകൊണ്ട് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും മെച്ചപ്പെട്ട പരിപാലനം ഉറപ്പുവരുത്തുന്നതിനുമായി 19 മത്സ്യബന്ധന തുറമുഖങ്ങളിൽ ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ട്. മത്സ്യത്തിന്റെ അടിസ്ഥാനവില നിശ്ചയിക്കുക, ഹാർബറിനുള്ളിലെ മത്സ്യലേലത്തിലും വില്പനയിലുമുണ്ടാകാനിടയുള്ള അനാവശ്യ പ്രവണതകളെ നിയന്ത്രിച്ചുകൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് അർഹിക്കുന്ന വില ഉറപ്പാക്കുക, ഹാർബറിലെ ലേലം, മത്സ്യ വില്പന, ഗുണനിലവാര പരിപാലനം എന്നിവ നിയന്ത്രിക്കുക തുടങ്ങിയ ചുമതലകളും കർത്തവ്യങ്ങളും ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയിൽ നിക്ഷിപ്തമാണ്. ബഹുമാനപ്പെട്ട ജില്ലാ കളക്ടർ ചെയർമാനായ ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയിൽ ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥർക്ക് പുറമേ അതത് പ്രദേശത്തെ ജനപ്രതിനിധികളും തൊഴിലാളി സംഘടനാ നേതാക്കളും മത്സ്യത്തൊഴിലാളികളും യാന ഉടമകളും അംഗങ്ങളാണ്. ആയതിനാൽ, മത്സ്യത്തിന്റെ വില നിശ്ചയിക്കുന്നതിലും മത്സ്യത്തൊഴിലാളികളെ ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും ഒഴിവാക്കി ന്യായമായ വില ഉറപ്പുവരുത്താനും ഹാർബർ മാനേജ്മെന്റ് സൊസൈറ്റിക്ക് കഴിയുന്നതാണ്.

## മത്സ്യബന്ധന മേഖലയിലെ അടിസ്ഥാനസൗകര്യ വികസനം

27 (*356) ഡോ. കെ. ടി. ജലീൽ:
ശ്രീമതി യു. പ്രതിഭ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണത്തിന്റെയും നവീകരണത്തിന്റെയും ഭാഗമായി നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി എത്ര ഹാർബറുകൾ കമ്മീഷൻ ചെയ്തുവെന്നും ഏതെല്ലാം ഹാർബറുകളാണ് നവീകരിച്ചതെന്നും അറിയിക്കുമോ;

&

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സമുദ്ര മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സൗകര്യാർത്ഥം അടിസ്ഥാനസൗകര്യ വികസനത്തിനായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നെന്ന് അറിയിക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണത്തിന്റെയും നവീകരണത്തിന്റെയും ഭാഗമായി നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി കമ്മീഷൻ ചെയ്തതും നവീകരിച്ചതുമായ ഹാർബറുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) കിഫ്ബി ഫണ്ടുപയോഗിച്ച് പരപ്പനങ്ങാടിയിലും ചെത്തിയിലും നിർമ്മിക്കുന്ന പുതിയ മത്സ്യബന്ധന തുറമുഖങ്ങളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

കിഫ്ബി ഫണ്ടുപയോഗിച്ച് പരപ്പനങ്ങാടിയിൽ നിർമ്മിക്കുന്ന മത്സ്യബന്ധന തുറമുഖത്തിന്റെ തെക്കെ പുലിമുട്ടിന്റെ നീളം 635 മീറ്ററും (ആകെ 1410 മീറ്റർ) വടക്കെ പുലിമുട്ടിന്റെ നീളം 530 മീറ്ററും (ആകെ 785 മീറ്റർ) പൂർത്തീകരിച്ചു. ശേഷിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. ചെത്തി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തിനായുള്ള ദർഘാസിന് അനുമതി നൽകിയിട്ടുണ്ട്. ആയതിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പരിവർത്തനം പദ്ധതി**

28 (*358) ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വി. ശശി:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ സാമൂഹ്യ സാമ്പത്തിക പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിവരുന്ന 'പരിവർത്തനം' പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

&

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി പുതിയ സംരംഭങ്ങൾ പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് കൊല്ലം ജില്ലയിലെ മത്സ്യമാർക്കറ്റ് കേന്ദ്രീകരിച്ച് മത്സ്യത്തിന്റെ മൂല്യവർദ്ധിത ഉൽപന്നങ്ങൾ വിതരണം ചെയ്യുന്നതിനായി, പൈലറ്റ് പ്രോജക്ട് എന്ന രീതിയിലാണ് 'പരിവർത്തനം' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുള്ളത്. ഈ പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തി സമീപ ജില്ലകളിലേയ്ക്കും പദ്ധതി വ്യാപിപ്പിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

(സി) മത്സ്യത്തിന്റെയും അതിന്റെ മൂല്യവർദ്ധിത ഉൽപന്നങ്ങളുടെയും വിപണനത്തിനായി സംസ്ഥാനത്തുടനീളം വില്പനശാലകളും ഓൺലൈൻ ഹോം ഡെലിവറിയും ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. മത്സ്യത്തിന്റെയും മൂല്യവർദ്ധിത ഉൽപന്നങ്ങളുടെയും വിപണനത്തിനായി മത്സ്യഫെഡ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, സാഫ് തുടങ്ങിയ ഏജൻസികൾ മുഖേന വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഗുണമേന്മയുള്ള മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിലായി സംസ്ഥാന സർക്കാർ സഹായത്തോടുകൂടി ആധുനിക രീതിയിലുള്ള എയർകണ്ടീഷനിംഗ് സംവിധാനത്തോടുകൂടിയ 47 മത്സ്യഫെഡ്

ഫിഷ് മാർട്ടുകൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. കൂടാതെ സഹകരണ സംഘം/ബാങ്കുമായി ചേർന്ന് 53 ഫ്രാഞ്ചൈസി മാർട്ടുകളും 10 സഞ്ചരിക്കുന്ന മത്സ്യ വില്പനശാലകളും (അന്തിപച്ച യൂണിറ്റ്) പ്രവർത്തിക്കുന്നു. കൂടാതെ പദ്ധതിയിലുൾപ്പെടുത്തി ഉൽപ്പാദിപ്പിക്കുന്ന ഉൽപന്നങ്ങൾ മൊബൈൽ ആപ്പിലൂടെ ഓൺലൈനായി ഉപഭോക്താക്കളിൽ എത്തിക്കുന്നതിനുള്ള പ്രാരംഭനടപടികളും സ്വീകരിക്കുന്നതാണ്. മത്സ്യത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തി മത്സ്യവിപണനത്തിനായി സാഫ് വഴി CIFT മുഖേന നിർമ്മിച്ച 20 ഹൈജീനിക് റെഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെന്റിംഗ് കിയോസ്കുകൾ നൽകുന്ന പദ്ധതിയിൽ 16 കിയോസ്കുകൾ നിലവിൽ മത്സ്യത്തൊഴിലാളി വനിതകൾക്ക് നൽകിക്കഴിഞ്ഞു. കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡിന്റെ CSR ഫണ്ടുപയോഗിച്ച് CIFT മുഖേന ഈ സാമ്പത്തിക വർഷത്തിൽ 2 മത്സ്യത്തൊഴിലാളി വനിതകളടങ്ങുന്ന 26 ഗ്രൂപ്പുകൾക്ക് ഹൈജീനിക് റെഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെന്റിംഗ് കിയോസ്കുകൾ വിതരണം ചെയ്യുന്നതാണ്.

(ഡി) പരിവർത്തനം എന്ന പദ്ധതി പരമ്പരാഗത മത്സ്യബന്ധന മേഖലയ്ക്ക് സഹായകമാകുന്നവിധത്തിലും ഹരിത സാങ്കേതികവിദ്യ പ്രോത്സാഹിപ്പിക്കുന്നതരത്തിലും നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

'പരിവർത്തനം' പദ്ധതിയിലുൾപ്പെടുത്തി മൂല്യവർദ്ധിത മത്സ്യഉൽപന്ന നിർമ്മാണത്തിനായി മത്സ്യത്തൊഴിലാളികളിൽനിന്നും നേരിട്ട് മത്സ്യം ശേഖരിക്കുന്നു. ഇത് മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തിന് ന്യായവില ഉറപ്പാക്കാൻ സഹായകരമായിരിക്കും. മത്സ്യം മെച്ചപ്പെട്ട ശീതീകരണ സംവിധാനമുള്ള ഇൻസുലേറ്റഡ് ഐസ് പെട്ടികളിലാക്കി സൂക്ഷിക്കുന്നതിനും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം മത്സ്യം കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലനം തൊഴിലാളികൾക്ക് നൽകുന്നതാണ്. ഈ പദ്ധതിയുടെ തുടക്കമെന്ന നിലയിൽ കൊല്ലം കേന്ദ്രീകരിച്ചുള്ള ആധുനിക മത്സ്യമാർക്കറ്റ് കേന്ദ്രമാക്കി സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ (ICAR-CIFT) സാങ്കേതിക ഉപദേശങ്ങൾക്കനുസൃതമായി പ്രോസ്സസിംഗ് സെന്ററും അതിലേയ്ക്കാവശ്യമായ വനിതകൾക്കുള്ള സാങ്കേതിക പരിശീലന പരിപാടിയും പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതിയിലുൾപ്പെടുത്തി ഉൽപാദിപ്പിക്കുന്ന ചില പ്രത്യേക മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ പൂർണ്ണമായും (ICAR-CIFT)-ന്റെ സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ളതാണ്.

## ആദിവാസി വൈദ്യചികിത്സാ പഠന കേന്ദ്രം

29 (*359) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസിസമൂഹം പരമ്പരാഗതമായി ആർജിച്ച വൈദ്യചികിത്സാ സമ്പ്രദായം അന്യംനിന്ന് പോകാതിരിക്കാൻ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് അറിയിക്കാമോ?

പട്ടികവർഗ്ഗ വികസന വകുപ്പ്, കിർത്താഡ്സ് മുഖേന തെരഞ്ഞെടുക്കപ്പെടുന്ന പരമ്പരാഗത പട്ടികവർഗ്ഗ വൈദ്യൻമാർക്ക് 10,000 രൂപ വാർഷിക ഗ്രാന്റായി അനുവദിക്കുന്നുണ്ട്. നടപ്പുസാമ്പത്തിക വർഷം ഈ പദ്ധതിക്കായി 34.5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പാരമ്പര്യ വൈദ്യന്മാരുടെ ചികിത്സാരീതികൾ രേഖപ്പെടുത്തി സൂക്ഷിച്ചുവരുന്നുണ്ട്. ദേശീയതലത്തിലും സംസ്ഥാനതലത്തിലും പാരമ്പര്യവൈദ്യന്മാരുടെ ശില്പശാലകളും ചികിത്സാക്യാമ്പുകളും സംഘടിപ്പിക്കാറുണ്ട്. വംശീയവൈദ്യം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വംശീയ വൈദ്യ സെന്റർ വയനാട് ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്. ഫീൽഡുതല പരിശോധനയിൽ തെരഞ്ഞെടുക്കപ്പെട്ട വംശീയ വൈദ്യന്മാരുടെ പേരുവിവര സൂചിക കിർത്താഡ്സ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വിഭാഗത്തിലെ പുതിയ തലമുറയിൽപ്പെട്ടവർക്കും വിദ്യാഭ്യാസം നേടിയിട്ടുള്ളവർക്കും ആദിവാസി വൈദ്യ ചികിത്സാ സമ്പ്രദായം കൈമാറുന്നതിനും പരിശീലിപ്പിക്കുന്നതിനും പരമ്പരാഗത ആദിവാസി വൈദ്യ പഠന കേന്ദ്രം തുടങ്ങുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

സംസ്ഥാനതലത്തിൽ പാരമ്പര്യവൈദ്യ പഠനകേന്ദ്രം സ്ഥാപിക്കുന്നകാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

(സി) പരമ്പരാഗത വൈദ്യചികിത്സയ്ക്കുപയോഗിക്കുന്ന ഔഷധസസ്യങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് ഔഷധസസ്യ കൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

പരമ്പരാഗത വൈദ്യചികിത്സയ്ക്കുപയോഗിക്കുന്ന ഔഷധ സസ്യങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വാർഷിക ഗ്രാന്റായി മുഖ്യ വൈദ്യൻമാർക്ക് 10,000 രൂപ വീതം ധനസഹായം കിർത്താഡ്സ് വഴി നടത്തിവരുന്നു. കൂടാതെ പട്ടികവർഗ്ഗക്കാരുടെ കൃഷി പ്രോത്സാഹന

പദ്ധതിയുടെ ഭാഗമായി നടന്നുവരുന്ന "ഹരിത രശ്മി" പദ്ധതിയിൽ ഔഷധ സസ്യങ്ങൾ കൃഷി ചെയ്യുന്നതിനും വിപണി കണ്ടെത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കേന്ദ്ര സമുദ്ര മത്സ്യബന്ധന നിയന്ത്രണ ബിൽ**

30 (*360) ശ്രീ. പി. ടി. തോമസ്:

ശ്രീമതി കെ. കെ. രമ:

ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച സമുദ്ര മത്സ്യബന്ധന നിയന്ത്രണ ബില്ലിലെ മത്സ്യത്തൊഴിലാളി വിരുദ്ധ വ്യവസ്ഥകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത നിയമം നടപ്പാക്കുന്നത് സംസ്ഥാനത്തെ മത്സ്യത്തൊഴിലാളിമേഖലയെ എങ്ങനെയെല്ലാം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

&

(സി) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ താൽപര്യം സംരക്ഷിക്കുന്നതിന് പ്രസ്തുത വിഷയത്തിൽ എന്തൊക്കെ തുടർനടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ?

(ബി&സി) ഉണ്ട്. കേന്ദ്ര സർക്കാരിന്റെ സമുദ്ര മത്സ്യബന്ധന നിയന്ത്രണ ബില്ലിലെ ആദ്യ കരടിൽ ഉൾപ്പെട്ടിരുന്ന മത്സ്യത്തൊഴിലാളി വിരുദ്ധവ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

- 12 നോട്ടിക്കൽ മൈലിനപ്പുറം 200 വരെയുള്ള പ്രദേശത്തെ മത്സ്യബന്ധന രജിസ്ട്രേഷൻ/ലൈസൻസ് നൽകുന്നതിനുള്ള അവകാശം ആർക്കാണെന്ന് ബില്ലിൽ വ്യക്തമാക്കിയിരുന്നില്ല.

- നിയമലംഘനം പരിശോധിക്കുന്നതിനുള്ള അധികാരം കോസ്റ്റ്ഗാർഡ്, നേവി എന്നിവർക്ക് മാത്രമായിരിക്കും.

- നിയമലംഘനം വിഷയത്തിൽ തീരുമാനമെടുക്കാനും ശിക്ഷ വിധിക്കാനുമുള്ള അധികാരം (Adjudication) പ്രിൻസിപ്പൽ മജിസ്ട്രേറ്റ്/ മെട്രോപോളിറ്റൻ മജിസ്ട്രേറ്റ് എന്നിവർക്കായിരിക്കും.

- ഇന്ത്യയുടെ സമുദ്രാതിർത്തിയിൽ മത്സ്യബന്ധനത്തിന് വിദേശ യാനങ്ങൾക്ക് അനുമതി നൽകുമോയെന്ന കാര്യത്തിൽ അവ്യക്തത നിലനിൽക്കുന്നു.

- നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ മത്സ്യത്തൊഴിലാളികളെ വാറന്റില്ലാതെ അറസ്റ്റ് ചെയ്യാൻ ബില്ലിൽ വ്യവസ്ഥയുണ്ട്.

- മത്സ്യബന്ധന യാനം നിർവ്വചനത്തിൽ യന്ത്രം ഘടിപ്പിക്കാത്ത യാനങ്ങളെ ഉൾപ്പെടുത്തിയിട്ടില്ല.

- നിയമലംഘനത്തിന്റെ ഗൗരവത്തിനനുസരിച്ച് പിഴയുടെ അളവ് നിശ്ചയിച്ചിട്ടില്ല. കേന്ദ്ര സർക്കാരിന്റെ കരട് മത്സ്യബന്ധന നിയമം 2019 പ്രസിദ്ധീകരിച്ച ഉടൻതന്നെ അതിൽ സംസ്ഥാന താല്പര്യത്തിന് ഹാനികരമാകുന്ന നിർദ്ദേശങ്ങൾ തിരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. ഇതിനുപുറമേ കേന്ദ്ര ഫിഷറീസ് സെക്രട്ടറിയെ നേരിട്ട് സംസ്ഥാനത്തിന്റെ ആശങ്കകൾ അറിയിക്കുകയും ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തു.

- 12 നോട്ടിക്കൽ മൈലിന് അപ്പുറമുള്ള (200 നോട്ടിക്കൽ മൈൽ വരെയുള്ള) പ്രദേശങ്ങളിലെ മത്സ്യബന്ധന രജിസ്ട്രേഷൻ/ലൈസൻസ് നൽകുന്നതിന് കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിനെ ചുമതലപ്പെടുത്തണം.

- കേന്ദ്രസർക്കാർ കൊണ്ടുവരാനുദ്ദേശിക്കുന്ന മറൈൻ ഫിഷറീസ് (റെഗുലേഷൻ & മാനേജ്മെന്റ്) ബിൽ-2019-ൽ കേന്ദ്ര സർക്കാരിന്റെ അധികാരപരിധി കൃത്യമായി രേഖപ്പെടുത്തണം. തീരക്കടലിലെ (12 നോട്ടിക്കൽ മൈലിനകത്ത്) മത്സ്യബന്ധന നിയന്ത്രണം, മാനേജ്മെന്റ് എന്നിവ നിലവിലുള്ളതുപോലെ പൂർണ്ണമായും സംസ്ഥാനത്തിന്റെ അധികാര പരിധിയിൽത്തന്നെ നിലനിർത്തണം.

- നിയമലംഘനം പരിശോധിക്കുന്നതിനുള്ള അധികാരം കോസ്റ്റ്ഗാർഡ്, നേവി എന്നിവരിൽ മാത്രം നിജപ്പെടുത്തി നിശ്ചയിക്കാതെ സംസ്ഥാന ഫിഷറീസ് ഉദ്യോഗസ്ഥരെയും ഇതിനായി നിയോഗിക്കണം.

- നിയമലംഘന വിഷയത്തിൽ തീരുമാനമെടുക്കാനുള്ള അധികാരം (Adjudication) പ്രിൻസിപ്പൽ മജിസ്ട്രേറ്റ്/മെട്രോപോളിറ്റൻ മജിസ്ട്രേറ്റ് എന്നിവരിൽ നിന്ന് മാറ്റി ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരെ ഇതിനായി ചുമതലപ്പെടുത്തണം.
- തീരുമാനത്തിൽ അപ്പീൽ കേൾക്കുന്നതിനുള്ള അധികാരം ഫിഷറീസ് വകുപ്പിൽ (ഫിഷറീസ് ഡയറക്ടറിൽ) നിക്ഷിപ്തമാക്കണം.
- ഇന്ത്യയുടെ സമുദ്രാതിർത്തിയിൽ മത്സ്യബന്ധനത്തിന് വിദേശ യാനങ്ങൾക്ക് അനുമതി നൽകാൻ പാടില്ല.
- ആഴക്കടൽ മത്സ്യബന്ധനത്തിനുള്ള അവകാശം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും അവരുടെ സഹകരണ സംഘങ്ങൾക്കുമായി നിജപ്പെടുത്തണം. മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങളെ അതിനായി പ്രാപ്തരാക്കണം.
- നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ മത്സ്യത്തൊഴിലാളികളെ വാറന്റില്ലാതെ അറസ്റ്റ് ചെയ്യണമെന്ന വ്യവസ്ഥയെടുത്ത് കളയണം.
- സംസ്ഥാനത്തിന്റെ അധികാര പരിധിയിലുള്ള 12 നോട്ടിക്കൽ മൈൽ പ്രദേശത്ത് ഫിഷറീസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിരിക്കണം.
- മത്സ്യവിഭവ പരിപാലനം, മാനേജ്മെന്റ് എന്നീ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിന് മത്സ്യത്തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തിയുള്ള പങ്കാളിത്ത മാനേജ്മെന്റ് സംവിധാനം കൊണ്ടുവരണം.
- നിയമലംഘനത്തിന്റെ ഗൗരവത്തിനനുസരിച്ച് പിഴയുടെ അളവ് നിശ്ചയിക്കണം.
- നിയമലംഘകരിൽനിന്ന് പിടിച്ചെടുക്കുന്ന മത്സ്യങ്ങളെ വിറ്റഴിക്കുന്നതിനും സർക്കാരിലേയ്ക്ക് മുതൽക്കൂട്ടുന്നതിനും സുതാര്യമായ സംവിധാനം വേണം.
- മത്സ്യബന്ധന യാനങ്ങൾക്ക് എന്തെങ്കിലും കാരണവശാൽ പെർമിറ്റ് നഷ്ടപ്പെട്ടാൽ അതിനെതിരെ അപ്പീൽ നൽകാൻ വ്യവസ്ഥ വേണം.
- ഫിഷിംഗ് പെർമിറ്റിന്റെ കാലാവധി നിശ്ചയിക്കുന്നതിനും 'Seaworthiness' ഉറപ്പാക്കുന്നതിനും ബില്ലിൽ വ്യവസ്ഥ ചെയ്യണം.

- ചെറുമത്സ്യങ്ങളെ പിടിക്കുന്നത് തടയൽ, മൺസൂൺകാല മത്സ്യബന്ധന നിയന്ത്രണം, മത്സ്യബന്ധന യാനങ്ങളുടെ എണ്ണം നിയന്ത്രിക്കൽ, അശാസ്ത്രീയ മത്സ്യബന്ധന നിയന്ത്രണം, വലകളുടെ കണ്ണി വലിപ്പം, ആകെ വലിപ്പം എന്നിവയിലെ നിയന്ത്രണം എന്നിവയ്ക്ക് ബില്ലിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തണം.

- "മത്സ്യബന്ധനയാനം" എന്നതിന്റെ നിർവ്വചനത്തിൽ യന്ത്രം ഘടിപ്പിക്കാത്ത യാനങ്ങളെക്കൂടി ഉൾപ്പെടുത്തണം.

- പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള എല്ലാതരം കടൽ മലിനീകരണത്തെയും നിയന്ത്രിക്കുന്നതിനുള്ള വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തണം.

ഈ നിർദ്ദേശങ്ങൾ ഏകദേശം എല്ലാംതന്നെ കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത ബില്ലിന്റെ ഫൈനൽ ഡ്രാഫ്റ്റ് ഇപ്പോൾ കേന്ദ്രസർക്കാർ ലഭ്യമാക്കിയതനുസരിച്ച് ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾ കൂടെ കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതാണ്.

- കരട് ബിൽ എക്സ്ക്ലൂസീവ് ഇക്കണോമിക് സോണിലെയും (EEZ, കരയിൽ നിന്ന് പന്ത്രണ്ടുമുതൽ ഇരുന്നൂറ് നോട്ടിക്കൽ മൈൽ വരെയുള്ള കടൽ പ്രദേശങ്ങൾ) ഹൈ സീയിലെയും (High Sea, കരയിൽ നിന്ന് ഇരുന്നൂറ് നോട്ടിക്കൽ മൈലിന് അപ്പുറമുള്ള കടൽ പ്രദേശങ്ങൾ) മത്സ്യബന്ധന പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനാണെന്ന് ആമുഖത്തിൽ സൂചിപ്പിക്കുന്നുണ്ടെങ്കിലും സംസ്ഥാനങ്ങളുടെ അധികാരപരിധിയിലുള്ള ടെറിറ്റോറിയൽ കടലിലും വികസനത്തിനും പരിപാലനത്തിനുമുള്ള പ്ലാനുകളുണ്ടാക്കാൻ കേന്ദ്രസർക്കാരിന് അധികാരം നൽകുന്നു. എന്നാൽ ഇന്ത്യൻ ഭരണഘടനയനുസരിച്ച് ടെറിറ്റോറിയൽ കടലിലെ മത്സ്യബന്ധനം സംസ്ഥാനത്തിന്റെ അധികാരപരിധിയിലുള്ള വിഷയമാണ്. ഈ പ്രദേശങ്ങളിലെ വികസന, പരിപാലന പ്ലാനുകളുണ്ടാക്കാനുള്ള അധികാരം സംസ്ഥാനസർക്കാരിന് നൽകണം.

- കരട് ബില്ലിൽ പങ്കാളിത്ത മാനേജ്മെന്റിനെ സംബന്ധിച്ച് പരാമർശമില്ല. കടലിലെ മത്സ്യവിഭവങ്ങളുടെ കൈകാര്യ കർത്താക്കളായ മത്സ്യത്തൊഴിലാളികളെക്കൂടി വിഭവ സംരക്ഷണ/ പരിപാലന ചുമതലകളിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇതിനായി ദേശീയതലത്തിലും സംസ്ഥാനതലത്തിലും മത്സ്യത്തൊഴിലാളി പ്രതിനിധികളുൾപ്പെടുന്ന മാനേജ്മെന്റ് കമ്മിറ്റികൾ ഉണ്ടാകേണ്ടതുണ്ട്.

- ചെറുകിട മത്സ്യത്തൊഴിലാളികളുടെ (Small scale fishers) നിർവ്വചനം കൂടുതൽ കൃത്യതയോടെ വേണം. അല്ലാത്തപക്ഷം വൻകിട മത്സ്യബന്ധന യാനങ്ങളും ഇതിന്റെ പരിധിയിൽ വരാൻ

സാദ്ധ്യതയുണ്ട്. കേരളത്തിലെ എല്ലാ മത്സ്യബന്ധന യൂണിറ്റുകളും (യന്ത്രവത്കൃത ബോട്ടുകൾ ഉൾപ്പെടെ) കരട് ബില്ലിലെ നിർവ്വചനമനുസരിച്ച് ചെറുകിട മത്സ്യത്തൊഴിലാളികളുടെ ഗണത്തിലുൾപ്പെടും. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ യന്ത്രവത്കൃത ബോട്ടുടമകളിൽനിന്ന് വ്യത്യസ്തമായി പ്രത്യേക വിഭാഗമായി പരിഗണിക്കേണ്ടതാണ്.

- മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷൻ, ലൈസൻസ് എന്നിവയിൽ നിന്ന് ലഭിക്കുന്ന വരുമാനം കൊണ്ട് രൂപീകരിക്കുന്ന Marine Fisheries Development Fund മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി വിനിയോഗിക്കുന്നതിനുള്ള അധികാരം സംസ്ഥാനസർക്കാരിന് നൽകാവുന്നതാണ്.
- 12 NM-നകത്തുള്ള വികസന പ്രവർത്തനങ്ങൾ ആർട്ടിഫിഷ്യൽ റീഫ്, സീ റാഞ്ചിംഗ്, റിക്രീഷണൽ ഫിഷിംഗ്, അക്വാ സ്പോർട്സ്, മറൈൻ ടൂറിസം എന്നിവ നടത്തുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിന് നൽകാവുന്നതാണ്. No Fishing Zones, Spatial and temporal closures എന്നിവ നടപ്പിലാക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിന് നൽകണം.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങാൻ ധനസഹായം

1(3707) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് ഭൂമി വാങ്ങാൻ ധനസഹായം നൽകുന്ന പദ്ധതികളിൽ എന്തൊക്കെ മാനദണ്ഡങ്ങളാണ് പാലിക്കപ്പെടേണ്ടത്; വിശദമാക്കാമോ?

ധനസഹായത്തിന് തെരഞ്ഞെടുക്കുന്ന ഗുണഭോക്താവിന്റെ പേരിലോ കുടുംബത്തിന്റെ പേരിലോ വേറെ ഭൂമി ഉണ്ടാകാൻ പാടില്ല. വരുമാനം 50,000 രൂപയിൽ അധികരിക്കാൻ പാടില്ല. ഗുണഭോക്താവ് തെരഞ്ഞെടുക്കുന്ന ഭൂമി, കുടിവെള്ളം, വൈദ്യുതി എന്നിവ ലഭ്യമാകുന്നതും സഞ്ചാരയോഗ്യവുമായിരിക്കണം. വകുപ്പ് മുഖേന നൽകുന്ന ഭൂമി പണയപ്പെടുത്താനോ വില്പനയ്ക്കോ അനുമതിയില്ല. അനന്തരാവകാശികൾക്ക് മാത്രമേ നൽകാൻ പാടുള്ളൂ.

(ബി) പട്ടികജാതി കുടുംബങ്ങൾക്ക് തങ്ങൾക്കിഷ്ടമുള്ള പ്രദേശത്ത് ഭൂമി കണ്ടുപിടിക്കാൻ സ്വാതന്ത്ര്യം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുവേണ്ട നടപടി സ്വീകരിക്കുമോ?

നൽകിയിട്ടുണ്ട്.

(സി) പട്ടികജാതിക്കാർ കൈവശം വച്ചുവരുന്ന പുറമ്പോക്ക് ഭൂമിക്ക് പട്ടയം നൽകുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ?

പുറമ്പോക്ക് ഭൂമിക്ക് പട്ടയം നൽകുന്നതിന് പട്ടികജാതി വികസന വകുപ്പ് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു.

**മുണ്ടക്കടവ് പട്ടികവർഗ്ഗ കോളനി നിവാസികൾക്ക് സ്ഥലവും വീടും**

2(3708) <u>ശ്രീ. പി. വി. അൻവർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയത്തിൽ തകർന്ന നിലമ്പൂർ നിയോജകമണ്ഡലത്തിലെ കരുളായി ഗ്രാമപഞ്ചായത്തിലെ മുണ്ടക്കടവ് പട്ടികവർഗ്ഗ കോളനി നിവാസികൾക്ക് വനത്തിനകത്ത് പുതിയ സ്ഥലവും വീടും അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

നിലമ്പൂർ താലൂക്കിലെ കരുളായി ഗ്രാമപഞ്ചായത്തിലെ മുണ്ടക്കടവ് പട്ടികവർഗ്ഗ കോളനി നിവാസികൾക്ക് വനത്തിനകത്ത് പുതിയ സ്ഥലം അനുവദിക്കുന്നതിന് വനം-വന്യജീവി വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു.

(ബി) മുണ്ടക്കടവ് പട്ടികവർഗ്ഗ കോളനിയിലെ കുടുംബങ്ങൾ ഇപ്പോൾ കഴിയുന്നത് വനത്തിനുള്ളിലെ താൽക്കാലിക ഷെഡ്ഡുകളിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്ര കുടുംബങ്ങളിലെ എത്രയാളുകളാണ് ഇങ്ങനെ താമസിക്കുന്നതെന്ന് അറിയിക്കാമോ?

ഉണ്ട്. 79 കുടുംബങ്ങളിലെ 343 പേർ.

(സി) പ്രളയത്തിൽ തകർന്ന പ്രസ്തുത കോളനിയിലെ കുടുംബങ്ങൾക്കായി നിലമ്പൂർ ഐ.ടി.ഡി.പി. നടത്തിയ പ്രത്യേക പദ്ധതികളെക്കുറിച്ചും ചെലവഴിച്ച തുകയെക്കുറിച്ചും വിശദമാക്കാമോ?

മേൽപ്പറഞ്ഞ 79 കുടുംബങ്ങൾക്ക് ഭൂമിയുടെ വ്യക്തിഗത അവകാശം അനുവദിച്ച് കിട്ടിയിട്ടില്ല. അത് ലഭിക്കുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ പ്രത്യേക പദ്ധതി ആവിഷ്കരിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

**മണ്ണും വീടും പദ്ധതിപ്രകാരം ഭൂമി അനുവദിക്കാൻ നടപടി**

3(3709) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതർക്കായി പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള മണ്ണും വീടും പദ്ധതി പ്രകാരം ഭൂമി ലഭിക്കുന്നതിനായി നിഷ പി. എം. സമർപ്പിച്ച അപേക്ഷയുമായി ബന്ധപ്പെട്ട എസ്.സി.എസ്.റ്റി-ഡി.ഡി./സി2/166/2020 നമ്പർ ഫയലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

&

(ബി) പ്രസ്തുത അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തര നടപടി സ്വീകരിക്കാമോ?

(എ&ബി) പ്രസ്തുത അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

**പട്ടികജാതിയിൽപ്പെട്ടവർക്ക് ഭൂമിയും വീടും വാങ്ങാൻ ധനസഹായം**

4(3710) ശ്രീ. എം. എം. മണി:
ശ്രീമതി ദെലീമ:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതികളിൽപ്പെട്ടവർക്ക് ഈ സാമ്പത്തിക വർഷം നാല്പതിനായിരം വീടുകൾ നിർമ്മിച്ചുനൽകുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ട പ്രവർത്തനം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ടോ?

ലൈഫ് മിഷൻ തയ്യാറാക്കിയിട്ടുള്ള ഗുണഭോക്തൃ പട്ടികയിലും വകുപ്പ് ലൈഫ് മിഷന് കൈമാറി നൽകിയ അഡീഷണൽ ലിസ്റ്റിലും ഉൾപ്പെട്ട മുഴുവൻ പേർക്കും ഭവന നിർമ്മാണത്തിന് ഘട്ടംഘട്ടമായി ധനസഹായം ലഭ്യമാക്കുകയാണ് ലക്ഷ്യം. ഇതിന്റെ ഭാഗമായി, വകുപ്പിന്റെ വിഹിതമായി 300 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ വകുപ്പിൽനിന്നും 99 കോടി രൂപ ആദ്യഗഡുവായി ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്.

(ബി) പട്ടികജാതികളിൽപ്പെട്ട ഭൂരഹിതരുടെ എണ്ണം ഏറെയാണെന്നതിനാൽ, ഭവനനിർമ്മാണത്തിന് ഭൂമി വാങ്ങാനുള്ള പദ്ധതി വിപുലീകരിക്കാനു ദ്ദേശിക്കുന്നുണ്ടോ; ഈ വർഷം ഇത്തരത്തിൽപ്പെട്ട എത്ര പേർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകാൻ ലക്ഷ്യമിടുന്നുവെന്ന് അറിയിക്കാമോ?

വകുപ്പിന്റെ ഭൂരഹിത പുനരധിവാസ പദ്ധതിയിൽ നടപ്പുവർഷം 185 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയിൽനിന്നുമെല്ലാമായി 4624 കുടുംബങ്ങൾക്ക് ഭൂമി അനുവദിക്കാൻ ലക്ഷ്യമിടുന്നു.

(സി) പണി പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും വാസയോഗ്യമല്ലാത്ത സ്ഥിതിയിലുള്ളവ മെച്ചപ്പെടുത്തുന്നതിനും പ്രത്യേകം സഹായം നൽകുന്നുണ്ടോ എന്നറിയിക്കാമോ?

വിവിധ വകുപ്പുകൾ മുഖേന ഭവനനിർമ്മാണ ധനസഹായം ലഭിച്ച പട്ടികജാതി വിഭാഗക്കാരിൽ മുഴുവൻ തുക കൈപ്പറ്റി കഴിഞ്ഞിട്ടും നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്തവർക്ക് നിർമ്മാണം പൂർത്തീകരിക്കുന്നതിനും, നിർദ്ദിഷ്ട മേൽക്കൂര നിർമ്മിക്കാത്തതിനാൽ അവസാന ഗഡു ലഭിക്കാത്തവർക്കും സ്വന്തം നിലയിൽ നിർമ്മാണം ആരംഭിച്ചവരിൽ നിർമ്മാണം പൂർത്തീകരിക്കുവാനും വകുപ്പിന്റെ ഭവന പൂർത്തീകരണ പദ്ധതി പ്രകാരം പരമാവധി ഒന്നര ലക്ഷം രൂപ വരെ അനുവദിക്കുന്നുണ്ട്.

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വീടും സ്ഥലവും അനുവദിക്കാൻ നടപടി

5 (3711) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വീടും സ്ഥലവും അനുവദിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി കുടുംബങ്ങൾക്ക് വാസയോഗ്യമായ വീട് അനുവദിക്കുന്നത് സംസ്ഥാന സർക്കാർ ആവിഷ്കരിച്ചുനടപ്പിലാക്കുന്ന ലൈഫ് മിഷൻ-സമ്പൂർണ്ണ ഭവന പദ്ധതി പ്രകാരമാണ്. ടി പദ്ധതി പ്രകാരം ഭവനരഹിതരുടെ പട്ടികയിൽ ഉൾപ്പെട്ടവർക്കും ഭൂരഹിതരുടെ പട്ടികയിൽനിന്നും സ്വന്തം നിലയ്ക്കോ സർക്കാർ/സർക്കാരിതര ഏജൻസികളുടെ സഹായത്താലോ ഭൂമി ആർജ്ജിക്കുന്നവർക്കും വീട് നിർമ്മിക്കുന്നതിന് 4 ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നു. ഭൂരഹിതരുടെ പട്ടികയിലുൾപ്പെട്ട പട്ടികജാതി കുടുംബങ്ങൾക്ക് വകുപ്പിന്റെ ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ലൈഫ് മിഷൻ ഗുണഭോക്തൃ ലിസ്റ്റിൽനിന്നും തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്ത് പരിധിയിൽ 5 സെന്റ് ഭൂമി വാങ്ങുന്നതിന് 3,75,000 രൂപയും, മുനിസിപ്പാലിറ്റി പരിധിയിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് 4,50,000 രൂപയും, കോർപ്പറേഷൻ പരിധിയിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് 6,00,000 രൂപയും അനുവദിക്കുന്നുണ്ട്. കഴിഞ്ഞ സർക്കാർ നവകേരള മിഷന്റെ ഭാഗമായി നടപ്പിലാക്കിയ ലൈഫ് മിഷൻ പദ്ധതി മുഖേനയാണ് നിലവിൽ പട്ടികവർഗ്ഗക്കാർക്കും വീട് അനുവദിച്ചുവരുന്നത്. കൂടാതെ ലാൻഡ് ബാങ്ക് പദ്ധതിയിലൂടെ ഭൂമി വാങ്ങി നൽകി പുനരധിവസിപ്പിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേനയും വീട് അനുവദിച്ചുവരുന്നുണ്ട്. ഭൂരഹിതരായ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കുന്നതിനായി വനാവകാശ നിയമം, ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, റവന്യൂ ഭൂമി വിതരണം എന്നീ പദ്ധതികളിലായി ടി.ആർ.ഡി.എം. മുഖേന ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നിക്ഷിപ്ത വനഭൂമി പ്രസ്തുത വിഭാഗക്കാർക്കായി വിതരണം ചെയ്യുന്നതിനുള്ള കേന്ദ്രാനുമതിയുടെയും സുപ്രീം കോടതി വിധിയുടെയും അടിസ്ഥാനത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സുപ്രീം കോടതി വിധി പ്രകാരം ലഭ്യമായ നിക്ഷിപ്ത വനഭൂമിയിൽനിന്നും കാസർഗോഡ്, വയനാട്, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിലായി 4731 പേർക്ക് 5333.14 ഏക്കർ നിക്ഷിപ്ത വനഭൂമി വിതരണം ചെയ്തിട്ടുണ്ട്. വിശദ വിവരം അനുബന്ധമായി ചേർക്കുന്നു*. സുപ്രീം കോടതി വിധി പ്രകാരം ലഭ്യമായ നിക്ഷിപ്ത വനഭൂമിയിൽ വാസയോഗ്യമല്ലെന്ന് കണ്ടെത്തിയ ഭൂമിക്ക് പകരം ഭൂമി ലഭ്യമാക്കി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം വിലനിർണ്ണയം പൂർത്തിയാക്കിയ ഭൂമി പ്രസ്തുത വിഭാഗങ്ങളിലെ അർഹരായവർക്ക് വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം 53.27 ഏക്കർ ഭൂമി വാങ്ങിയതിൽ 15.7 ഏക്കർ ഭൂമി 108 പേർക്ക് വിതരണം ചെയ്തു. ശേഷിക്കുന്ന 37.57 ഏക്കർ ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ 19.96 ഏക്കർ ഭൂമി കൂടി വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

**ഭൂമിയും വീടും ലഭ്യമാക്കുന്നതിനുള്ള പദ്ധതി**

6(3712) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമിയും വീടും ലഭ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ?

കഴിഞ്ഞ സർക്കാർ നവകേരള മിഷന്റെ ഭാഗമായി നടപ്പിലാക്കിയ ലൈഫ് മിഷൻ പദ്ധതി മുഖേനയാണ് നിലവിൽ പട്ടികവർഗ്ഗക്കാർക്കും വീട് അനുവദിച്ചുവരുന്നത്. കൂടാതെ ലാൻഡ് ബാങ്ക് പദ്ധതിയിലൂടെ ഭൂമി വാങ്ങി നൽകി പുനരധിവസിപ്പിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേനയും വീട് അനുവദിച്ചുവരുന്നുണ്ട്. ഭൂരഹിതരായ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കുന്നതിനായി വനാവകാശ നിയമം, ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, റവന്യൂ ഭൂമി വിതരണം എന്നീ പദ്ധതികളിലായി ടി.ആർ.ഡി.എം. മുഖേന ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; ഇതിനുള്ള നടപടിക്രമങ്ങൾ അറിയിക്കാമോ?

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമിയും വീടും (ലൈഫ് മിഷൻ) അനുവദിക്കുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവുകൾ അനുബന്ധമായി ചേർക്കുന്നു*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കുറ്റ്യാടി ലൈഫ് ഭവനനിർമ്മാണ പദ്ധതി

7 (3713) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾക്ക് ലൈഫ് ഭവനനിർമ്മാണ പദ്ധതി പ്രകാരം വീട് നിർമ്മിക്കാൻ സാധിച്ചിട്ടുണ്ട് എന്നറിയിക്കാമോ; ലഭിച്ച അപേക്ഷകളിൽ ധനസഹായം നൽകാൻ ബാക്കിയുള്ള എത്ര അപേക്ഷകളുണ്ടെന്ന് ഇനം തിരിച്ച് അറിയിക്കാമോ?

പ്രസ്തുത നിയോജകമണ്ഡലത്തിൽനിന്നും ലൈഫ് പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട 291 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന 61 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്ന നടപടികൾ ലൈഫ് മിഷൻ മുഖേന നടന്നുവരുന്നു. ഇതിനുപുറമേ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 298 ഭവനരഹിതരുടെ അപേക്ഷകൾ ഓൺലൈനായി ലൈഫ് മിഷന് ലഭ്യമാക്കിയിട്ടുണ്ട്.

(ബി) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂമിയും വീടുമില്ലാത്ത എത്ര കുടുംബങ്ങളുണ്ടെന്നും അവരിൽ എത്രപേർക്ക് ലൈഫ് ഭവനനിർമ്മാണപദ്ധതി പ്രകാരം ധനസഹായം നൽകാൻ സാധിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

കുറ്റ്യാടി നിയോജകമണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 156 ഭൂരഹിത ഭവനരഹിത കുടുംബങ്ങളുണ്ട്. അവരിൽ ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയിലുൾപ്പെട്ട 60 ഗുണഭോക്താക്കളിൽ 12 ഗുണഭോക്താക്കൾക്ക് ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭവനനിർമ്മാണ ധനസഹായം ലഭ്യമായിട്ടുണ്ട്.

## വാസയോഗ്യമല്ലാത്ത വീടുള്ള പട്ടികവർഗ്ഗ കുടുംബങ്ങൾ

8 (3714) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വീടുണ്ടെന്ന കാരണത്താൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്താതിരുന്നതും എന്നാൽ വാസയോഗ്യമല്ലാത്ത വീടുള്ളവരുമായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ?

ലൈഫ് മിഷന്റെ അർഹതാ ലിസ്റ്റിൽ ഉൾപ്പെടാത്തതും എന്നാൽ ശോച്യമായ വീടുകളിൽ താമസിക്കുന്നതുമായ 16070 പട്ടികവർഗ്ഗക്കാരെ പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിയ സർവ്വേ പ്രകാരം കണ്ടെത്തുകയും ടി ലിസ്റ്റ് ലൈഫ് മിഷന് കൈമാറുകയും ചെയ്തിട്ടുണ്ട്. ആയതിൽ ലൈഫ് മിഷൻ അർഹരെന്ന് കണ്ടെത്തിയ 12895 പേരിൽ 10783 പേരെ ലൈഫ് മിഷൻ കമ്മിറ്റി അംഗീകരിക്കുകയും, ഇതിൽ 4654 പേർ ഭവനനിർമ്മാണത്തിനായി കരാർ വയ്ക്കുകയും ചെയ്തിട്ടുണ്ട്.

**പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വാസയോഗ്യമായ ഭവനം**

9 (3715) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വീടുണ്ടെന്ന കാരണത്താൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്താതിരുന്നതും എന്നാൽ വീട് വാസയോഗ്യമല്ലാത്തതുമായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഭവനനിർമ്മാണത്തിനായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ?

ലൈഫ് മിഷന്റെ അർഹതാ ലിസ്റ്റിൽ ഉൾപ്പെടാത്തതും എന്നാൽ ശോച്യമായ വീടുകളിൽ താമസിക്കുന്നതുമായ 16070 പട്ടികവർഗ്ഗക്കാരെ പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിയ സർവ്വേ പ്രകാരം കണ്ടെത്തുകയും പ്രസ്തുത ലിസ്റ്റ് ലൈഫ് മിഷന് കൈമാറുകയും ചെയ്തിട്ടുണ്ട്. ആയതിൽ ലൈഫ് മിഷൻ അർഹരെന്ന് കണ്ടെത്തിയ 12895 പേരിൽ 10783 പേരെ ലൈഫ് മിഷൻ കമ്മിറ്റി അംഗീകരിക്കുകയും ഇതിൽ 4654 പേർ ഭവനനിർമ്മാണത്തിനായി കരാർ വയ്ക്കുകയും ചെയ്തിട്ടുണ്ട്.

**ഭവനനിർമ്മാണ ധനസഹായ പദ്ധതികൾ**

10 (3716) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ/ആദിവാസി മേഖലകളിൽ ഏതെല്ലാം ഭവനനിർമ്മാണ ധനസഹായ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പ് ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ലൈഫ് മിഷൻ പദ്ധതിയിലൂടെയാണ് നിലവിൽ ഭവന ധനസഹായം അനുവദിക്കുന്നത്. ഭവനനിർമ്മാണ ധനസഹായ പദ്ധതിയിലൂടെ 2007-8 മുതൽ 2018-19 വർഷം വരെ അനുവദിച്ച വീടുകളിൽ പൂർത്തീകരിക്കാതെ വിവിധ

ഘട്ടങ്ങളിൽ അവശേഷിക്കുന്ന വീടുകളുടെ നിർമ്മാണത്തിന് തുടർന്നുള്ള ഗഡുക്കൾ സ്പിൽ ഓവർ പദ്ധതി പ്രകാരം അനുവദിക്കുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് ലൈഫ് മിഷൻ, ആദിവാസി പുനരധിവാസ മിഷൻ എന്നിവ മുഖേന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിച്ച് വരുന്നുണ്ട്.

(ബി) കഴിഞ്ഞ പത്ത് വർഷമായി എത്ര കുടുംബങ്ങൾക്ക് പ്രസ്തുത പദ്ധതികൾ വഴി ഭവനനിർമ്മാണ സഹായം ലഭ്യമാക്കിയെന്നും അതിൽ എത്ര ഭവനനിർമ്മാണം പൂർണ്ണമായും നടന്നുവെന്നും വ്യക്തമാക്കുമോ?

പട്ടികജാതി വിഭാഗക്കാർക്ക് കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ലൈഫ് മിഷൻ ഒന്നും രണ്ടും ഘട്ടങ്ങളുൾപ്പെടെ ആകെ 64,493 വീടുകൾ അനുവദിച്ചതിൽ 52,438 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. വിവിധ പദ്ധതികളിലുൾപ്പെടുത്തി പട്ടികവർഗ്ഗ വിഭാഗക്കാർക്കായി 25,970 വീടുകൾ അനുവദിച്ചതിൽ 8,192 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ഇത്തരം പദ്ധതി നടത്തിപ്പിൽ ഉദ്യോഗസ്ഥതലങ്ങളിലുണ്ടായ ഫണ്ട് തട്ടിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ഡി) എങ്കിൽ പ്രസ്തുത തട്ടിപ്പുകളുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അതിൽ എത്ര പേർക്കെതിരെ നിയമ നടപടി സ്വീകരിച്ചുവെന്നും നഷ്ടമായ എത്ര തുക കണ്ടെത്തി പ്രസ്തുത വിഭാഗക്കാർക്ക് ലഭ്യമാക്കിയെന്നും വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിലും പട്ടികവർഗ്ഗ വികസന വകുപ്പിലും 1 വീതം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ക്രമക്കേട് നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികളും അന്വേഷണവും സ്വീകരിച്ചുവരുന്നു. അന്വേഷണം പൂർത്തിയാക്കുന്ന മുറയ്ക്കുമാത്രമേ നഷ്ടമാകുന്ന തുകയുടെ വിവരങ്ങൾ തിട്ടപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ.

**കരിങ്കാളിമ്മൽ കോളനി നവീകരണം**

11 (3717) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന കരിങ്കാളിമ്മൽ കോളനി നവീകരണം പൂർത്തിയാക്കുന്നതിന് കാലതാമസം നേരിട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കോളനിയിൽ ഇനി ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിക്കാൻ ബാക്കിയുള്ളത്;

&

(സി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത കോളനി നവീകരണവുമായി ബന്ധപ്പെട്ട് ഇനിയും പൂർത്തീകരിക്കുവാനുള്ള വാട്ടർടാങ്ക് നിർമ്മാണം, കുടിവെള്ള പൈപ്പ്ലൈൻ സ്ഥാപിക്കൽ, പമ്പ്ഹൗസ് നിർമ്മാണം, ഫുട്പാത്ത് നിർമ്മാണം എന്നീ പ്രവൃത്തികൾ 2021 സെപ്റ്റംബർ മാസത്തിൽ പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ആയതിൽ ഏതെങ്കിലും പ്രവൃത്തികൾ ചെയ്യുന്നതിന് സർക്കാരിന്റെ പ്രത്യേകാനുമതി നൽകേണ്ടതുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പ്രസ്തുത കോളനി വികസന പ്രവൃത്തികൾക്കുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പാലക്കാട് ജില്ലയിൽ അംബേദ്കർ ഗ്രാമം പദ്ധതി

12(3718) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പാലക്കാട് ജില്ലയിൽ ഏതെല്ലാം പട്ടികജാതി കോളനികളാണ് അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം നവീകരിച്ചത് എന്നതിന്റെ നിയോജകമണ്ഡലം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ; ഓരോ കോളനിക്കും അനുവദിച്ച തുകയും അറിയിക്കാമോ?

വിവരങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു*.

## ഷൊർണ്ണൂർ മണ്ഡലത്തിലെ സെറ്റിൽമെന്റ് കോളനികൾ

13(3719) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗക്കാർക്ക് മാത്രമുള്ള സെറ്റിൽമെന്റ് കോളനികൾ എത്രയാണ്; ഇവിടെ താമസിക്കുന്നത് ഏത് വിഭാഗത്തിലുള്ളവരാണ്; ഇവരുടെ ജീവിത നിലവാരം ഉയർത്തുന്നതിന് എന്തെല്ലാം നടപടികൾ ചെയ്തുവരുന്നുവെന്നും അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗക്കാർക്ക് മാത്രമുള്ള സെറ്റിൽമെന്റ് കോളനികൾ നിലവിലില്ല.

(ബി) ഇവരുടെ കുട്ടികൾക്ക് നൽകിവരുന്ന വിദ്യാഭ്യാസ പദ്ധതികളും ഇത് എത്ര കുട്ടികൾക്ക് ലഭിച്ചുവെന്ന വിവരവും വിശദമാക്കാമോ;

&

(സി) ഇവരുടെ കുട്ടികൾക്ക് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വിശദമാക്കാമോ?

ബാധകമല്ല.

**പട്ടികവിഭാഗക്കാരുടെ ഭവന സൗകര്യങ്ങൾ**

14 (3720) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയിട്ടും എസ്.സി., എസ്.ടി. വിഭാഗങ്ങളിൽപ്പെട്ട ഭൂരിഭാഗം ആളുകളും കോളനികളിലും ലക്ഷംവീടുകളിലും താമസിക്കേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. പട്ടികജാതി വികസന വകുപ്പ് പട്ടികജാതി വിഭാഗക്കാരിൽ ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് വകുപ്പിന്റെ ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നു. ടി പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 5 സെന്റ് ഭൂമി വാങ്ങുന്നതിന് 3,75,000 രൂപയും മുനിസിപ്പാലിറ്റി പ്രദേശത്ത് 3 സെന്റ് വാങ്ങുന്നതിന് 4,50,000 രൂപയും കോർപ്പറേഷൻ പരിധിയിൽ 3 സെന്റ് ഭൂമി വങ്ങുന്നതിന് 6,00,000 രൂപയും അനുവദിക്കുന്നു. ഭവനരഹിതരായ പട്ടികജാതി വിഭാഗക്കാർക്ക് വാസയോഗ്യമായ വീട് നിർമ്മിക്കുന്നതിന് നവകേരള മിഷന്റെ ഭാഗമായി നടപ്പിലാക്കിയ ലൈഫ് മിഷൻ പദ്ധതി മുഖേന വീട് അനുവദിച്ചുവരുന്നു. 2007-8 മുതൽ അനുവദിച്ചതിൽ പൂർത്തീകരിക്കാത്ത അവശേഷിക്കുന്ന വീടുകൾക്ക് സ്പിൽഓവറായി തുടർ ഗഡുക്കൾ അനുവദിക്കുന്നുണ്ട്. വിവിധ വകുപ്പുകൾ മുഖേന അനുവദിച്ചതിൽ മുഴുവൻ തുക കൈപ്പറ്റിക്കഴിഞ്ഞിട്ടും നിർമ്മാണം പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണത്തിനും നിർദ്ദിഷ്ട മേൽക്കൂര നിർമ്മിക്കാത്തതിനാൽ അവസാന ഗഡു ലഭിക്കാത്തവർക്കും സ്വന്തം നിലയിൽ നിർമ്മാണം ആരംഭിച്ചിട്ട് പണി പൂർത്തിയാക്കാൻ കഴിയാത്തവർക്കും വീടിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് പരമാവധി ഒന്നരലക്ഷം രൂപ വരെ പട്ടികജാതി വികസന വകുപ്പിന്റെ ഭവന

പൂർത്തീകരണ പദ്ധതി പ്രകാരം അനുവദിക്കുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് ഭൂമിശാസ്ത്രപരമായ ഒറ്റപ്പെടൽ, വിദ്യാഭ്യാസപരമായ പിന്നാക്കാവസ്ഥ, വേറിട്ട സംസ്കാരം, വികസന പ്രവർത്തനങ്ങളോടുള്ള വൈമുഖ്യം, പൊതുസമൂഹവുമായി ഇടപെടാനുള്ള വിമുഖത എന്നീ കാരണങ്ങളാൽ, ഭൂരിപക്ഷം പട്ടികവർഗ്ഗക്കാരും പൊതുവെ പൊതുസമൂഹത്തിൽനിന്നും അകന്ന് കോളനികൾ കേന്ദ്രീകരിച്ച് ജീവിക്കുന്നതായാണ് കണ്ടുവരുന്നത്. ആയത് പരിഹരിക്കാൻ ഓരോ പട്ടികവർഗ്ഗ കുടുംബത്തിനും ഭൂമിയും വീടും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിലേയ്ക്ക് നവകേരള മിഷന്റെ ഭാഗമായി നടപ്പിലാക്കിയ ലൈഫ് മിഷൻ പദ്ധതി മുഖേന വീട് അനുവദിച്ചുവരുന്നു. കൂടാതെ ലാൻഡ് ബാങ്ക് പദ്ധതിയിലൂടെ ഭൂമി വാങ്ങി നൽകി പുനരധിവസിപ്പിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ആദിവാസി പുനരധിവാസ മിഷൻ മുഖേനയും വീട് അനുവദിച്ചുവരുന്നുണ്ട്. മേൽപ്രകാരം സംസ്ഥാനത്തെ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വാസയോഗ്യമായ വീട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## തിരൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ നവീകരണം

15(3721) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ നവീകരിക്കുന്നതിനായി നിലവിൽ ഏതൊക്കെ പദ്ധതികളാണുള്ളതെന്ന് വ്യക്തമാക്കുമോ?

നിലവിൽ അംബേദ്കർ ഗ്രാമവികസന പദ്ധതി മുഖേന പട്ടികജാതി കോളനികളുടെയും അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി മുഖേന പട്ടികവർഗ്ഗ കോളനികളുടെയും നവീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) പ്രസ്തുത പദ്ധതികളിൽ ഏതൊക്കെ വികസന പ്രവർത്തനങ്ങളാണുൾപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പ് പ്രസ്തുത പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്ന കോളനികളിൽ താഴെപ്പറയുന്ന പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയ്ക്കും കോളനിയിലെ സാധ്യതകൾക്കും കോളനി നിവാസികളുടെ താത്പര്യങ്ങൾക്കും വിധേയമായി നടപ്പാക്കുന്നു.

1. ഇന്റേണൽ റോഡ്/ഫുട്പാത്ത്

2. ആശയവിനിമയ സൗകര്യം

3. കുടിവെള്ള സൗകര്യങ്ങൾ

4. ഡ്രെയിനേജ് സൗകര്യങ്ങൾ

5. വൈദ്യുതീകരണം/വീടുകളിലേയ്ക്കുള്ള സോളാർ വൈദ്യുതീകരണം

6. സോളാർ തെരുവുവിളക്ക്

7. സാനിറ്റേഷൻ

8. ഭവന പുനരുദ്ധാരണം

9. മാലിന്യനിർമ്മാജ്ജനം

10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/ കളിസ്ഥലം മുതലായവ (സ്ഥലം ലഭ്യമാണെങ്കിൽ)

11. സംരക്ഷണഭിത്തി നിർമ്മാണം

12. ഇറിഗേഷൻ

13. അടുക്കളത്തോട്ടം

14. വരുമാനദായക പദ്ധതികളായ മൃഗസംരക്ഷണ/ഹോർട്ടികൾച്ചർ/ വീവിംഗ്/കരകൗശലം മുതലായവ (വനിതകൾക്കുള്ള സ്വയംതൊഴിൽ പദ്ധതി). പട്ടികവർഗ്ഗ വികസന വകുപ്പ് പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നടപ്പിലാക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ, വനിതകൾക്കും കുട്ടികൾക്കുമായുള്ള ക്ഷേമ പ്രവർത്തനങ്ങൾ മുതലായവയാണ് പദ്ധതി മുഖേന നടപ്പിലാക്കുന്നത്. പട്ടികവർഗ്ഗ സങ്കേതങ്ങളിലെ ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവനം, ഭവന പുനരുദ്ധാരണം, കുടിവെള്ള വിതരണ പദ്ധതികൾ, ശുചിത്വ പരിപാടികൾ, നടപ്പാത, നടപ്പാലം മുതലായ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, ജീവനോപാധികളുടെ വിതരണം തുടങ്ങിയവയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) തിരൂർ നിയോജകമണ്ഡലത്തിൽ ഏതൊക്കെ പട്ടികജാതി, പട്ടികവർഗ്ഗ കോളനികളിൽ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

അഴകത്തുകുളം കോളനി, പള്ളിപറമ്പ് കോളനി എന്നീ പട്ടികജാതി കോളനികളിലാണ് അംബേദ്കർ ഗ്രാമം പദ്ധതി (2016-17) പ്രകാരം വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നത്.

## ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

16 (3722) <u>ശ്രീ ജി എസ് ജയലാൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം ഏതെല്ലാം പട്ടികജാതി കോളനികളിലാണ് വികസന പദ്ധതികൾ അനുവദിച്ചതെന്ന് വ്യക്തമാക്കാമോ?

വെൺമണിച്ചിറ കോളനി (2016-17), അമ്പൂരി പുള്ളിപച്ച കോളനി (2016-17), കവണപ്പള്ളി കോളനി (2019-20).

(ബി) പ്രസ്തുത വികസന പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.*

(സി) അംബേദ്കർ ഗ്രാമം പദ്ധതിയിൽ പട്ടികജാതി കോളനികൾ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

ഓരോ നിയോജകമണ്ഡലത്തിലുള്ള അടിസ്ഥാന സൗകര്യ വികസനത്തിൽ ഏറ്റവും പിന്നാക്കം നിൽക്കുന്നതും മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും വികസന പ്രവർത്തനങ്ങൾ ആവശ്യമുള്ളതുമായ കോളനികളെ തെരഞ്ഞെടുത്ത് ഓരോ കോളനിയിലും ഒരു കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഓരോ സങ്കേതത്തിന്റെയും വികസനാവശ്യങ്ങൾ വിലയിരുത്തി എം.എൽ.എ.മാരുടെ മേൽനോട്ടത്തിലാണ് പദ്ധതി നിർവ്വഹണം.

## പന്തപ്ര ആദിവാസി കോളനി

17(3723) <u>ശ്രീ. ആന്റണി ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ പന്തപ്ര ആദിവാസി കോളനിയിലെ ഓരോ കുടുംബത്തിനും രണ്ട് ഏക്കർ സ്ഥലത്തിന് കൈവശരേഖ നൽകിയെങ്കിലും ഭവനനിർമ്മാണത്തിനാവശ്യമായ 15 സെന്റ് സ്ഥലത്തെ മരങ്ങൾ മാത്രമേ മുറിച്ച് മാറ്റുവാൻ കഴിഞ്ഞിട്ടുള്ളൂവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. പന്തപ്ര പുനരധിവാസ കോളനിയിൽ 67 കുടുംബങ്ങൾക്ക് 2 ഏക്കർ വീതം ഭൂമി അനുവദിച്ചുനൽകിയിരുന്നു. ഭവന നിർമ്മാണത്തിനാവശ്യമായ 15 സെന്റ് സ്ഥലത്തേയും പൊതുവായ റോഡിലും നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റിയിട്ടുണ്ട്.

(ബി) ആദിവാസി കോളനിയിൽ അധിവസിക്കുന്നവരുടെ പ്രധാന ജീവിതമാർഗ്ഗം കൃഷിയാണെന്നിരിക്കെ അവർക്ക് കൃഷി ചെയ്ത് ഉപജീവനം നടത്തുന്നതിനായി അവിടെയുള്ള മരങ്ങൾ മുറിച്ച് മാറ്റണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. ഭവനനിർമ്മാണത്തിനാവശ്യമായ 15 സെന്റ് വീതം കഴിച്ച് ബാക്കിവരുന്ന ഭൂമിയിലെ മരങ്ങൾ മുറിക്കുന്നതിനായുള്ള അനുമതി വനം വന്യജീവി വകുപ്പിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത പ്രദേശത്ത് വീടിന് ഭീഷണി സൃഷ്ടിക്കുന്ന പാഴ്മരങ്ങൾ കൂടി മുറിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പന്തപ്ര കോളനിയിലെ വീടിന് ഭീഷണി സൃഷ്ടിക്കുന്ന 919 എണ്ണം പാഴ്മരങ്ങളുടെ പട്ടിക തയ്യാറാക്കി അവ ലേലം ചെയ്ത് വിൽക്കുന്നതിനുള്ള പ്രൊപ്പോസൽ അനുമതിക്കായി സമർപ്പിച്ചിട്ടുള്ളതായി ബന്ധപ്പെട്ട ഡി.എഫ്.ഒ. അറിയിച്ചിട്ടുണ്ട്.

(ഡി) പന്തപ്ര കോളനിയിൽ വീട് നിർമ്മാണം പൂർത്തീകരിച്ചു കൊണ്ടിരിക്കുന്ന അവസ്ഥയിൽ പ്രധാന ജീവിതമാർഗ്ഗമായ കൃഷി ചെയ്യുന്നതിനായി, വനാവകാശ രേഖ നൽകിയിട്ടുള്ള ഭൂമിയിലെ മരങ്ങൾ മുറിച്ചുമാറ്റുന്നതിനും അവിടെ കൃഷി ചെയ്യുന്നതിനും വേണ്ട സൗകര്യം പ്രസ്തുത കോളനിയിൽ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

വനാവകാശ രേഖ നൽകിയിട്ടുള്ള ഭൂമിയിലെ മരങ്ങൾ മുറിക്കുന്നതിനായുള്ള അനുമതി വനം വന്യജീവി വകുപ്പിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**പട്ടിക വിഭാഗങ്ങൾക്കുള്ള സ്വയംപര്യാപ്ത ഗ്രാമം പദ്ധതി**

18(3724) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷം സംസ്ഥാനത്തെ എത്ര കോളനികളിൽ പട്ടിക വിഭാഗങ്ങൾക്കുള്ള സ്വയംപര്യാപ്ത ഗ്രാമം പദ്ധതി നടപ്പിലാക്കിയെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; ഇതിനായി എത്ര തുക ചെലവായെന്ന് വെളിപ്പെടുത്താമോ?

445 പട്ടികജാതി കോളനികളിൽ പട്ടികജാതി വികസന വകുപ്പിന്റെ അംബേദ്കർ ഗ്രാമ വികസന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിലേയ്ക്കായി ആകെ 172,68,02,605 രൂപ (നൂറ്റി എഴുപത്തി രണ്ട് കോടി അറുപത്തി എട്ട് ലക്ഷത്തി രണ്ടായിരത്തി അറുനൂറ്റി അഞ്ച് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. കോളനികളുടെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി* ചേർക്കുന്നു. 94 പട്ടികവർഗ്ഗ കോളനികളിൽ പട്ടികവർഗ്ഗ വികസന വകുപ്പ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ആയതിലേയ്ക്ക് 39,81,19,318 രൂപ (മുപ്പത്തി ഒൻപത് കോടി എൺപത്തിയൊന്ന് ലക്ഷത്തി പത്തൊൻപതിനായിരത്തി മുന്നൂറ്റി പതിനെട്ട് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. കോളനികളുടെ ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| ജില്ല | കോളനികളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 6 |
| കൊല്ലം | 4 |
| പത്തനംതിട്ട | 2 |
| കോട്ടയം | 1 |
| ഇടുക്കി | 11 |
| എറണാകുളം | 3 |
| തൃശ്ശൂർ | 3 |
| പാലക്കാട് | 12 |
| മലപ്പുറം | 2 |
| കോഴിക്കോട് | 6 |
| വയനാട് | 19 |
| കണ്ണൂർ | 17 |
| കാസർഗോഡ് | 8 |

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ പദ്ധതി പ്രകാരം അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ ഏതൊക്കെ കോളനികൾക്കാണ് ഫണ്ടനുവദിച്ചതെന്ന് കോളനിയുടെ പേരും തുകയും വർഷവും തിരിച്ച് വ്യക്തമാക്കാമോ?

മേൽ പദ്ധതികളിൽ അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ പട്ടികജാതി, പട്ടികവർഗ്ഗ കോളനികൾ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ തുക അനുവദിച്ചിട്ടില്ല.

(സി) ഓരോ കോളനിയിലും നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങളും തുകയും ഇനം തിരിച്ച് വ്യക്തമാക്കാമോ; ഇവയുടെ നിർമ്മാണച്ചുമതല ഏതൊക്കെ ഏജൻസികൾക്കായിരുന്നുവെന്ന് വ്യക്തമാക്കാമോ;

&

(ഡി) നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നത് ഏതൊക്കെ കോളനികളിലാണ്; പൂർത്തിയാകാത്തതിന് കാരണം എന്താണ്; ഇവ പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത്?

ബാധകമല്ല.

**മണലൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ വികസനം**

19 (3725) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ മണലൂർ ഇറിഗേഷൻ കോളനി, കരിക്കൊടി കോളനി എന്നീ പട്ടികജാതി കോളനികളുടെ വികസനത്തിനായി ഓരോ കോളനിക്കും എത്ര രൂപ വീതമാണ് അനുവദിച്ചതെന്ന് അറിയിക്കാമോ?

മണലൂർ ഇറിഗേഷൻ കോളനിക്ക് 49,64,728 രൂപയും കരിക്കൊടി കോളനിക്ക് 36,20,353 രൂപയുമാണ് അനുവദിച്ചിട്ടുള്ളത്.

(ബി) ഓരോ കോളനിയിലും നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ;

&

(സി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പൂർത്തീകരിച്ചുവെന്നും അവശേഷിക്കുന്ന പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കാമോ?

22 വീടുകളുടെ അറ്റകുറ്റപ്പണികൾ, 253.6 മീറ്റർ റീട്ടെയിനിംഗ് വാൾ, 40 മീറ്റർ കോൺക്രീറ്റ് റോഡ് എന്നിവയാണ് മണലൂർ ഇറിഗേഷൻ കോളനിയിൽ നടപ്പാക്കുന്ന പ്രവൃത്തികൾ. ഇതിൽ 19 വീടുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. റീട്ടെയിനിംഗ് വാൾ നിർമ്മാണത്തിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി 65 മീറ്റർ ഭാഗം പഞ്ചായത്ത് മുഖേന ചെയ്തിട്ടുണ്ട്. റോഡ് കോൺക്രീറ്റിംഗ് ആരംഭിച്ചിട്ടില്ല. 15-9-2021-നകം പ്രവൃത്തികൾ പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 15 വീടുകളുടെ അറ്റകുറ്റപ്പണികൾ, 3 ടോയ്‌ലറ്റ് പുനരുദ്ധാരണം എന്നിവയാണ് കരിക്കൊടി കോളനിയിൽ നടപ്പാക്കുന്ന പ്രവൃത്തികൾ. വീടുകളുടെ അറ്റകുറ്റപ്പണികൾ പുരോഗമിച്ചുവരുന്നു. ടോയ്‌ലറ്റ് പുനരുദ്ധാരണം ആരംഭിച്ചിട്ടില്ല. 30-10-2021-നകം പ്രവൃത്തികൾ പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഇല്ലിക്കോട്ട്പൊയിൽ പട്ടികജാതി കോളനിയുടെ സമഗ്രവികസനം**

20 (3726) <u>ശ്രീ. പി. വി. അൻവർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന അമരമ്പലം ഗ്രാമപഞ്ചായത്ത് ഇല്ലിക്കോട്ട്പൊയിൽ എസ്.സി. കോളനിയുടെ സമഗ്രവികസനം എന്ന പദ്ധതി മൂന്ന് വർഷമായിട്ടും പൂർത്തിയായിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പദ്ധതിയുടെ ഭാഗമായി പ്രസ്തുത കോളനിയിൽ ഇതുവരെ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; നിലവിൽ എത്ര രൂപയാണ് ചെലവഴിച്ചതെന്നും അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 28 ഭവനപുനരുദ്ധാരണ പ്രവൃത്തികളിൽ 11 വീടുകളുടെ മേൽക്കൂരയും 9 വീടുകളുടെ പ്ലാസ്റ്ററിംഗും പൂർത്തീകരിച്ചിട്ടുണ്ട്. 14 വീടുകളിൽ ടോയ്‌ലറ്റ് മെയിന്റനൻസും പൂർത്തീകരിച്ചിട്ടുണ്ട്. 70,76,559 രൂപയുടെ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ 20,79,872 രൂപ ചെലവഴിച്ചു.

(ബി) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസി ഏതാണെന്നും പ്രവൃത്തി ഏറ്റെടുത്ത കരാറുകാരനാരാണെന്നും എന്നാണ് കരാറിലേർപ്പെട്ടതെന്നും എത്ര തുകയ്ക്കാണ് കരാറിലേർപ്പെട്ടതെന്നും അറിയിക്കാമോ; ഇതുവരെയും പ്രവൃത്തി പൂർത്തിയാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

| | |
|---|---|
| നിർവ്വഹണ ഏജൻസി | എഫ്.ഐ.ടി. |
| കരാറുകാരൻ | അബ്ദുൾ നാസിർ കെ. |
| കരാർ ഏറ്റെടുത്ത തുക | 66,60,284 രൂപ |
| കരാർ ഒപ്പുവച്ച തീയതി | 28-1-2019 |

പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് കരാറുകാരന് പാർട്ട് ബിൽ തുക നിർവ്വഹണ ഏജൻസി അനുവദിച്ചിരുന്നില്ല. ഏജൻസിയുടെ ഭാഗത്ത് നിന്നുള്ള അനാസ്ഥയും സാങ്കേതിക പോരായ്മകളും പ്രാദേശിക പ്രശ്നങ്ങളും പദ്ധതി പൂർത്തീകരണം തടസ്സപ്പെടുത്തി.

(സി) ഇല്ലിക്കോട്ട്പൊയിൽ അംബേദ്കർ ഗ്രാമം പദ്ധതി പൂർത്തീകരിക്കാൻ എന്ത് നടപടികളാണ് ചെയ്യാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; കരാറുകാരനേയും നിർവ്വഹണ ഏജൻസിയേയും മാറ്റി പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കാനാവുമോയെന്നറിയിക്കാമോ?

പാർട്ട് ബിൽ തുക 20,79,872 രൂപ 19-11-2020-ൽ അനുവദിക്കുകയും പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കണമെന്ന് ഏജൻസിക്ക് കർശന നിർദ്ദേശം നൽകുകയും ചെയ്തുവെങ്കിലും നിലവിൽ പ്രവൃത്തി പുനരാരംഭിച്ചിട്ടില്ലാത്തതിനാൽ ഏജൻസിയെയും കരാറുകാരനേയും ഉൾപ്പെടുത്തി പ്രത്യേക യോഗം വിളിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ബന്ധപ്പെട്ട എം.എൽ.എ.-യുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ മാത്രമേ നിർവ്വഹണ ഏജൻസിയെ മാറ്റുവാൻ സാധിക്കുകയുള്ളൂ.

(ഡി) സമയബന്ധിതമായി മേൽ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാതിരുന്ന നിർവ്വഹണ ഏജൻസിയേയും കരാറുകാരനേയും കരിമ്പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; പദ്ധതിയുടെ മേൽനോട്ട ചുമതലയുള്ള പട്ടികജാതി വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

എഫ്.ഐ.ടി.-യുടെ നിർമ്മാണ പ്രവർത്തനങ്ങൾ മോശമായതിനാൽ ടി ഏജൻസിയെ വകുപ്പിന്റെ പദ്ധതി നിർവ്വഹണങ്ങളിൽനിന്നും ഒഴിവാക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്. പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് വകുപ്പിന്റെയോ വകുപ്പ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നോ പിഴവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളിലെ കുടിവെള്ള പദ്ധതികൾ

21 (3727) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികളിലാണ് കുടിവെള്ള പദ്ധതികളുടെ പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്നതെന്ന് അറിയിക്കാമോ?

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ കിളിമാനൂർ ബ്ലോക്ക് പരിധിയിൽ കുടിവെള്ള പദ്ധതികളുടെ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്ന പട്ടികജാതി കോളനികൾ ചുവടെ ചേർക്കുന്നു.

1) പഞ്ചുവിള അംബേദ്കർ കോളനി

2) കെ. കെ. ജംഗ്ഷൻ കോളനി

3) മുളകന്തലത്ത് തോപ്പിൽ എസ്.സി. കോളനി

4) ചൂട്ടയിൽ കോളനി

5) കിളിക്കോട്കോണം കോളനി

6) പറണ്ടക്കുടി കോളനി

7) ചെമ്പാറക്കോണം - ഇടക്കുന്നിൽ കോളനി

8) മുണ്ടാക്കുഴി കോളനി

9) പുലിപ്പാറ കോളനി

10) ചെക്കട്ടമൂല കോളനി

11) നെല്ലിക്കാട് കോളനി

12) വരിഞ്ഞപ്പള്ളികോണം - കല്ലാക്കോണം കോളനി

13) കേളന്റെമൂല-ചാവർകോട് കോളനി

14) കണ്ണയംകോട് കോളനി

15) പേരയിൽ കോളനി

16) മടത്തിൽപച്ച കോളനി

17) വയൽചേരി കോളനി

18) നെടുമ്പാറ കോളനി

(ബി) കുടിവെള്ള പൈപ്പ് ലൈനുകൾ എത്താത്ത പട്ടികജാതി കോളനികൾ ഏതെല്ലാമാണ്; ഇതിൽ ഏതെല്ലാം കോളനികളിലാണ് ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പുവർഷം കുടിവെള്ളം എത്തിക്കാൻ കഴിയുക; ഇതുസംബന്ധിച്ച് ജലവിഭവ വകുപ്പുമായി ചേർന്ന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കിളിമാനൂർ ബ്ലോക്ക് പരിധിയിലെ നെടുംപച്ചകോളനി, ചേറാട്ടുകുഴി കോളനി, ഇടക്കരിക്കകം കോളനി, പാറകുന്ന് കോളനി, കരിംപാലോട് കോളനി, ശാസ്താം കോളനി, മീൻകോണം കോളനി, പേരാപ്പ് കോളനി, മുള്ളൻചാണി കോളനി, കാവുവിള കോളനി, കാലകോണം കോളനി, വല്ലത്തുകോണം കോളനി എന്നീ കോളനികളിൽ പൂർണ്ണമായും കുടിവെള്ള പൈപ്പ് ലൈൻ കണക്ഷൻ എത്തിയിട്ടില്ല. മണമ്പൂർ പഞ്ചായത്തിലെ ശങ്കരൻമുക്ക് കോളനി, പയ്യൂർക്കോണം കോളനി, ഭാസ്കർ കോളനി, ആലുവിള കോളനി എന്നിവിടങ്ങളിൽ ജലജീവൻ മിഷൻ പ്രകാരം കുടിവെള്ള കണക്ഷൻ നൽകുവാൻ സാധിക്കും. ഇതുസംബന്ധിച്ച് ജലവിഭവ വകുപ്പുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

**അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി**

22 (3728) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി ഊരുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

തെരഞ്ഞെടുത്ത പട്ടികവർഗ്ഗ കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2017-18 സാമ്പത്തിക വർഷം മുതൽ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഓരോ കോളനിയിലും പരമാവധി ഒരു കോടി രൂപ വരെയുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കിവരുന്നത്. അടിയന്തരമായി നടപ്പിലാക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ, വനിതകൾക്കും കുട്ടികൾക്കുമായുള്ള ക്ഷേമ

പ്രവർത്തനങ്ങൾ മുതലായവയാണ് പദ്ധതി മുഖേന പ്രധാനമായി നടപ്പിലാക്കുന്നത്. പട്ടികവർഗ്ഗ സങ്കേതങ്ങളിലെ ഭവനരഹിതരായവർക്ക് ഭവനനിർമ്മാണം, ഭവന പുനരുദ്ധാരണം, കുടിവെള്ള വിതരണ പദ്ധതികൾ, ശുചിത്വ പരിപാടികൾ, നടപ്പാത, നടപ്പാലം മുതലായ അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ, ജീവനോപാധികളുടെ വിതരണം തുടങ്ങിയവയും ഊരുകൂട്ട ശിപാർശ അനുസരിച്ച് ഈ പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്നുണ്ട്.

(ബി) അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം പ്രവൃത്തി ആരംഭിച്ച 94 കോളനികളിൽ എത്ര എണ്ണം പൂർത്തിയാക്കി?

22 എണ്ണം പൂർത്തിയാക്കി. ബാക്കിയുള്ളവ പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

(സി) ഊരുകളിലേയ്ക്കുള്ള റോഡുകൾ, വൈദ്യുതി, കുടിവെള്ളം, പാർപ്പിടം, പഠനവീട് എന്നിവയെല്ലാം ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ?

പട്ടികവർഗ്ഗ സങ്കേതങ്ങളിലെ ഭവനരഹിതരായവർക്ക് ഭവനനിർമ്മാണം, ഭവന പുനരുദ്ധാരണം, കുടിവെള്ള വിതരണ പദ്ധതികൾ, ശുചിത്വ പരിപാടികൾ, നടപ്പാത, നടപ്പാലം തുടങ്ങിയ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഊരുകൂട്ട ശിപാർശ അനുസരിച്ച് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നുണ്ട്.

**പട്ടികവർഗ്ഗക്കാർക്ക് വനാവകാശ നിയമപ്രകാരം ഭൂമി**

23 (3729) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഉൾപ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിന് വനാവകാശ നിയമപ്രകാരം ഭൂമി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ?

ഉണ്ട്. വനാവകാശ നിയമപ്രകാരം നാളിതുവരെയായി 26,600 പേർക്ക് 35,349.29 ഏക്കർ ഭൂമിയുടെ കൈവശാവകാശ രേഖ വിതരണം ചെയ്തിട്ടുണ്ട്. പുതിയതായി ലഭിച്ച അപേക്ഷകളിൽ സംയുക്ത പരിശോധനയും സർവ്വേ നടപടികളും സമയബന്ധിതമായി പൂർത്തീകരിച്ച് വനാവകാശ രേഖ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് സൗജന്യമായി ലാപ്ടോപ്

24 (3730) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് സൗജന്യമായി ലാപ്ടോപ് നൽകുന്ന പദ്ധതിയുടെ പ്രവർത്തന പുരോഗതിയും വിശദാംശങ്ങളും ലഭ്യമാക്കാമോ?

വകുപ്പിന്റെ ലാപ്ടോപ് ധനസഹായ പദ്ധതിയിൽ ഉൾപ്പെട്ട വിവിധ ബിരുദ/ബിരുദാനന്തര പ്രൊഫഷണൽ കോഴ്സുകൾക്ക് 1-ാം വർഷം പഠിക്കുന്ന എസ്.സി. വിഭാഗം വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങുന്നതിനായി 25,000 രൂപ വീതം ധനസഹായം അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ആയതു പ്രകാരം 2020-21 സാമ്പത്തിക വർഷം വകയിരുത്തിയ 5,40,75,000 രൂപയിൽ 1371 വിദ്യാർത്ഥികൾക്കായി 3,42,90,874 രൂപ ചെലവഴിച്ചു. കൂടാതെ 2020-21 അദ്ധ്യയന വർഷം പ്രസ്തുത പദ്ധതിക്കായി 14 കോടി 60 ലക്ഷം രൂപ 14 ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ ഈ കാലഘട്ടത്തിൽ ഡിഗ്രി, പ്ലസ് ടു കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന എല്ലാ വിദ്യാർത്ഥികളെയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഓൺലൈൻ പഠനത്തിന് തടസ്സം നേരിടുന്ന 1-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ടാബ് വാങ്ങി നൽകുന്നതിനും, ബിരുദം, ബിരുദാനന്തരബിരുദം മറ്റ് പോസ്റ്റ്മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങി നൽകുന്നതിനുമുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

## ആദിവാസി മേഖലയിലെ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠന സൗകര്യം

25 (3731) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി മേഖലകളിൽ വൈദ്യുതി ലഭ്യമാകാത്തതുമൂലവും ടവറുകളുടെ അഭാവത്തിൽ കേബിൾ നെറ്റ്‌വർക്ക്

ലഭ്യമല്ലാത്തതുമൂലവും വിദ്യാർത്ഥികളുടെ ഡിജിറ്റൽ പഠനത്തിന് വളരെയധികം ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത സൗകര്യങ്ങൾ ഉറപ്പാക്കാനായി സ്വീകരിച്ച വരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും ആയത് എത്ര സമയത്തിനുള്ളിൽ ഉറപ്പുവരുത്തുവാനുള്ള നടപടികളാണ് സ്വീകരിച്ച വരുന്നതെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ഡിജിറ്റൽ കണക്ടിവിറ്റി തീരെ കുറഞ്ഞതും ഭാഗികമായി മാത്രം ലഭ്യമായതുമായ കോളനികളുടെ വിവരങ്ങൾ ഐ.ടി. വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്. ടെലികോം, ഇന്റർനെറ്റ് സേവന ദാതാക്കളുമായി ബന്ധപ്പെട്ട് സേവനങ്ങൾ ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ ഐ.ടി. വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് ഉപയോഗിക്കുവാൻ ജില്ലാ കളക്ടർമാർക്ക് അനുമതി നൽകിയിട്ടുണ്ട്. വൈദ്യുതി എത്തിയിട്ടില്ലാത്ത കോളനികളുടെ പട്ടിക കെ.എസ്.ഇ.ബി. ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. ഈ കോളനികളിൽ സൗരോർജ്ജം ഉൾപ്പെടെയുള്ള സാദ്ധ്യതകൾ കെ.എസ്.ഇ.ബി.എൽ. പരിശോധിച്ചുവരുന്നുണ്ട്.

(സി) സംസ്ഥാനത്തെ ആദിവാസി മേഖലയിലുള്ള പൊതു വിദ്യാഭ്യാസ/ഉന്നത വിദ്യാഭ്യാസ വിദ്യാർത്ഥികളിൽ നിലവിൽ ഡിജിറ്റൽ പഠന സൗകര്യമില്ലാത്ത എത്ര പേരുണ്ട്; വ്യക്തമാക്കുമോ?

സംസ്ഥാനത്തെ ആദിവാസി മേഖലയിലുള്ള വിദ്യാർത്ഥികളിൽ ഡിജിറ്റൽ പഠന സൗകര്യങ്ങളില്ലാത്ത 43952 വിദ്യാർത്ഥികളുണ്ട്.

## പട്ടികജാതി പട്ടികഗോത്ര വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം

26 (3732) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് പട്ടികജാതി പട്ടികഗോത്ര വർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം ഉറപ്പുവരുത്താൻ പുതുതായി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കുമോ?

ഇന്റർനെറ്റ്/ഡി.റ്റി.എച്ച്. സംവിധാനങ്ങൾ ലഭ്യമല്ലാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനായി 250 സാമൂഹ്യ പഠനമുറികൾ വകുപ്പ് സജ്ജീകരിച്ചിട്ടുണ്ട്. ഓൺലൈൻ പഠന കേന്ദ്രങ്ങൾ, ഏകാദ്ധ്യാപക വിദ്യാലയങ്ങൾ, നേഴ്സറി സ്കൂളുകൾ, MGLC (മൾട്ടി ഗ്രേഡ് ലേണിംഗ് സെന്റർ)-കൾ എന്നിവ മുഖേനയും ഓൺലൈൻ പഠനത്തിനാവശ്യമായ സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. ഇന്റർനെറ്റ്/ഡി.റ്റി.എച്ച്. സംവിധാനങ്ങൾ ലഭ്യമല്ലാത്ത കോളനികളിൽ മോഡൽ റെസിഡൻഷ്യൽ സ്കൂളിലെ അധ്യാപകർ, ഫെസിലിറ്റേറ്റർമാർ, മെന്റർ ടീച്ചർമാർ എന്നിവർ മുഖേന വിക്ടേഴ്സ് ചാനലിൽ ലഭ്യമായ ക്ലാസ്സുകൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കി അവരുടെ പഠനത്തെ സഹായിക്കുന്നുണ്ട്. കൂടാതെ ഇന്റർനെറ്റ് സൗകര്യം കുറവുള്ള/ലഭ്യമല്ലാത്ത 1034 കോളനികളുടെ വിശദ വിവരങ്ങൾ തുടർ നടപടികൾക്കായി ഐ.ടി. വകുപ്പിനും ഡിജിറ്റൽ പഠനോപകരണങ്ങൾ ആവശ്യമായ വിദ്യാർത്ഥികളുടെ പട്ടിക പൊതുവിദ്യാഭ്യാസ വകുപ്പിനും ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പ്ലസ് ടു പഠനം കഴിഞ്ഞ വിദ്യാർത്ഥികൾക്ക് എൻട്രൻസ് പരിശീലനത്തിന് ധനസഹായം അനുവദിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. 2018-19 അദ്ധ്യയന വർഷം മുതൽ ധനസഹായം നൽകിവരുന്നു. പ്ലസ് ടു-വിന് B+ൽ കുറയാത്ത ഗ്രേഡ് വാങ്ങി സയൻസ്, ഇംഗ്ലീഷ്, കണക്ക് എന്നീ വിഷയങ്ങൾ പാസ്സായിട്ടുള്ളവരും വാർഷിക വരുമാനപരിധി 6 ലക്ഷം രൂപയിൽ അധികരിക്കാത്ത വരുമാനമുള്ളവരുടെ മക്കൾക്കും ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റിന്റെ പകർപ്പ് എന്നിവ സഹിതം അപേക്ഷ സമർപ്പിക്കാവുന്നതാണ്. പട്ടികവർഗ്ഗ വികസന വകുപ്പിൽ പ്ലസ് ടുവിന് സയൻസ് വിഷയമായെടുത്തിട്ടുള്ള വിദ്യാർത്ഥികൾക്ക് ഒന്നാം വർഷ പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ ഹ്രസ്വകാല എൻട്രൻസ് കോച്ചിംഗ് (ക്രാഷ് കോഴ്സ്) നൽകി വരുന്നുണ്ട്. ഇതുകൂടാതെ പ്ലസ് ടു കഴിഞ്ഞ വിദ്യാർത്ഥികൾക്കുള്ള ദീർഘകാല എൻട്രൻസ് പരിശീലനവും നൽകി വരുന്നുണ്ട്.

(സി) പ്രസ്തുത പരിശീലനത്തിന്റെ കാര്യക്ഷമത പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ?

പ്രസ്തുത പരിശീലനത്തിനായി തെരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങളുടെ കാര്യക്ഷമത ജില്ലാ കളക്ടറും ജില്ലാ പട്ടികജാതി വികസന ഓഫീസറും ചേർന്ന സമിതി പരിശോധിച്ച ശേഷമാണ് പരിശീലന സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നത്. പരിശീലനത്തിന്റെ എല്ലാ ഘട്ടങ്ങളിലും പട്ടികവർഗ്ഗ വികസന വകുപ്പ് കാര്യക്ഷമത വിലയിരുത്തിവരുന്നുണ്ട്.

(ഡി) വിദേശ രാജ്യങ്ങളിലെ യൂണിവേഴ്സിറ്റികളിൽ പ്രവേശനം ലഭിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് എന്തൊക്കെ സാമ്പത്തിക സഹായങ്ങളാണ് അനുവദിക്കുന്നത്?

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദേശ പഠനത്തിന് അർഹരായ വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ്, ലിവിംഗ് എക്സ്പെൻസ്, വിസ ചാർജ്ജ്, എയർ ഫെയർ ചാർജ്ജ്, ഹെൽത്ത്/മെഡിക്കൽ ഇൻഷ്വറൻസ് ചാർജ്ജ് എന്നീ ആനുകൂല്യങ്ങൾ നൽകിവരുന്നു. ഇപ്രകാരം നൽകുന്ന പരമാവധി തുക 25 ലക്ഷം രൂപയാണ്.

**മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനം**

27 (3733) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനം പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുന്നതിന് സഹായകരമായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. വകുപ്പിനുകീഴിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ എസ്.എസ്.എൽ.സി. വരെ ക്ലാസ്സുകളുള്ള 18 സ്കൂളുകളിൽ 17 എണ്ണത്തിലും 2020-21 വർഷത്തിൽ 100% വിജയം ഉണ്ടായിട്ടുണ്ട്. ആകെ പരീക്ഷ എഴുതിയ 648 വിദ്യാർത്ഥികളിൽ 647 പേരും വിജയിച്ചിട്ടുണ്ട്. 100 വിദ്യാർത്ഥികൾക്ക് മുഴുവൻ വിഷയങ്ങൾക്കും എ+ ലഭിച്ചിട്ടുണ്ട്. 2020-21 വർഷത്തിൽ +2 പരീക്ഷയ്ക്ക് കുട്ടികളെ ഇരുത്തിയ 13 സ്കൂളുകളിൽ 6 എണ്ണത്തിൽ 100% വിജയം ലഭ്യമായിട്ടുണ്ട്. ആകെ പരീക്ഷയെഴുതിയ 786 പേരിൽ 717 പേർ വിജയിച്ചിട്ടുണ്ട് (91.22%). 14 പേർക്ക് മുഴുവൻ വിഷയങ്ങളിൽ എ+ ലഭിച്ചിട്ടുണ്ട്. 2020-21 വർഷത്തിൽ +2 പരീക്ഷയിൽ 100% വിജയം നേടിയ 11 സർക്കാർ സ്കൂളുകളിൽ 6 എണ്ണവും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകളാണ്. സി.ബി.എസ്.ഇ. 12-ാം ക്ലാസ് പരീക്ഷയിലും വകുപ്പിന്റെ കീഴിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളിന് 100% വിജയം ഉണ്ടായിട്ടുണ്ട്. മുൻ വർഷങ്ങളിലും സമാനമായ വിജയങ്ങളാണ് ഉണ്ടായിട്ടുള്ളത്.

(ബി) പ്രസ്തുത വിദ്യാലയങ്ങളിലെ പഠനനിലവാരം വിലയിരുത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

&

(സി) ഇല്ലെങ്കിൽ പ്രസ്തുത വിദ്യാലയങ്ങളിലെ പഠന നിലവാരത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുമോയെന്നറിയിക്കാമോ?

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനവും പഠന നിലവാരവും വിലയിരുത്തുന്നതിനും പ്രവർത്തനങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ വിലയിരുത്തുന്നതിനുമായി 2019-20 സാമ്പത്തിക വർഷം ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ, മുണ്ടൂർ, പാലക്കാട് മുഖേന പഠനം നടത്തിയിട്ടുണ്ട്.

**കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ പഠനമുറി നിർമ്മാണം**

28(3734) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ എത്ര പേർക്കാണ് പഠനമുറി നിർമ്മാണ സഹായം ഇതിനോടകം നൽകിയത്; വ്യക്തമാക്കുമോ?

കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 176 വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് വ്യക്തിഗത ആനുകൂല്യമായ പഠനമുറി എന്ന പദ്ധതി നടപ്പിലാക്കുന്നില്ല. 30 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠനം നടത്തുന്ന കോളനികൾ കേന്ദ്രീകരിച്ച് പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി സാമൂഹ്യ പഠനമുറി എന്ന പദ്ധതിയാണ് നടപ്പിലാക്കുന്നത്.

(ബി) ആനുകൂല്യം കൈപ്പറ്റിയ എത്ര കുടുംബങ്ങളുടെ പഠനമുറി നിർമ്മാണം ഇതിനോടകം പൂർത്തിയായിട്ടുണ്ട്; വിശദമാക്കാമോ?

മേൽപ്രകാരം അനുവദിച്ചതിൽ 118 പഠനമുറികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 58 പഠനമുറികളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗതിയിലാണ്.

(സി) പ്രസ്തുത പദ്ധതി പ്രകാരമുള്ള അപേക്ഷകൾ ഇപ്പോഴും സ്വീകരിച്ചുവരുന്നുണ്ടോ; വിശദമാക്കാമോ?

തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന ലഭ്യമാക്കുന്ന ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടവർക്കാണ് നിലവിൽ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നത്. കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നടപ്പുവർഷം 35 പഠനമുറികൾ അനുവദിക്കുന്നതിന് ഭൗതിക ലക്ഷ്യം നിശ്ചയിച്ച് ഇതിനായി അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ട്.

**പട്ടികജാതി വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനസൗകര്യം**

29 (3735) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പട്ടികജാതി വിദ്യാർത്ഥികളുടെ പഠനസഹായത്തിനായി എത്ര രൂപയാണ് ചെലവഴിച്ചതെന്ന് അറിയിക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പട്ടികജാതി വിദ്യാർത്ഥികളുടെ പഠന സഹായത്തിനായി 12,709,688,733 രൂപ ചെലവഴിച്ചു.

(ബി) ഇത്രയും തുക ചെലവാക്കിയിട്ടും രണ്ട് ലക്ഷത്തോളം കുട്ടികൾ ഓൺലൈൻ ക്ലാസ്സുകൾക്ക് പുറത്താണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ജില്ലാ പട്ടികജാതി വികസന ഓഫീസർമാരുടെ റിപ്പോർട്ട് പ്രകാരം ഒന്നാം ക്ലാസ്സു മുതൽ ബിരുദ-ബിരുദാനന്തരം വരെയുള്ള കോഴ്സുകളിൽ പഠിക്കുന്ന 39095 വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനം ലഭ്യമാക്കുന്നതിനുള്ള ഡിജിറ്റൽ ഡിവൈസ് ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) മുഴുവൻ പട്ടികജാതി വിദ്യാർത്ഥികൾക്കും ഓൺലൈൻ പഠന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ അടിയന്തര നടപടികൾ കൈക്കൊള്ളും; വെളിപ്പെടുത്തുമോ?

ഓൺലൈൻ പഠനത്തിന് തടസ്സം നേരിടുന്ന പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ഒന്നാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ടാബ്‌ലെറ്റും ബിരുദം, ബിരുദാനന്തര ബിരുദം, മറ്റ് പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പും വാങ്ങി നൽകുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

**ആദിവാസി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഡിജിറ്റൽ പഠന മുറികൾ**

30 (3736) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ആദിവാസി മേഖലകളിൽ ഡിജിറ്റൽ പഠന മുറികൾ സജ്ജീകരിച്ച് ആദിവാസി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം മേഖലകളിൽ പ്രസ്തുത പദ്ധതി നടപ്പാക്കിയെന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് 250 കോളനികൾ കേന്ദ്രീകരിച്ച് നടപ്പിലാക്കിയിട്ടുള്ള ഇന്റർനെറ്റ് കണക്ഷനുള്ള സാമൂഹ്യ പഠനമുറികളിൽ വെബ്ക്യാം ഉപയോഗിച്ച് ഓൺലൈൻ ക്ലാസുകൾ കോവിഡ്-19 പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇന്റർനെറ്റ് ലഭ്യത ലഭിക്കുന്ന മുറയ്ക്ക് പട്ടികവർഗ വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി പ്രവർത്തിച്ചുവരുന്ന സാമൂഹ്യ പഠനമുറികളിലെല്ലാം ഡിജിറ്റൽ പഠന സൗകര്യമൊരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സാമൂഹ്യ പഠനമുറികൾ**

31 (3737) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി ഏർപ്പെടുത്തിയിട്ടുള്ള സാമൂഹ്യ പഠന മുറികളിലെ പഠന പ്രവർത്തനങ്ങൾ നിലച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്?

പട്ടികജാതി വികസന വകുപ്പിൽ സാമൂഹ്യ പഠനമുറി ആരംഭിച്ചിട്ടില്ല. പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആരംഭിച്ച സാമൂഹ്യ പഠന മുറികളിൽ പഠന പ്രവർത്തനങ്ങൾ തുടരുന്നുണ്ട്. കോവിഡ് രോഗവ്യാപനം രൂക്ഷമാകുന്ന സാഹചര്യങ്ങളിൽ കണ്ടെയിൻമെന്റ് സോണുകളിൽ വരുന്ന സാമൂഹ്യ പഠന മുറികൾ താല്ക്കാലികമായി പ്രവർത്തനം നിർത്തിവയ്ക്കാറുണ്ടെങ്കിലും ഈ സ്ഥാപനങ്ങളിലെ ഫെസിലിറ്റേറ്ററുമാർ കുട്ടികളുമായി ബന്ധപ്പെട്ട് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നുണ്ട്.

(ബി) വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി കോവിഡ് കാലഘട്ടത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ നൽകാമോ?

പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്ന വിദ്യാഭ്യാസ പദ്ധതികൾ പ്രകാരമുള്ള മുഴുവൻ ആനുകൂല്യങ്ങളും കോവിഡ് കാലത്തും വിദ്യാർത്ഥികൾക്ക്

നൽകിവരുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് ഡിജിറ്റൽ പഠനസൗകര്യം ലഭ്യമല്ലാത്ത വിദ്യാർത്ഥികൾക്കായി 250 സാമൂഹ്യ പഠനമുറികൾക്ക് പുറമേ ഏകാദ്ധ്യാപക വിദ്യാലയങ്ങൾ, അങ്കണവാടികൾ, കമ്മ്യൂണിറ്റി ഹാളുകൾ മുതലായ പൊതു ഇടങ്ങളിൽ പൊതുവിദ്യാഭ്യാസ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവയുടെ കൂടി സഹകരണത്തോടെ ക്ലാസ്സുകൾ ലഭ്യമാക്കുന്നുണ്ട്. മെന്റർ ടീച്ചർമാർ, അദ്ധ്യാപകർ, റിട്ടയർചെയ്ത അദ്ധ്യാപകർ എന്നിവരിൽ ആരുടെയെങ്കിലും സേവനം ഇവിടെ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് പഠനത്തിനാവശ്യമായ പഠനോപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. മോഡൽ റെസിഡൻഷ്യൽ സ്കൂളിലെ അദ്ധ്യാപകർ സാമൂഹ്യമാധ്യമങ്ങളുടെ സഹായം ഉപയോഗിച്ചുകൊണ്ട് ക്ലാസ്സുകൾ നൽകുകയും കുട്ടികളുമായി സംവദിക്കുകയും ചെയ്യുന്നുണ്ട്. ഈ സ്കൂളിലെ വിദ്യാർത്ഥികൾക്കുള്ള പാഠപുസ്തകങ്ങൾ വിദ്യാർത്ഥികൾക്ക് നേരിട്ട് എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പട്ടികജാതി, പട്ടികവർഗ്ഗ ഉൾമേഖലകളിൽ ഇന്റർനെറ്റ് കണക്റ്റിവിറ്റി ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പിനുകീഴിൽ ഉൾമേഖലകളിൽ ഇന്റർനെറ്റ് കണക്റ്റിവിറ്റി ഉറപ്പുവരുത്തുന്നതുമായി ബന്ധപ്പെട്ട് പദ്ധതികളൊന്നുംതന്നെ നിലവിലില്ല. എന്നാൽ പട്ടികവർഗ്ഗ മേഖലയിൽ കണക്ടിവിറ്റി തീരെ ഇല്ലാത്തതും ഭാഗികമായി മാത്രം ലഭ്യമാകുന്നതുമായ കോളനികളുടെ വിവരങ്ങൾ ഐ.ടി. വകുപ്പിന് കൈമാറുകയും ഐ.ടി. വകുപ്പ് ടെലികോം സേവനദാതാക്കളും ഇന്റർനെറ്റ് സേവനദാതാക്കളുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നു. ഇതിലേയ്ക്കായി ആവശ്യമായി വരുന്ന ചെലവുകൾ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ നിന്ന് അനുവദിക്കുവാൻ ജില്ലാ കളക്ടർമാർക്ക് അനുവാദം നൽകിയിട്ടുണ്ട്.

(ഡി) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനസഹായം ലഭ്യമാക്കാൻ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനസഹായം ലഭ്യമാക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വാത്സല്യനിധി പദ്ധതി

32 (3738) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കുവേണ്ടി ആരംഭിച്ച വാത്സല്യനിധി പദ്ധതിയിൽ നാളിതുവരെ എത്ര വിദ്യാർത്ഥിനികളെ ഉൾപ്പെടുത്തിയെന്ന് വിശദമാക്കുമോ?

വാത്സല്യനിധി പദ്ധതിയിൽ 1-4-2017 മുതൽ ജനിച്ച പെൺകുട്ടികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതിയിൽ ചേരുന്നതിന് പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. പ്രസ്തുത പദ്ധതിയുടെ പ്രയോജനം നിലവിൽ 13583 പെൺകുട്ടികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽനിന്നും എത്ര പെൺകുട്ടികൾ പ്രസ്തുത പദ്ധതി പ്രകാരം ഗുണഭോക്താക്കളായെന്ന് വ്യക്തമാക്കുമോ?

ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽനിന്നും 195 പെൺകുട്ടികൾ പ്രസ്തുത പദ്ധതി പ്രകാരം ഗുണഭോക്താക്കളായിട്ടുണ്ട്.

## എസ്.സി./എസ്.ടി. കുട്ടികൾക്കുള്ള ലംപ്സംഗ്രാന്റ്

33 (3739) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-2022 അദ്ധ്യയന വർഷത്തിൽ കൽപ്പറ്റ നിയോജക മണ്ഡലത്തിലെ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കൽപ്പറ്റ നിയോജകമണ്ഡലത്തിൽ 1930 പട്ടികജാതി വിദ്യാർത്ഥികൾക്ക് 16,98,300 രൂപ ലംപ്സം ഗ്രാന്റായി നാളിതുവരെ അനുവദിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റ് വിതരണം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ് അനുവദിക്കുന്നതിൽ എന്തെങ്കിലും കാലതാമസം നേരിടുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പ്രസ്തുത മണ്ഡലത്തിലെ പട്ടികജാതി വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ് വിതരണം 100% പൂർത്തിയാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 2020-21 അദ്ധ്യയന വർഷം ഫണ്ടിന്റെ അപര്യാപ്തത കാരണം 2020 നവംബർ മുതൽ 2021 മാർച്ച് വരെയുള്ള പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ വിതരണം ചെയ്യുവാൻ സാധിച്ചിരുന്നില്ല. 2020 നവംബർ മുതൽ 2021 മാർച്ച് വരെയുള്ള പ്രതിമാസ സ്റ്റൈപന്റ് 2021-22 സാമ്പത്തിക വർഷമാണ് വിതരണം ചെയ്തത്. 4,313 വിദ്യാർത്ഥികൾക്ക് 43,16,000 രൂപ ഈയിനത്തിൽ വിതരണം നടത്തിയിട്ടുണ്ട്. 2021-22 അദ്ധ്യയനവർഷത്തെ വിദ്യാഭ്യാസാനുകൂല്യങ്ങൾ താമസംവിനാ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ് വർദ്ധിപ്പിച്ച് നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

&

(ഡി) നിലവിൽ പ്രസ്തുത വിദ്യാർത്ഥികൾക്ക് 12-ാം ക്ലാസ് വരെ എത്ര രൂപ വീതമാണ് ലംപ്സം ഗ്രാന്റ് ഇനത്തിൽ അനുവദിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിച്ച് നൽകി വരുന്നുണ്ട്. 9-1-2020-ലെ സ.ഉ.(അച്ചടി) നം.1/2020/പജപവവിവ. ഉത്തരവ് പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ് തുക വർദ്ധിപ്പിച്ചിട്ടുണ്ട്. ഉത്തരവ് അനുബന്ധമായി ചേർക്കുന്നു*.

പ്രസ്തുത ഉത്തരവ് പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് താഴെപ്പറയുന്ന നിരക്കുകളിൽ ലംപ്സം ഗ്രാന്റ് അനുവദിച്ചുവരുന്നു.

| | |
|---|---|
| നഴ്സറിതലം | 500 രൂപ |
| 1 മുതൽ 4 വരെ | 750 രൂപ |
| 5 മുതൽ 8 വരെ | 900 രൂപ |
| 8 മുതൽ 10 വരെ | 1000 രൂപ |
| +1, +2, വൊക്കേഷണൽ ഹയർ സെക്കന്ററി | 1400 രൂപ. |

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉന്നമനം

34 (3740) ശ്രീ. ആന്റണി ജോൺ:
ശ്രീ. പി. വി. അൻവർ:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു. പ്രീ-മെട്രിക് സ്കോളർഷിപ്പ് - 9, 10 ക്ലാസ്സുകളിൽ (100% കേന്ദ്രാവിഷ്കൃത പദ്ധതി), പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി, വിദേശപഠനത്തിനുള്ള ധനസഹായം, അന്യസംസ്ഥാന പഠനസഹായം, അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആൻഡ് ഡെവലപ്മെന്റ് പദ്ധതി, സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം, മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പൊതു പ്രവേശന പരീക്ഷാ പരിശീലനം, ലാപ്ടോപ് വിതരണം, സാമൂഹ്യപഠന മുറി, ഗോത്രബന്ധു പദ്ധതി, മോഡൽ റെസിഡൻഷ്യൽ സ്കൂളുകളും ഹോസ്റ്റൽ സൗകര്യവും.

(ബി) കോവിഡും പ്രകൃതി ദുരന്തങ്ങളുംമൂലം ഊരുകളിൽ കുടുങ്ങിപ്പോയ വിദ്യാർത്ഥികളുടെ പഠനം മുടങ്ങിപ്പോകാതിരിക്കുന്നതിന് ഈ സർക്കാർ ഇതിനകം നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ഇന്റർനെറ്റ്/ഡി.റ്റി.എച്ച്. സംവിധാനങ്ങൾ ലഭ്യമല്ലാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനായി 250 സാമൂഹ്യ പഠനമുറികൾ വകുപ്പ് സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ ഓൺലൈൻ പഠന കേന്ദ്രങ്ങൾ, ഏകാദ്ധ്യാപക വിദ്യാലയങ്ങൾ, നേഴ്സറി സ്കൂളുകൾ, MGLC-കൾ എന്നിവ മുഖേനയും ഓൺലൈൻ പഠനത്തിനാവശ്യമായ സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. ഇന്റർനെറ്റ്/ഡി.റ്റി.എച്ച്. സംവിധാനങ്ങൾ ലഭ്യമല്ലാത്ത കോളനികളിൽ മോഡൽ റെസിഡൻഷ്യൽ സ്കൂളിലെ അദ്ധ്യാപകർ, സാമൂഹ്യ പഠനമുറികളിലെയും ഓൺലൈൻ പഠനമുറികളിലേയും ഫെസിലിറ്റേറ്റർമാർ, വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മെന്റർ ടീച്ചർമാർ എന്നിവർ മുഖേന വിക്ടേഴ്സ് ചാനലിൽ ലഭ്യമായ ക്ലാസ്സുകൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കി അവരുടെ പഠനത്തെ സഹായിക്കുന്നുണ്ട്. കൂടാതെ ഇന്റർനെറ്റ് സൗകര്യം കുറവുള്ള/ലഭ്യമല്ലാത്ത 1034

കോളനികളുടെ വിശദ വിവരങ്ങൾ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഐ.ടി. വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്. ഓൺലൈൻ പഠനത്തിന് ഉപകരണങ്ങൾ ആവശ്യമായ വിദ്യാർത്ഥികളുടെ പട്ടിക പൊതുവിദ്യാഭ്യാസ വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത കാലയളവിൽ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് സാധിച്ചിട്ടുണ്ടോ?

കോവിഡിന്റെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാതിരുന്ന കാലയളവിലെ വിവിധ ഗ്രാന്റുകൾ, സ്കോളർഷിപ്പുകൾ എന്നിവ സംസ്ഥാനത്തെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

(ഡി) ഇതിനായി ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാണെങ്കിൽ നൽകാമോ?

2020-21 അദ്ധ്യയന വർഷം പോസ്റ്റ് മെട്രിക് പഠനത്തിനായുള്ള പ്ലാൻ ശീർഷകത്തിൽനിന്നും 24,89,11,276 രൂപയും, പോസ്റ്റ് മെട്രിക് പഠനത്തിനായുള്ള നോൺപ്ലാൻ ശീർഷകത്തിൽനിന്നും 2,82,03,347 രൂപയും പ്രീമെട്രിക് പഠനത്തിനായുള്ള പ്ലാൻ ശീർഷകത്തിൽനിന്നും 3,05,81,115 രൂപയും പ്രീമെട്രിക് പഠനത്തിനായുള്ള നോൺപ്ലാൻ ശീർഷകത്തിൽ നിന്നും 16,41,57,361 രൂപയും ചെലവഴിച്ചിട്ടുണ്ട്. 2021-22 അദ്ധ്യയന വർഷം നാളിതുവരെ പോസ്റ്റ് മെട്രിക് പഠനത്തിനായുള്ള പ്ലാൻ ശീർഷകത്തിൽനിന്നും 11,30,92,288 രൂപയും പോസ്റ്റ് മെട്രിക് പഠനത്തിനായുള്ള നോൺപ്ലാൻ ശീർഷകത്തിൽനിന്നും 29,95,619 രൂപയും പ്രീമെട്രിക് പഠനത്തിനായുള്ള പ്ലാൻ ശീർഷകത്തിൽ നിന്നും 30,84,550 രൂപയും പ്രീമെട്രിക് പഠനത്തിനായുള്ള നോൺപ്ലാൻ ശീർഷകത്തിൽനിന്നും 4,82,27,497 രൂപയും ചെലവഴിച്ചിട്ടുണ്ട്.

## പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ

35 (3741) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക്, പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യം മൂന്ന് വർഷത്തിലൊരിക്കൽ പരിഷ്കരിക്കണമെന്ന

ബാബു വിജയനാഥ് കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ കൃത്യമായി 3 വർഷത്തിലൊരിക്കൽ വിദ്യാഭ്യാസാനുകൂല്യം പരിഷ്കരിക്കുന്നുണ്ട്. 9-1-2020-ലെ സ.ഉ.(അച്ചടി) നം.1/2020/പജപവവിവ പ്രകാരം സംസ്ഥാനത്തെ പ്രീമെട്രിക്/പോസ്റ്റ്മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ മുൻപുള്ള നിരക്കിനേക്കാൾ 20% വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ വിദ്യാഭ്യാസ വർഷാരംഭത്തിൽത്തന്നെ നൽകുന്നതിന് നടപടി ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ അർഹമായ വിദ്യാഭ്യാസാനുകൂല്യങ്ങൾ വിദ്യാഭ്യാസ വർഷാരംഭത്തിൽത്തന്നെ വിദ്യാർത്ഥികളുടെ അക്കൗണ്ടിലേയ്ക്ക് നൽകിവരുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ 2021-22 അദ്ധ്യയന വർഷാരംഭത്തിൽത്തന്നെ അനുവദിച്ച് നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2021-22 അദ്ധ്യയന വർഷത്തിൽ നാളിതുവരെ ഈ അദ്ധ്യയനവർഷത്തേയും മുൻവർഷത്തെ കുടിശ്ശിക ഇനത്തിലും പോസ്റ്റ്മെട്രിക് പഠനത്തിനായുള്ള പ്ലാൻ ശീർഷകത്തിൽ നിന്നും 11,30,92,288 രൂപയും പോസ്റ്റ്മെട്രിക് പഠനത്തിനായുള്ള നോൺപ്ലാൻ ശീർഷകത്തിൽനിന്നും 29,95,619 രൂപയും പ്രീമെട്രിക് പഠനത്തിനായുള്ള പ്ലാൻ ശീർഷകത്തിൽനിന്നും 30,84,550 രൂപയും പ്രീമെട്രിക് പഠനത്തിനായുള്ള നോൺപ്ലാൻ ശീർഷകത്തിൽനിന്നും 4,82,27,497 രൂപയും ചെലവഴിച്ചിട്ടുണ്ട്.

## നഴ്സിംഗ് പഠനം പൂർത്തീകരിച്ചവർക്ക് പരിശീലനം

36 (3742) <u>ശ്രീ. വി. ശശി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഴ്സിംഗ് പഠനം പൂർത്തീകരിച്ച പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് സർക്കാർ ആശുപത്രികളിൽ പരിശീലനം നൽകുന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നുണ്ടോ; ഉണ്ടെങ്കിൽ സംസ്ഥാനത്ത് നാളിതുവരെ എത്ര വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

ജനറൽ നഴ്സിംഗ്/ബി.എസ്.സി. നഴ്സിംഗ് പാസ്സായ പട്ടികജാതി വിഭാഗത്തിലെ യുവതീയുവാക്കളെ സംസ്ഥാനത്തെ താലൂക്കാശുപത്രികളിൽ ഒരാൾ വീതവും ജില്ലാ ജനറൽ ആശുപത്രികളിൽ 3 പേർ വീതവും 2 വർഷത്തേയ്ക്ക്

പ്രതിമാസം 15,000 രൂപ നിരക്കിൽ ഓണറേറിയം നൽകി പരിശീലനം നടത്തുന്നതിന് 2018-19 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ നിയമനം നൽകി പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട്. ഇതിലൂടെ ജനറൽ നഴ്സിംഗ്/ബി.എസ്.സി നഴ്സിംഗ് പാസ്സായ 187 പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

(ബി) നഴ്സിംഗ് പഠനം പൂർത്തീകരിച്ച മുഴുവൻ യുവതീയുവാക്കൾക്കും പ്രസ്തുത പദ്ധതി പ്രകാരം സർക്കാർ ആശുപത്രികളിൽ പരിശീലനം നൽകുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

നഴ്സിംഗ് പഠനം പൂർത്തീകരിച്ച മുഴുവൻ യുവതീയുവാക്കൾക്കും പ്രസ്തുത പദ്ധതി പ്രകാരം സർക്കാർ ആശുപത്രികളിൽ പരിശീലനം നൽകുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ബി.എസ്.സി. നഴ്സിംഗ് അല്ലെങ്കിൽ ജനറൽ നഴ്സിംഗ് ആൻഡ് മിഡ്‌വൈഫറി കോഴ്സ് പാസ്സാകുന്ന വിദ്യാർത്ഥികൾ അടിസ്ഥാന യോഗ്യതയും നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷനും നേടിക്കഴിഞ്ഞ് ആശുപത്രികളിൽ ജോലി ചെയ്യാൻ പ്രാപ്തരാണ്.

**പഠനമുറി ധനസഹായ പദ്ധതി**

37(3743) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് മുഖേന എത്ര വിദ്യാർത്ഥികൾക്കാണ് 'പഠനമുറി' സജ്ജമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ 112 പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വകുപ്പ് മുഖേന പഠനമുറി പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) ഈ വർഷം പഠനമുറിക്ക് അർഹരായ വിദ്യാർത്ഥികളെ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

നടപ്പുവർഷം കണ്ണൂർ ജില്ലയിൽ 150 പഠനമുറി നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിലേയ്ക്കായി ഗുണഭോക്തൃ പട്ടിക ലഭ്യമാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഗുണഭോക്തൃ പട്ടിക ലഭ്യമായാലുടൻതന്നെ പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതാണ്.

**പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സൗജന്യ ലാപ്ടോപ് വിതരണം**

38 (3744) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ആദിവാസി/പട്ടികജാതി വിദ്യാർത്ഥികൾക്ക് സൗജന്യമായി ലാപ്ടോപ് വിതരണം ചെയ്യുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനുള്ള നടപടിക്രമം എന്താണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് വിവിധ അംഗീകൃത കോളേജുകളിൽ B.Tech, M.Tech, MCA, MBBS, MBA, BSc Computer Science, MSc Computer Science, Polytechnic Computer Science, BAMS, BHMS, BDS, BVSc & AH, Msc Electronics, B.Arch, MPhil/PhD എന്നീ കോഴ്സുകൾക്ക് ഒന്നാം വർഷം പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങാൻ ഒരു വിദ്യാർത്ഥിക്ക് പരമാവധി 25,000 രൂപ വീതം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. അർഹരായ വിദ്യാർത്ഥികളുടെ പട്ടിക സ്ഥാപന മേധാവിയിൽനിന്നും ലഭ്യമാക്കി ആയത് പരിശോധിച്ച് ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ആഫീസർമാർ മുഖേന തുക അനുവദിക്കുന്നു. അർഹരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് സൗജന്യമായി നൽകിവരുന്നു. 9-7-2018-ലെ സ.ഉ.(സാധാ) നം.783/2018/പജപവവിവ. പ്രകാരം അംഗീകരിച്ച് നൽകിയ 32 കോഴ്സുകളിൽ പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് അനുവദിച്ചുവരുന്നു.

**മാവേലിക്കര ഐ.ടി.ഐ.**

39 (3745) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള മാവേലിക്കര ഐ.ടി.ഐ.-യിൽ പുതിയതായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ എത്ര ശതമാനം ജോലികൾ പൂർത്തിയായെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള മാവേലിക്കര ഐ.ടി.ഐ.-യിൽ 55% ജോലികൾ പൂർത്തിയായിട്ടുണ്ട്.

(ബി) പ്രസ്തുത വകുപ്പിന്റെ കീഴിലുള്ള എത്ര ഐ.ടി.ഐ.-കളിൽ കഴിഞ്ഞ 5 വർഷത്തിനകം പുതിയ കെട്ടിടനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്; അവയുടെ പേര് ലഭ്യമാക്കുമോ?

വകുപ്പിനുകീഴിലുള്ള ആറ്റിപ്ര, വെട്ടിക്കവല, ഓച്ചിറ, വരവൂർ, എടത്തിരുത്തി, പാതായ്ക്കര, കുറവങ്ങാട്, ബേള എന്നീ 8 ഐ.ടി.ഐ.-കളിൽ കഴിഞ്ഞ 5 വർഷത്തിനകം കെട്ടിടം (അക്കാദമിക് കെട്ടിടം) പണി പൂർത്തിയായിട്ടുണ്ട്. കൂടാതെ ഓച്ചിറ, മാടായി ഐ.ടി.ഐ.കളുടെ ഹോസ്റ്റൽ കെട്ടിട നിർമ്മാണവും കഴിഞ്ഞ 5 വർഷത്തിനകം പൂർത്തിയായിട്ടുണ്ട്.

(സി) പ്രസ്തുത ഐ.ടി.ഐ.കളിൽ ഏതൊക്കെ ഐ.ടി.ഐ.-കളിൽനിന്നും പുതിയ ട്രേഡിനുള്ള പ്രൊപ്പോസലുകൾ ഡയറക്ടറേറ്റിൽ സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

&

(ഡി) ആയതിൽ ഏതൊക്കെ ഐ.ടി.ഐ.കളിലെ പ്രൊപ്പോസലുകൾ സർക്കാരിലേയ്ക്ക് അയച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിൽ ഏതെങ്കിലും പ്രൊപ്പോസൽ സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ടോ; വ്യക്തമാക്കാമോ?

ആറ്റിപ്ര, വെട്ടിക്കവല എന്നീ ഐ.ടി.ഐ.-കളിൽ യഥാക്രമം ടർണർ, ഫിറ്റർ, ഡി/സിവിൽ എന്നീ ട്രേഡുകളും ഓച്ചിറ ഐ.ടി.ഐ.-യിൽ ഇലക്ട്രീഷ്യൻ ട്രേഡും പാതായ്ക്കര ഐ.ടി.ഐ.-യിൽ ഡി/സിവിൽ ട്രേഡും, എടത്തിരുത്തി ഐ.ടി.ഐ.-യിൽ I&CTSM ട്രേഡും ആരംഭിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

## പട്ടികജാതി വികസന വകുപ്പിന്റെ ഐ.ടി.ഐ.-കൾ

40 (3746) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വികസനവകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.-കൾ എവിടെയെല്ലാം പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.-കൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു* .

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മുൻസർക്കാരിന്റെ കാലത്ത് പുതിയതായി ഐ.ടി.ഐ.-കൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

മുൻ സർക്കാരിന്റെ കാലത്ത് വകുപ്പിനുകീഴിൽ പുതുതായി ഐ.ടി.ഐ.-കൾ ആരംഭിച്ചിട്ടില്ല.

(സി) മുൻസർക്കാരിന്റെ കാലത്ത് ഐ.ടി.ഐ.-കളിൽ പുതിയ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

മുൻ സർക്കാരിന്റെ കാലത്ത് ഐ.ടി.ഐ.-കളിൽ പുതിയ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

**പട്ടികജാതി വകുപ്പിന്റെ ഐ.ടി.ഐ.-കൾക്കുള്ള അലോട്ട്മെന്റ്**

41 (3747) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്ത് വർഷത്തിനിടെ പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ എത്ര പുതിയ ഐ.ടി.ഐ.-കൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കഴിഞ്ഞ പത്ത് വർഷത്തിനിടെ പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പുതിയ ഐ.ടി.ഐ.-കൾ ആരംഭിച്ചിട്ടില്ല.

(ബി) 2021-22 സാമ്പത്തിക വർഷത്തിൽ പ്രസ്തുത വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.-കൾക്ക് പ്രവർത്തിക്കാനുള്ള ആദ്യ അലോട്ട്മെന്റുകൾ നൽകിയ തീയതികൾ ഓരോ ഹെഡ്ഡിലും തരംതിരിച്ച് നൽകാമോ?

2021-22 സാമ്പത്തിക വർഷം വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.- കൾക്ക് പ്രവർത്തിക്കാനുള്ള അലോട്ട്മെന്റ് നൽകിയ തീയതി അനുബന്ധമായി ചേർക്കുന്നു*

(സി) പ്രസ്തുത ഐ.ടി.ഐ.-കൾക്ക് പ്രവർത്തിക്കാനുള്ള അലോട്ട്മെന്റുകൾ നാളിതുവരെ ലഭ്യമായിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉത്തരമേഖല ട്രെയിനിംഗ് ഇൻസ്പെക്ടറുടെ സാമ്പത്തികാധികാരം മറ്റൊരു ഉദ്യോഗസ്ഥന് കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കാത്തതിനാൽ ഉത്തരമേഖലയുടെ കീഴിൽ വരുന്ന ഐ.ടി.ഐ.-കൾക്ക് അലോട്ട്മെന്റ് നൽകാൻ കഴിഞ്ഞിട്ടില്ല. പ്രവർത്തന ചെലവുകൾ ഉൾപ്പെടുത്തിയിട്ടുള്ള ശീർഷകത്തിൽ [2225-1-277-57-34(P)] വകയിരുത്തിയിട്ടുള്ള തുകയുടെ 1/3 തുക മാത്രമേ BAMS പ്രകാരം അലോട്ട്മെന്റ് നല്കാൻ കഴിയുകയുള്ളൂ.

**ആദിവാസി വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനം**

42 (3748) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ആദിവാസി വിഭാഗങ്ങളിലെ ഒട്ടേറെ വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി., പ്ലസ് ടു കോഴ്സുകൾ പൂർത്തിയാക്കിയ ശേഷം പഠനം തുടരാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

എസ്.എസ്.എൽ.സി., പ്ലസ്ടു കോഴ്സുകൾ പൂർത്തിയാക്കി ഉന്നത വിദ്യാഭ്യാസത്തിന് യോഗ്യത നേടിയവരിൽ ചുരുക്കം ചില വിദ്യാർത്ഥികൾ പഠനം തുടരാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആദിവാസി വിദ്യാർത്ഥികൾക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, തൊഴിൽ പരിശീലനം എന്നിവയ്ക്ക് കൂടുതൽ സാധ്യത ഉറപ്പാക്കാൻ വയനാട് ജില്ലയിൽ ട്രൈബൽ ഐ.ടി.ഐ. ആരംഭിക്കുന്ന കാര്യം പരിഗണിക്കാമോ?

നിലവിൽ പരിഗണനയിലില്ല. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) പ്രസ്തുത ജില്ലയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം മേഖലകളിലാണ് പരിശീലനം നൽകുന്നതെന്നും ഓരോ വർഷവും പരിശീലനം നേടുന്നവരുടെ എണ്ണമെത്രയെന്നും അറിയിക്കുമോ?

ഉണ്ട്. വയനാട് ജില്ലയിൽ പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ മാനന്തവാടി വെള്ളമുണ്ട തയ്യൽ പരിശീലനകേന്ദ്രം, മീനങ്ങാടി തയ്യൽ പരിശീലന കേന്ദ്രം, മുത്തങ്ങ തയ്യൽ പരിശീലനകേന്ദ്രം എന്നീ പരിശീലന കേന്ദ്രങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ഓരോ വർഷവും 12 പരിശീലനാർത്ഥികൾക്ക് വീതം ഓരോ പരിശീലന കേന്ദ്രത്തിലും പ്രവേശനം നൽകിവരുന്നു.

## പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.-കൾ

43 (3749) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ ഐ.ടി.ഐ.-കളിൽ പുതിയ കെട്ടിടമുണ്ടായിട്ടും നാളിതുവരെ പുതിയ ട്രേഡ് ആരംഭിക്കാത്ത ഐ.ടി.ഐ.-കൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പിനുകീഴിൽ പുതിയ കെട്ടിടമുള്ള ഐ.ടി.ഐ.-കളായ ആറ്റിപ്ര, വെട്ടിക്കവല, ഓച്ചിറ, പാതായ്ക്കര, കേരളാധീശ്വരപുരം, പാണ്ടിക്കാട്, ചെറുവത്തൂർ, എടത്തിരുത്തി എന്നീ ഐ.ടി.ഐ.-കളിൽ നാളിതുവരെ പുതിയ ട്രേഡുകൾ ആരംഭിച്ചിട്ടില്ല. പ്രസ്തുത ഐ.ടി.ഐ.-കളിലെല്ലാം പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ പരിശോധിച്ചുവരുന്നു.

(ബി) കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ഇത്തരത്തിലുള്ള എത്ര ഐ.ടി.ഐ.കളിൽ പുതിയ ട്രേഡ് ആരംഭിക്കുവാൻ കഴിഞ്ഞുവെന്നും ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ എത്ര ഐ.ടി.ഐ.-കളിൽ പോസ്റ്റ് ക്രിയേഷൻ അനുവദിച്ചു നൽകിയിട്ടുണ്ടെന്നും ഐ.ടി.ഐ.-കളുടെ പേര് സഹിതം വ്യക്തമാക്കാമോ;

&

(സി) പ്രസ്തുത ഐ.ടി.ഐ.-കളിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കഴിഞ്ഞ 5 വർഷത്തിനിടയിൽ 6 ഐ.ടി.ഐ.-കളിൽ പുതിയ ട്രേഡുകൾ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ മര്യാപുരം, വർക്കല, പത്തനംതിട്ട ജില്ലയിലെ പന്തളം, തൃശ്ശൂർ ജില്ലയിലെ വി.ആർ.പുരം, പാലക്കാട് ജില്ലയിലെ മംഗലം, കോഴിക്കോട് ജില്ലയിലെ ഏലത്തൂർ എന്നീ 6 ഐ.ടി.ഐ.കളിൽ കഴിഞ്ഞ 5 വർഷത്തിനിടയിൽ പുതിയ ട്രേഡുകൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത ഐ.ടി.ഐ.കളിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരുടെ 48 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പോസ്റ്റ് ക്രിയേഷൻ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.-കളിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ടൂൾസ് ആൻഡ് എക്യുപ്മെന്റ് വാങ്ങാൻ എത്ര രൂപ സർക്കാർ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുവദിച്ചുനൽകിയിട്ടുണ്ട്; അനുവദിച്ച തുകയിൽ നാളിതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; വകുപ്പിന്റെ എത്ര ഐ.ടി.ഐ.-കളിൽ പുതുക്കിയ സിലബസ് പ്രകാരമുള്ള ടൂൾസ് ആൻഡ് എക്യുപ്മെന്റ് നൂറ് ശതമാനവും ലഭ്യമാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ടൂൾസ് ആൻഡ് എക്യുപ്മെന്റ്സ് വാങ്ങാൻ സർക്കാർ അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിവരം അനുബന്ധമായി ചേർക്കുന്നു*. 100% ടൂൾസ് ആൻഡ് എക്യുപ്മെന്റ്സ് സംഭരിക്കപ്പെട്ടിട്ടുള്ള ഐ.ടി.ഐ.-കൾ വകുപ്പിനുകീഴിൽ നിലവിലില്ല. പരിശീലനാർത്ഥികൾ പ്രായോഗിക പരീക്ഷയ്ക്കും പരിശീലനത്തിനും ടൂൾസ് നിരന്തരം ഉപയോഗിക്കുന്ന സാഹചര്യത്തിൽ 100% ലഭ്യത എന്നത് പ്രായോഗികമല്ല. എന്നാൽ വകുപ്പിന്റെ ഐ.ടി.ഐ.കളിൽ പുതുക്കിയ സിലബസ് പ്രകാരമുള്ള ടൂൾസ് ആൻഡ് എക്യുപ്മെന്റ് സംഭരിക്കുന്നതിന് ബന്ധപ്പെട്ട മേഖലാ ട്രെയിനിംഗ് ഇൻസ്പെക്ടർമാർ ലഭ്യമാക്കിയ ശിപാർശകൾ പരിശോധിച്ചുവരുന്നു.

## വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ

44 (3750) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരൂർക്കട എസ്.സി./എസ്.ടി. ഫെഡറേഷൻ കോമ്പൗണ്ടിൽ നിർമ്മാണം ആരംഭിച്ച വർക്കിംഗ് വിമെൻസ് ഹോസ്റ്റലിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

പ്രവർത്തനം ആരംഭിച്ചിട്ടില്ല. കെട്ടിടത്തിന്റെ ഇന്റീരിയർ വർക്കുകൾ പൂർത്തീകരിക്കേണ്ടതുണ്ട്. ഹോസ്റ്റൽ നടത്തിപ്പിന്റെ കരട് ചട്ടങ്ങൾ ഫെഡറേഷൻ തയ്യാറാക്കി പട്ടികജാതി വികസന വകുപ്പിന് നൽകിയിട്ടുള്ളത് അംഗീകരിക്കുന്നത് സംബന്ധിച്ച നടപടി പുരോഗമിച്ചുവരികയാണ്. ഇവ പൂർത്തീകരിച്ച് ഔദ്യോഗികമായി ഫെഡറേഷന് കെട്ടിടം കൈമാറി ലഭിക്കുന്ന മുറയ്ക്ക് ഹോസ്റ്റൽ പ്രവേശനം ആരംഭിക്കാൻ കഴിയും.

(ബി) വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ പ്രവേശനത്തിനുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കാമോ?

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ സർക്കാർ ജീവനക്കാർ, വിദ്യാർത്ഥിനികൾ എന്നിവർക്കാണ് പ്രവേശനം നൽകുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഉദ്യോഗസ്ഥരായ സ്ത്രീകൾക്കുവേണ്ടി ഹോസ്റ്റൽ

45 (3751) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജോലിയുള്ള സ്ത്രീകൾക്കുവേണ്ടി ഹോസ്റ്റലുകൾ നിർമ്മിക്കുന്ന പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര ഹോസ്റ്റലുകളാണ് നാളിതുവരെ നിർമ്മിച്ചതെന്ന് വിശദമാക്കുമോ;

&

(ബി) പ്രസ്തുത പദ്ധതി തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയാണ് ഹോസ്റ്റൽ നിർമ്മിച്ചതെന്നും അതിന്റെ നിലവിലെ അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജോലിയുള്ള സ്ത്രീകൾക്കുവേണ്ടി ഹോസ്റ്റലുകൾ നിർമ്മിക്കുന്ന പദ്ധതി പ്രകാരം തിരുവനന്തപുരത്ത് പേരൂർക്കടയിൽ ഒരു വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ നിർമ്മിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ ഇന്റീരിയർ വർക്കുകൾ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല. അടിയന്തരമായി പ്രവൃത്തികൾ പൂർത്തീകരിച്ച് മറ്റ് നടപടിക്രമങ്ങൾ പാലിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## കുംഭാര സമുദായക്കാരുടെ കുലത്തൊഴിൽ

46 (3752) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ കുംഭാര സമുദായക്കാരുടെ കുലത്തൊഴിൽ സംരക്ഷിക്കുന്നതിനുവേണ്ടി പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ; വ്യക്തമാക്കുമോ?

കുംഭാര സമുദായങ്ങളുടെ കുലത്തൊഴിലായ കളിമൺപാത്ര നിർമ്മാണ തൊഴിൽ സംരക്ഷിച്ച് നിലനിർത്തുന്നതിനായി പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖാന്തരം ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്.

1. പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായം- സംസ്ഥാനത്തെ പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് നൂതന യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും വർക്ക്ഷെഡ്, ചൂള തുടങ്ങിയവ നിർമ്മിക്കുന്നതിനും തൊഴിൽ നവീകരിക്കുന്നതിനും അതുവഴി പുതുതലമുറയെ ടി

തൊഴിലിലേയ്ക്ക് ആകൃഷ്ടരാക്കി കുലത്തൊഴിൽ സംരക്ഷിക്കുന്നതിനുംവേണ്ടി നടപ്പാക്കി വരുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം അർഹരായവർക്ക് പരമാവധി 50,000 രൂപ വരെ രണ്ട് ഗഡുക്കളിലായി ധനസഹായം നൽകുന്നു. 60 വയസ്സ് വരെയുള്ളവരാണ് ആനുകൂല്യത്തിന് അർഹരായിട്ടുള്ളത്. കുടുംബ വാർഷിക വരുമാന പരിധി 1 ലക്ഷം രൂപ.

2. കുംഭാര കോളനി അടിസ്ഥാന സൗകര്യ വികസന പദ്ധതി- സംസ്ഥാനത്തെ പരമ്പരാഗത മൺപാത്ര തൊഴിൽ ചെയ്തുവരുന്ന കുംഭാര സമുദായത്തിൽപ്പെട്ടവരുൾപ്പെടെയുള്ള വിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന മേഖലകളുടെ സമഗ്ര വികസനം ലക്ഷ്യമിട്ടാണ് ഈ പദ്ധതി നടപ്പാക്കി വരുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന കോളനി/സങ്കേതങ്ങളിൽ ആധുനിക യന്ത്ര സാമഗ്രികളോടുകൂടിയ പൊതുവായ വർക്ക്ഷെഡ്, ചൂള തുടങ്ങിയവ ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഒരു കോളനിക്ക് പരമാവധി ഒരു കോടി രൂപ വരെ അനുവദിക്കുന്നു. കുടിവെള്ള പദ്ധതി, നടപ്പാത നിർമ്മാണം, കമ്മ്യൂണിറ്റി ഹാൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഈ പദ്ധതി പ്രകാരം തുക അനുവദിക്കുന്നതാണ്. കൂടാതെ കേരളത്തിലെ കുംഭാര സമുദായമുൾപ്പെടെ കളിമൺപാത്ര നിർമ്മാണ വിപണന മേഖലയിൽ പ്രവർത്തിക്കുന്ന ജനവിഭാഗത്തിന്റെ സമഗ്രമായ ഉന്നമനം ലക്ഷ്യമാക്കി രൂപീകരിച്ച കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ മുഖേന ഈ മേഖലയിലുള്ളവർക്ക് കളിമൺപാത്ര നിർമ്മാണ യൂണിറ്റുകളുടെ ആധുനികവൽക്കരണം/പുതിയ യൂണിറ്റുകളുടെ നിർമ്മാണം/ ഉൽപ്പന്നങ്ങളുടെ വിപണനം എന്നിവ ലക്ഷ്യമാക്കി താഴെപ്പറയുന്ന രണ്ട് പദ്ധതികൾ നടപ്പിലാക്കി വരുന്നു.

i. കളിമൺപാത്ര നിർമ്മാണ യൂണിറ്റ് വായ്പാ പദ്ധതി.

ii. കളിമൺപാത്ര വിപണന വായ്പാ പദ്ധതി.

**പട്ടികജാതി വിഭാഗങ്ങൾക്ക് സ്വയംതൊഴിൽ**

47 (3753) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പട്ടികജാതി വിഭാഗങ്ങൾക്ക് സ്വയം തൊഴിൽ പദ്ധതിയുടെ ഭാഗമായി എം.പി.ഐ.യുമായി ചേർന്ന് എത്ര മീറ്റ് സ്റ്റാളുകൾ നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചുവെന്നും അവ എവിടെയൊക്കെയാണെന്നും അറിയിക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പട്ടികജാതി വിഭാഗങ്ങൾക്ക് സ്വയം തൊഴിൽ പദ്ധതിയുടെ ഭാഗമായി എം.പി.ഐ. (മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ)യുമായി ചേർന്ന് വകുപ്പ് മുഖേന പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. 2014-15 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവജനങ്ങളുടെ ഉന്നമനത്തിനായി എം.പി.ഐ.-യുമായി ചേർന്ന് സംസ്ഥാനത്തുടനീളം 20 മീറ്റ് ഷോപ്പുകൾ സ്ഥാപിക്കുന്ന പദ്ധതി വകുപ്പ് നടപ്പാക്കിയിരുന്നു. ടി പദ്ധതിക്കായി 20-3-15-ലെ സ.ഉ.(സാധാ)നം. 498/15/ പജപവവിവ. പ്രകാരം 60 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി തുക വിനിയോഗിച്ച് തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ 19 പേർക്ക് മീറ്റ് ഷോപ്പുകൾ അനുവദിച്ചതായി എം.പി.ഐ. അറിയിച്ചിരുന്നു.

(ബി) പ്രസ്തുത സ്റ്റാളുകളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അവലോകനം ചെയ്തിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

ഉണ്ട്. പ്രസ്തുത സ്റ്റാളുകളുടെ നിലവിലെ സ്ഥിതി ഡയറക്ടറേറ്റ് തലത്തിൽ 8-5-2019-ൽ യോഗം ചേർന്ന് അവലോകനം ചെയ്തിട്ടുണ്ട്. എം.പി.ഐ. ലഭ്യമാക്കിയ ഗുണഭോക്താക്കളുടെ ലിസ്റ്റ് പരിശോധിച്ച് പ്രസ്തുത പദ്ധതിയുടെ അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കാൻ ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത ഗുണഭോക്താക്കൾക്ക് സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

എം.പി.ഐ. നടപ്പാക്കുന്ന പ്രസ്തുത പദ്ധതി പ്രകാരം ഒരു ഔട്ട്ലെറ്റ് സ്ഥാപിക്കുന്നതിന് 2.50 ലക്ഷം രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റുൾപ്പെടെ വേണ്ടി വരുന്ന ആകെ ചെലവ് 5 ലക്ഷം രൂപയാണ്. ടി പദ്ധതി പ്രകാരം ഗുണഭോക്താവിന് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| സെക്യൂരിറ്റി ഡെപ്പോസിറ്റ് | 50,000 (50,000 രൂപ സ്ഥലം കണ്ടെത്തിയതിന്) (ശേഷിക്കുന്ന തുക ഗുണഭോക്താവ് സ്വന്തം നിലയിൽ കണ്ടെത്തേണ്ടതാണ്) |
| ഇന്റീരിയർ ഫർണിഷിംഗ് കോസ്റ്റ് | 1,05,000<br>i. ഗ്ലാസ് ഡോർ - 65,000<br>ii. ടൈലിംഗ് ഫ്ളോർ - 20,000<br>iii. ഡിസ്പ്ലേ ബോർഡ് - 10,000<br>iv. പെയിന്റിംഗ് - 10,000 |

| | |
|---|---|
| ഫ്രീസർ (400 ലിറ്റർ ഒരെണ്ണം) | 35,000 |
| ഫാൻ (2 എണ്ണം) | 4,500 |
| ടേബിൾ | 8,000 |
| കസേര (2 എണ്ണം) | 1,500 |
| സോഫ | 4,000 |
| കമ്പ്യൂട്ടർ & പ്രിന്റർ | 22,000 |
| മീറ്റ് സ്ലൈസർ | 70,000 |
| ആകെ | 3,00,000(മൂന്ന് ലക്ഷം രൂപ മാത്രം). |

**കുംഭാരൻ എന്ന ജാതി സർട്ടിഫിക്കറ്റ് ലഭ്യമാകാത്തത് സംബന്ധിച്ച പരാതി**

48 (3754) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുംഭാര സമുദായക്കാർ പാർശ്വവൽക്കരിക്കപ്പെട്ടവരും സാമൂഹികമായി ഏറെ പിന്നാക്കം നിൽക്കുന്നവരുമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുംഭാരസമുദായങ്ങളുമായി ബന്ധപ്പെട്ട് വകുപ്പിൽ നിവേദനങ്ങൾ ലഭിക്കുന്നുണ്ട്.

(ബി) വിവിധ സ്ഥലങ്ങളിൽ കുശവൻ, കുസ, ഗോസങ്കി, കൊയപ്പാൻ, കുലാലൻ, കുടുംബൻ, പള്ളൻ കുടുംബി, ആദി-ആന്ധ്ര എന്നീ പേരുകളിലായി അറിയപ്പെടുന്ന കുംഭാര സമുദായാംഗങ്ങൾക്ക് ഏകീകരിച്ച് കുംഭാരൻ എന്ന ജാതി സർട്ടിഫിക്കറ്റ് ലഭ്യമാവാത്തത് സംബന്ധിച്ച പരാതി പരിഗണനയിലുണ്ടോ; എങ്കിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

പരിഗണനയിലുണ്ട്. ഈ വിഷയം പിന്നാക്കവിഭാഗ കമ്മീഷൻ പരിശോധിച്ചുവരുന്നു.

(സി) വിവിധയിടങ്ങളിൽ വിവിധ പേരുകളിലായി അറിയപ്പെടുന്ന ഈ വിഭാഗത്തെ കുംഭാരൻ എന്ന പേരിലാക്കി ഉത്തരവിറക്കുന്ന കാര്യം കിർത്താഡ്സ് പഠന റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നുവോ; എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കിർത്താഡ്സ് ഈ വിഷയത്തിൽ പഠനം നടത്തിയിട്ടില്ല.

**കുംഭാര സമുദായത്തിന് പ്രത്യേക സംവരണം**

49 (3755) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിർത്താഡ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുംഭാര സമുദായത്തെ പ്രത്യേക സംവരണം നൽകി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കുംഭാരൻ സമുദായത്തെ നിലവിൽ സംസ്ഥാന ഒ.ബി.സി. പട്ടികയിൽ Residual OBC-യിൽ (Residual OBC-ക്ക് ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ 6% സംവരണവും ലാസ്റ്റ് ഗ്രേഡ് ഇതര തസ്തികകളിൽ 3% സംവരണവും ലഭിക്കുന്നു) ഉൾപ്പെടുത്തി ഉദ്യോഗസംവരണം അനുവദിച്ചുവരുന്നു. ഈ വിഭാഗം വിദ്യാർത്ഥികളെ സംസ്ഥാന ഒ.ഇ.സി. പട്ടികയിലുൾപ്പെടുത്തി പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് തുല്യമായ വിദ്യാഭ്യാസാനുകൂല്യം നൽകിവരുന്നുണ്ട്. കൂടാതെ ഈ വിഭാഗം വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളേജുകളിലും ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലും പ്രവേശനത്തിന് 1% സംവരണം അനുവദിച്ചുവരുന്നുണ്ട്. മറ്റ് കോഴ്സുകളിൽ ഒ.ബി.എച്ച്.-ന്റെ കൂട്ടത്തിൽ ഉൾപ്പെടുത്തി സംവരണം അനുവദിച്ചുവരുന്നു. കുംഭാരൻ സമുദായത്തിന് പ്രത്യേക സംവരണം നൽകുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**പട്ടികജാതി വികസന ഓഫീസർ തസ്തികയിലെ ഒഴിവുകൾ**

50 (3756) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിൽ നിലവിൽ പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് I, ഗ്രേഡ് II എന്നീ തസ്തികകളുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-I തസ്തികയിൽ ചുവടെ പറഞ്ഞിരിക്കും പ്രകാരമുള്ള 5 ഒഴിവുകൾ നിലവിലുണ്ട്.

| | |
|---|---|
| കൊല്ലം | 1 |
| ഇടുക്കി | 1 |
| കോഴിക്കോട് | 1 |
| പാലക്കാട് | 2 |

പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-II തസ്തികയിൽ ചുവടെ പറഞ്ഞിരിക്കും പ്രകാരമുള്ള 4 ഒഴിവുകൾ നിലവിലുണ്ട്.

എറണാകുളം - 1

മലപ്പുറം - 3

(ബി) പ്രസ്തുത തസ്തികകളിൽ ഒഴിവുകൾ നിലവിലുണ്ടായിട്ടും ആയതിലേയ്ക്ക് പ്രൊമോഷൻ നൽകാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തസ്തികകളിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-I തസ്തികയിലെ 5 ഒഴിവുകൾ നികത്തുന്നതുമായി ബന്ധപ്പെട്ട സെലക്ട് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി (ലോവർ) ചേരുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ധനസഹായങ്ങൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ അനുവദിച്ച പണം**

51 (3757) ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാർക്ക് ധനസഹായമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ അനുവദിച്ച പണം യഥാർത്ഥ ഗുണഭോക്താക്കളല്ലാത്തവരുടെ അക്കൗണ്ടുകളിലേയ്ക്ക് കൈമാറിയത് സംബന്ധിച്ച് എന്തെല്ലാം അന്വേഷണങ്ങളാണ് നടന്നുവരുന്നത്;

&

(ബി) പ്രസ്തുത അന്വേഷണം ഏതുഘട്ടത്തിലാണ്; വിശദമാക്കുമോ?

പട്ടികജാതിക്കാർക്ക് ധനസഹായമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ അനുവദിച്ച പണം യഥാർത്ഥ ഗുണഭോക്താക്കളല്ലാത്തവരുടെ അക്കൗണ്ടുകളിലേയ്ക്ക് കൈമാറിയെന്നത് സംബന്ധിച്ച് വകുപ്പിൽ പരാതികൾ നിലവിലില്ല. (തിരുവനന്തപുരം നഗരസഭയിൽ ക്രമക്കേട് കണ്ടെത്തിയത് വകുപ്പ് മുഖേന അനുവദിച്ച ആനുകൂല്യം സംബന്ധിച്ചാണ്. പ്രസ്തുത വിഷയത്തിന്മേൽ വിജിലൻസ് അന്വേഷണത്തിന് നിർദ്ദേശിച്ചിട്ടുണ്ട്).

## പട്ടിക ജാതി വികസന ഫണ്ട് തട്ടിപ്പ്

52 (3758) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ നൽകുന്ന ആനുകൂല്യങ്ങൾ ഓൺലൈൻ മുഖേന നടപ്പാക്കുന്നതിനാൽ ആവശ്യമായ സൈബർ സെക്യൂരിറ്റി നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

വകുപ്പിന്റെ വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകി വരുന്ന ഇ-ഗ്രാന്റ്സ് സോഫ്റ്റ്‌വെയർ ഡാറ്റ സെന്ററിലാണ് ഹോസ്റ്റ് ചെയ്തിരിക്കുന്നത്. CERT-K Empanelled എന്ന ഏജൻസി സെക്യൂരിറ്റി ഓഡിറ്റിംഗ് നടത്തിയ ശേഷമാണ് സോഫ്റ്റ്‌വെയർ ഡാറ്റ സെന്ററിൽ ഹോസ്റ്റ് ചെയ്തിരിക്കുന്നത്. ഓരോ രണ്ട് വർഷം കൂടുംതോറും സെക്യൂരിറ്റി ഓഡിറ്റിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വകുപ്പിന്റെ ഭവനനിർമ്മാണം, ഭവന പുനരുദ്ധാരണം, ഭവന പൂർത്തീകരണം എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്ന ഇ-ഹൗസിംഗ് സോഫ്റ്റ്‌വെയർ 2018-19 കാലഘട്ടത്തിൽ കേരള സംസ്ഥാന ഐ.ടി. മിഷൻ മുഖേന സെക്യൂരിറ്റി ഓഡിറ്റിംഗ് നടത്തിയിട്ടുള്ളതാണ്. വകുപ്പ് നടപ്പിലാക്കിവരുന്ന വാത്സല്യനിധി പദ്ധതിക്കായി തയ്യാറാക്കിയിട്ടുള്ള സോഫ്റ്റ്‌വെയറിലും സെക്യൂരിറ്റി ഓഡിറ്റിംഗ് നടപടികൾ നടന്നുവരുന്നു.

## എസ്.സി./എസ്.ടി. വിഭാഗക്കാർക്ക് അനുവദിക്കുന്ന ഫണ്ടുകളുടെ വിനിയോഗം

53 (3759) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എസ്.സി./എസ്.ടി. വിഭാഗക്കാർക്ക് അനുവദിക്കുന്ന ഫണ്ടുകൾ കൃത്യമായി ചെലവഴിക്കുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത ഫണ്ട് യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പിന്റെ ക്ഷേമ വികസന പദ്ധതികൾ ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളും വ്യവസ്ഥകളും പാലിച്ച് സമയബന്ധിതമായാണ് നടപ്പാക്കി വരുന്നത്. പ്രസ്തുത മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചാണ് പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. വകുപ്പ് വിവിധ തലങ്ങളിൽ നടത്തുന്ന പ്രതിമാസ അവലോകന യോഗങ്ങളിൽ ക്ഷേമ പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച പുരോഗതി വിലയിരുത്തപ്പെടുകയും പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്തുവരുന്നു. വകുപ്പിന്റെ ആഭ്യന്തര ആഡിറ്റ് വിഭാഗം വകുപ്പ് നടപ്പാക്കുന്ന എല്ലാ ക്ഷേമ പദ്ധതികളും വിശദമായി പരിശോധിക്കുകയും ന്യൂനത പരിഹാര നടപടികൾ നിർദ്ദേശിക്കുകയും ചെയ്തു വരുന്നു. ആഡിറ്റ് വിഭാഗം കാലാകാലങ്ങളിൽ സമർപ്പിക്കുന്ന റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ യഥാവിധി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. പട്ടികവർഗ്ഗക്കാർക്കായി പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരം ലഭിക്കുന്ന ഫണ്ട് അതത് വർഷം കൃത്യമായി ചെലവഴിക്കുന്നുണ്ടെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് വിലയിരുത്തുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും കാര്യക്ഷമത ഉറപ്പ് വരുത്തി പുരോഗതി വിലയിരുത്തുന്നതിനുമായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ അദ്ധ്യക്ഷനും ജനപ്രതിനിധികൾ അംഗങ്ങളുമായി വർക്കിംഗ് ഗ്രൂപ്പ് നിലവിലുണ്ട്. ജില്ലാതലത്തിൽ നടത്തുന്ന പദ്ധതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഈ കമ്മിറ്റി പദ്ധതികൾ പരിശോധിച്ച് യഥാസമയം പുരോഗതി വിലയിരുത്തി വരുന്നു. സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ മാസത്തിലൊരിക്കൽ വിവിധ വകുപ്പുകളുടെ പ്രാതിനിധ്യത്തോടെ പ്രധാന പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നുണ്ട്. കൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട വകുപ്പുമന്ത്രി എന്നിവരും പദ്ധതി പുരോഗതി വിലയിരുത്താറുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാനും ജോയിന്റ് ഡയറക്ടർ കൺവീനറും ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളായും രൂപീകരിച്ച കമ്മിറ്റി പദ്ധതി സംസ്ഥാന തലത്തിൽ വിലയിരുത്തുന്നുണ്ട്. പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതിക നേട്ടങ്ങൾ എല്ലാ മാസവും ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാവികസന സമിതി യോഗത്തിലും വിലയിരുത്തുന്നുണ്ട്. ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർ ജില്ലകളിൽ സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നു. ഫണ്ട് യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ വകുപ്പ് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ എല്ലാ വ്യക്തിഗത ആനുകൂല്യങ്ങളും അവരുടെ തന്നെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് മാറിനൽകുന്ന ഓൺലൈൻ സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ഇപ്രകാരം 13 പദ്ധതികളുടെ ഓൺലൈൻ സംവിധാനം നാഷണൽ ഇൻഫർമേഷൻ സെന്റർ, ന്യൂഡൽഹിയുടെ സഹായത്തോടെ പൂർത്തിയാക്കിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകൾ വകുപ്പിന്റെ ഡാറ്റാ ബേസിൽ നിന്നും വരുന്നതിനാൽ ബാങ്ക് അക്കൗണ്ട് നമ്പർ വ്യത്യാസം വരുത്തുവാൻ കഴിയുകയില്ല. ഓൺലൈൻ അപേക്ഷയോടൊപ്പം ഗുണഭോക്താവിന്റെ ബാങ്ക് പാസ് ബുക്കിന്റെ ഒന്നാം പേജിന്റെ ഫോട്ടോ കൂടി അപ്‌ലോഡ് ചെയ്യുന്നതിനാൽ യഥാർത്ഥ ഗുണഭോക്താവിനുതന്നെ ആനുകൂല്യം ലഭിക്കുന്നുവെന്ന് പി.ഒ./ടി.ഡി.ഒ./ടി.ഇ.ഒ.മാർ ഉറപ്പ് വരുത്തുന്നതാണ്. അപേക്ഷ സ്വീകരിക്കുമ്പോൾത്തന്നെ അവരുടെ ഫോണിലേയ്ക്ക് അപേക്ഷ സ്വീകരിച്ചതിന്റെ സന്ദേശം എസ്.എം.എസ്. മുഖേന ലഭിക്കും. പ്രൊമോട്ടർമാരുടെ സഹായത്തോടെ ഈ അപേക്ഷയുടെ നിലവിലെ സ്ഥിതിയും അപേക്ഷകന് അറിയാവുന്നതാണ്. തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുമ്പോൾത്തന്നെ അപേക്ഷകരുടെ ഫോണിലേയ്ക്കും എസ്.എം.എസ്. ലഭിക്കുന്നതാണ്. തുക ഗുണഭോക്താവിന് ലഭിച്ചുവെന്ന് ഉറപ്പുവരുത്തുന്നതിന് വകുപ്പിലെ പ്രൊമോട്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതാണ്.

## വികസന ഫണ്ട് തട്ടിപ്പ്

54 (3760) <u>ശ്രീ. സജീവ് ജോസഫ്:</u>

<u>ശ്രീ. സണ്ണി ജോസഫ്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗക്കാരുടെ വികസന ഫണ്ട് തട്ടിയെടുത്ത ഉദ്യോഗസ്ഥരിൽനിന്നും തുക തിരിച്ചുപിടിക്കുന്നതിന് പട്ടികജാതി പട്ടികഗോത്രവർഗ്ഗ കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുണ്ടോ?

നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) തട്ടിപ്പുനടത്തിയ ഉദ്യോഗസ്ഥർക്കെതിരെ പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ?

പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമത്തിലെ വകുപ്പുകൾ കൂട്ടിച്ചേർത്ത് അന്വേഷണം നടത്തുന്നതിലേയ്ക്കുള്ള നിയമവശം പരിശോധിച്ചുവരുന്നു.

(സി) വിവിധ പദ്ധതികളിലെ ആനുകൂല്യങ്ങൾ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

വിവിധ പദ്ധതികളിലെ ആനുകൂല്യങ്ങൾ ബിംസ് സോഫ്റ്റ്‌വെയറിലൂടെ ട്രഷറി മുഖേന ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തുവരുന്നു.

## മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ കോർപ്പസ് ഫണ്ട്

55 (3761) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഓരോ സാമ്പത്തികവർഷവും കോർപ്പസ് ഫണ്ട് ഇനത്തിൽ മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അനുവദിച്ച തുക എത്രയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത തുക വിനിയോഗിച്ച് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ;

&

(സി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയുടെ വിശദ വിവരം ലഭ്യമാക്കുമോ?

(എ-സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഓരോ സാമ്പത്തികവർഷവും കോർപ്പസ് ഫണ്ട് ഇനത്തിൽ മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് അനുവദിച്ച തുകയും പ്രവൃത്തികളുടെ വിശദാംശവും നിലവിലെ സ്ഥിതിയും അനുബന്ധം 1* ആയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അനുവദിച്ച തുകയും പ്രവൃത്തികളുടെ വിശദാംശവും അനുബന്ധം2 ആയും ചേർത്തിരിക്കുന്നു.*

## പട്ടികജാതി-പട്ടികവർഗ്ഗ ഗവേഷക വിദ്യാർത്ഥികൾക്കുള്ള ഫെലോഷിപ്പിന് പ്രായപരിധി

56 (3762) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ ഗവേഷക വിദ്യാർത്ഥികൾക്കുള്ള ഫെലോഷിപ്പ് 2020 കാലയളവിൽ എത്ര പേർക്ക് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2020 കാലയളവിൽ 181 പട്ടികജാതി ഗവേഷക വിദ്യാർത്ഥികൾക്ക് 3,31,01,582 രൂപ ഫെലോഷിപ്പായി അനുവദിച്ചിട്ടുണ്ട്. 2020-21 അദ്ധ്യയന വർഷത്തിൽ 16 പട്ടികവർഗ്ഗ ഗവേഷക വിദ്യാർത്ഥികൾക്കും ഫെലോഷിപ്പ് നൽകിയിട്ടുണ്ട്.

(ബി) നിലവിൽ പ്രസ്തുത ഫെലോഷിപ്പിന് മുപ്പത്തിയാറ് വയസ്സ് പ്രായപരിധി നിശ്ചയിച്ചിട്ടുള്ളതിനാൽ ഈ പ്രായപരിധി കഴിഞ്ഞ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട നിരവധി ഗവേഷക വിദ്യാർത്ഥികൾക്ക് ഫെലോഷിപ്പ് നിഷേധിക്കപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(സി) ഉണ്ടെങ്കിൽ പട്ടികജാതി പട്ടികവർഗ്ഗ പി.എച്ച്.ഡി. ഗവേഷക വിദ്യാർത്ഥികൾക്ക് ഫെലോഷിപ്പിനുവേണ്ടി ഉയർന്ന പ്രായപരിധി നിശ്ചയിക്കുകയോ പ്രായപരിധി ഇല്ലാതാക്കുകയോ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.പട്ടികവിഭാഗത്തിൽപ്പെട്ട ഗവേഷക വിദ്യാർത്ഥികൾക്ക് 2-7-2009-ലെ സ.ഉ(പി)നം.50/2009/പജപവവിവ. ഉത്തരവ് പ്രകാരം നിബന്ധനകൾക്ക് വിധേയമായാണ് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നത്. എന്നാൽ, ഗവേഷക വിദ്യാർത്ഥികൾക്ക് JRF ടെസ്റ്റിന് അപേക്ഷിക്കുന്നതിന് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് യു.ജി.സി. ഉയർന്ന പ്രായപരിധി 33 വയസ്സായി നിശ്ചയിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. അതിനാൽ ഗവേഷണ ബിരുദം നേടിയശേഷം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് ലഭിക്കാനിടയുള്ള തൊഴിൽ, പദവി എന്നിവകൂടി കണക്കിലെടുത്തുകൊണ്ട് യു.ജി.സി. ഫെലോഷിപ്പ് അനുവദിക്കുന്നതിന് ഉയർന്ന പ്രായപരിധി നിശ്ചയിക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

**പട്ടികജാതി/പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെ പ്രവർത്തനങ്ങൾ**

57 (3763) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ പ്രൊമോട്ടർമാർ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും പ്രവർത്തിക്കുന്നുണ്ടോ; ഇവരുടെ ഒഴിവുകൾ നികത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി പ്രൊമോട്ടർമാർ നിലവിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പ്രവർത്തിക്കുന്നില്ല. പ്രൊമോട്ടർമാരുടെ പുതിയ അപേക്ഷകൾ ക്ഷണിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. പട്ടികവർഗ്ഗക്കാർ അധിവസിക്കുന്ന മേഖലകൾ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിൽ പട്ടികവർഗ്ഗ പ്രൊമോട്ടർമാർ പ്രവർത്തിക്കുന്നുണ്ട്. ഒഴിവുകളുണ്ടാകുന്ന മുറയ്ക്ക് നിയമനം നടത്തിവരുന്നുണ്ട്.

(ബി) നിലവിലുള്ള ഇത്തരം പ്രൊമോട്ടർമാരുടെ പ്രവർത്തനം വിലയിരുത്താൻ എന്ത് നടപടികളാണ് സ്വീകരിക്കുന്നത്?

എല്ലാ ബുധനാഴ്ചകളിലും പട്ടികജാതി വികസന ഓഫീസർമാർ പട്ടികജാതി പ്രൊമോട്ടർമാരുടെ പ്രവർത്തനം വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെ ദൈനംദിന പ്രവർത്തനങ്ങൾ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരും അതിനുമുകളിൽ പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ തലത്തിലും വിലയിരുത്തി വരുന്നുണ്ട്. പ്രതിവാര, പ്രതിമാസ മീറ്റിംഗുകൾ, വർക്ക് ഡയറി പരിശോധന എന്നിവ മുഖേനയും ഇവരുടെ പ്രവർത്തനം വിലയിരുത്തുന്നുണ്ട്.

(സി) സേവന രംഗത്തെ ഇവരുടെ കാര്യശേഷി വർദ്ധിപ്പിക്കാൻ പ്രത്യേക പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

പട്ടികജാതി പ്രൊമോട്ടർമാർക്ക് കാര്യശേഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രത്യേക പരിശീലനം കിലയിൽ നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ പ്രൊമോട്ടർമാർക്ക് കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടികൾ നടത്തിവരുന്നുണ്ട്. ബോധവൽക്കരണ പരിപാടികളും സെമിനാറുകളും ആവശ്യം വരുന്ന സന്ദർഭങ്ങളിൽ നടത്തുന്നുണ്ട്.

(ഡി) കാലോചിതമായി ഇവരുടെ ഓണറേറിയം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

പട്ടികജാതി-പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെ ഓണറേറിയം കാലോചിതമായി പരിഷ്കരിക്കാറുണ്ട്. 2-12-2019-ലെ സ.ഉ(സാധാ)നം. 1322/2019/പ.ജ.പ.വ.വി.വ. ഉത്തരവ് പ്രകാരം പട്ടികജാതി പ്രൊമോട്ടർമാരുടെ ഓണറേറിയം 7,000 രൂപയിൽ നിന്നും 10,000 രൂപയായും 25-11-2019-ലെ സ.ഉ. (സാധാ)നം.1294/2019/ പജപവവിവ. ഉത്തരവ് പ്രകാരം പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെ ഓണറേറിയം 9,000 രൂപയിൽനിന്നും 12,500 രൂപയായും 1-9-2019-ലെ സ.ഉ. (സാധാ) നം.972/2019/ പ.ജ.പ.വ.വി.വ. ഉത്തരവ് പ്രകാരം പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെ യാത്രാബത്ത 625 രൂപയിൽ നിന്നും 1,000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

## പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലെ വാക്സിനേഷൻ

58 (3764) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾക്ക് പൂർണ്ണമായും വാക്സിനേഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി കോളനികളിൽ കോവിഡ് പ്രതിരോധ വാക്സിനേഷൻ നടപടികൾ പുരോഗമിച്ചുവരുന്നു. നിലവിൽ പൂർണ്ണമായും വാക്സിനേഷൻ നൽകിയ പട്ടികജാതി കോളനികൾ ഇല്ല. കോട്ടയം, ഇടുക്കി, എറണാകുളം, ജില്ലകളിലായി 32 പട്ടികവർഗ്ഗ കോളനികളിൽ പൂർണ്ണമായും വാക്സിനേഷൻ നൽകിയിട്ടുണ്ട്. എല്ലാ ജില്ലകളിലും 18 വയസിനുമുകളിൽ പ്രായമുള്ള എല്ലാ പട്ടികവർഗ്ഗക്കാർക്കും വാക്സിനേഷൻ നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്നവർക്ക് വാക്സിൻ രജിസ്ട്രേഷൻ ചെയ്യുന്നതുമായി ബന്ധപ്പെട്ട് പ്രസ്തുത വകുപ്പ് എന്തെല്ലാം സഹായങ്ങൾ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

വാക്സിൻ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പിന്റെ നിർദ്ദേശങ്ങൾ പ്രൊമോട്ടർമാർ വഴി പട്ടികജാതി സങ്കേതങ്ങളിലും നവ മാധ്യമങ്ങൾ വഴി പട്ടികജാതി വിഭാഗങ്ങൾക്കിടയിലും പ്രചാരണം നൽകുന്നതിനും, അവ കൃത്യമായി പാലിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പട്ടികജാതി പ്രൊമോട്ടർമാർ/പട്ടികജാതി വികസന ആഫീസർമാർ/ജില്ലാ പട്ടികജാതി വികസന ആഫീസർ, സ്പെഷ്യൽ ഡ്രൈവ് നടത്തി ടിയാളുകളെ വാക്സിനേഷൻ കേന്ദ്രങ്ങളിലേയ്ക്ക് മൊബിലൈസ് ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് എസ്.ടി. പ്രമോട്ടർമാർ, പഞ്ചായത്ത് തല ജാഗ്രതാ പോർട്ടൽ സമിതി, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഹായ കേന്ദ്രങ്ങൾ എന്നിവ മുഖേന വാക്സിനേഷൻ രജിസ്ട്രേഷൻ നടത്തിവരുന്നു. പട്ടികവർഗ്ഗ മേഖലകളിൽ വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുകയും സ്പോട്ട് രജിസ്ട്രേഷൻ നടത്തുകയും ചെയ്തുവരുന്നുണ്ട്. വാക്സിനേഷൻ ക്യാമ്പുകളിലേയ്ക്കുള്ള വാഹനസൗകര്യങ്ങളും വകുപ്പ് മുഖേന ലഭ്യമാക്കി നൽകുന്നുണ്ട്.

(സി) പ്രസ്തുത കോളനികൾക്ക് വാക്സിനേഷൻ നൽകുന്നതുസംബന്ധിച്ച് പ്രൊമോട്ടർമാർക്കും ആശാവർക്കർമാർക്കും എന്തൊക്കെ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന അർഹരായ മുഴുവൻ പേർക്കും വാക്സിൻ ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും അവർക്ക് ആവശ്യമായ ബോധവൽക്കരണം നൽകി വാക്സിനേഷൻ ക്യാമ്പുകളിൽ എത്തിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനും വാക്സിൻ രജിസ്ട്രേഷന് ആവശ്യമായ സഹായങ്ങൾ ചെയ്തുനൽകുന്നതിനും പ്രൊമോട്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ കോളനികളിലും സമയബന്ധിതമായി എത്തിച്ചേർന്ന് ആരോഗ്യവകുപ്പ് നിശ്ചയിച്ചിട്ടുള്ള പ്രായപരിധിയിലുള്ള പട്ടികവർഗ്ഗക്കാരെ വാക്സിനേഷൻ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട സെന്ററുകളിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള വാഹനത്തിൽ എത്തിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

**ധനസഹായം**

59 (3765) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കുടുംബങ്ങളിലെ ഏക വരുമാനദായകർ മരണമടഞ്ഞാൽ കുടുംബത്തിന് നൽകുന്ന ധനസഹായം രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിച്ചതിനുശേഷം എത്ര കുടുംബങ്ങൾക്ക് ആയത് നൽകിയെന്ന് വ്യക്തമാക്കുമോ?

വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ പ്രസ്തുത പദ്ധതി പ്രകാരം ധനസഹായം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്ക് നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

ധനസഹായം നൽകിയിട്ടുണ്ട്. ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ 19 പേർക്ക് വകുപ്പ് ധനസഹായം അനുവദിച്ചുനൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

20-9-2012-ലെ സ.ഉ. (കൈ) നം.128/2012/പ.ജ.പ.വ.വി.വ., 22-11-2018-ലെ സ.ഉ. (കൈ) നം.85/2018/പജപവവിവ, 26-6-2019-ലെ സ.ഉ. (സാധാ) നം.582/2019/പജപവവിവ. എന്നീ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ് പ്രസ്തുത ധനസഹായം അനുവദിക്കുന്നത്. ഉത്തരവുകൾ അനുബന്ധമായി ചേർക്കുന്നു*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കൊല്ലങ്കോട് കാർഷിക കോളേജ്

60 (3766) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പട്ടികജാതി വകുപ്പിനുകീഴിൽ കൊല്ലങ്കോട് ആരംഭിക്കാൻ പോകുന്ന കാർഷിക കോളേജിന്റെ പ്രവർത്തനങ്ങൾ ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കുമോ?

പാലക്കാട് നെന്മാറയിൽ കാർഷിക കോളേജ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കാർഷിക സർവ്വകലാശാല രജിസ്ട്രാറും കൃഷിവകുപ്പ് ഡയറക്ടറുമായി 25-6-2019-ന് കൂടിയ യോഗ നടപടി കുറിപ്പ് പ്രകാരം, നിർദ്ദിഷ്ട സ്ഥലങ്ങൾ പരിശോധന നടത്തി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിലേയ്ക്കായി വസ്തു സംബന്ധിച്ച വിവരങ്ങൾ Requisition Form II-ൽ ശേഖരിച്ച് ലഭ്യമാക്കാൻ കാർഷിക സർവ്വകലാശാല രജിസ്ട്രാറെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ കൊല്ലങ്കോട് എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റിന്റെ അധീനതയിലുള്ള പ്രസ്തുത ഭൂസ്വത്തുക്കൾ, ലോൺ എടുത്തതുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കൈവശത്തിലാണെന്ന് കാർഷിക സർവ്വകലാശാല രജിസ്ട്രാർ അറിയിച്ചിരുന്നു. അതോടൊപ്പം കൊല്ലങ്കോട് എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റ്, 'സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ' 6.7 കോടി രൂപയുടെ defaulter ആയിട്ടുള്ളതിനാൽ സർഫാസി ആക്ട് പ്രകാരം ടി സ്ഥാപനത്തിന്റെ കൈവശ ഉടമസ്ഥാവകാശം എസ്.ബി.ഐ.യിൽ നിക്ഷിപ്തമായിട്ടുള്ളതായി എസ്.ബി.ഐ. എറണാകുളം റിക്കവറി ബ്രാഞ്ച് അറിയിച്ചിട്ടുണ്ടെന്നും കാർഷിക സർവ്വകലാശാല രജിസ്ട്രാർ അറിയിച്ചിരുന്നു. മേൽ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) കഴിഞ്ഞ സർക്കാരിന്റെ അവസാന ബഡ്ജറ്റിൽ കൊല്ലങ്കോട് കാർഷിക കോളേജിന് എത്ര തുകയാണ് വകയിരുത്തിയതെന്ന് വിശദമാക്കുമോ?

പ്രത്യേക സ്കീമായി തുക വകയിരുത്തിയിരുന്നില്ല.

(സി) കോളേജുകൾ ഒന്നുംതന്നെയില്ലാത്ത നെന്മാറ നിയോജക മണ്ഡലത്തിലുള്ള ഈ കോളേജിന്റെ പ്രവർത്തനം എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഭൂമി ഏറ്റെടുക്കുന്നതിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് കോളേജിന്റെ നിർമ്മാണവും പ്രവർത്തനവും സംബന്ധിച്ച വിഷയം പരിശോധിക്കുന്നതാണ്.

## തളികക്കല്ല് പട്ടികവർഗ്ഗ കോളനിയിലേയ്ക്കുള്ള റോഡിന്റെ അവസ്ഥ

61 (3767) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ നിയോജകമണ്ഡലത്തിലെ വണ്ടാഴി പഞ്ചായത്തിലെ തളികക്കല്ല് പട്ടികവർഗ്ഗ കോളനിയിലേയ്ക്കുള്ള റോഡിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

തളികക്കല്ല് കോളനിയിലേയ്ക്കുള്ള റോഡിന്റെ പ്രവൃത്തി 4.5 കിലോമീറ്റർ പൂർത്തീകരിക്കേണ്ടതിൽ 3.985 കിലോമീറ്റർ നബാർഡ് പദ്ധതിയിൽ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 515 മീറ്ററും അധികമായി 175 മീറ്ററും ഉൾപ്പെടുത്തി അപ്രോച്ച് റോഡ്, 23 മീറ്റർ പാലം എന്നീ പ്രവൃത്തികൾ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം മുഖേന നടപ്പിലാക്കി വരുന്നുണ്ട്. പാലത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ചു. 536 മീറ്റർ റോഡും പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 154 മീറ്റർ റോഡ് കോൺക്രീറ്റ് ചെയ്യാനുണ്ട്. 2021 ആഗസ്റ്റ് അവസാനത്തോടെ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ട് നടപടികൾ പുരോഗമിച്ചുവരുന്നു.

## തിരുവനന്തപുരം നഗരസഭയിലെ പട്ടികജാതി ക്ഷേമ ഫണ്ട് തട്ടിപ്പ്

62 (3768) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയിലെ പട്ടികജാതി ക്ഷേമ ഫണ്ട് തട്ടിപ്പിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

&

(ബി) ഇതുസംബന്ധിച്ച അന്വേഷണം ഏത് ഘട്ടത്തിലാണ്; എത്ര പ്രതികളെ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞു എന്നറിയിക്കാമോ?

തിരുവനന്തപുരം നഗരസഭ പട്ടികജാതി വികസന ഓഫീസ് മുഖേന 2016-19 കാലയളവിൽ നടപ്പിലാക്കിയ വകുപ്പിന്റെ വിവാഹ ധനസഹായം, പഠനമുറി എന്നീ പദ്ധതികളുമായി ബന്ധപ്പെട്ട് സാമ്പത്തിക ക്രമക്കേട് നടത്തിയിട്ടുള്ളതായി

കണ്ടെത്തിയിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം 224/2021, ക്രൈം 240/21 ആയി രണ്ട് കേസുകൾ രജിസ്റ്റർ ചെയ്ത് സിറ്റി ബ്രാഞ്ച് അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ അന്വേഷണം നടത്തിവരുന്നു. ക്രൈം 224/21 നമ്പർ കേസിലെ 2 പ്രതികളിൽ 1-ാം പ്രതി ജുഡീഷ്യൽ കസ്റ്റഡിയിലാണ്. 2-ാം പ്രതിക്ക് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുൻകൂർ ജാമ്യം നൽകിയിട്ടുണ്ട്. ക്രൈം 240/21 നമ്പർ കേസിൽ 11 പ്രതികളിൽ 1-ാം പ്രതി ജുഡീഷ്യൽ കസ്റ്റഡിയിലാണ്. 2, 3, 6, 7, 10-ാം നമ്പർ പ്രതികളെ അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിട്ടയച്ചിട്ടുള്ളതും 4, 5, 8, 9, 11 പ്രതികൾക്ക് മുൻകൂർ ജാമ്യം ലഭിച്ചിട്ടുള്ളതുമാകുന്നു. പ്രസ്തുത ഫണ്ട് തട്ടിപ്പുമായി ബന്ധപ്പെട്ട് പ്രഥമദൃഷ്ട്യാ കുറ്റക്കാരായി കണ്ടെത്തിയ തിരുവനന്തപുരം നഗരസഭാ പട്ടികജാതി വികസന ഓഫീസിലെ സീനിയർ ക്ലർക്കുമാരായ ശ്രീ.രാഹുൽ ആർ.യു, ശ്രീമതി പൂർണ്ണിമ ബി. പി. എന്നിവരെയും ക്രമക്കേടുനടന്ന കാലയളവിൽ തിരുവനന്തപുരം കോർപ്പറേഷനിൽ പട്ടികജാതി വികസന ഓഫീസർമാരായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. എസ്. ആർ. മനോജ്, ശ്രീ. പ്രജിത്ത് ലാൽ എസ്. എന്നിവരെയും അന്വേഷണ വിധേയമായി സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. ടി വിഷയത്തിന്മേൽ സമഗ്രമായ അന്വേഷണം നടത്തുന്നതിന് വിജിലൻസ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## വെങ്ങാനൂരിലെ അയ്യൻകാളി സ്മാരകം

63 (3769) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വെങ്ങാനൂരിലെ അയ്യൻകാളി സ്മാരകത്തിൽ ലൈബ്രറി, ഗവേഷണ കേന്ദ്രം, ഡിജിറ്റൽ മ്യൂസിയം, ലാൻഡ്സ്കേപ്പിംഗ്, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തി ദേശീയ നിലവാരത്തിലുള്ള സ്മാരകമായി ഉയർത്താൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

തിരുവനന്തപുരം ജില്ലയിൽ വെങ്ങാനൂരിൽ 'ചിത്രകൂടം' എന്ന പേരിൽ സ്ഥാപിച്ചിട്ടുള്ള മഹാത്മാ അയ്യൻകാളിയുടെ സ്മരണാർത്ഥമുള്ള സ്മാരകം മോടിപിടിപ്പിക്കുന്നതിന് എം.എൽ.എ.-യുടെ പ്രത്യേക വികസന പദ്ധതിയിൽ (എസ്.ഡി.എഫ്) നിന്ന് ഫണ്ട് അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകണമെന്ന് അഭ്യർത്ഥിച്ച് ശ്രീ. എം. വിൻസെന്റ് എം.എൽ.എ.-യുടെ 15-6-2020-ലെ കത്ത് സർക്കാരിൽ ലഭിച്ചു. 29-12-2017-ലെ സ. ഉ. (പി) നമ്പർ. 161/2017/ധന. എന്ന ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളതിൻ പ്രകാരം എം.എൽ.എ.-

മാരുടെ പേരിലുള്ള പ്രത്യേക വികസന പദ്ധതിയുടെ (എസ്.ഡി.എഫ്.) നടത്തിപ്പ് ചുമതല അതത് ജില്ലാ കളക്ടർമാർക്കായതിനാൽ മുൻപറഞ്ഞ വിഷയത്തിൽ അടിയന്തര നടപടി സ്വീകരിക്കുന്നതിനായി പ്രസ്തുത പ്രൊപ്പോസൽ സാംസ്കാരികകാര്യ വകുപ്പിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് 17-2-2021-ൽ കൈമാറിയിട്ടുണ്ട്. ചരിത്ര പ്രാധാന്യമുള്ള അയ്യൻകാളി സ്മാരകം സംരക്ഷിക്കുന്ന കാര്യം സർക്കാർ ആലോചിക്കും. ആവശ്യമായ പ്രവർത്തനങ്ങൾ നടത്താനുള്ള നിയമപരമായ സാധ്യത സാംസ്കാരിക വകുപ്പ് അടിയന്തരമായി ആലോചിക്കും.

## കയ്പമംഗലം നിയോജകമണ്ഡലത്തിലെ അംബേദ്കർ സ്വാശ്രയ ഗ്രാമപദ്ധതി

64 (3770) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജകമണ്ഡലത്തിൽ അംബേദ്കർ സ്വാശ്രയ ഗ്രാമ പദ്ധതി പ്രകാരമുള്ള പട്ടികജാതി കോളനി നവീകരണത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മന്ദഗതിയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ അത് അതിവേഗത്തിലാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

കല്ലുംപുറം പൊരിബസാർ കോളനിയിലെ പ്രവൃത്തികൾ ആഗസ്റ്റ് 30-നുള്ളിലും ഐ.എച്ച്.ഡി.പി. ചാമക്കാല കോളനിയിലെ പ്രവൃത്തികൾ സെപ്റ്റംബർ 30-നുള്ളിലും തീർക്കുന്നതിന് നിർമ്മിതി കേന്ദ്രത്തിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ലഭിച്ച അപേക്ഷകൾ

65 (3771) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ഏറനാട് നിയോജകമണ്ഡലത്തിൽനിന്ന് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ചികിത്സാ സഹായം,

വിദ്യാഭ്യാസ സഹായം എന്നിവയ്ക്കായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

മുൻ സർക്കാരിന്റെ കാലത്ത് ഏറനാട് നിയോജകമണ്ഡലത്തിൽ നിന്ന് പട്ടികജാതി വികസന വകുപ്പിൽ ചികിത്സാ ധനസഹായത്തിനായി 693 അപേക്ഷകളും വിദ്യാഭ്യാസാനുകൂല്യത്തിനായി 2570 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിൽ ചികിത്സാ ധനസഹായത്തിനായി 2710 അപേക്ഷകളും വിദ്യാഭ്യാസാനുകൂല്യത്തിനായി 210 അപേക്ഷകളും ലഭിച്ചിട്ടുണ്ട്.

(ബി) അവയിൽ എത്ര അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്; സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

പട്ടികജാതി വിഭാഗത്തിൽ അർഹതയുള്ള 671 അപേക്ഷകർക്ക് ചികിത്സാ ധനസഹായവും, 2495 പേർക്ക് വിദ്യാഭ്യാസാനുകൂല്യവും നൽകുകയുണ്ടായി. പട്ടികവർഗ്ഗ വികസന വകുപ്പിൽ എല്ലാ അപേക്ഷകളിലും അർഹമായ ആനുകൂല്യം അനുവദിച്ച് നൽകിയിട്ടുണ്ട്.

## മലപ്പുറം മണ്ഡലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയുള്ള പ്രവൃത്തികൾ

66 (3772) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിൽ 2018-19 സാമ്പത്തിക വർഷം മുതൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് അനുമതി നൽകിയ പ്രവൃത്തികളുടെ പേര്, തുക എന്നിവയുടെ വിശദാംശം വർഷാടിസ്ഥാനത്തിൽ നൽകാമോ?

മലപ്പുറം നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ കോളനികൾ നിലവിലില്ലാത്തതിനാൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന പ്രവൃത്തികളൊന്നും നടപ്പിലാക്കിയിട്ടില്ല. പട്ടികജാതി വികസന വകുപ്പ് അനുമതി നൽകിയ പ്രവൃത്തികളുടെ പേര്, തുക എന്നിവയുടെ വിശദാംശം വർഷാടിസ്ഥാനത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

പട്ടികജാതി വകുപ്പിലെ ഓരോ പ്രവൃത്തിയുടെയും നിലവിലെ പുരോഗതി അനുബന്ധമായി ചേർത്തിരിക്കുന്നു*.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മണലൂർ നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

67 (3773) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം മണലൂർ നിയോജകമണ്ഡലത്തിലെ ചൂണ്ടൽ പഞ്ചായത്തിലെ പെരുമല പട്ടികജാതി കോളനിക്ക് ഒരു കോടി രൂപ അനുവദിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കോളനിക്കായി അനുവദിച്ച തുക ഉപയോഗിച്ച് പ്രവൃത്തികൾ നടപ്പാക്കാൻ ഇതുവരെ സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

&

(സി) പട്ടികജാതി കുടുംബങ്ങളുടെ ഉന്നമനത്തിനായി അനുവദിച്ച ഈ പദ്ധതി കൊച്ചിൻ ദേവസ്വം വകുപ്പുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി 1 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അഡ്വാൻസായി 50 ലക്ഷം രൂപ വകുപ്പിൽനിന്ന് അനുവദിക്കുകയും ചെയ്തു. കമ്മ്യൂണിറ്റി ഹാൾ, കോൺക്രീറ്റ് റോഡ്, കുടിവെള്ള വിതരണ പൈപ്പ് ലൈൻ, വാട്ടർടാങ്ക് എന്നീ നിർമ്മാണ പ്രവൃത്തികളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതിലേയ്ക്ക് സ്വകാര്യ വ്യക്തികൾ വിട്ടുനൽകാമെന്ന് അറിയിച്ചിരുന്ന ഭൂമി സാങ്കേതിക കാരണങ്ങളാൽ പഞ്ചായത്തിന് ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല. കുടിവെള്ള പദ്ധതിക്കായി വിട്ടുതരണമെന്ന് അറിയിച്ച ഭൂമി കൊച്ചിൻ ദേവസ്വം ബോർഡും വിട്ടുതന്നിട്ടില്ല. ആയതിനാൽ ടി പദ്ധതി റദ്ദ് ചെയ്യുകയും റെയിൽവേസ്റ്റേഷൻ, പാരിക്കാട് കോളനികൾക്കായി തുക മാറ്റിവയ്ക്കുകയും ചെയ്തു.

## തിരുനാരായണപുരം പട്ടികജാതി കോളനിയിലെ വിജ്ഞാൻവാടി

68 (3774) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ നിയോജകമണ്ഡലത്തിലെ തിരുനാരായണപുരം പട്ടികജാതി കോളനിയിൽ സർക്കാർ സ്ഥാപിച്ചിട്ടുള്ള വിജ്ഞാൻവാടിയുടെ പ്രവർത്തനം മതിയായ കമ്പ്യൂട്ടറുകളുടെയും പ്രിന്ററുകളുടെയും അനുബന്ധ സാധനങ്ങളുടെയും

അഭാവത്തിൽ തടസ്സപ്പെട്ടിരിക്കുന്നത് ബന്ധപ്പെട്ട ഓഫീസർമാരെ അറിയിച്ചിട്ടും പ്രശ്നപരിഹാരം കാണാത്തത് സംബന്ധിച്ച് പരിശോധന നടത്തി വിജ്ഞാൻവാടിയുടെ പ്രവർത്തനം പൂർവ്വസ്ഥിതിയിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

&

(ബി) ജനങ്ങൾക്ക് ഏറെ പ്രയോജനപ്രദമായ ഈ വിജ്ഞാൻവാടിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഇന്റർനെറ്റ് കണക്ഷനുള്ള കമ്പ്യൂട്ടറുകളും പ്രിന്ററുകളും മറ്റനുബന്ധ സാധനങ്ങളും ലഭ്യമാക്കി വിജ്ഞാൻവാടിയുടെ പ്രവർത്തനം പൂർവ്വ സ്ഥിതിയിലാക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു. കുട്ടികൾക്ക് ഓൺലൈൻ ക്ലാസ് സൗകര്യം ഒരുക്കുന്നതിനായി പ്രസ്തുത വിജ്ഞാൻവാടിയിൽ ടെലിവിഷൻ സ്ഥാപിച്ചിട്ടുണ്ട്.

(സി) പ്രസ്തുത വിജ്ഞാൻവാടിയുടെ പ്രവർത്തനം നിലച്ചതുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചിട്ടും ഇതുസംബന്ധിച്ച് പരിശോധന നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

പരിശോധിച്ച് ആവശ്യമെന്ന് കണ്ടെത്തുന്ന പക്ഷം നടപടി സ്വീകരിക്കുന്നതാണ്.

**ഇടമലയാർ ട്രൈബൽ ഹോസ്റ്റൽ**

69 (3775) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇടമലയാർ ട്രൈബൽ ഹോസ്റ്റൽ ക്യാമ്പിലുള്ള ആദിവാസി കുടുംബങ്ങളുടെ പുനരധിവാസത്തിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിൽ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ അരേക്കാപ്പ് കോളനിയിൽ നിലവിൽ താമസിക്കുന്ന 45 കുടുംബങ്ങളിൽ 6 കുടുംബങ്ങളും, അവരുടെ ബന്ധുക്കളായ 4 കുടുംബങ്ങളും മാത്രമാണ് എറണാകുളം ജില്ലയിലെ ഇടമലയാർ ഡാമിന് സമീപം വനമേഖല കയ്യേറി കുടിൽ കെട്ടുന്നത് വനം വകുപ്പ് തടഞ്ഞതിനെ തുടർന്ന് താത്ക്കാലികമായി ഇടമലയാർ പ്രീമെട്രിക്

ഹോസ്റ്റലിൽ താമസിക്കുന്നത്. ഇവർക്ക് അരേക്കാപ്പ് കോളനിയിൽ വനാവകാശ നിയമപ്രകാരം കൈവശരേഖ ലഭിച്ച 1 ഹെക്ടർ മുതൽ 3.50 ഹെക്ടർ വരെ ഭൂമിക്ക് പകരം എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിൽ താളംകണ്ടം - വൈശാലിമേട് എന്ന സ്ഥലത്ത് ഭൂമി നൽകണമെന്നാവശ്യപ്പെട്ടാണ് ഭൂമി കയ്യേറാൻ ശ്രമിച്ചത്. അരേക്കാപ്പിൽത്തന്നെ താമസിക്കുന്ന ബാക്കി കുടുംബങ്ങൾക്ക് ഈ സ്ഥലം ഉപേക്ഷിച്ച് പോകാൻ താല്പര്യമില്ലെന്നാണ് അറിയിച്ചിട്ടുള്ളത്. നിലവിൽ അരേക്കാപ്പ് കോളനിയിൽ താമസിക്കുന്ന കുടുംബങ്ങൾ അവിടെ നല്ല രീതിയിൽ കൃഷി ചെയ്ത് വരുമാനം ഉണ്ടാക്കുന്നുണ്ട്. ഇപ്പോൾ ഇടമലയാറിൽ താമസിക്കുന്ന കുടുംബങ്ങൾ ഉപേക്ഷിച്ച പോയ ഭൂമിയിൽ രൂക്ഷമായ പ്രകൃതി ദുരന്തങ്ങൾ എന്തെങ്കിലും ഉണ്ടായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ടി കുടുംബങ്ങൾ ഇടമലയാറിൽ കുടിൽകെട്ടി താമസിക്കാനുദ്ദേശിച്ച സ്ഥലം ഒറ്റപ്പെട്ടതും പൊതുഗതാഗത സൗകര്യങ്ങളുള്ളിടത്തുനിന്നും 10 കി.മീ അധികം അകലെയുമാണ്. ഇവിടെ വന്യമൃഗശല്യം താരതമ്യേന കൂടുതലാകാൻ സാധ്യതയുണ്ട്. അതുകൊണ്ട് ഈ സ്ഥലത്തേക്കാൾ താരതമ്യേന സുരക്ഷിതവും കൃഷിയോഗ്യവുമായ സ്ഥലം അരേക്കാപ്പ് കോളനി തന്നെയാണ്. അരേക്കാപ്പ് കോളനിയിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതകൾ അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് പദ്ധതിയിലുൾപ്പെടുത്തി പരിഹരിക്കാവുന്നതാണ്. പ്രസ്തുത കുടുംബങ്ങളെ ഇടമലയാറിൽനിന്ന് അരേക്കാപ്പ് കോളനിയിൽ തിരികെ എത്തിക്കുന്നതിന് മൂവാറ്റുപുഴ, ചാലക്കുടി പട്ടികവർഗ്ഗ വികസന ഓഫീസർമാരും, റവന്യൂ, വനം വകുപ്പ് ഉദ്യോഗസ്ഥരും ഇവരുമായി നിരന്തരം ബന്ധപ്പെട്ട് വരുന്നുണ്ട്. മൂവാറ്റുപുഴ ആർ.ഡി.ഒ.-യുടെ നേതൃത്വത്തിൽ മൂവാറ്റുപുഴ, ചാലക്കുടി പട്ടികവർഗ്ഗ വികസന ഓഫീസർമാർ, കോതമംഗലം തഹസിൽദാർ, വനം, പോലീസ് ഉദ്യോഗസ്ഥർ എന്നിവരടങ്ങിയ സംഘം 22-7-2021-ന് ഇടമലയാറിൽ എത്തി ഇവരുമായി ചർച്ച ചെയ്യുകയും ഇവരുടെ ആവശ്യങ്ങൾ കേൾക്കുകയും ചെയ്തിട്ടുണ്ട്.

**കുണ്ടറ നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ**

70 (3776) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുണ്ടറ നിയോജകമണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ നിലവിൽ ഏതൊക്കെ പ്രവൃത്തികളാണ് നടന്നുകൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഭരണാനുമതി ലഭിച്ചിട്ടും

ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ, ടെൻഡർ ചെയ്തിട്ടുള്ള പ്രവൃത്തികൾ, എഗ്രിമെന്റ് ചെയ്തിട്ടുള്ള പ്രവൃത്തികൾ എന്നിങ്ങനെ തരം തിരിച്ച് വിവരം നൽകാമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധമായി ചേർക്കുന്നു*. കുണ്ടറ നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ കോളനികൾ നിലവിലില്ലാത്തതിനാൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന പ്രവൃത്തികളൊന്നും നടപ്പിലാക്കുന്നില്ല.

## പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ വികസനത്തിന് കേന്ദ്ര ഫണ്ട്

71 (3777) <u>ശ്രീ. പി. കെ. ബഷീർ:</u>
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u>
<u>ശ്രീ. കുറുക്കോളി മൊയ്തീൻ:</u>
<u>ശ്രീ. നജീബ് കാന്തപുരം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസനത്തിനായി കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് ഫണ്ട് അനുവദിച്ചു നൽകാറുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത ഫണ്ട് വിനിയോഗം സംസ്ഥാന സർക്കാർ വിലയിരുത്താറുണ്ടോ; സമൂഹത്തിലെ ഒരു നിശ്ചിതവിഭാഗത്തിന്റെ ഉന്നമനത്തിനായി നീക്കിവയ്ക്കുന്ന ഇത്തരത്തിലുള്ള ഫണ്ട് പ്രസ്തുത വിഭാഗങ്ങളിലേയ്ക്കെത്തുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പ്രസ്തുത ഫണ്ട് വിനിയോഗം സംസ്ഥാന സർക്കാർ വിലയിരുത്താറുണ്ട്. ശ്രദ്ധയിൽപ്പെട്ടിട്ടില്ല, പരിശോധിക്കുന്നതാണ്.

(സി) സുതാര്യമായ ഫണ്ട് വിനിയോഗത്തിനും അർഹരായ ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിനും നിലവിൽ സ്വീകരിച്ചുവരുന്ന നടപടികളും മാനദണ്ഡങ്ങളും വിശദമാക്കുമോ?

ഫണ്ട് വിനിയോഗത്തിനായി കേന്ദ്ര/സംസ്ഥാന സർക്കാരുകൾ പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് സുതാര്യമായി പദ്ധതി നിർവ്വഹണം നടത്തിവരുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഫണ്ട്

72 (3778) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി നീക്കിവച്ചിട്ടുള്ള ഫണ്ട് ലാപ്സായി പോകുന്നതോ, വകമാറ്റുന്നതോ, തിരിമറി നടത്തുന്നതോ ആയി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഫണ്ട് ലാപ്സായി പോകുന്നതോ വകമാറ്റുന്നതോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ അർഹരായ ഗുണഭോക്താക്കൾക്ക് ലഭ്യമാകേണ്ട ഫണ്ടിൽ ഒറ്റപ്പെട്ട തിരിമറികൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഇതിനെതിരെ സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വിശദമാക്കുമോ?

ടി വിഷയവുമായി ബന്ധപ്പെട്ട വകുപ്പ് ഉന്നതതല അന്വേഷണ സംഘത്തിന്റെ തുടരന്വേഷണത്തിൽ തിരുവനന്തപുരം നഗരസഭ പട്ടികജാതി വികസന ഓഫീസ് മുഖേന പട്ടികജാതി വിഭാഗക്കാർക്കുള്ള വിവിധ സാമ്പത്തിക വിതരണ പദ്ധതികളിൽ ക്രമക്കേടുകൾ നടന്നതിൽ ടി ഓഫീസിലെ മേലധികാരികളായിരുന്ന പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-I ഉദ്യോഗസ്ഥരായ ശ്രീ. പ്രജിത്ത് ലാൽ എസ്., ശ്രീ. മനോജ്. എസ്.ആർ. എന്നിവരുടെ ഭാഗത്തുനിന്നും ഗുരുതരമായി വീഴ്ച ഉണ്ടായതായി കണ്ടെത്തിയിരുന്നു. തുടർന്ന് ടിയാളുകളെ 19-4-21-ൽ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. ആയതിനോടൊപ്പം ടി വിഷയത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിന്റെ ഭാഗമായി 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ തിരുവനന്തപുരം നഗരസഭ പട്ടികജാതി വികസന ഓഫീസ് മുഖേന നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ സംബന്ധിച്ച് വിശദമായ പരിശോധന വകുപ്പ് ഓഡിറ്റ് വിഭാഗം മുഖേന നടത്തിവരുന്നു

(സി) പ്രസ്തുത ഫണ്ട് യഥാസമയം അർഹരിലെത്തിക്കാൻ നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിച്ചിട്ടുണ്ട്.

## സുതാര്യമായ പ്രവർത്തനം

73 (3779) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ വികസനത്തിനായി അനുവദിക്കുന്ന പണം വകമാറ്റി ചെലവഴിച്ചുവരുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ വികസനത്തിനായി അനുവദിക്കുന്ന പണം വകമാറ്റി ചെലവഴിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വികസനവകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതി പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും സുതാര്യമായി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പട്ടികജാതി വികസന വകുപ്പ് പദ്ധതി പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് വകുപ്പ് തലത്തിലും ജില്ലാ തലത്തിലും പ്രതിമാസ യോഗങ്ങൾ നടത്തി വികസന പദ്ധതികളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തുകയും പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്തുവരുന്നു. വകുപ്പിന്റെ ആഭ്യന്തര ആഡിറ്റ് വിഭാഗം വകുപ്പ് നടപ്പാക്കുന്ന എല്ലാ പദ്ധതികളും വിശദമായി പരിശോധിക്കുകയും ന്യൂനത പരിഹാര നടപടികൾ നിർദ്ദേശിക്കുകയും ചെയ്തുവരുന്നു. വിവിധ പദ്ധതികളിലെ ആനുകൂല്യങ്ങൾ BIMS സോഫ്റ്റ്‌വെയറിലൂടെ ട്രഷറി മുഖേന ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തുവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി, വകുപ്പ് സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിലുള്ള അവലോകനയോഗങ്ങൾ വഴി, പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാനായി രൂപീകരിച്ച കമ്മിറ്റി മുഖേനയും സംസ്ഥാനതലത്തിൽ പദ്ധതി പുരോഗതി വിലയിരുത്തുന്നു. അതത് ജില്ലാ കളക്ടർ അദ്ധ്യക്ഷനും ജനപ്രതിനിധികൾ അംഗങ്ങളുമായുള്ള വർക്കിംഗ് ഗ്രൂപ്പ് ജില്ലാ തലത്തിൽ പദ്ധതി പുരോഗതി വിലയിരുത്തുന്നു. വ്യക്തിഗത ആനുകൂല്യങ്ങൾ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് ലഭ്യമാക്കുന്നതിനായുള്ള ഓൺലൈൻ സംവിധാനം എൻ.ഐ.സി.-യുടെ സഹായത്തോടെ പൂർത്തിയാക്കിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകൾ വകുപ്പിന്റെ ഡാറ്റാ ബേസിൽ ശേഖരിച്ച്

സൂക്ഷിക്കുന്നതിനാൽ ബാങ്ക് അക്കൗണ്ട് നമ്പറുകൾ വ്യത്യാസപ്പെടുത്തുവാൻ സാധിക്കുകയില്ല. അപേക്ഷ സ്വീകരിക്കുന്നതുമുതൽ തുക ബാങ്ക് അക്കൗണ്ടിൽ സ്വീകരിക്കുന്നതുവരെയുള്ള വിവരം എസ്.എം.എസ്. മുഖേന ഗുണഭോക്താക്കളെ അറിയിക്കുന്നു.

(സി) പദ്ധതി നടത്തിപ്പിലെ അഴിമതികളും വീഴ്ചകളും അവസാനിപ്പിക്കുന്നതിനായി വകുപ്പിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ന്യൂനതകൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കാമോ; വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പ് പദ്ധതികൾ നടപ്പിലാക്കുന്ന ഓഫീസുകളിൽ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വകുപ്പുതലത്തിൽ ഓഡിറ്റിംഗും വിജിലൻസ് പരിശോധനകളും നടത്തിവരുന്നു. പദ്ധതികൾ അർഹരായ ഗുണഭോക്താക്കൾക്കുതന്നെയാണോ ലഭിക്കുന്നതെന്നത് പരിശോധിക്കുന്നതിന് കൃത്യമായ ഇടവേളകളിൽ ഉന്നതതല പരിശോധന ബന്ധപ്പെട്ട ഓഫീസുകളിൽ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് വ്യക്തിഗത ആനുകൂല്യങ്ങൾ പൂർണ്ണമായും ഓൺലൈനാക്കി പ്രവർത്തനക്ഷമതയും സുതാര്യതയും ഉറപ്പുവരുത്തുന്നതിനായി സോഫ്റ്റ്‌വെയർ വികസിപ്പിച്ചിട്ടുണ്ട്. ജില്ലാതലം മുതൽ സംസ്ഥാനതലം വരെയുള്ള കമ്മിറ്റികളുടെ മോണിറ്ററിംഗ് സംവിധാനത്തിലൂടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കിക്കൊണ്ട് പദ്ധതി നടപ്പാക്കിവരുന്നു. ഇതിനുപുറമേ വകുപ്പിന്റെ കീഴിൽത്തന്നെയുള്ള ഓഡിറ്റ് സംവിധാനം വഴി പദ്ധതികളുടെ ചെലവിനങ്ങളും കൃത്യമായി പരിശോധനാ വിധേയമാക്കുന്നു.

## വ്യക്തിഗത ആനുകൂല്യങ്ങളിലെ തട്ടിപ്പ്

74 (3780) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പട്ടികജാതി വിഭാഗക്കാർക്ക് ലഭിക്കേണ്ട വ്യക്തിഗത ആനുകൂല്യങ്ങൾ നൽകാതെ തട്ടിപ്പ് നടത്തിയതിന്റെ പേരിൽ നിലവിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ആകെ എത്ര ലക്ഷം രൂപയുടെ തട്ടിപ്പാണ് നടന്നിട്ടുള്ളത് എന്ന് അറിയിക്കാമോ?

ഈ സർക്കാർ നിലവിൽവന്നശേഷം പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് 2 പോലീസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രാഥമിക അന്വേഷണത്തിൽ ടി കേസുകളിലായി 55,36,444 രൂപയുടെ തട്ടിപ്പ് നടന്നിട്ടുണ്ട്.

## പഞ്ചായത്തുതല ഗ്രാമസഭ

75 (3781) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി ഊരുകൾക്ക് ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെടുന്ന ഒരു നിർവ്വാഹക സമിതി ഉണ്ടാക്കുവാൻ നടപടി സ്വീകരിക്കുമോ?

പങ്കാളിത്ത ആസൂത്രണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, നിലവിലുള്ള പരമ്പരാഗത ഊരുകൂട്ടങ്ങളിലേയ്ക്ക്, തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, എസ്.റ്റി. പ്രൊമോട്ടർമാർ എന്നിവരെ കൂടി ഉൾപ്പെടുത്തി ഊരുകൂട്ടങ്ങൾ നിയമപരമായി രൂപീകരിച്ചിട്ടുണ്ട്.

(ബി) പഞ്ചായത്തുതല ഗ്രാമസഭ രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

പട്ടികവർഗ്ഗ ഉപപദ്ധതി വിഭാവനം ചെയ്യുവാനും, ആസൂത്രണം ചെയ്യുന്നതിനും ഊരുതലത്തിലുള്ള ഊരുകൂട്ടങ്ങളെ ഗ്രാമസഭയ്ക്ക് തുല്യമായി പരിഗണിച്ചുവരുന്നുണ്ട്.

(സി) ആദിവാസി ഊരുകളിൽ നടക്കുന്ന എല്ലാ വികസന പ്രവർത്തനങ്ങളുടേയും സാമൂഹിക തെളിവെടുപ്പ് നടത്തുന്നതിനായി സോഷ്യൽ ഓഡിറ്റിംഗ് നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ആദിവാസി ഊരുകളിൽ നടക്കുന്ന എല്ലാ വികസന പ്രവർത്തനങ്ങളുടെയും സോഷ്യൽ ഓഡിറ്റിംഗ് നടത്തുവാൻ പാകത്തിൽ ഊരുകൂട്ടങ്ങളെ ശക്തിപ്പെടുത്തുന്നതിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## പട്ടുവം മോഡൽ റെസിഡൻഷ്യൽ സ്കൂൾ

76 (3782) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പട്ടുവം മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ എത്ര ക്ലാസുകൾ നിലവിലുണ്ടെന്നും എത്ര കുട്ടികൾ പഠിക്കുന്നുണ്ടെന്നും എത്ര അദ്ധ്യാപകർ നിലവിലുണ്ടെന്നും അറിയിക്കാമോ?

5-ാം ക്ലാസ് മുതൽ പ്ലസ് ടു ക്ലാസ് വരെ നിലവിലുണ്ട്. ടി സ്കൂളിൽ നിലവിൽ 164 കുട്ടികളും, 31 സ്ഥിരം അദ്ധ്യാപകരും 2 താത്ക്കാലിക അദ്ധ്യാപകരും ഉണ്ട്.

(ബി) പ്രസ്തുത സ്കൂളിൽ എല്ലാ വിദ്യാർത്ഥികൾക്കും ഓൺലൈൻ വിദ്യാഭ്യാസം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ടി സ്കൂളിൽ എല്ലാ വിദ്യാർത്ഥികൾക്കും ഓൺലൈൻ വിദ്യാഭ്യാസം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. മുഴുവൻ വിദ്യാർത്ഥികളും കൈറ്റ് വിക്ടേഴ്സ് ക്ലാസുകളിൽ പങ്കെടുക്കുന്നുണ്ട്. സ്റ്റാഫ് കൂട്ടായ്മ, എസ്.പി.സി., പ്രാദേശിക സംഘടനകൾ എന്നിവ വഴി 8 മൊബൈൽ ഫോണുകൾ ഏറ്റവും അർഹരായ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. മൊബൈൽ ഫോണുകൾ ഇല്ലാത്ത 15 കുട്ടികൾ ഒഴികെയുള്ളവർ അദ്ധ്യാപകർ നൽകുന്ന പിന്തുണാ ക്ലാസിൽ കൃത്യമായി പങ്കെടുക്കുന്നുണ്ട്. ടി 15 വിദ്യാർത്ഥികൾക്ക് മൊബൈൽ ഫോൺ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പട്ടുവം മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ അടിസ്ഥാനസൗകര്യ വികസനത്തിനായി എത്ര രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ?

6.74 കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത സ്കൂളിൽ ഇപ്പോൾ നടത്തേണ്ട പ്രധാനപ്പെട്ട അടിസ്ഥാനസൗകര്യ പ്രവൃത്തി ഏതാണ്; പ്രസ്തുത പ്രവൃത്തിക്ക് ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

പട്ടുവം മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ 4 സ്റ്റാഫ് ക്വാർട്ടേഴ്സുകൾ, ഹയർ സെക്കൻഡറി സ്കൂൾ എന്നിവയുടെ ഇലക്ട്രിക്കൽ വർക്ക്, സ്കൂൾ ക്യാമ്പസ്സിന്റെ ചുറ്റുമതിലിനുമുകളിലുള്ള കമ്പി വേലി, ഔട്ട് ഡോർ ഫിറ്റ്നസ്സ് യൂണിറ്റ് നവീകരണം, കുട്ടികളുടെ പാർക്ക് നിർമ്മാണം എന്നീ പ്രവൃത്തികൾ അടിയന്തരമായി നിർവ്വഹിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സ്ഥാപനത്തിലെ ഹയർ സെക്കൻഡറി സ്കൂൾ, സ്റ്റാഫ് ക്വാർട്ടേഴ്സുകൾ എന്നിവയുടെ ഇലക്ട്രിക്കൽ വർക്കുകൾ നിർവ്വഹിക്കുന്നതിനായുള്ള 8.72 ലക്ഷം രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

**പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിന് അനുവദിച്ച തുക**

77 (3783) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിന് ബഡ്ജറ്റിൽ അനുവദിച്ച വിഹിതവും ചെലവഴിച്ച തുകയുടെ വിശദവിവരവും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ബഡ്ജറ്റിൽ അനുവദിച്ച വിഹിതവും ചെലവഴിച്ച തുകയുടെ വിശദവിവരവും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:

പട്ടികജാതി വികസന വകുപ്പ്

(രൂപ കോടിയിൽ)

| വർഷം | ബഡ്ജറ്റ് വിഹിതം | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|
| 2016-17 | 54448.12 | 51957.42 | 95.43 |
| 2017-18 | 58113.06 | 51798.25 | 89.13 |
| 2018-19 | 56920.02 | 52208.115 | 91.72 |
| 2019-20 | 69991.54 | 43741.01 | 62.49 |
| 2020-21 | 63543.03 | 59509.42 | 93.65 |

പട്ടികവർഗ്ഗ വികസന വകുപ്പ്

(രൂപ കോടിയിൽ)

| വർഷം | ബഡ്ജറ്റ് വിഹിതം | ചെലവഴിച്ച തുക |
|---|---|---|
| 2016-17 | 1850.73 | 1578.65 |
| 2017-18 | 2002.679 | 1671.75 |
| 2018-19 | 1890.658 | 1461.10 |
| 2019-20 | 1958.61 | 1076.42 |
| 2020-21 | 1818.65 | 1720.29 |
| ആകെ | 9521.327 | 7508.21 |

(ബി) പ്രസ്തുത കാലയളവിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ബഡ്ജറ്റിൽ നീക്കിവച്ചിരുന്ന തുകയിൽ വ്യാപകമായ വെട്ടിക്കുറയ്ക്കൽ വരുത്തിയിട്ടുണ്ടോ; എങ്കിൽ ഓരോ വർഷവും വെട്ടിക്കുറച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ?

പട്ടികജാതി വികസന വകുപ്പ് പ്രസ്തുത കാലയളവിൽ പട്ടികജാതി വികസന വകുപ്പിൽ വെട്ടിക്കുറയ്ക്കൽ വരുത്തിയിട്ടില്ല. പട്ടികവർഗ്ഗ വികസന വകുപ്പ് 2018-19 സാമ്പത്തിക വർഷത്തിൽ കേരളം അഭിമുഖീകരിച്ച പ്രളയക്കെടുതിയെ തുടർന്ന് പട്ടികവർഗ്ഗ വികസന വകുപ്പിന് ലഭിച്ച സംസ്ഥാന വിഹിതമായ 587.12 കോടി രൂപയിൽ നിന്നും 14 പദ്ധതികളിൽ സേവിംഗ്സ് കണ്ടെത്തി 100.22 കോടി രൂപ വെട്ടിക്കുറച്ചിട്ടുണ്ട്.

**ദുരിതാശ്വാസ നിധി**

78 (3784) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് ആർക്കൊക്കെ സഹായങ്ങൾ അനുവദിക്കാറുണ്ടെന്ന് വ്യക്തമാക്കാമോ?

ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും പട്ടികജാതി വിഭാഗക്കാർക്കും പട്ടികവർഗ്ഗ വിഭാഗക്കാർക്കും ചികിത്സാ ധനസഹായം, ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബത്തിന് ധനസഹായം, തീപിടുത്തം, പ്രകൃതിക്ഷോഭം മുതലായവമൂലം വീട്, വസ്തുവകകൾ നഷ്ടമാകുന്നവർക്ക് ധനസഹായം എന്നിവ അനുവദിച്ചുവരുന്നുണ്ട്.

(ബി) ഏതെല്ലാം ആവശ്യങ്ങൾക്കുവേണ്ടിയാണ് സഹായം അനുവദിക്കാറുള്ളതെന്നും പരമാവധി നൽകുന്ന തുക എത്രയാണെന്നും വ്യക്തമാക്കാമോ?

മാരകരോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരും 1,00,000 രൂപയിൽ (ഒരു ലക്ഷം രൂപ മാത്രം) താഴെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം 50,000 രൂപ (അമ്പതിനായിരം രൂപ മാത്രം) വരെ ചികിത്സാ ധനസഹായം അനുവദിക്കുന്നുണ്ട്. ഹൃദയ ശസ്ത്രക്രിയ, ക്യാൻസർ, കിഡ്നി തകരാർ മുതലായ ഗുരുതരമായ രോഗങ്ങൾക്ക് പരമാവധി 1,00,000 രൂപ (ഒരു ലക്ഷം രൂപ മാത്രം) വരെ ആശുപത്രി മുഖാന്തരം നൽകിവരുന്നുണ്ട്. കുടുംബത്തിലെ ഒരു ലക്ഷം രൂപയിൽത്താഴെ വാർഷിക വരുമാനമുള്ള ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങൾക്ക് പരമാവധി 2,00,000 രൂപയും തീപിടുത്തംമൂലം വീട് നഷ്ടപ്പെടുക, പ്രകൃതിക്ഷോഭംമൂലം വസ്തുവകകൾക്ക് നഷ്ടമുണ്ടാകുക എന്നിവയ്ക്ക് 50,000 രൂപ വരെയും ധനസഹായം നൽകുന്നുണ്ട്. പട്ടികവർഗ്ഗ കുടുംബത്തിലെ വരുമാനദായകനായ വ്യക്തി രോഗംമൂലമോ അപകടംമൂലമോ മരണപ്പെട്ടാൽ അത്തരം കുടുംബങ്ങൾക്ക് 2,00,000 രൂപ ധനസഹായം അനുവദിക്കുന്നുണ്ട്. അപകടത്തെത്തുടർന്ന് ചികിത്സയിൽ കഴിയുകയാണെങ്കിൽ 25,000 രൂപ അടിയന്തര ചികിത്സാ ധനസഹായം അനുവദിക്കുന്നു. ക്യാൻസർ, ഹൃദയശസ്ത്രക്രിയ, വൃക്കമാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ

തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി ഒരു ലക്ഷം രൂപവരെ ധനസഹായം അനുവദിക്കുന്നു. മറ്റ് രോഗങ്ങൾക്ക് രോഗത്തിന്റെ തീവ്രതയനുസരിച്ച് 50,000 രൂപവരെ ചികിത്സാ സഹായം അനുവദിക്കുന്നു. തീപിടുത്തംമൂലം വീട് നഷ്ടപ്പെടുക, പ്രകൃതിക്ഷോഭംമൂലം വസ്തുവകകൾക്ക് നഷ്ടമുണ്ടാകുക, എന്നിവയ്ക്ക് 50,000 രൂപ വരെ ധനസഹായം അനുവദിക്കുന്നു.

(സി) സഹായം ലഭ്യമാക്കാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അപേക്ഷിക്കേണ്ട രീതി എങ്ങനെയാണെന്നും വ്യക്തമാക്കാമോ?

സഹായം ലഭ്യമാക്കാനുള്ള മാനദണ്ഡങ്ങളും അപേക്ഷിക്കേണ്ട രീതിയും അനുബന്ധമായി ചേർത്തിട്ടുണ്ട്*.

**പട്ടികവർഗ്ഗ കലാകാരന്മാർക്ക് പ്രോത്സാഹനം**

79 (3785) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാരുടെ തനതായ സാംസ്കാരിക പൈതൃകം കാത്തുസൂക്ഷിക്കുന്ന എഴുത്തുകാരുടെയും കലാകാരന്മാരുടെയും കഴിവുകളെ പരിപോഷിപ്പിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

&

(ബി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

പട്ടികവർഗ്ഗക്കാരുടെ തനതായ കലകൾ പരിപോഷിപ്പിക്കുന്നതിനും സാംസ്കാരിക പൈതൃകം കാത്തുസൂക്ഷിക്കുന്നതിനും 'ഗദ്ദിക' എന്ന പേരിൽ സാംസ്കാരിക പ്രദർശന വിപണന മേളകളും എഴുത്തുകാർക്ക് സാഹിത്യ ശില്പശാലകളും നടത്തിവരുന്നുണ്ട്. സാധാരണഗതിയിൽ എല്ലാ വർഷവും 2 ജില്ലകളിലാണ് ഗദ്ദിക സംഘടിപ്പിക്കുന്നത്. 2020 ജനുവരിയിൽ ഗദ്ദിക കണ്ണൂരിൽ സംഘടിപ്പിച്ചിരുന്നു. കോവിഡ്-19 രൂക്ഷമായതിനാൽ ഇതിനുശേഷം ഗദ്ദിക സംഘടിപ്പിച്ചിട്ടില്ല. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂൾ, ഹോസ്റ്റൽ എന്നിവിടങ്ങളിലെ വിദ്യാർത്ഥികളുടെ സംസ്ഥാനതല കലാമത്സരം സംഘടിപ്പിക്കുമ്പോൾ അതിൽ പട്ടികവർഗ്ഗക്കാരുടെ തനതായ പാരമ്പര്യകലകൾ ഒരു മത്സരയിനമായി ഉൾപ്പെടുത്തുന്നുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പട്ടികജാതി വിഭാഗങ്ങൾക്കുവേണ്ടി ആവിഷ്കരിക്കുന്ന പദ്ധതികൾ**

80 (3786) ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ യോഗ്യതയ്ക്കനുയോജ്യമായ തൊഴിലുകൾ കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് യോഗ്യതയ്ക്കനുയോജ്യമായ വിവിധ തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പദ്ധതികൾ വിവിധ ഏജൻസികൾ മുഖേന വകുപ്പ് നടപ്പിലാക്കിവരുന്നു. ടി പരിശീലന പദ്ധതികളിലൂടെ പഠനം പൂർത്തിയാക്കുന്നവർക്ക് വിദേശ രാജ്യത്തുൾപ്പെടെ തൊഴിൽ ലഭ്യമാകുന്നുണ്ട്. വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.-കൾ മുഖാന്തരം വിവിധ ട്രേഡുകളിൽ സാങ്കേതിക പരിശീലനം നൽകുകയും പ്രസ്തുത ഐ.ടി.ഐ.-കളിലെ വിവിധ ട്രേഡുകളിൽ പഠനം പൂർത്തിയാക്കുന്ന പട്ടികജാതി യുവതീയുവാക്കൾക്ക് തൊഴിൽ ലഭ്യമാകുകയും ചെയ്യുന്നുണ്ട്. പട്ടികജാതി യുവതീയുവാക്കൾക്ക് വിദേശത്ത് തൊഴിൽ തേടിപ്പോകുന്നതിനുള്ള യാത്രാ സംബന്ധമായ ചെലവുകൾക്കായി ഒരു ലക്ഷം രൂപ ധനസഹായം അനുവദിക്കുന്ന വിദേശ തൊഴിൽ ധനസഹായ പദ്ധതി വകുപ്പ് നടപ്പിലാക്കിവരുന്നു. കൂടാതെ വിവിധ ഏജൻസികൾ മുഖേന വകുപ്പ് നടപ്പിലാക്കുന്ന തൊഴിലധിഷ്ഠിത കോഴ്സുകളിൽ പഠനം പൂർത്തിയാക്കി വിദേശത്ത് പ്ലെയ്സ്മെന്റ് കരസ്ഥമാക്കുന്ന പട്ടികജാതി യുവജനങ്ങൾക്ക് വിസ/യാത്രാ സംബന്ധമായ ചെലവുകൾക്ക് ഒരു ലക്ഷം രൂപ അനുവദിച്ചുവരുന്നു.

(ബി) പട്ടികജാതി വിഭാഗങ്ങൾക്കുവേണ്ടി ആവിഷ്കരിക്കുന്ന പദ്ധതികളുടെ പ്രയോജനം പരമാവധി പേർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

പട്ടികജാതി വിഭാഗങ്ങൾക്കുവേണ്ടി ആവിഷ്കരിക്കുന്ന പദ്ധതികളുടെ പ്രയോജനം പരമാവധി പേർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുപുറമെ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ഗുണഭോക്താക്കളിലെത്തിക്കുന്നതിന് ദൃശ്യ-ശ്രവണ-അച്ചടി മാധ്യമങ്ങളിലൂടെയും ആധുനിക സാമൂഹ്യ മാധ്യമങ്ങളിലൂടെയും പ്രചാരണം നൽകിവരുന്നു. കൂടാതെ ഡയറക്ടറേറ്റ് തലത്തിൽ ഡെപ്യൂട്ടി ഡയറക്ടർ സൗത്ത് സോണിനെ ഇതിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

## പട്ടിക വിഭാഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾ

81(3787) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക വിഭാഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തുന്ന ഫണ്ടിന്റെ പകുതിയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന പ്രവണത പുനഃപരിശോധിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രവണത അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിശോധിക്കുന്നതാണ്.

(ബി) അമ്പത് ശതമാനം ഫണ്ട് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതുമൂലം യഥാസമയം ചെലവഴിക്കാതെയും ഇടനിലക്കാരുടെ ഇടപെടലും കാരണം പാഴായിപ്പോകുന്ന സാഹചര്യമുള്ളതായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന തുക പാഴായിപ്പോകുന്ന സാഹചര്യമില്ല. പരിശോധിക്കുന്നതാണ്.

(സി) എങ്കിൽ പട്ടിക വിഭാഗങ്ങൾക്കായി നീക്കിവയ്ക്കുന്ന തുകയുടെ എഴുപത്തിയഞ്ച് ശതമാനം വകുപ്പിന് നൽകാനും പരിപൂർണ്ണമായും അവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കുതന്നെ വിനിയോഗിക്കാനും നടപടി സ്വീകരിക്കുമോ?

പട്ടിക വിഭാഗങ്ങൾക്കായി നീക്കിവയ്ക്കുന്ന തുകയുടെ എഴുപത്തിയഞ്ച് ശതമാനം വകുപ്പിന് നൽകുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. പട്ടികവിഭാഗങ്ങൾക്ക് ബഡ്ജറ്റിൽ അനുവദിക്കുന്ന തുക അവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കുതന്നെ വിനിയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

## അനാഥരായ കുഞ്ഞുങ്ങൾക്ക് ധനസഹായം

82 (3788) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അനാഥരായ കുഞ്ഞുങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഇത്തരമൊരു പദ്ധതി നടപ്പിലാക്കുമോ?

ഉണ്ട്. സംസ്ഥാനത്തെ അനാഥരായ പട്ടികവർഗ്ഗ കുട്ടികളുടെ സംരക്ഷണം നടപ്പിലാക്കുന്ന 'കൈത്താങ്ങ് പദ്ധതി' 2013-14 വർഷം മുതൽ നടപ്പിലാക്കിവരുന്നു. അനാഥരായ കുട്ടികൾ, മാതാപിതാക്കളിൽ ഒരാൾ മരിച്ചുപോയതും മറ്റെയാൾ ഗുരുതര അസുഖത്തെത്തുടർന്ന് കുട്ടികളെ സംരക്ഷിക്കാൻ സാധിക്കാത്തതുമായവരുടെ കുട്ടികൾ എന്നിവരെ സംരക്ഷിക്കുന്നതിനായി പ്രതിമാസം 1500 രൂപവീതം ധനസഹായം നൽകിവരുന്നു. കുട്ടികളുടെ സംരക്ഷണ ചുമതലയുള്ള രക്ഷിതാക്കളുടെ അക്കൗണ്ടിൽ കുട്ടികൾക്ക് 18 വയസ്സ് തികയുന്നതുവരെ ടി ധനസഹായം അനുവദിച്ചുവരുന്നു.

**പട്ടികജാതി വിഭാഗക്കാർക്കുള്ള ക്ഷേമപദ്ധതികൾ**

83 (3789) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിനായി 2019-20 കാലയളവിൽ ഏതെല്ലാം പദ്ധതികൾക്ക് ഫണ്ട് അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ തരംതിരിച്ച് ലഭ്യമാക്കാമോ;

&

(സി) പ്രസ്തുത കാലയളവിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിനായി ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിന് സംസ്ഥാനത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്; ഓരോ പദ്ധതിക്കും അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പ് 2019-20 കാലയളവിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികളും അനുവദിച്ച തുകയും ചെലവഴിച്ച തുകയും പ്രസ്തുത കാലയളവിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.*

(ഡി) മേൽകാലയളവിൽ എസ്.സി. ഫണ്ട് ലാപ്സാകുകയോ പൂർണ്ണമായും ഉപയോഗിക്കാതിരിക്കുകയോ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. 2019-20 കാലയളവിൽ പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തൽ എന്ന പദ്ധതിക്ക് സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നുവെങ്കിലും കേന്ദ്രസർക്കാർ മേൽപദ്ധതി നിർത്തലാക്കിയ സാഹചര്യത്തിൽ ടി ശീർഷകത്തിൽ തുക ചെലവഴിച്ചിട്ടില്ല.

2. 2019-20 സാമ്പത്തിക വർഷം ലൈഫ് മിഷൻ പദ്ധതിക്കായി 400 കോടി രൂപ വകയിരുത്തിയിരുന്നു. എന്നാൽ പ്രസ്തുത സാമ്പത്തികവർഷം ലൈഫ് മിഷൻ ആവശ്യപ്പെട്ടത് 100 കോടി രൂപ മാത്രമാണ്. പ്രസ്തുത തുക അനുവദിക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നുവെങ്കിലും Ways & Means Clearance ലഭിക്കാത്തതിനാൽ ടി ശീർഷകത്തിൽ തുക ചെലവഴിക്കാൻ സാധിച്ചിട്ടില്ല.

3. പട്ടികജാതി-പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന് 2019-20 സാമ്പത്തികവർഷം 20 കോടി രൂപ വകയിരുത്തിയിട്ടുണ്ടായിരുന്നു. ഫെഡറേഷന് 20-7-2019-ലെ സർക്കാർ ഉത്തരവ് പ്രകാരം 1.85 കോടി രൂപ അനുവദിച്ചിരുന്നു. എന്നാൽ Ways & Means Clearance ലഭിക്കാത്തതിനാൽ ടി ശീർഷകത്തിൽ തുക ചെലവഴിക്കാൻ സാധിച്ചിട്ടില്ല. 2020-21 സാമ്പത്തിക വർഷം ബഡ്ജറ്റ് തുകയിൽനിന്നും ടി തുക മാറിനൽകിയിട്ടുണ്ട്.

4. 2019-20 സാമ്പത്തികവർഷം പൂൾഡ് ഫണ്ട് പ്രത്യേക പദ്ധതികൾക്കായി വിവിധ വകുപ്പുകളിൽനിന്നും അപേക്ഷ ക്ഷണിച്ചിരുന്നുവെങ്കിലും പര്യാപ്തമായ പ്രൊപ്പോസലുകൾ ലഭ്യമാകാത്തതിനാൽ ടി ശീർഷകത്തിൽ തുക ചെലവഴിക്കാൻ സാധിച്ചില്ല.

**പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി സാംസ്കാരിക നിലയം**

84 (3790) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാംസ്കാരികമായ വളർച്ചയ്ക്കും സർവ്വോന്മുഖമായ ഉന്നമനത്തിനുമുതകുന്ന കേന്ദ്രീകൃത സംവിധാനം തിരുവനന്തപുരത്ത് ഏകോപിപ്പിക്കുന്നതിനും അതിനായി ഒരു സാംസ്കാരിക നിലയം സ്ഥാപിക്കുന്നതിനും പദ്ധതിയുണ്ടോ;

&

(ബി) ഉണ്ടെങ്കിൽ എവിടെയെന്നും എന്നത്തേയ്ക്ക് നടപ്പാക്കുമെന്നും വ്യക്തമാക്കുമോ?

തിരുവനന്തപുരത്ത് പട്ടികവർഗ്ഗക്കാർക്കായി സാംസ്കാരിക നിലയം സ്ഥാപിക്കുന്നതിനുള്ള പദ്ധതി നിലവിലില്ല.

(സി) ഇല്ലെങ്കിൽ ഇത്തരമൊരു പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാംസ്കാരികമായ വളർച്ചയ്ക്കും ഉന്നമനത്തിനുമായി എറണാകുളത്ത് ഗോത്രവർഗ്ഗ സമുച്ചയം (ട്രൈബൽ കോംപ്ലക്സ്) സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനം കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്ക് ഒരു ജോലി പദ്ധതി

85 (3791) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്ക് ഒരു ജോലി എന്ന പദ്ധതിയിലുൾപ്പെടുത്തി ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്ക് ജോലി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

&

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വിശദമാക്കാമോ?

അത്തരത്തിൽ ഒരു പദ്ധതി നിലവിലില്ല.

## പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള പ്രത്യേക പാക്കേജ്

86 (3792) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് വ്യാപനംമൂലം തൊഴിൽ നഷ്ടപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് എന്തൊക്കെ സഹായങ്ങളാണ് വകുപ്പ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

പട്ടികവർഗ്ഗക്കാർക്ക് MGNREGS മുഖേന തൊഴിലും വരുമാനവും ഉറപ്പുവരുത്തുന്നതോടൊപ്പം നിർമ്മാണ മേഖലയിൽ പരിശീലനം ലഭിച്ച പട്ടികവർഗ്ഗ സ്വയംസഹായ സംഘങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വനവിഭവങ്ങൾ ശേഖരിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ആയതിന്റെ വിപണനം കണ്ടെത്തി വരുമാനം ലഭ്യമാക്കുന്നതിന് വനം വകുപ്പിന്റെ സഹായത്തോടുകൂടി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കോവിഡ് വ്യാപനംമൂലം തൊഴിൽ നഷ്ടപ്പെട്ട പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വകുപ്പുമുഖേന സഹായങ്ങൾ നൽകുന്ന പദ്ധതികളൊന്നുംതന്നെ നിലവിലില്ല.

(ബി) കോവിഡ് വ്യാപനംമൂലം പ്രസ്തുത വിഭാഗത്തിൽപ്പെട്ട എത്ര പേരാണ് മരണപ്പെട്ടിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

കോവിഡ് വ്യാപനംമൂലം പട്ടികജാതി വിഭാഗത്തിൽപ്പെട്ട 2009 പേർ മരണപ്പെട്ടു. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 309 |
| കൊല്ലം | 151 |
| പത്തനംതിട്ട | 103 |
| ആലപ്പുഴ | 234 |
| കോട്ടയം | 150 |
| ഇടുക്കി | 21 |
| എറണാകുളം | 151 |
| തൃശ്ശൂർ | 366 |
| പാലക്കാട് | 199 |
| മലപ്പുറം | 94 |
| കോഴിക്കോട് | 125 |
| വയനാട് | 5 |
| കണ്ണൂർ | 68 |
| കാസർഗോഡ് | 33 |
| **ആകെ** | **2009** |

പട്ടികവർഗ്ഗ വിഭാഗത്തിൽ കോവിഡ്-19 ബാധിച്ച് ഇതുവരെ 248 പേർ മരണപ്പെട്ടു. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 15 |
| കൊല്ലം | 2 |
| പത്തനംതിട്ട | 5 |
| ആലപ്പുഴ | 4 |
| കോട്ടയം | 17 |
| ഇടുക്കി | 35 |
| എറണാകുളം | 12 |
| തൃശ്ശൂർ | 3 |
| പാലക്കാട് | 32 |
| മലപ്പുറം | 4 |
| കോഴിക്കോട് | 4 |
| വയനാട് | 52 |
| കണ്ണൂർ | 22 |
| കാസർഗോഡ് | 41 |
| **ആകെ** | **248** |

(സി) ലോക്ഡൗൺമൂലം സാമ്പത്തികമായി പ്രയാസം അനുഭവിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ സഹായിക്കുന്നതിനുവേണ്ടി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

ലോക്ഡൗൺമൂലം സാമ്പത്തികമായി പ്രയാസം അനുഭവിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരെ സഹായിക്കുന്നതിനുവേണ്ടി പട്ടികജാതി വികസന വകുപ്പ് മുഖാന്തരം തദ്ദേശസ്ഥാപനങ്ങൾവഴി ചികിത്സാസൗകര്യം, ഭക്ഷണലഭ്യത എന്നിവ ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പുതിയ പദ്ധതികൾ നടപ്പിലാക്കുന്നത് പരിശോധിച്ചുവരുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ലോക്ഡൗൺമൂലമുണ്ടായ സാമ്പത്തിക പ്രയാസം നേരിടുന്നതിനായി നിലവിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഫുഡ് സപ്പോർട്ട് പദ്ധതിയും 60 വയസ്സിന് മുകളിലുള്ളവർക്ക് പോഷകാഹാര പദ്ധതിയും നടപ്പിലാക്കുന്നു. കൂടാതെ ആവശ്യമായ ചികിത്സാ സൗകര്യങ്ങളും നൽകുന്നു. മോഡൽ റെസിഡൻഷ്യൽ

സ്കൂൾ, ഹോസ്റ്റൽ എന്നിവിടങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലോക്ഡൗൺ കാലത്ത് സ്ഥാപനങ്ങളിലെത്താൻ സാധിക്കാത്തതിനാൽ അവരുടെ ഡയറ്ററി ചാർജ് പൂർണ്ണമായും രക്ഷകർത്താക്കളുടെ അക്കൗണ്ടിൽ നൽകിയിട്ടുണ്ട്.

## പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലെ വാക്സിനേഷൻ

87 (3793) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിൽ പൂർണ്ണമായും കോവിഡ്-19 പ്രതിരോധ വാക്സിനേഷൻ നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

പട്ടികജാതി കോളനികളിൽ കോവിഡ് പ്രതിരോധ വാക്സിനേഷൻ നടപടികൾ പുരോഗമിച്ചുവരുന്നു. നിലവിൽ പൂർണ്ണമായും വാക്സിനേഷൻ നൽകിയ പട്ടികജാതി കോളനികളില്ല. കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലായി 32 പട്ടികവർഗ്ഗ കോളനികളിൽ പൂർണ്ണമായും വാക്സിനേഷൻ നൽകിയിട്ടുണ്ട്. എല്ലാ ജില്ലകളിലും 18 വയസിനുമുകളിൽ പ്രായമുള്ള എല്ലാ പട്ടികവർഗ്ഗക്കാർക്കും വാക്സിനേഷൻ നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ വിഭാഗത്തിൽപ്പെട്ടവർക്ക് വാക്സിന്റെ രജിസ്ട്രേഷൻ ചെയ്യുന്നതിനായി എന്തൊക്കെ സേവനങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

വാക്സിൻ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ആരോഗ്യവകുപ്പിന്റെ നിർദ്ദേശങ്ങൾ പ്രൊമോട്ടർമാർവഴി പട്ടികജാതി സങ്കേതങ്ങളിലും നവമാധ്യമങ്ങൾ വഴി പട്ടികജാതി വിഭാഗങ്ങൾക്കിടയിലും പ്രചാരണം നൽകുന്നതിനും അവ കൃത്യമായി പാലിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പട്ടികജാതി പ്രൊമോട്ടർമാർ/പട്ടികജാതി വികസന ആഫീസർമാർ/ജില്ലാ പട്ടികജാതി വികസന ആഫീസർ, സ്പെഷ്യൽ ഡ്രൈവ് നടത്തി ടിയാളുകളെ വാക്സിനേഷൻ കേന്ദ്രങ്ങളിലേയ്ക്ക് മൊബിലൈസ് ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് എസ്.ടി. പ്രൊമോട്ടർമാർ, പഞ്ചായത്തുതല ജാഗ്രതാ പോർട്ടൽ സമിതി, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഹായ കേന്ദ്രങ്ങൾ എന്നിവ മുഖേന വാക്സിനേഷൻ രജിസ്ട്രേഷൻ നടത്തിവരുന്നു. പട്ടികവർഗ്ഗ മേഖലകളിൽ വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുകയും സ്പോട്ട് രജിസ്ട്രേഷൻ നടത്തുകയും ചെയ്തുവരുന്നുണ്ട്. വാക്സിനേഷൻ ക്യാമ്പുകളിലേയ്ക്കുള്ള വാഹന സൗകര്യങ്ങളും വകുപ്പുമുഖേന ലഭ്യമാക്കി നൽകുന്നുണ്ട്.

(സി) പ്രസ്തുത കോളനികളിൽ വാക്സിനേഷൻ നൽകുന്നതിന് പ്രൊമോട്ടർമാർക്കും ആശാവർക്കർമാർക്കും എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന അർഹരായ മുഴുവൻ പേർക്കും വാക്സിൻ ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും അവർക്കാവശ്യമായ ബോധവൽക്കരണം നൽകി വാക്സിനേഷൻ ക്യാമ്പുകളിലെത്തിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനും വാക്സിൻ രജിസ്ട്രേഷനാവശ്യമായ സഹായങ്ങൾ ചെയ്തുനൽകുന്നതിനും പ്രൊമോട്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ കോളനികളിലും സമയബന്ധിതമായി എത്തിച്ചേർന്ന് ആരോഗ്യവകുപ്പ് നിശ്ചയിച്ചിട്ടുള്ള പ്രായപരിധിയിലുള്ള പട്ടികവർഗ്ഗക്കാരെ വാക്സിനേഷൻ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട സെന്ററുകളിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള വാഹനത്തിൽ എത്തിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

**ആദിവാസി മേഖലയിൽ ഡിജിറ്റൽ ഉപകരണങ്ങളുടെ അഭാവം**

88 (3794) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആദിവാസി മേഖലയിൽ ഡിജിറ്റൽ ഉപകരണങ്ങളുടെ അഭാവം നേരിടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക് കൈവശമുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള എത്ര കുട്ടികളുണ്ടെന്ന് വ്യക്തമാക്കുമോ?

ആദിവാസി മേഖലയിൽ ഡിജിറ്റൽ ഉപകരണങ്ങളുടെ അഭാവം നേരിടുന്ന 43952 വിദ്യാർത്ഥികൾ നിലവിലുള്ളതായി കണക്കാക്കിയിട്ടുണ്ട്.

**അരൂർ മണ്ഡലത്തിലെ പദ്ധതികൾ**

89 (3795) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരൂർ മണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുവഴി നടപ്പിലാക്കുന്ന വിവിധ പദ്ധതികളെക്കുറിച്ച് വിശദീകരിക്കാമോ?

അരൂർ മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പുവഴി നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.* പട്ടികവർഗ്ഗ വികസന വകുപ്പ്, അരൂർ മണ്ഡലത്തിലെ പട്ടികവർഗ്ഗക്കാരായ ഗുണഭോക്താക്കൾക്കുവേണ്ടി ചുവടെ ചേർത്തിട്ടുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1) ഭക്ഷ്യ സഹായ പദ്ധതി

2) ജനനി ജന്മ രക്ഷ

3) വിവാഹ ധനസഹായം

4) മിശ്ര വിവാഹ ധനസഹായം

5) ചികിത്സ ധനസഹായം

6) ഗോത്ര വാത്സല്യ നിധി

കൂടാതെ ജില്ലാ /സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പുകൾ അംഗീകരിച്ച് അനുമതി നൽകുന്ന പദ്ധതികളും നടപ്പിലാക്കി വരുന്നു.

## മാര്യേജ് അസിസ്റ്റൻസ് സ്കീം

90 (3796) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഫോർ എസ്.സി./എസ്.ടി.-യിൽനിന്നും മാര്യേജ് അസിസ്റ്റൻസ് സ്കീമിലുൾപ്പെടുത്തി എത്രപേർക്ക് ഓരോവർഷവും ധനസഹായം നൽകുന്നുണ്ടെന്നറിയിക്കാമോ?

കേരള പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽനിന്നും മാര്യേജ് അസിസ്റ്റന്റ് സ്കീമിലുൾപ്പെടുത്തി കഴിഞ്ഞ പത്തുവർഷ കാലയളവിൽ 16241 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്.

(ബി) തൃശ്ശൂർ ജില്ലയിൽ പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി ഇതുവരെ നൽകിയ ധനസഹായത്തിന്റെ വിവരങ്ങൾ ലഭ്യമാക്കാമോ?

തൃശ്ശൂർ ജില്ലയിൽ പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി 1149 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) മഹിളാസമൃദ്ധി യോജന പദ്ധതിപ്രകാരം എസ്.സി. വനിതകൾക്ക് പുതിയ സംരംഭം തുടങ്ങുന്നതിന് എത്ര രൂപ അനുവദിച്ചിട്ടുണ്ട്; പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി തൃശ്ശൂർ ജില്ലയിൽ അനുവദിച്ച ധനസഹായത്തിന്റെ വിവരങ്ങൾ ലഭ്യമാക്കാമോ?

മഹിളാസമൃദ്ധി യോജന പദ്ധതിപ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് പുതിയ സംരംഭം തുടങ്ങുന്നതിനായി കഴിഞ്ഞ പത്തുവർഷക്കാലയളവിൽ 1046.57 ലക്ഷം രൂപ വായ്പയായി നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.*. പ്രസ്തുത പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ 26.10 ലക്ഷം രൂപയുടെ വായ്പ നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.*

**പട്ടികജാതി വിഭാഗങ്ങൾക്കുള്ള സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് സ്കീം**

91 (3797) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സംസ്ഥാന ആസൂത്രണ ബോർഡ് രൂപീകരിച്ച വർക്കിംഗ് ഗ്രൂപ്പ് ശിപാർശ ചെയ്തിരുന്ന പ്രകാരം പട്ടികജാതി വിഭാഗങ്ങളുടെ ആരോഗ്യ സുരക്ഷയ്ക്കുവേണ്ടി സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

പട്ടികജാതി വിഭാഗങ്ങളുടെ ആരോഗ്യ സുരക്ഷയ്ക്കുവേണ്ടി സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**പിന്നാക്കവിഭാഗ വികസന കോർപ്പറേഷൻ**

92 (3798) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്കവിഭാഗ വികസന കോർപ്പറേഷന്റെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

കേരള സംസ്ഥാന പിന്നാക്കവിഭാഗ വികസന കോർപ്പറേഷൻ 2020-21 സാമ്പത്തികവർഷം 73486 ഗുണഭോക്താക്കൾക്ക് 631 കോടി രൂപ വായ്പ വിതരണം ചെയ്തു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ കാലയളവിൽ 6296 പേർക്ക് 157 കോടി രൂപ സ്വയം തൊഴിൽ/ബിസിനസ്സ് വായ്പയായും 500 വിദ്യാർത്ഥികൾക്ക് 21 കോടി രൂപ വിദ്യാഭ്യാസ വായ്പയായും 57635 പേർക്ക് 241 കോടി രൂപ മൈക്രോ ക്രെഡിറ്റ് വായ്പയായും 2650 പേർക്ക് 50 കോടി രൂപ വിവാഹ വായ്പയായും 'എന്റെ വീട്' ഭവന നിർമ്മാണ വായ്പാ പദ്ധതി പ്രകാരം 330 പേർക്ക് 19 കോടി രൂപയും മറ്റ് പദ്ധതികൾപ്രകാരം 6075 ഗുണഭോക്താക്കൾക്ക് 141 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. സ്വയം തൊഴിൽ വായ്പയിൽ 85 പ്രവാസികൾക്ക് പ്രവാസ പുനരധിവാസ പദ്ധതിപ്രകാരം അനുവദിച്ച 5.55 കോടി രൂപയുടെ വായ്പകളും ഉൾപ്പെടുന്നു. വായ്പാ തിരിച്ചടവ് 2019-20 വർഷത്തെ 439 കോടി രൂപയിൽനിന്നും 459 കോടി രൂപയായി വർദ്ധിച്ചു. സാധാരണഗതിയിൽ ഏറ്റവും കൂടുതൽ തിരിച്ചടവുവരുന്ന മാർച്ച് മാസത്തിൽ കോവിഡ്-19 സൃഷ്ടിച്ച പ്രതിസന്ധി നിമിത്തം വായ്പാ തിരിച്ചടവ് ഗണ്യമായി കുറഞ്ഞിട്ടും ഈ നേട്ടം കൈവരിക്കുന്നതിന് കോർപ്പറേഷന് സാധിച്ചിട്ടുണ്ട്.

(ബി) വായ്പയും തിരിച്ചടവും തമ്മിലുള്ള അനുപാതം വിശദീകരിക്കാമോ?

2020-21 സാമ്പത്തികവർഷം പിന്നാക്കവിഭാഗ വികസന കോർപ്പറേഷൻ വിതരണം ചെയ്ത 631 കോടി രൂപയിൽ 459 കോടി രൂപ തിരിച്ചടവിനത്തിൽ ലഭിച്ചു. 2020-21 സാമ്പത്തിക വർഷാവസാനത്തിലെ Demand Collection Balance (DCB) പ്രകാരം ഗുണഭോക്താക്കളിൽ നിന്നുള്ള വായ്പാ തിരിച്ചടവ് നിരക്ക് 97.46 ശതമാനമാണ്.

(സി) കോർപ്പറേഷൻ കഴിഞ്ഞവർഷം പിന്നാക്കവിഭാഗത്തിലെ കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകിയിട്ടുണ്ടോ; അൺ എയ്ഡഡ് മേഖലയിലെ വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം നൽകുന്നുണ്ടോ; വിശദമാക്കാമോ?

പിന്നാക്കവിഭാഗ വികസന കോർപ്പറേഷൻ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകി വരുന്നില്ല. എന്നാൽ പ്രൊഫഷണൽ, ടെക്നിക്കൽ, വൊക്കേഷണൽ കോഴ്സുകൾ പഠിക്കുന്നതിന് 3 മുതൽ 6 ശതമാനം വരെ പലിശ നിരക്കിൽ വ്യവസ്ഥകൾക്ക് വിധേയമായി വിദ്യാഭ്യാസ വായ്പാ പദ്ധതി നടപ്പിലാക്കുന്നുണ്ട്.

**എന്റെ വീട് ഭവന പദ്ധതി**

93 (3799) <u>ശ്രീമതി കെ. കെ. രമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒ.ബി.സി. വിഭാഗങ്ങൾക്കായുള്ള 'എന്റെ വീട്' ഭവന പദ്ധതി ഇപ്പോൾ നിലവിലുണ്ടോയെന്ന് അറിയിക്കുമോ?

ഉണ്ട്.

(ബി) പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ;

&

(സി) പദ്ധതി മുഖേന വായ്പ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ?

ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്കുവേണ്ടിയുള്ളതാണ് "എന്റെ വീട്" ഭവന നിർമ്മാണ വായ്പാ പദ്ധതി. കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2 സ്കീമുകളിലായി പരമാവധി 10 ലക്ഷം രൂപയാണ് വായ്പയായി അനുവദിച്ചുവരുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കുടുംബ വാർഷിക വരുമാനം 1,20,000 രൂപയിൽ താഴെയാണെങ്കിൽ സ്കീം 1-ലുൾപ്പെടുത്തി പരമാവധി 5 ലക്ഷം രൂപ 7.5% പലിശ നിരക്കിലും കുടുംബ വാർഷിക വരുമാനം 1,20,000 മുകളിൽ 3 ലക്ഷം രൂപ വരെയാണെങ്കിൽ സ്കീം 2 പ്രകാരം പരമാവധി 10 ലക്ഷം രൂപ 8% പലിശ നിരക്കിലുമാണ് വായ്പയായി അനുവദിക്കുന്നത്. ഇതിനുപുറമേ വീട് നിർമ്മിക്കുന്ന വസ്തു പഞ്ചായത്ത് മേഖലയിലാണെങ്കിൽ കുറഞ്ഞത് 6 സെന്റും മുനിസിപ്പൽ/കോർപ്പറേഷൻ ഏരിയകളിലാണെങ്കിൽ കുറഞ്ഞത് 5 സെന്റും അനിവാര്യമാണ്. ടി വസ്തു ജാമ്യമായി സമർപ്പിക്കേണ്ടതുമാണ്. അപേക്ഷകന്റെ പ്രായപരിധി 18-55 വയസ്സിനിടയ്ക്കും സഹ അപേക്ഷകന് 18 വയസ്സിനുമുകളിലുമായിരിക്കണം.

[സഹ അപേക്ഷകർ:

1. ജീവിത പങ്കാളി/മകൻ/മകൾ/മാതാവ്/പിതാവ് (അതേ മുൻഗണനാക്രമം)

2. സഹോദരൻ/ സഹോദരി/ പിതാവ്/ മാതാവ്/ 18 വയസ്സിനുമുകളിൽ പ്രായമുള്ള കുട്ടികൾ (വിവാഹ മോചിതരുടെ കാര്യത്തിൽ)] ഭവനം നിർമ്മിക്കുന്ന വസ്തു അപേക്ഷകന്റെ/അപേക്ഷകന്റെയും സഹ അപേക്ഷകന്റെയും സംയുക്തമായ/ സഹ അപേക്ഷകന്റെ ഉടമസ്ഥതയിലുള്ളതായിരിക്കണം. കൂടാതെ അപേക്ഷകർക്കോ അവരുടെ ജീവിത പങ്കാളിക്കോ അവിവാഹിതരായ കുട്ടികൾക്കോ വാസയോഗ്യമായ ഭവനമുണ്ടാകാൻ പാടില്ല.

## വീരശൈവ വിഭാഗത്തിന് ഒ.ബി.സി. സർട്ടിഫിക്കറ്റ് നൽകാൻ നടപടി

94 (3800) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത പപ്പടനിർമ്മാണ തൊഴിലിലേർപ്പെട്ടിരിക്കുന്ന കുരുക്കൾ/ ഗുരുക്കൾ/ചെട്ടി/ചെട്ടിയാർ എന്നീ വിഭാഗത്തിന് വീരശൈവ ഒ.ബി.സി. സർട്ടിഫിക്കറ്റ് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; ഇതുസംബന്ധിച്ച് ഗസറ്റ് വിജ്ഞാപന നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

&

(ബി) കുരുക്കൾ/ഗുരുക്കൾ/ചെട്ടി/ചെട്ടിയാർ എന്നീ വിഭാഗക്കാരെ വീരശൈവ ഒ.ബി.സി.-യായി പരിഗണിക്കണമെന്ന് പിന്നാക്ക സമുദായ ക്ഷേമം സംബന്ധിച്ച നിയമസഭാ സമിതി (2016-2019)-യുടെ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശ പ്രകാരം സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

പരമ്പരാഗത പപ്പട നിർമ്മാണ തൊഴിലിലേർപ്പെട്ടിരിക്കുന്ന കുരുക്കൾ/ ഗുരുക്കൾ/ചെട്ടി/ചെട്ടിയാർ എന്നീ വീരശൈവയിലെ അവാന്തര വിഭാഗങ്ങൾക്ക് ഒ.ബി.സി. പദവി നൽകുന്ന വിഷയം പിന്നാക്കവിഭാഗ കമ്മീഷന്റെ 88/സി/2009/ കെ.എസ്.സി.ബി.സി. എന്ന ഫയലിൽ പരിശോധിച്ചുവരുന്നു. ഇതുസംബന്ധിച്ച് കമ്മീഷൻ നടത്തിവന്നിരുന്ന സിറ്റിംഗുകൾ 22-7-2021-ന് പൂർത്തിയായിട്ടുണ്ട്. ഉപദേശം സർക്കാരിൽ ലഭിച്ചിട്ടില്ല.

(സി) മുന്നാക്ക വിഭാഗത്തിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുടെ പട്ടികയിൽ പ്രസ്തുത വിഭാഗക്കാരെ ഉൾപ്പെടുത്തിയത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ നിലവിലുള്ള സംവരണേതര വിഭാഗങ്ങളുടെ പട്ടിക അംഗീകരിച്ച് 3-6-2021-ലെ സ.ഉ.(എം.എസ്) 114/2021/പൊ.ഭ.വ. പ്രകാരവും കൂടാതെ ടി പട്ടികയിൽ പിന്നീട് ശൈവവെള്ളാള (പാലക്കാട് ജില്ല ഒഴികെ) വിഭാഗത്തെ ഉൾപ്പെടുത്തിക്കൊണ്ടും ഉത്തരവായിരുന്നു. ടി പട്ടികയിൽ കുരുക്കൾ/ഗുരുക്കൾ/ചെട്ടിയാർ എന്നീ വിഭാഗങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ദേവസ്വം ബോർഡുകൾക്ക് സാമ്പത്തിക സഹായം**

95 (3801) ശ്രീ. വി. ജോയി:
ശ്രീ. എം. മുകേഷ്:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തികവർഷം വിവിധ ദേവസ്വം ബോർഡുകൾക്ക് നൽകിയ സാമ്പത്തികസഹായം എത്രയായിരുന്നെന്ന് അറിയിക്കാമോ; ക്ഷേത്രങ്ങളുടെ വരുമാനം സർക്കാർ വിനിയോഗിക്കുന്നുണ്ടെന്ന ആരോപണത്തിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ?

കോവിഡുമൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി നൽകിയ അധിക ധനസഹായമുൾപ്പെടെ കഴിഞ്ഞ സാമ്പത്തികവർഷം ദേവസ്വം ബോർഡുകൾക്ക് സർക്കാരിൽനിന്നും നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവിതാംകൂർ ദേവസ്വം ബോർഡ് | 90,40,00,000 |
| കൊച്ചിൻ ദേവസ്വം ബോർഡ് | 25,00,00,000 |
| മലബാർ ദേവസ്വം ബോർഡ് | 44,30,53,740 |
| കൂടൽമാണിക്യം ദേവസ്വം | 15,00,000 |

ക്ഷേത്രങ്ങളുടെ വരുമാനം സർക്കാർ ഖജനാവിലേയ്ക്ക് അടവാക്കപ്പെടുന്നില്ല.

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുൾപ്പെടെയുള്ള അബ്രാഹ്മണരെ ശാന്തിക്കാരായി നിയമിച്ച കഴിഞ്ഞ സർക്കാരിന്റെ പ്രക്രിയ തുടരുന്നുണ്ടോ; ശബരിമല മേൽശാന്തി നിയമനവുമായി ബന്ധപ്പെട്ടുയരുന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) ദേവസ്വം ബോർഡിനുകീഴിലെ വിവിധ ക്ഷേത്രഭരണ സമിതികളിലെ പ്രാതിനിധ്യം വർഗ്ഗീയത വളർത്താൻ ചില വ്യക്തികൾ ദുരുപയോഗം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ദേവസ്വം ബോർഡുകളിലെ മേൽശാന്തി നിയമനങ്ങൾ

96 (3802) ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ. ആദിത്യൻ v/s തിരുവിതാംകൂർ ദേവസ്വം ബോർഡ് കേസ്സിൽ 2002-ൽ സുപ്രീംകോടതി പുറപ്പെടുവിച്ച വിധി എല്ലാ ക്ഷേത്രങ്ങൾക്കും ബാധകമാണെന്ന നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ദേവസ്വം ബോർഡുകൾക്ക് എന്തെങ്കിലും നിർദ്ദേശങ്ങൾ അല്ലെങ്കിൽ സർക്കുലർ സർക്കാർ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ശാന്തി നിയമനം നടത്തുന്നത്.

(ബി) ശബരിമല, മാളികപ്പുറം ക്ഷേത്രങ്ങളിലെ മേൽശാന്തി തസ്തികയിലേയ്ക്ക് ഏതെങ്കിലും പ്രത്യേക കുടുംബങ്ങൾക്ക് കാരാൺമ/ഹെറിഡിറ്ററി അവകാശങ്ങൾ നിലനിൽക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

&

(സി) മലയാള ബ്രാഹ്മണൻ എന്നത് ഒരു പ്രത്യേക വർഗ്ഗമാണെന്ന നിലപാട് ഹൈക്കോടതിയിൽ തിരുവിതാംകൂർ ദേവസ്വം സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ഡി) ആദിത്യൻ v/s തിരുവിതാംകൂർ ദേവസ്വം ബോർഡ് കേസിലെ വിധി താല്ക്കാലിക ശാന്തിനിയമനങ്ങളിലുൾപ്പെടെ നടപ്പിലാക്കാൻ ഈ സർക്കാരിനും ദേവസ്വം ബോർഡുകൾക്കും ബാധ്യതയുണ്ടോയെന്ന് അറിയിക്കുമോ?

ആദിത്യൻ v/s തിരുവിതാംകൂർ ദേവസ്വം ബോർഡ് എന്ന കേസിലെ വിധിന്യായം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ബാധകമാക്കിയിട്ടുണ്ട്.

## ദേവസ്വം ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ

97 (3803) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാനും അഴിമതിയില്ലാതാക്കി സ്വയംപര്യാപ്തമാക്കാനുമായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

മലബാർ ദേവസ്വം ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നിലവിൽ മലബാർ ദേവസ്വം ബോർഡിന് ബാധകമായ നിയമം സമഗ്രമായി പരിഷ്കരിക്കുന്നതിനുമുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ മലബാർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള പല ക്ഷേത്രങ്ങളുടേയും ഉടമസ്ഥതയിലുള്ള ഭൂമിയിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ച് വാടകയ്ക്കുനൽകി വരുമാനം ആർജ്ജിച്ചുവരുന്നുണ്ട്. കൂടാതെ കൂടുതൽ സ്ഥലങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികളാരംഭിച്ചിട്ടുണ്ട്. കൂടൽമാണിക്യം ദേവസ്വം സ്വയംപര്യാപ്തമാക്കുന്നതിന്റെ ഭാഗമായി ദേവസ്വത്തിന്റെ ഭൂമിയിൽ മൂന്ന് നിലകളുള്ള സംഗമേശ്വര കോംപ്ലക്സ് നിർമ്മിച്ച് ഇതിനോടകം വാടകയ്ക്ക് നൽകിയിട്ടുണ്ട്. കൂടാതെ കൂടൽ മാണിക്യം ദേവസ്വത്തിന്റെ കീഴിൽ ഒഴിഞ്ഞുകിടക്കുന്ന ഭൂമികളിൽ വാണിജ്യ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് അഡ്മിനിസ്ട്രേറ്റർ അറിയിച്ചിട്ടുണ്ട്. ഗുരുവായൂർ ദേവസ്വത്തിൽ ഓൺലൈൻ അഡ്വാൻസ് ബുക്കിംഗ് വഴി ദർശനം ഏർപ്പെടുത്തിയതുമൂലം ദർശന സൗകര്യം ചെയ്തുകൊടുക്കുന്ന ഇടനിലക്കാരെ ഒഴിവാക്കാനും അതുവഴി അഴിമതിയില്ലാതാക്കാനും ഏറെക്കുറെ സാധിച്ചിട്ടുണ്ട്. ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ദേവസ്വം സ്ഥാപനങ്ങൾ, ക്ഷേത്രം എന്നിവിടങ്ങളിൽ കമ്പ്യൂട്ടറൈസേഷൻ നടത്തിയിട്ടുള്ളതിനാൽ ദേവസ്വത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ടെന്നും അഡ്മിനിസ്ട്രേറ്റർ അറിയിച്ചിട്ടുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡിലെ നിയമനങ്ങൾ സുതാര്യമാക്കുന്നതിന് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴിയാണ് നിയമനങ്ങൾ നടപ്പിലാക്കുന്നത്. ഷോപ്പിംഗ് കോംപ്ലക്സ് അടക്കം നിർമ്മിച്ചുകൊണ്ട് വഴിപാടിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ടെന്ന് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ അഴിമതിക്ക് വിധേയരാകുന്ന ജീവനക്കാർക്കെതിരെ കർശന നടപടികൾ കൈക്കൊണ്ടുവരുന്നു. കോവിഡ്-19 വ്യാപനം ക്ഷേത്രങ്ങളിൽനിന്നുള്ള വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ബോർഡിന്റെ കീഴിലുള്ള എല്ലാ ക്ഷേത്രങ്ങളെയും സ്വയംപര്യാപ്തമാക്കുന്നതിനും ക്ഷേത്രങ്ങളിൽ ഒരുതരത്തിലും വരുമാന ചോർച്ചയുണ്ടാകുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ബോർഡ് അറിയിച്ചിട്ടുണ്ട്. കടമുറികളിൽനിന്നും ചെറിയ രീതിയിലുള്ള വരുമാനം നിലവിൽ ലഭിക്കുന്നുണ്ടെങ്കിലും കെട്ടിട സമുച്ചയങ്ങൾ നിർമ്മിച്ച് ഫലപ്രദമായി വിനിയോഗിക്കുന്നതിന് പദ്ധതികൾ പരിഗണനയിലാണ്.

(ബി) കോവിഡ് വ്യാപനം എപ്രകാരം ആരാധനാലയങ്ങളുടെ വരുമാനത്തെയും വിശ്വാസികളെയും ബാധിച്ചുവെന്നും ഇത്തരത്തിലുള്ള പ്രശ്നങ്ങളുടെ പരിഹാരങ്ങൾക്കും അതോടൊപ്പം കൂടുതൽ വിശ്വാസികളെ ആരാധനകളിൽ പങ്കെടുപ്പിക്കുവാനും സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

കോവിഡ്-19 മഹാമാരിയുടെ ഭീഷണി ആരംഭിച്ച നാൾ മുതൽ ആരാധാനാലയങ്ങളിൽ പരിമിതമായ തോതിൽ കർശന നിയന്ത്രണങ്ങളോടെയാണ് ഭക്തജന പ്രവേശനം നടന്നുവരുന്നത്. ഭക്തജനങ്ങളുടെ വരവ് നിലച്ചതോടെ ക്ഷേത്രങ്ങളുടെ വരുമാനത്തിൽ ഗണ്യമായ തോതിൽ ഇടിവ് സംഭവിച്ചിട്ടുണ്ട്. ദൈനംദിന ചെലവുകൾക്കും ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നതിനും സാധിക്കാതെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ് ഭൂരിഭാഗം ക്ഷേത്രങ്ങളും. സ്ഥിരനിക്ഷേപങ്ങൾ പിൻവലിച്ചാണ് മിക്ക ദേവസ്വങ്ങളും നിത്യചെലവുകൾ നടത്തിക്കൊണ്ടുപോകുന്നത്. വഴിപാടുകളും നടവരവും തീരെ കുറഞ്ഞ ഈ സാഹചര്യത്തിൽ, ഓൺലൈൻ അഡ്വാൻസ് ബുക്കിംഗ് പ്രകാരം കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ദർശനത്തിനും വഴിപാടിനും ക്ഷേത്രങ്ങൾ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുമൂലം ഒരുപരിധിവരെ വിശ്വാസികളെ ക്ഷേത്രാരാധനകളിൽ പങ്കെടുപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ക്ഷേത്രവരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് മിക്ക ക്ഷേത്ര ജീവനക്കാർക്കും അതത് ദേവസ്വങ്ങൾ നിർദ്ദേശം നൽകിയിട്ടുണ്ട്.

## വരുമാനമില്ലാതായ ക്ഷേത്രങ്ങളെ സംരക്ഷിക്കാൻ നടപടി

98 (3804) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിമൂലം വരുമാനമില്ലാതായ ക്ഷേത്രങ്ങളെ സംരക്ഷിക്കാൻ സർക്കാർ സ്വീകരിക്കുന്ന നടപടികളെന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

&

(ബി) പ്രസ്തുത പശ്ചാത്തലത്തിൽ വരുമാനമില്ലാതായ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് സഹായം നൽകാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

കോവിഡുമൂലമുണ്ടായ സാമ്പത്തികപ്രതിസന്ധി മറികടക്കാൻ 2020-2021 സാമ്പത്തികവർഷം സംസ്ഥാനത്തെ ദേവസ്വം ബോർഡുകൾക്ക് സർക്കാർ സാമ്പത്തികസഹായം നൽകിയിട്ടുണ്ട്. അപ്രകാരം നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവിതാംകൂർ ദേവസ്വം ബോർഡ് | 90 കോടി രൂപ |
| കൊച്ചിൻ ദേവസ്വം ബോർഡ് | 25 കോടി രൂപ |
| മലബാർ ദേവസ്വം ബോർഡ് | 20 കോടി രൂപ |
| കൂടൽമാണിക്യം ദേവസ്വം | 15 ലക്ഷം രൂപ |

ഇതുകൂടാതെ തിരുവിതാംകൂർ ദേവസ്വം ബോർഡിന് ഈ സാമ്പത്തികവർഷം 10 കോടി രൂപകൂടി അനുവദിച്ച് നൽകുന്നതിനായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ പ്രഖ്യാപിച്ച സാമ്പത്തിക പാക്കേജ് പ്രകാരം സാമൂഹ്യസുരക്ഷ പെൻഷനോ വെൽഫെയർ ഫണ്ട് പെൻഷനോ ലഭിക്കാത്ത ബി.പി.എൽ., അന്ത്യോദയ അന്നയോജന കുടുംബത്തിന് 1000 രൂപ സാമ്പത്തികസഹായം നൽകാൻ സർക്കാർ പൊതുതീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ ക്ഷേത്രങ്ങളിലെ ജീവനക്കാർക്കായി പ്രത്യേക ധനസഹായം അനുവദിച്ചിട്ടില്ല. എന്നാൽ സ്വകാര്യക്ഷേത്രങ്ങളിലെ ജീവനക്കാർക്കും ക്ഷേത്രാരാധനയുമായി ബന്ധപ്പെട്ട വിവിധ തൊഴിലെടുക്കുന്നവർക്കുംവേണ്ടി ഒരു പ്രത്യേക ക്ഷേമനിധി ബോർഡ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**ദേവസ്വം ബോർഡുകളുടെ പ്രവർത്തനങ്ങൾ**

99 (3805) ശ്രീ. കെ. യു. ജനീഷ് കുമാർ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ദേവസ്വം ബോർഡുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും അഴിമതി മുക്തമാക്കുന്നതിനുമായി നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉണ്ട്. ദേവസ്വം ബോർഡുകളുടെ പ്രവർത്തനങ്ങൾ അഴിമതി മുക്തമാക്കുന്നതിന്റെ ഭാഗമായി പാരമ്പര്യ തസ്തികകൾ ഒഴികെയുള്ള എല്ലാ തസ്തികകളിലും കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡുവഴി നിയമനങ്ങൾ നടത്താനാരംഭിച്ചു. കൂടാതെ ശാന്തി നിയമനങ്ങളിൽ തുല്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി തിരുവിതാംകൂർ, കൊച്ചിൻ ദേവസ്വം ബോർഡുകളിലെ ക്ഷേത്രങ്ങളിൽ അബ്രാഹ്മണരെ ശാന്തിമാരായി നിയമിച്ചിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നിലവിലുള്ള മലബാർ ദേവസ്വം ബോർഡ് നിയമത്തിൽ സമഗ്രമായ പരിഷ്കരണം നടത്തുന്നതിനുതകുന്ന റിപ്പോർട്ട് സമർപ്പിക്കുന്നതിന് മൂന്നംഗ കമ്മിറ്റിയെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിയമിക്കുകയും പ്രസ്തുത കമ്മിറ്റി സർക്കാർ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിന്റെ

അടിസ്ഥാനത്തിൽ ജസ്റ്റിസ് കെ. ടി. തോമസ് അദ്ധ്യക്ഷനായ കേരളാ ലാ റിഫോംസ് കമ്മീഷൻ മലബാർ ഹിന്ദു റിലീജിയസ് ആൻഡ് ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷൻസ് ആക്ടിന്റെ കരട് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ദേവസ്വം ബോർഡുകളിൽ ഓൺലൈൻ സംവിധാനം ആരംഭിച്ചു. ഓഫീസ്, ക്ഷേത്രം, ഇതര സ്ഥാപനങ്ങൾ എന്നിവ കമ്പ്യൂട്ടർവത്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

(ബി) പ്രസ്തുത കാലയളവിൽ ഓരോ ദേവസ്വം ബോർഡിന്റെയും വിവിധ ആവശ്യങ്ങൾക്കായി നൽകിയ സാമ്പത്തിക സഹായത്തിന്റെ വിശദാംശം ലഭ്യമാക്കാമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) അതത് ദേവസ്വം ബോർഡുകളുടെ കീഴിൽവരുന്ന ക്ഷേത്രങ്ങളുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന പദ്ധതികൾ സംബന്ധിച്ച ചർച്ചകൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. വഴിപാടുകൾ ഓൺലൈൻ മുഖേനയാക്കുന്നതിനും കൂടാതെ ക്ഷേത്രങ്ങളിലെ വഴിപാടിതര വരുമാനങ്ങൾക്ക് മറ്റ് സ്രോതസ്സുകൾ കണ്ടെത്തുന്നതിനും 13-7-2021-ന് ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന ദേവസ്വം ബോർഡുകളുടെ സംയുക്ത യോഗത്തിൽ തീരുമാനമായിട്ടുണ്ട്.

## ദേവസ്വം ബോർഡിന്റെ സ്ഥലങ്ങൾ

100 (3806) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡുകളുടെ വെറുതെകിടക്കുന്ന സ്ഥലങ്ങൾ പ്രയോജനപ്പെടുത്തി വരുമാനം കണ്ടെത്താൻ നടപടി സ്വീകരിക്കുമോ?

ദേവസ്വം ബോർഡുകളുടെ നിലവിലെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ദേവസ്വം ബോർഡുകൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനുമായി 13-7-2021-ൽ ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ദേവസ്വം ബോർഡ് പ്രസിഡന്റുമാരുടെ യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ദേവസ്വം ബോർഡുകളുടെ പക്കൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ക്ഷേത്ര ആവശ്യങ്ങൾക്കായി പരമാവധി ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ദേവസ്വം ബോർഡുകളുടെ ഭൂമിയിൽ വാണിജ്യ ഉദ്ദേശ്യത്തോടുകൂടിയ കെട്ടിട സമുച്ചയവും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിച്ച് വരുമാനം കണ്ടെത്തുന്നതിനുള്ള പദ്ധതികൾ ദേവസ്വം ബോർഡുകൾ ആസൂത്രണം ചെയ്തുവരുന്നുണ്ട്. മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള പട്ടാമ്പി പടിഞ്ഞാറേമഠം ദേവസ്വം, ചാവക്കാട് ശ്രീ തൃത്തല്ലൂർ ദേവസ്വം, പട്ടാമ്പി ഓങ്ങല്ലൂർ തളിയിൽ ഗണപതി ക്ഷേത്രം, വളാഞ്ചേരി ശ്രീ തൊഴുവാനൂർ ഭഗവതി ക്ഷേത്രം, പുൽപ്പള്ളി സീതാദേവി ലവകുശ ക്ഷേത്രം, കോഴിക്കോട് കണ്ണഞ്ചേരി മഹാഗണപതി ക്ഷേത്രം, തളിപ്പറമ്പ് പയ്യാവൂർ ശിവക്ഷേത്രം തുടങ്ങിയ എതാനും ചില ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ച് വാടകയ്ക്ക് നൽകി വരുമാനം ആർജ്ജിച്ച് വരുന്നുണ്ട്. കൂടാതെ മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള കണ്ണൂർ ശ്രീ പിള്ളയാർ കോവിൽ ക്ഷേത്രം, കണ്ണൂർ കണ്ണാടിപറമ്പ് ശ്രീധർമ്മശാസ്ത ക്ഷേത്രം, തലശ്ശേരി തിരുവങ്ങാട് ശ്രീരാമസ്വാമി ക്ഷേത്രം, മാനന്തവാടി വള്ളിയൂർക്കാവ് ദേവസ്വം എന്നിവിടങ്ങളുമായി ബന്ധപ്പെട്ട് ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടൽമാണിക്യം ദേവസ്വത്തിന്റെ ഭൂമിയിൽ മൂന്ന് നിലകളുള്ള സംഗമേശ്വര കോംപ്ലക്സ് നിർമ്മിച്ച് വാടകയ്ക്ക് നൽകിയിട്ടുണ്ട്. കൂടൽമാണിക്യം ദേവസ്വത്തിന്റെ കീഴിലുള്ള മറ്റ് ഒഴിഞ്ഞുകിടക്കുന്ന ഭൂമികളിലും ഇത്തരത്തിൽ വാണിജ്യ ഉദ്ദേശ്യത്തോടുകൂടിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡും ഗുരുവായൂർ ദേവസ്വവും ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ഭൂമിയിൽ കെട്ടിട സമുച്ചയം നിർമ്മിച്ച് ഫലപ്രദമായി വിനിയോഗിക്കുന്നത് പരിഗണിക്കാവുന്നതാണെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡും അറിയിച്ചിട്ടുണ്ട്.

(ബി) തിരുവിതാംകൂർ, മലബാർ ദേവസ്വം ബോർഡുകളുടെ കീഴിൽ തരിശ് കിടക്കുന്ന ഭൂമി ഏതുരീതിയിൽ പ്രയോജനപ്പെടുത്താൻ കഴിയുമെന്നതിന് അതത് ദേവസ്വം ബോർഡുകൾ വിശദമായ പ്രൊപ്പോസൽ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പ്രൊപ്പോസലുകളൊന്നുംതന്നെ നൽകിയിട്ടില്ല.

(സി) പ്രസ്തുത തരിശ് ഭൂമിയിൽ പാട്ടകൃഷി നടത്താനുദ്ദേശിക്കുന്നുണ്ടോ; ഇത്തരം ഭൂമിയിൽ ഉദ്യാനകൃഷി നടപ്പാക്കാനുദ്ദേശമുണ്ടോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള തരിശ് ഭൂമിയിൽ അനുയോജ്യമായ വിളകളുൾപ്പെടെ കൃഷി ചെയ്യുന്നതിനായി 'ദേവഹരിതം' എന്ന പേരിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെന്നും തരിശ് ഭൂമിയിൽ പാട്ടകൃഷി നടത്തുവാൻ ഉദ്ദേശിക്കുന്നില്ലെന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങൾ സ്വതന്ത്ര യൂണിറ്റുകളായാണ് പ്രവർത്തിക്കുന്നത് എന്നതിനാൽ പ്രസ്തുത ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള തരിശ് ഭൂമിയിൽ പാട്ടകൃഷി നടത്തുന്നത് സംബന്ധിച്ചോ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ചോ മലബാർ ദേവസ്വം ബോർഡിന് തീരുമാനമെടുക്കുവാൻ കഴിയില്ല. എന്നിരുന്നാലും ബോർഡ് മുൻകയ്യെടുത്ത് ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള തരിശ് ഭൂമിയിൽ ഔഷധ സസ്യങ്ങൾ കൃഷി ചെയ്യുന്നതിനും നക്ഷത്രവനം ഒരുക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്.

(ഡി) ദേവസ്വം ബോർഡിനെ സ്വയംപര്യാപ്തമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

ദേവസ്വം ബോർഡുകളുടെ നിലവിലെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ദേവസ്വം ബോർഡുകൾ നേരിടുന്ന സാമ്പത്തികപ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനുമായി 13-7-2021-ൽ ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ദേവസ്വം ബോർഡ് പ്രസിഡന്റുമാരുടെ യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

## ദേവസ്വം ബോർഡുകൾക്ക് കീഴിലെ ക്ഷേത്രക്കുളങ്ങൾ നവീകരിക്കുന്നതിന് പദ്ധതി

101 (3807) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേവസ്വം ബോർഡുകൾക്കുകീഴിലുള്ള ജീർണ്ണാവസ്ഥയിലായ ക്ഷേത്രക്കുളങ്ങൾ നവീകരിച്ച് സംരക്ഷിക്കുന്നതിനുള്ള പദ്ധതിയിൽ ക്ഷേത്രക്കുളങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകൾ, കുളങ്ങൾ, ആൽത്തറകൾ എന്നിവയുടെ സംരക്ഷണത്തിനായി 2021-2022 ബഡ്ജറ്റിൽ ഒരു കോടി രൂപയാണ് വകയിരിത്തിയിരിക്കുന്നത്. ടി പദ്ധതിയിലുൾപ്പെടുന്നതിനായി 9-5-2014-ലെ സ.ഉ. (കയ്യെഴുത്ത്) നം. 185/2014-റവ. നമ്പർ ഉത്തരവ് (അനുബന്ധം-1),* 20-5-2017-ലെ 107/ദേവ. 2/2017/റവന്യൂ. നമ്പർ സർക്കുലർ (അനുബന്ധം-2)* എന്നിവ പ്രകാരം സർക്കാർ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കുന്ന കാവുകൾ, കുളങ്ങൾ, ആൽത്തറകൾ എന്നിവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ആവശ്യപ്പെടുന്നമുറയ്ക്ക് സർക്കാരിലേയ്ക്ക് ലഭ്യമാക്കുകയാണ് ചെയ്തുവരുന്നത്. ഇതോടൊപ്പം ക്ഷേത്രക്കുളങ്ങളും കാവുകളും നവീകരിക്കുന്നതിന്റെ ഭാഗമായി മറ്റ് വകുപ്പുകളുമായി ചേർന്ന് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലേയ്ക്കായി ദേവസ്വം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 29-7-2021-ൽ ഒരു മീറ്റിംഗ് കൂടിയിട്ടുമുണ്ട്.

(ബി) കൊച്ചി ദേവസ്വം ബോർഡിനുകീഴിലുള്ള പുതിയേടം ക്ഷേത്രക്കുളം നവീകരിച്ച് സംരക്ഷിക്കുന്നതിനുള്ള അപേക്ഷ/പദ്ധതി ദേവസ്വം ബോർഡിന്റെയോ സർക്കാരിന്റെയോ പരിഗണനയിലുണ്ടോ;

&

(സി) ഉണ്ടെങ്കിൽ അത് ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

പുതിയേടം ക്ഷേത്രക്കുളം നവീകരിക്കുന്നതിനായി ഡി.പി.ആർ. തയ്യാറാക്കുന്നതിന്റെ പ്രാരംഭഘട്ടത്തിലാണെന്ന് കൊച്ചിൻ ദേവസ്വം ബോർഡിൽനിന്നും അറിയിച്ചിട്ടുണ്ട്.

**തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങൾ**

102 (3808) <u>ശ്രീ. വി. ജോയി</u>:
<u>ശ്രീ. എം. മുകേഷ്</u>:
<u>ശ്രീമതി യു. പ്രതിഭ</u>:
<u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങൾ അവലോകനം നടത്തിയിട്ടുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ദേവസ്വം ബോർഡുകളുടെ നിലവിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുംവേണ്ടി 13-7-2021-ന് ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ദേവസ്വം ബോർഡ് പ്രസിഡന്റുമാരുടെ യോഗം ചേർന്നിരുന്നു.

(ബി) നിലവിൽ ബോർഡ് ഏറ്റെടുത്തുനടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങളെന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ക്ഷേത്രങ്ങളിൽ ആചാരപരമായ സൗകര്യങ്ങളൊരുക്കുക, ക്ഷേത്രങ്ങളിലെ അറ്റകുറ്റപ്പണികൾ നടത്തുക തുടങ്ങി വിശ്വാസികൾക്ക് (ശബരിമല തീർത്ഥാടകർക്കുൾപ്പെടെ) ക്ഷേത്രങ്ങളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കുക എന്നുള്ളത് ബോർഡിന്റെ പ്രധാന കർത്തവ്യമാണ്. ക്ഷേത്രങ്ങൾക്കുപുറമെ വിദ്യാഭ്യാസരംഗത്തും ഒരു കോർപ്പറേറ്റ് മാനേജ്മെന്റ് എന്നനിലയിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രവർത്തിച്ചുവരുന്നുണ്ട്. 4 എയ്ഡഡ് കോളേജുകൾ, 2 അൺ എയ്ഡഡ് കോളേജുകൾ, 26 സ്കൂളുകൾ എന്നിവ ബോർഡിന്റെ മാനേജ്മെന്റിൽ പ്രവർത്തിക്കുന്നു. ഇവിടങ്ങളിലെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് കൈക്കൊണ്ടുവരുന്നുണ്ട്. ഉദാഹരണമായി ഓൺലൈൻ പഠന സൗകര്യമില്ലാത്ത നിർദ്ധനരായ വിദ്യാർത്ഥികൾക്ക് ബോർഡിന്റെ ആഭിമുഖ്യത്തിൽ മൊബൈൽ ഫോണുകൾ വിതരണം ചെയ്യുകയുണ്ടായി.

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ പ്രവർത്തനങ്ങൾ ബോർഡ് വിലയിരുത്താറുണ്ടോ?

ഉണ്ട്.

(ഡി) ക്ഷേത്രജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും മുടങ്ങാതെ നൽകുന്നതിന് സാധിച്ചിട്ടുണ്ടോ; ഇതിനായി സർക്കാർ സഹായം ആവശ്യമായി വന്നിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. വാർഷിക വിഹിതം ഇനത്തിൽ 2019-2020, 2020-2021 സാമ്പത്തികവർഷങ്ങളിൽ 40 ലക്ഷം രൂപ വീതവും (ആകെ 80 ലക്ഷം) കോവിഡുമൂലവും മറ്റ് വിവിധ കാരണങ്ങളാലും തിരുവിതാംകൂർ ദേവസ്വം ബോർഡിനുണ്ടായ വരുമാനനഷ്ടം പരിഹരിക്കുന്നതിനായി 2019-2020, 2020-21 സാമ്പത്തിക വർഷങ്ങളിലായി ആകെ 120 കോടി രൂപ പ്രത്യേക ധനസഹായമായും സർക്കാരിൽനിന്നും തിരുവിതാംകൂർ ദേവസ്വം ബോർഡിന് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നതിനായി വിനിയോഗിച്ചിട്ടുണ്ട്.

(ഇ) ക്ഷേത്രങ്ങളുടെ പരിരക്ഷയും ക്ഷേത്രജീവനക്കാരുടെ സംരക്ഷണവും ക്ഷേമവും ഉറപ്പുവരുത്താൻ ബോർഡ് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്.

## ക്ഷേത്രജീവനക്കാരുടെ റിട്ടയർമെന്റ് പ്രായം

103 (3809) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ റിട്ടയർമെന്റ് പ്രായം ഇപ്പോൾ എത്രയാണെന്നും റിട്ടയർമെന്റ് ഒഴിവുകൾ നിലവിൽ എങ്ങനെയാണ് നികത്തുന്നതെന്നും വ്യക്തമാക്കാമോ?

മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളിലെ പാരമ്പര്യ തസ്തിക ഒഴികെയുള്ള തസ്തികകളിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം 65 വയസ്സാണ്. ഇപ്രകാരം വിരമിക്കൽ വഴിയുണ്ടാകുന്ന സ്ഥിരം/താല്ക്കാലിക ഒഴിവുകളിൽ പകരം നിയമനം നടത്തുന്നതിനുള്ള അധികാരം ഹിന്ദുമത ധർമ്മസ്ഥാപന നിയമം 1951 സെക്ഷൻ 48 പ്രകാരം അതാത് ക്ഷേത്രം ഭരണാധികാരികൾക്കാണ്. പാരമ്പര്യ തസ്തികകളിലുണ്ടാകുന്ന ഒഴിവുകൾ, ടി തസ്തികയുടെ പാരമ്പര്യ അവകാശം അനുസരിച്ച് കൈമാറ്റം ചെയ്യപ്പെടുകയാണ് ചെയ്യുന്നത്. പാരമ്പര്യ/പാരമ്പര്യേതര തസ്തികകളിൽ ട്രസ്റ്റിമാർ നടത്തുന്ന നിയമനങ്ങളിലെ നടപടിക്രമങ്ങളിലെ സുതാര്യത പരിശോധിച്ച് നിയമനം അംഗീകരിക്കുന്ന നടപടി മാത്രമാണ് നിലവിൽ മലബാർ ദേവസ്വം ബോർഡിനുള്ളത്.

## ചക്കുളത്തുകാവ് ദേവി ക്ഷേത്രം

104 (3810) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രമായ ചക്കുളത്തുകാവ് ദേവിക്ഷേത്രത്തിൽ എത്തിച്ചേരുന്ന ഭക്തജനങ്ങൾക്ക് കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ക്ഷേത്രപരിസരം ഒരു ടൗൺഷിപ്പ് ആക്കുന്നതിന് നടപടികളുണ്ടാകുമോ;

&

(സി) ചക്കുളത്തുകാവ് പൊങ്കാലയോടനുബന്ധിച്ച് കൂടുതൽ സൗകര്യങ്ങൾ മുൻകൂട്ടി ഒരുക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(എ-സി) ചക്കുളത്തുകാവ് ക്ഷേത്രം സ്വകാര്യ ട്രസ്റ്റിനുകീഴിലുള്ള ക്ഷേത്രമാകയാൽ തിരുവിതാംകൂർ ദേവസ്വം ബോർഡിൽനിന്നും പൊങ്കാല മഹോത്സവത്തിനായി ക്രമീകരണങ്ങളൊന്നുംതന്നെ നടത്തുന്നില്ല. പൊങ്കാല മഹോത്സവത്തോടനുബന്ധിച്ച് പ്രദേശത്തെ ക്രമസമാധാന പരിപാലനവും പൊതുജന സുരക്ഷയും ഉറപ്പുവരുത്തുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളെ ഉൾക്കൊള്ളിച്ച് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ യോഗം ചേർന്നാണ് ആവശ്യമായ ക്രമീകരണങ്ങൾ നടത്തിവരുന്നത്. ക്ഷേത്ര പരിസരം ടൗൺഷിപ്പ് ആക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

### തൃക്കൊടിത്താനം മഹാദേവ ക്ഷേത്രം

105 (3811) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചപാണ്ഡവ ക്ഷേത്രങ്ങളിലൊന്നായ തൃക്കൊടിത്താനം മഹാദേവ ക്ഷേത്രത്തിന്റെ ആയിരം വർഷം പഴക്കമുള്ളതായി കരുതപ്പെടുന്ന ചുറ്റുമതിലിന്റെ ഒരുഭാഗം ഇടിഞ്ഞുപോയിട്ടുള്ളത് പുനർനിർമ്മിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. പഞ്ചപാണ്ഡവ ക്ഷേത്രങ്ങളിലൊന്നായ തൃക്കൊടിത്താനം മഹാവിഷ്ണു ക്ഷേത്രത്തിലെ ചുറ്റുമതിൽ പുനർനിർമ്മിക്കണമെന്നാവശ്യപ്പെട്ട് സർക്കാരിലേയ്ക്ക് ലഭിച്ച നിവേദനം തുടർനടപടികൾക്കായി തിരുവിതാംകൂർ ദേവസ്വം ബോർഡിന് കൈമാറിയിട്ടുണ്ട്.

(ബി) ഈ ക്ഷേത്രത്തിലെ ചുറ്റുമതിൽ പുനർനിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

&

(സി) പ്രസ്തുത ക്ഷേത്രവും ചുറ്റുമതിലും സംരക്ഷിച്ച് നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ക്ഷേത്രവും ചുറ്റുമതിലും പുരാവസ്തു വിഭാഗവുമായി ബന്ധപ്പെട്ടതാകയാൽ അവ സംരക്ഷിച്ച് നിലനിർത്തുന്നതിനായി പുരാവസ്തു വകുപ്പുമായി കൂടിയാലോചിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുവാൻ തിരുവിതാംകൂർ ദേവസ്വം ബോർഡ്, ചങ്ങനാശ്ശേരി ദേവസ്വം അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ആചാരസ്ഥാനികർക്കും കോലധാരികൾക്കും മാസ അലവൻസ്**

106 (3812) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേത്രങ്ങളിലേയും കാവുകളിലേയും ആചാരസ്ഥാനികർക്കും കോലധാരികൾക്കും മാസ അലവൻസ് വർദ്ധിപ്പിക്കാൻ നടപടിയുണ്ടാകുമോ?

ഇപ്പോൾ പരിഗണനയിലില്ല. ഉത്തരമലബാറിലെ ആചാരസ്ഥാനികരുടേയും കോലധാരികളുടേയും പ്രതിമാസ ധനസഹായം 11-9-2020-ലെ G.O. (Rt) No. 2840/2020/RD പ്രകാരം 1-9-2020 മുതൽ പ്രാബല്യത്തിൽ 1,400 രൂപയായി വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്.

(ബി) പുതുതായി അലവൻസിന് എത്രപേർ അപേക്ഷ നൽകിയിട്ടുണ്ടെന്നും ഈ അപേക്ഷയിൽ എപ്പോൾ തീർപ്പുകൽപ്പിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

ആചാരസ്ഥാനികർക്കും കോലധാരികൾക്കുമുള്ള പ്രതിമാസ ധനസഹായ പദ്ധതിയിലുൾപ്പെടുത്തുന്നതിനായി പുതിയ അപേക്ഷകൾ ക്ഷണിച്ചിട്ടില്ല.

**വന സംരക്ഷണ ചട്ടങ്ങളിൽ ഭേദഗതി**

107 (3813) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കർഷക താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി വനസംരക്ഷണവുമായി ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്താനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഇല്ല. നിലവിലുള്ള വനസംരക്ഷണ ചട്ടങ്ങൾ കർഷകരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിന് പര്യാപ്തമാണ്.

**കാട്ടുതീ അണയ്ക്കാൻ യന്ത്രവൽകൃത വാഹനം**

108 (3814) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുതീ കെടുത്തുന്നതിനുവേണ്ടി എത്ര യന്ത്രവൽകൃത വാഹനങ്ങളാണ് 2016 മുതൽ നാളിതുവരെയായി വാങ്ങിയതെന്നും ഇതിന് എത്ര രൂപ ചെലവായെന്നും വ്യക്തമാക്കാമോ?

കാട്ടുതീ കെടുത്തുന്നതിനുവേണ്ടി രണ്ട് മിനി ഫോറസ്റ്റ് ഫയർ റെസ്പോണ്ടർ വാഹനങ്ങളാണ് വാങ്ങിയിട്ടുള്ളത്. ആയത് വാങ്ങുന്നതിന് 58,82,228 രൂപ ചെലവായിട്ടുണ്ട്.

(ബി) ഇവ വാങ്ങുന്നതിനുമുമ്പ് ഇവയുടെ ഉപയോഗം സംബന്ധിച്ച് ഏതെങ്കിലും പഠനമോ വിലയിരുത്തലോ നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ടി വാഹനങ്ങൾ ദേശീയ ക്യാമ്പ ഫണ്ട് (CAMPA FUND) ഉപയോഗിച്ച് വാങ്ങുന്നതിന് മുന്നോടിയായി വിവിധതലങ്ങളിൽ ചർച്ചകൾ നടത്തിയിരുന്നു. വനസംരക്ഷണ പ്രവർത്തനങ്ങൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി ആധുനിക യന്ത്രങ്ങൾ ഘടിപ്പിച്ച വാഹനങ്ങളുപയോഗിച്ച് കാട്ടുതീ പ്രതിരോധ നടപടികൾ ഫലപ്രദമായി നടത്താൻ കഴിയുമെന്നനിലയ്ക്ക് പരീക്ഷണാടിസ്ഥാനത്തിൽ രണ്ട് വാഹനങ്ങൾ മാത്രമാണ് വാങ്ങിയിട്ടുള്ളത്. കൂടാതെ, ടി വാഹനങ്ങൾ വാങ്ങുന്നതിനുമുമ്പ് ഇതിനായി രൂപീകരിച്ച സാങ്കേതിക വിലയിരുത്തൽ കമ്മിറ്റിയിൽ (Technical Evaluation Committee) ഫയർ ഫോഴ്സ് ഡിപ്പാർട്ടുമെന്റിലെ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തിയിരുന്നു.

(സി) സംസ്ഥാനത്ത് കാട്ടുതീ തടയുന്നതിന് യന്ത്രവൽകൃത വാഹനം പ്രായോഗികമാണോ; വിശദാംശം ലഭ്യമാക്കാമോ?

കാട്ടുതീ തടയുന്നതിന് പരമ്പരാഗതമായി ഉപയോഗിച്ചുവരുന്ന മാർഗ്ഗങ്ങൾക്കുപുറമെ ആധുനിക മാർഗ്ഗങ്ങൾ അവലംബിക്കേണ്ടത് അത്യാവശ്യമാണെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് 14-5-2015-ലെ ജി.ഒ. (എം.എസ്.) 31/2015/വനം എന്ന ഉത്തരവ് പ്രകാരം ടി വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി നൽകിയത്. വാഹനത്തിലെത്താൻ പറ്റുന്ന പ്രദേശങ്ങളിൽ ഇത്തരത്തിലുള്ള യന്ത്രവൽകൃത വാഹനം ഉപയോഗിച്ചുള്ള കാട്ടുതീ പ്രതിരോധത്തിനുവേണ്ടിയാണ് ടി വാഹനങ്ങൾ വാങ്ങിയിട്ടുള്ളത്. കേരളത്തിലെ ഫയർ ഫോഴ്സ് വിഭാഗത്തിൽ ഉപയോഗിച്ച് വിജയിച്ചിട്ടുള്ള ചെറിയ ഫയർ എഞ്ചിൻ വാഹനത്തിന്റെ മാതൃകയിലാണ് മിനി ഫോറസ്റ്റ് ഫയർ റെസ്പോണ്ടർ വാഹനങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. നിലവിൽ ടി വാഹനങ്ങൾ വനാതിർത്തിയോടുചേർന്നുള്ള പ്രദേശങ്ങളിലും ചെങ്കുത്തായ മലകളൊഴികെയുള്ള സമതല വനമേഖലകളിലുമാണ് ഫയർ സീസണിൽ കാട്ടുതീ പ്രതിരോധിക്കുന്നതിനായി ഉപയോഗിച്ചുവരുന്നത്.

## പട്ടയഭൂമിയിലെ അനധികൃത മരം മുറി

109 (3815) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയ ഭൂമിയിലെ മരം മുറിക്കാനുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ എത്ര കോടി രൂപയുടെ മരം അനധികൃതമായി മുറിച്ചുമാറ്റിയതായാണ് കണ്ടെത്തിയിട്ടുള്ളത്?

വനം വകുപ്പ് വിജിലൻസ് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സർക്കാരിലേയ്ക്ക് നൽകിയ പ്രാഥമിക റിപ്പോർട്ട് പ്രകാരം ഏകദേശം 1441.75 ലക്ഷം രൂപയുടെ മരങ്ങളാണ് മുറിച്ചുമാറ്റിയതായി കണ്ടെത്തിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് തുടരന്വേഷണം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ നടത്തി വരുന്നുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് വിവിധ ഫോറസ്റ്റ് റേഞ്ചുകളിലായി എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്?

ലഭ്യമായ വിവരങ്ങൾ പ്രകാരം ഇതുമായി ബന്ധപ്പെട്ട് 30-7-2021 വരെ 570 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) അനധികൃത മരം മുറി തടയുന്നതിൽ വീഴ്ചവരുത്തിയ എത്ര ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാനടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

2 ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. വനം ചെക്ക് പോസ്റ്റ് ജീവനക്കാരായ ഒരു സെക്ഷൻ ഫോറസ്റ്റ് ഓഫീസറെയും ഒരു ബീറ്റ് ഫോറസ്റ്റ് ഓഫീസറെയും കണ്ണൂർ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 28-6-2021-ലെ ഇ 1-3896/2021 ഉത്തരവ് പ്രകാരം അന്വേഷണവിധേയമായി സേവനത്തിൽനിന്നും മാറ്റിനിർത്തിയിട്ടുണ്ട്.

## മരം മുറിക്കേസ്സിലെ ഉദ്യോഗസ്ഥർ

110 (3816) ഡോ. എം. കെ. മുനീർ:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. എ. കെ. എം. അഷ്റഫ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരംമുറി കേസ്സുകളിൽനിന്നും വനം വകുപ്പുദ്യോഗസ്ഥരെ കുറ്റവിമുക്തരാക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ?

ഇല്ല.

(ബി) വയനാട് മരം മുറിയുമായി ബന്ധപ്പെട്ട് കേസ്സെടുത്ത റേഞ്ച് ഓഫീസറെ കുടുക്കാൻ ശ്രമിച്ച ഓഫീസർമാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

&

(സി) എങ്കിൽ വിശദാംശം അറിയിക്കുമോ?

ഇല്ല. വയനാട്ടിലെ പട്ടയ ഭൂമിയിലെ മരംമുറി കേസുകളുമായി ബന്ധപ്പെട്ട് ശ്രീ. എൻ. ടി. സാജൻ, ഫോറസ്റ്റ് കൺസർവേറ്റർ (ഐ.&ഇ.) മേപ്പാടി റേഞ്ച് ഓഫീസറെയും മറ്റുദ്യോഗസ്ഥർക്കെതിരെയും വാസ്തവവിരുദ്ധമായ റിപ്പോർട്ടുകൾ നൽകി മരം കൊള്ളക്കാരെ സഹായിക്കുന്നതിനും അന്വേഷണം വഴിതിരിച്ചുവിടുന്നതിനും ശ്രമം നടത്തിയെന്ന ആരോപണത്തിന്മേൽ വകുപ്പുതല അന്വേഷണ റിപ്പോർട്ട് സർക്കാരിന്റെ പരിശോധനയിലാണ്.

**പിടിച്ചെടുത്ത തടികളുടെ ഉടമസ്ഥാവകാശം**

111 (3817) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുട്ടിൽ മരംമുറിയുമായി ബന്ധപ്പെട്ട് പിടിച്ചെടുത്ത തടികളുടെ ഉടമസ്ഥാവകാശം തെളിയിക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

മുട്ടിൽ മരംമുറിയുമായി ബന്ധപ്പെട്ട് ബുക്ക് ചെയ്ത ഒ.ആർ.-1/2021, 41/2021 കേസുകളിൽ 54-ഉം 66-ഉം കഷണം വീട്ടിതടികൾ പെരുമ്പാവൂരിലെ മില്ലിൽനിന്നും കല്ലുപാടി-കുപ്പാടി റോഡരികിൽനിന്നും പിടിച്ചെടുത്തിരുന്നു. പിടിച്ചെടുക്കുന്ന സമയത്ത് ടി തടികൾ ഏത് മരത്തിൽ നിന്നാണെന്നോ മരം നിന്നിരുന്ന സ്ഥലം ഏതാണെന്നോ ഉള്ള വിവരം ലഭ്യമല്ലായിരുന്നു. തടികളുടെ ഉറവിടം കണ്ടെത്താനുള്ള അന്വേഷണം ദ്രുതഗതിയിൽ നടന്നുവരുന്നു. മുട്ടിൽ മരംമുറിയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത മറ്റെല്ലാ കേസുകളിലും പിടിച്ചെടുത്ത തടികൾ സർക്കാരിലേക്ക് നിക്ഷിപ്തമായുള്ള മരങ്ങളാണെന്നും പട്ടയ ഭൂമിയിൽനിന്നുമാണ് ആയത് മുറിച്ച് നീക്കം ചെയ്തിട്ടുള്ളതെന്നും ബോധ്യപ്പെട്ടിട്ടുള്ളതാണ്.

**മിയാവാക്കി വനങ്ങൾ കേരളത്തിൽ**

112 (3818) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിയാവാക്കി വനങ്ങൾ സൃഷ്ടിക്കുവാൻ വനം വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

വനം വകുപ്പ് മിയാവാക്കി പദ്ധതി നടപ്പിലാക്കാനുദ്ദേശിച്ചിട്ടില്ല. എന്നാൽ ഇതേ തത്വങ്ങൾ ഉൾക്കൊള്ളിച്ച് അതിസാന്ദ്ര 'നഗരവന'ങ്ങളും വിദ്യാലയങ്ങളിൽ 'വിദ്യാവന'ങ്ങളും നടപ്പിലാക്കിവരുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രദേശിക ആവാസ വ്യവസ്ഥയ്ക്ക് ഗുണകരമാകുന്ന ഔഷധ സസ്യങ്ങൾ മിയാവാക്കി സമ്പ്രദായത്തിലുൾപ്പെടുത്തി വളർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രാദേശിക ആവാസ വ്യവസ്ഥയ്ക്ക് ഗുണകരമായ ഔഷധ സസ്യങ്ങൾ അടക്കമുള്ള സസ്യങ്ങൾ 'നഗരവന'ത്തിലും 'വിദ്യാവന'ത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) തരിശായി കിടക്കുന്ന ഒരേക്കർ ഭൂമി മിയാവാക്കി സമ്പ്രദായത്തിലൂടെ വനമാക്കാൻ എത്ര രൂപ ചെലവ് വരുമെന്ന് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ആയത് വിശദമാക്കാമോ?

5 സെന്റ് ഭൂമിയിൽ 'നഗരവന'വും 'വിദ്യാവന'വും സൃഷ്ടിച്ചെടുക്കാൻ 5 വർഷത്തേയ്ക്ക് 2 ലക്ഷം രൂപ വീതം ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

**പട്ടയ ഭൂമിയിലെ മരം മുറിയിൽ അന്വേഷണം**

113 (3819) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>:
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>:
<u>ശ്രീ. നജീബ് കാന്തപുരം</u>:
<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയ ഭൂമിയിലെ ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കാൻ അനുമതി നൽകുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ റിസർവ്, ഷെഡ്യൂൾ മരങ്ങൾ മുറിച്ചുമാറ്റിയത് സംബന്ധിച്ച് അന്വേഷിക്കാൻ ഉന്നതതല സംഘത്തെ നിയോഗിച്ചിരുന്നുവോ?

നിയോഗിച്ചിട്ടുണ്ട്. 14-6-2021-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1646/2021/ആഭ്യന്തരം പ്രകാരം അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് ക്രൈം ബ്രാഞ്ചിന്റെ നേതൃത്വത്തിൽ വനം വകുപ്പ് വിജിലൻസ് & ആന്റി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കറപ്ഷൻ ബ്യൂറോ, പോലീസ് ക്രൈം ബ്രാഞ്ച് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ച് അന്വേഷണം നടത്തിവരുന്നു.

(ബി) അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

**കണ്ടൽക്കാടുകളുടെ വ്യാപ്തി വർദ്ധന പദ്ധതികൾ**

114 (3820) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കണ്ടൽക്കാടുകൾ എവിടെയെല്ലാമാണുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

കണ്ടൽക്കാടുകളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | ഇടവ, ആറ്റിപ്ര, കഠിനംകുളം |
| കൊല്ലം | അഷ്ടമുടി കായലിന്റെ തീരങ്ങൾ, ആയിരംതെങ്ങ്, മൺട്രോതുരുത്ത്, നീണ്ടകര, പരവൂർ. |
| ആലപ്പുഴ | വേമ്പനാട്, പുതുപ്പള്ളി, ആറാട്ടുപുഴ, തുറവൂർ തെക്ക്, കുത്തിയതോട്, അരൂർ, തണ്ണീർമുക്കം തെക്ക്, കോടംതുരുത്ത്, പട്ടണക്കാട് |
| എറണാകുളം | പുതുവൈപ്പ് |
| തൃശ്ശൂർ | വെൺമനാട് |
| മലപ്പുറം | തിരൂർ, തിരൂരങ്ങാടി |
| കോഴിക്കോട് | കടലുണ്ടി, കല്ലായ്, എലത്തൂർ, കൊയിലാണ്ടി, കൊളാവിലാപം |
| കണ്ണൂർ | പയ്യന്നൂർ, തളിപ്പറമ്പ്, തലശ്ശേരി, കണ്ണൂർ |
| കാസർഗോഡ് | കാസർഗോഡ്, മഞ്ചേശ്വരം |

(ബി) കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് അറിയിക്കുമോ; ഇവയുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കുമോ?

കണ്ടൽക്കാടുകളുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള കേന്ദ്ര സഹായത്തോടെ Conservation and Management of Mangroves (60% CSS) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിക്കുപുറമേ സർക്കാർ അധീനതയിലുള്ള 1541 ഏക്കർ കണ്ടൽ പ്രദേശങ്ങൾ റിസർവ് ഫോറസ്റ്റായി വിജ്ഞാപനം ചെയ്ത് സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. റീ-ബിൽഡ് കേരള സ്കീമിലുൾപ്പെടുത്തി സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള കണ്ടൽ സ്ഥലങ്ങൾ ഏറ്റെടുക്കുന്ന പദ്ധതി പുരോഗമിക്കുകയാണ്. സ്വകാര്യവ്യക്തികളുടെ കൈവശമുള്ള കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് ഏക്കറിന് 4,000 രൂപാ നിരക്കിൽ സർക്കാർ ധനസഹായം നൽകിവരുന്നുണ്ട്.

**കായലോരങ്ങളിൽ കണ്ടൽക്കാടുകൾ**

115 (3821) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണൊലിപ്പ് തടയുന്നതിനും കയ്യേറ്റങ്ങളുണ്ടാകാതിരിക്കുന്നതിനും പ്രകൃതി സംരക്ഷണത്തിനും കായലോരങ്ങളിൽ കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കേന്ദ്രാവിഷ്കൃത പദ്ധതിയായ Conservation and Management of Mangroves (60% CSS) എന്ന പദ്ധതിയിലുൾപ്പെടുത്തി മണ്ണൊലിപ്പ് തടയുന്നതിനും കയ്യേറ്റങ്ങളുണ്ടാകാതിരിക്കുന്നതിനും പ്രകൃതി സംരക്ഷണത്തിനും കായലോരങ്ങളിൽ കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ തുടങ്ങിയ ജില്ലകളിലുൾപ്പെടുന്ന വേമ്പനാട് റീജിയണിൽ കായലോരങ്ങളിൽ കണ്ടൽ തൈകൾ വച്ചുപിടിപ്പിച്ച് സംരക്ഷിച്ചുവരുന്നു. കൂടാതെ കൊല്ലം, കണ്ണൂർ എന്നീ ജില്ലകളിലും കണ്ടൽ സംരക്ഷിക്കുന്നതിനും പുനരുജ്ജീവനത്തിനുമായുള്ള പ്രവർത്തനങ്ങൾ ചെയ്തുവരുന്നുണ്ട്.

(ബി) കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

കണ്ടൽക്കാടുകളുടെ സംരക്ഷണത്തിന് നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതിക്കുപുറമേ സർക്കാർ അധീനതയിലുള്ള കണ്ടൽ പ്രദേശങ്ങൾ റിസർവ്

ഫോറസ്റ്റായി വിജ്ഞാപനം ചെയ്ത് സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. റീ-ബിൽഡ് കേരള സ്കീമിലുൾപ്പെടുത്തി സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള കണ്ടൽ സ്ഥലങ്ങൾ ഏറ്റെടുക്കുന്ന പദ്ധതി പുരോഗമിക്കുകയാണ്. സ്വകാര്യവ്യക്തികളുടെ കൈവശമുള്ള കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് ഏക്കറിന് 4,000 രൂപ നിരക്കിൽ സർക്കാർ ധനസഹായം നൽകിവരുന്നുണ്ട്.

## വനഭൂമി ഏറ്റെടുക്കലും വിട്ടുനൽകലും

116 (3822) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരിസ്ഥിതിക ദുർബ്ബല പ്രദേശ നിയമം നിലവിൽ വന്നതിനുശേഷം പാലക്കാട് ജില്ലയിൽ ഇതുവരെ എത്ര ഹെക്ടർ വനഭൂമിയാണ് ഏറ്റെടുത്തിട്ടുള്ളത്; ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

പാരിസ്ഥിതിക ദുർബ്ബല പ്രദേശ നിയമം, 2003 നിലവിൽ വന്നതിനുശേഷം പാലക്കാട് ജില്ലയിൽ 4660.9 ഹെക്ടർ വനഭൂമി ഏറ്റെടുത്തിട്ടുണ്ട്. മണ്ണാർക്കാട് ഡിവിഷനിൽ 725 ഹെക്ടർ വനഭൂമിയും പാലക്കാട് ഡിവിഷനിൽ 2974.6 ഹെക്ടർ വനഭൂമിയും നെന്മാറ ഡിവിഷനിൽ 961.3 ഹെക്ടർ ഭൂമിയും പാരിസ്ഥിതിക ദുർബ്ബലപ്രദേശ നിയമം, 2003 പ്രകാരം ഏറ്റെടുത്തിട്ടുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രസ്തുത നിയമംവഴി ഏറ്റെടുത്ത വനഭൂമി ഉടമകൾക്ക് വിട്ടുനൽകിയിട്ടുണ്ടോ; എങ്കിൽ എത്ര ഹെക്ടർ ഭൂമി വിട്ടുനൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പാരിസ്ഥിതിക ദുർബല പ്രദേശ നിയമം, 2003 വഴി ഏറ്റെടുത്ത 426.163 ഹെക്ടർ വനഭൂമി ഉടമകൾക്ക് വിട്ടുനൽകിയിട്ടുണ്ട്.

(സി) പ്രസ്തുത നിയമപ്രകാരം വനഭൂമി ഏറ്റെടുത്തത് സംബന്ധിച്ച് കോടതിയിൽ കേസുകൾ നിലവിലുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ; ഇതിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നിലപാടെന്താണെന്ന് വിശദമാക്കുമോ?

ഉണ്ട്. പാരിസ്ഥിതിക ദുർബ്ബല പ്രദേശ നിയമം, 2003 സെക്ഷൻ 9 പ്രകാരം രൂപീകരിച്ചിട്ടുള്ള കൊല്ലം, കോട്ടയം, പാലക്കാട്, കോഴിക്കോട് എന്നീ 4 ട്രിബ്യൂണലുകളിൽ യഥാക്രമം 1, 7, 63, 47 കേസ്സുകൾ നിലവിലുണ്ട്. 2 ഹെക്ടറിൽ കൂടുതലല്ലാത്ത വിസ്തൃതിയുള്ള ഭൂപ്രദേശത്തെ സംബന്ധിച്ചുള്ള തർക്കപരിഹാരത്തിന്

ഇ.എഫ്.എൽ. നിയമം 10(A) പ്രകാരം ഇ.എഫ്.എൽ. കസ്റ്റോഡിയന് അപേക്ഷ നൽകാവുന്നതും, പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശ അവകാശതർക്ക പരിഹാരസമിതിയുടെ സ്ഥലപരിശോധനയ്ക്കും റിപ്പോർട്ടിനും വിധേയമായി തീരുമാനം കൈക്കൊള്ളുന്നതുമാണ്. 2001-ലെ ഇ.എഫ്.എൽ. ഓർഡിനൻസ് നിലവിലുണ്ടായിരുന്ന കാലയളവിൽ ഇ.എഫ്.എഫ്.-ലുൾപ്പെടുത്തി ഏറ്റെടുത്ത ഭൂമി സംബന്ധിച്ച ന്യൂനതകൾ 19 (3)(b) പ്രകാരം ഇ.എഫ്.എൽ. കസ്റ്റോഡിയന് അപേക്ഷ നൽകി പരിഹാരം കാണാവുന്നതാണ്.

**ഏറനാട് മണ്ഡലത്തിലെ പദ്ധതികൾക്ക് വനഭൂമി**

117 (3823) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് സമർപ്പിച്ചതും വനഭൂമി ലഭ്യമാകാത്തതിന്റെ പേരിൽ അനുമതി തടസ്സപ്പെട്ടതുമായ ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം പദ്ധതികളിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് അറിയിക്കുമോ;

&

(ബി) വനഭൂമി വിട്ടുകിട്ടാത്തതുകാരണം മുടങ്ങിക്കിടക്കുന്നതും ഭരണാനുമതി ലഭിച്ചതുമായ പ്രവൃത്തികൾക്ക് നിയമാനുസരണം ഭൂമി ലഭ്യമാക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

മുൻസർക്കാരിന്റെ കാലത്ത് സമർപ്പിച്ചതും വനഭൂമി ലഭ്യമാകാത്തതിന്റെ പേരിൽ അനുമതി തടസ്സപ്പെട്ടതുമായ പദ്ധതികളൊന്നുംതന്നെ ഏറനാട് മണ്ഡലത്തിലില്ല.

**തീരദേശ സംരക്ഷണത്തിനായി സാമൂഹ്യ വനവൽക്കരണ പദ്ധതി**

118 (3824) <u>ശ്രീ. സി. സി. മുകുന്ദൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ തീരദേശ പഞ്ചായത്തുകളിൽ തീര സംരക്ഷണത്തിനായി നടപ്പിലാക്കുന്ന സാമൂഹ്യ വനവൽക്കരണ പദ്ധതിയെ സംബന്ധിച്ച് വിശദമാക്കാമോ?

തീരസംരക്ഷണത്തിന്റെ ഭാഗമായി കടൽത്തീരത്തെ തനതായ സസ്യവിഭവങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ട് ഒരു ജൈവകവചം സൃഷ്ടിക്കുവാനുള്ള പദ്ധതികൾ പരിഗണനയിലാണ്.

(ബി) വലപ്പാട്, നാട്ടിക, തളിക്കുളം പഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

വലപ്പാട് പഞ്ചായത്തിലെ കഴിമ്പ്രം, പാലപ്പെട്ടി ഭാഗങ്ങളിൽ 2017-18, 2018-19 കാലയളവിൽ കാറ്റാടിത്തോട്ടങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്.

(സി) സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി നട്ടുപിടിപ്പിക്കുന്ന ചെടികൾ സംരക്ഷിക്കപ്പെടുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പ്രസ്തുത ചെടികൾ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വിതരണം ചെയ്യുന്ന വൃക്ഷത്തൈകളുടെ സംരക്ഷണവും പരിപാലനവും സ്ഥലത്തിന്റെ ഉടമസ്ഥതയിലുള്ള വകുപ്പുകളിലും സംഘടനകളിലും വ്യക്തികളിലുമാണ് നിക്ഷിപ്തമായിരിക്കുന്നത്. വനം വകുപ്പ് നട്ടുപിടിപ്പിക്കുന്ന തൈകളുടെ പരിപാലനം വനം വകുപ്പുതന്നെ നടത്തിവരുന്നു.

## വൃക്ഷത്തൈ ഉൽപാദനം

119 (3825) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. ടി. വി. ഇബ്രാഹിം:
ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുജനങ്ങൾക്കുള്ള വൃക്ഷത്തൈ ഉൽപാദനം നിർത്തുവാൻ സോഷ്യൽ ഫോറസ്ട്രി തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) വൃക്ഷത്തൈ ഉൽപാദനത്തിൽനിന്ന് സർക്കാർ പിൻവാങ്ങുന്നത് വനസമ്പത്ത് കുറയാനും പരിസ്ഥിതി പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കാനും കാരണമാകുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ;

&

(സി) പ്രസ്തുത തീരുമാനം പുനഃപരിശോധിക്കാനും വൃക്ഷത്തൈ ഉൽപാദനം വർദ്ധിപ്പിക്കാനും തയ്യാറാകുമോ?

സംസ്ഥാനത്ത് പൊതുജനങ്ങൾക്കുള്ള വൃക്ഷത്തൈ ഉൽപാദനം നിർത്തുവാൻ വനം വകുപ്പ് തീരുമാനിച്ചിട്ടില്ല.

**സാമൂഹിക വനവത്കരണം**

120 (3826) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹിക വനവത്കരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കുമോ?

സാമൂഹ്യ വനവത്കരണത്തിനായി ഹരിതകേരളം പദ്ധതിയിലുൾപ്പെടുത്തി പരിസ്ഥിതി ദിനത്തോടനുബന്ധിച്ചും വനമഹോത്സവത്തിന്റെ ഭാഗമായും തൈകൾ ഉൽപാദിപ്പിച്ച് പൊതുജനങ്ങൾക്ക് വിതരണം ചെയ്യുകയും വനം വകുപ്പ് നേരിട്ട് നട്ടുപിടിപ്പിക്കുകയും ചെയ്തുവരുന്നു. കൂടാതെ സ്കൂൾ കുട്ടികൾക്കായി എന്റെ മരം, കോളേജ് കുട്ടികൾക്കായി നമ്മുടെ മരം, വഴിയോരത്തണൽ പദ്ധതി, പുഴയോര സംരക്ഷണം, സ്ഥാപന വനവൽക്കരണം, നഗരവനം, വിദ്യാവനം, നക്ഷത്രവനം, ജൈവവൈവിദ്ധ്യ പ്രവർത്തനങ്ങൾക്കും പരിസ്ഥിതി പ്രവർത്തനങ്ങൾക്കും വനവൽക്കരണ പരിപാടികൾക്കും പ്രോത്സാഹനമെന്ന നിലയിൽ ജില്ലാടിസ്ഥാനത്തിൽ എല്ലാ വർഷവും വനമിത്ര പുരസ്കാരവും നൽകിവരുന്നു. കണ്ടൽക്കാടുകളുടെയും കാവുകളുടെയും സംരക്ഷണം, സ്വകാര്യഭൂമികളിൽ വൃക്ഷം വച്ചുപിടിപ്പിക്കുന്നതിനുള്ള പ്രോത്സാഹന ധനസഹായ പദ്ധതി, ഫോറസ്ട്രി ക്ലബ്ബ് തുടങ്ങിയ പദ്ധതികളും നടപ്പിലാക്കിവരുന്നു.

(ബി) വിദ്യാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ട് വനവത്കരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

സ്കൂൾ കുട്ടികൾക്കായി എന്റെ മരം, കോളേജ് കുട്ടികൾക്കായി നമ്മുടെ മരം, തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലേയും കോളേജുകളിലേയും വിദ്യാർത്ഥികളുടെ സജീവ പങ്കാളിത്തത്തോടെ സ്വാഭാവിക വനങ്ങളോട് സാദൃശ്യമുള്ള ചെറുവനങ്ങൾ സൃഷ്ടിക്കുന്ന വിദ്യാവനം എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ വിദ്യാലയങ്ങളിൽ ഫോറസ്ട്രി ക്ലബ്ബുകളും നടപ്പിലാക്കിവരുന്നു.

**ആലപ്പുഴ ജില്ലയിലെ സാമൂഹ്യ വനവത്കരണ പദ്ധതി**

121 (3827) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ സാമൂഹ്യ വനവത്കരണ പദ്ധതിയിലൂടെ നടപ്പിലാക്കുന്ന പ്രവൃത്തികളെ സംബന്ധിച്ച് വിശദമാക്കാമോ?

ആലപ്പുഴ ജില്ലയിൽ സാമൂഹ്യവനവത്കരണ പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

1. വനത്തിനുപുറത്ത് വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഹരിതകേരളം പദ്ധതിയുടെ കീഴിൽ വൃക്ഷത്തൈകൾ ഉൽപാദിപ്പിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ, എൻ.ജി.ഒ.-കൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യക്തികൾ, പത്രമാധ്യമങ്ങൾ, രാഷ്ട്രീയ പാർട്ടികൾ, യുവജന സംഘടനകൾ, ധർമ്മസ്ഥാപനങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ മുഖാന്തരം നടുന്നതിനായി 2.82 ലക്ഷം തൈകൾ തൻവർഷം വിതരണം ചെയ്തിട്ടുണ്ട്.

2. വഴിയരികിൽ തണൽ വിരിക്കുന്നതിനായി വഴിയോര തണൽ എന്ന പദ്ധതിയുടെ കീഴിൽ ഈ വർഷം ചമ്പക്കുളം - എടത്വ റോഡരികിൽ 500 വലിയ കൂടത്തൈകൾ നട്ട് പരിപാലിച്ചുവരുന്നു.

3. ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗിന്റെ ഭാഗമായി വിവിധ സ്കൂളുകളിൽ ഡിപ്പാർട്ടുമെന്റ് നേരിട്ട് ഈ വർഷം 2000 വലിയ കൂടത്തൈകൾ നട്ട് പരിപാലിച്ചുവരുന്നു.

4. സ്കൂളുകളിൽ ചെറുവനങ്ങളുടെ മാതൃകയിൽ വൃക്ഷം നടുന്നതിന്റെ ഭാഗമായി ടി.ഡി.എച്ച്.എസ്.എസ്. തുറവൂർ, വി.വി.എച്ച്.എസ്. താമരക്കുളം എന്നിവിടങ്ങളിൽ 5 സെന്റ് സ്ഥലത്തുവീതം വിദ്യാവനം നട്ട് പരിപാലിച്ചുവരുന്നു.

5. തീരത്ത് ഹരിതകവചം തീർത്ത് കടലാക്രമണം തടയുന്നതിന്റെ ഭാഗമായി ചേർത്തല നിയോജകമണ്ഡലത്തിലെ അർത്തുങ്കൽ പ്രദേശത്ത് 70,000 കാറ്റാടി തൈകൾ നടുന്നതിന്റെ പ്രവൃത്തി പുരോഗമിക്കുന്നു. കൂടാതെ ആലപ്പുഴ നിയോജകമണ്ഡലത്തിൽപ്പെടുന്ന ചെത്തി മുതൽ മാരാരിക്കുളം വരെ 80,000 തൈകൾ നടുന്നതിന്റെയും പ്രവർത്തനങ്ങൾ നടന്നുവരുന്നു.

6. സ്വകാര്യഭൂമിയിൽ വൃക്ഷം വളർത്തുന്ന ഭൂവുടമകൾക്ക് പ്രോത്സാഹന ധനസഹായം നൽകൽ, കണ്ടൽ സംരക്ഷിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകൽ എന്നിവ നടത്തിവരുന്നു.

7. കാവ് സംരക്ഷണത്തിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെടുന്ന കാവ് ഉടമകൾക്ക് ചുരുങ്ങിയത് 25000 രൂപ ദീർഘകാലാടിസ്ഥാനത്തിൽ ധനസഹായം നൽകിവരുന്നു.

8. ജൈവവൈവിദ്ധ്യ പരിപാലനത്തിൽ മാതൃകാപ്രവർത്തനങ്ങൾ നടത്തുന്നവർക്ക് എല്ലാ വർഷവും വനമിത്ര പുരസ്കാരം നൽകിവരുന്നു.

(ബി) ഈ ജില്ലയിൽ കാവുകളുടെ നവീകരണത്തിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്; വിശദമാക്കാമോ?

കാവുകളുടെ സംരക്ഷണത്തിനായി തെരഞ്ഞെടുക്കപ്പെടുന്ന കാവ് ഉടമസ്ഥർക്ക് ദീർഘകാലാടിസ്ഥാനത്തിൽ 2 ലക്ഷം രൂപ വരെ ധനസഹായം നൽകിവരുന്നു. കാവുകളുടെ വിസ്തൃതി, ജൈവവൈവിദ്ധ്യം എന്നിവയാണ് മാനദണ്ഡം. ഇപ്രകാരം ഓരോ വർഷവും കുറഞ്ഞത് അഞ്ച് കാവുകൾക്ക് ധനസഹായം നൽകുന്നുണ്ട്.

**കടലേറ്റം തടയാൻ കണ്ടൽക്കാടുകൾ**

122 (3828) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിലെ തീരപ്രദേശങ്ങളിൽ വനംവകുപ്പ് വച്ചുപിടിപ്പിച്ച കാറ്റാടി മരങ്ങളിൽ നശിച്ചുപോയവയ്ക്കുപകരം പുതിയ കാറ്റാടി മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

(ബി) തൃശ്ശൂർ ജില്ലയിലെ കാറ്റാടി മരങ്ങൾ വച്ചുപിടിപ്പിച്ചിട്ടില്ലാത്ത തീരപ്രദേശങ്ങളിൽ കടലേറ്റം തടയുന്നതിനായി കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ പരിഗണിക്കുമോ?

മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ കണ്ടൽക്കാടുകൾ വളരില്ല. അഴിമുഖങ്ങളിലും വേലിയേറ്റമുണ്ടാകുന്ന സ്ഥലങ്ങളിലുമാണ് കണ്ടൽ വളരുന്നത്. എന്നിരുന്നാലും കടൽത്തീരത്തിന്റെ സംരക്ഷണത്തിനായി തനത് സസ്യങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ട് ഒരു ജൈവ കവചം സൃഷ്ടിക്കാനുള്ള പദ്ധതി പരിഗണനയിലാണ്.

**ജൈവവൈവിദ്ധ്യ സംരക്ഷണ പദ്ധതി**

123 (3829) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവവൈവിദ്ധ്യ സംരക്ഷണത്തിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ടോ?

നടപ്പിലാക്കിവരുന്നുണ്ട്. ജൈവവൈവിദ്ധ്യ സംരക്ഷണത്തിനായി BH: 2406-2-110-66-Conservation of Biodiversity (Plan) എന്ന ശീർഷകത്തിലും കേന്ദ്രാവിഷ്കൃത പദ്ധതിയായ Integrated Development of Wildlife Habitat (IDWH) എന്ന ശീർഷകത്തിലും വിവിധ പരിപാടികൾ നടപ്പിലാക്കിവരുന്നു. ജൈവവൈവിദ്ധ്യ സമ്പത്തിന്റെ സംരക്ഷണമാണ് Conservation of Biodiversity എന്ന പദ്ധതിയുടെ പ്രധാന ലക്ഷ്യം. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വൃക്ഷലതാദികളുടെയും ജന്തുജാലങ്ങളുടെയും സംരക്ഷണത്തിനുവേണ്ടി പ്രത്യേക പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. Integrated Development of Wildlife Habitat (IDWH) പ്രധാനമായും കേരളത്തിലെ സംരക്ഷിത മേഖലകളുടെ വികസനവും സംരക്ഷണവുമാണ് ലക്ഷ്യമിടുന്നത്.

(ബി) വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വൃക്ഷലതാദികളുടെയും ജന്തുജാലങ്ങളുടെയും സംരക്ഷണത്തിനുവേണ്ടി എന്തെല്ലാം പരിപാടികളാണ് ഈ പദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്നത്?

വനമേഖലയ്ക്കുപുറത്ത് ജൈവവൈവിദ്ധ്യ സമ്പുഷ്ടവും വംശനാശം നേരിടുന്നതുമായ കണ്ടൽക്കാടുകളുടെയും കാവുകളുടെയും സംരക്ഷണവും പരിപാലനവും കൺസർവേഷൻ ഓഫ് ബയോഡൈവേഴ്സിറ്റിയിൽ (CBD) ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ വന്യജീവികളുടെ ആവാസവ്യവസ്ഥയുടെ സംയോജിത വികസനം [Integrated Development of Wildlife Habitat (IDWH)] എന്ന പദ്ധതിയിലുൾപ്പെടുത്തി Recovery Programme in Nilgiri Tahr എന്ന ഘടകത്തിനുകീഴിൽ മൂന്നാർ, സൈലന്റ്‌വാലി എന്നിവിടങ്ങളിൽ വരയാടുകളുടെ സ്വാഭാവിക വാസസ്ഥലം മെച്ചപ്പെടുത്തൽ, അവയുടെ സംരക്ഷണത്തിനായി അടിസ്ഥാന സൗകര്യങ്ങളുടെ മെച്ചപ്പെടുത്തൽ, ഗവേഷണ പരിശീലന പരിപാടികൾ, കാട്ടുതീ തടയുന്നതിനുള്ള പ്രവർത്തനങ്ങൾ ആരോഗ്യ പരിപാലനത്തിനും രോഗങ്ങൾ തടയുന്നതിനുമുള്ള നടപടികൾ, ഡോക്യുമെന്ററി നിർമ്മാണം എന്നിവ നടപ്പാക്കിവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ വന്യജീവികളുടെ ആവാസവ്യവസ്ഥയുടെ സംയോജിത വികസനം [Integrated Development of Wildlife Habitat (IDWH)] എന്ന പദ്ധതിയിലുൾപ്പെടുത്തി മറ്റൊരു ഘടകമായ Recovery Programme for Saving Critically Endangered Species - Vulture പ്രകാരം വയനാട് വന്യജീവി സങ്കേതത്തിൽ കഴുകന്റെ സംരക്ഷണത്തിനായി ഇവയുടെ വാസസ്ഥലം തിട്ടപ്പെടുത്തൽ, കാട്ടുതീ തടയുന്നതിനുള്ള പ്രവൃത്തികൾ, ഈ ജീവികളുടെ വേട്ട തടയുന്നതിനായി ക്യാമ്പ് ഷെഡ്ഡുകളുടെയും മച്ചാനുകളുടെയും വാച്ച് ടവറുകളുടെയും നിർമ്മാണം, ക്യാമറ ട്രാപ്പുകൾ ഉപയോഗിച്ചുള്ള പ്രത്യേക നിരീക്ഷണം,

ഡോക്യുമെന്ററി, ഫിലിം എന്നിവയുടെ നിർമ്മാണം, ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്തുവരുന്നുണ്ട്.

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി പ്രകൃതി മിത്ര അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഈ പദ്ധതിയുടെ ഭാഗമായി ജൈവ വൈവിദ്ധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട് മികച്ച പ്രവർത്തനം നടത്തുന്ന വ്യക്തികൾക്ക്/സ്ഥാപനങ്ങൾക്ക് ജില്ലാടിസ്ഥാനത്തിൽ എല്ലാ വർഷവും വനമിത്ര അവാർഡ് നൽകിവരുന്നു.

**പ്രകൃതി പഠന കേന്ദ്രങ്ങൾ**

124 (3830) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം-വന്യജീവി വകുപ്പിന്റെ അധീനതയിൽ പരിസ്ഥിതി പഠന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ അവയുടെ കർത്തവ്യങ്ങളും പ്രവർത്തനങ്ങളും എന്തൊക്കെയെന്ന് വിശദീകരിക്കാമോ?

എറണാകുളം ജില്ലയിലെ കാലടി പ്രകൃതി പഠനകേന്ദ്രം, തൃശ്ശൂർ ജില്ലയിലെ കുതിരാൻ വനവിജ്ഞാനകേന്ദ്രം, കണ്ണൂർ ജില്ലയിലെ പി.ആർ.കുറുപ്പ് സ്മാരക ഇന്റർപ്രട്ടേഷൻ സെന്റർ എന്നീ പരിസ്ഥിതി പഠനകേന്ദ്രങ്ങൾ വനം വകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്നുണ്ട്. സ്കൂൾ വിദ്യാർത്ഥികൾക്ക് പരിസ്ഥിതി അവബോധം വളർത്തുന്നതിനുതകുന്ന പ്രകൃതി പഠന ക്യാമ്പുകൾ, മറ്റ് പരിശീലന പരിപാടികൾ എന്നിവ സംഘടിപ്പിക്കുകയാണ് പ്രസ്തുത സ്ഥാപനങ്ങളുടെ ലക്ഷ്യം.

(ബി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ കണ്ണവം റേഞ്ചിലുള്ള പി.ആർ. കുറുപ്പ് സ്മാരക പ്രകൃതി പഠന കേന്ദ്രത്തിന്റെ നിലവിലെ അവസ്ഥയെന്താണെന്ന് വിശദമാക്കാമോ?

കോവിഡ്-19 കാരണം കഴിഞ്ഞ 2 വർഷങ്ങളായി പ്രസ്തുത സെന്ററിന് ക്യാമ്പുകൾ സംഘടിപ്പിക്കുവാൻ സാധിച്ചിട്ടില്ല. പ്രസ്തുത കെട്ടിടം വനം വകുപ്പ് സംരക്ഷിച്ചുവരുന്നുണ്ട്.

(സി) പ്രസ്തുത കേന്ദ്രം നവീകരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ ഇതിനായി എന്തെല്ലാം പ്രവൃത്തികളും നടപടികളുമാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

പ്രസ്തുത കേന്ദ്രം നവീകരിക്കുന്നതിന്റെ ഭാഗമായി കെട്ടിടം നവീകരിക്കുന്നതും ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിനുള്ള സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മിക്കുന്നതും പരിഗണിച്ചുവരുന്നു.

## ഫോറസ്റ്റ് സ്റ്റേഷനുകൾ

125 (3831) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഫോറസ്റ്റ് സ്റ്റേഷനുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

സംസ്ഥാനത്ത് 124 ഫോറസ്റ്റ് സ്റ്റേഷനുകൾ നിലവിലുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുതുതായി ആരംഭിച്ച ഫോറസ്റ്റ് സ്റ്റേഷനുകളുടെ വിശദവിവരം ലഭ്യമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 04-6-2018-ലെ ജി.ഒ.(എം.എസ്) നം. 23/2018/വനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, പുനലൂർ ഡിവിഷനുകീഴിൽ പുന്നല, ഏഴംകുളം, തെന്മല ഡിവിഷനുകീഴിൽ കടമാൻപാറ, അച്ചൻകോവിൽ ഡിവിഷനുകീഴിൽ കുംഭാവുരുട്ടി, കോഴിക്കോട് ഡിവിഷനുകീഴിൽ കക്കയം, പെരുവണ്ണാമൂഴി, വയനാട് (സൗത്ത്) ഡിവിഷനുകീഴിൽ പുൽപ്പള്ളി, വൈത്തിരി, മുണ്ടക്കൈ, ആറളം വൈൽഡ് ലൈഫ് ഡിവിഷനുകീഴിൽ നരിക്കടവ് എന്നിവിടങ്ങളിലായി 10 ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിച്ചിരുന്നു.

(സി) പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

15 ഫോറസ്റ്റ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ വനം വകുപ്പ് ആസ്ഥാനത്തുനിന്നും സർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ സംസ്ഥാനം നേരിട്ട രണ്ട് പ്രളയങ്ങൾ, നിലവിൽ അഭിമുഖീകരിക്കുന്ന കോവിഡ്-19 മഹാമാരി എന്നിവ കാരണം സർക്കാർ നേരിടുന്ന നിലവിലെ സാമ്പത്തികപ്രതിസന്ധി കാരണം ശിപാർശ തൽക്കാലം മാറ്റിവച്ചിട്ടുള്ളതാണ്.

## കാസർഗോഡ് ജില്ലയിൽ പുതിയ ഫോറസ്റ്റ് സ്റ്റേഷൻ

126 (3832) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പുതിയ ഫോറസ്റ്റ് സ്റ്റേഷൻ അനുവദിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ;

&

(സി) ജില്ലയിൽ ഫോറസ്റ്റ് സ്റ്റേഷനില്ലാത്ത സാഹചര്യത്തിൽ ആയത് എത്രയും പെട്ടെന്ന് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല. പുതുതായി ഫോറസ്റ്റ് ഡിവിഷൻ അനുവദിക്കുന്നമുറയ്ക്ക് ഇക്കാര്യം പരിഗണിക്കുന്നതാണ്.

**പരിസ്ഥിതി ദുർബ്ബല പ്രദേശങ്ങളിലെ ഭൂമി ഏറ്റെടുക്കൽ**

127 (3833) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി ദുർബ്ബല പ്രദേശമായി കണക്കാക്കി വ്യക്തികളിൽനിന്നും ഭൂമി ഏറ്റെടുത്ത നടപടി റദ്ദ് ചെയ്തുകൊണ്ട് കോടതി വിധികളുണ്ടായിട്ടുണ്ടോ?

പരിസ്ഥിതി ദുർബ്ബല പ്രദേശമായി കണക്കാക്കി വ്യക്തികളിൽനിന്നും ഭൂമി ഏറ്റെടുത്ത നടപടി റദ്ദ് ചെയ്തുകൊണ്ട് കോടതി വിധികളുണ്ടായിട്ടുണ്ട്.

(ബി) എത്ര കേസുകളിൽ പരാതിക്കാർക്ക് ഭൂമി തിരികെ നൽകിയിട്ടുണ്ട്?

കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 27 കേസുകളിൽ പരാതിക്കാർക്ക് ഭൂമി തിരികെ നൽകിയിട്ടുണ്ട്.

(സി) എത്ര കേസുകളിൽ സർക്കാർ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്; വിശദമാക്കാമോ?

പാലക്കാട്, കോട്ടയം, കൊല്ലം, കോഴിക്കോട് ട്രിബ്യൂണലുകളിൽ വിധിയായിട്ടുള്ള ഒ.എ. കേസുകളിൽ 112 കേസുകൾ സർക്കാർ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്.

**പാലക്കാട് ശിരുവാണിയിൽ ഇക്കോ ടൂറിസം പദ്ധതികൾ**

128 (3834) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ശിരുവാണി വനമേഖലയിൽ ഇക്കോ-ടൂറിസം പദ്ധതികൾ വിപുലപ്പെടുത്തുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദീകരിക്കാമോ?

ശിരുവാണി വനമേഖലയിൽ ഇക്കോ-ടൂറിസം പദ്ധതികൾ വിപുലപ്പെടുത്തുന്നതിനുള്ള നടപടികൾ ഇപ്പോൾ പരിഗണനയിലില്ല.

(ബി) സംസ്ഥാനത്തെ വനസംരക്ഷണ സമിതികളുടെ പ്രവർത്തനം വിശദീകരിക്കാമോ?

1998-ലെ ദേശീയ വനനയത്തിന്റെ ഭാഗമായി വിഭാവനം ചെയ്ത പങ്കാളിത്ത വനപരിപാലനം സംസ്ഥാനത്ത് 1998 മുതൽ നടപ്പാക്കിവരുന്നു. പങ്കാളിത്ത വനപരിപാലന നടത്തിപ്പിനായി 16-1-1998-ലെ സ.ഉ.(കൈ).08/98/വനം നമ്പർ ഉത്തരവുവഴി സംസ്ഥാന സർക്കാർ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും അതിൻപ്രകാരം കേരളത്തിൽ പ്രാദേശികതലത്തിൽ വനസംരക്ഷണ സമിതികളും (VSS), ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളും (EDC) രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്ത് നിലവിൽ 427 വനസംരക്ഷണ സമിതികളും 213 ഇക്കോഡെവലപ്മെന്റ് കമ്മിറ്റികളും പ്രവർത്തിക്കുന്നുണ്ട്. പങ്കാളിത്ത വനപരിപാലന പ്രദേശത്തെ കയ്യേറ്റം, കാലിമേച്ചിൽ, തീ, മരംമുറി, വേട്ടയാടൽ, മോഷണം എന്നിവയിൽനിന്നും സംരക്ഷിക്കുക, അംഗീകൃത സൂക്ഷ്മാസൂത്രണരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുക, എല്ലാ വിഭാഗം ജനങ്ങൾക്കും പ്രത്യേകിച്ച് വനാശ്രിത സമൂഹത്തിന് പ്രകൃതി സംരക്ഷണത്തിന്റേയും വനസംരക്ഷണത്തിന്റേയും പ്രാധാന്യം മനസ്സിലാക്കിക്കൊടുക്കുക, പങ്കാളിത്ത വനപരിപാലന പരിപാടിയിലുൾപ്പെടാത്ത അയൽ വനപ്രദേശങ്ങളുടെയും സംരക്ഷണം ഉറപ്പാക്കുക, വനപരിപാലന കാര്യങ്ങൾക്ക് വനം വകുപ്പിന് എല്ലാ സഹായ സഹകരണങ്ങളും നൽകുക എന്നിവയാണ് വനസംരക്ഷണ സമിതികളുടെ ചുമതലകളും കർത്തവ്യങ്ങളും. വിവിധ പങ്കാളിത്ത വനപരിപാലന പരിപാടികളുടെ നടത്തിപ്പിലൂടെ വനസംരക്ഷണ സമിതി/ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി അംഗങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് സാധിക്കുന്നു.

## വനസംരക്ഷണത്തിന് പട്ടികവർഗ്ഗ വിഭാഗങ്ങളിൽനിന്ന് നിയമനം

129 (3835) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിനുകീഴിൽ വനസംരക്ഷണത്തിനായുള്ള തസ്തികകളിലേയ്ക്ക് പട്ടികവർഗ്ഗ വിഭാഗങ്ങളിൽനിന്ന് പ്രത്യേക നിയമനം നടത്താൻ തീരുമാനമെടുത്തിട്ടുണ്ടോ?

തീരുമാനമെടുത്തിട്ടുണ്ട്.

(ബി) എങ്കിൽ ഏതെല്ലാം തസ്തികകളിലേയ്ക്കാണ് നിയമനം നടത്തുന്നതെന്നും ഓരോ തസ്തികകളിലും എത്ര ഒഴിവുകൾ നികത്താനാണ് തീരുമാനിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ?

12-2-2021-ലെ സ.ഉ. (കൈ) നം. 03/2021/വനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, വനം വകുപ്പിൽ ആദിവാസി വിഭാഗത്തിൽനിന്നും 500 പുതിയ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രകാരം നിയമിക്കുന്നതിനായി, തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ടി തസ്തികകളിലേയ്ക്കുള്ള നിയമനം സംബന്ധിച്ച നടപടികൾ നടന്നുവരുന്നു.

(സി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിന്റെ കീഴിൽവരുന്ന വനം മേഖലയിൽ മണ്ഡലത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നുതന്നെ നിയമനം നൽകാനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്കുള്ള നിയമനം ജില്ലാടിസ്ഥാനത്തിലാണ് നടത്തുന്നത്. 12-2-2021-ലെ സ.ഉ. (കൈ) നം. 03/2021/വനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പാലക്കാട് ജില്ലയ്ക്ക് ആദിവാസി വിഭാഗത്തിൽനിന്നും നിയമിക്കുന്നതിനായി 60 ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

## താൽക്കാലിക വാച്ചർമാരെ സ്ഥിരപ്പെടുത്തൽ

130 (3836) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന താൽക്കാലിക വാച്ചർമാരുടെ എണ്ണം എത്രയെന്ന് ഫോറസ്റ്റ് റേഞ്ചുകൾ തിരിച്ച് വിവരം ലഭ്യമാക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) ഇരുപത് വർഷം താൽക്കാലിക വാച്ചർമാരായി ജോലിചെയ്ത് സ്ഥിരപ്പെടുത്തൽ പട്ടികയിലുള്ള മലപ്പുറം ജില്ലയിലെ വ്യക്തികളുടെ പേര് വിവരങ്ങൾ ഫോറസ്റ്റ് സ്റ്റേഷൻ, ഡിവിഷൻ അടിസ്ഥാനത്തിൽ അറിയിക്കാമോ; ഇരുപത് വർഷം ജോലിചെയ്ത താൽക്കാലിക വാച്ചർമാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ?

ഇരുപത് വർഷമായി മലപ്പുറം ജില്ലയിൽ താത്കാലികമായി ജോലി നോക്കിവരുന്ന വാച്ചർമാരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.* താൽക്കാലിക വാച്ചർമാരെ സ്ഥിരപ്പെടുത്തുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) താൽക്കാലിക വാച്ചർമാർക്ക് ഒരു മാസം മുഴുവൻ ജോലി ചെയ്താലും മാസത്തിൽ നാല് മുതൽ പത്ത് ദിവസം വരെയുള്ള മസ്റ്റർറോൾ മാത്രം അനുവദിക്കുന്നത് ശ്രദ്ധയിലുണ്ടോ; ഇതിനുള്ള കാരണം വിശദമാക്കാമോ; ഇതെങ്ങനെ പരിഹരിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) താൽക്കാലിക വാച്ചർമാർക്ക് മാസത്തിൽ ഇരുപത്തിയഞ്ച് മസ്റ്റർറോൾ അനുവദിക്കുമെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ; ഇക്കാര്യങ്ങൾ പഠിക്കുന്നതിന് വിദഗ്ദ്ധ സംഘത്തെ നിയോഗിക്കുമോ?

ഫണ്ടിന്റെ ലഭ്യതയും വാച്ചർമാരുടെ ആവശ്യകതയുമനുസരിച്ചാണ് താൽക്കാലിക വാച്ചർമാരെ ജോലിക്ക് നിയോഗിച്ചുവരുന്നത്.

**പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സ്വന്തം ഭൂമിയിലെ മരം മുറിക്കാൻ അനുമതി**

131 (3837) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാതിർത്തിയോട് ചേർന്നതും കൈവശാവകാശമുള്ളതുമായ ഭൂമിയിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അവർ നട്ടുവളർത്തിയതോ അല്ലാത്തതോ ആയ പ്ലാവ്, ആഞ്ഞിലി, ഈട്ടി എന്നീ മരങ്ങൾ സ്വന്തം ആവശ്യത്തിനായി മുറിക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും ഉത്തരവ് നിലവിലുണ്ടോ; നേരത്തേ പുറപ്പെടുവിച്ചിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ നമ്പരും തീയതിയും വ്യക്തമാക്കാമോ;

&

(സി) ഇല്ലെങ്കിൽ ഇത്തരത്തിൽ ഒരു ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സെറ്റിൽമെന്റ് പ്രദേശത്തുനിന്നും പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അവർ നട്ടുവളർത്തിയ ആഞ്ഞിലി, പ്ലാവ് എന്നീ മരങ്ങൾ മുറിക്കുന്നതിന് 27-5-2019.-ലെ സ.ഉ. (കൈ) നം. 13/2019/വനം ഉത്തരവ് നിലവിലുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിന് വിധേയമായി പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് 24-3-2020-ന് സർക്കുലർ 01/2020 പുറപ്പെടുവിച്ചിട്ടുണ്ട്.

**തേക്ക് മരം മുറിക്കുന്നതിനുള്ള നടപടിക്രമം**

132 (3838) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്വന്തം ഭൂമിയിലെ തേക്ക് മരങ്ങൾ മുറിച്ച് ഭവന നിർമ്മാണത്തിനായി ഉപയോഗിക്കുന്നതിന് അനുവാദമുണ്ടോ; എങ്കിൽ ആയതിന് വനം വകുപ്പിന്റെ സമ്മതം ആവശ്യമുണ്ടോ; പ്രസ്തുത അനുവാദം ലഭിക്കുന്നതിനുള്ള നടപടിക്രമം വിശദമാക്കാമോ?

സ്വന്തം ഭൂമിയിലെ തേക്ക് മരങ്ങൾ മുറിച്ച് ഭവനനിർമ്മാണത്തിന് ഉപയോഗിക്കുന്നത് ഭൂമിയുടെ ഉടമസ്ഥതയുടെ അടിസ്ഥാനത്തിൽ 2005-ലെ The Kerala Promotion of Tree Growth in Non-forest Areas Act-ലെ വ്യവസ്ഥകൾ പ്രകാരം അനുവദനീയമാണ്. എന്നാൽ ഭൂമി സ്ഥിതിചെയ്യുന്ന വില്ലേജ് നോട്ടിഫൈഡ് ആണോ അല്ലയോ എന്നതിന്റെ അടിസ്ഥാനത്തിൽ ടി നിയമം അനുശാസിക്കുന്ന പ്രകാരം വനം വകുപ്പിന്റെ സമ്മതം ആവശ്യമുണ്ട്. സർക്കാർ ഉടമസ്ഥതയിലല്ലാത്ത പൂർണ്ണമായും സ്വന്തം ഉടമസ്ഥതയിലുള്ള സ്വകാര്യ ഭൂമിയിലെ സർക്കാർ ബാദ്ധ്യതയില്ലാത്ത തേക്ക് മരം മുറിക്കുന്നതിന് അനുവാദം ലഭിക്കുന്നതിനുള്ള നടപടിക്രമം ചുവടെ ചേർക്കുന്നു.

The Kerala Promotion of Tree Growth in Non-forest Areas Rule 2011-ലെ റൂൾ 2(g) പ്രകാരം നോട്ടിഫൈ ചെയ്യാത്ത വില്ലേജിലെ സ്വകാര്യ ഭൂമിയിൽനിന്നും മുറിച്ച തേക്ക് തടികൾ ടി നിയമം അനുശാസിക്കുന്ന പ്രകാരം ചുമതലയുള്ള റേഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് സമർപ്പിക്കുന്ന സത്യപ്രസ്താവനയുടെ രസീതിന്റെ പിൻബലത്തിൽ നീക്കം ചെയ്യാവുന്നതാണ്. എന്നാൽ നോട്ടിഫൈ ചെയ്ത വില്ലേജിൽ റേഞ്ച് ഫോറസ്റ്റ് ഓഫീസറുടെ പരിശോധനയെത്തുടർന്നുള്ള അനുമതിയോടെ മുറിച്ച തേക്ക് മരങ്ങൾ, സത്യപ്രസ്താവനയിന്മേലുള്ള നിയമാനുസൃതമായ പരിശോധനയെത്തുടർന്ന് ലഭിക്കുന്ന കടത്ത് പാസ്സിന്റെ പിൻബലത്തിൽ മാത്രമേ നീക്കം ചെയ്യാൻ കഴിയുകയുള്ളൂ.

**ജൈവാധിനിവേശ നിയന്ത്രണം**

133 (3839) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവാധിനിവേശം വർദ്ധിച്ചുവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നിയന്ത്രിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അധിനിവേശ സസ്യങ്ങളെ വേരോടുകൂടി പിഴുതുമാറ്റിയും തായ് തടിക്ക് ചുറ്റും ഒരു മീറ്റർ നീളത്തിൽ തൊലി ചെത്തി മാറ്റിയും കെമിക്കൽ ട്രീറ്റ്മെന്റ് നടത്തിയും ഇവയെ നശിപ്പിക്കുകയും വ്യാപനം നിയന്ത്രിക്കുകയും ചെയ്തുവരുന്നുണ്ട്. ഇപ്രകാരം പിഴുതുമാറ്റുന്ന സ്ഥലങ്ങളിൽ പകരം തദ്ദേശീയ വൃക്ഷങ്ങൾ/പുല്ലുകൾ എന്നിവ വച്ചുപിടിപ്പിച്ച് സ്വാഭാവിക വനങ്ങൾ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പെരിയാർ തടാകത്തിൽ കണ്ടുവരുന്ന ആഫ്രിക്കൻ ക്യാറ്റ് ഫിഷ് പോലുള്ള വിദേശ മത്സ്യങ്ങളെ സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹകരണത്തോടെ പിടികൂടി നീക്കം ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) സസ്യ-ജന്തുജാലങ്ങളുടെ ആവാസ വ്യവസ്ഥയെ ഇതെങ്ങനെ ബാധിക്കുമെന്ന് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

നടത്തിയിട്ടുണ്ട്. സസ്യ-ജന്തുജാലങ്ങളുടെ ആവാസ വ്യവസ്ഥയെ വിദേശ സസ്യമായ സെന്ന എപ്രകാരം ബാധിക്കുമെന്നതിനെക്കുറിച്ച് കേരള വന ഗവേഷണകേന്ദ്രം പഠനം നടത്തിയിട്ടുണ്ട്. ഈ ചെടിയുടെ ആധിക്യംമൂലം തനത് സസ്യങ്ങൾ ആവാസവ്യവസ്ഥ തകർന്ന് നശിച്ചുപോയതായി പഠനത്തിൽനിന്നും മനസ്സിലാക്കിയിട്ടുണ്ട്. പെരിയാർ ടൈഗർ റിസർവ്വും കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് നടത്തിയ ഓറിയന്റേഷൻ പ്രോഗ്രാമിൽ 32 ഇനം അധിനിവേശ സസ്യങ്ങളെ 98 സ്ഥലങ്ങളിൽനിന്നും കണ്ടെത്തുകയുണ്ടായി. ഇവയുടെ വ്യാപനം സ്വാഭാവിക ആവാസവ്യവസ്ഥയുടെ നാശത്തിന് കാരണമാകുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ട്. പെരിയാർ തടാകത്തിൽ കണ്ടുവരുന്ന ആഫ്രിക്കൻ മുഷി പോലുള്ള വിദേശമത്സ്യങ്ങളെ സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹകരണത്തോടെ സർവ്വേ നടത്തിയിട്ടുള്ളതും ഇവയുടെ സാന്നിദ്ധ്യം തദ്ദേശമത്സ്യങ്ങളുടെ നിലനിൽപ്പിന് ഭീഷണിയാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. 2020-21 സാമ്പത്തികവർഷം മാങ്കുളം ഡിവിഷനിൽ ജൈവഅധിനിവേശം സംബന്ധിച്ച് പഠനം നടത്തിയതിൽ 30-ഓളം അധിനിവേശ സസ്യങ്ങളുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുള്ളതാണ്. പുൽമേടുകളിലെ വാറ്റിൽ അധിനിവേശത്തെ സംബന്ധിച്ച് കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. കേരളത്തിലെ വനങ്ങളിൽ കണ്ടുവരുന്ന അധിനിവേശ സസ്യങ്ങളെ സംബന്ധിച്ച് പൊതുപഠനം കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയിട്ടുണ്ട്.

(സി) ഇവ കാരണം പല പ്രദേശങ്ങളിലും കൃഷികൾ നശിക്കുന്നതായിട്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സംസ്ഥാനത്ത് കണ്ടുവരുന്ന വിവിധയിനം ജൈവാധിനിവേശ സസ്യങ്ങളും ജന്തുജാലങ്ങളും ഏതെല്ലാമാണെന്ന് വിശദമാക്കാമോ; ഇവ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

സെന്ന സ്പെക്ടാബിലിസ്, ലന്റാന, ആന തൊട്ടാവാടി, ധൃതരാഷ്ട്ര പച്ച, പാർത്തീനിയം, വാറ്റിൽ, കമ്മ്യൂണിസ്റ്റ് പച്ച, മൂക്കണ, Wild Sage, Siam Weed, Croften Weed, Blood Flower, Bracken Fern, Eucalyptus, Giant Sensitive Weed, Matamat, Turkey berry, Liquorice Weed, Red Flower Rag Leaf, Bitter Vine, Chooda, Churuli, Hairy Beggarticks, Congress Grass, Goat Weed, Kabichedi, Toothache plant, Blue Snake Weed, Bush Morning Glory, Butterfly Pea, Horn bean leaved Sida, Knob Weed, Measles Plant, Mexican Sun Flower, Mission Grass, Railway Creeper, Red Morning Glory, Singapore, Daisy, Soft Stemmed Mint Leaf, Thottavadi മുതലായവയാണ് സംസ്ഥാനത്ത് കണ്ടുവരുന്ന വിവിധയിനം അധിനിവേശ സസ്യങ്ങൾ. ആഫ്രിക്കൻ മുഷി, ആഫ്രിക്കൻ ഒച്ച്, പിരാന മത്സ്യം, തിലോപ്പിയ, ചെഞ്ചെവിയൻ ആമ എന്നിവയാണ് അധിനിവേശ ജന്തുജാലങ്ങൾ. അധിനിവേശ സസ്യങ്ങൾ ജൈവ സമ്പത്ത് നശിപ്പിക്കുകയും തനത് സസ്യങ്ങൾ നശിച്ചുപോകുവാനും വന്യജീവികൾക്ക് ഭക്ഷ്യയോഗ്യമായ സസ്യങ്ങളുടെ ലഭ്യത കുറയ്ക്കുവാനും മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിപ്പിക്കുവാനും കാരണമാകുന്നു. അധിനിവേശ ജന്തുജാലങ്ങൾ തദ്ദേശീയമായ ജന്തുജാലങ്ങളുടെ നിലനിൽപ്പിന് ഭീഷണിയാണ്.

**ഇലക്ട്രിക് ലൈൻ വലിക്കുന്നതിന് അനുമതി**

134 (3840) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡലത്തിലെ പൊൻമുടിയിൽ വില്ലേജ് ഇലക്ട്രിസിറ്റി കാറ്റഗറിയിലുൾപ്പെടുത്തി രണ്ട് ബി.പി.എൽ. കുടുംബങ്ങൾക്ക് വൈദ്യുതി നൽകുന്നതിന് ഇലക്ട്രിക് ലൈൻ വലിക്കുന്നതിനുള്ള അനുമതിക്കായി പ്രൊപ്പോസൽ നം. FP/KL/VELEC/51441/2020 പ്രകാരം വനം വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും ആയതിന്റെ നിലവിലെ സ്ഥിതിയെന്താണെന്നും അറിയിക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിലെ പൊൻമുടിയിൽ, വില്ലേജ് ഇലക്ട്രിസിറ്റി കാറ്റഗറിയിലുൾപ്പെടുത്തി രണ്ട് ബി.പി.എൽ. കുടുംബങ്ങൾക്ക് വൈദ്യുതി നൽകുന്നതിന് ഇലക്ട്രിക് ലൈൻ വലിക്കുന്നതിനുള്ള അനുമതിക്കായുള്ള പ്രൊപ്പോസൽ നം. FP/KL/VELEC/51441/2020 12-7-2021-ന് അപാകതകൾ പരിഹരിച്ച് ഓൺലൈൻ PARIVESH പോർട്ടലിൽ ലഭ്യമായി. ആയത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ തിരുവനന്തപുരത്തിന് 19-7-2021-ന് അയച്ചുകൊടുക്കുകയും 23-7-2021-ന് പരിശോധനാ റിപ്പോർട്ട് സഹിതം, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ തിരുവനന്തപുരം, സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്മേൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നടപടി സ്വീകരിച്ചുവരുന്നു.

## വയനാട് കമ്പമലയിലെ തോട്ടം

135 (3841) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എഫ്.ഡി.സി.-ക്കുകീഴിൽ വയനാട് ജില്ലയിലെ കമ്പമലയിൽ പ്രവർത്തിക്കുന്ന തോട്ടത്തിൽ എത്ര സ്ഥിരം തൊഴിലാളികളുണ്ടെന്നും എത്ര പേർ താത്കാലികമായി ജോലി ചെയ്യുന്നുവെന്നുമുള്ള കണക്ക് ലഭ്യമാക്കുമോ?

സ്ഥിരം തൊഴിലാളികൾ - 108

താൽക്കാലിക തൊഴിലാളികൾ - 38

(ബി) ഈ തോട്ടത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് നിലവിൽ എന്തെങ്കിലും പ്രതിസന്ധിയുണ്ടോയെന്ന് വ്യക്തമാക്കുമോ?

മാനന്തവാടി കമ്പമല തേയിലത്തോട്ടം വർഷങ്ങളായി നഷ്ടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. കഴിഞ്ഞ 5 വർഷങ്ങളിലെ സഞ്ചിതനഷ്ടം 5.86 കോടി രൂപയാണ്. 2019-20-ൽ 123 ലക്ഷം രൂപയുടെ നഷ്ടവും 2021-ൽ 20.08 ലക്ഷം രൂപയുടെ നഷ്ടവുമുണ്ടായിട്ടുണ്ട്. കോവിഡ് പ്രതിസന്ധിമൂലം എല്ലാ വരുമാനമാർഗ്ഗങ്ങളും നിലച്ചതിനാലും കൈവശമുള്ള ഫണ്ടുകൾ (ഓവർഡ്രാഫ്റ്റ് ഉൾപ്പെടെ) ഉപയോഗിച്ച് തീർന്നതിനാലും കോർപ്പറേഷൻ, ജീവനക്കാർക്കും തൊഴിലാളികൾക്കും ശമ്പളം നൽകുന്നതിന് ബുദ്ധിമുട്ടുന്ന അവസ്ഥയാണ് നിലനിൽക്കുന്നത്. തൊഴിലാളികൾക്കും ജീവനക്കാർക്കുമുള്ള വേതനത്തിനും മറ്റ് ചെലവുകൾക്കും കെ.എഫ്.ഡി.സി.-യിൽ തനത് ഫണ്ടിൽ നിന്നാണ് തുക കണ്ടെത്തുന്നത്. കെ.എഫ്.ഡി.സി. അക്കൗണ്ടിൽ തുക തീർത്തും ഇല്ലാതായ സാഹചര്യത്തിൽ ചെലവുകളിൽ കർശന നിയന്ത്രണം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി താൽക്കാലിക തൊഴിലാളികളുടെ സേവനം നിർത്തിവച്ചിരിക്കുകയാണ്.

(സി) എങ്കിൽ ഈ പ്രതിസന്ധി മറികടക്കാൻ ഏതെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ടോയെന്ന് അറിയിക്കുമോ?

ഇക്കോട്ടൂറിസം, തടി വിൽപ്പന,നാണ്യവിള വിൽപ്പന എന്നിവ പുനരുജ്ജീവിപ്പിച്ച് കെ.എഫ്.ഡി.സി-യുടെ നിലവിലെ അവസ്ഥ മെച്ചപ്പെടുത്തുവാൻ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**കയ്പമംഗലത്തെ തീരസംരക്ഷണ നടപടികൾ**

136 (3842) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയ്പമംഗലം നിയോജകമണ്ഡലത്തിൽ രൂക്ഷമായ കടലാക്രമണം നേരിടുന്ന തീരപ്രദേശങ്ങളുടെ പരിസ്ഥിതി സൗഹൃദ സംരക്ഷണത്തിനായി വനം വകുപ്പ് ഇതിനോടകം സ്വീകരിച്ചതും സ്വീകരിക്കാനുദ്ദേശിക്കുന്നതുമായ നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കയ്പമംഗലം നിയോജകമണ്ഡലത്തിലെ ശ്രീനാരായണപുരം പഞ്ചായത്തിൽ കടലാക്രമണം നേരിടുന്നതിനായി ജൈവ കവചം സൃഷ്ടിക്കുന്നതിന് വനം വകുപ്പ് പൂവരശ് തൈകൾ നൽകുകയും തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ആയവ നട്ടുപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**അലങ്കാര പക്ഷി-മൃഗ വളർത്തലിന് വിലക്ക്**

137 (3843) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപജീവന മാർഗ്ഗത്തിന്റെ ഭാഗമായി തത്തകളെ വളർത്തുന്നതിന് നിയമപരമായ വിലക്കുണ്ടോ; വിശദമാക്കാമോ?

ഇന്ത്യൻ തത്തകളെ വളർത്തുന്നതിന് നിയമപരമായ വിലക്കുണ്ട്. 1972-ലെ വന്യജീവി (സംരക്ഷണ) ആക്ടിലെ ഷെഡ്യൂൾ IV-ൽ, ഐറ്റം 11-ൽ (പക്ഷികൾ) 50-ാം ഇനമായി തത്തകൾ [Parakeets (Psittacidie)] വരുന്നതിനാൽ മേൽ നിയമപ്രകാരം ഇന്ത്യൻ തത്തകളെ വളർത്തുന്നതിന് വിലക്കുണ്ട്.

(ബി) ഈവിധം വളർത്തുന്നതിന് നിയമപരമായി തടസ്സമുള്ള മൃഗങ്ങളുടെയും പക്ഷികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

1972-ലെ വന്യജീവി (സംരക്ഷണ) ആക്ടിലെ ഷെഡ്യൂൾ I, II, III, IV-ലുൾപ്പെട്ടിട്ടുള്ള മൃഗങ്ങളെയും പക്ഷികളെയും വളർത്തുന്നതിന് നിയമപരമായ തടസ്സമുണ്ട്. ഷെഡ്യൂൾ I, II, III, IV എന്നിവയുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**വന്യമൃഗ ആക്രമണവും കൃഷിനാശവും**

138 (3844) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യവാസ കേന്ദ്രങ്ങളിൽ വന്യമൃഗങ്ങളുടെ ആക്രമണവും കൃഷിനാശവും തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

വന്യമൃഗങ്ങളുടെ നാട്ടിലേയ്ക്കുള്ള പ്രവേശനം തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജ വേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നുമുണ്ട്. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി റാപ്പിഡ് റെസ്പോൺസ് ടീമുകളെ അടിസ്ഥാനമാക്കി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. നാട്ടിലേയ്ക്കിറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി വിവിധപ്രദേശങ്ങളിൽ 13 സ്ഥിരം/താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചുവരുന്നു. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നുണ്ട്. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടിവച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനകീയ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ്-

ജലസംരക്ഷണ പ്രവൃത്തികൾ, ചെക്ക്ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജല ലഭ്യത ഉറപ്പുവരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്. വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസമേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കാട്ടുപന്നികൾ ജനവാസമേഖലയിലും കൃഷിയിടങ്ങളിലും നാശം വരുത്തുകയും മനുഷ്യർക്ക് പരിക്ക്, ജീവഹാനി എന്നിവയുണ്ടാകുന്ന സാഹചര്യത്തിൽ അവയെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിന് 18-5-2020-ലെ സ.ഉ. 111/2020/വനം, 11-1-2021-ലെ സ.ഉ. (സാധാ) നം. 5/2021/വനം എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. 29-5-2021-ലെ സ.ഉ. (സാധാ) നം. 159/2021/വനം പ്രകാരം മേൽ ഉത്തരവുകളുടെ കാലാവധി 17-5-2022 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 08-1-2015-ലെ സ.ഉ.നം. (കൈ) 2/2015/വനം എന്ന ഉത്തരവിൽ പറയുംപ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. വന്യജീവി ആക്രമണംമൂലം ജീവഹാനി, പരിക്ക്, സ്വത്തുനാശം, അംഗവൈകല്യം എന്നിവയുണ്ടാകുന്നവർക്ക് 5-4-2018-ലെ സ.ഉ.നം. (കൈ) 17/2018/വനം എന്ന ഉത്തരവ് പ്രകാരം വനം വകുപ്പ് നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെന്റുകളിലെ താമസക്കാരെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം കാടിന് പുറത്തേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനായി സംസ്ഥാനതലത്തിൽത്തന്നെ 5 വർഷത്തേയ്ക്കുള്ള ഒരു ബൃഹത് പദ്ധതി തയ്യാറാക്കുന്നുണ്ട്.

(ബി) വന്യമൃഗങ്ങളുടെ ആക്രമണം നേരിടേണ്ടിവന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

5-4-2018-ലെ സ.ഉ.(കൈ)നം. 17/2018/വനം ഉത്തരവ് പ്രകാരം വന്യജീവി ആക്രമണംമൂലം മരണം, പരിക്ക്, അംഗവൈകല്യം എന്നിവയ്ക്ക് നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. വന്യജീവി ആക്രമണംമൂലം മരണമടയുന്നവരുടെ ആശ്രിതർക്ക് 10 ലക്ഷം രൂപയും വനത്തിനുപുറത്തുവച്ച് പാമ്പുകടിയേറ്റുള്ള മരണത്തിന് 2 ലക്ഷം രൂപയും നഷ്ടപരിഹാരമായി അനുവദിച്ചുവരുന്നു. വന്യജീവി ആക്രമണത്തിൽ പരിക്കേറ്റ് സ്ഥായിയായ അംഗഭംഗം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും പരിക്കേൽക്കുന്നവർക്ക് സർക്കാർ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ

അടിസ്ഥാനത്തിൽ 1 ലക്ഷം രൂപയും നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ ചികിത്സാതുക മുഴുവനായും നൽകിവരുന്നുണ്ട്. മരണമടയുന്ന വ്യക്തികളുടെ ആശ്രിതർ ഒരു വർഷത്തിനകവും പരിക്കേൽക്കുന്നവരും അംഗഭംഗം സംഭവിക്കുന്നവരും 6 മാസത്തിനകവും നഷ്ടപരിഹാരത്തിനായി അപേക്ഷ നൽകേണ്ടതാണ്. വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 08-1-2015-ലെ സ.ഉ.നം. (കൈ) 2/2015/വനം എന്ന ഉത്തരവിൽ പറയുംപ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. കൃഷി നാശത്തിന്റെ 100% (പരമാവധി 1 ലക്ഷം രൂപ) നഷ്ടപരിഹാരമായി നൽകുന്നതാണ്. ഒരു വ്യക്തിക്ക് വർഷത്തിൽ നാല് തവണ മാത്രമേ കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകിവരുന്നുള്ളൂ. കൃഷി നാശം സംബന്ധിച്ച അപേക്ഷ 6 മാസത്തിനകം അപേക്ഷകൻ സമർപ്പിക്കേണ്ടതാണ്.

## വന്യജീവി ആക്രമണം

139 (3845) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി പട്ടികയിൽ ഏതെല്ലാം മൃഗങ്ങളും ജീവികളുമാണുൾപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കാമോ?

1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ ഷെഡ്യൂൾ I മുതൽ VI വരെയുള്ള മൃഗങ്ങളും ജീവികളുമാണ് വന്യജീവി എന്ന നിർവ്വചനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു*.

(ബി) വന്യജീവി ആക്രമണത്താൽ മരണപ്പെട്ടാൽ എത്ര രൂപയാണ് നഷ്ടപരിഹാരമായി നൽകുന്നത്?

വന്യജീവി ആക്രമണത്താൽ മരണം സംഭവിച്ചാൽ മരണപ്പെടുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് 5-4-2018-ലെ സ.ഉ.(കൈ) നം 17/2018/ വനം ഉത്തരവ് പ്രകാരം 10 ലക്ഷം രൂപയാണ് നൽകുന്നത്. വനത്തിന് പുറത്തുവച്ച് പാമ്പുകടിയേറ്റ് ജീവഹാനി സംഭവിച്ചാൽ 2 ലക്ഷം രൂപയാണ് നഷ്ടപരിഹാരം നൽകുന്നത്.

(സി) ഇങ്ങനെ മരണപ്പെട്ടവരുടെ ആശ്രിതർ നൽകിയ അപേക്ഷകളിൽ ഏത് വർഷം വരെയുള്ളവർക്കാണ് നഷ്ടപരിഹാരം അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| ഡിവിഷൻ | തീർപ്പാക്കിയ അപേക്ഷകൾ സംബന്ധിച്ച വിവരം |
|---|---|
| അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്, തിരുവനന്തപുരം | നാളിതുവരെ ലഭിച്ച അപേക്ഷകളിൽ നഷ്ടപരിഹാര തുക അനുവദിച്ചിട്ടുണ്ട്. |
| വന്യജീവി വിഭാഗം, പാലക്കാട് | 2020 വരെയുള്ള അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. |
| ഫീൽഡ് ഡയറക്ടർ, കോട്ടയം | 2019 വരെയുള്ള അപേക്ഷ തീർപ്പാക്കിയിട്ടുണ്ട്. |
| സതേൺ സർക്കിൾ, കൊല്ലം | 2020 വരെ ലഭിച്ച അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. |
| നോർത്തേൺ സർക്കിൾ, കണ്ണൂർ | കണ്ണൂർ ഡിവിഷനിൽ 2018 വരെയും കാസർഗോഡ്, നോർത്ത് വയനാട് ഡിവിഷനുകളിൽ 2019 വരെയും സൗത്ത് വയനാട് ഡിവിഷനിൽ 04/2021 വരെയും കോഴിക്കോട് ഡിവിഷനിൽ 2020 വരെയുമുള്ള അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. |
| സെൻട്രൽ സർക്കിൾ, തൃശ്ശൂർ | മലയാറ്റൂർ, വാഴച്ചാൽ ഡിവിഷനുകളിൽ അപേക്ഷകൾ തീർപ്പാക്കാനില്ല. തൃശ്ശൂർ, ചാലക്കുടി ഡിവിഷനുകളിൽ 07/2020 വരെയുള്ള അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. |
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | നിലമ്പൂർ നോർത്ത്, മണ്ണാർക്കാട്, നെന്മാറ എന്നീ ഡിവിഷനുകളിൽ 2020 വരെയും നിലമ്പൂർ സൗത്ത്, പാലക്കാട് എന്നീ ഡിവിഷനുകളിൽ 2021 വരെയുമുള്ള അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. |
| ഹൈറേഞ്ച് സർക്കിൾ, കോട്ടയം | മറയൂർ, മാങ്കുളം എന്നീ ഡിവിഷനുകളിൽ ലഭിച്ച അപേക്ഷകൾക്കെല്ലാം നഷ്ടപരിഹാരം നൽകിയിട്ടുള്ളതാണ്. കോതമംഗലം ഡിവിഷനിൽ 2019 വരെയും മൂന്നാർ ഡിവിഷനിൽ 5/2019 വരെയും കോട്ടയം ഡിവിഷനിൽ 2020 വരെയുമുള്ള അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. |

(ഡി) ഇനി എത്ര അപേക്ഷകളാണ് തീർപ്പാക്കാൻ ബാക്കിയുള്ളതെന്ന് അറിയിക്കാമോ?

തീർപ്പാക്കാനുള്ള അപേക്ഷകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| **സർക്കിൾ** | **തീർപ്പാക്കാനുള്ള അപേക്ഷകളുടെ എണ്ണം** |
|---|---|
| വന്യജീവി വിഭാഗം, പാലക്കാട് | 2 |
| ഫീൽഡ് ഡയറക്ടർ, കോട്ടയം | 2 |
| സതേൺ സർക്കിൾ, കൊല്ലം | 22 |
| നോർത്തേൺ സർക്കിൾ, കണ്ണൂർ | 38 |
| സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 11 |
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 26 |
| ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 10 |
| **ആകെ** | **111** |

## കാട്ടുമൃഗങ്ങളെ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ

140 (3846) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുമൃഗങ്ങളുടെ ശല്യം നിമിത്തം ജനങ്ങൾ കാർഷികവൃത്തിയിൽനിന്നും പിൻവാങ്ങുന്നത് ഈ മേഖലയുടെ തകർച്ചയ്ക്ക് കാരണമാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിള നശിപ്പിക്കുന്ന കാട്ടുമൃഗങ്ങളെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിള നശിപ്പിക്കുന്ന കാട്ടുമൃഗങ്ങളെ നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെചേർക്കുന്നു. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂട്ടി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. നാട്ടിലേയ്ക്കിറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി വിവിധ പ്രദേശങ്ങളിൽ 13 സ്ഥിരം/താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചുവരുന്നു. വന്യമൃഗങ്ങൾ ജനവാസമേഖലയിലേയ്ക്ക് ഇറങ്ങുന്നത് തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജ വേലികളും ആന പ്രതിരോധ മതിലുകളും കിടങ്ങുകളും ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നുണ്ട്. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടിവച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള 204 ജനജാഗ്രതാ സമിതികൾ പ്രശ്നബാധിതമായ പഞ്ചായത്തുകളിൽ പ്രവർത്തിച്ചുവരുന്നുണ്ട്. വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ്-ജലസംരക്ഷണ പ്രവൃത്തികൾ, ചെക്ക് ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനവും വനത്തിനകത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണവും പുനരുദ്ധാരണവും നടത്തിവരുന്നുണ്ട്. കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസ മേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 8-1-2015-ലെ സ.ഉ. (കൈ) നം.2/2015/വനം എന്ന ഉത്തരവിൽ പറയുംപ്രകാരം നഷ്ടപരിഹാരം നൽകി വരുന്നുണ്ട്.

(ബി) വിള നശിപ്പിക്കുന്ന കാട്ടുപന്നികളെ കൊല്ലുന്നതിനുള്ള അനുവാദം നൽകിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ?

നൽകിയിട്ടുണ്ട്. 18-5-2020-ലെ സ.ഉ. (സാധാ) നം. 111/2020/വനം, 11-1-2021 ലെ സ.ഉ. (സാധാ) നം. 5/2021/വനം, 28-1-2021 ലെ സ.ഉ. (സാധാ) നം. 25/2021/വനം എന്നിവ പ്രകാരം ശല്യക്കാരായ കാട്ടുപന്നികളെ കൊല്ലുന്നതിന് ഉത്തരവായിട്ടുണ്ട്. 29-5-2021-ലെ സ.ഉ.(സാധാ) നം. 159/2021/വനം പ്രകാരം മേൽ ഉത്തരവുകളുടെ കാലാവധി 17-5-2022 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവിലെ നടപടിക്രമങ്ങൾ താഴെച്ചേർക്കുന്നു.

മനുഷ്യന്റെ ജീവനും സ്വത്തിനും നാശംവരുത്തുന്ന കാട്ടുപന്നികളെ 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ 2 (16) വകുപ്പിൽ നിർവ്വചിട്ടുള്ളത് പ്രകാരം, നശിപ്പിക്കാൻ കർഷകർക്കും ഉദ്യോഗസ്ഥർക്കും നടപടി സ്വീകരിക്കാവുന്നതാണ്. വിഷ പ്രയോഗം, സ്ഫോടക വസ്തു പ്രയോഗം, വൈദ്യുതി ഷോക്ക് ഏൽപ്പിക്കൽ, വനാതിർത്തിയിൽനിന്നും 2 കിലോമീറ്റർ വരെയുള്ള ഭാഗത്ത് കുരുക്കിട്ട് പിടിക്കൽ എന്നീ മാർഗ്ഗങ്ങളിലൂടെ കാട്ടുപന്നികളെ നശിപ്പിക്കാൻ പാടില്ല. കാട്ടിൽനിന്നും നാട്ടിലേയ്ക്കിറങ്ങി മനുഷ്യജീവനോ സ്വത്തിനോ കൃഷിക്കോ നാശനഷ്ടമുണ്ടാക്കുന്ന എല്ലാത്തരം കാട്ടുപന്നികളെയും നശിപ്പിക്കാവുന്നതാണ്. കാട്ടുപന്നിയുടെ ആക്രമണം രൂക്ഷമായ പ്രദേശങ്ങളുൾപ്പെടുത്തിക്കൊണ്ട് ചീഫ് വൈൽഡ് ലൈഫ് വാർഡൻ പുറപ്പെടുവിച്ചിട്ടുള്ള പട്ടികയിലെ പ്രദേശങ്ങളിൽ കാട്ടുപന്നികളെ നശിപ്പിക്കാവുന്നതാണ്. ജനജാഗ്രതാ സമിതിയുടെ ശിപാർശ സഹിതമോ അല്ലാതെയോ, റേഞ്ച് ഫോറസ്റ്റ് ഓഫീസർ/ അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ/ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/വൈൽഡ് ലൈഫ് വാർഡൻ എന്നിവർക്ക്, ടി പന്നികളെ നശിപ്പിക്കുന്നതിനുള്ള അനുമതി തേടിക്കൊണ്ട്, സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ 24 മണിക്കൂറിനകം തീർപ്പാക്കേണ്ടതാണ്. ഇപ്രകാരം അനുമതി ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പിടിക്കപ്പെടുകയോ കൊല്ലപ്പെടുകയോ ചെയ്യുന്ന കാട്ടുപന്നികളെ സംബന്ധിച്ച വിവരം പ്രസ്തുത വനം വകുപ്പുദ്യോഗസ്ഥരെ ഉടൻതന്നെ അറിയിക്കേണ്ടതും പ്രസ്തുത അറിയിപ്പ് ലഭിച്ചുകഴിഞ്ഞാലുടൻ 24 മണിക്കൂറിനകം പ്രസ്തുത കാട്ടുപന്നിയുടെ ജഡത്തെ ഉദ്യോഗസ്ഥർ കൈപ്പറ്റേണ്ടതുമാണ്. ഫോറസ്റ്റ് റേഞ്ച് പരിധിയിലുള്ള തോക്ക് ഉപയോഗിക്കുവാൻ ലൈസൻസുള്ളവരും പന്നിയെ കൊല്ലാൻ സന്നദ്ധരായവരുമായ വ്യക്തികളുടെ ഒരു പാനൽ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/വൈൽഡ് ലൈഫ് വാർഡൻ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. കാട്ടുപന്നിയെ വെടിവച്ച് കൊല്ലുന്നതിന് വനം വകുപ്പ്, പോലീസ്, മറ്റ് യൂണിഫോം സർവ്വീസിൽപ്പെട്ട ഉദ്യോഗസ്ഥർ, തോക്ക് ഉപയോഗിക്കാൻ ലൈസൻസുള്ള വ്യക്തികൾ എന്നിവരെ എംപാനൽ ചെയ്യാവുന്നതാണ്. വെടിവയ്ക്കാൻ എംപാനൽ ചെയ്യപ്പെടുന്ന വ്യക്തിക്ക് കൃത്യം നിർവ്വഹിക്കുന്നമുറയ്ക്ക് പന്നി ഒന്നിന് 1000 രൂപ (ആയിരം രൂപ മാത്രം) നിരക്കിൽ പ്രതിഫലം അനുവദിക്കേണ്ടതാണ്. കാട്ടുപന്നിയെ വെടിവയ്ക്കുന്നതുമായി ബന്ധപ്പെട്ട് അറിഞ്ഞോ അറിയാതെയോ മനുഷ്യ ജീവനോ സ്വത്തിനോ സംഭവിക്കുന്ന അപായങ്ങൾക്കും നാശനഷ്ടങ്ങൾക്കും വെടിവയ്ക്കുന്നയാൾ മാത്രമായിരിക്കും ഉത്തരവാദി. കൊല്ലപ്പെട്ട പന്നിയുടെ ജഡം പരിശോധിച്ച് മഹസ്സർ തയ്യാറാക്കേണ്ടതും നിശ്ചിത ഫോമിൽ റേഞ്ച് ഫോറസ്റ്റ് ഓഫീസർ റിപ്പോർട്ട് തയ്യാറാക്കേണ്ടതുമാണ്. തുടർന്ന് സെക്ഷൻ ഫോറസ്റ്റ് ഓഫീസറുടെ മേൽനോട്ടത്തിൽ ജഡം കത്തിക്കുകയോ മണ്ണെണ്ണ ഒഴിച്ച് മറവ്

ചെയ്യുകയോ ചെയ്യേണ്ടതാണ്. കൃത്യം നടപ്പിലാക്കി 24 മണിക്കൂറിനകം ചീഫ് വൈൽഡ് ലൈഫ് വാർഡന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

**മുള്ളൻപന്നി ശല്യം**

141 (3847) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുള്ളൻപന്നി ശല്യം കാരണം കൃഷിനാശം ഉൾപ്പെടെയുള്ള നാശനഷ്ടങ്ങൾ നേരിടേണ്ടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മുള്ളൻപന്നി ശല്യം നിയന്ത്രിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

മുള്ളൻപന്നി ശല്യം നിയന്ത്രിക്കുന്നതിന് ഫലപ്രദമായ മാർഗ്ഗങ്ങൾ നിലവിലില്ല.

(സി) ഇത്തരത്തിൽ പ്രതിസന്ധി നേരിടുന്ന കർഷകർക്ക് എന്തെല്ലാം സഹായങ്ങൾ നൽകുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 08-1-2015-ലെ സ.ഉ. (കൈ) നം.2/2015/വനം എന്ന ഉത്തരവ് പ്രകാരം വനം വകുപ്പ് നഷ്ടപരിഹാരം നൽകിവരുന്നു. ടി ഉത്തരവ് പ്രകാരം 27 ഇനം കാർഷിക വിളകൾക്കാണ് നഷ്ടപരിഹാരം നൽകുന്നത്. 5-4-2018-ലെ സ.ഉ. (കൈ) നം.17/2018/വനം ഉത്തരവ് പ്രകാരം കൃഷിനാശത്തിന് കണക്കാക്കപ്പെടുന്ന നഷ്ടത്തിന്റെ 100% (പരമാവധി ഒരു ലക്ഷം രൂപ) ആണ് അനുവദിക്കുന്നത്. ഒരു വ്യക്തിക്ക് വർഷത്തിൽ നാല് തവണവരെയാണ് നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹതയുള്ളത്. കൃഷി നാശമുണ്ടായി ആറ് മാസത്തിനകം അപേക്ഷകൻ നഷ്ടപരിഹാരത്തിനായി അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്.

(ഡി) കാട്ടുപന്നി ശല്യം സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച വിധിയുടെ പശ്ചാത്തലത്തിൽ മുള്ളൻപന്നി ശല്യം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

കാട്ടുപന്നിശല്യം സംബന്ധിച്ച ബഹുമാനപ്പെട്ട ഹൈക്കോടതി വിധി മുള്ളൻപന്നികൾക്ക് ബാധകമല്ല.

## കാട്ടുപന്നി ശല്യം പരിഹരിക്കാൻ ഹൈക്കോടതി ഇടപെടൽ

142 (3848) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരുടെയും കൃഷിയിടങ്ങളുടെയും സംരക്ഷണം ഉറപ്പാക്കാൻ കാട്ടുപന്നിയെ കൊല്ലാൻ കേരള ഹൈക്കോടതി അനുവാദം നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. ശ്രീ. കെ. വി. സെബാസ്റ്റ്യൻ ഉൾപ്പെടെ 6 പേർ ഫയൽ ചെയ്ത WP (C) No. 21207/2020 (A), ശ്രീ. തോമസ് തോമസ് ഉൾപ്പെടെ 6 പേർ ഫയൽ ചെയ്ത WP(C) No. 12496/2021 (J) എന്നിവയിലെ 23-7-2021-ലെ ഇടക്കാല ഉത്തരവ് പ്രകാരം ടി കേസ്സുകളിലെ പെറ്റീഷണർമാർക്ക് ഒരു മാസത്തിനുള്ളിൽ ചീഫ് വൈൽഡ് ലൈഫ് വാർഡൻ 1972-ലെ വന്യജീവി (സംരക്ഷണ) ആക്ടിലെ സെക്ഷൻ 11 (1) (b) പ്രകാരം ഇവരുടെ കൃഷിഭൂമി പ്രദേശത്ത് കാട്ടുപന്നികളെ വേട്ട നടത്തുന്നതിനുള്ള അനുമതി നൽകണമെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഉത്തരവായിട്ടുണ്ട്.

(ബി) കാട്ടുപന്നി ശല്യം ഒഴിവാക്കാൻ സർക്കാർ നടപടികൾ പര്യാപ്തമല്ലെന്ന ഹൈക്കോടതി നിരീക്ഷണം ഗൗരവത്തോടെ കാണുന്നുണ്ടോ?

ഉണ്ട്.

(സി) ഹൈക്കോടതി ഉത്തരവിന്റെ അന്ത:സത്ത ഉൾക്കൊണ്ട് കാട്ടുപന്നി ശല്യം പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

നിലവിലെ സർക്കാർ ഉത്തരവിൻ പ്രകാരംതന്നെ കൃഷിഭൂമികളിൽ നാശംവരുത്തുന്ന കാട്ടുപന്നികളെ നശിപ്പിക്കുവാൻ കർഷകർക്കും നടപടി സ്വീകരിക്കാവുന്നതാണ്. WP(C) No.21207/2020(A), WP(C) No.12496/ 2021(J) എന്നിവയിൽ 23-7-2021-ൽ വന്നിരിക്കുന്നത് സംയുക്ത ഇടക്കാല ഉത്തരവാണ്. ടി ഉത്തരവ് പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## കാട്ടുപന്നി

143 (3849) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടുപന്നിയെ സംരക്ഷിത മൃഗമായി പ്രഖ്യാപിച്ചിട്ടുണ്ടോ; കാട്ടുപന്നിയെ കേന്ദ്ര വന നിയമത്തിന്റെ അഞ്ചാം ഷെഡ്യൂളിലുൾപ്പെടുത്തി ക്ഷുദ്രജീവിയായി പരിഗണിക്കാൻ സാധിക്കുമോ; വ്യക്തമാക്കുമോ?

കാട്ടുപന്നിയെ സംരക്ഷിത മൃഗമായി പ്രഖ്യാപിച്ചിട്ടുണ്ട്. കാട്ടുപന്നിയെ 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിന്റെ അഞ്ചാം ഷെഡ്യൂളിലുൾപ്പെടുത്തി ക്ഷുദ്രജീവി (വെർമിൻ) ആയി പരിഗണിക്കാൻ സാധിക്കുന്നതാണ്. ഇപ്രകാരം കാട്ടുപന്നിയെ 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ വകുപ്പ് 62 പ്രകാരം ഷെഡ്യൂൾ V-ലുൾപ്പെടുത്തി വെർമിനായി പ്രഖ്യാപിക്കാനുള്ള അധികാരം കേന്ദ്രസർക്കാരിൽ നിക്ഷിപ്തമാണ്.

## വന്യമൃഗങ്ങളുടെ ആക്രമണത്തിന് നഷ്ടപരിഹാരം

144 (3850) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽ മരണപ്പെടുന്നവർക്കും പരിക്ക് പറ്റുന്നവർക്കും സമയബന്ധിതമായി നഷ്ടപരിഹാരത്തുക നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

പൊതുജനങ്ങൾക്ക് നഷ്ടപരിഹാരത്തിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിന് ഇ-ഡിസ്ട്രിക്ട് പോർട്ടൽ സംവിധാനം സജ്ജീകരിച്ചിട്ടുണ്ട്. ഇപ്രകാരം സമർപ്പിക്കപ്പെടുന്ന അപേക്ഷകളിന്മേൽ റേഞ്ച് തലത്തിൽ അന്വേഷണം നടത്തി ആയതിന്റെയടിസ്ഥാനത്തിൽ റേഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ശിപാർശയോടുകൂടിയ റിപ്പോർട്ട് ഓൺലൈനായി സമർപ്പിക്കുന്നു. ടി റിപ്പോർട്ട് ലഭിച്ചാൽ 15 ദിവസത്തിനകം ടി അപേക്ഷയിന്മേൽ അർഹമായ നഷ്ടപരിഹാരത്തുക അനുവദിച്ചുകൊണ്ട് ഡിവിഷൻ തലത്തിൽ ഉത്തരവാകുന്നു. ഇപ്രകാരം അനുവദിക്കപ്പെടുന്ന നഷ്ടപരിഹാര തുക ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അപേക്ഷകന്റെ ബാങ്ക് അക്കൗണ്ട് മുഖേന അപേക്ഷകന് ലഭ്യമാകുന്നു.

(ബി) നിലവിൽ ഏത് മാസം വരെയുള്ള അപേക്ഷകളാണ് തീർപ്പാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ?

തീർപ്പാക്കിയ അപേക്ഷകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ഡിവിഷൻ | തീർപ്പാക്കിയ അപേക്ഷകൾ സംബന്ധിച്ച വിവരം |
|---|---|
| അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്, തിരുവനന്തപുരം | നാളിതുവരെ ലഭിച്ച അപേക്ഷകളിൽ നഷ്ടപരിഹാര തുക അനുവദിച്ചിട്ടുണ്ട്. |
| വന്യജീവി വിഭാഗം, പാലക്കാട് | മരണമടഞ്ഞ കേസുകളിൽ 2020 വരെയുള്ള അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.പീച്ചി ഡിവിഷനിൽ 01/2021 വരെയും വയനാട് ഡിവിഷനിൽ 04/2021 വരെയും പരിക്കുപറ്റിയവർക്ക് നഷ്ടപരിഹാര തുക നൽകിയിട്ടുണ്ട്. |
| ഫീൽഡ് ഡയറക്ടർ, കോട്ടയം | മരണമടഞ്ഞ കേസുകളിൽ 2019 വരെയുള്ള അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. പെരിയാർ വെസ്റ്റ് ഡിവിഷനിലും മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷനിലും 2021 ജൂലൈ മാസം വരെയുള്ള അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. |
| സതേൺ സർക്കിൾ, കൊല്ലം | റാന്നി ഡിവിഷനിൽ 01/2021 വരെയും കോന്നി ഡിവിഷനിൽ 02/2021 വരെയും പുനലൂർ ഡിവിഷനിൽ 05/2021 വരെയും തെന്മല ഡിവിഷനിൽ 06/2021 വരെയും അച്ചൻകോവിൽ ഡിവിഷനിൽ 03/2021 വരെയും തിരുവനന്തപുരം ഡിവിഷനിൽ 05/2021 വരെയുമുള്ള അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. |
| നോർത്തേൺ സർക്കിൾ, കണ്ണൂർ | കണ്ണൂർ ഡിവിഷനിൽ 2018 വരെയും കാസർഗോഡ്, നോർത്ത് വയനാട് ഡിവിഷനുകളിൽ 2019 വരെയും സൗത്ത് വയനാട് ഡിവിഷനിൽ 04/2021 വരെയും കോഴിക്കോട് ഡിവിഷനിൽ 12/2020 വരെയുമുള്ള അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. |
| സെൻട്രൽ സർക്കിൾ,തൃശ്ശൂർ | തൃശ്ശൂർ, ചാലക്കുടി ഡിവിഷനുകളിൽ 07/2020 വരെയും മലയാറ്റൂർ ഡിവിഷനിൽ 08/2020 വരെയും വാഴച്ചാൽ ഡിവിഷനിൽ 07/2021 വരെയുമുള്ള അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. |

| | |
|---|---|
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | നിലമ്പൂർ നോർത്ത് ഡിവഷനിൽ 06/2020 വരെയും നിലമ്പൂർ സൗത്ത് ഡിവിഷനിൽ 06/2021 വരെയും മണ്ണാർക്കാട് ഡിവിഷനിൽ മരണമടഞ്ഞവരുടെ ആശ്രിതരിൽനിന്നും ലഭിച്ച അപേക്ഷകൾ 06/2020 വരെയും പരിക്കേറ്റവരിൽനിന്നും ലഭിച്ച അപേക്ഷകൾ 07/2020 വരെയും പാലക്കാട് ഡിവിഷനിൽ മരണമടഞ്ഞവരുടെ ആശ്രിതരിൽ നിന്നും ലഭിച്ച അപേക്ഷകൾ 05/2021 വരെയും പരിക്കേറ്റവരിൽനിന്നും ലഭിച്ച അപേക്ഷകൾ 10/2020 വരെയും നെന്മാറ ഡിവിഷനിൽ മരണമടഞ്ഞവരുടെ ആശ്രിതരിൽനിന്നും ലഭിച്ച അപേക്ഷകൾ 07/2020 വരെയും പരിക്കേറ്റവരിൽ നിന്നും ലഭിച്ച അപേക്ഷകൾ 03/2021 വരെയും തീർപ്പാക്കിയിട്ടുണ്ട്. |
| ഹൈറേഞ്ച് സർക്കിൾ, കോട്ടയം | മറയൂർ, കോട്ടയം, കോതമംഗലം എന്നീ ഡിവിഷനുകളിൽ 2020-21 വരെയുള്ളതും മൂന്നാർ ഡിവിഷനിൽ 2018-19 വരെയുള്ളതും മാങ്കുളം ഡിവിഷനിൽ 2019-20 വരെയുള്ള അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ട്. |

**കാട്ടുപന്നി ശല്യം സംബന്ധിച്ച ഹൈക്കോടതി വിധി**

145 (3851) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വിളകൾ നശിപ്പിക്കുന്ന കാട്ടുപന്നികളെ ഇല്ലായ്മ ചെയ്യുന്നതിന് ഹൈക്കോടതിയെ സമീപിച്ച രണ്ട് കർഷകർക്ക് അനുകൂലമായ വിധി ലഭിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൃഷിയിടങ്ങളിൽ ഇറങ്ങി, വിള നശിപ്പിക്കുന്ന കാട്ടുപന്നികളെ കൊല്ലുന്നതിന് കർഷകരെ അനുവദിക്കണമെന്നുള്ള ഹൈക്കോടതി ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശ്രീ. കെ. വി. സെബാസ്റ്റ്യൻ ഉൾപ്പെടെ 6 പേർ ഫയൽ ചെയ്ത WP(C) No.21207/2020(A) ശ്രീ. തോമസ് തോമസ് ഉൾപ്പെടെ 6 പേർ ഫയൽ ചെയ്ത WP(C) No.12496/2021 (J) എന്നിവയിലെ 23-7-2021-ലെ സംയുക്ത ഇടക്കാല ഉത്തരവ് പ്രകാരം ടി കേസ്സുകളിലെ പെറ്റീഷണർമാർക്ക്

(12 പേർ) ഒരു മാസത്തിനുള്ളിൽ ചീഫ് വൈൽഡ് ലൈഫ് വാർഡൻ 1972-ലെ വന്യജീവി (സംരക്ഷണ) ആക്ടിലെ സെക്ഷൻ 11 (1) (b) പ്രകാരം ഇവരുടെ കൃഷിഭൂമി പ്രദേശത്ത് കാട്ടുപന്നികളെ വേട്ട നടത്തുന്നതിനുള്ള അനുമതി നൽകണമെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഉത്തരവായിട്ടുണ്ട്.

(ബി) നിലവിൽ സർക്കാർ നൽകിവരുന്ന അനുമതിയിൽനിന്ന് എന്ത് വ്യത്യാസമാണ് ഹൈക്കോടതി വിധിയിലുള്ളതെന്ന് വ്യക്തമാക്കാമോ?

നിലവിൽ സർക്കാർ നൽകിവരുന്ന അനുമതിയിൽ വിഷ പ്രയോഗം, സ്ഫോടക വസ്തു പ്രയോഗം, വൈദ്യുതി ഷോക്ക് ഏൽപ്പിക്കൽ, വനാതിർത്തിയിൽനിന്നും 2 കി.മീ. വരെയുള്ള ഭാഗത്ത് കുരുക്കിട്ട് പിടിക്കൽ എന്നീ മാർഗ്ഗങ്ങളിലൂടെ കാട്ടുപന്നികളെ നശിപ്പിക്കാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, ഹൈക്കോടതിയുടെ 23-7-2021-ലെ ഇടക്കാല ഉത്തരവിൽ ഇപ്രകാരമുള്ള നിബന്ധന ഉൾപ്പെടുന്നില്ല. നിലവിലെ സർക്കാർ ഉത്തരവ് പ്രകാരം റേഞ്ച് ഫോറസ്റ്റ് ഓഫീസർ/അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ/ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/വൈൽഡ് ലൈഫ് വാർഡൻ എന്നിവർക്ക് പന്നികളെ നശിപ്പിക്കുന്നതിന് അനുമതി തേടിക്കൊണ്ട് സമർപ്പിക്കുന്ന അപേക്ഷകൾ 24 മണിക്കൂറിനകം തീർപ്പാക്കേണ്ടതാണ്. എന്നാൽ WP(C) No.21207/2020(A), WP(C) No.12496/2021 (J) എന്നീ കേസുകളിൽ 23-7-2021-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ ഈ കേസുകളിലെ പെറ്റീഷണർമാർക്ക് ഒരു മാസത്തിനുള്ളിൽ ചീഫ് വൈൽഡ് ലൈഫ് വാർഡൻ 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിലെ സെക്ഷൻ 11 (1) (ബി) പ്രകാരം ഇവരുടെ കൃഷി ഭൂമി പ്രദേശത്ത് കാട്ടുപന്നികളെ വേട്ട നടത്തുന്നതിനുള്ള അനുമതി നൽകണമെന്നാണ് ഉത്തരവായിട്ടുള്ളത്.

(സി) ഹൈക്കോടതി വിധി കൂടുതൽ കർഷകർക്ക് ബാധകമാക്കുന്ന കാര്യം പരിശോധിക്കുമോ; അറിയിക്കുമോ?

ഹൈക്കോടതിയുടെ 23-7-2021-ലെ ഇടക്കാല ഉത്തരവ്, ടി കേസ്സുകളിലെ പെറ്റീഷണർമാരായ 12 പേർക്ക് മാത്രമുള്ളതാണ്. നിലവിലെ സർക്കാർ ഉത്തരവിൻപ്രകാരംതന്നെ മനുഷ്യജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ 2 (16) വകുപ്പിൽ നിർവ്വചിച്ചിട്ടുള്ളത് പ്രകാരം വേട്ട നടത്തി നശിപ്പിക്കുവാൻ കർഷകർക്കും നടപടി സ്വീകരിക്കാവുന്നതാണ്. ഇതിനായി റേഞ്ച് ഫോറസ്റ്റ് ഓഫീസർ/അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ/ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/വൈൽഡ് ലൈഫ് വാർഡൻ എന്നിവർക്ക് അപേക്ഷ സമർപ്പിക്കുന്ന എല്ലാ കർഷകർക്കും അനുമതി ലഭ്യമാകുന്നതാണ്.

**പെരിയാർവാലി ഇറിഗേഷന്റെ സ്ഥലം വിട്ടുനൽകുന്നതിന് നടപടി**

146 (3852) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിൽ പിണ്ടിമന പഞ്ചായത്തിൽ അയിരൂർപാടം, ആമല, പുലിമല, ആയപ്പാറ പ്രദേശങ്ങളിൽ പൊതുകളിസ്ഥലമില്ലാത്തതിനാൽ പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിന്റെ (പി.വി.ഐ.പി.) ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലം പൊതുകളിസ്ഥലം നിർമ്മിക്കുവാൻ പഞ്ചായത്തിന് വിട്ടുനൽകണമെന്നുള്ള ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) പി.വി.ഐ.പി. ഹൈലെവൽ കനാലിന്റെ നിർമ്മാണത്തിനുശേഷം ഉപയോഗിക്കാതെക്കിടന്ന പ്രസ്തുത സ്ഥലം നാട്ടുകാർ കളിസ്ഥലമായും മറ്റ് പൊതുപരിപാടികൾക്കുമായി കഴിഞ്ഞ മുപ്പത്തിയെട്ട് വർഷമായി ഉപയോഗിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

കളിസ്ഥലത്തിന് ഭൂമി വേണമെന്ന ഗ്രാമപഞ്ചായത്തിന്റെ ആവശ്യവും അതോടൊപ്പം പ്രസ്തുത സ്ഥലം നിലവിൽ കളിസ്ഥലമായി ഉപയോഗിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ടി സ്ഥലത്തെ അനധികൃത കയ്യേറ്റം ചൂണ്ടിക്കാട്ടി ശ്രീ. എൻ. എം. മത്തായി ഫയൽ ചെയ്ത WP(C) 10386/2011 നമ്പർ കേസിനെത്തുടർന്ന് നിലവിലെ സ്ഥിതി തുടരുവാനും സർക്കാർ പുറംപോക്ക് അനധികൃതമായി ആരെങ്കിലും കയ്യേറുന്നതും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതും തടഞ്ഞിരിക്കുകയാണ്.

(സി) പ്രസ്തുത സ്ഥലം പ്രദേശത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പഞ്ചായത്തിന് കളിസ്ഥലം നിർമ്മിക്കുന്നതിനായി വിട്ടുനൽകുന്ന കാര്യം പരിഗണിക്കാമോ; വിശദമാക്കാമോ?

ഹൈലെവൽ കനാലിന്റെ നിർമ്മാണത്തിനായി സർക്കാർ പൊന്നുംവിലയ്ക്കെടുത്ത പ്രസ്തുത സ്ഥലം excavated materials stack ചെയ്യുന്നതിനായിട്ടാണ് വിഭാവനം ചെയ്തിരിക്കുന്നത്. ജലസേചന വകുപ്പിന്റെ ഭാവിവികസനത്തിന് ഈ ഭൂമി ആവശ്യമാണ്. എന്നിരുന്നാലും പഞ്ചായത്ത് അധികൃതർ ശരിയായ മാർഗ്ഗത്തിലൂടെ പ്രൊപ്പോസൽ സമർപ്പിച്ചാൽ ഈ വിഷയത്തിൽ ഉചിതമായ നടപടി സ്വീകരിക്കാവുന്നതാണ്.

## കുടമുണ്ട പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം

147 (3853) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ വാരപ്പെട്ടി, കവളങ്ങാട് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കുടമുണ്ട പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

&

(ബി) അപ്രോച്ച് റോഡ് നിർമ്മാണം വൈകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

കവളങ്ങാട് - വാരപ്പെട്ടി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കുടമുണ്ട ചെക്ക് ഡാം-കം-പാലത്തിന്റെ അപ്രോച്ച് റോഡിന്റെ പണിയുമായി മുന്നോട്ടുപോയപ്പോൾ വാരപ്പെട്ടി ഭാഗത്തെ അപ്രോച്ച് റോഡ് പഴയ പൊതുമരാമത്ത് റോഡുമായി ചേരുന്നഭാഗത്ത് ഡിപ്പാർട്ടുമെന്റ് സ്വകാര്യ വ്യക്തിയുടെ സ്ഥലം കയ്യേറിയെന്നാരോപിച്ച് പ്രസ്തുത വ്യക്തി ബഹുമാനപ്പെട്ട മുൻസിഫ് കോടതിയിൽ ഒ.എസ്. 104/2016 എന്ന നമ്പരിൽ ഒരു കേസ് ഫയൽ ചെയ്തിട്ടുണ്ട്. തുടർന്ന് കോടതി നിർദ്ദേശപ്രകാരം കോതമംഗലം താലൂക്ക് സർവ്വേയർ കോടതിതന്നെ ചുമതലപ്പെടുത്തിയ അഡ്വക്കേറ്റ് കമ്മീഷന്റെ സാന്നിദ്ധ്യത്തിൽ സ്ഥലം അളന്നുതിട്ടപ്പെടുത്തി. താലൂക്ക് സർവ്വേയർ അളന്നതനുസരിച്ച് സ്വകാര്യ വ്യക്തിയുടെ ഏകദേശം 1.18 സെന്റ് (48 M2) സ്ഥലം സർക്കാർ ഭൂമിയോട് ചേർന്നുകിടക്കുന്നതായി വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ടി സ്ഥലം (48 M2) ഉണ്ടെങ്കിൽ മാത്രമേ അപ്രോച്ച് റോഡിന്റെ പണി പൂർത്തിയാക്കുവാൻ സാധിക്കുകയുള്ളൂ. എന്നാൽ അപ്രോച്ച് റോഡിന്റെ പണി പൂർത്തീകരിക്കുന്നതിനും ഇവിടെ ഒരു വെയിറ്റിംഗ് ഷെഡ് സ്ഥാപിക്കുന്നതിനുമായി പല്ലാരിമംഗലം വില്ലേജ് സർവ്വേ നമ്പർ 508/4-ൽപ്പെട്ട കെട്ടിടങ്ങളൊന്നുംതന്നെയില്ലാത്ത മേൽപ്പറഞ്ഞ 48 M2 സ്ഥലം ഉൾപ്പെടെയുള്ള 190 M2 സ്ഥലം ലാൻഡ് അക്വിസിഷൻ നടപടി പൂർത്തിയാക്കി സർക്കാരിലേയ്ക്ക് ഏറ്റെടുക്കേണ്ടതുണ്ട്. മേൽപ്പറഞ്ഞ കേസ് തീർപ്പാക്കി സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിക്കുന്നമുറയ്ക്കുമാത്രമേ അപ്രോച്ച് റോഡിന്റെ നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

(സി) ഇതുസംബന്ധിച്ച് സെക്രട്ടേറിയറ്റിലുള്ള ഐ.ആർ.2/313/18 നമ്പർ ഫയലിൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഐ.ആർ.2/313/18 നമ്പർ ഫയലിൽ മിനിമം ലാൻഡ് അക്വിസിഷൻ നടത്തി സർക്കാർ ഭൂമിയിലൂടെതന്നെ റോഡ് നിർമ്മിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ച് പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ കോടതി നടപടികളിൽ തീർപ്പുണ്ടാകാത്തതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല.

(ഡി) അപ്രോച്ച് റോഡ് നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

&

(ഇ) സാങ്കേതിക പ്രശ്നങ്ങളും മറ്റ് കാലതാമസങ്ങളും ഒഴിവാക്കി അപ്രോച്ച് റോഡ് നിർമ്മാണം വേഗത്തിൽ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

മൂവാറ്റുപുഴ മുൻസിഫ് കോടതിയിൽ ഫയൽ ചെയ്ത പ്രസ്തുത കേസ് (നം.ഒ.എസ്.104/2016) നിലവിൽ 07-12-2019-ലെ ഒ.എസ്. 215/2019 നമ്പരായി കോതമംഗലം മുൻസിഫ് കോടതിയിലേയ്ക്ക് മാറ്റിയിട്ടുണ്ട്. വിസ്താരത്തിനായി 21-10-2021-ന് ഷെഡ്യൂൾ ചെയ്തിട്ടുള്ള പ്രസ്തുത കേസ് ഇതുവരെ തീർപ്പാക്കിയിട്ടില്ല. കേസ് തീർപ്പാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ**

148 (3854) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ അവസാന വർഷത്തെ ബഡ്ജറ്റിൽ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിനായി ജലസേചന വകുപ്പിനുകീഴിൽ 20% ഫണ്ട് വകയിരുത്തിയ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

മുൻസർക്കാരിന്റെ അവസാന വർഷത്തെ ബഡ്ജറ്റിൽ 20% തുക വകയിരുത്തിയ വള്ളിക്കുന്ന് നിയമസഭാ മണ്ഡലത്തിലെ ചേലേമ്പ്ര പഞ്ചായത്തിൽ പുല്ലിപ്പുഴയ്ക്കുകുറുകെ SWE ചെക്ക് ഡാം-കം-റെഗുലേറ്റർ നിർമ്മാണപ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷനുവേണ്ടി സൂപ്രണ്ടിംഗ് എഞ്ചിനീയർ തയ്യാറാക്കിയ 7.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ ഭേദഗതികൾ ആവശ്യമാണെന്ന് ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി.-യുടെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ എസ്റ്റിമേറ്റ് പുതുക്കി തയ്യാറാക്കി വരികയാണ്.

(ബി) നിലവിൽ ജലസേചന വകുപ്പിനുകീഴിൽ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കേണ്ട ഏതൊക്കെ പ്രവൃത്തികളാണ് ബാക്കിയുള്ളത്; അവയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ മൂന്നിയൂർ ഗ്രാമപഞ്ചായത്തിൽ മുഴിക്കൽ കനാലിൽ 2 ഷട്ടറുകളുടെ ഓപ്പറേറ്റിംഗ് മെക്കാനിസമുൾപ്പെടെ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് പന്ത്രണ്ട് ലക്ഷത്തി അൻപതിനായിരം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ജലസേചനവും ഭരണവും കാര്യാലയത്തിനുകീഴിൽ വള്ളിക്കുന്ന് മണ്ഡലത്തിൽ നടപ്പിലാക്കേണ്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*.

**ജൽ ജീവൻ മിഷൻ**

149 (3855) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷന്റെ ഫണ്ടുപയോഗിച്ച് കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് നടക്കുന്നതെന്നും അവയ്ക്ക് എത്ര തുകവീതം അനുവദിച്ചുവെന്നും വ്യക്തമാക്കുമോ?

കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ ജൽ ജീവൻ പദ്ധതിയിലുൾപ്പെടുത്തി ചീക്കോട്, ചെറുകാവ്, മുതുവല്ലൂർ, പുളിക്കൽ, വാഴക്കാട്, വാഴയൂർ എന്നീ പഞ്ചായത്തുകളിലായി 32765 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുവേണ്ട പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. ഈ പ്രവൃത്തികൾക്കായി 10,800 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഓരോ പ്രവൃത്തിയുടെയും ടെണ്ടർ നടപടി ഏത് ഘട്ടത്തിലാണെന്ന് പ്രത്യേകം വിശദമാക്കുമോ?

മേൽപ്പറഞ്ഞ പഞ്ചായത്തുകളിൽ മുതുവല്ലൂർ (ഫേസ്-1), ചെറുകാവ്, വാഴയൂർ, വാഴക്കാട്, പുളിക്കൽ എന്നീ പഞ്ചായത്തുകളിലെ പ്രവൃത്തികളുടെ ദർഘാസ് നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ചീക്കോട് പഞ്ചായത്തിലെ പ്രവൃത്തികളുടെ ദർഘാസ് നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) ടെണ്ടർ ഉറപ്പിച്ച പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോയെന്ന് അറിയിക്കുമോ?

ദർഘാസ് നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിലവിൽ തടസ്സങ്ങളൊന്നും നേരിടുന്നില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മലമ്പുഴ മണ്ഡലത്തിലെ കുടിവെള്ള പദ്ധതി

150 (3856) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ നിയോജകമണ്ഡലത്തിലെ മലമ്പുഴ, മരുതറോഡ്, അകത്തേത്തറ, പുതുപ്പരിയാരം, മുണ്ടൂർ എന്നീ പഞ്ചായത്തുകളിലേയ്ക്കുള്ള കുടിവെള്ള പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ;

&

(ബി) പ്രസ്തുത പദ്ധതിക്ക് ആകെ അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന വിവരവും അറിയിക്കാമോ?

നിലവിൽ അഞ്ച് പാക്കേജുകളായി തിരിച്ച് മലമ്പുഴ നിയോജകമണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകൾക്കായുള്ള (മലമ്പുഴ, മരുതറോഡ്, അകത്തേത്തറ, പുതുപ്പരിയാരം, മുണ്ടൂർ) സമഗ്ര ശുദ്ധജല വിതരണ പദ്ധതിക്ക് കിഫ്ബിയിലുൾപ്പെടുത്തി 64.14 കോടി രൂപയുടെ ഭരണാനുമതി നൽകി. 2019-ൽ പ്രവൃത്തികളാരംഭിച്ചു. 2022 മേയ് മാസത്തോടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പദ്ധതിയുടെ രണ്ടാം ഘട്ടമായി മലമ്പുഴ, മരുതറോഡ്, മുണ്ടൂർ, പുതുപ്പരിയാരം എന്നീ 4 ഗ്രാമപഞ്ചായത്തുകൾക്കായി വിതരണ ശൃംഖല സ്ഥാപിക്കുന്നതിനും എല്ലാ ഗ്രാമീണ ഭവനങ്ങളിലും കുടിവെള്ള കണക്ഷൻ നൽകുന്നതിനുമായി ജല ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി 130 കോടി രൂപയുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. പ്രവൃത്തികളുടെ തൽസ്ഥിതി അനുബന്ധമായി ചേർക്കുന്നു.*.

## പട്ടാമ്പി താലൂക്കിലെ മൈനർ ഇറിഗേഷൻ പദ്ധതികൾ

151 (3857) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വകുപ്പ് പുതുതായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

&

(ബി) ഓരോ പദ്ധതിയും നടപ്പിലാക്കുന്നതിന് എത്ര തുക ആവശ്യമായി വരുമെന്ന് വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കൽപ്പറ്റ നിയോജകമണ്ഡലത്തിലെ ഇറിഗേഷൻ പദ്ധതികൾ

152 (3858) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന വിവിധ ഇറിഗേഷൻ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

ചീഫ് എഞ്ചിനീയർ ജലസേചനവും ഭരണവും കാര്യാലയം മുഖേന കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു*. കൂടാതെ ബാണാസുരസാഗർ, കാരാപ്പുഴ ജലസേചന പദ്ധതികൾ കൽപ്പറ്റ നിയോജകമണ്ഡലത്തിനും പ്രയോജനം ലഭിക്കുന്ന വിധത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളാണ്.

(ബി) പ്രസ്തുത പദ്ധതികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഡാമുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ലോകബാങ്ക് സഹായത്തോടെ കേന്ദ്ര ജലകമ്മീഷന്റെ മേൽനോട്ടത്തിൽ ആരംഭിച്ച ഡ്രിപ്പ് ഫേസ്-II പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള കൽപ്പറ്റ നിയോജകമണ്ഡലത്തിലെ കാരാപ്പുഴ ഡാമിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് 10.3 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. കൂടാതെ ജലസേചന വകുപ്പിനുകീഴിൽവരുന്ന 4700-80-800-97 ഡാം സുരക്ഷ സംഘടനയും ഡാം സുരക്ഷ നടപടികളും എന്ന ശീർഷകത്തിലെ ഫണ്ടുപയോഗപ്പെടുത്തി കാരാപ്പുഴ ഡാമിൽ ആവശ്യമായ പ്രവൃത്തികൾക്ക് നടപ്പുസാമ്പത്തികവർഷം അനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 2 ആയും* പദ്ധതി വിഭാഗം 1 കാര്യാലയം മുഖേന അടിയന്തരമായി പൂർത്തിയാക്കേണ്ട പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധം 3 ആയും ചേർത്തിരിക്കുന്നു.*

(സി) ഫണ്ടിന്റെ അപര്യാപ്തതകൊണ്ടും മറ്റുള്ള സാങ്കേതികതടസ്സംമൂലവും ഏതെങ്കിലും പദ്ധതികൾ പൂർത്തിയാക്കാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ജീവനക്കാരുടെ കുറവ് ബാണാസുരസാഗർ പദ്ധതിയുടെ പ്രവർത്തന പുരോഗതിയെ സാരമായി ബാധിക്കുന്നുണ്ട്. 2018-ലെ പ്രളയത്തിനുശേഷം വയനാട് ജില്ലയിൽ മണലിന്റെയും മെറ്റലിന്റെയും കരിങ്കല്ലിന്റെയും ക്ഷാമം നേരിടുന്നുണ്ട്. കൂടാതെ അന്യജില്ലകളിൽനിന്നും ഇവ കൊണ്ടുവരുന്നതിനാൽ വില

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൂടുതലായാണ് അനുഭവപ്പെടുന്നത്. ഇത് കരാർ പ്രവൃത്തികളുടെ പുരോഗതിയെ വളരെയധികം ബാധിക്കുന്നുണ്ട്. കാരാപ്പുഴ ജലസേചന പദ്ധതി റിസർവോയറിനായുള്ള ഭൂമി ഏറ്റെടുക്കൽ പൂർത്തീകരിക്കാത്തതുമൂലം ആയതിന്റെ പൂർണ്ണ സംഭരണശേഷിയിൽ ജലസംഭരണം നടത്തുവാൻ നാളിതുവരെ സാധിച്ചിട്ടില്ല. ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച നടപടികൾ അടിയന്തരമായി പൂർത്തീകരിച്ച് ഇതിനായുള്ള ഫണ്ട് ലഭ്യമാക്കേണ്ടതുണ്ട്. പദ്ധതി കനാലുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ സാങ്കേതികസമിതി ശിപാർശ അനുസരിച്ചുള്ള സബ് ഡിവിഷൻ ഓഫീസും ആവശ്യമായ ജീവനക്കാരെയും വിന്യസിക്കേണ്ടതുണ്ട്. കൽപ്പറ്റ നിയോജക മണ്ഡലത്തിലെ വരദൂർ തോടിനുകുറുകെ പാടിക്കര ചിത്രമൂലയിൽ ഒരു ചെക്ക് ഡാം നിർമ്മിക്കുന്നതിനായുള്ള പദ്ധതിയായിരുന്നു ആവിഷ്കരിച്ചിരുന്നത്. പ്രളയത്തിനുശേഷം പുഴയുടെ ബെഡ് ലെവൽ താഴ്ന്നതിനാൽ ചെക്ക് ഡാമിനേക്കാൾ വി.സി.ബി.-കം-ട്രാക്ടർ വേ ആണ് ഉചിതമെന്ന് കണ്ടെത്തുകയും ആയത് നിർമ്മിക്കാനുള്ള പ്രൊപ്പോസലിന് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിന്റെ നടപടികൾ പുരോഗമിച്ചുവരുന്നു. ഐക്കരപ്പടിയിൽ നിർമ്മിക്കാനുദ്ദേശിച്ചിരുന്ന ചെക്ക് ഡാമിന്റെ സ്ഥാനം മടത്തുവയലിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ ഇൻവെസ്റ്റിഗേഷൻ, ലെവലിംഗ് തുടങ്ങിയ നടപടികൾ പൂർത്തീകരിച്ചുവരുന്നു.

## ഉപ്പുകുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

153 (3859) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് നിയോജകമണ്ഡലത്തിൽപ്പെട്ട വരന്തരപ്പള്ളി പഞ്ചായത്തിലെ ഉപ്പുകുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

&

(ബി) ഇതിനായി സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിന് അനുമതി ലഭ്യമാക്കുന്നതിനും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിർമ്മാണം ആരംഭിക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

പുതുക്കാട് നിയോജകമണ്ഡലത്തിൽപ്പെട്ട വരന്തരപ്പള്ളി പഞ്ചായത്തിലെ ഉപ്പുകുഴി (ഉപ്പുഴി) ലിഫ്റ്റ് ഇറിഗേഷൻ സ്കീം നടപ്പിലാക്കുന്നതിനായി 2021-22 വർഷത്തെ ബഡ്ജറ്റിൽ വാല്യം-2 ൽ ഭരണാനുമതിയില്ലാത്ത പ്രവൃത്തികളുടെ പട്ടികയിൽ ക്രമ നമ്പർ എഴുന്നൂറ്റിഇരുപത്തിയഞ്ചാമതായി ഉൾപ്പെടുത്തി 200

ലക്ഷം രൂപയുടെ 20 ശതമാനമായ 40,00,000 രൂപ മാത്രമാണ് വകയിരുത്തിയിരുന്നത്. ടി പ്രവൃത്തിക്കുവേണ്ടി വരന്തരപ്പള്ളി പഞ്ചായത്ത് അധികൃതരുടെയും ജനപ്രതിനിധികളുടെയും കർഷക സമിതിയുടെയും സഹകരണം ഉറപ്പാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ 240 ലക്ഷം രൂപയുടെ സിവിൽ പ്രവൃത്തികളും ഹൈ ടെൻഷൻ ട്രാൻസ്ഫോർമർ സ്ഥാപിക്കലുൾപ്പെടെ 40 ലക്ഷം രൂപയുടെ ഇലക്ട്രിക്കൽ പ്രവൃത്തികളും 30 ലക്ഷം രൂപയുടെ മെക്കാനിക്കൽ പ്രവൃത്തികളും കെ.എസ്.ഇ.ബി.എൽ.-ന്റെ ചാർജ്ജായ 20 ലക്ഷം രൂപയും ജി.എസ്.ടി.-യും ഉൾപ്പെടെ 330 ലക്ഷം രൂപയുടെ വിശദമായ പദ്ധതി രേഖയാണ് തയ്യാറാക്കിയിട്ടുള്ളത്. ബഡ്ജറ്റിലുൾപ്പെടുത്തിയതിലും അധികമായി 130 ലക്ഷം രൂപകൂടി ഈ പദ്ധതിക്കാവശ്യമായിട്ടുണ്ട്. അധിക ധനാനുമതിക്കായുള്ള പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ ജലസേചനവും ഭരണവും സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അധികധനാനുമതി അനുവദിക്കുന്ന വിഷയം സർക്കാരിൽ പരിശോധിച്ചുവരുന്നു.

**ജലസേചന പദ്ധതികളുടെ നവീകരണം**

154 (3860) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ജലസേചന പദ്ധതികൾ നവീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പിനുകിഴിലുള്ള വിവിധ ജലസേചന പദ്ധതികളുടെ നവീകരണത്തിനായി എല്ലാ വർഷവും പ്ലാൻ, നോൺ-പ്ലാൻ എന്നീ ശീർഷകങ്ങളിൽ വകയിരുത്തുന്ന തുക ഉപയോഗപ്പെടുത്തി പദ്ധതികൾക്കാവശ്യമായ നവീകരണ പ്രവൃത്തികൾ നടത്തിവരുന്നു. 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയങ്ങളിൽ തകർന്ന ആസ്തി വകകളുടെ പുനർനിർമ്മാണ പ്രവൃത്തികൾക്കായി എസ്.ഡി.ആർ.എഫ്., റീബിൽഡ് കേരള എന്നീ ഫണ്ടുകൾ ഉപയോഗിക്കുന്നുമുണ്ട്. പദ്ധതി വിഭാഗം 2 കാര്യാലയത്തിനുകീഴിലെ ഡാമുകളുടെ നവീകരണത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ അനുബന്ധം 1 ആയും* IDRB കാര്യാലയത്തിൽ നിന്നുള്ള വിവരങ്ങൾ അനുബന്ധം 4 ആയും ചേർത്തിരിക്കുന്നു*.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കാർഷിക മേഖലയുടെ വളർച്ചയ്ക്ക് പുതിയ ജലസേചന പദ്ധതികളാരംഭിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ കാർഷികമേഖലയുടെ വളർച്ചയ്ക്ക് കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് ജലസേചന സൗകര്യം വ്യാപിപ്പിക്കുന്നത് ലക്ഷ്യമിട്ട് പുതിയ പ്ലാൻ പദ്ധതികളിൽ 2021-2022 സാമ്പത്തിക വർഷത്തിൽ 7623 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വിവിധ ജില്ലകളിൽ പദ്ധതികളാവിഷ്കരിച്ച് പ്രാധാന്യമനുസരിച്ച് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുതിയതായി ജലസേചന വകുപ്പ് കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളാരംഭിച്ചിട്ടുണ്ട്. 2020-2021 സാമ്പത്തികവർഷത്തിൽ മൈക്രോ ഇറിഗേഷൻ പദ്ധതിയിലൂടെ ജലസേചനം കാര്യക്ഷമമാക്കുന്നതിലേയ്ക്കായി എറണാകുളം, കോഴിക്കോട്, കാസർഗോഡ്, വയനാട്, തൃശ്ശൂർ, ഇടുക്കി എന്നീ ജില്ലകളിലായി 12.03 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ഇടുക്കി ജില്ലയിലെ രാജകുമാരി പഞ്ചായത്തിലെ മുള്ളൻതണ്ടിൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. വയനാട് ജില്ലയിൽ പദ്ധതി വിഭാഗം 1 കാര്യാലയം വഴി വിഭാവനം ചെയ്തിരിക്കുന്ന വിവിധ ഇടത്തരം ജലസേചന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം II ആയും* KIIDC മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികൾ അനുബന്ധം III ആയും* ഉൾപ്പെടുത്തിയിരിക്കുന്നു. പാലക്കാട് ജില്ലയിൽ കുരിയാർകുറ്റി-കാരപ്പാറ (SAKKIP) പദ്ധതിയും ഭവാനി ബേസിനിൽ അട്ടപ്പാടിവാലി ജലസേചന പദ്ധതിയും വിഭാവനം ചെയ്തിട്ടുണ്ട്. കുരിയാർകുറ്റി കാരപ്പാറ പദ്ധതിക്കായുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനായി M/s. Tata Consulting Engineers Limited, Mumbai എന്ന സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. തുടർനടപടികൾ പുരോഗമിച്ചുവരുന്നു. അട്ടപ്പാടിവാലി ജലസേചന പദ്ധതിക്കായുള്ള ഡി.പി.ആർ. കേന്ദ്ര ജല കമ്മീഷന് സമർപ്പിച്ചിട്ടുണ്ട്. പദ്ധതി വിഭാഗം 2 കാര്യാലയത്തിനുകീഴിൽ മൂവാറ്റുപുഴ നദീതട ജലസേചന പദ്ധതിയുടെ ആയക്കെട്ടിനുപുറമെ അധികസ്ഥലത്ത് ജലസേചന സൗകര്യം ലഭ്യമാക്കുന്നതിനുവേണ്ടി മൈക്രോ ഇറിഗേഷൻ പദ്ധതിയായി കുറ്റത്തിനാൽ എൽ.ഐ. സ്കീമിന് 527 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പാമ്പാർ പ്രോജക്ട്സ് ഡിവിഷൻ, പാല കാര്യാലയത്തിനുകീഴിൽ ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിൽ കാന്തല്ലൂർ പഞ്ചായത്തിലെ കാർഷികമേഖലയുടെ വളർച്ചയ്ക്ക് വളരെയധികം പ്രയോജനപ്പെടുന്ന പദ്ധതിയായ പട്ടിശ്ശേരി ഡാമിന്റെ നിർമ്മാണം 2022 മാർച്ച് മാസം പൂർത്തീകരിക്കുന്ന രീതിയിൽ ദ്രുതഗതിയിൽ നിർമ്മാണ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവർത്തനങ്ങൾ നടന്നുവരുന്നു. മറയൂർ പഞ്ചായത്തിലെ ലോവർ ചട്ട മൂന്നാർ ഡാമിന്റെയും വട്ടവട പഞ്ചായത്തിലെ ഒറ്റമരം ഡാമിന്റെയും പര്യവേക്ഷണ ജോലികൾ നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പാലക്കാട് ജില്ലയിൽ ശിരുവാണി നദിയുടെ കുറുകെ ജലസേചനത്തിനായി അട്ടപ്പാടി ബ്ലോക്കിലെ അഗളി പഞ്ചായത്തിലെ ചിറ്റൂരിൽ ഒരു അണക്കെട്ട് നിർമ്മിച്ച് അഗളി, ഷോളയൂർ, കോട്ടത്തറ മേഖലയിലെ 4255 ഹെക്ടർ കൃഷി ഭൂമിക്ക് ജലസേചന സൗകര്യം (Gross Command Area 8738 Hq.) ചെയ്യുന്നതിലേയ്ക്കായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ് അട്ടപ്പാടി ജലസേചന പദ്ധതി. പ്രസ്തുത പദ്ധതിക്ക് കേന്ദ്ര ജല കമ്മീഷന്റെ അംഗീകാരത്തിനായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

### സംസ്ഥാന നദീതട അതോറിറ്റി

155 (3861) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളുടെ പരിപാലനവും സംരക്ഷണവും ലക്ഷ്യമിട്ട് സംസ്ഥാന നദീതട അതോറിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ നദീജലവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഏകീകരിക്കുന്നതിനും നദികളുടെ, ശരിയായ വിധത്തിലുള്ള സംരക്ഷണം, പരിപാലനം, പുനഃസ്ഥാപനം എന്നിവ ലക്ഷ്യമാക്കിയും റിവർ ബേസിൻ കൺസർവേഷൻ ആൻഡ് മാനേജ്മെന്റ് അതോറിറ്റി (RBCMA) രൂപീകരിക്കാൻ തത്വത്തിൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതിനായുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നതേയുള്ളൂ.

(ബി) കഴിഞ്ഞ വർഷത്തിലുണ്ടായ പ്രളയത്തെ തുടർന്ന് സംസ്ഥാനത്തെ ചില നദികളുടെ സ്വാഭാവിക ഒഴുക്ക് തടസ്സപ്പെടുകയും മറ്റ് ചിലത് ഗതിമാറി ഒഴുകുകയും ചെയ്യുന്നുണ്ടെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകാമോ?

2018-ലെ മഹാപ്രളയം, 2019-ലെ പ്രളയം എന്നിവയുടെ ഫലമായി സംസ്ഥാനത്തെ ചില നദികളുടെ സ്വാഭാവിക നീരൊഴുക്ക് തടസ്സപ്പെടുകയും ഗതിമാറി ഒഴുകുകയും ചെയ്തിട്ടുണ്ട്. അനിയന്ത്രിതമായ രൂപത്തിൽ നദികളിലേയ്ക്ക് ഒഴുകിയെത്തിയ ചളി/എക്കൽ/മണൽ/മറ്റ് മാലിന്യങ്ങൾ എന്നിവ ചേർന്നുണ്ടായ തടസ്സമാണ് സമീപപ്രദേശങ്ങൾ വെള്ളത്തിലാകുന്നതിനും നദീഭാഗങ്ങൾ/ നദികളുടെ കൈവഴികൾ ഗതിമാറുന്നതിനും കാരണമായിത്തീർന്നത്. പ്രളയ

സമയത്ത് രൂപപ്പെട്ട തിട്ടകൾ/ചെറുദ്വീപുകൾ നദികളുടെ സുഗമമായ നീരൊഴുക്കിനെ ബാധിക്കുന്നുണ്ട്. ജില്ലാഭരണകൂടത്തിന്റെ കൂടി സഹായത്തോടെ ഇവ നീക്കം ചെയ്ത് നദിയിലെ നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള പ്രവൃത്തികൾ സാമ്പത്തിക ലഭ്യതയനുസരിച്ച് ഏറ്റെടുത്തിട്ടുണ്ട്. പ്രളയത്തെത്തുടർന്ന് സ്വാഭാവിക നീരൊഴുക്ക് തടസ്സപ്പെട്ട് ഗതിമാറിയൊഴുകിയ പ്രധാന നദികളുടെ/നദീഭാഗങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

### ജല മലിനീകരണം

156 (3862) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലമലിനീകരണം സംസ്ഥാനത്തെ പുഴകളെ എത്രത്തോളം ബാധിച്ചിട്ടുണ്ടെന്നുള്ളതിന്റെ പഠനം സർക്കാർ തലത്തിൽ നടന്നിട്ടുണ്ടോ; ഇതിന്റെ വിശദവിവരം നൽകാമോ?

കേരളത്തിലെ പുഴകൾ വിവിധ തരത്തിലുള്ള മാലിന്യപ്രശ്നം നേരിടുന്നുണ്ട്. പുഴകളിലെ ജലഗുണനിലവാരം സംബന്ധിച്ച് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് തുടർച്ചയായ മോണിറ്ററിംഗ് നടത്തി വരുന്നു. കൂടാതെ, കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിനുകീഴിലുള്ള സ്ഥാപനമായ "സെൻറർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് & മാനേജ്മെന്റ് (CWRDM) കോഴിക്കോട്, പുഴകളിലെ ജലഗുണനിലവാര പരിശോധന നടത്തുകയും റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ദേശീയതലത്തിൽ നടത്തുന്ന നദീജല ഗുണനിലവാര പരിശോധനയുടെ ഭാഗമായി നടത്തിയ പഠനമനുസരിച്ച് കേരളത്തിലെ 21 നദീഭാഗങ്ങളിലെ ജലഗുണനിലവാരം താഴ്ന്ന നിലയിലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ജല മലിനീകരണം പുഴകളെ എത്രത്തോളം ബാധിച്ചിട്ടുണ്ട് എന്നതിന്റെ പഠനം എന്ന നിലയ്ക്ക് കേരളത്തിലെ മീനച്ചിൽ, പെരിയാർ, പമ്പ, കല്ലായി, വളപട്ടണം എന്നീ നദികളുടെ പുനരുജ്ജീവനത്തിനും അവയുടെ സുസ്ഥിരത നിലനിർത്തുന്നതിനുമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ട് നാഷണൽ ഹൈഡ്രോളജി പ്രോജക്റ്റിന്റെ കീഴിൽ തയ്യാറാക്കി വരുന്നു.

(ബി) പുഴകളുടെ തീരങ്ങളിൽ മഴക്കാലത്ത് അടിഞ്ഞുകൂടുന്ന മണൽ മാറ്റുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മഴക്കാലത്ത് പുഴയുടെ തീരങ്ങളിലും പുഴയിലും അടിഞ്ഞുകൂടുന്ന മണൽ മാറ്റുന്നതിന് വിവിധ വകുപ്പുകൾ നടപടി സ്വീകരിക്കാറുണ്ട്. നദീഭാഗം വനമേഖലയ്ക്കകത്താണ് വരുന്നതെങ്കിൽ വനം-വന്യജീവി വകുപ്പാണ് നടപടി സ്വീകരിച്ചുവരുന്നത്. മറ്റ് പ്രദേശങ്ങളിൽ റവന്യൂ വകുപ്പ്, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേനയാണ് മണൽ നീക്കുന്നതിനുള്ള നടപടികൾ പൊതുവിൽ സ്വീകരിച്ചുവരുന്നത്. ബഹുമാനപ്പെട്ട സുപ്രീംകോടതി, ബഹുമാനപ്പെട്ട ഹരിത ട്രിബ്യൂണൽ തുടങ്ങിയവയുടെ വിധികളുടെ/ ഉത്തരവുകളുടേയും കേന്ദ്ര സർക്കാർ പുറത്തിറക്കിയിട്ടുള്ള മാർഗ്ഗരേഖകളുടേയും മാനേജ്മെന്റ് പ്ലാനിന്റെയും [(i) Sustainable Sand Mining Management Guidelines 2016, (ii) Enforcement & Monitoring Guidelines for Sand Mining 2020] അടിസ്ഥാനത്തിൽ മണൽ മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## തടയണകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മാലിന്യങ്ങൾ

157 (3863) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലാ നിയോജകമണ്ഡലത്തിലെ മീനച്ചിലാറ്റിലെ വിവിധ തടയണകളിൽ ധാരാളം മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ മാലിന്യങ്ങൾ അടിയന്തരമായി നീക്കം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാലാ നിയോജകമണ്ഡലത്തിലെ മീനച്ചിലാറിനു കുറുകെയുള്ള ചെക്ക് ഡാമുകളുടെ ഷട്ടറുകൾ വേനൽക്കാലത്ത് ചെക്ക് ഡാമിൽ ജലം സംഭരിക്കാൻ അടച്ചിടുന്നതുമൂലം മണ്ണ്, എക്കൽ എന്നീ ഖര മാലിന്യങ്ങൾ വന്നടിയാറുണ്ട്. മേയ് മാസം മുതൽ 6 മാസങ്ങളിൽ ഷട്ടർ തുറന്നുവയ്ക്കുമ്പോൾ ശക്തമായ നീരൊഴുക്കിൽ ചെളിയും മാലിന്യങ്ങളും ഒഴുകി പോകാറുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ നവംബർ മാസത്തോടുകൂടി ഷട്ടറുകൾ വീണ്ടും സ്ഥാപിക്കുന്നതിനുമുൻപ് തടസ്സങ്ങളും ചെളിയും നീക്കും. കൂടാതെ 2018, 2019 വർഷങ്ങളിലെ പ്രളയത്തിനുശേഷം വിവിധ ചെക്ക് ഡാമുകളിൽ അടിഞ്ഞു കൂടിയ ചെളിയും മാലിന്യങ്ങളും ജലസേചന വകുപ്പ് വിവിധ പദ്ധതികളിൽപ്പെടുത്തി നീക്കം ചെയ്തിട്ടുണ്ട്. കളരിയാമക്കൽ ചെക്ക് ഡാമിന്റെ മുകൾ വശത്ത് അടിഞ്ഞുകൂടിയിരിക്കുന്ന ചെളിയും മറ്റ് മാലിന്യങ്ങളും നീക്കുന്നതിനും ഷട്ടർ തുറക്കുന്നതിനുമുള്ള പ്രവൃത്തി ഏറ്റെടുത്തിട്ടുണ്ട്. പ്രതികൂല കാലാവസ്ഥയും മീനച്ചിലാറ്റിലെ ശക്തമായ നീരൊഴുക്കുംമൂലം പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചില്ല. ഈ പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കടപ്പാട്ടൂർ, കൊണ്ടൂർ തടയണകളിൽ അടിഞ്ഞുകൂടിയ ചെളിയും എക്കലും മണലും നീക്കം ചെയ്യുന്നതിന് വേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി നടപ്പിലാക്കാവുന്നതാണ്.

## നദികളുടെ പരിപാലനവും സംരക്ഷണവും

158 (3864) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നദികളുടെ പരിപാലനത്തിനും സംരക്ഷണത്തിനുമായി പ്രവർത്തിക്കുന്ന സംസ്ഥാന നദീതട അതോറിറ്റിയുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ?

സംസ്ഥാനത്തെ നദീതടവുമായി ബന്ധപ്പെട്ട ചില പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിന് റിവർബേസിൻ കൺസർവേഷൻ & മാനേജ്മെന്റ് അതോറിറ്റി (RBCMA) രൂപീകരിക്കുവാൻ തത്വത്തിൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നതേയുള്ളൂ.

(ബി) പ്രളയകാലങ്ങളിൽ നദികളുടെ സ്വാഭാവിക ഒഴുക്ക് തടസ്സപ്പെട്ട് നദി ഗതിമാറി ഒഴുകുന്നത് തടയാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

2018-ലെ മഹാപ്രളയം, 2019-ലെ പ്രളയം എന്നിവയെ തുടർന്ന് നദികളുടെ സ്വാഭാവിക നീരൊഴുക്കിനെ തടസ്സപ്പെടുത്തുംവിധം എക്കൽ/ചളി/ മണൽ/ മാലിന്യങ്ങൾ അടിഞ്ഞുകൂടിയതിന്റെ ഫലമായി ചില നദികളിലെ ചില ഭാഗങ്ങളിലും കൈവഴികളുടേയും ഗതിയിൽ മാറ്റം സംഭവിച്ചിട്ടുണ്ട്. ദുരന്തനിവാരണ നിയമം, 2005-ന്റെ പരിധിക്കകത്തുനിന്നുകൊണ്ട് നദികളിൽ അടിഞ്ഞുകൂടിയ എക്കൽ/ചളി/മണൽ/മറ്റ് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം, നദികൾക്ക് കുറുകെ നിർമ്മിച്ചിട്ടുള്ള തടയണകൾ/റെഗുലേറ്ററുകൾ എന്നിവയ്ക്ക് സമീപം പ്രളയാനന്തരം അടിഞ്ഞുകൂടിയ എക്കൽ/ചളി/മണൽ/മറ്റ് മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

(സി) നദികൾ മാലിന്യമുക്തമാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ജനപങ്കാളിത്തത്തോടെ വിവിധ വകുപ്പുകളുടെ ഏകോപനത്തോട്ടുകൂടിയ പ്രവർത്തനം നിർവ്വഹിച്ചാൽ മാത്രമേ നദികൾ മാലിന്യമുക്തമാക്കി മാറ്റാൻ കഴിയൂ എന്നതിന്റെ അടിസ്ഥാനത്തിൽ ഇതുസംബന്ധിച്ച് തുടർ പ്രവർത്തനങ്ങൾ

നടത്തിവരുന്നു.നദികളും മറ്റ് ജലസ്രോതസ്സുകളും മലിനമാക്കുന്നത് തടയുന്നതിനായി 2003-ലെ കേരള ജലസേചനവും ജല സംരക്ഷണവും നിയമത്തിൽ ഭേദഗതി വരുത്തി (2018-ൽ) പിഴയും ശിക്ഷയും വർദ്ധിപ്പിച്ചിട്ടുണ്ട്. ഹരിത കേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധി-യുടെ ഭാഗമായി ചെറുനദികളേയും നദികളുടെ കൈവഴികളേയും ജനപങ്കാളിത്തത്തോടെ ശുചീകരിച്ച് നീരൊഴുക്ക് സുഗമമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. നദികൾ മാലിന്യ മുക്തമാക്കുന്നതിന്, ജനപങ്കാളിത്തത്തോടുകൂടിയ തുടർനടപടികൾ നവകേരളം കർമ്മ പദ്ധതിയുടെ 2-ാം ഘട്ടത്തിൽ നിർവ്വഹിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിനുള്ള അടിസ്ഥാന രേഖയായി ജലസമൃദ്ധി-യുടെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള സംയോജിത നീർത്തട പ്ലാനുകൾ ഉപയോഗപ്പെടുത്തുവാൻ സാധിക്കും. കേരളത്തിലെ മീനച്ചിൽ, പെരിയാർ, പമ്പ, കല്ലായി, വളപട്ടണം എന്നീ നദികളുടെ പുനരുജ്ജീവനത്തിനും അവയുടെ സുസ്ഥിരത നിലനിർത്തുന്നതിനുമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും ഓരോ പുഴയിലെയും മലിനീകരണത്തിന്റെ തോതും അതിന്റെ ഉറവിടവും കൃത്യമായി മനസ്സിലാക്കുകയും അത് ഉന്മൂലനം ചെയ്യുന്നതിനാവശ്യമായ പ്രവർത്തനങ്ങൾക്കുള്ള നിർദ്ദേശങ്ങളുമടങ്ങിയ ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ട് നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ കീഴിൽ തയ്യാറാക്കി വരുന്നു. ഇതിനുപുറമേ, ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവുപ്രകാരവും കേരളത്തിലെ ചില നദീഭാഗങ്ങൾ കൂടുതലായി മലിനീകരണത്തിന് വിധേയമായിട്ടുണ്ടെന്ന കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിലും ഈ ഭാഗങ്ങളിലെ മാലിന്യ ലഘൂകരണം നിർവ്വഹിക്കുന്നതിന് നടപടി സ്വീകരിച്ചതിന്റെ ഭാഗമായി 41 എഞ്ചിനീയറിംഗ് കോളേജുകളുടെ സഹകരണത്തോടെ മാലിന്യം കണ്ടെത്തിയ 21 നദികളിലെ മാലിന്യം നീക്കം ചെയ്യുന്നതിനുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കി തുടർ നടപടി സ്വീകരിച്ചു വരുന്നു. ജലഗുണനിലവാര പരിശോധന, മാലിന്യസ്രോതസ്സുകൾ കണ്ടെത്തൽ എന്നിവയും പൂർത്തിയാക്കിയിട്ടുണ്ട്.

**നായാടൻ പുഴയുടെ പുനരുജ്ജീവനം**

159 (3865) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കീഴരിയൂർ പഞ്ചായത്തിലും കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലും കൂടി കടന്നുപോകുന്ന നായാടൻ പുഴയുടെ ഒഴുക്കിനെ തടസ്സപ്പെടുത്തിയാണ് കുറ്റ്യാടി ഇറിഗേഷൻ കനാൽ കടന്നുപോകുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പുഴയുടെ സ്വാഭാവിക ഒഴുക്ക് തടസ്സപ്പെട്ടത് പ്രദേശത്തെ ആവാസവ്യവസ്ഥയ്ക്ക് മാറ്റമുണ്ടാക്കിയെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് പുഴയുടെ സുഗമമായ നീരൊഴുക്കിന് ആവശ്യമായ പൈപ്പുകൾ സ്ഥാപിച്ചുകൊണ്ടാണ് മുൻകാലത്ത് കുറ്റ്യാടി ഇറിഗേഷൻ കനാൽ നിർമ്മിച്ചിട്ടുള്ളത്. എന്നാൽ കാലക്രമേണ ഈ പൈപ്പുകൾ അടഞ്ഞതു കാരണം പുഴയുടെ സ്വാഭാവിക ഒഴുക്കിൽ തടസ്സം നേരിട്ടിട്ടുണ്ട്. ഇത് ഈ പ്രദേശത്തെ ആവാസവ്യവസ്ഥയ്ക്ക് മാറ്റമുണ്ടാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുഴയെ പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ടി പുഴ കടന്നുപോകുന്ന സ്ഥലത്ത് ബോക്സ് കൾവർട്ട് നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

പ്രസ്തുത സ്ഥലത്ത് ബോക്സ് കൾവർട്ട് സ്ഥാപിച്ചാൽ സ്വാഭാവികമായ നീരൊഴുക്ക് പുനഃസ്ഥാപിക്കാൻ സാധിക്കും. ഏകദേശം 150 ലക്ഷം രൂപ ചെലവ് വരുന്ന മേൽ പ്രവൃത്തിക്ക് ആവശ്യമാവുന്ന ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി നടത്താനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ സാധിക്കും.

**ചാലിയാർ പുഴയുടെ തീരസംരക്ഷണം**

160 (3866) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലിയാർ പുഴയുടെ തീരത്തുള്ള വാഴക്കാട്, വാഴയൂർ, ചീക്കോട് ഗ്രാമപഞ്ചായത്തുകളിൽ പുഴയുടെ തീരം ഇടിഞ്ഞ് നാശനഷ്ടമുണ്ടായതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുഴയും സമീപപ്രദേശങ്ങളും പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് ഏതെല്ലാം പ്രവൃത്തികൾക്ക് പ്രൊപ്പോസലുകൾ നൽകിയെന്നും ഇവയിൽ ഏതെല്ലാം പ്രവൃത്തികൾക്ക് അനുമതി നൽകിയെന്നും വിശദമാക്കുമോ?

ചാലിയാർ പുഴയും സമീപപ്രദേശങ്ങളും പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിനുള്ള പ്രൊപ്പോസലുകളും അനുമതി നൽകിയ പ്രവൃത്തികളുടെ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു*.

**ആലത്തൂർ നിയോജകമണ്ഡലത്തിലെ കനാൽ റോഡുകളുടെ നവീകരണം**

161 (3867) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം കനാൽ റോഡുകൾ നവീകരിക്കുന്നതിനാണ് പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത് എന്നറിയിക്കാമോ;

&

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പ്രവൃത്തികളെക്കുറിച്ചുള്ള വിശദീകരണം ലഭ്യമാക്കാമോ?

ജലവിഭവ വകുപ്പിനുകീഴിൽ ആലത്തൂർ നിയോജകമണ്ഡലത്തിൽ കനാൽ റോഡുകൾ നവീകരിക്കുന്നതിന് നിലവിൽ പദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ല. ജലവിഭവ വകുപ്പിന്റെ സ്ഥലം ഉപയോഗിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് താല്ക്കാലികാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**പഴശ്ശി കനാൽ ഉപയോഗപ്പെടുത്താനുള്ള നടപടി**

162 (3868) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി മറ്റ് പൊതു ആവശ്യങ്ങൾക്കായി വിട്ടുനൽകാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നറിയിക്കുമോ?

ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി മറ്റ് പൊതു ആവശ്യങ്ങൾക്കായി വിട്ടുനൽകുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭിക്കുന്നമുറയ്ക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് അന്വേഷണ റിപ്പോർട്ട് തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുകയും ഭൂമിയുടെ ലഭ്യതയനുസരിച്ച് ഓരോ കേസും പ്രത്യേകമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതുമാണ്.

(ബി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽക്കൂടി കടന്നുപോകുന്ന പഴശ്ശി കനാൽ, ജലസേചന സൗകര്യങ്ങൾക്കായി ഉപയോഗപ്പെടുത്താൻ എന്തെങ്കിലും സാദ്ധ്യതകളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉണ്ട്. പദ്ധതിയുടെ ഒന്നാംഘട്ട നവീകരണ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു. കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽക്കൂടി കടന്നു പോകുന്ന മാഹി ബ്രാഞ്ച് കനാലിന്റെ നവീകരണ പ്രവൃത്തികൾ പൂർത്തിയാവുന്ന മുറയ്ക്ക് ജലവിതരണം പുനരാരംഭിക്കുന്നതാണ്. അതുമായി ബന്ധപ്പെട്ട ഡിസ്ട്രിബ്യൂട്ടറികളുടെയും ഫീൽഡ് ബോത്തികളുടെയും നവീകരണം നടത്തേണ്ടതുണ്ട്. ഫണ്ട് ലഭ്യതയനുസരിച്ച് പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കാൻ സാധിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത കനാൽ വിവിധ സ്ഥലങ്ങളിൽ പൊതു ആവശ്യങ്ങൾക്കായി (അങ്കണവാടി, റോഡുകൾ തുടങ്ങിയവ) ഉപയോഗപ്പെടുത്തുവാൻ സാദ്ധ്യതകളുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ സാദ്ധ്യതകളും നടപടിക്രമങ്ങളും വിശദമാക്കാമോ?

ജലസേചനത്തിനാവശ്യമുള്ള കനാൽ മറ്റാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താൻ സാദ്ധ്യതയില്ല. പഴശ്ശി പദ്ധതിയുടെ പുനരുദ്ധാരണ പ്രവൃത്തികൾ ദ്രുതഗതിയിൽ നടന്നുവരുന്ന ഈ സന്ദർഭത്തിൽ കനാലുകൾ നവീകരിച്ച് ഉപയോഗപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.

**കനോലി കനാൽ**

163 (3869) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ വെങ്കിടങ്ങ്, മുല്ലശ്ശേരി, പാവറട്ടി പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന കനോലി കനാലിന്റെ തീരപ്രദേശങ്ങളിൽ വ്യാപകമായ മണ്ണിടിച്ചിൽ ഉണ്ടാകുന്നതുമൂലം പ്രസ്തുത പ്രദേശങ്ങളിലെ കാർഷിക വിളകളും വീടുകളും കനാലിലേയ്ക്ക് ഒഴുകി പോകുന്ന സ്ഥിതിയുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) പ്രസ്തുത പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന കനോലി കനാലിന്റെ തീരപ്രദേശങ്ങൾ സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

വെങ്കിടങ്ങ് പഞ്ചായത്തിൽ, കനോലി കനാലിന്റെ ഫീഡർ കനാലായ കാളിയാമാക്കൽ കായലിന്റെ തീരം സംരക്ഷിക്കുന്നതിനായി 75 ലക്ഷം രൂപയുടെ ഒരു പ്രവൃത്തി ടെണ്ടർ ചെയ്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ദേശീയ ജലപാതയുടെ കനാൽ ജോലികൾ**

164 (3870) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയജലപാതയുമായി ബന്ധപ്പെട്ട് ജലസേചനവകുപ്പ് ഏറ്റെടുത്ത കനാൽ ജോലികൾ സംബന്ധിച്ച വിശദവിവരം, നിലവിലെ സ്ഥിതി എന്നിവ ലഭ്യമാക്കാമോ?

കോവളം മുതൽ ബേക്കൽ വരെയുള്ള 616 കി. മീ. നീളം വരുന്ന വെസ്റ്റ് കോസ്റ്റ് കനാലിനെ ദേശീയ ജലപാത നിലവാരത്തിലേയ്ക്ക് വികസിപ്പിക്കുന്നതിന്റെ ഭാഗമായി കനാൽ നവീകരണം, ആഴം കൂട്ടൽ, വീതി കൂട്ടൽ, ബാർജ്ജുകൾ പോലുള്ള ജലയാനങ്ങൾ പോകുന്നതിന് തടസ്സം നിൽക്കുന്ന പാലങ്ങൾ, നടപ്പാലങ്ങൾ, ലോക്കുകൾ എന്നിവ പൊളിച്ചുമാറ്റി പുനർനിർമ്മാണം, അപ്രോച്ച് റോഡുകൾ, നാവിഗേഷൻ റൂട്ടിൽ അത്യാവശ്യം കരകൾ സംരക്ഷിക്കേണ്ട ഭാഗങ്ങളിൽ സംരക്ഷണ പ്രവൃത്തികൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് മുഖേന നടപ്പാക്കി വരുന്നു. ഇതിനുപുറമെ 1200 കിലോമീറ്ററോളം ഫീഡർ/ലിങ്ക് കനാലുകൾ ഗതാഗതയോഗ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നു.

(ബി) ആലപ്പുഴ ജില്ലയിലെ ജലപാതയുമായി ബന്ധപ്പെട്ട് വീതികൂടിയ ഭാഗങ്ങളിൽ കരയിടിയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വകുപ്പ് ഈ പ്രശ്നം പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികളെക്കുറിച്ച് വ്യക്തമാക്കുമോ?

ഉണ്ട്. പ്രശ്നം പരിഹരിക്കുന്നതിനായി അത്യാവശ്യമായിട്ടുള്ള സ്ഥലങ്ങളിൽ സംരക്ഷണ ഭിത്തി നിർമ്മിച്ചിട്ടുണ്ട്. ബാക്കി വരുന്ന ഭാഗങ്ങളിലേയ്ക്ക് സംരക്ഷണഭിത്തി നിർമ്മിക്കുന്ന പ്രവൃത്തികൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(സി) ആലപ്പുഴ ജില്ലയിൽ നിലവിലുള്ള ജലപാതകൾ ഗതാഗത യോഗ്യമാക്കുന്നതിനായി കനാലുകളിലും ഇടത്തോടുകളിലും സ്ഥാപിച്ചിട്ടുള്ള പാലങ്ങളുടെ ഉയരവും വീതിയും കൂട്ടുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് വിശദമാക്കാമോ?

ആലപ്പുഴ ജില്ലയിൽ നിലവിലുള്ള ജലപാതകൾ ദേശീയ ജലപാതാ നിലവാരത്തിലേയ്ക്കുയർത്തുന്നതിന്റെ ഭാഗമായി ബാർജ്ജുകൾ പോലുള്ള വലിയ ജലയാനങ്ങൾ പോകുന്നതിന് തടസ്സം നിൽക്കുന്ന പാലങ്ങളും മറ്റ് ക്രോസ്സ് സ്ട്രക്ചറുകളും ആവശ്യമായ വെർട്ടിക്കൽ ക്ലിയറൻസ് കിട്ടത്തക്ക രീതിയിൽ പുനർനിർമ്മിക്കുന്നതിനുവേണ്ട പ്രാരംഭ സർവ്വേ നടപടികൾ സ്വീകരിച്ച് വരുന്നു. നിലവിൽ ബോട്ട് സഞ്ചാരത്തിന് പാലങ്ങളുടെ ഉയരവും വീതിയും തടസ്സമാകുന്നില്ല.

**കേരള ഡാം സേഫ്റ്റി അതോറിറ്റി**

165 (3871) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഡാം സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനങ്ങൾ ഈ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) കേന്ദ്ര ജല കമ്മീഷന്റെ ഗൈഡ്‌ലൈൻസ് ഫോർ പ്രിപ്പെയറിംഗ് ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് മാന്യുവൽ ഫോർ ഡാം-ന്റെ എന്തെല്ലാം നിർദ്ദേശങ്ങളാണ് സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

കേന്ദ്ര ജല കമ്മീഷന്റെ ഗൈഡ്‌ലൈൻസ് ഫോർ പ്രിപ്പെയറിംഗ് ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് മാന്യുവൽ ഫോർ ഡാം എന്ന രേഖയിലെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് ജലവിഭവ വകുപ്പിനുകീഴിൽ വരുന്ന 19 ഡാം/ബാരേജ്/റെഗുലേറ്റർ എന്നിവയുടെ പ്രവർത്തനത്തിനും പരിപാലനത്തിനുമുള്ള മാർഗ്ഗരേഖയായ Operation and Maintenance Manual പുതുക്കി തയ്യാറാക്കി കേന്ദ്ര ജല കമ്മീഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഡാം റീഹാബിലിറ്റേഷൻ & ഇംപ്രൂവ്മെന്റ് പ്രോജക്ട് എന്ന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 15 ഡാം/ബാരേജുകളുടെ Operation and Maintenance Manual-ന് കേന്ദ്ര ജല കമ്മീഷന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഓരോ ഡാമിനെയും പറ്റിയുള്ള പൊതുവായ വിവരങ്ങൾ, പദ്ധതിയുടെ പ്രവർത്തനം, ആവശ്യമായ പരിശോധനകൾ, ഡാമിന്റെ നിരീക്ഷണ സംവിധാനങ്ങൾ എന്നീ വിവരങ്ങൾ പ്രതിപാദിക്കുന്ന Operation and Maintenance Manual-ലെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായാണ് കേരളത്തിലെ ഡാമുകളുടെ പ്രവർത്തനങ്ങൾ നടത്തി വരുന്നത്.

(സി) ജലവിഭവ വകുപ്പിനുകീഴിലുള്ള ഡാമുകളുടെ സുരക്ഷിതത്വത്തെക്കുറിച്ച് അതോറിറ്റി നടത്തിയ എന്തെങ്കിലും പഠന റിപ്പോർട്ടോ നിർദ്ദേശങ്ങളോ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. കേരളത്തിലെ ഡാമുകളിൽ കാലാകാലങ്ങളിൽ ഡാം സേഫ്റ്റി അതോറിറ്റി പരിശോധന നടത്തുകയും അവയുടെ സുരക്ഷയ്ക്കും സംരക്ഷണത്തിനും ആവശ്യമായി സ്വീകരിക്കേണ്ട നിർദ്ദേശങ്ങളും ഉപദേശങ്ങളും തുടർനടപടികളും ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിശോധനാ റിപ്പോർട്ട് സർക്കാരിലേയ്ക്കും ഡാമിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥർക്കും ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. പ്രസ്തുത റിപ്പോർട്ട് പ്രകാരമുള്ള നിർദ്ദേശങ്ങൾ ഡാമുകളുടെ സുരക്ഷയ്ക്കായി നടപ്പിലാക്കി വരുന്നു. അതോറിറ്റിയുടെ ഒരു പ്രധാന ശിപാർശയായ മംഗലം ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിക്കണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. മറ്റ് ഡാമുകളിലും പരിസരങ്ങളിലും അതോറിറ്റി നിർദ്ദേശിച്ചിരിക്കുന്ന പരിഹാര നടപടികൾ നടപ്പാക്കി വരുന്നു.

(ഡി) ഡാമുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് അറിയിക്കുമോ?

ഡാമുകളുടെ നവീകരണത്തിനായി 2012-ൽ കേന്ദ്ര ജലകമ്മീഷന്റെ മേൽനോട്ടത്തിൽ ലോകബാങ്ക് സഹായത്തോടെ ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (DRIP) എന്ന പദ്ധതി വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കിവരുന്നു. 327 കോടി രൂപയുടെ ഭരണാനുമതിയുള്ള ടി പദ്ധതിയുടെ ഫേസ്-I ൽ മലമ്പുഴ, പോത്തുണ്ടി, ചുള്ളിയാർ, മീങ്കര, കാഞ്ഞിരപ്പുഴ, മലങ്കര, ചിമ്മിനി, പഴശ്ശി ബാരേജ്, പെരിയാർ വാലി ബാരേജ് (ഭൂതത്താൻകെട്ട്), മൂലത്തറ റെഗുലേറ്റർ, കല്ലട, വാഴാനി, പീച്ചി, നെയ്യാർ, വാളയാർ, കുറ്റ്യാടി എന്നീ 16 ഡാമുകൾ ഉൾപ്പെടുത്തിയിരുന്നു. ഇതിൽ 3 ഡാമുകളുടെ പ്രവൃത്തികൾ ഫേസ്-II ലേയ്ക്ക് ഏറ്റെടുത്ത് നടത്തിവരുന്നു. ഈ സാമ്പത്തിക വർഷം DRIP-ൽ ഉൾപ്പെട്ട പദ്ധതികൾക്കായി 65 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**വയനാട് ജില്ലയിലെ അണക്കെട്ടുകളുടെ വിശദാംശങ്ങൾ**

166 (3872) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിനുകീഴിൽ വയനാട് ജില്ലയിൽ പ്രവർത്തിക്കുന്ന അണക്കെട്ടുകൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ?

ജലവിഭവ വകുപ്പിനുകീഴിൽ വയനാട് ജില്ലയിൽ പ്രവർത്തിച്ച വരുന്ന അണക്കെട്ട് കാരാപ്പുഴ അണക്കെട്ടാണ്.

(ബി) ഇവയോട് അനുബന്ധിച്ച് നിലവിൽ നടപ്പാക്കി വരുന്ന ടൂറിസം പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കാമോ?

ടൂറിസം പദ്ധതിയുടെ ഒന്നാം ഘട്ട പ്രവൃത്തികൾക്കായി 09-3-2012-ലെ സ.ഉ(സാധാ) നം. 1953/2012/TSM പ്രകാരം 492.03 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി, ഓപ്പൺ എയർ തിയേറ്ററും വീഡിയോ പ്രസന്റേഷൻ ഹാളും, സുവനീറും സുഗന്ധവ്യഞ്ജന സ്റ്റാളുകളും, നടപ്പാതയും പാർക്കിംഗ് ഏരിയയും, ലാൻഡ്സ്കേപ്പിംഗ്, വൈദ്യുതീകരണവും ലൈറ്റിംഗും തുടങ്ങിയ പ്രവൃത്തികൾ ഉൾപ്പെടുത്തി ഒന്നാംഘട്ട പദ്ധതി പൂർത്തീകരിച്ചു. ടൂറിസം പദ്ധതിയുടെ രണ്ടാംഘട്ട പ്രവൃത്തികൾക്കായി 21-5-2014-ലെ സ.ഉ(സാധാ) നം. 3928/2014/TSM പ്രകാരം 229 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി. പ്രവേശന കവാടം, ഗ്രാനൈറ്റ് സീറ്റിംഗ്, സാഹസിക വിനോദത്തിനായുള്ള പാർക്ക്, ഫൗണ്ടൻ, ഹാൻഡ് റെയിൽ, ഇന്റർ ലോക്ക്, ഗസീബോ, പാർക്കിംഗ് യാർഡ്, സോളാർ ലൈറ്റുകൾ തുടങ്ങിയ

പ്രവൃത്തികൾ ഉൾപ്പെടുത്തി രണ്ടാംഘട്ട പദ്ധതി പൂർത്തീകരിച്ചു. ടൂറിസം പദ്ധതിയുടെ മൂന്നാം ഘട്ട വികസന പ്രവർത്തനങ്ങൾക്കായി 25-3-2017-ലെ സ.ഉ (സാധാ)നം. 173/2017/TSM പ്രകാരം 4 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി, നടപ്പാത, ഫിഷിംഗ് ഡോക്കുകൾ, കുളങ്ങൾ, ഗസീബോ, പാർക്കിംഗ് യാർഡ്, ലാൻഡ്സ്കേപ്പിംഗ്, പവലിയൻ, ബ്രിഡ്ജ് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ബാക്കി വരുന്ന പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്.

(സി) ജലസേചന പദ്ധതികളോടനുബന്ധിച്ച് ടൂറിസം ഹബ്ബുകൾ വികസിപ്പിക്കാനുള്ള നിർദ്ദേശങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കാമോ?

ഡാമിന്റെ സുരക്ഷിതത്വവും പരിസ്ഥിതിയും പൂർണ്ണമായും സംരക്ഷിച്ചുകൊണ്ടും കേരള ഡാം സേഫ്റ്റി അതോറിറ്റി നിർദ്ദേശം അനുസരിച്ചുകൊണ്ടുമുള്ള ടൂറിസം ഹബ്ബുകൾ വികസിപ്പിച്ച് അതിൽനിന്നുള്ള വരുമാനം ഡാമിന്റെ മെയിന്റനൻസിനും സംരക്ഷണത്തിനുംകൂടി ഉതകുന്ന രീതിയിൽ വിനിയോഗിക്കുന്ന പദ്ധതികൾ പരിഗണിക്കാവുന്നതാണ്.

**സംസ്ഥാനത്തെ ചെക്ക്ഡാമുകൾ**

167 (3873) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലസംരക്ഷണത്തിനായി ഏതെല്ലാം നദികളിൽ ചെക്ക്ഡാം നിർമ്മിക്കേണ്ടി വരുമെന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനമോ കണക്കെടുപ്പോ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കണ്ടെത്തലുകൾ വിശദമാക്കുമോ?

നടത്തിയിട്ടില്ല.

(ബി) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിനുള്ളിൽ എത്ര ചെക്ക്ഡാമുകൾ നിർമ്മിക്കാൻ അനുമതി നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

കഴിഞ്ഞ അഞ്ച് വർഷക്കാലയളവിനുള്ളിൽ നിർമ്മിക്കാൻ അനുമതി നൽകിയ ചെക്ക് ഡാമുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*.

(സി) ഇനിയും എത്ര ചെക്ക്ഡാമുകൾ പണി പൂർത്തീകരിക്കാനുണ്ട്; വിശദാംശം നൽകുമോ?

നിർമ്മാണം പൂർത്തീകരിക്കാനുള്ള ചെക്ക് ഡാമുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കളരിയാമക്കൽ ചെക്ക് ഡാം

168 (3874) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലാ നിയോജകമണ്ഡലത്തിലെ കളരിയാമക്കൽ ചെക്ക് ഡാമിൽ നിലവിലെ ഷട്ടർ മാറ്റി യന്ത്രവൽകൃത ഷട്ടറുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കളരിയാമക്കൽ ചെക്ക് ഡാമിന്റെ നിലവിലെ ഷട്ടർ മാറ്റി യന്ത്രവൽകൃത ഷട്ടർ സ്ഥാപിക്കുന്നതിനുള്ള സാധ്യതാപഠനം 14-7-2020-ൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ, പാല), അസിസ്റ്റന്റ് എഞ്ചിനീയർ (മൈനർ ഇറിഗേഷൻ സെക്ഷൻ, പാല), അസിസ്റ്റന്റ് വർക്ക് മാനേജർ (മെക്കാനിക്കൽ സബ് ഡിവിഷൻ, ആലപ്പുഴ) എന്നിവർ സംയുക്തമായി പരിശോധിക്കുകയും മെക്കാനിക്കൽ ഷട്ടർ സ്ഥാപിക്കുന്നതിനും അവ പ്രവർത്തിപ്പിക്കുന്നതിനുമുള്ള ഓപ്പറേറ്റിംഗ് സംവിധാനം സ്ഥാപിക്കുന്നതിനും തടസ്സങ്ങളുള്ളതായും ആയതിലേയ്ക്കായി നിലവിലെ സ്ട്രക്ചറുകളിൽ പുനരുദ്ധാരണം ആവശ്യമാണെന്നും സ്ഥലപരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. ആയത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. നിലവിലെ ഷട്ടർ ഗ്രൂവുകൾക്ക് മുകളിൽ ഓപ്പറേറ്റിംഗ് മെക്കാനിസം സ്ഥാപിച്ചാൽ ആറ്റിലെ വെള്ളം 2 മീറ്ററിൽ കൂടുതൽ ഉയർന്നാൽ ഷട്ടറുകൾ വെള്ളത്തിനടിയിലാകുകയും പിന്നീട് പ്രവർത്തിപ്പിക്കാൻ കഴിയാതെവരുകയും ചെയ്യും. കൂടാതെ ആറ്റിലൂടെ ഒഴുകി വരുന്ന തടികൾ പോലുള്ള വസ്തുക്കൾ ഓപ്പറേറ്റിംഗ് മെക്കാനിസത്തിൽ തട്ടിയാൽ അവയ്ക്ക് കേടുപാടുകൾ സംഭവിക്കുകയോ ഇളകിപ്പോകാനോ സാധ്യതയുണ്ട്.

2. നിലവിലെ ഷട്ടർ ഗ്രൂവിന്റെ അളവായ 75 മില്ലി മീറ്ററിൽ മെക്കാനിക്കൽ ഷട്ടർ സ്ഥാപിക്കുവാൻ സാധിക്കുകയില്ല. ആയതിനാൽ ഷട്ടർ സ്ഥാപിക്കണമെങ്കിൽ നിലവിലെ ബട്ട്റസ് വാൾ പാലത്തിന്റെ പുറത്തേയ്ക്ക് നീട്ടുകയും, അവിടെ മെക്കാനിക്കൽ ഷട്ടർ സ്ഥാപിക്കാനാവശ്യമായ ഗ്രൂവ് സൈസും അതിനുമുകളിലായി 6 മീറ്റർ കുറയാതെയുള്ള പില്ലറുകളും മെക്കാനിസം ഘടിപ്പിക്കുന്നതിനാവശ്യമായ പ്ലാറ്റ്ഫോമുകളും പുതുതായി നിർമ്മിക്കേണ്ടി വരും.

**ചെക്ക് ഡാമുകൾക്ക് ഹൈഡ്രോളിക് ഷട്ടറുകൾ**

169(3875) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിന്റെ ചെക്ക് ഡാമുകളിൽ പലപ്പോഴും പലക ഉപയോഗിച്ച് ഷട്ടറുകൾ സ്ഥാപിക്കുന്നത് പലവിധ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത് പരിഹരിക്കുന്നതിനായി ചെക്ക് ഡാമുകളിൽ ഹൈഡ്രോളിക് ഷട്ടറുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ചെക്ക്ഡാമുകൾക്ക് ഷട്ടറുകളിൽ പലക ഉപയോഗിക്കുന്നത് സാധാരണയാണ്. മഴക്കാലത്ത് ഷട്ടറുകൾ എളുപ്പത്തിൽ നീക്കം ചെയ്യുന്നതിന് പലക തന്നെയാണ് അനുയോജ്യം. ചെക്ക്ഡാമുകൾക്ക് പരമാവധി 2 മീറ്റർ ഉയരമാണ് നൽകുന്നത്. പലക ഷട്ടറുകൾക്ക് പകരം ഹൈഡ്രോളിക് ഷട്ടറുകൾ സ്ഥാപിക്കുന്നത് സാമ്പത്തികമായും പ്രായോഗികമായും അഭികാമ്യമല്ല. അതുകൊണ്ടുതന്നെ വലിയ റെഗുലേറ്ററുകൾക്ക് മാത്രമാണ് നിലവിൽ ഹൈഡ്രോളിക് ഷട്ടറുകൾ സ്ഥാപിക്കുന്നത്. ചെറിയ ചെക്ക് ഡാമുകളിൽ ഹൈഡ്രോളിക് ഷട്ടറുകൾ സ്ഥാപിക്കുന്നതിനുള്ള ഭാരിച്ച ചെലവും ഷട്ടർ പ്രവൃത്തിപ്പിക്കുന്നതിനുള്ള പ്രായോഗിക പ്രയാസങ്ങളും കണക്കിലെടുത്ത് FRP ഷട്ടറുകളാണ് ഇപ്പോൾ വിഭാവനം ചെയ്തുവരുന്നത്. മരപ്പലകകൾ/FRP ഷട്ടറുകൾ എന്നിവയ്ക്ക് പകരമായി ഹൈഡ്രോളിക് ഷട്ടറുകൾ സ്ഥാപിക്കുന്നതിന് ചെക്ക് ഡാമുകളോട് അനുബന്ധിച്ച് ഷട്ടർ പിയറുകൾ (shutter pier) സ്ഥാപിച്ചാൽ മാത്രമേ സാധ്യമാകുകയുള്ളൂ. തന്മൂലം തടയണകളായി വിഭാവനം ചെയ്യേണ്ട പദ്ധതികൾപോലും റെഗുലേറ്ററുകളായി മാറുകയും ചെയ്യും. കൂടാതെ റെഗുലേറ്ററുകൾ സാധാരണയായി 2 മീറ്ററിനു മുകളിൽ ജലം സംഭരിക്കുന്നതിനാണ് വിഭാവനം ചെയ്യുന്നത്. തടയണയുമായി താരതമ്യപ്പെടുത്തുമ്പോൾ റെഗുലേറ്റർ നിർമ്മാണം ചെലവേറിയതുമാണ്. ആയതിനാൽ 2 മീറ്റർ വരെയുള്ള തടയണകൾക്ക് നിലവിലെ രീതിതന്നെ അവലംബിക്കുന്നതാവും ഉചിതം.

**അരുണാപുരം ചെക്ക്ഡാം-കം-ബ്രിഡ്ജ് നിർമ്മാണം**

170 (3876) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലാ നിയോജകമണ്ഡലത്തിലെ അരുണാപുരം ചെക്ക് ഡാം-കം-ബ്രിഡ്ജ് നിർമ്മാണം പുതുതായി ടെൻഡർ ചെയ്തിട്ടുണ്ടോ; പ്രസ്തുത ചെക്ക് ഡാമിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുമോ; നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

16-2-2021-ലെ സ.ഉ(സാധാ)117/2021/ജവിവ നമ്പർ ഉത്തരവ് പ്രകാരം അരുണാപുരം ചെക്ക് ഡാം-കം-ബ്രിഡ്ജ് നിർമ്മാണത്തിനുള്ള റീ-ടെൻഡർ നടപടികൾ സ്വീകരിക്കാൻ പദ്ധതി വിഭാഗം-2 ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു. 28-2-2021-ൽ ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി. ചെക്ക് ഡാം സ്ഥിതിചെയ്യുന്ന സ്ഥലം സന്ദർശിക്കുകയും നിർദ്ദിഷ്ട സ്ഥലത്ത് ഏതൊരു നിർമ്മിതിയുടെയും സ്ട്രക്ചറൽ സ്റ്റെബിലിറ്റി ഉറപ്പാക്കാൻ സാധിക്കുകയില്ലെന്നും ആയതിനാൽ മിനിഡാം-കം-ആർ.സി.ബി. നിർദ്ദിഷ്ട സ്ഥലത്ത് പണിയുന്നതിനുള്ള സാദ്ധ്യത പുനഃപരിശോധിക്കേണ്ടതാണെന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്. ആയതിനാൽ സ്ട്രക്ചറൽ സ്റ്റെബിലിറ്റി ഉറപ്പാക്കാനാവുന്ന അനുയോജ്യമായ സ്ഥലം കണ്ടെത്തി, സ്ട്രക്ചർ രൂപകല്പന ചെയ്ത് നടപ്പാക്കുന്നതാണ് ഉചിതം. ടി പ്രവൃത്തിയിൻമേൽ നേരിട്ടിരിക്കുന്ന സാങ്കേതിക തടസ്സങ്ങൾ സംബന്ധിച്ച് തീരുമാനമാകുന്ന മുറയ്ക്ക് ടെൻഡർ വിളിച്ച്, എഗ്രിമെന്റ് വച്ച് പ്രവൃത്തി പുനരാരംഭിക്കാവുന്നതും സമയബന്ധിതമായി പൂർത്തീകരിക്കാവുന്നതുമാണ്.

**പുഴയോരങ്ങളുടെ സംരക്ഷണം**

171 (3877) <u>ശ്രീ. പി. വി. അൻവർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയത്തിൽ ഓരം തകർന്ന നിലമ്പൂർ നിയോജക മണ്ഡലത്തിലെ ചാലിയാർ, പുന്നപ്പുഴ, കരിമ്പുഴ, കാരക്കോടൻ പുഴ എന്നിവയുടെ പാർശ്വ സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; നടപ്പിലാക്കിയതും പരിഗണനയിലുള്ളതുമായ പദ്ധതികൾ ഏതെല്ലാമെന്നും ഇവയുടെ മതിപ്പ് തുകയും അറിയിക്കാമോ?

2019-ലെ പ്രളയത്തിൽ ഓരം തകർന്ന നിലമ്പൂർ നിയോജകമണ്ഡലത്തിലെ പുഴകളുടെ പാർശ്വസംരക്ഷണത്തിനായി നടപ്പിലാക്കിയതും, പരിഗണനയിലുള്ളതുമായ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) തകർച്ചാ ഭീഷണി നേരിടുന്ന പുഴയോരങ്ങൾ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിലുണ്ടെന്നും അവയുടെ വിശദാംശങ്ങളും അറിയിക്കാമോ?

തകർച്ചാ ഭീഷണി നേരിടുന്ന പുഴയോര പ്രദേശങ്ങളുടെ വിശദാംശങ്ങളും അവയുടെ സംരക്ഷണത്തിനായി പ്രതീക്ഷിക്കുന്ന എസ്റ്റിമേറ്റ് തുകയും അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) തുടർച്ചയായ പ്രളയ ഭീഷണി നിലനിൽക്കുന്നതിനാൽ മണ്ഡലത്തിലെ പുഴയോരങ്ങൾ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് കിഫ്ബി വഴി ജലവിഭവ വകുപ്പ് പ്രത്യേക പദ്ധതി തയ്യാറാക്കുമോ; ഇതിനായി നടപടി സ്വീകരിക്കുമോ?

ഫ്ലഡ് കൺട്രോൾ, ഫ്ലഡ് ഡാമേജ്, റിവർ മാനേജ്മെന്റ് ഫണ്ട് എന്നീ ശീർഷകങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ചാണ് പുഴയോരങ്ങളുടെ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തികൾ ഏറ്റെടുക്കാറുള്ളത്. കിഫ്ബി മുഖേനയുള്ള പ്രത്യേക പദ്ധതി നിർദ്ദേശങ്ങളൊന്നുംതന്നെ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## കടൽഭിത്തികളും പുലിമുട്ടുകളും

172 (3878) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിനാലും പുഴകളാലും കായലുകളാലും ചുറ്റപ്പെട്ട് കിടക്കുന്ന വൈപ്പിൻ നിയോജകമണ്ഡലത്തിലെ എളങ്കുന്നപ്പുഴ, ഞാറയ്ക്കൽ, നായരമ്പലം, എടവനക്കാട്, കുഴിപ്പിള്ളി, പള്ളിപ്പുറം തുടങ്ങിയ കടലോര പഞ്ചായത്തുകൾ നേരിടുന്ന കടലാക്രമണഭീഷണിക്ക് പരിഹാരം കാണുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

കടലിനാലും പുഴകളാലും കായലുകളാലും ചുറ്റപ്പെട്ട് കിടക്കുന്ന പ്രദേശമാണ് വൈപ്പിൻ. വൈപ്പിൻ ദ്വീപിൽ 2020 സാമ്പത്തിക വർഷത്തിൽ എടവനക്കാട് അണിയിൽ ബീച്ചിൽ 377 ലക്ഷം രൂപയുടെ 4 പുലിമുട്ടുകളുടെ പ്രവൃത്തിയും, MLA-ADS-ൽ ഉൾപ്പെടുത്തി 82.50 ലക്ഷം രൂപയുടെ ഒരു പുലിമുട്ടിന്റെ പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുള്ളതാണ്. 48 ലക്ഷം രൂപയുടെ ഒരു പുലിമുട്ടിന്റെ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ടെൻഡർ ചെയ്തിരുന്നുവെങ്കിലും ആരും ഏറ്റെടുക്കാത്തതിനാൽ റീ-ടെൻഡർ ചെയ്യുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കടൽക്ഷോഭം തടയുന്നതിനായി വൈപ്പിൻ ദ്വീപിലെ എടവനക്കാട്, ഞാറയ്ക്കൽ, നായരമ്പലം, പള്ളിപ്പുറം എന്നിവിടങ്ങളിൽ ജിയോ ബാഗ് ഉപയോഗിച്ച് താല്ക്കാലിക സംരക്ഷണ ഭിത്തിയും നിർമ്മിച്ചിട്ടുണ്ട്.

(ബി) വൈപ്പിൻ മുതൽ മുനമ്പം വരെയുള്ള 24 കി.മീ. വരുന്ന കടൽത്തീരത്ത് എവിടെയെല്ലാമാണ് കടൽഭിത്തികളും പുലിമുട്ടുകളും സ്ഥാപിക്കേണ്ടതെന്ന് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

&

(സി) രൂക്ഷമായ കടലാക്രമണഭീഷണി നേരിടുന്ന ഈ മേഖലകളിൽ കടൽഭിത്തിയും പുലിമുട്ടും സ്ഥാപിക്കുന്നതിനായി എന്നത്തേയ്ക്ക് തുക അനുവദിക്കുമെന്ന് വ്യക്തമാക്കാമോ?

വൈപ്പിൻ പ്രദേശത്തിനനുയോജ്യമായ പുലിമുട്ടുകളും കടൽഭിത്തിയും നിർമ്മിക്കുന്നതിന് പ്രാഥമിക പഠനം നടത്തുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പഠനത്തിനനുസൃതമായി ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കിയതിനുശേഷം മാത്രമേ എത്ര തുക വരുമെന്ന് കണക്കാക്കാനാകുകയുള്ളൂ.

## തൃശ്ശൂർ ജില്ലയിലെ തീരങ്ങളിലെ കടലാക്രമണം

173 (3879) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ രൂക്ഷമായ കടലാക്രമണം നേരിടുന്ന പ്രദേശങ്ങളായ എറിയാട്, എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ തീരങ്ങളിൽ കടലാക്രമണത്തെ തുടർന്ന് കടൽവെള്ളം കരയിലേയ്ക്ക് കവിഞ്ഞൊഴുകുന്നതിനാൽ ഒന്നോ രണ്ടോ കിലോമീറ്റർ ദൂരത്തേയ്ക്ക് വെള്ളം ഒഴുകി ആ പ്രദേശമാകെ ഉപ്പും ചെളിയും നിറയുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ ഒഴുകിവരുന്ന കടൽജലം വീടുകളിലൂടെ ഒഴുകി വീട്ടുസാധനങ്ങൾ ഒലിച്ചുപോവുകയും സെപ്റ്റിക് ടാങ്കുകൾ, ജലസ്രോതസ്സുകൾ, വീട്ടുസാധനങ്ങൾ തുടങ്ങിയവ തകരാറിലാവുകയും ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(സി) ഇതിനെക്കുറിച്ച് പഠിക്കുന്നതിനും പ്രശ്നം പരിഹരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കടൽത്തീരത്തിന്റെ പ്രത്യേകതയനുസരിച്ച്, ഇന്നത്തെ പരിസ്ഥിതിക്കനുയോജ്യമായ കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും പുതുക്കിയ ഡിസൈനിനുവേണ്ടി NCCR എന്ന വിദഗ്ധ സ്ഥാപനത്തിന്റെ സഹായത്തോടെ വിശദമായ പഠനം നടത്തുവാൻ തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ എറിയാട്, എടവിലങ്ങ് പഞ്ചായത്തുകൾ വരുന്ന കൊടുങ്ങല്ലൂർ പ്രദേശവും ഉൾപ്പെടുന്നു. ആയത് നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) കയ്പമംഗലം നിയോജകമണ്ഡലത്തിൽ കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷത്തിൽ ജലവിഭവ വകുപ്പ് തീരസംരക്ഷണത്തിനായി ചെയ്തിട്ടുള്ള മുഴുവൻ നടപടികളുടെയും വിശദവിവരം ലഭ്യമാക്കുമോ?

2019-20, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിൽ കയ്പമംഗലം നിയോജകമണ്ഡലത്തിൽ തീരസംരക്ഷണത്തിനായി ചെയ്തിട്ടുള്ള പ്രവൃത്തികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

**തീരദേശസംരക്ഷണത്തിന് കേന്ദ്രഫണ്ട്**

174 (3880) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിർത്തി സംരക്ഷണം കേന്ദ്രസർക്കാരിന്റെ അധികാരപരിധിയിൽ വരുന്ന കാര്യങ്ങളായതിനാൽ തീരദേശ സംരക്ഷണത്തിനായി കേന്ദ്രസർക്കാരിന്റെ പ്രത്യേക ഫണ്ട് അനുവദിച്ചുകിട്ടാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്?

പ്രളയത്തിന്റെ ആഘാതം ലഘൂകരിക്കാനും നദികളുടെ സംരക്ഷണത്തിനുമായി സംസ്ഥാനങ്ങളെ സഹായിക്കാൻ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ഫ്ളഡ് മാനേജ്മെന്റ് ആൻഡ് ബോർഡർ ഏരിയാസ് പ്രോഗ്രാം (FMBAP). ഈ പദ്ധതിയിൽ തീരദേശ സംരക്ഷണ പ്രവൃത്തികളും ഉൾപ്പെടുന്നു. നിലവിൽ FMBAP-യുടെ 2021-26 പ്ലാൻ രൂപീകരണ ഘട്ടത്തിലാണ്. FMBAP 12-ാം പ്ലാൻ 2012-17 വരെ ആയിരുന്നു. അതിനുശേഷം നീതി ആയോഗ് സംസ്ഥാനങ്ങളുടെ ആവശ്യാനുസരണം FMBAP(2021-26)- യുടെ റിപ്പോർട്ട് ജനുവരി 2021 -ൽ തയ്യാറാക്കിയിട്ടുണ്ട്. ജലസേചന വകുപ്പ് 338.55 കോടി രൂപയുടെ പ്രൊപ്പോസലുകൾ സെൻട്രൽ വാട്ടർ കമ്മീഷന് (CWC) സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ പദ്ധതി പ്രഖ്യാപിക്കുമ്പോൾ മാത്രമേ സമർപ്പിച്ച പദ്ധതികളുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി അനുമതിക്കായി സമർപ്പിക്കാൻ സാധിക്കുകയുള്ളൂ.

(ബി) തീരദേശ സംരക്ഷണത്തിനായി നിലവിൽ കേന്ദ്ര സർക്കാർ പ്രത്യേകമായി ഫണ്ട് അനുവദിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

തീരദേശ സംരക്ഷണത്തിനായി നിലവിൽ കേന്ദ്ര സർക്കാർ ഫണ്ടൊന്നും അനുവദിച്ചിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കടലാക്രമണം ചെറുക്കുന്നതിന് ജിയോ ട്യൂബുകൾ**

175 (3881) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കടലാക്രമണ ഭീഷണി ചെറുക്കുന്നതിന് പ്രയോജനകരമാണെന്ന് തെളിഞ്ഞ ജിയോ ട്യൂബുകൾ സംസ്ഥാന വ്യാപകമായി ഉപയോഗിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കടലാക്രമണം ഏറ്റവും രൂക്ഷമായ എറണാകുളം ജില്ലയിലെ ചെല്ലാനത്ത് വാച്ചാക്കൽ, കമ്പനിപ്പടി, ബസാർ, വേളാങ്കണ്ണി, ചെറിയകടവ് എന്നീ പ്രദേശങ്ങളിലായി 8 കോടി രൂപയുടെ ജിയോ ട്യൂബ് ഉപയോഗിച്ചുള്ള 5 പ്രവൃത്തികളാണ് (1000 മീറ്റർ നീളം) പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നത്, ഇതുകൂടാതെ 18-7-2019-ലെ ജി.ഒ(എം.എസ്) നം.28/2019/ജവിവ. ഉത്തരവ് പ്രകാരം മലപ്പുറം ജില്ലയിലും ആലപ്പുഴ ജില്ലയിലുമായി ജിയോ ട്യൂബ് ഉപയോഗിച്ച് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് 862.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ മലപ്പുറം ജില്ലയിലെ പൊന്നാനി കടൽത്തീരങ്ങളിൽ പ്രവൃത്തികൾക്ക് ടെൻഡർ ചെയ്തിരുന്നെങ്കിലും 4 കരാറുകാരുടെ പ്രതികരണം ഇല്ലാത്തതിനാൽ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആലപ്പുഴയിൽ ജിയോ ട്യൂബ് നിർമ്മിക്കുന്നതിനുദ്ദേശിച്ച സ്ഥലത്ത് കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് മുഖാന്തരം പുലിമുട്ടുകളുടെ നിർമ്മാണം നടപ്പിലാക്കി വരുന്നതിനാൽ ജിയോ ട്യൂബ് പ്രവൃത്തി നടപ്പിലാക്കിയിട്ടില്ല. ഇന്നത്തെ പരിസ്ഥിതിക്കും തീരത്തിന്റെ ഘടനയ്ക്കും അനുയോജ്യമായ കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും പുതുക്കിയ ഡിസൈനിനുവേണ്ടി നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് എന്ന വിദഗ്ദ്ധ സ്ഥാപനത്തിന്റെ സഹായത്തോടെ വിശദമായ പഠനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. പഠനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

**കടലാക്രമണം**

176 (3882) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കടലാക്രമണം തടയുന്നതിനായി കഴിഞ്ഞ സാമ്പത്തിക വർഷം എത്ര രൂപയുടെ പദ്ധതിയാണ് പ്രഖ്യാപിച്ചിട്ടുള്ളത്; ഇതിൽ എന്തു തുക ചെലവഴിച്ചെന്ന് വ്യക്തമാക്കാമോ?

കടലാക്രമണം തടയുന്നതിലേയ്ക്കായി കഴിഞ്ഞ സാമ്പത്തിക വർഷം (2020-21) ബഡ്ജറ്റ് വിഹിതവും അധിക ധനാനുമതിയായി ലഭിച്ച തുകയും ചേർത്ത് ആകെ 59.03 കോടി രൂപ വകയിരുത്തിയതിൽ മുഴുവൻ തുകയുടെയും പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ 26.91 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.

**തീരദേശ സംരക്ഷണം**

177 (3883) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രൂക്ഷമായ കടലാക്രമണ സാധ്യത കണക്കിലെടുത്ത്, തീരദേശ സംരക്ഷണത്തിനായുള്ള വിവിധങ്ങളായ പ്രവർത്തനങ്ങൾ ജലവിഭവ വകുപ്പിന് മാത്രമായി ചെയ്യാൻ കഴിയുന്നതാണോ എന്നറിയിക്കാമോ;

(ബി) അല്ലെങ്കിൽ തീരദേശ സംരക്ഷണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുവേണ്ടി ജലവിഭവ വകുപ്പിന്റെ നേതൃത്വത്തിൽ റവന്യൂ, തദ്ദേശസ്വയംഭരണം, ഫിഷറീസ്, വനം തുടങ്ങിയ വകുപ്പുകളുടെ ഏകോപനത്തിനായി നടപടികൾ സ്വീകരിക്കുമോ;

&

(സി) മേൽപ്പറഞ്ഞ വകുപ്പുകളുടെ ഏകോപനത്തിലൂടെ എന്തെല്ലാം നടപടികളാണ് തീരദേശ സംരക്ഷണത്തിനായി ജലവിഭവവകുപ്പ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ-സി) കേരളത്തിന്റെ തീരപ്രദേശം മുൻകാലങ്ങളെ അപേക്ഷിച്ച് അതിരൂക്ഷമായ കടലാക്രമണം, തീരശോഷണം, ഭൗതിക വസ്തുവകകളുടെ നാശം എന്നിവ നേരിടുന്നുണ്ട്. അറബിക്കടലിൽ ആവർത്തിച്ച് രൂപംകൊള്ളുന്ന ചുഴലിക്കാറ്റുകൾ തീരശോഷണത്തിന്റെ ആഘാതം വർദ്ധിപ്പിച്ചിട്ടുണ്ട്. ഒരു കാലഘട്ടം വരെ ജലസേചന വകുപ്പ് മാത്രമായിരുന്നു തീരസംരക്ഷണ പ്രവൃത്തികൾ നിർവ്വഹിച്ചിരുന്നതെങ്കിൽ നിലവിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടു കൂടിയാണ് തീരസംരക്ഷണ പ്രവൃത്തികൾ നിർവ്വഹിക്കപ്പെടുന്നത്. 9 തീരദേശ ജില്ലകളിലും നടത്തുന്ന തീരസംരക്ഷണ പ്രവൃത്തികൾ റവന്യൂ, തദ്ദേശസ്വയംഭരണം, ഫിഷറീസ്, വനം-വന്യജീവി വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കുന്നതിനുള്ള മനുഷ്യ വിഭവശേഷിയും അനുബന്ധ സൗകര്യങ്ങളും ജലസേചന വകുപ്പിനുണ്ട്. നിലവിലെ പരിസ്ഥിതിക്കും കാലാവസ്ഥാ മാറ്റങ്ങൾ കൊണ്ട് തീരപ്രദേശത്തുണ്ടാകുന്ന പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ കഴിയുംവിധമുള്ള നിർമ്മിതികൾ രൂപകൽപ്പന നടത്തുന്നതിനായി സമുദ്രതീരപഠന-

ഗവേഷണം നടത്തുന്ന ഇന്ത്യയിലെ പ്രമുഖ സ്ഥാപനമായ "നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് ചെന്നൈ-യുമായി ധാരണാപത്രം ഒപ്പിടുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്. വിവിധ വകുപ്പുകളുടേയും സ്ഥാപനങ്ങളുടേയും സഹകരണത്തോടെ പഠനം പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 2021-22-ലെ വാർഷിക ബഡ്ജറ്റിൽ പ്രഖ്യാപിച്ച, 5 വർഷം കൊണ്ട് പൂർത്തിയാക്കാൻ കഴിയുന്ന 5300 കോടി രൂപയുടെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങളുടെ ആദ്യഘട്ടമായി കിഫ്ബി ധനസഹായത്തോടെ 1500 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ തീരുമാനിക്കുകയും കടലാക്രമണം അതിരൂക്ഷമായ ചെല്ലാനം പ്രദേശത്ത് നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് ചെന്നൈ പഠനം നടത്തി ഹൈബ്രിഡ് പദ്ധതി (കടൽ ഭിത്തിയുടെയും പുലിമുട്ടുകളുടെയും സംയോജിത നിർമ്മാണം) അവലംബിക്കുന്നതിനുള്ള ഡിസൈൻ തയ്യാറാക്കുകയും പ്രസ്തുത ഡിസൈൻ പ്രകാരം തയ്യാറാക്കിയ 254.20 കോടി രൂപയുടെ കടൽഭിത്തി നിർമ്മാണത്തിന്റെയും 90 കോടി രൂപയുടെ പുലിമുട്ട് നിർമ്മാണത്തിന്റെയും (ആകെ 344.20 കോടി) വിശദമായ രൂപരേഖ സർക്കാർ അംഗീകരിക്കുകയും കിഫ്ബി ധനസഹായത്തോടെ നിർവ്വഹണം നടത്തുന്നതിനുള്ള ഭരണാനുമതി 29-7-2021-ലെ GO (Rt) No.395/2021/WRD, നമ്പർ ഉത്തരവ് പ്രകാരം നൽകുകയും ചെയ്തിട്ടുണ്ട്.

**കാസർഗോഡ് ജില്ലയിൽ കടൽക്ഷോഭം തടയുന്നതിന് മുൻകരുതലുകൾ**

178 (3884) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കടൽക്ഷോഭം തടയുന്നതിന് എന്തൊക്കെ മുൻകരുതലുകളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

&

(ബി) ജില്ലയിൽ നിലവിൽ കടൽഭിത്തി നിർമ്മാണത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഏതൊക്കെ പ്രദേശങ്ങൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്?

കാസർഗോഡ് ജില്ലയിൽ രൂക്ഷമായ കടലാക്രമണമുണ്ടാകുന്ന സ്ഥലങ്ങളിൽ താൽക്കാലിക സംവിധാനങ്ങളായ ജിയോബാഗ് ഉപയോഗിച്ചുള്ള താൽക്കാലികമായ സംരക്ഷണ ഭിത്തി നിർമ്മിച്ചുവരുന്നു. ഇതിനായി ഈ വർഷം 25-5-2021-ലെ G.O(Rt)No.296/2021/WRD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇന്നത്തെ പരിസ്ഥിതിക്കനുയോജ്യമായ സ്ഥിരം സംവിധാനങ്ങൾ ചെയ്യാനുള്ള പഠനം

NCCR എന്ന സ്ഥാപനത്തിന്റെ സഹായത്തോടെ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച ഒരു കോടി രൂപയുടെ ഭരണാനുമതിയിലുൾപ്പെട്ട പ്രവൃത്തികൾ കൂടാതെ ജില്ലയിൽ കഴിഞ്ഞ സാമ്പത്തിക വർഷം കടൽക്ഷോഭം തടയുന്നതിന് 207 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഈ തുക വളരെ അത്യാവശ്യമായ സ്ഥലങ്ങളിൽ കടൽഭിത്തി റിപ്പയറിംഗിനും ജിയോബാഗ് ഉപയോഗിച്ച് താൽകാലികമായ സംരക്ഷണ ഭിത്തികൾ നിർമ്മിക്കുന്നതിനുമായി പ്രയോജനപ്പെടുത്തിയിട്ടുണ്ട്. തൈക്കടപ്പുറം, വലിയപറമ്പ, കോയിപ്പാടി, ചേരങ്കൈ തുടങ്ങിയ പ്രദേശങ്ങളിലാണ് തുക വിനിയോഗിച്ചിട്ടുള്ളത്.

(സി) കടൽക്ഷോഭം തടയുന്നതിന് നൂതനമായ ഏതെങ്കിലും പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

കടലാക്രമണം ചെറുക്കുന്നതിന് സാധാരണയായി സി.ഡബ്ല്യു.പി.ആർ.എസ്. പൂനെ/ഐ.ഐ.ടി. ചെന്നൈ മുതലായ സ്ഥാപനങ്ങളിൽനിന്നും ഡിസൈൻ ലഭ്യമാക്കി കരിങ്കല്ലുപയോഗിച്ചുള്ള കടൽഭിത്തിയും ഗ്രോയിനുകളുമാണ് കാലാകാലങ്ങളായി നിർമ്മിച്ചുവരുന്നത്. ജിയോട്യൂബ് ഉപയോഗിച്ചും ജിയോബാഗുകളിൽ മണൽ നിറച്ചും അടിയന്തരമായി കടൽത്തീരത്തെ സംരക്ഷിക്കാറുണ്ട്. ഇന്നത്തെ പരിസ്ഥിതിക്കനുയോജ്യമായ കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും പുതുക്കിയ ഡിസൈനുവേണ്ടി NCCR എന്ന വിദഗ്ദ്ധ സ്ഥാപനത്തിന്റെ സഹായത്തോടെ വിശദമായ പഠനം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി ടെട്രാപോഡ് ഉപയോഗിച്ച് പുലിമുട്ടും കടൽഭിത്തിയുമായി ഒരു സംയോജിത പദ്ധതി ചെല്ലാനത്ത് നടപ്പിലാക്കാൻ പോകുന്നു. രൂക്ഷമായ കടലാക്രമണം നേരിടുന്ന കൊല്ലംകോട്, ശംഖുമുഖം, ആലപ്പാട്, കൊടുങ്ങല്ലൂർ, പൊന്നാനി, കാപ്പാട്, തലശ്ശേരി, വലിയപറമ്പ് എന്നീ പ്രദേശങ്ങളാണ് പഠനത്തിനായി തെരഞ്ഞെടുത്തിരിക്കുന്നത്. പഠനം കഴിയുന്ന മുറയ്ക്ക് പദ്ധതികൾ ആവിഷ്കരിക്കുവാൻ സാധിക്കുന്നതാണ്.

**നട്ടിക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ്**

179 (3885) <u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2020-21 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ കല്യാശ്ശേരി നിയോജക മണ്ഡലത്തിലെ നട്ടിക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ച പതിനാറര ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ അനുമതി ലഭ്യമാക്കുന്നതിനുള്ള തടസ്സമെന്താണെന്ന് വിശദമാക്കാമോ?

2020-21 വർഷത്തെ ബഡ്ജറ്റിലുൾപ്പെടുത്തിയ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ നട്ടിക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് 16.50 ലക്ഷം രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടില്ല. പ്രസ്തുത പ്രവൃത്തിക്ക് 15.30 ലക്ഷം രൂപയുടെ സാമ്പത്തികാനുമതി 24-11-2020-ന് നൽകിയെങ്കിലും 30-1-2021-ന് ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ പ്രവൃത്തി സ്ഥലം പരിശോധിക്കുകയും പ്രവൃത്തിക്കാവശ്യമായ കൂട്ടിച്ചേർക്കലുകൾ നടത്തുന്നതിനുവേണ്ടി മാർഗ്ഗനിർദ്ദേശം നൽകിയതിന്റെയും അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് പുനഃക്രമീകരിച്ച് 16.50 ലക്ഷം രൂപയ്ക്ക് പുതുക്കിയ സാമ്പത്തികാനുമതി നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരവെ ചില സാങ്കേതിക കാരണങ്ങളാൽ എസ്റ്റിമേറ്റ് ഐ.ഡി.ആർ.ബി.യിൽ നിന്നും തിരിച്ചയച്ചിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മോന്താൽ പാത്തിക്കൽ റെഗുലേറ്റർ-കം-ബ്രിഡ്ജ്**

180 (3886) <u>ശ്രീ. എ. എൻ. ഷംസീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിൽ അനുവദിച്ച തലശ്ശേരി നിയോജകമണ്ഡലത്തിലെ മോന്താൽ പാത്തിക്കൽ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഭരണാനുമതി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

&

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

തലശ്ശേരി നിയോജകമണ്ഡലത്തിലെ മോന്താൽ പാത്തിക്കൽ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പ്രവൃത്തിക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. എന്നാൽ തലശ്ശേരി നിയോജകമണ്ഡലത്തിലെ ചൊക്ലി പഞ്ചായത്തിലെ ഒളവിലം പാത്തിക്കൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുബന്ധം-2 വോള്യം-2 -ൽ ക്രമ നം.1117 ആയി ഭരണാനുമതി ഇല്ലാത്ത പ്രവൃത്തികളിൽ ഉൾപ്പെടുത്തി ടി പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തുകയുടെ (1500 ലക്ഷം രൂപ) ഇരുപത് ശതമാനം തുകയായ മൂന്ന് കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയത് പ്രകാരം മേൽ പ്രവൃത്തിയുടെ 15 കോടി രൂപയുടെ വിശദമായ പദ്ധതി രേഖ ഭരണാനുമതിക്കായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**മമ്പാട് ഓടായിക്കൽ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ അപ്രോച്ച് റോഡ്**

181 (3887) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിൽ പൂർണ്ണമായും തകർന്ന വണ്ടൂർ നിയോജക മണ്ഡലത്തിലെ മമ്പാട് ഓടായിക്കൽ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ അപ്രോച്ച് റോഡ് പുനർനിർമ്മാണത്തിന് 2019-2020-ലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നെങ്കിലും പ്രവൃത്തി ആരംഭിക്കാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

&

(ബി) പ്രസ്തുത അപ്രോച്ച് റോഡിന്റെ നിർമ്മാണം എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; ആയത് സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

വണ്ടൂർ നിയോജകമണ്ഡലത്തിലെ മമ്പാട് ഒടായിക്കൽ റെഗുലേറ്റർ -കം-ബ്രിഡ്ജിന് അനുബന്ധമായുള്ള അപ്രോച്ച് റോഡിന്റെ സംരക്ഷണഭിത്തി പുനർനിർമ്മിക്കുന്നതിനായി 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വാല്യം - II പേജ് 109 -ൽ (ഭരണാനുമതി ഇല്ലാത്ത മരാമത്തു പണികൾ) എസ്റ്റിമേറ്റ് തുകയായ 200 ലക്ഷം രൂപയുടെ 20% തുകയായ 40 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ ചാലിയാറിന്റെ പുഴയോരം 111 മീറ്റർ നീളത്തിൽ സംരക്ഷണഭിത്തി കെട്ടി അപ്രോച്ച് റോഡ് പുനർനിർമ്മിക്കേണ്ടിയിരുന്നു. എസ്റ്റിമേറ്റ് തുകയായ 200 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 600 ലക്ഷം രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയത് സർക്കാരിൽ പരിശോധിച്ചു വരുന്നു.

**സ്റ്റാഫ് സ്ട്രെങ്ത് വിപുലീകരിക്കുന്നതിന് നടപടി**

182 (3888) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിൽ ഓവർസിയർ ഗ്രേഡ്-II മുതൽ അസിസ്റ്റന്റ് എഞ്ചിനീയർ വരെയുള്ള തസ്തികകളിലെ സ്റ്റാഫ് സ്ട്രെങ്ത് വിപുലീകരിക്കുന്നതിന് എന്തെങ്കിലും പ്രൊപ്പോസൽ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

&

(ബി) ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏത് ഫയലിലാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

ജലസേചന വകുപ്പിൽ ഓവർസിയർ ഗ്രേഡ്-2 മുതൽ അസിസ്റ്റന്റ് എഞ്ചിനീയർ വരെയുള്ള തസ്തികകളിലെ സ്റ്റാഫ് സ്ട്രെങ്ത് വിപുലീകരിക്കുന്നതിന് പ്രൊപ്പോസൽ ഒന്നുംതന്നെ നിലവിലില്ല.

**ജലസേചന വകുപ്പിന്റെ കീഴിൽ വരുന്ന കനാൽ ഭൂമി**

183 (3889) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിന്റെ കീഴിൽ വരുന്ന കനാൽ ഭൂമി മുഴുവനായും അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ജലസേചന വകുപ്പിന്റെ കീഴിൽ ഇതിന് സംവിധാനങ്ങളുണ്ടോ; എങ്കിൽ ഇതിനായി ഏത് മാർഗ്ഗമാണ് സ്വീകരിച്ചുവരുന്നത് എന്നറിയിക്കാമോ?

ജലസേചന വകുപ്പിന് കീഴിലുള്ള കനാൽ ഭൂമി മുഴുവനായി അളന്ന് തിട്ടപ്പെടുത്തിയിട്ടില്ല. എന്നാൽ കാരാപ്പുഴ ജലസേചന പദ്ധതിയുടെ ഭൂമി ലാൻഡ് അക്വിസിഷൻ നടന്ന ഘട്ടത്തിൽ അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്. പിന്നീട് കനാലിനായി അക്വയർ ചെയ്ത ഭൂമി അളന്ന് തിട്ടപ്പെടുത്തിയിട്ടില്ല. 1960-1970 കാലഘട്ടത്തിൽ അക്വയർ ചെയ്ത കുറ്റ്യാടി ജലസേചന പദ്ധതിയിലും അക്വയർ ചെയ്ത കാലയളവിൽ അതിർത്തി തിരിച്ച് കല്ലിട്ടിട്ടുള്ളതാണ്. പഴശ്ശി ജലസേചന പദ്ധതിയുടെ കനാലുകൾ അളന്ന് തിട്ടപ്പെടുത്തി സർവ്വേക്കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. കാഞ്ഞിരപ്പുഴ ഡിവിഷന് കീഴിൽ വരുന്ന കല്ലടിക്കോട് സബ് ഡിവിഷൻ കാര്യാലയത്തിന് കീഴിലേയും കാഞ്ഞിരപ്പുഴ സബ് ഡിവിഷൻ നം-3 കാര്യാലയത്തിന് കീഴിലേയും മുഴുവൻ കനാൽ ഭൂമിയും അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്. കനാൽ ഭൂമി അളന്ന് തിട്ടപ്പെടുത്താൻ ജലസേചന വകുപ്പിന്റെ കീഴിൽ നിലവിൽ സംവിധാനങ്ങളൊന്നുമില്ല. ആവശ്യമായി വരുന്ന സാഹചര്യങ്ങളിൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് തഹസിൽദാർക്കും താലൂക്ക് സർവ്വേയർക്കും അപേക്ഷ നൽകിയാണ് അതിർത്തി നിർണ്ണയിക്കുന്നത്.

(ബി) കനാൽ ഭൂമി കയ്യേറ്റം സംബന്ധിച്ച പരാതിയിൽ കുറ്റാരോപിതർ ജോലി ചെയ്യുന്ന കാലയളവിന് മുൻപാണ് കയ്യേറ്റം നടന്നതെങ്കിൽ, നിലവിൽ കുറ്റാരോപിതരായവരുടെ പ്രൊമോഷനും മറ്റാനുകൂല്യങ്ങളും തടഞ്ഞുവച്ച കേസുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം കേസുകൾ തീർപ്പാക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കാമോ;

&

(സി) നിലവിൽ കനാൽ ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് കുറ്റാരോപിതരായ എത്ര പേരുടെ പ്രൊമോഷനും ആനുകൂല്യങ്ങളുമാണ് തടഞ്ഞുവച്ചിരിക്കുന്നത്; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കനാൽ ഭൂമി കയ്യേറ്റം സംബന്ധിച്ച് വകുപ്പുതല നടപടികൾക്ക് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ (VACB) ശിപാർശ ചെയ്ത 6 പേരുടെ പേരിലാണ് അന്വേഷണം നടക്കുന്നത്. രണ്ടുപേർ റിട്ടയർ ചെയ്തു. നാല് ഉദ്യോഗസ്ഥരെ മറ്റ് ഓഫീസുകളിലേയ്ക്ക് സ്ഥലംമാറ്റിയിട്ടുണ്ട്. അച്ചടക്കനടപടികൾ തീർപ്പുകൽപ്പിക്കുന്ന മുറയ്ക്കുമാത്രമേ പ്രൊമോഷനും മറ്റാനുകൂല്യങ്ങളും നൽകുവാൻ സാധിക്കുകയുള്ളൂ.

**അങ്കമാലി നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ**

184 (3890) <u>ശ്രീ. റോജി എം. ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വിഭാഗത്തിൽ 2020-2021, 2021-2022 സാമ്പത്തിക വർഷം പ്ലാൻ/നോൺപ്ലാൻ വിഭാഗത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമെന്നും അവയിൽ പണി പൂർത്തീകരിച്ചവ ഏതെല്ലാമെന്നും പണി ആരംഭിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമെന്നും ഇനം തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ;

&

(ബി) 2021-2022 സാമ്പത്തിക വർഷം പ്ലാൻ/നോൺപ്ലാൻ ഇനത്തിൽ ഭരണാനുമതിക്കായി സമർപ്പിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*.

**മൈനർ ഇറിഗേഷൻ വകുപ്പിന്റെ പദ്ധതികൾ**

185 (3891) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നിയോജകമണ്ഡലത്തിൽ ഏറ്റവും കൂടുതൽ നെൽകൃഷി നടത്തിയിരുന്ന ആവളപാണ്ടി, കരുവോട്, കണ്ടുചിറ, വെളിയന്നൂർ, ചെല്ലി എന്നിവിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതിന്റെ പേരിൽ തുടർകൃഷിക്ക് പ്രയാസം നേരിടുന്ന സാഹചര്യം പരിഗണിച്ച് കൃഷി ചെയ്യാനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് മൈനർ ഇറിഗേഷൻ വകുപ്പിന് പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ;

&

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇല്ലെങ്കിൽ നബാർഡ് പോലുള്ള സ്കീമിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

പേരാമ്പ്ര അസംബ്ലി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ആവളപാണ്ടി, കരുവോട്ചിറ, കണ്ടുചിറ, വെളിയന്നൂർ, ചെല്ലി എന്നിവിടങ്ങളിൽ നെൽകൃഷി വികസനത്തിനായി നടത്തിയ പദ്ധതികളിൽ പൂർത്തീകരിച്ചതും നടപടി സ്വീകരിച്ചതുമായ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**കുറ്റ്യാടി ഇറിഗേഷൻ കനാൽ റോഡുകളുടെ പുനരുദ്ധാരണം**

186 (3892) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തകർന്ന തദ്ദേശറോഡുകളുടെ പുനരുദ്ധാരണത്തിന് മുഖ്യമന്ത്രിയുടെ തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതിയിൽപ്പെടുത്തിയ പേരാമ്പ്ര നിയോജകമണ്ഡലത്തിലെ കുറ്റ്യാടി ഇറിഗേഷന്റെ കനാൽ റോഡുകളിൽ പ്രവൃത്തി ചെയ്യുന്നതിനായി കോഴിക്കോട് ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർ അനുമതിക്കായി അപേക്ഷ നൽകിയിരുന്നോ?

നൽകിയിരുന്നു.

(ബി) ഉണ്ടെങ്കിൽ അതിന് പ്രത്യേകമായി ചെലാൻ അടച്ചിരുന്നോയെന്നും ഏതൊക്കെ റോഡുകളുടെ പ്രവൃത്തികൾക്കുള്ള അനുമതിക്കായാണ് അപേക്ഷിച്ചതെന്നും വിശദമാക്കാമോ;

&

(സി) ഇതിനായി എന്നാണ് അപേക്ഷ ലഭിച്ചതെന്നും ഇതുവരെ ഏതൊക്കെ റോഡുകളുടെ പ്രവൃത്തിക്കാണ് അനുമതി നൽകിയതെന്നും വിശദമാക്കുമോ?

**(ബി&സി)** വിവരം അനുബന്ധമായി ചേർക്കുന്നു*.

(ഡി) കോഴിക്കോട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്ന് എത്ര തവണ ഇക്കാര്യം അന്വേഷിച്ചുകൊണ്ട് കത്ത് ലഭിച്ചിരുന്നുവെന്നും ഇനി എത്ര റോഡുകളുടെ പ്രവൃത്തിക്ക് അനുമതി നൽകാനുണ്ടെന്നും കാലതാമസത്തിന് കാരണമെന്താണെന്നും വിശദമാക്കാമോ; കാലതാമസത്തിന് ഉത്തരവാദി കളായവരെക്കുറിച്ച് അന്വേഷണം നടത്തുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോഴിക്കോട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽനിന്ന് അപേക്ഷയോടൊപ്പം സമർപ്പിച്ച കത്തുകളല്ലാതെ മറ്റ് കത്തുകളൊന്നും ലഭിച്ചിട്ടില്ല. അപേക്ഷ ലഭിച്ച എല്ലാ പ്രവൃത്തികൾക്കും അനുമതി നൽകിയിട്ടുണ്ട്. കോവിഡ് 19-ന്റെ സാഹചര്യത്തിൽ ഏർപ്പെടുത്തിയ ലോക്ഡൗൺമൂലം ഒരു പ്രവൃത്തിക്ക് അനുമതി നൽകാൻ കാലതാമസം നേരിട്ടിട്ടുണ്ട്.

(ഇ) സേവന അവകാശ നിയമമനുസരിച്ച് പ്രവൃത്തികൾക്ക് അനുമതി നൽകാനുള്ള കാലയളവ് എത്രയാണെന്ന് വ്യക്തമാക്കുമോ?

പ്രവൃത്തികൾക്ക് ഉപയോഗാനുമതി നൽകുന്നത് സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെട്ടിട്ടില്ല.

**ഷൊർണ്ണൂർ മൈനർ ഇറിഗേഷൻ സബ്ഡിവിഷന്റെ അധികാര പരിധി**

187(3893) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മൈനർ ഇറിഗേഷൻ സബ്ഡിവിഷന്റെ അധികാര പരിധിയിൽ ഏതെല്ലാം താലൂക്കുകൾ ഉൾപ്പെട്ടിട്ടുണ്ട്; പ്രസ്തുത സബ്ഡിവിഷനിൽ ഏതെല്ലാം പഞ്ചായത്തുകൾ ഉൾപ്പെട്ടിട്ടുണ്ട്; ഒന്നിലധികം മണ്ഡലങ്ങൾ ഈ സബ്ഡിവിഷന് കീഴിലുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഷൊർണ്ണൂർ മൈനർ ഇറിഗേഷൻ സബ് ഡിവിഷന്റെ അധികാര പരിധിയിൽ ഒറ്റപ്പാലം, പട്ടാമ്പി എന്നീ താലൂക്കുകൾ ഉൾപ്പെട്ടിട്ടുണ്ട്. വാണിയംകുളം, ആനക്കര, ചാലിശ്ശേരി, കപ്പൂർ, നാഗലശ്ശേരി, പട്ടിത്തറ, തിരുമിറ്റക്കോട്, തൃത്താല, അമ്പലപ്പാറ, ചെർപ്പുളശ്ശേരി, കുലുക്കല്ലൂർ, നെല്ലായ, പൂക്കോട്ടുകാവ്, ശ്രീകൃഷ്ണപുരം, തൃക്കടേരി, വല്ലപ്പുഴ, വെള്ളിനേഴി, കൊപ്പം, മുതുതല, പരുതൂർ, തിരുവേഗപ്പുറ, വിളയൂർ, അനങ്ങനടി, ചളവറ, ലക്കിടി-പേരൂർ, ഓങ്ങല്ലൂർ, എന്നീ പഞ്ചായത്തുകളും ഷൊർണ്ണൂർ മൈനർ ഇറിഗേഷൻ സബ് ഡിവിഷനിൽ ഉൾപ്പെട്ടിട്ടുണ്ട്. ഒന്നിലധികം മണ്ഡലങ്ങൾ ഈ സബ്ഡിവിഷന് കീഴിലുണ്ട്. ഒറ്റപ്പാലം, ഷൊർണ്ണൂർ, പട്ടാമ്പി, തൃത്താല എന്നീ മണ്ഡലങ്ങളാണ് ഈ സബ്ഡിവിഷന് കീഴിലുള്ളത്.

(ബി) ഷൊർണ്ണൂർ മൈനർ ഇറിഗേഷൻ സബ്ഡിവിഷനുകീഴിൽ നടന്നു വരുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് താലൂക്കടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; ഇവയിൽ എത്ര ശതമാനം പ്രവൃത്തികൾ പട്ടാമ്പി താലൂക്കിൽ ഉള്ളവയാണെന്ന് വിശദമാക്കാമോ; പട്ടാമ്പി താലൂക്ക് പരിധിയിലെ ഓരോ പഞ്ചായത്തും മൈനർ ഇറിഗേഷൻ വകുപ്പിന്റെ ഏത് സെക്ഷനിൽ വരുമെന്നുള്ളത് വിശദമാക്കാമോ?

ഷൊർണ്ണൂർ മൈനർ ഇറിഗേഷൻ സബ്ഡിവിഷനുകീഴിൽ നടന്നുവരുന്ന താലൂക്കടിസ്ഥാനത്തിലുള്ള പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*. ഇവയിൽ 69.70% പ്രവൃത്തികൾ പട്ടാമ്പി താലൂക്കിൽ ഉള്ളവയാണ്.പട്ടാമ്പി താലൂക്ക് പരിധിയിലെ ഓരോ പഞ്ചായത്തും മൈനർ ഇറിഗേഷൻ വകുപ്പിന്റെ ഏത് സെക്ഷനിൽ വരുമെന്നുള്ളതിന്റെ വിശാദംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## തോട്ടപ്പള്ളി സ്പിൽവേ ഷട്ടറിന്റെ അറ്റകുറ്റപ്പണി

188 (3894) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടപ്പള്ളി സ്പിൽവേ ഷട്ടറിന്റെ അറ്റകുറ്റപ്പണിക്ക് എത്ര തുകയാണ് അനുവദിച്ചത്; എന്തൊക്കെ നിർമ്മാണങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരുന്നത്; നിർമ്മാണക്കരാർ ഏറ്റെടുത്തത് ആരാണെന്നും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോയെന്നുമുള്ള വിവരം നൽകാമോ?

25-7-2019-ലെ G.O(Rt)No.533/2019/WRD നമ്പർ പ്രകാരം തോട്ടപ്പള്ളി സ്പിൽവേ ഷട്ടറിന്റെ അറ്റകുറ്റപ്പണികൾക്കായി 4,48,00,000 (നാലു കോടി നാൽപ്പത്തിയെട്ട് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഷട്ടറുകൾക്ക് രണ്ട് സൈഡിലും ബണ്ടുകൾ ക്രമീകരിച്ച് (ഒരേ സമയം 3 ഷട്ടറുകൾ എങ്കിലും) വെള്ളം വറ്റിച്ച് ഷട്ടറുകൾ ഗ്രൂവിൽനിന്നും എടുത്ത് മാറ്റി സുരക്ഷിതമായി ക്രമീകരിക്കുകയും, കോർണർ ആംഗിളുകൾ ശരിയായി ക്രമീകരിക്കുന്നതിനുള്ള (40 ഷട്ടറിന്റെയും) അവശ്യ വസ്തുക്കൾ സൈറ്റിൽ എത്തിച്ച് കോൺക്രീറ്റ് ചെയ്ത് ഗ്രൂവിൽ ഘടിപ്പിക്കുന്നതിനും, ഷട്ടറുകൾ തിരിച്ച് ഗ്രൂവിൽ ഇറക്കി ഷട്ടറുകളെ ഗിയർ സിസ്റ്റവുമായി ബന്ധിപ്പിക്കുന്നതിനാവശ്യമായ വസ്തുക്കൾ (സ്റ്റെയിൻലെസ് സ്റ്റീൽ വയർ റോപ്പ്, വയർ ക്ലാസ്, ഡി ഷാക്കിൽ, തിംമ്പിൾ) സൈറ്റിൽ എത്തിച്ച് ഘടിപ്പിക്കുന്ന പ്രവൃത്തികൾക്കുള്ള അനുമതിയാണ് നൽകിയിരിക്കുന്നത്. M/s സീബ്ലൂ കൊച്ചിൻ ഷിപ്പ്‌യാർഡ് ലിമിറ്റഡ് ഈ വർക്കുകൾ ഏറ്റെടുത്തുവെങ്കിലും യഥാസമയം പ്രവൃത്തി തുടങ്ങാത്തതിനാൽ പ്രസ്തുത കമ്പനിയെ ടെർമിനേറ്റ് ചെയ്യുകയും തുടർന്ന് റീ-ടെണ്ടറിംഗും ആയതിന്റെ തുടർനടപടികളും പുരോഗമിച്ചു വരികയുമാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) അറ്റകുറ്റപ്പണി പൂർത്തിയായെങ്കിലും സ്പിൽവേ ഷട്ടർ ഇപ്പോഴും കൃത്യമായി അടയ്ക്കുന്നതിന് സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണം എന്തെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊട്ടിപ്പോകുന്ന ഡി-ഷാക്കിളുകളും വയർ റോപ്പുകളും മാറ്റി ഘടിപ്പിക്കുന്നതും, 2014-ൽ ഷട്ടറുകൾ മാറ്റി സ്ഥാപിച്ചതും ഒഴിച്ചാൽ അറ്റകുറ്റപ്പണികൾ ഒന്നുംതന്നെ നടത്തുവാൻ സാധിച്ചിട്ടില്ല. 2018-2019 കാലയളവിലുണ്ടായ ശക്തമായ വെള്ളപ്പൊക്കത്തിന്റെ ഫലമായാണ് തോട്ടപ്പള്ളി സ്പിൽവേയിൽ അറ്റകുറ്റപ്പണികൾ കൂടിയതെന്നും 2020-ൽ കോർണർ ആംഗിളുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി M/s സീ ബ്ലൂ കൊച്ചിൻ ഷിപ്പ്‌യാർഡ് ലിമിറ്റഡ് ഏറ്റെടുത്തിട്ടും പ്രവൃത്തി ചെയ്യാതെ വരുകയും പിന്നീട് കരാറുകാരനെ ടെർമിനേറ്റ് ചെയ്യുകയും ചെയ്തു. അറ്റകുറ്റപ്പണികൾ യഥാവിധം ചെയ്യുവാൻ കഴിയാത്തതിനാലാണ് ഷട്ടറുകൾ കൃത്യമായി അടയ്ക്കാൻ സാധിക്കാത്തതെന്ന് കരുതുന്നു. അറ്റകുറ്റപ്പണികൾക്കായുള്ള തുടർനടപടികൾ പുരോഗമിച്ചുവരുന്നു.

(സി) പൊഴിമുഖം പൂർണ്ണമായി തുറന്ന സാഹചര്യത്തിൽ സ്പിൽവേ ഷട്ടറുകൾ കൃത്യമായി പിഴവുകൂടാതെ അടയ്ക്കാൻ കഴിഞ്ഞില്ലെങ്കിൽ കടൽവെള്ളം തിരികെ കയറുകയും കുട്ടനാടൻ മേഖലയിലെ കൃഷികൾ നശിക്കാൻ ഇടയാകുമെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊഴിമുഖം പൂർണ്ണമായി തുറന്നത്, തോട്ടപ്പള്ളി സ്പിൽവേ ഷട്ടറുകളുടെ റെഗുലേഷനെ ബാധിച്ചിട്ടില്ല. നിലവിൽ പൂർണ്ണമായി തുറന്നുകിടക്കുന്ന പൊഴിമുഖത്തെ ഏറ്റ-ഇറക്ക വ്യതിയാനങ്ങൾക്കനുസരിച്ച് കുട്ടനാട്ടിലെ കൃഷിയിടങ്ങളിലേയ്ക്ക് കടൽവെള്ളം കയറാത്ത രീതിയിൽ ഷട്ടറുകൾ റെഗുലേറ്റ് ചെയ്യുന്നുണ്ട്. പലപ്പോഴായി കടൽവെള്ളം കയറിയത് കൃത്യമായ നിർദ്ദേശങ്ങൾ ലഭിക്കാത്തതോടൊപ്പം ശക്തമായ ഏറ്റത്തിൽ ഷട്ടറുകൾക്ക് മുകളിലൂടെയും കടൽവെള്ളം ലീഡിംഗ് ചാനൽ വശത്തേയ്ക്ക് കയറുന്നതുകൊണ്ടാണ്. കോർണർ ആംഗിളുകളുടെ ഇലക്ട്രിക്കൽ മെയിന്റനൻസുകൾ പരിഹരിക്കുന്ന മുറയ്ക്ക് പിഴവുകൂടാതെ ഷട്ടറുകൾ അടയ്ക്കാൻ സാധിക്കുമെന്നും റബ്ബർ സീലുകളുടെ മെയിന്റനൻസുകൾ നടത്തുന്ന മുറയ്ക്ക് കടൽവെള്ളം തിരികെ കയറുന്നത് തടയാമെന്നും പ്രതീക്ഷിക്കുന്നു.

(ഡി) ഇത് അടിയന്തരമായി പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

നിലവിൽ പൂർണ്ണമായി തുറന്ന് കിടക്കുന്ന പൊഴിമുഖത്തെ വേലിയേറ്റ-ഇറക്ക വ്യതിയാനങ്ങൾക്കനുസരിച്ച് കുട്ടനാട്ടിലെ കൃഷിയിടങ്ങളിലേയ്ക്ക് കടൽവെള്ളം കയറാത്ത രീതിയിൽ ഷട്ടറുകൾ റെഗുലേറ്റ് ചെയ്യുന്നുണ്ട്. കോർണർ ആംഗിളുകളുടെ ഇലക്ട്രിക്കൽ മെയിന്റനൻസുകൾ പരിഹരിക്കുന്ന മുറയ്ക്ക് പിഴവുകൂടാതെ ഷട്ടറുകൾ അടയ്ക്കുവാൻ സാധിക്കുമെന്നും റബ്ബർ സീലുകളുടെ മെയിന്റനൻസുകൾ നടത്തുന്ന മുറയ്ക്ക് കടൽവെള്ളം തിരികെ കയറുന്നത് തടയാൻ സാധിക്കുമെന്നും പ്രതീക്ഷിക്കുന്നു. പ്രസ്തുത അടിയന്തര പ്രവൃത്തികൾക്കായി തിരുവനന്തപുരം ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ ഇരുപത്തിയഞ്ച് ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. ഇലക്ട്രിക്കൽ മെയിന്റനൻസുകൾ നടത്തുന്നതിന് പി.ഡ.ബ്ല്യു.ഡി. ഇലക്ട്രിക്കൽ വിഭാഗം നൽകിയ എസ്റ്റിമേറ്റിനോടൊപ്പം അടിയന്തര ഘട്ടത്തിൽ ഉപയോഗിക്കുന്നതിനായി സൈറ്റിൽ ഇലക്ട്രിക്കൽ ജനറേറ്ററും ക്രെയിൻ സർവ്വീസും വേണ്ട സാഹചര്യത്തിൽ ആയതിനുവേണ്ട എസ്റ്റിമേറ്റിന് സാമ്പത്തികാനുമതിയും ഭരണാനുമതിയും നൽകിയിട്ടുണ്ട്. ഇലക്ട്രിക്കൽ എസ്റ്റിമേറ്റിന് ഇലക്ട്രിക്കൽ വിഭാഗം സാങ്കേതികാനുമതി നൽകുന്ന മുറയ്ക്ക് വർക്കുകൾ ടെൻഡർ ചെയ്ത് വേണ്ട പ്രവൃത്തികൾ തുടങ്ങുവാനും കൂടാതെ റീ-ടെൻഡർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് കോർണർ ആംഗിളുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികളും എത്രയും വേഗം പരിഹരിക്കുവാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**കാട്ടാക്കട നിയോജകമണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പദ്ധതികൾ**

189 (3895) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജകമണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ മൈനർ ഇറിഗേഷനുകീഴിൽ അനുമതി ലഭ്യമായ പ്രവൃത്തികളുടെ അടങ്കൽ തുകയുൾപ്പെടെയുള്ള വിശദവിവരം പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

കാട്ടാക്കട നിയോജകമണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ മൈനർ ഇറിഗേഷന് കീഴിൽ അനുമതി നൽകിയ പ്രവൃത്തികളുടെ വിശദവിവരം പഞ്ചായത്ത് തിരിച്ച് തുകയും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങളും ഉൾപ്പെടെയുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട് സ്ഥലത്ത് അങ്കണവാടി

190 (3896) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാഞ്ഞൂരിൽ മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട് (എം.വി.ഐ.പി.) സ്ഥലത്ത് അങ്കണവാടി നിർമ്മാണത്തിനായുള്ള പ്ലാനും പ്രൊപ്പോസലും മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

മാഞ്ഞൂർ പഞ്ചായത്തിൽ 2, 9 വാർഡുകളിൽ എം.വി.ഐ.പി. വക സ്ഥലത്ത് അങ്കണവാടി നിർമ്മാണത്തിനായുള്ള പ്ലാനും പ്രൊപ്പോസലും മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് സമർപ്പിച്ചിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് ഇറിഗേഷൻ വകുപ്പ് പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ; ഉണ്ടെങ്കിൽ എന്നാണെന്ന് വ്യക്തമാക്കാമോ?

ഇതുസംബന്ധിച്ച് പഞ്ചായത്തിന് കത്ത് നൽകിയിട്ടില്ല.

(സി) ഈ പദ്ധതി സംബന്ധിച്ച് പഞ്ചായത്തും ഇറിഗേഷൻ വകുപ്പും തമ്മിലുള്ള തർക്കംമൂലം വർഷങ്ങളായി വികസന പദ്ധതി മുടങ്ങിക്കിടക്കുന്നത് പരിഹരിക്കാൻ വേണ്ടി വകുപ്പ് നിശ്ചിത ലാൻഡ് മാർക്ക് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

മാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ 2,9 വാർഡുകളിലെ അങ്കണവാടി നിർമ്മാണത്തിനായുള്ള പ്ലാനും പ്രൊപ്പോസലും അനുബന്ധ റിപ്പോർട്ടും സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത അങ്കണവാടികൾക്ക് ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ടുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## ഭൂജലവിതാനം ഉയർത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ

191 (3897) ശ്രീ. പി. ടി. തോമസ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധാരാളമായി മഴ ലഭിച്ചിട്ടും കേരളത്തിലെ ഭൂഗർഭ ജലം പകുതിയായി കുറഞ്ഞതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന് കണ്ടെത്തിയ കാരണങ്ങൾ വിശദമാക്കാമോ?

കേരളത്തിലെ ഭൂഗർഭജലം പകുതിയായി കുറഞ്ഞതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരളത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് മഴയുടെ ലഭ്യതയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾക്കനുസൃതമായി ഭൂഗർഭജല വിതാനത്തിൽ മാറ്റങ്ങൾ സംഭവിക്കാറുണ്ട്.

(ബി) കേരളത്തിലെ ഭൂഗർഭ ജലവിതാനം ഇപ്പോൾ എത്ര ശതമാനമാണ് താഴ്ന്നതെന്നും ഇത് കഴിഞ്ഞ പത്ത് വർഷത്തെ ശരാശരിയിലും എത്ര താഴെയാണ് എന്നും അറിയിക്കാമോ?

ഭൂജല വകുപ്പ് സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുള്ള നിരീക്ഷണ കിണറുകളിലെ ജലവിതാനം എല്ലാ മാസവും ശേഖരിച്ച് പഠന വിധേയമാക്കി വരുന്നു. 2021 ഏപ്രിൽ മാസത്തിലെ ഭൂജലവിതാനം, ദശാബ്ദശരാശരിയുമായി (2011-2020) താരതമ്യം ചെയ്യുമ്പോൾ തുറന്നകിണറുകളിൽ 26 ശതമാനവും കുഴൽക്കിണറുകളിൽ 43% ട്യൂബ് വെല്ലുകൾ 31 ശതമാനവും ജലവിതാനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. 50% കിണറുകളിലും ജലവിതാനത്തിലെ കുറവ് 0.5 മീറ്ററിന് താഴെ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്

(സി) കേരളത്തിലെ ഭൂജലവിതാനം ഉയർത്തുന്നതിലേയ്ക്കായി ഇതിനോടകം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

കേരളത്തിലെ ഭൂഗർഭജലത്തിന്റെ അളവ് ഉയർത്തുന്നതിനായി " ഭൂജലസംരക്ഷണവും സംപോഷണവും" എന്ന പ്ലാൻ പദ്ധതി ഭൂജലവകുപ്പ് അവലംബിച്ചു വരുന്നു. തുറന്നകിണർ/റീചാർജ്ജ് പിറ്റ്/കുഴൽക്കിണർ വഴിയുള്ള ഭൂജലസംപോഷണം, മൈക്രോ വാട്ടർഷെഡ് അടിസ്ഥാനത്തിൽ ചെറിയ തടയണകൾ, അടിയണകൾ എന്നിവയുടെ നിർമ്മാണം, ചെറിയ കുളങ്ങളുടെ പുനരുജ്ജീവനം (0.1 ഹെക്ടറിൽ താഴെയുള്ളത്) എന്നിവ പ്രസ്തുത പദ്ധതിയിൻ കീഴിൽ വകുപ്പ് നടപ്പിലാക്കിവരുന്നു.

### മഴവെള്ളക്കൊയ്ത്ത് പദ്ധതി

192 (3898) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. പി. പി. സുമോദ്:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനംമൂലം കടുത്ത വരൾച്ചയും കുടിവെള്ളക്ഷാമവും ആവർത്തിക്കുന്ന സാഹചര്യത്തിൽ വരൾച്ചയുടെ ആഘാതം

ലഘൂകരിക്കാനും ഭൂജലത്തിന്റെ അളവ് വർദ്ധിപ്പിക്കാനും ആവിഷ്കരിച്ച മഴവെള്ളക്കൊയ്ത്ത് പദ്ധതിയുടെ ഫലം വിലയിരുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ?

ഭൂജലവകുപ്പ് ഭൂജലവിതാനം ഉയർത്തുന്നതിന് മേൽക്കൂരയിൽനിന്നുള്ള മഴവെള്ളം ഉപയോഗിച്ച് മഴക്കുഴികൾ/തുറന്നകിണർ/കുഴൽക്കിണർ വഴിയുള്ള ഭൂജലപരിപോഷണ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. വകുപ്പ് നടപ്പിലാക്കി വരുന്ന ഭൂജല പരിപോഷണ പദ്ധതികളുടെ ഫലം സംബന്ധിച്ച് പ്രത്യേക പഠനം നടത്തിയിട്ടില്ല. എന്നാൽ ഭൂജല വകുപ്പ് മുഖേന കാട്ടാക്കട നിയോജകമണ്ഡലത്തിൽ " ജലസമൃദ്ധി" പദ്ധതിക്കായി നടപ്പിലാക്കിയ തുറന്നകിണർ പരിപോഷണ പദ്ധതികൾ ഭൂജലവിതാനം ഉയർത്തുന്നതിന് സഹായകരമാണെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. കെ.ആർ.ഡബ്ല്യു.എസ്.എ.-യുടെ ഭാഗമായ മഴകേന്ദ്രം മുഖേന നടപ്പാക്കി വരുന്ന മഴവെള്ള സംഭരണം ഭൂജല പരിപോഷണം പദ്ധതിയുടെ ഫലം പ്രത്യേകമായി വിലയിരുത്തിയിട്ടില്ല. എന്നാൽ മലയോര പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം മഴവെള്ളക്കൊയ്ത്ത് പദ്ധതി ഏറെ പ്രയോജനം ചെയ്യുന്നുണ്ട്. പദ്ധതിയുടെ ആനുകൂല്യത്തിനായി അത്തരം ഗ്രാമപഞ്ചായത്തുകളിൽ നിന്നാണ് കൂടുതൽ ആവശ്യക്കാർ മുന്നോട്ട് വരുന്നത്. ഇതിനോടകം മഴകേന്ദ്രം വഴി 8430 കുടുംബങ്ങൾക്ക് മഴവെള്ള സംഭരണികൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്.

(ബി) മഴക്കുഴി നിർമ്മാണവും കിണർ റീച്ചാർജിംഗും വഴി ഭൂജല നിരപ്പ് ഉയർത്താനായിട്ടുണ്ടോ; ഇതിനായി കെ.ആർ.ഡബ്ല്യു.എസ്.എ. നടത്തുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ?

ഭൂജല വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭൂജലസംപോഷണ പദ്ധതികൾ, പദ്ധതി പ്രദേശങ്ങളിലെ ഭൂജലവിതാനം ഉയർത്തുന്നതിന് സഹായകരമായിട്ടുണ്ട്. മഴവെള്ളം ശേഖരിച്ച് തുറന്ന കിണറുകളുടെ റീചാർജ്ജിംഗ് ചെയ്യുന്നതിനുള്ള നടപടികൾ കെ.ആർ.ഡബ്ല്യു.എസ്.എ.-യുടെ ഭാഗമായ മഴകേന്ദ്രം മുഖാന്തരം പുരോഗമിച്ചു വരുന്നു. സംസ്ഥാനത്ത് വിവിധ ഗ്രാമപഞ്ചായത്തുകളിലെ പതിനായിരത്തോളം തുറന്ന കിണറുകൾ റീചാർജ് ചെയ്യുന്ന പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. ഭൂജലനിരപ്പ് ഉയർത്തുന്നതിനും സ്രോതസ്സുകളിൽ സ്ഥായിയായി ജല ലഭ്യത ഉറപ്പുവരുത്തുന്നതിനും പദ്ധതി ഏറെ സഹായകരമാകുന്നുണ്ട്.

(സി) ടാങ്കിൽ മഴവെള്ളം ശേഖരിച്ച് നേരിട്ടുപയോഗിക്കുന്ന രീതി വേണ്ടത്ര പ്രായോഗികമാകാതെ പോയതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

മഴവെള്ള ശേഖരണം നടത്തുന്നത് ഓരോ പ്രദേശത്തിനും അനുയോജ്യമായ മാർഗ്ഗങ്ങൾ ഉപയോഗിച്ചാണ്. മറ്റ് കുടിവെള്ള സ്രോതസ്സുകളുടെ അഭാവമുള്ള സ്ഥലങ്ങളിൽ മഴവെള്ള സംഭരണികൾ കുടിവെള്ള ആവശ്യം നിറവേറ്റുന്നതിന് അനുയോജ്യമാണ്. കെ.ആർ.ഡബ്ല്യൂ.എസ്.എ.-യിലെ മഴകേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന മഴവെള്ള സംഭരണം-ഭൂജല പരിപോഷണ പദ്ധതികളിൽ ഒരു പ്രധാന പരിപാടിയാണ് വ്യക്തിഗത കുടുംബങ്ങൾക്ക് 10,000 ലിറ്റർ മഴവെള്ളം ശേഖരിച്ച് ഉപയോഗിക്കുവാൻ സംഭരണികൾ പങ്കാളിത്താധിഷ്ഠിത മാതൃകയിൽ നിർമ്മിച്ച് നൽകുന്നത്. മഴവെള്ള സംഭരണികൾക്ക് ജനങ്ങളിൽനിന്നുമുള്ള സ്വീകാര്യതയും വർദ്ധിച്ച ആവശ്യകതയും ഇത്തരം മഴവെള്ള സംഭരണ മാർഗ്ഗം വിജയകരമാണെന്ന് സൂചിപ്പിക്കുന്നു. എന്നാൽ പൊതുസ്ഥലങ്ങളിലും സ്ഥാപനങ്ങളിലും നിർമ്മിച്ച് നൽകുന്ന സംഭരണികളുടെ കൃത്യമായ പരിപാലനത്തിന്റെ ഉത്തരവാദിത്വം ഏതെങ്കിലും ഒരു വ്യക്തിക്ക് ഏല്പിച്ചു കൊടുക്കാത്തതുമൂലം അനാഥപ്പെട്ടു പോകുന്ന അവസ്ഥയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുവിൽ മഴവെള്ള സംഭരണം നല്ല രീതിയിൽത്തന്നെ ജനങ്ങൾ സ്വീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്.

### കൊല്ലം നിയോജകമണ്ഡലത്തിൽ ഭൂജല വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികൾ

193 (3899) ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം നിയോജകമണ്ഡലത്തിൽ ഭൂജല വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്നതിനായി 2019-20 മുതൽ ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ ഇപ്പോഴത്തെ സ്ഥിതി സഹിതം വിശദ വിവരം ലഭ്യമാക്കുമോ?

കൊല്ലം നിയോജകമണ്ഡലത്തിൽ ഭൂജല വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്നതിനായി 2019-20 മുതൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

### മാവേലിക്കര നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

194 (3900) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ തഴക്കര കുടിവെള്ള പദ്ധതിക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാവേലിക്കര നിയോജകമണ്ഡലത്തിലെ തഴക്കര കുടിവെള്ള പദ്ധതിക്ക് 2019-20 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മാവേലിക്കര നിയോജകമണ്ഡലത്തിലെ തഴക്കര, ചെട്ടികുളങ്ങര പഞ്ചായത്തുകൾക്കും മാവേലിക്കര മുനിസിപ്പാലിറ്റിക്കുംവേണ്ടി അച്ചൻകോവിൽ നദി സ്രോതസ്സാക്കിക്കൊണ്ടുള്ള കിണർ, കേരള വാട്ടർ അതോറിറ്റി മാവേലിക്കര സബ് ഡിവിഷൻ ആഫീസ് കോമ്പൗണ്ടിൽ 35 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജല ശുദ്ധീകരണശാല, ഉന്നതതല ജലസംഭരണികൾ, വിതരണ ശൃംഖല എന്നിവ ഉൾപ്പെടെയുള്ള ഘടകങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള 200 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ തഴക്കര പഞ്ചായത്തിനുള്ള എസ്റ്റിമേറ്റ് തുക 65 കോടി രൂപയും ചെട്ടികുളങ്ങര പഞ്ചായത്തിനുള്ള എസ്റ്റിമേറ്റ് തുക 67.7 കോടി രൂപയും ഡി.പി.ആർ. അംഗീകരിച്ച് പ്രവൃത്തികൾ ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തുകൾ അംഗീകാരം നൽകിയിട്ടുണ്ട്. തഴക്കര പഞ്ചായത്തിന്റെ റെസല്യൂഷൻ തീയതി 26-7-2021 ആണ്. കൂടാതെ ഉന്നതതല ജല സംഭരണികൾക്കുള്ള സ്ഥലം ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് തഴക്കര ഗ്രാമപഞ്ചായത്തിനെയും സമീപിച്ചിട്ടുണ്ട്. ജില്ലാ ജല ശുചിത്വ മിഷന്റെ സ്കീം അംഗീകാരം തേടി സ്റ്റേറ്റ് ലെവൽ കമ്മിറ്റിയിൽ ഈ രണ്ട് പദ്ധതി നിർദ്ദേശങ്ങളും ഭരണാനുമതിക്കായി സമർപ്പിക്കുന്നതിനുള്ള പ്രാരംഭ നടപടി കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതിയുടെ കിണർ, ജലശുദ്ധീകരണശാല എന്നിവ ഉൾപ്പെടെയുള്ള ഉൽപാദന ഘടകങ്ങൾ മാവേലിക്കര മുനിസിപ്പാലിറ്റിയുടെ പദ്ധതി നിർദ്ദേശത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. നഗര ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുവാനായി പരിഗണിക്കുന്നതിന് മാവേലിക്കര മുനിസിപ്പാലിറ്റിയുടെ 67.3 കോടി രൂപയുള്ള പദ്ധതി നിർദ്ദേശം കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു.

(സി) മാവേലിക്കര നിയോജകമണ്ഡലത്തിൽ കുറത്തിക്കാട് കുടിവെള്ള പദ്ധതി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് റെയിൽവേയുടെ അനുമതി ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ;

&

(ഇ) പ്രസ്തുത പദ്ധതി അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(സി-ഇ) വള്ളിക്കുന്നം, തെക്കേക്കര, ഭരണിക്കാവ്, കൃഷ്ണപുരം എന്നീ പഞ്ചായത്തുകൾക്കായി വിഭാവനം ചെയ്ത് 1993-ൽ ഭരണാനുമതി നൽകിയ ഭരണിക്കാവ് കുടിവെള്ള പദ്ധതിയുടെ ഒരു ഘടകമാണ് കുറത്തിക്കാട് ഉന്നതതല ജല സംഭരണി. ഈ പദ്ധതിയുടെ ഇൻടേക്കും ജലശുദ്ധീകരണശാലയും മാവേലിക്കര പ്രായിക്കര എന്ന സ്ഥലത്താണ്. ഈ രണ്ട് ഘടകങ്ങളും, പമ്പിംഗ് മെയിൻ, കുറത്തിക്കാട് ഉന്നതതല സംഭരണി എന്നിവ ഏകദേശം 20 വർഷങ്ങൾക്കുമുമ്പുതന്നെ പൂർത്തീകരിച്ചിട്ടുള്ളതാണ്. എന്നാൽ കല്ലുമലയിൽ റെയിൽവേ ക്രോസ് ചെയ്ത് പമ്പിംഗ് മെയിൻ സ്ഥാപിക്കുവാൻ റെയിൽവേയുടെ അനുമതി നാളിതുവരെയും ലഭിച്ചിട്ടില്ല. റെയിൽവേ ഓവർബ്രിഡ്ജിന് സമാന്തരമായി പൈപ്പ് ബ്രിഡ്ജ് സ്ഥാപിച്ച് പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിനുള്ള അനുമതിക്കായി 2017-ൽ റെയിൽവേയ്ക്ക് അപേക്ഷ സമർപ്പിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ 27-4-2021-ൽ സംയുക്ത പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. 7-7-2021-ൽ സ്ഥലം എം.പി.യും റെയിൽവേ ഡിവിഷണൽ മാനേജരുമായി നടത്തിയ യോഗത്തിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശം ലഭിച്ചതനുസരിച്ച് റെയിൽവേയ്ക്ക് സമർപ്പിക്കുന്നതിനായി പൈപ്പ് ബ്രിഡ്ജിന്റെ രൂപകല്പനയും ഡ്രോയിംഗും തയ്യാറാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**പയ്യന്നൂർ കുടിവെള്ള പദ്ധതി**

195 (3901) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മുൻസിപ്പാലിറ്റി കേന്ദ്രീകരിച്ച് നടപ്പിലാക്കുന്ന പയ്യന്നൂർ കുടിവെള്ള പദ്ധതി പൂർത്തീകരിക്കാൻ വൈകുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

UIDSSMT പദ്ധതിയിൽ ഉൾപ്പെടുത്തി 2007-ൽ ഭരണാനുമതി നൽകിയ പയ്യന്നൂർ കുടിവെള്ള പദ്ധതിയുടെ ശുദ്ധീകരണ ശാല, ഗ്രാവിറ്റി മെയിൻ, ജലസംഭരണി, വിതരണ ശൃംഖല എന്നിവ പൂർത്തീകരിച്ചിരുന്നു. എന്നാൽ കിണറിന്റെ നിർമ്മാണ പ്രവൃത്തി നാട്ടുകാരുടെ എതിർപ്പുമൂലം നടപ്പിലാക്കുവാൻ സാധിച്ചിരുന്നില്ല. ആയതിനാൽ പൂർത്തീകരിച്ച പദ്ധതി ഘടകങ്ങൾ ഉപയോഗിച്ച് ജിക്ക പട്ടുവം പദ്ധതിയിൽനിന്നും വെള്ളം ടാപ്പ് ചെയ്ത് പയ്യന്നൂർ കുടിവെള്ള പദ്ധതി 01-2-2016-ൽ കമ്മീഷൻ ചെയ്തു. തുടർന്ന് സ്റ്റേറ്റ് പ്ലാൻ 2017-2018-ൽ കിണറിനും

അനുബന്ധ പ്രവൃത്തികൾക്കുംവേണ്ടി 610 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തി ടെൻഡർ ചെയ്ത് 29-4-2020-ന് പ്രവൃത്തി ഉത്തരവ് നൽകുകയും ചെയ്തു. കിണറിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പാറ പൊട്ടിക്കുന്നതിനുള്ള അനുമതിക്കായി ജില്ലാ കളക്ടറെ സമീപിച്ചെങ്കിലും ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിൽനിന്നും നിരാക്ഷേപ പത്രം (NOC) ലഭിക്കാത്തതിനാൽ നിർമ്മാണ പ്രവൃത്തികൾ നടന്നില്ല.

(ബി) പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിയിൽ കിണറിന്റെയും അനുബന്ധ പ്രവൃത്തികളുടെയും നിർമ്മാണം ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചു. ജിക്ക പട്ടുവം കുടിവെള്ള പദ്ധതിയിൽനിന്നും വെള്ളം ടാപ്പ് ചെയ്ത് ശുദ്ധജലവിതരണം നടത്തി വരുന്നു.

**ജപ്പാൻ കുടിവെള്ള പദ്ധതി**

196 (3902) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസിയുടെ ധനസഹായത്തോടെ ഏതെല്ലാം വാട്ടർ സപ്ലൈ സ്കീമുകളാണ് സംസ്ഥാനത്ത് നടപ്പിലാക്കിയതെന്നും ഇനി പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്നും പ്രസ്തുത പദ്ധതികൾ എപ്പോൾ പൂർത്തിയാക്കാനാകുമെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിന് ജിക്ക (Japan International Co-operation Agency) ധനസഹായത്തോടുകൂടി താഴെപ്പറയുന്ന അഞ്ച് പദ്ധതികളാണ് നടപ്പിലാക്കിയത്.

തിരുവനന്തപുരം കോർപ്പറേഷനുവേണ്ടിയുള്ള ശുദ്ധജലവിതരണ വിപുലീകരണ പദ്ധതി, കോഴിക്കോട് കോർപ്പറേഷനും 13 സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണ വിപുലീകരണ പദ്ധതി, കൊല്ലം ജില്ലയിലെ പരവൂർ മുനിസിപ്പാലിറ്റിക്കും 13 സമീപ പഞ്ചായത്തുകൾക്കുമുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി, ആലപ്പുഴ ജില്ലയിലെ ചേർത്തല മുൻസിപ്പാലിറ്റിക്കും 18 സമീപ പഞ്ചായത്തുകൾക്കുമുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി, കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ മുനിസിപ്പാലിറ്റിക്കും 11 സമീപ പഞ്ചായത്തുകൾക്കുമുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി. ഇതിൽ തിരുവനന്തപുരം, ചേർത്തല, പട്ടുവം എന്നീ പദ്ധതികൾ പൂർത്തിയാക്കി ജലവിതരണം പൂർണ്ണതോതിൽ നടത്തി വരുന്നു. മീനാട്, കോഴിക്കോട്

പദ്ധതിയിൽ ഉൾപ്പെട്ട 386 കിലോമീറ്റർ (മീനാട് - 34 km., കോഴിക്കോട് അർബൻ - 156 km. റൂറൽ - 196 km.) വിതരണശൃംഖല ഒഴികെയുള്ള പണികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിൽ മീനാട് വിതരണ ശൃംഖലയുടെ ബാക്കിയുള്ള പ്രവൃത്തികൾ സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കോഴിക്കോട് ഗ്രാമീണ മേഖലയിലെ വിതരണ ശൃംഖലയുടെ ബാക്കിയുള്ള പ്രവൃത്തികൾ ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. ആയത് 2022-ഓടുകൂടി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കോഴിക്കോട് അർബൻ പ്രദേശത്തെ വിതരണ ശൃംഖലയുടെ ബാക്കിയുള്ള പ്രവൃത്തികൾ ജല ജീവൻ മിഷൻ അർബൻ പ്രാവർത്തികമാകുന്ന മുറയ്ക്ക് പൂർത്തീകരിക്കുന്നതാണ്.

(ബി) വിദേശ ധനസഹായത്തോടെ ഏതെങ്കിലും പുതിയ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

എ.ഡി.ബി. ധനസഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കേരള അർബൻ വാട്ടർ സപ്ലൈ ഇംപ്രൂവ്മെന്റ് പ്രോജക്ട് തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ 24X7 ജലവിതരണ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. ഇപ്പോൾ 1250 കോടി രൂപയുള്ള ഒന്നാം ഘട്ടത്തിൽ തിരുവനന്തപുരം, കൊച്ചി എന്നിവയിലെ ജലശുദ്ധീകരണശാലയുടെ നവീകരണവും കൊച്ചി നഗരത്തിലെ ജല വിതരണ ശൃംഖല നവീകരിക്കലും വിപുലപ്പെടുത്തലും വിവര സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള Management Information System (MIS)-ഉമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. എ.ഡി.ബി.-യും സംസ്ഥാന സർക്കാരും 70:30 അനുപാതത്തിൽ ചെലവ് പങ്കിടുന്ന ഈ പദ്ധതിക്ക് ആകെ 07-2-2020-ൽ ആകെ 2511 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനനുസരിച്ച് 1757.7 കോടി രൂപ എ.ഡി.ബി. വായ്പയായും 753.3 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതമായും ഉൾപ്പെടുത്തിയിരിക്കുന്നു.

**ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ജൽജീവൻ മിഷൻ**

197 (3903) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷന്റെ ഭാഗമായി ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ പായിപ്പാട്, തൃക്കൊടിത്താനം, വാഴപ്പള്ളി, കുറിച്ചി,

മടപ്പള്ളി എന്നീ പഞ്ചായത്തുകളിൽ 2302 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 1143.23 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. ഇതുവരെ 1196 കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയെന്നും നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ?

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതിക്ക് അനുവദിച്ച തുകയും നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു*.

(സി) പദ്ധതിയുടെ ഭാഗമായി എത്ര കുടിവെള്ള കണക്ഷനുകളാണ് നൽകിയിട്ടുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ?

ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ ഇതുവരെ 1196 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**കന്നിമേൽ കോളനി കുടിവെള്ളപദ്ധതി**

198 (3904) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ തഴക്കര ഗ്രാമപഞ്ചായത്തിലെ കന്നിമേൽ കോളനി കുടിവെള്ളപദ്ധതി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

&

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ?

തഴക്കര പഞ്ചായത്തിലെ കന്നിമേൽ കോളനി വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശമാണ്. ആയതിനാൽ കന്നിമേൽ കോളനിക്ക് മാത്രമായി ഒരു കുടിവെള്ള പദ്ധതി വേണമെന്ന 26-9-2017-ലെ പഞ്ചായത്ത് പ്രസിഡന്റിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ മാവേലിക്കര അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഒരു കോടി രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് പഞ്ചായത്തിൽ സമർപ്പിച്ചിട്ടുണ്ട്. അച്ചൻകോവിലാറിന് സമീപം നാലു മീറ്റർ വ്യാസമുള്ള കിണർ, പമ്പ് ഹൗസ്, ഇൻസ്പെക്ഷൻ ചേംബർ, 1050 മീറ്റർ നീളമുള്ള 200 എം.എം.ഡി.ഐ.കെ.- 9 പമ്പിംഗ് മെയിൻ, ഉപരിതല ജല സംഭരണിയുടെ നിർമ്മാണം, പമ്പ് സെറ്റ് സ്ഥാപിക്കൽ, പമ്പ് ഹൗസ് വൈദ്യുതീകരണം, വിതരണ ശൃംഖല സ്ഥാപിക്കൽ, പി.ഡബ്ല്യു.ഡി. റോഡ് റീസ്റ്റോറേഷൻ ചാർജ്,

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൺസൾട്ടൻസി ചാർജ്, സോയിൽ ഇൻവെസ്റ്റിഗേഷൻ ചാർജ് എന്നിവയാണ് വിഭാവനം ചെയ്ത മേല്പടി പദ്ധതിയുടെ ഘടകങ്ങൾ. ഈ പ്രവൃത്തിയുടെ നടത്തിപ്പിൽ കാലതാമസം ഉണ്ടാകാതിരിക്കുവാൻ പഞ്ചായത്ത് നിർദ്ദേശിച്ച സ്ഥലം കേരള ജല അതോറിറ്റിക്ക് കൈമാറുന്നതിനുമുൻപേ അടങ്കൽ തയ്യാറാക്കുന്നതിന് മണ്ണ് പരിശോധന നടത്തുകയും ഡിസൈൻ ഔട്ട്സോഴ്സ് ചെയ്യുകയും ചെയ്തു. ജല ശുദ്ധീകരണത്തിനുവേണ്ടി ഒരു പുതിയ പ്രഷർ ഫിൽറ്റർ കൂടി സ്ഥാപിക്കുകയാണെങ്കിൽ കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തിന് പുതിയ ഡി.എസ്.ആർ. പ്രകാരം രണ്ട് കോടിയോളം രൂപ ആവശ്യമായി വരും. തഴക്കര ഗ്രാമപഞ്ചായത്ത് വിവിധ ശുദ്ധജല പദ്ധതികൾ നടപ്പിലാക്കുന്നതിലേയ്ക്കായി താഴെപ്പറയുന്ന തുകകൾ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

1. വലിയ വീട്ടിൽ തെക്കതിൽ ഭാഗം-23-3-2011-ൽ 11,70,000 രൂപ.

2. പാറക്കൽ കരിപ്പനക്കാവ് കോളനി- 23-3-2011-ൽ 13,44,000 രൂപ.

3. ചെറാമല കോളനി-23-3-2011-ൽ 11,75,000 രൂപ.

4. സുവർണ്ണധാര പദ്ധതി - 20,00,000 രൂപ.

5. കന്നിമേൽ കുടിവെള്ള പദ്ധതി - 10.2017-ൽ 10,10,500 രൂപ.

6. കന്നിമേൽ കുടിവെള്ള പദ്ധതി - 03.2018-ൽ 33,00,00 രൂപ.

തഴക്കര പഞ്ചായത്ത് ആറ് പ്രാവശ്യമായി ഇപ്രകാരം കന്നിമേൽ കുടിവെള്ള പദ്ധതി ഉൾപ്പെടെ പല പദ്ധതികൾക്കായി അടച്ച 99,99,500 രൂപ പഞ്ചായത്ത് ആവശ്യപ്പെട്ട പ്രകാരം ജല അതോറിറ്റി മേൽപ്പടി പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. ബാക്കി തുകയായ ഒരു കോടി രൂപ കൂടി പദ്ധതി നടപ്പിലാക്കുന്നതിന് പഞ്ചായത്ത് അടയ്ക്കേണ്ടതായി വരും. എന്നാൽ നിലവിൽ കന്നിമേൽ കുടിവെള്ള പദ്ധതി പ്രദേശം ഉൾപ്പെടുന്ന തഴക്കര പഞ്ചായത്ത്, ചെട്ടിക്കുളങ്ങര പഞ്ചായത്ത്, മാവേലിക്കര മുനിസിപ്പാലിറ്റി എന്നിവയ്ക്കുവേണ്ടി 35 എം.എൽ.ഡി. ജലശുദ്ധീകരണശാലയോടുകൂടിയ ഒരു സമഗ്ര കുടിവെള്ള പദ്ധതി ജല ജീവൻ മിഷനിൽ ഉൾപ്പെടുത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സാഹചര്യത്തിൽ കന്നിമേൽ കോളനി പ്രദേശത്ത് രണ്ട് കുടിവെള്ള പദ്ധതികളുടെ പദ്ധതി നിർദ്ദേശം നിലനിൽക്കുന്നതിനാൽ ജല ശുദ്ധീകരണശാല ഇല്ലാത്ത ചെറുകിട പദ്ധതിയായ കന്നിമേൽ കുടിവെള്ള പദ്ധതി തുടരണമോ എന്ന് അറിയിക്കുന്നതിന് കേരള ജല അതോറിറ്റി 30-7-2021-ൽ തഴക്കര ഗ്രാമപഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട്. പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കന്നിമേൽ കോളനിക്ക് മാത്രമായുള്ള പദ്ധതിയുടെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണ്.

**രാമപുരം കുടിവെള്ള പദ്ധതി**

199 (3905) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജകമണ്ഡലത്തിലെ 8 പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള രാമപുരം കുടിവെള്ള പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

മലങ്കര ഡാം സ്രോതസ്സായി രാമപുരം, മേലുകാവ്, കടനാട് പഞ്ചായത്തുകൾക്കായി 65.45 കോടി രൂപയുടെ ഭരണാനുമതി 2012-ൽ സ്റ്റേറ്റ് പ്ലാനിൽ നൽകിയിരുന്നു. 17 mld ശുദ്ധീകരണശാലയുള്ള പദ്ധതിക്കാണ് അനുമതി നൽകിയത്. ഇതുപ്രകാരം സാങ്കേതികാനുമതി നൽകുകയും ടെൻഡർ നടപടികൾ ആരംഭിക്കുകയും ചെയ്തെങ്കിലും, 9 സമീപ പഞ്ചായത്തുകളും ഈരാറ്റുപേട്ട നഗരസഭയും ഉൾപ്പെടുത്തി പദ്ധതി 28 mld ശുദ്ധീകരണശാലയുടേതാക്കുവാൻ പിന്നീട് തീരുമാനിച്ചതിനാൽ ടെൻഡർ നടപടികൾ നിർത്തിവച്ചു. പാലാ നിയോജകമണ്ഡലത്തിലെ രാമപുരം, കടനാട്, മേലുകാവ്, മൂന്നിലവ്, തലനാട്, തലപ്പാലം, ഭരണങ്ങാനം, മീനച്ചിൽ ഗ്രാമപഞ്ചായത്തുകൾക്കുകൂടി പ്രയോജനം ലഭിക്കത്തക്കവിധത്തിൽ മലങ്കര ഡാം സ്രോതസ്സാക്കി ഒരു ബൃഹത് കുടിവെള്ള പദ്ധതി ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. കരൂർ പഞ്ചായത്തിനായി മീനച്ചിലാറ് സ്രോതസ്സായി പരിഗണിച്ച് മറ്റൊരു ശുദ്ധജലവിതരണ പദ്ധതിയും കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു.

(ബി) പ്രസ്തുത പദ്ധതിക്ക് വകയിരുത്തിയിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ;

&

(സി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നതേയുള്ളൂ. എസ്റ്റിമേറ്റ് പരിശോധിച്ച് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കിയതിനുശേഷമേ പദ്ധതി നിർവ്വഹണവും/ പൂർത്തീകരണവും സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാകൂ.

## ജലജീവനം പദ്ധതി

200(3906) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ നിയോജകമണ്ഡലത്തിൽ ജലജീവനം പദ്ധതിയിൽ, കുടിവെള്ളം നൽകുന്നതിനായി എത്ര പ്രോജക്റ്റുകളുടെ ഡി.പി.ആർ. ആണ് സമർപ്പിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ?

ഉദുമ നിയോജകമണ്ഡലത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി, 22-7-2021-ന് നടന്ന സ്റ്റേറ്റ് ലെവൽ സ്കീം സാംഗ്ഷനിംഗ് കമ്മിറ്റിയിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള പദ്ധതികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇതിൽ എത്രയെണ്ണത്തിന് അനുമതി ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

മേൽ പദ്ധതികൾക്ക് അന്തിമ അനുമതി ലഭിച്ചിട്ടില്ല. പദ്ധതികൾക്ക് സ്റ്റേറ്റ് ലെവൽ സ്കീം സാംഗ്ഷനിംഗ് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമായിക്കഴിഞ്ഞാൽ അന്തിമ അംഗീകാരത്തിനായി സ്റ്റേറ്റ് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷന്റെ (എസ്.ഡബ്ല്യു.എസ്.എം.) അംഗീകാരത്തിന് സമർപ്പിക്കേണ്ടതുണ്ട്. 2020-21 സാമ്പത്തിക വർഷം ഉദുമ നിയോജകമണ്ഡലത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുള്ള പദ്ധതികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു*. പ്രസ്തുത പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

## ജലനിധി രണ്ടാംഘട്ട പദ്ധതി

201 (3907) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിൽ ജലനിധി രണ്ടാംഘട്ട പദ്ധതിപ്രകാരം പുതിയ പദ്ധതികൾ ആരംഭിക്കുവാൻ സാധിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ലോകബാങ്ക് ധനസഹായത്തോടെയാണ് സംസ്ഥാനത്ത് ജലനിധി പദ്ധതി നടപ്പിലാക്കിയത്. പദ്ധതിക്കുള്ള ലോകബാങ്ക് ധന സഹായം 2019 ജൂൺ മാസം അവസാനിച്ചു. ആയതുകൊണ്ട് ജലനിധിയിൽ ഉൾപ്പെടുത്തി പുതിയ പദ്ധതികൾ ഇപ്പോൾ ആരംഭിക്കുവാൻ നിർവ്വാഹമില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കോങ്ങാട് നിയോജകമണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതികൾ**

202 (3908) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷന്റെ ഭാഗമായി കോങ്ങാട് നിയോജകമണ്ഡലത്തിൽ ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

&

(ബി) ഓരോ പദ്ധതിയുടെയും പുരോഗതി വിവരം ലഭ്യമാക്കാമോ?

ജൽ ജീവൻ മിഷന്റെ ഭാഗമായി കോങ്ങാട് നിയോജകമണ്ഡലത്തിൽ ഏറ്റെടുത്തിട്ടുള്ള പദ്ധതികളും അവയുടെ പുരോഗതിയും അനുബന്ധമായി ചേർക്കുന്നു*.

**കടവത്തൂർ മലയൻകുണ്ട് തണ്ണീർത്തടസംരക്ഷണം**

203 (3909) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് തണ്ണീർത്തടങ്ങളും ജലാശയങ്ങളും കുളങ്ങളും മറ്റും സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദീകരിക്കാമോ?

ജലസംരക്ഷണവും ജലമാനേജ്മെന്റും സുസ്ഥിരമാക്കുന്നതിന്റെ ഭാഗമായി ജലസംരക്ഷണത്തിനുള്ള പ്രകൃതിദത്ത യൂണിറ്റായ നീർത്തടാടിസ്ഥാനത്തിലുള്ള ജലവിഭവാസൂത്രണമാണ് നിർവ്വഹിച്ച് വരുന്നത്. ഓരോ ചെറു നീർത്തടത്തിലും വരുന്ന വിവിധ ജലസ്രോതസ്സുകളുടെ നിലവിലെ സ്ഥിതി രേഖപ്പെടുത്തുംവിധം ഗ്രാമപഞ്ചായത്ത് തലത്തിൽ നീർത്തട പ്ലാനുകൾ രൂപപ്പെടുത്തിയിട്ടുണ്ട്. കുളങ്ങൾ, തടാകങ്ങൾ, തോടുകൾ തുടങ്ങിയവ സംരക്ഷിച്ച്, ജലസംഭരണ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തികളും നിർവ്വഹിച്ചുവരുന്നു.

(ബി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലത്ത് സ്ഥിതി ചെയ്യുന്ന കടവത്തൂർ മലയൻകുണ്ട് തണ്ണീർത്തടം സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തൊക്കെ പദ്ധതികളും പ്രവർത്തനങ്ങളുമാണ് ഇക്കാര്യത്തിൽ സ്വീകരിക്കുകയെന്ന് വിശദമാക്കാമോ;

&

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത തണ്ണീർത്തടം സംരക്ഷിച്ച് ഉപയോഗപ്പെടുത്തിയാൽ പരിസര പ്രദേശങ്ങളിൽ നേരിടുന്ന കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരവും മറ്റ് പ്രദേശങ്ങളിലേയ്ക്ക് കുടിവെള്ള വിതരണവും ധാരാളം കൃഷി ഭൂമി കൃഷിയോഗ്യവുമായി മാറുമെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് അറിയിക്കാമോ?

1994-ലെ കേരള പഞ്ചായത്തീരാജ് നിയമപ്രകാരം കുളങ്ങൾ, തടാകങ്ങൾ എന്നിവ ഗ്രാമപഞ്ചായത്തിന്റെ അധികാര പരിധിയിലാണ് വരുന്നത്. എന്നാൽ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആവശ്യപ്രകാരം ഇത്തരം ജലസ്രോതസ്സുകളുടെ നവീകരണ - പുനരുദ്ധാരണ പ്രവൃത്തികളാണ് ജലസേചന വകുപ്പ് മുഖേന നിർവ്വഹിക്കാറുള്ളത്. തണ്ണീർത്തടങ്ങൾ (ജലസ്രോതസ്സുകൾ) സംരക്ഷിച്ച് ജലസംഭരണശേഷി കൂട്ടി, കാർഷികാവശ്യത്തിന് ജലം എത്തിക്കുംവിധമുള്ള പ്രവൃത്തികളാണ് ജലസേചന വകുപ്പ് മുഖാന്തരം നിർവ്വഹിക്കുന്നത്. കടവത്തൂർ മലയൻകുണ്ട് തണ്ണീർത്തട സംരക്ഷണവുമായി ബന്ധപ്പെട്ട് പഞ്ചായത്തിന്റെ ഭാഗത്തുനിന്നോ മറ്റ് ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നോ യാതൊരു അപേക്ഷയും ലഭിച്ചിട്ടില്ല. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**ജൽജീവൻ മിഷൻ പദ്ധതിയുടെ ഫണ്ട് വിഹിതം**

204 (3910) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജൽജീവൻ മിഷൻ പദ്ധതിയുടെ ഫണ്ട് വിഹിതം നൽകുന്നത് ആരെല്ലാമാണ്; ഓരോരുത്തരും നൽകുന്ന ഫണ്ടിന്റെ അനുപാതം വിശദമാക്കുമോ?

ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കി കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നത് ലക്ഷ്യമിട്ടുള്ള ജല ജീവൻ പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായാണ് നടപ്പിലാക്കുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 50:50 അനുപാതത്തിലാണ് പദ്ധതി ചെലവ് വഹിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ 50 ശതമാനത്തിൽ 25% സംസ്ഥാന സർക്കാരും 15% തദ്ദേശഭരണ സ്ഥാപനങ്ങളും 10% ഗുണഭോക്തൃ വിഹിതവുമായാണ് വഹിക്കേണ്ടത്.

**വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതി**

205 (3911) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽപ്പെട്ട പഞ്ചായത്തുകളിൽ എത്ര കണക്ഷനുകൾ നൽകിയിട്ടുണ്ട്?

ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽപ്പെട്ട പഞ്ചായത്തുകളിൽ 01-8-2021 വരെ നൽകിയ കണക്ഷനുകളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പഞ്ചായത്ത് നൽകിയ കണക്ഷനുകൾ | |
|---|---|
| അടാട്ട് | 527 |
| അവണൂർ | 100 |
| കോലഴി | 545 |
| മുളംകുന്നത്ത്കാവ് | 275 |
| തോളൂർ | 302 |
| തെക്കുംകര | 194 |

(ബി) പ്രസ്തുത മിഷൻ നടപ്പിലാക്കുന്നതിനായി ഈ നിയോജക മണ്ഡലത്തിൽപ്പെടുന്ന പഞ്ചായത്തുകളിൽ പുതിയ ജലസ്രോതസ്സുകൾ കണ്ടെത്തി പുതിയ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ;

&

(സി) ഇല്ലെങ്കിൽ ഇത്തരം സ്രോതസ്സുകൾ കണ്ടെത്തി പുതിയ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

(ബി&സി) പുതിയ ജല സ്രോതസ്സുകൾ കണ്ടെത്തി പുതിയ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) നിലവിലുള്ള പദ്ധതികളുടെ വിപുലീകരണത്തിന് പുതിയ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ടോ;

&

(ഇ) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ഡി&ഇ) അടാട്ട്, അവണൂർ, കൈപ്പറമ്പ്, കോലഴി, മുളംകുന്നത്ത്കാവ്, തോളൂർ, തെക്കുംകര എന്നീ പഞ്ചായത്തുകളിലെ എല്ലാ വീടുകളിലേയ്ക്കും ഗാർഹിക കണക്ഷൻ നൽകുന്നത് ലക്ഷ്യമിട്ട് ജൽ ജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി പുതിയ പദ്ധതി തയ്യാറാക്കി വരുന്നു. തൃശ്ശൂർ നഗരസഭയ്ക്കും 17 സമീപ പഞ്ചായത്തുകൾക്കുംവേണ്ടി കിഫ്ബിയിൽ ഉൾപ്പെടുത്തിയാണ് പ്രസ്തുത പദ്ധതിയുടെ ഉൽപ്പാദന ഘടകങ്ങൾ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നത്. ഇതിനായി കിഫ്ബി പദ്ധതിയുടെ പുതുക്കിയ ഭരണാനുമതിക്കായി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ പൂർത്തീകരണത്തോടെ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ മേൽപ്പറഞ്ഞ പഞ്ചായത്തുകളിൽ പൂർണ്ണമായും ഗാർഹിക കുടിവെള്ള കണക്ഷനുകൾ നല്കുന്നതിനുള്ള ജല ജീവൻ പദ്ധതി നടപ്പിലാക്കാൻ സാധിക്കും.

**സമ്പൂർണ്ണ കുടിവെള്ള ലഭ്യത ഉറപ്പുവരുത്താൻ നടപടികൾ**

206 (3912) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമ്പൂർണ്ണ കുടിവെള്ള ലഭ്യത ഉറപ്പുവരുത്താൻ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ഗ്രാമീണ മേഖലകളിൽ എന്നത്തേയ്ക്ക് കുടിവെള്ള കണക്ഷനുകൾ മുഴുവനായും സ്ഥാപിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

സംസ്ഥാനത്ത് കുടിവെള്ള ദൗർലഭ്യം നേരിടുന്ന പ്രദേശങ്ങളിൽ സമ്പൂർണ്ണ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി കിഫ്ബി, അമൃത്, ആർ.കെ.ഐ., നബാർഡ്, സ്റ്റേറ്റ് പ്ലാൻ, നിക്ഷേപ പ്രവൃത്തികൾ എന്നിവയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. നിലവിലുള്ള പദ്ധതികൾ വിപുലീകരിച്ചും പുനരുദ്ധാരണം നടത്തിയും, കാലപ്പഴക്കം ചെന്ന വിതരണ പൈപ്പുകൾ, പമ്പ്, മോട്ടോർ എന്നിവ മാറ്റി സ്ഥാപിച്ചും, ജല ലഭ്യതയുള്ള വിതരണ പൈപ്പുകൾ ജലലഭ്യത കുറഞ്ഞ പ്രദേശവുമായി ബന്ധിപ്പിച്ചും ശുദ്ധീകരണശാലയുടെ കാര്യക്ഷമത വർദ്ധിപ്പിച്ചും സമ്പൂർണ്ണ കുടിവെള്ള ലഭ്യത ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജൽ ജീവൻ പദ്ധതിയുടെ ഭാഗമായി പരമാവധി ഗാർഹിക കണക്ഷനുകൾ നൽകുന്നതിനും വിശദമായ ഭൂജലപര്യവേക്ഷണം നടത്തി അനുയോജ്യമായ ജലസ്രോതസ്സുകൾ കണ്ടെത്തി ചെറുകിട കുടിവെള്ള വിതരണ പദ്ധതികൾ നടപ്പിലാക്കി ജലലഭ്യത ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. 2024-ഓടു കൂടി ജൽജീവൻ മിഷൻ പദ്ധതി വഴി സംസ്ഥാനത്തെ മുഴുവൻ ഗ്രാമീണ കുടുംബങ്ങളിലും കുടിവെള്ള കണക്ഷൻ ലഭ്യമാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ജലവിഭവ വകുപ്പ് ഒരുക്കുന്ന കൺസ്യൂമർ പോർട്ടൽ വഴി എന്തെല്ലാം സേവനങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാകുമെന്ന് വിശദമാക്കാമോ?

ഉപഭോക്തൃ ജല ഉപഭോഗ വിവരങ്ങൾ, വ്യക്തിഗതവും ലെഡ്ജർ സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ, ജലവിതരണ പദ്ധതികൾ ഉൾപ്പെടെയുള്ള ഉപഭോക്തൃ പ്രൊഫൈൽ, ബിൽ പേമെന്റ് വിശദാംശങ്ങൾ, ഉപഭോക്തൃ വാട്ടർ മീറ്റർ റീഡിംഗ് ചേർക്കൽ, ഓൺലൈനായി പണമടയ്ക്കാനുള്ള ബിൽ പേമെന്റ് ഓപ്ഷൻ (Pay Now) തുടങ്ങിയവയാണ് കൺസ്യൂമർ പോർട്ടൽ വഴി ഉപഭോക്താക്കൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ.

**ജൽ ജീവൻ പദ്ധതിയിൽ വാമനപുരം ആറ്റിൽ നിന്നുള്ള ജലലഭ്യത**

207 (3913) <u>ശ്രീ. വി. ജോയി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്നതിനാൽ ഗാർഹിക ഉപഭോക്താക്കളുടെ എണ്ണം കൂടുന്നതിനനുസരിച്ചുള്ള ജല ലഭ്യത തിരുവനന്തപുരം ജില്ലയിലെ വാമനപുരം ആറ്റിൽ നിന്നും കിട്ടുന്നുണ്ടോ?

വേനൽക്കാലങ്ങളിൽ വാമനപുരം നദിയിൽ ജലലഭ്യത കുറയുന്ന സ്ഥിതി നിലവിലുണ്ട്. അത്തരം അവസരങ്ങളിൽ തടയണകൾ നിർമ്മിച്ച് കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) ഗാർഹിക ഉപഭോക്താക്കൾക്ക് എല്ലാ ദിവസവും കുടിവെള്ളം ലഭിക്കുവാൻ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വ്യക്തമാക്കാമോ?

ജൽ ജീവൻ പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് പുറമെ കിഫ്ബി, അമൃത്, സംസ്ഥാന പദ്ധതികൾ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് പ്രവൃത്തികൾ, എം.പി/എം.എൽ.എ. ഫണ്ട് മുതലായവയുപയോഗിച്ചും കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഇത്തരം പദ്ധതികളിലൂടെ എല്ലാ മേഖലയിലെ ജനങ്ങൾക്കും കുടിവെള്ള ലഭ്യത ഉറപ്പാക്കാനുള്ള ശ്രമങ്ങൾ നടത്തി വരുന്നുണ്ട്. കൂടാതെ കുടിവെള്ള ദൗർലഭ്യം നേരിടുന്ന അവസരങ്ങളിൽ വാൽവുകൾ നിയന്ത്രിച്ചും നിലവിലുള്ള സ്രോതസ്സുകളിൽ ജല ലഭ്യത കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചും ജനങ്ങൾക്ക് കുടിവെള്ളം ഉറപ്പാക്കുന്നതിനുള്ള

നടപടികളും സ്വീകരിക്കുന്നുണ്ട്. സാമൂഹിക കുടിവെള്ള പദ്ധതികളുടെ സുസ്ഥിരതാ സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതി നിലവിലുള്ള ജലനിധി പദ്ധതികളുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പ് വരുത്തുന്നുണ്ട്. മലയോര മേഖലയിലും മറ്റ് കുടിവെള്ള പദ്ധതികൾ നിലവിലില്ലാത്തതുമായ പ്രദേശങ്ങളിൽ കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതിയുടെ മഴകേന്ദ്രം മുഖേന 10,000 ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണികൾ നിർമ്മിച്ച് നൽകിവരുന്നു. കൂടാതെ നിലവിലുള്ള തുറന്ന കിണറുകൾ റീചാർജ് ചെയ്ത് കിണറുകളിൽ നിന്നും വേനൽക്കാലത്ത് ജലലഭ്യത ഉറപ്പാക്കുന്നതിന് വേണ്ടിയുള്ള പദ്ധതിയും കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതി മുഖേന നടപ്പിലാക്കിവരുന്നു.

**തീരദേശ മേഖലയിൽ ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിന് നടപടി**

208 (3914) ശ്രീ. എം. വിൻസെന്റ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടുത്ത കുടിവെള്ളക്ഷാമം നേരിടുന്ന തീരദേശ മേഖലയിൽ ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

കുടിവെള്ള ക്ഷാമം നേരിടുന്ന തീരദേശ മേഖലകൾക്ക് പ്രത്യേക പരിഗണന നൽകി കുടിവെള്ള വിതരണം ഉറപ്പാക്കുന്നതിനായി പുതിയ പൈപ്പ്ലൈനുകൾ സ്ഥാപിച്ചും വിതരണ ശൃംഖല ദീർഘിപ്പിച്ചും വിതരണ ശൃംഖലയിലെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിച്ചും വാൽവുകൾ നിയന്ത്രിച്ചും തടസ്സം കൂടാതെയുള്ള കുടിവെള്ള വിതരണം ചെയ്യുന്നുണ്ട്. കൂടാതെ വിതരണ ശൃംഖല ഇല്ലാത്ത തീരദേശ മേഖലകളിൽ ടാങ്കർ ലോറികളിൽ കുടിവെള്ളം ലഭ്യമാക്കുന്നുണ്ട്. കുടിവെള്ള വിതരണം സുസ്ഥിരപ്പെടുത്തുന്നതിനായി ജല ജീവൻ മിഷൻ, അമൃത്, കിഫ്ബി എന്നിവയുടെ ധനസഹായത്തോടെ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ബി) ഇതിനായി പ്രത്യേക പദ്ധതികൾ എന്തെങ്കിലും നടപ്പിലാക്കിയിട്ടുണ്ടോ?

തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ തീരദേശ മേഖലകളിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. അടിമലത്തുറ, പൂവാർ, കരിങ്കുളം എന്നീ തീരദേശ വില്ലേജുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി

2. ചിറയിൻകീഴ് മണ്ഡലത്തിലെ തീരദേശ പ്രദേശങ്ങൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതി.

3. ഫ്ളൂറൈഡിന്റെ സാന്നിദ്ധ്യമുള്ള പ്രദേശങ്ങളുൾപ്പെടെ പൂവാർ പഞ്ചായത്തിനുവേണ്ടിയുള്ള കുടിവെള്ള പദ്ധതി.

4. കൊല്ലം കോർപ്പറേഷനിൽ കിഫ്ബി ഞാങ്കടവ് കുടിവെള്ള പദ്ധതി.

5. കൂടാതെ ജൽ ജീവൻ മിഷൻ, അമൃത്, കിഫ്ബി, സ്റ്റേറ്റ് പ്ളാൻ പദ്ധതികളിലൂടെയും കുടിവെള്ള ലഭ്യത ഉറപ്പാക്കി വരുന്നു.

ആലപ്പുഴ ജില്ല:- ആലപ്പുഴ ജില്ലയിൽ തീരപ്രദേശങ്ങളായ ചേർത്തല, അമ്പലപ്പുഴ, കാർത്തികപ്പള്ളി എന്നീ താലൂക്കുകളിൽ ശുദ്ധീകരണശാലയോടുകൂടിയ പദ്ധതികളിലൂടെയും കുഴൽക്കിണർ പദ്ധതികളിലൂടെയും നിലവിൽ കുടിവെള്ള വിതരണം നടത്തി വരുന്നു. കൂടാതെ ഈ പ്രദേശങ്ങളിൽ ജൽ ജീവൻ മിഷൻ, അമൃത്, കിഫ്ബി എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു. ചേർത്തല താലൂക്കിൽ ജപ്പാൻ സഹായത്തോടുകൂടിയുള്ള കുടിവെള്ള പദ്ധതി നിലവിലുണ്ട്. അമ്പലപ്പുഴ താലൂക്കിൽ ആലപ്പുഴ കുടിവെള്ള പദ്ധതി നിലവിലുണ്ട്. ടി പദ്ധതിയുടെ വിപുലീകരണവും നവീകരണവും അമൃത്, കിഫ്ബി വഴി നടപ്പിലാക്കുന്നു. കായംകുളം നഗരസഭ സുനാമി എമർജൻസി അസിസ്റ്റൻസ് പ്രോജക്ട് – കായംകുളം, ആറാട്ടുപുഴ പദ്ധതികൾ നിലവിലുണ്ട്. കാർത്തികപ്പള്ളി താലൂക്കിലെ മറ്റ് പഞ്ചായത്തുകളിൽ കുഴൽ കിണർ പദ്ധതികൾ ഉണ്ട്.

എറണാകുളം ജില്ല:- ജല ജീവൻ പദ്ധതി വഴി എറണാകുളം ജില്ലയിലെ എളങ്കുന്നപ്പുഴ, എടവനക്കാട്, ഞാറക്കൽ, നായരമ്പലം, പള്ളിപ്പുറം എന്നീ പഞ്ചായത്തുകളിലെ എല്ലാ കുടുംബങ്ങൾക്കും കുടിവെള്ള കണക്ഷൻ നൽകി വരുന്നുണ്ട്. ചെല്ലാനം പഞ്ചായത്തിൽ റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി പഴയ വിതരണ ശൃംഖലകൾ മാറ്റി സ്ഥാപിക്കുന്നതിനായി 21 കോടി രൂപയുടെ പദ്ധതിയും കേരള സ്റ്റേറ്റ് കോസ്റ്റൽ ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി 16.70 കോടി രൂപയുടെ പദ്ധതിയും സമർപ്പിച്ചിട്ടുണ്ട്. ടി പഞ്ചായത്തുകളിൽ ജല ജീവൻ മിഷൻ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി 1448 വാട്ടർ കണക്ഷനുകൾ നൽകുന്ന പ്രവൃത്തി പൂർത്തീകരിച്ചുകഴിഞ്ഞു.

തൃശ്ശൂർ ജില്ല:- തൃശ്ശൂർ ജില്ലയിലെ തീരദേശ പഞ്ചായത്തുകളായ എറിയാട്, എടവിലങ്ങ്, മതിലകം, എസ്.എൻ.പുരം, പെരിഞ്ഞനം, കയ്പമംഗലം, വാടാനപ്പിള്ളി, ഏങ്ങണ്ടിയൂർ, വലപ്പാട്, നാട്ടിക, തളിക്കുളം, പുന്നയൂർക്കുളം, കടപ്പുറം, എടത്തുരുത്തി എന്നീ പ്രദേശങ്ങളിൽ എല്ലാ കുടുംബങ്ങൾക്കും കുടിവെള്ളം എത്തിക്കുക എന്ന ലക്ഷ്യത്തോടെ ജല ജീവൻ മിഷൻ പദ്ധതിയിലൂടെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിലെ തീരദേശ മേഖലയിലെ ഗ്രാമപ്രദേശങ്ങളിൽ ജല ജീവൻ മിഷൻ വഴി കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(സി) തീരദേശജനതയ്ക്ക് ഏത് കാലാവസ്ഥയിലും ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനായി സമഗ്രവും ശാശ്വതവുമായ പദ്ധതി നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

തിരുവനന്തപുരം, കൊല്ലം ജില്ല:- തീരദേശ മേഖലകളായ വലിയതുറ, പൂന്തുറ, മാണിക്കവിളാകം, ബീമാപള്ളി ഈസ്റ്റ് മേഖലകളിൽ അമൃത്, മത്സ്യഗ്രാമം എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി ശുദ്ധജല ലഭ്യത ഉറപ്പു വരുത്തുന്നുണ്ട്. കൊല്ലം കോർപ്പറേഷനിലെ തീരദേശ മേഖലകളായ ഇരവിപുരം, ശക്തികുളങ്ങര, മയ്യനാട്, പരവൂർ മുനിസിപ്പാലിറ്റി, നീണ്ടകര പഞ്ചായത്ത് എന്നിവിടങ്ങളിൽ വിവിധ ശുദ്ധജല വിതരണ പദ്ധതിയിൽ ഉൾപ്പെടുത്തി ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നുണ്ട്. കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ കൊല്ലം കോർപ്പറേഷനിൽ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതി പൂർത്തീകരിക്കുമ്പോൾ കൊല്ലം തീരദേശ മേഖലയിൽ കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരമാകുന്നതാണ്.

എറണാകുളം ജില്ല:- ജൽ ജീവൻ മിഷൻ രണ്ടാം ഘട്ടം പദ്ധതിയിൽ ഉൾപ്പെടുത്തി 1230 പുതിയ കണക്ഷനുകൾ നൽകുവാനും, കൂടുതൽ ശുദ്ധജല ക്ഷാമം നേരിടുന്ന തെക്കേ ചെല്ലാനത്ത് ശുദ്ധജലം ഉറപ്പുവരുത്തുന്നതിനായി 6 കിലോമീറ്റർ 160 എം.എം.പി.വി.സി. പൈപ്പ് സ്ഥാപിക്കുവാനുമായി 512 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതികൾ പൂർത്തീകരിക്കുന്നതോടുകൂടി ചെല്ലാനം പഞ്ചായത്തിലെ ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുവാൻ സാധിക്കുന്നതാണ്. മേൽപ്പറഞ്ഞ പദ്ധതികൾക്കു പുറമേ മറ്റ് തീരപ്രദേശങ്ങളിലേയ്ക്ക് ആവശ്യമായ ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിനായി ആവശ്യമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരുന്നു.

(ഡി) ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ തീരദേശ മേഖലയിൽ ജല വിതരണ ശൃംഖല സ്ഥാപിക്കുന്നതിന് ജൽ ജീവൻ മിഷനിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

പൂവാർ പഞ്ചായത്ത്, വർക്കല മുനിസിപ്പാലിറ്റി, കോട്ടുകാൽ പഞ്ചായത്ത് എന്നിവിടങ്ങളിലേയ്ക്കുവേണ്ടിയുള്ള ജല വിതരണ ശൃംഖല സ്ഥാപിക്കൽ. കൂടാതെ പമ്പ് ഹൗസുകളുടെ നവീകരണം, വിതരണ ശൃംഖലയിലെ അറ്റകുറ്റപ്പണികളുടെ നിർവ്വഹണം, പൈപ്പുലൈനുകൾ ദീർഘിപ്പിക്കൽ എന്നീ നടപടികളും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു. ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിൽ ജൽ ജീവൻ മിഷൻ പദ്ധതി പ്രകാരം തീരപ്രദേശങ്ങളിലെ ശേഷിക്കുന്ന എല്ലാ വീടുകളിലും വാട്ടർ കണക്ഷൻ എത്തിക്കുന്ന പ്രവൃത്തി ഘട്ടം - 1 പുരോഗമിച്ചുവരുന്നു. ഘട്ടം - 2 പൂർത്തീകരിക്കുന്നതോടുകൂടി ഗ്രാമീണ തീരദേശ മേഖലയിലെ എല്ലാ കുടുംബങ്ങൾക്കും ശുദ്ധജലം ലഭിക്കുന്നതാണ്.

**ജല അതോറിറ്റിയിൽ കൺസ്യൂമർ കെയർ സർവ്വീസ്**

209 (3915) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ജല അതോറിറ്റിയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺസ്യൂമർ കെയർ സർവ്വീസ് നിലവിലുണ്ടോ;

&

(ബി) പൊതുജനങ്ങൾക്ക് ജലലഭ്യതയും മറ്റും സംബന്ധിച്ച അടിയന്തര കാര്യങ്ങൾ വിളിച്ചന്വേഷിക്കുന്നതിന് നിലവിലുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണ്?

ഉണ്ട്. ജലലഭ്യതയും മറ്റ് അടിയന്തര കാര്യങ്ങളും വിളിച്ച് അന്വേഷിക്കാൻ കേരള ജല അതോറിറ്റിയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്റർ നമ്പർ (1916) നിലവിലുണ്ട്. കൂടാതെ ബന്ധപ്പെട്ട ഓഫീസിലെ ലാൻഡ് ലൈൻ ഫോൺ, ഉദ്യോഗസ്ഥരുടെ CUG നമ്പർ എന്നിവ വഴിയും പൊതുജനങ്ങൾക്ക് ജല ലഭ്യത സംബന്ധിച്ച വിവരം അറിയുവാൻ സാധിക്കും.

(സി) രാത്രി സമയത്തും പൊതു അവധി ദിവസങ്ങളിലും ജലദൗർലഭ്യം, പൈപ്പ് അറ്റകുറ്റപ്പണികൾ എന്നിവ സംബന്ധിച്ച അറിയിപ്പുകൾ പൊതുജനങ്ങളെ അറിയിക്കാൻ സംവിധാനം ഒരുക്കുവാൻ നടപടി സ്വീകരിക്കുമോ?

ജല ദൗർലഭ്യം, പൈപ്പ് അറ്റകുറ്റപ്പണികൾ എന്നിവ സംബന്ധിച്ച അറിയിപ്പുകൾ പത്രം, ദൃശ്യമാധ്യമങ്ങൾ, എഫ്.എം. റേഡിയോ എന്നിവ വഴി പൊതുജനങ്ങളെ യഥാസമയം അറിയിച്ചുവരുന്നു. ഏത് സമയത്തും ഉപഭോക്താക്കളെ എസ്.എം.എസ്. മുഖേന ജല വിതരണത്തിൽ ഉണ്ടാകുന്ന തടസ്സങ്ങൾ അറിയിക്കുവാനായി 'Service Interruption SMS Module' എന്ന ആപ്ലിക്കേഷൻ ജല അതോറിറ്റിയിൽ ഉപയോഗിക്കുന്നുണ്ട്. പ്രധാനപ്പെട്ട എല്ലാ അറിയിപ്പുകളും ഇപ്പോൾ ജല അതോറിറ്റിയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്. പ്രധാന പൈപ്പ് ലൈനിൽ ചെയ്യുന്ന അറ്റകുറ്റപ്പണികൾ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ അധികൃതരെ മുൻകൂട്ടി അറിയിക്കുന്നു. ജല അതോറിറ്റിയിൽ പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ (PIO) സേവനവും ഇതിനായി ഉപയോഗിച്ചുവരുന്നു.

**പൊന്നാനി നിയോജകമണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതി**

210 (3916) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി നിയോജകമണ്ഡലത്തിൽ ജൽ ജീവൻ മിഷൻ വഴി കുടിവെള്ളം എത്തിക്കുന്ന പദ്ധതിയുടെ പ്രവർത്തനം ഏത് ഘട്ടം വരെയായി എന്ന് അറിയിക്കാമോ?

പൊന്നാനി നിയോജകമണ്ഡലത്തിലുൾപ്പെട്ട മാറഞ്ചേരി, വെളിയങ്കോട്, പെരുമ്പടപ്പ് എന്നീ പഞ്ചായത്തുകളിലെ ജല ജീവൻ മിഷൻ പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തീകരിച്ചുകഴിഞ്ഞു. മേൽ പഞ്ചായത്തുകളിലെ രണ്ടാം ഘട്ടം പദ്ധതിക്ക് ഭരണാനുമതി നൽകുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. ആലങ്കോട് പഞ്ചായത്തിലെ ജൽ ജീവൻ പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പഞ്ചായത്തിലെ പദ്ധതിയുടെ രണ്ടാം ഘട്ടം പുരോഗമിച്ചുവരുന്നു. നന്നമുക്ക് പഞ്ചായത്തിലെ ജല ജീവൻ പദ്ധതിയുടെ ഒന്നാം ഘട്ട പ്രവൃത്തികൾ പൂർത്തീകരിച്ചു കഴിഞ്ഞു. രണ്ടാംഘട്ട പ്രവൃത്തിയുടെ ദർഘാസ് നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടികൾ കൈക്കൊള്ളുമോ?

പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടികൾ കൈക്കൊണ്ടുവരുന്നു. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കീഴിലും വിവിധ തലങ്ങളിലും തുടർച്ചയായി പദ്ധതി അവലോകനം നടത്തുന്നുണ്ട്. കൂടാതെ പദ്ധതി

നിർവ്വഹണത്തിനായി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും വിവിധ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ദിനംപ്രതിയുള്ള പുരോഗതി വിവരങ്ങൾ വാട്ടർ അതോറിറ്റിയുടെ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നുണ്ട്.

(സി) ആലംകോട്, നന്നമുക്ക് പഞ്ചായത്തുകളിൽ നിലവിലുള്ള പദ്ധതി അടിയന്തരമായി പൂർത്തീകരിച്ച് കുടിവെള്ളമെത്തിക്കുന്നതിന് സത്വര നടപടി കൈക്കൊള്ളുമോ?

ആലംകോട് പഞ്ചായത്തിലെ എല്ലാ വീടുകൾക്കും 2022 മാർച്ച് മാസത്തോടെ കുടിവെള്ളമെത്തിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. നന്നമുക്ക് പഞ്ചായത്തിലെ ജൽ ജീവൻ പദ്ധതിയുടെ ഒന്നാം ഘട്ടപ്രവൃത്തികൾ പൂർത്തീകരിച്ചു കഴിഞ്ഞു. രണ്ടാംഘട്ട പ്രവൃത്തിയുടെ ദർഘാസ് നടപടികൾ പുരോഗമിച്ചുവരുന്നു. പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**ജലവിഭവ മാനേജ്മെന്റ്**

211 (3917) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലാവസ്ഥ വ്യതിയാനം കാരണം കനത്ത മഴ ലഭിക്കുന്ന സ്ഥലങ്ങളിൽപ്പോലും വേനൽക്കാലത്ത് ജലക്ഷാമം അനുഭവപ്പെടുന്ന അവസ്ഥ ആവർത്തിക്കുന്നതിനാൽ ഇത് നേരിടുന്നതിന് ആവിഷ്കരിച്ചിട്ടുള്ള ജലവിഭവ മാനേജ്മെന്റ് പരിപാടിയെക്കുറിച്ച് വ്യക്തമാക്കാമോ?

സംയോജിത നീർത്തടാടിസ്ഥാനത്തിൽ " നീർത്തടപ്ലാനുകൾ " തയ്യാറാക്കി നദീതടാടിസ്ഥാനത്തിൽ സംയോജിപ്പിച്ച്, തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ജനപങ്കാളിത്തത്തോടുകൂടി ജലസംരക്ഷണ-സുരക്ഷാ പദ്ധതികൾ നിർവ്വഹിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഓരോ ചെറു നീർത്തടത്തിലും ലഭ്യമാകുന്ന ജലം പരമാവധി അവിടെത്തന്നെ സംരക്ഷിക്കാൻ സാധിച്ചാൽ ജലക്ഷാമം ഒരു പരിധിവരെ പരിഹരിക്കാൻ സാധിക്കും. ഭാരതപ്പുഴയുടെ ജലവിനിയോഗത്തിനും പ്രളയം, വരൾച്ച തുടങ്ങിയ പരിസ്ഥിതികൾക്ക് അനുസൃതമായ പ്രവർത്തനങ്ങൾക്കുംവേണ്ടി River Basin Management Plan

തയ്യാറാക്കുന്നതിനായി നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ കീഴിൽ ഒരു പദ്ധതി ആസൂത്രണം ചെയ്യുന്നുണ്ട്. ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി നദികളുടെയും കൈവഴികളായ നീർച്ചാലുകളുടെയും വീണ്ടെടുപ്പും ശുചീകരണവും നടപ്പിലാക്കിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്താകെ 412 കിലോമീറ്റർ നീളത്തിൽ നദികളും 45736 കിലോമീറ്റർ നീളത്തിൽ നീർച്ചാലുകളും ശുചിയാക്കിയിട്ടുണ്ട്. കൂടാതെ 25241 കുളങ്ങൾ നവീകരിക്കുകയും 18883 കുളങ്ങൾ പുതിയതായി നിർമ്മിക്കുകയും ചെയ്തു. 62921 കിണറുകളിൽ മഴവെള്ള റീചാർജ്ജിംഗ് സംവിധാനം ഏർപ്പെടുത്തി. കേരളത്തിലെ ജലക്ഷാമത്തിന് പ്രധാനകാരണം ലഭ്യമായ മഴവെള്ളം ശേഖരിച്ച് നിലനിർത്തുവാൻ ആവശ്യമായ അളവിൽ ജലസംഭരണികൾ ഇല്ലാത്തതാണ്. ഈ പ്രശ്നത്തിന് ഒരു ശാശ്വത പരിഹാരം നദികളിൽ ആവശ്യത്തിന് ജല സംഭരണത്തിനായി അണക്കെട്ടുകൾ നിർമ്മിക്കുകയെന്നതാണ്. എന്നാൽ സ്ഥലലഭ്യതയും പാരിസ്ഥിതിക പ്രശ്നങ്ങളും കാരണം വൻകിട ജലസംഭരണികൾക്കുള്ള സാദ്ധ്യത കേരളത്തിൽ താരതമ്യേന കുറവാണ്. നദികളിൽ ലഭ്യമാകുന്ന ജലം കൂടുതൽ കാലം നിലനിർത്തുന്നതിനും ആവർത്തിച്ചുണ്ടാകുന്ന വരൾച്ചയുടെ പശ്ചാത്തലത്തിൽ തടയണകൾ, റെഗുലേറ്ററുകൾ എന്നിവ വഴി നദികളെ തന്നെ ജലസംഭരണികളാക്കിമാറ്റി കുടിവെള്ള സ്രോതസുകൾ സംരക്ഷിക്കാനുള്ള സമീപനമാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്. ജലനിധി പദ്ധതികൾ നടപ്പിലാക്കുന്ന പഞ്ചായത്തുകളിൽ ജല ലഭ്യത ഉറപ്പാക്കുന്നതിനായി സമഗ്ര ജല സുരക്ഷാ രൂപരേഖ (Water Security Plan) തയ്യാറാക്കിയിട്ടുണ്ട്. ജലനിധി പദ്ധതിയിൽ ജലസംരക്ഷണത്തിനായി കിണർ റീചാർജ്ജ്, മേൽക്കൂര മഴവെള്ള സംഭരണം (Roof water Harvesting), ചെറുകിട തടയണകൾ, നീർക്കുഴികൾ, ഭൂമിയുടെ അടിയിലുള്ള തടയണകൾ, VCB (Vented cross Bar) എന്നീ രീതികൾ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കുന്നുണ്ട്. KRWSA- യുടെ ഭാഗമായ മഴകേന്ദ്രം മുഖേന സംസ്ഥാന പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി പുരപ്പുറ മഴവെള്ള സംഭരണവും ഭൂജല സംരക്ഷണവും നടപ്പിലാക്കുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി കുടിവെള്ളക്ഷാമം നേരിടുന്ന ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുക്കുകയും വ്യക്തിഗത കുടുംബങ്ങൾക്ക് മഴവെള്ളം സംഭരിച്ച് ജല ദൗർലഭ്യം നേരിടുന്ന അവസരങ്ങളിൽ ഗാർഹിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് സൗകര്യം ഒരുക്കിയും, ഭൂജല പരിപോഷണത്തിലൂടെ കിണറുകളുടെ ഉറവ ദീർഘകാലം നിലനിർത്തി ജലക്ഷാമത്തിന് ഒരുപരിധിവരെ പരിഹാരം കണ്ടെത്തുവാൻ സാധിക്കുന്നു. വ്യക്തിഗത കുടുംബങ്ങളിൽ നിലവിലുള്ള തുറന്ന കിണറുകൾ പുരപ്പുറ മഴവെള്ളം ശേഖരിച്ച് റീചാർജ്ജ് ചെയ്യുന്നതിനും മഴക്കുഴികൾ നിർമ്മിച്ച് ഭൂജല പരിപോഷണത്തിനാവശ്യമായ പദ്ധതികളും

ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. KIIDC മുഖേന നടപ്പാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.* 'ഭൂജലസംരക്ഷണവും, സംപോഷണവും' എന്ന പ്ലാൻ പദ്ധതി ജലവിഭവ മാനേജ്മെന്റിന്റെ ഭാഗമായി നടപ്പിലാക്കിവരുന്നു. റീചാർജ്ജ് പിറ്റ്, തുറന്ന കിണർ/കുഴൽക്കിണർ വഴിയുള്ള ഭൂജല പരിപോഷണം, ചെറിയ തടയണകളുടെ നിർമ്മാണം, ചെറിയ കുളങ്ങളുടെ (0.1 ഹെക്ടറിൽ താഴെയുള്ളത്) പുനരുജ്ജീവനം എന്നിവയാണ് ഭൂജല സംപോഷണത്തിന് അവലംബിച്ചുവരുന്ന പ്രധാന പദ്ധതികൾ.

(ബി) നദികളെ തന്നെ ജലസംഭരണികളാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത്?

നദികളെത്തന്നെ ചെറു ജലസംഭരണികളാക്കുന്ന പ്രവർത്തനം നിലവിൽ ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ചു വരുന്നു. നദികളുടെ കരപ്രദേശത്തിന് ആവശ്യമായ ഉയരം (bank height) ലഭ്യമാകുന്ന ഇടങ്ങളിലാണ് നദികളെ ചെറു സംഭരണികളാക്കാൻ കഴിയുന്ന റെഗുലേറ്ററുകൾ/തടയണകൾ എന്നിവ നിർമ്മിക്കുന്നത്. നദിയുടെ അടിത്തട്ടിന്റെ ചരിവ്, പ്രളയ സാദ്ധ്യത തുടങ്ങിയ ഘടകങ്ങൾ കൂടി പരിഗണിച്ചാണ് ഇത്തരം സ്ട്രക്ചറുകൾ നിർമ്മിക്കുന്നത്. ഹരിതകേരളം മിഷനുമായി ബന്ധപ്പെട്ട് നീർച്ചാലുകളിലും ചെറുനദികളിലും സ്ഥിരവും താൽക്കാലികവുമായ തടയണകളുടെ നിർമ്മാണം നടത്തിയിട്ടുണ്ട്. സംസ്ഥാനത്തെ ഏറ്റവും ജലക്ഷാമം അനുഭവിക്കുന്ന നാല് ജില്ലകളിൽ മഴക്കാലത്ത് പുഴയിലെ ഒഴുക്കിനെ തടസ്സപ്പെടുത്താത്തതും പുഴയ്ക്കുള്ളിൽ തന്നെ ജലസംഭരണം സാധ്യമാക്കുന്ന തരത്തിലുമുള്ള ബന്ധാര മാതൃകയിലുള്ള വേനൽക്കാല ജലസംഭരണികൾ നിർമ്മിക്കുന്നതിന് പ്രവർത്തനങ്ങൾ ആരംഭിച്ചു. തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ ബന്ധാരയുടെ നിർമ്മാണം പൂർത്തീകരിച്ച് ജലസംഭരണം സാധ്യമാക്കിയിട്ടുണ്ട്. കിഫ്ബി പദ്ധതി വഴി ഭവാനിപ്പുഴയിൽ-13, തൂതപ്പുഴയിൽ -6, ചന്ദ്രഗിരിയിൽ -9, അച്ചൻ കോവിലാറിൽ -6 എന്നിങ്ങനെ 34 ബന്ധാരകൾക്ക് അനുമതി ലഭ്യമാക്കിയിട്ടുണ്ട്.

(സി) ജലസംരക്ഷണത്തിന് ജനകീയ പങ്കാളിത്തം ഉറപ്പാക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ജലസംരക്ഷണത്തിനുള്ള പ്രകൃതിദത്ത യൂണിറ്റായ നീർത്തടങ്ങളുടെ സംരക്ഷണത്തിനായി ഗ്രാമപഞ്ചായത്ത് തലത്തിൽ ജലസേചന വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ കൺവീനറായുള്ള സാങ്കേതിക സമിതികൾ രൂപീകരിക്കുകയും സംയോജിത നീർത്തട പ്ലാനുകൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. നീർത്തട പ്ലാനിൽ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുൻഗണനാക്രമത്തിൽ നിർദ്ദേശിച്ചിട്ടുള്ള കുളങ്ങളുടെ സംഭരണശേഷി വർദ്ധിപ്പിക്കൽ, നീർച്ചാലുകളുടെ നീരൊഴുക്ക് സുഗമമാക്കൽ തുടങ്ങിയ പ്രവൃത്തികൾ ജനപങ്കാളിത്തത്തോടെയും ബഡ്ജറ്റ് വിഹിതം പ്രയോജനപ്പെടുത്തിയും നിർവ്വഹിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണാടിസ്ഥനത്തിൽ ജലസംരക്ഷണ ബോധവൽക്കരണ പ്രവർത്തനവും പ്രാദേശിക ജല പാർലമെന്റുകളും ഹരിതകേരളം മിഷന്റെ ഭാഗമായി നിർവ്വഹിച്ചിട്ടുണ്ട്. ഹരിതകേരളം മിഷന്റെ ഭാഗമായി നടത്തിയ നീർച്ചാലുകളുടേയും പുഴകളുടേയും പുനരുജ്ജീവന പ്രവർത്തനങ്ങൾ പരമാവധി ജനകീയമായിട്ടാണ് സംഘടിപ്പിക്കപ്പെട്ടത്. ഇതിന്റെ ഭാഗമായി പല സ്ഥലങ്ങളിലും ജനകീയ പരിപാലന സമിതികൾ രൂപീകരിക്കുകയും ഇവയുടെ നേതൃത്വത്തിൽ പുഴകളുടെ വീണ്ടെടുക്കൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കപ്പെടുകയും ചെയ്തു. ജനകീയ പങ്കാളിത്തത്തോടൊപ്പം വിവിധ വകുപ്പുകളുടെ ഏകോപനവും സാധ്യമാക്കി. കേരളം വേനൽക്കാലത്ത് നേരിടുന്ന ജലക്ഷാമം മുന്നിൽകണ്ട് തദ്ദേശസ്വയംഭരണം, റവന്യൂ, ആരോഗ്യം, കൃഷി എന്നീ വകുപ്പുകളുടെയും ജല വിഭവ വികസന വിനിയോഗ കേന്ദ്രം, ഹരിത കേരളം മിഷൻ എന്നിവയുടെ സഹകരണത്തോടെ ജലവിഭവ വകുപ്പിന്റെ നേതൃത്വത്തിൽ കേരള വാട്ടർ അതോറിറ്റി, ജലസേചന വകുപ്പ്, ജലവകുപ്പ്, ജലനിധി എന്നിവ സംയുക്തമായി നടപ്പിലാക്കിയ സംസ്ഥാന ബോധവൽക്കരണ പ്രചരണ പരിപാടിയായ "ജലം ജീവാമൃതം" പദ്ധതിയുടെ ഭാഗമായി ഇത്തരം സന്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് കൈപ്പുസ്തകം തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. ജലദുരുപയോഗം കുറയ്ക്കുന്നതിനുവേണ്ടി മാധ്യമങ്ങളിലൂടെ അറിയിപ്പുകൾ നൽകാറുണ്ട്. ജലസംരക്ഷണത്തിന് ജനകീയ പങ്കാളിത്തം ഉറപ്പാക്കാൻ ജലനിധി മുഖേന നടത്തുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു*. ജലസംരക്ഷണത്തിന് ജനകീയ പങ്കാളിത്തം ഉറപ്പാക്കാൻ വേണ്ടി കെ.ഐ.ഐ.ഡി.സി. മുഖേന പാലക്കാട് ജില്ലയിൽ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. കേരളത്തിൽ നിലവിൽ പാലക്കാട് ജില്ലയിലെ എരുത്തേമ്പതി, കൊഴിഞ്ഞാമ്പാറ മുതലായ പഞ്ചായത്തുകളിലാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ.), സംസ്ഥാന ഫണ്ട് എന്നിവ ഉപയോഗിച്ച് കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾ കെ.ഐ.ഐ.ഡി.സി. നടപ്പിലാക്കിവരുന്നത്. കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി ജലത്തിന്റെ അളവും ആവശ്യമായ ജലം, വൈദ്യുതി, തൊഴിൽ എന്നിവയിൽ മൊത്തത്തിലുള്ള ലാഭവും സൃഷ്ടിക്കുന്നു. ഇത് കാർഷിക ലാഭം വർദ്ധിപ്പിക്കുന്നത് കൂടാതെ ജല സംരക്ഷണം ഉറപ്പാക്കുന്നു. ഇത്തരം സംവിധാനങ്ങളുടെ പ്രയോജനം കേരളത്തിലെ കർഷകർക്ക് ഒരു മാതൃകയായിരിക്കുമെന്നും കൂടുതൽ കർഷകർക്ക് മൈക്രോ ഇറിഗേഷൻ സംവിധാനം സ്വീകരിക്കാൻ പ്രോത്സാഹനം നൽകുമെന്നും പ്രതീക്ഷിക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) നദീസംരക്ഷണത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ?

നദീസംരക്ഷണത്തിനുള്ള ശാസ്ത്രീയ മാർഗ്ഗങ്ങളിലൊന്ന് ചെറുനീർത്തടാടിസ്ഥാനത്തിൽ മണ്ണ്- ജലസംരക്ഷണ ആസൂത്രണം നടത്തി ജനപങ്കാളിത്തത്തോടെ നിർവ്വഹണം നടത്തുക എന്നതാണ്. ഇതുവഴി നദിയിലെ നീരൊഴുക്ക് വർദ്ധിപ്പിക്കാനും, ജൈവ വൈവിദ്ധ്യം നിലനിർത്താനും കഴിയും. ഇത് കണക്കിലെടുത്ത് ഗ്രാമപഞ്ചായത്ത് തലത്തിൽ നീർത്തടപ്ലാനുകൾ തയ്യാറാക്കുകയും റിഡ്ജ്-ടു-വാലി സമീപനത്തോടെ പ്രവൃത്തികൾ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ നദിയിലെ നീരൊഴുക്ക് സ്ഥായിയായി നിലനിർത്തുന്നതിനായി തടയണ/ റെഗുലേറ്ററുകൾ എന്നിവ നിർമ്മിക്കുന്ന പ്രവൃത്തി ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ അവശ്യം വേണ്ട ഇടങ്ങളിൽ, നദീതീരസംരക്ഷണ പ്രവൃത്തികളും ഏറ്റെടുത്തിട്ടുണ്ട്. നദികളിലെ ജലഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് സഹായകമായ പ്രവൃത്തികളും ഇതോടൊപ്പം നിർവ്വഹിക്കുന്നു. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ആകെ 412 കി.മീ. പുഴകളും അവയിലേയ്ക്ക് ഒഴുകിയെത്തുന്ന 42774 കി.മീ. തോടുകളും പുനരുജ്ജീവിപ്പിച്ചു. ഈ പ്രവർത്തനത്തിന്റെ ഭാഗമായി വരട്ടാർ നദി പുനരുജ്ജീവനം സാധ്യമാക്കി കാനാമ്പുഴ, കുട്ടമ്പേരൂർപുഴ, കിള്ളിയാർ, കോലറയാർ, വടക്കേപുഴ, ചാലംകോട് തോട്, മുട്ടം പറപ്പ തോട്, കമ്പ്രയാർ, പെരുംതോട്, പൂനൂർപുഴ, കൊട്ടാരക്കര പാണ്ടിവയൽ തോട് തുടങ്ങി മലിനമായി കിടന്ന ജലസ്രോതസ്സുകൾ ശുദ്ധീകരിച്ച് നീരൊഴുക്ക് സാധ്യമാക്കി. മീനച്ചിലാർ-മീനന്തറയാർ-കൊടൂരാർ പുനഃസംയോജനം സാധ്യമാക്കി. ഇതുവഴി 5,200-ലധികം ഏക്കറിൽ കൃഷി പുനരാരംഭിക്കാൻ കഴിഞ്ഞു. ഈ പ്രവർത്തനങ്ങളെല്ലാംതന്നെ വലിയ ജനപങ്കാളിത്തത്തോടെയാണ് സംഘടിപ്പിക്കപ്പെട്ടത്. കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആൻഡ് എൻവയോൺമെന്റിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന കരമന നദി ശാസ്ത്രീയ പരിപാലന പദ്ധതി പ്രകാരം കരമനയാറിനെ മലിനീകരണത്തിൽനിന്നും സംരക്ഷിക്കുവാൻ വിവിധ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. കേരളത്തിലെ നദികളിൽ 21 polluted river stretches ഉള്ളതായും ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്ന ദേശീയ ഹരിത ട്രൈബ്യൂണലിന്റെ നിർദ്ദേശാനുസരണം തദ്ദേശഭരണ സ്ഥാപനങ്ങളും ഇതര വകുപ്പുകളും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ നേതൃത്വത്തിൽ പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തി അവ നടപ്പിലാക്കിവരുന്നു. ദേശീയ ഹരിത ട്രൈബ്യൂണൽ എല്ലാ ജലാശയങ്ങളെയും ടാഗ് (UID-Unique Identification Number) ചെയ്ത് മാലിന്യമുക്തമാക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**വെള്ളക്കരം വർദ്ധന**

212 (3918) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവസാനമായി വെള്ളക്കരം വർദ്ധിപ്പിച്ചത് എന്നാണെന്നും എത്ര ശതമാനം വർദ്ധനവ് നിലവിൽ വന്നുവെന്നും അറിയിക്കുമോ?

10-2-2021-ലെ G.O.(MS)No. 9/2021/WRD നമ്പർ ഉത്തരവ് പ്രകാരം നിലവിലുണ്ടായിരുന്ന ജല ചാർജ്ജിന്റെ 5% വർദ്ധനവ് 01-4-2021 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് 2016 മുതൽ വെള്ളക്കരം കുടിശ്ശികയിനത്തിൽ എത്ര രൂപയാണ് കിട്ടുവാനുള്ളതെന്ന് വെളിപ്പെടുത്തുമോ?

സംസ്ഥാനത്ത് ജല ചാർജ് കുടിശ്ശികയിനത്തിൽ 01-4-2016 മുതൽ 31-3-2021 വരെ (സ്ട്രീറ്റ് ടാപ്പ് ഉൾപ്പെടെ) 1090.07 കോടി രൂപയാണ് കിട്ടുവാനുള്ളത്.

(സി) 2016 മുതലുള്ള സംസ്ഥാന സർക്കാർ സ്ഥാപനങ്ങളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും വെള്ളക്കര കുടിശ്ശിക ജില്ലതിരിച്ച് ലഭ്യമാക്കുമോ?

സംസ്ഥാന സർക്കാർ സ്ഥാപനങ്ങളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും 2016 മുതലുള്ള ജല ചാർജ് കുടിശ്ശിക ജില്ലതിരിച്ച് അനുബന്ധമായി ചേർക്കുന്നു.*

(ഡി) സംസ്ഥാനത്ത് കുടിവെള്ളം പൈപ്പ് ലീക്കേജ് വഴി നഷ്ടപ്പെടുന്നത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

പൈപ്പുകൾ പൊട്ടുന്നതുമൂലമുണ്ടാകുന്ന ജലനഷ്ടം ഒഴിവാക്കുന്നതിന് റണ്ണിംഗ് കോൺട്രാക്ടർ മുഖേനയും ബ്ലൂ ബ്രിഗേഡ് സംവിധാനം ഉപയോഗിച്ചും പൊട്ടിയ പൈപ്പിന്റെ ഭാഗം അടിയന്തരമായി മാറ്റി സ്ഥാപിച്ച് ജലനഷ്ടം ഒഴിവാക്കി വരുന്നു. കൂടാതെ പഴയതും കേടായതുമായ പൈപ്പുകൾ അമൃത്, കിഫ്ബി, ജൽ ജീവൻ മിഷൻ, എ.ഡി.ബി, സ്റ്റേറ്റ് പ്ലാൻ, നഗരസഭ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളുടെ നിക്ഷേപ പ്രവൃത്തി തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തി മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പൈപ്പുകളുടെ ഗുണനിലവാരം

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉറപ്പുവരുത്തുവാൻവേണ്ടി Pre Delivery, Post Delivery ടെസ്റ്റിംഗ് നടത്തുന്നതിനായി സർക്കാർ സ്ഥാപനമായ Central Institute of Petrochemicals Engineering & Technology (CIPET)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് പോളിസിയിൽ നിഷ്കർഷിച്ചിട്ടുള്ള പൈപ്പുകളാണ് ഉപയോഗിക്കുന്നത് എന്നതിനാൽ ജല വിതരണ പൈപ്പുകൾ അടിക്കടി പൊട്ടുന്നത് ഒഴിവാക്കുവാൻ സാധിക്കുന്നുണ്ട്.

(ഇ) ഒരു വർഷം ഇത്തരത്തിൽ പൈപ്പ് ലീക്കേജ് വഴി എത്ര ലിറ്റർ വെള്ളം നഷ്ടപ്പെടുന്നുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; ജില്ലതിരിച്ച് കണക്ക് ലഭ്യമാക്കുമോ?

ഒരു വർഷം ഇത്തരത്തിൽ പൈപ്പ് ലീക്കേജ് വഴി രണ്ട് മുതൽ രണ്ടര ലക്ഷം മില്യൺ ലിറ്റർ ജലം നഷ്ടപ്പെടുന്നുണ്ടെന്നാണ് പ്രാഥമിക പഠനങ്ങൾ തെളിയിക്കുന്നത്. ജില്ല തിരിച്ചുള്ള നഷ്ടം നിലവിൽ കണക്കാക്കിയിട്ടില്ല.

**ജലചോർച്ച പരിഹരിക്കാൻ പദ്ധതി**

213 (3919) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. ഡി. പ്രസേനൻ:
ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജല അതോറിറ്റി ശുദ്ധീകരിച്ച് വിതരണം ചെയ്യുന്ന ജലത്തിന്റെ പകുതിയും മീറ്റർ ചെയ്യപ്പെടാതെ പോകുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ?

പരിശോധിച്ചിട്ടുണ്ട്. പ്രധാന കാരണങ്ങൾ ചുവടെ ചേർക്കുന്നു.

1. ജലവിതരണശൃംഖലയിലെ ചോർച്ചമൂലമോ ജലവിതരണക്കുഴലുകളിൽ പൊട്ടൽമൂലമോ ജലം പാഴാകുന്നത്.

2. ജല മോഷണം.

3. ഉപയോഗിക്കപ്പെടുന്ന ജലത്തിന്റെ അളവ് ശരിയായി രേഖപ്പെടുത്താത്ത മീറ്ററുകൾമൂലം.

(ബി) ശുദ്ധീകരിച്ച് വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ മോഷണവും ദുരുപയോഗവും തടയാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

1. ജലത്തിന്റെ ദുരുപയോഗം, ജലമോഷണം എന്നിവ തടയുന്നതിനായി ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുക (നിലവിൽ എറണാകുളം ജില്ലയിൽ ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡ് പ്രവർത്തിച്ചു വരുന്നു.)

2. ദുർവ്യയം ശ്രദ്ധയിൽപ്പെടുന്ന പൊതുടാപ്പുകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനുമതിയോടെ നീക്കം ചെയ്യുന്നുണ്ട്.

3. ഗാർഹിക വാട്ടർ കണക്ഷൻ മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഉയർന്ന ചാർജ്ജ് ഈടാക്കുകയും കണക്ഷൻ ഗാർഹികേതര വിഭാഗത്തിലേയ്ക്ക് മാറ്റുകയും ചെയ്യുന്നു.

4. പ്രവർത്തനക്ഷമമല്ലാത്ത വാട്ടർ മീറ്ററുകളുള്ള സ്ഥലങ്ങളിൽ ദുരുപയോഗത്തിനുള്ള സാധ്യത കൂടുതലായതിനാൽ സമയബന്ധിതമായി മീറ്റർ മാറ്റിവയ്ക്കാൻ നോട്ടീസ് നൽകുകയും കണക്ഷൻ വിച്ഛേദിക്കുന്നതടക്കമുള്ള തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

5. ജലമോഷണം, ദുരുപയോഗം എന്നിവ ശിക്ഷാർഹമാണെന്ന സന്ദേശം വിവിധ മാർഗ്ഗങ്ങളിലൂടെ പൊതുജനങ്ങളിലെത്തിച്ച് അവബോധം നൽകാറുണ്ട്.

6. ജല ദുർവ്യയം ഒഴിവാക്കുന്നതിന് പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെയും കൈപ്പുസ്തകം, ലഘു ലേഖകൾ തുടങ്ങിയവ മുഖേനയും ബോധവൽക്കരണ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നുണ്ട്.

7. കുടിവെള്ളക്ഷാമം രൂക്ഷമാകുന്ന സമയങ്ങളിൽ പ്രാദേശിക സാഹചര്യം അനുസരിച്ച് കൂടുതൽ ജലം ഉപയോഗിക്കുന്ന വാണിജ്യ കണക്ഷനുകളിൽ ഉപഭോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തുകയും പുതിയ കണക്ഷൻ നൽകുന്നതിന് താൽക്കാലിക നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

(സി) വിതരണ പൈപ്പ് ലൈനുകളിൽ ഏറിയ പങ്കും മുപ്പതിലേറെ വർഷം പഴക്കമുള്ളതായതുകൊണ്ടുണ്ടാകുന്ന വ്യാപകമായ ജലചോർച്ച പരിഹരിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കാലപ്പഴക്കം ചെന്ന ചോർച്ചയുള്ള പൈപ്പുലൈനുകളിലെ അറ്റകുറ്റപ്പണികൾ അടിയന്തരമായി റണ്ണിംഗ് കോൺട്രാക്ട് മുഖേനയും ബ്ലൂ ബ്രിഗേഡ് സംവിധാനം

ഉപയോഗിച്ചും നടത്തിവരുന്നു. പഴയതും കേടായതുമായ പൈപ്പുകൾ അമൃത്, കിഫ്ബി, ജല ജീവൻ മിഷൻ, എ.ഡി.ബി., സ്റ്റേറ്റ് പ്ലാൻ, നഗരസഭ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളുടെ നിക്ഷേപ പ്രവൃത്തി തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തി മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. പൈപ്പുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ വേണ്ടി Pre Delivery, Post Delivery ടെസ്റ്റിംഗ് നടത്തുന്നതിനായി സർക്കാർ സ്ഥാപനമായ CIPET-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് പോളിസിയിൽ നിഷ്കർഷിച്ചിട്ടുള്ള പൈപ്പുകളാണ് ഉപയോഗിക്കുന്നത് എന്നതിനാൽ ജല വിതരണ പൈപ്പുകൾ അടിക്കടി പൊട്ടുന്നത് ഒഴിവാക്കുവാൻ സാധിക്കുന്നുണ്ട്.

**കുടിവെള്ളത്തിന്റെ നിരക്ക് വർദ്ധന**

214 (3920) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ഗാർഹിക ഉപഭോക്താക്കളുടേത് ഉൾപ്പെടെയുള്ളവരുടെ കുടിവെള്ളത്തിന്റെ നിരക്ക് വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തീരുമാനത്തിലൂടെ ഉപഭോക്താക്കൾക്ക് എത്ര ശതമാനം വരെ അധിക സാമ്പത്തിക ബാധ്യത ഉണ്ടാകാനിടയുണ്ടെന്ന് വ്യക്തമാക്കുമോ?

10-2-2021-ലെ GO(MS)No.9/2021/WRD നമ്പർ ഉത്തരവ് പ്രകാരം നിലവിലുള്ള വാട്ടർ ചാർജിന്റെ 5% പ്രതിവർഷം വർദ്ധിപ്പിക്കാൻ തീരുമാനിച്ചിരുന്നു. 01-4-2021 മുതൽ പ്രസ്തുത വർദ്ധനവ് നിലവിൽ വന്നു. ഇതുമൂലം ആകെയുള്ള 31.35 ലക്ഷം ഉപഭോക്താക്കളിൽ 25.97 ലക്ഷം (82.84%) പേർക്കും 1.00 രൂപ മുതൽ 6.00 രൂപ വരെയുള്ള നാമമാത്രമായ വർദ്ധനവ് മാത്രമാണ് വന്നിട്ടുള്ളത്.

(ബി) വാട്ടർ അതോറിറ്റി വൈദ്യുതി ചാർജ്ജ് ഇനത്തിൽ കെ.എസ്.ഇ.ബി.എൽ.-ന് നൽകാൻ കുടിശ്ശികയുള്ള തുക എത്രയാണെന്ന് അറിയിക്കാമോ?

വാട്ടർ അതോറിറ്റി വൈദ്യുതി ചാർജ്ജ് ഇനത്തിൽ കെ.എസ്.ഇ.ബി.എൽ.-ന് 31-3-2021 വരെ 634.42 കോടി രൂപ കുടിശ്ശികയായി നൽകാനുണ്ട്.

(സി) വാട്ടർ അതോറിറ്റിയുടെ നഷ്ടം കുറയ്ക്കുന്നതിനും ബാധ്യതകൾ കൊടുത്തു തീർക്കുന്നതിനും കുടിവെള്ളത്തിന്റെ നിരക്ക് വർദ്ധിപ്പിക്കേണ്ടി വരുന്നത് ജനവിരുദ്ധ നടപടിയാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ?

വാട്ടർ അതോറിറ്റിയുടെ നഷ്ടം കുറയ്ക്കാനും ബാധ്യതകൾ തീർക്കുന്നതിനും 01-4-2021 മുതൽ പ്രാബല്യത്തിൽ വന്നിട്ടുള്ള വർദ്ധനവ് സഹായകരമല്ല. ജനങ്ങൾക്ക് ബുദ്ധിമുട്ട് വരാത്ത രീതിയിൽ നേരിയ വർദ്ധനവ് മാത്രമാണ് വരുത്തിയിട്ടുള്ളത്. 1000 ലിറ്റർ ജലം ശുദ്ധീകരിക്കുന്നതിന് 22.85 രൂപ ചെലവാകുമ്പോൾ ശരാശരി 11.93 രൂപ മാത്രമാണ് 1000 ലിറ്ററിന് അതോറിറ്റിക്ക് ലഭിക്കുന്നത്.

**വെള്ളക്കരം വർദ്ധന**

215 (3921) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി വെള്ളക്കരം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

&

(ബി) എങ്കിൽ എന്നുമുതൽ എത്ര ശതമാനം വർദ്ധനവ് വരുത്തുവാനാണ് ഉദ്ദേശിക്കുന്നത്?

10-2-2021-ലെ G.O.(MS)No. 9/2021/WRD നമ്പർ ഉത്തരവ് പ്രകാരം നിലവിലുണ്ടായിരുന്ന ജലചാർജ്ജിന്റെ 5% വർദ്ധനവ് 01-4-2021 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ഇതുമൂലം ആകെയുള്ള 31.35 ലക്ഷം ഉപഭോക്താക്കളിൽ 25.97 ലക്ഷം (82.84%) പേർക്കും 1.00 രൂപ മുതൽ 6.00 രൂപ വരെയുള്ള നാമമാത്രമായ വർദ്ധനവ് മാത്രമാണ് വന്നിട്ടുള്ളത്.

(സി) കേരള വാട്ടർ അതോറിറ്റി നിലവിൽ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത്?

നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

(ഡി) 2020-21 സാമ്പത്തിക വർഷത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ ആകെ നഷ്ടം എത്ര രൂപയാണ്; വിശദാംശങ്ങൾ നൽകുമോ?

2020-21 സാമ്പത്തിക വർഷത്തിലെ കേരള വാട്ടർ അതോറിറ്റിയുടെ ആകെ നഷ്ടം (പ്രൊവിഷണൽ അക്കൗണ്ട്സ് പ്രകാരം) 422.82 കോടി രൂപയാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*. സർക്കാർ നൽകുന്ന പദ്ധതിയേതര ഗ്രാന്റാണ് റവന്യൂ കമ്മി നികത്തുന്നതിന് കേരള വാട്ടർ അതോറിറ്റിക്ക് ഒരു പരിധി വരെ സഹായകമാകുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കോങ്കയം കുടിവെള്ള പദ്ധതി**

216 (3922) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിലെ കോങ്കയം കുടിവെള്ള പദ്ധതിയുടെ ശോചനീയാവസ്ഥ പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കോഡൂർ പഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതിയുടെ ഭാഗമായ കോങ്കയം പമ്പ് ഹൗസിൽനിന്നും പമ്പ് ചെയ്യുന്ന പദ്ധതിയുടെ വിപുലീകരണത്തിനായി പമ്പിംഗ് മെയിൻ അഭിവൃദ്ധിപ്പെടുത്തലും പ്രഷർ ഫിൽട്ടർ സ്ഥാപിക്കുന്ന പ്രവൃത്തിയും നിലവിൽ ജലജീവൻ മിഷന്റെ ഒന്നാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നുണ്ട്.

(ബി) ശുദ്ധജല വിതരണം നടത്തുന്നതിന് ശുദ്ധീകരണശാല ഉൾപ്പെടുന്ന ഒരു പുതിയ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉണ്ട്. കോഡൂർ പഞ്ചായത്തിലെ മുഴുവൻ കണക്ഷനുകളിലും ശുദ്ധീകരിച്ച ജലം വിതരണം ചെയ്യുവാനുതകുന്ന തരത്തിലും ശുദ്ധീകരണശാല സഹിതം പഞ്ചായത്തിലെ ബാക്കി വീടുകൾക്ക് കണക്ഷൻ നൽകാനുതകുന്ന തരത്തിലും ജല ജീവൻ മിഷന്റെ രണ്ടാം ഘട്ടത്തിൽ 5400 ലക്ഷം രൂപയുടെ റിവൈസ്ഡ് DER തയ്യാറാക്കി State Water & Sanitation Committee-യുടെ പരിഗണനയിൽ വച്ച് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) മുപ്പത് വർഷത്തിലധികം പഴക്കമുള്ള പ്രസ്തുത പദ്ധതിയുടെ ദ്രവിച്ച പൈപ്പ്ലൈനുകൾ മാറ്റുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

ജല ജീവൻ മിഷന്റെ രണ്ടാം ഘട്ട പ്രവൃത്തിയുടെ ഭാഗമായി അനുമതി നൽകുന്ന മുറയ്ക്ക് ദ്രവിച്ച വിതരണ ലൈനുകൾ മാറ്റി പുതുക്കി സ്ഥാപിക്കുന്നതാണ്.

**കരിവന്നൂർ കുടിവെള്ള പദ്ധതി**

217 (3923) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ കോർപ്പറേഷനും അനുബന്ധ പഞ്ചായത്തുകൾക്കുമായി 2016-2017 സാമ്പത്തിക വർഷത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 185 കോടി രൂപ അനുവദിച്ചിരുന്ന കരിവന്നൂർ കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

തൃശ്ശൂർ കോർപ്പറേഷനും അനുബന്ധ പഞ്ചായത്തുകൾക്കുമായുള്ള കുടിവെള്ള പദ്ധതിക്ക് 185 കോടി രൂപയുടെ ധനസഹായ അനുമതി കിഫ്ബിയിൽനിന്നും ലഭിച്ചെങ്കിലും, പ്രവൃത്തിക്കായി കണ്ടെത്തിയ സ്ഥലം 2018-ലെ വെള്ളപ്പൊക്കംമൂലം അനുയോജ്യമല്ലെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്കായി പുതിയ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പുതിയ സ്ഥലത്തിനനുസൃതമായി പുതുക്കിയ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

(ബി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ?

പുതുക്കിയ എഞ്ചിനീയറിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്ക് ഭരണാനുമതി നൽകി കിഫ്ബി ധനസഹായം ഉറപ്പാക്കേണ്ടതുണ്ട്. ജലശുദ്ധീകരണശാലയ്ക്ക് ആവശ്യമായ സ്ഥലം ഏറ്റെടുത്ത് രണ്ട് വർഷത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്ലാന്റ് നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പ്ലാന്റ് നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള II (1) ഗസറ്റ് വിജ്ഞാപനം 15-1-2021-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) നിലവിൽ പ്രസ്തുത പദ്ധതിയിൽപ്പെട്ട ഏതെങ്കിലും നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

നിലവിൽ പ്രസ്തുത പദ്ധതിയിൽപ്പെട്ട നിർമ്മാണ പ്രവൃത്തികളൊന്നുംതന്നെ ആരംഭിച്ചിട്ടില്ല.

**കുന്ദമംഗലം വാട്ടർ അതോറിറ്റി സബ്ഡിവിഷൻ ഓഫീസ്**

218 (3924) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം ആസ്ഥാനമായി കേരള വാട്ടർ അതോറിറ്റിയുടെ ഒരു സബ്ഡിവിഷൻ ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

&

(ബി) കുന്ദമംഗലത്തെ മിനി സിവിൽ സ്റ്റേഷനിൽ പ്രസ്തുത ഓഫീസ് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ സ്ഥലം നിലവിലുള്ള സാഹചര്യത്തിൽ പ്രസ്തുത സബ്ഡിവിഷൻ ഓഫീസ് കുന്ദമംഗലത്ത് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

കുന്ദമംഗലം ആസ്ഥാനമായി സബ്ഡിവിഷൻ ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ഇപ്പോൾ നിലവിലില്ല. ഇതുസംബന്ധിച്ച ശിപാർശ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**കുടിവെള്ള പദ്ധതികൾ**

219 (3925) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ വിവിധ പഞ്ചായത്തുകളിൽ കുടിവെള്ള വിതരണത്തിനായി ആവിഷ്കരിച്ച തൃക്കരിപ്പൂർ ആൻഡ് അഡ്ജോയിനിംഗ് പഞ്ചായത്ത് എന്ന പദ്ധതിയിൽ ഏതെല്ലാം പഞ്ചായത്തുകളാണ് ഉൾപ്പെട്ടിട്ടുള്ളത് എന്ന് അറിയിക്കുമോ?

ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി തൃക്കരിപ്പൂരിനും സമീപ പഞ്ചായത്തുകൾക്കുംവേണ്ടിയുള്ള കുടിവെള്ള പദ്ധതിയിൽ കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ, ചെറുവത്തൂർ, പടന്ന, പീലിക്കോട്, വലിയപറമ്പ് പഞ്ചായത്തും കണ്ണൂർ ജില്ലയിലെ കരിവെള്ളൂർ-പെരളം, കാങ്കോൽ - ആലപ്പടമ്പ എന്നീ പഞ്ചായത്തുകളുമാണ് ഉൾപ്പെട്ടിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ?

ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിന് മുന്നോടിയായി പദ്ധതി സ്റ്റേറ്റ് ലെവൽ സ്കീം സാംഗ്ഷനിംഗ് കമ്മിറ്റിയുടെ (SLSSC) പരിഗണനയിൽ വച്ച് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പൈപ്പ് പൊട്ടി ശുദ്ധജലം പാഴാകുന്നതിനെതിരെ നടപടി**

220 (3926) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മിക്കവാറും എല്ലാ പ്രദേശങ്ങളിലും പൈപ്പ് പൊട്ടി ശുദ്ധജലം പാഴാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലപ്പഴക്കംമൂലവും അമിത ഭാരം കയറ്റി വരുന്ന വാഹനങ്ങളുടെ നിരന്തര യാത്ര കൊണ്ടുണ്ടാകുന്ന ബാഹ്യമർദ്ദംമൂലവും പൈപ്പ് ലൈനുകൾക്ക് സമീപമുള്ള മറ്റു വികസന പ്രവർത്തനങ്ങളുടെ ഭാഗമായും പൈപ്പ് ലൈനുകൾ പൊട്ടുന്നുണ്ട്. ഇത്തരം ലീക്കുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്കുതന്നെ അടിയന്തരമായും സമയബന്ധിതമായും ചോർച്ച പരിഹരിച്ച് കുടിവെള്ളം പാഴാകുന്നത് പരിഹരിച്ചുവരുന്നു. കിഫ്ബി, സ്റ്റേറ്റ് പ്ലാൻ, അമൃത് പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി കാലപ്പഴക്കം ചെന്ന പൈപ്പുലൈനുകൾ മാറ്റുന്ന പ്രവൃത്തി നടപ്പിലാക്കി വരുന്നു.

(ബി) ഇപ്രകാരം പൈപ്പ് പൊട്ടുന്നതുമൂലം ആ പ്രദേശത്തെ റോഡ് തകരാറിലാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിൽ പൊതുവെ Utility Duct നിർമ്മിക്കുക എന്ന രീതി കണ്ടുവരുന്നില്ല. പഴയകാലത്ത് റോഡിന്റെ വക്കിലൂടെ ഇട്ടിരുന്ന പൈപ്പുകൾ കാലാന്തരത്തിൽ റോഡ് വികസനത്തിന്റെ ഭാഗമായി ടാർ ചെയ്ത റോഡിന്റെ അടിയിലാകുന്ന സ്ഥിതിയാണ് പൊതുവെ കണ്ടുവരുന്നത്. പൈപ്പ് ലൈനിനായി പ്രത്യേകം സ്ഥലം അല്ലെങ്കിൽ പാത എന്ന രീതി നടപ്പിലാക്കേണ്ടതുണ്ട്.

(സി) എങ്കിൽ പൈപ്പ് പൊട്ടുന്നതുമൂലമോ വിവിധ തകരാറുകൾ പരിഹരിക്കുന്നതുമൂലമോ തകരാറിലാകുന്ന റോഡുകൾ അടിയന്തരമായി നന്നാക്കുന്നതിന് ജലവിഭവ വകുപ്പ് മുൻകയ്യെടുക്കുമോ; ഇക്കാര്യത്തിൽ ആവശ്യമായ വകുപ്പുതല ഏകോപനം സാധ്യമാക്കുമോ എന്ന് വ്യക്തമാക്കുമോ?

പൈപ്പ് പൊട്ടുന്നതുമൂലമോ വിവിധ തകരാറുകൾ പരിഹരിക്കുന്നതുമൂലമോ തകരാറിലാകുന്ന റോഡുകൾ അടിയന്തരമായി നന്നാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുമായി നേരിട്ടും കത്തിടപാടുകൾ മുഖേനയും ബന്ധപ്പെട്ട് അനുമതി നേടി പൈപ്പ് ലൈനിലെ ചോർച്ച പരിഹരിക്കുകയും, അതിനുശേഷം തകരാറിലായ റോഡ് ബിറ്റുമിൻ റെഡി മിക്സ്/കോൺക്രീറ്റ് ചെയ്തു പുനഃസ്ഥാപിക്കുകയും ചെയ്യുന്നുണ്ട്. പുതിയ പദ്ധതികൾ നടപ്പിലാക്കുമ്പോൾ, റോഡ് പുതുക്കി പണിയുന്നതിനുള്ള പണം എസ്റ്റിമേറ്റ് പ്രകാരം മുൻകൂർ അടച്ചാണ് പണികൾ ചെയുന്നത്. പ്രധാന റോഡുകളിൽ ലീക്ക് പരിഹരിച്ചതിനുശേഷം പ്രസ്തുത റോഡ് പ്രതലം, വർക്ക് ഏറ്റെടുത്ത കോൺട്രാക്ടറുടെ ഉത്തരവാദിത്വത്തിലും, ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലും ബിറ്റുമിൻ റെഡി മിക്സ്/കോൺക്രീറ്റ്/ ഇന്റർലോക്ക് എന്നിവ ഉപയോഗിച്ച് പുനഃസ്ഥാപിക്കാറുണ്ട്. ആയതിന് വകുപ്പുതല ഏകോപനം സാധ്യമാകുന്നുണ്ട്. ഇങ്ങനെ റോഡ് പുനഃസ്ഥാപിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി ടെക്നിക്കൽ മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ട്.

### ഞാറക്കൽ സബ്ഡിവിഷൻ ഓഫീസ്

221 (3927) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഞാറക്കൽ സെക്ഷൻ ഓഫീസിന് കീഴിലെ ഉപഭോക്താക്കളുടെ എണ്ണക്കൂടുതൽ കണക്കിലെടുത്ത് സബ്ഡിവിഷൻ ഓഫീസ് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ എടവനക്കാട് പഞ്ചായത്തിൽ പണികഴിപ്പിച്ചിരിക്കുന്ന വാട്ടർ ടാങ്കിന് കീഴിലുള്ള സ്ഥലസൗകര്യങ്ങൾ വിനിയോഗിച്ച് പ്രസ്തുത പ്രൊപ്പോസൽ യാഥാർത്ഥ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

വിശദമായ പരിശോധനകൾക്ക് ശേഷമേ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

### ജൽജീവൻ മിഷൻ

222 (3928) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ജൽ ജീവൻ മിഷനിലൂടെ എത്ര കുടിവെള്ള കണക്ഷനുകൾ നൽകിയെന്ന് പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ?

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ജൽ ജീവൻ മിഷൻ പദ്ധതി പ്രകാരം നൽകിയ കണക്ഷനുകളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | ഐക്കരനാട് | 150 |
| 2 | കുന്നത്തുനാട് | 462 |
| 3 | മഴുവന്നൂർ | 250 |
| 4 | കിഴക്കമ്പലം | 569 |
| 5 | വാഴക്കുളം | 891 |

(ബി) ഇനിയും എത്ര കണക്ഷനുകൾ കൂടി നൽകാനുണ്ടെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ?

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ഇനി നൽകുവാനുള്ള കണക്ഷനുകളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത പദ്ധതിയിൽ ഓരോ പഞ്ചായത്തിലും വിനിയോഗിക്കുന്ന തുകയുടെ വിശദ വിവരങ്ങൾ നൽകാമോ?

കുന്നത്തുനാട് മണ്ഡലത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച തുകയുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## വാട്ടർ അതോറിറ്റിയിലെ ഒഴിവുകൾ

223 (3929) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ പി.എസ്.സി. നിയമന ശിപാർശ നൽകിയ എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകാനുണ്ട്; ഏത് തീയതിയിലാണ് നിയമന ശിപാർശകൾ ലഭിച്ചത്; നിയമന ഉത്തരവ് നൽകുന്നതിൽ എത്ര ദിവസത്തെ കാലതാമസം ഉണ്ടായിട്ടുണ്ട്; വ്യക്തമാക്കുമോ?

31-3-2021, 31-5-2021 എന്നീ തീയതികളിലെ പി.എസ്.സി.-യുടെ നിയമന ശിപാർശകൾ യഥാക്രമം 03-5-2021, 21-6-2021 എന്നീ തീയതികളിലാണ് കേരള വാട്ടർ അതോറിറ്റിയിൽ ലഭിച്ചത്. മേൽ സൂചിപ്പിച്ച രണ്ടു ശിപാർശകൾ പ്രകാരം 133 ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകാനുണ്ട്. ലോക്ഡൗൺ കാരണത്താലും നിയമന ശിപാർശ വൈകി ലഭിച്ചതിനാലും, ഓഫീസ് അറ്റൻഡന്റ് തസ്തികയുടെ ജനറൽ ട്രാൻസ്ഫർ നടപടികൾ G-SPARK വഴി ആദ്യമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായുണ്ടായ തിരക്കുകൾ കാരണവുമാണ് നിയമന നടപടികൾക്ക് മനഃപൂർവ്വമല്ലാത്ത കാല താമസമുണ്ടായിട്ടുള്ളത്.

(ബി) ഈ തസ്തികയിൽ എത്ര എൻ.ജെ.ഡി. ഒഴിവുകൾ നിലവിലുണ്ട്; എത്ര പുതിയ ഒഴിവുകൾ നിലവിലുണ്ട്; വിവരം ലഭ്യമാക്കുമോ?

29 (എൻ.ജെ.ഡി.) ഒഴിവുകളും 12 പുതിയ ഒഴിവുകളും ചേർത്ത് ആകെ 41 ഒഴിവുകൾ നിലവിലുണ്ട്.

(സി) റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട പരമാവധി ഉദ്യോഗാർത്ഥികൾക്ക് ഏറ്റവും വേഗത്തിൽ നിയമനം നൽകുക എന്നത് സർക്കാരിന്റെ പ്രഖ്യാപിതനയമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിയമന ശിപാർശ ചെയ്തവർക്ക് യഥാസമയം നിയമനം നൽകാത്തതും ഒഴിവുകൾ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യാത്തതും ഈ നയത്തിന് വിരുദ്ധമാണെന്ന് കരുതുന്നുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. നിയമന ശിപാർശ തീയതി 31-3-2021, 31-5-2021 എന്നിങ്ങനെയാണെങ്കിലും കെ.പി.എസ്.സി.-യിൽ നിന്നും യഥാക്രമം 3-5-2021, 21-6-2021 എന്നീ തീയതികളിലാണ് കേരള വാട്ടർ അതോറിറ്റിയിൽ ടി ശിപാർശകൾ ലഭിച്ചിട്ടുള്ളത്. കേരള വാട്ടർ അതോറിറ്റിയിലെ ഒഴിവുകൾ സമയബന്ധിതമായിത്തന്നെ കെ.പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ലോക്ഡൗൺ കാരണത്താലും നിയമന ശിപാർശ വൈകി ലഭിച്ചതിനാലും, ഓഫീസ് അറ്റൻഡന്റ് തസ്തികയുടെ ജനറൽ ട്രാൻസ്ഫർ നടപടികൾ G-SPARK വഴി ആദ്യമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായുണ്ടായ തിരക്കുകൾ കാരണവുമാണ് നിയമന നടപടികൾക്ക് മനഃപൂർവ്വമല്ലാത്ത കാലതാമസമുണ്ടായിട്ടുള്ളത്.

(ഡി) കേരള വാട്ടർ അതോറിറ്റിയിൽ നിലവിലുള്ള ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ എല്ലാ ഒഴിവുകളും അടിയന്തരമായി റിപ്പോർട്ട് ചെയ്യുന്നതിനും നിയമന ശിപാർശ ലഭിച്ചവർക്ക് അടിയന്തരമായി നിയമന ഉത്തരവ് നൽകുന്നതിനും കർശന നിർദ്ദേശം നൽകുമോ?

കേരള വാട്ടർ അതോറിറ്റിയിൽ നിലവിലുള്ള ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ എല്ലാ ഒഴിവുകളും സമയബന്ധിതമായി തന്നെ കെ.പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമന ശിപാർശ ലഭിച്ചവർക്ക് നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് സഹായം**

224 (3930) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് കൂടുതൽ സഹായങ്ങൾ നൽകുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ?

സംഘം ശാക്തീകരണ പദ്ധതിയായ 'തീരോന്നതി' പ്രകാരം ക്ലാസിഫൈ ചെയ്ത അർഹതയുള്ള സംഘങ്ങൾക്ക് സെക്രട്ടറിയുടെ വേതനം, ഓഫീസ് വാടക നൽകുന്നതിനുള്ള ധനസഹായം, സ്വന്തമായി സ്ഥലമുള്ള സംഘങ്ങൾക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ധനസഹായം, കമ്പ്യൂട്ടർ വാങ്ങുന്നതിനുള്ള സഹായം എന്നിവ ഫിഷറീസ് വകുപ്പിൽനിന്നും നൽകിവരുന്നു. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ ഓട്ടോമേഷൻ നടപ്പിലാക്കുന്നതിനും ലേലം ശക്തിപ്പെടുത്തുന്നതിനുമായി മത്സ്യഫെഡ് തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ച് വരുന്നു.

(ബി) വരുമാനം കുറവുള്ള എല്ലാ സംഘങ്ങളിലെയും ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് പ്രത്യേക സഹായം നൽകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കേരള സഹകരണ സംഘം നിയമം വകുപ്പ് 80 പ്രകാരം ക്ലാസിഫിക്കേഷൻ നടത്തി യോഗ്യതയുള്ള സെക്രട്ടറിയെ നിയമിച്ച സംഘങ്ങൾക്ക് പ്രതിമാസം പരമാവധി 10,000 രൂപ വരെ 'തീരോന്നതി' പദ്ധതി പ്രകാരം ഫിഷറീസ് വകുപ്പിൽനിന്നും ധനസഹായം നൽകി വരുന്നു. മത്സ്യഫെഡിൽ അഫിലിയേഷനുള്ള നിലവിൽ മത്സ്യലേലമുള്ള സംഘങ്ങൾക്ക് ഈ ധനസഹായം നൽകി വരുന്നു. ഈ ധനസഹായം നിലവിൽ അറ്റ നഷ്ടത്തിൽ പ്രവർത്തിക്കുന്നതും ശമ്പളം നൽകാൻ സാമ്പത്തികശേഷി കുറഞ്ഞതുമായ സംഘങ്ങളെയുമാണ് പരിഗണിക്കുന്നത്. ഒരു വർഷത്തേയ്ക്ക് മാത്രമായിരിക്കും ധനസഹായം നൽകുന്നത്. തുടർന്ന് സംഘം തന്നെ സംഘത്തിന്റെ വരുമാനം വർദ്ധിപ്പിച്ച് ശമ്പളം നൽകുവാൻ ബാദ്ധ്യസ്ഥരാണ്. ഇതുകൂടാതെ മത്സ്യഫെഡ് വഴി 95 സഹകരണ സംഘങ്ങളിലെ സെക്രട്ടറിമാർക്ക് വേതനം നൽകുന്നതിനായി എൻ.സി.ഡി.സി. ധനസഹായത്തോടെയുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു.

**മത്സ്യബന്ധന യാനങ്ങളുടെ നിർമ്മാണം**

225(3931) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാരിന്റെ അധീനതയിലുള്ള ഏതെങ്കിലും സ്ഥാപനം മത്സ്യബന്ധന യാനങ്ങൾ നിർമ്മിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് സർക്കാരിന്റെ അധീനതയിൽ മത്സ്യബന്ധന യാനങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങളില്ല.

(ബി) ഇല്ലെങ്കിൽ മത്സ്യബന്ധന യാനങ്ങൾ നിർമ്മിക്കുന്നതിനുള്ള സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

പരിഗണിച്ചു വരുന്നു.

**ഹോളോഗ്രാം രജിസ്ട്രേഷൻ ബോർഡ്**

226(3932) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മത്സ്യബന്ധന ബോട്ടുകളിൽ സുരക്ഷ ഉറപ്പാക്കാൻ ഹോളോഗ്രാം രജിസ്ട്രേഷൻ ബോർഡ് സ്ഥാപിച്ച് വരുന്നുണ്ടോ?

മത്സ്യബന്ധനത്തിലേർപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയെ മുൻനിർത്തി യന്ത്രവൽകൃത മത്സ്യബന്ധന ബോട്ടുകളിൽ ഹോളോഗ്രാഫിക് രജിസ്ട്രേഷൻ പ്ലേറ്റുകൾ സ്ഥാപിച്ചു വരുന്നുണ്ട്.

(ബി) ഉണ്ടെങ്കിൽ എത്ര ബോട്ടുകളിൽ ഇതിനകം പ്രസ്തുത ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കൊല്ലം ജില്ലയിലെ നീണ്ടകരയിൽ 46 യന്ത്രവൽകൃത യാനങ്ങളിലും എറണാകുളം ജില്ലയിലെ വൈപ്പിനിൽ 54 യാനങ്ങളിലും കോഴിക്കോട് ജില്ലയിലെ ബേപ്പൂരിൽ 22 യാനങ്ങളിലും പ്രസ്തുത ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ബോർഡുകൾ സ്ഥാപിക്കുന്നതിന്റെ ചെലവിനായി സർക്കാർ സഹായം നൽകി വരുന്നുണ്ടോ?

ഉണ്ട്.

**മത്സ്യബന്ധന നയം പരിഷ്കരിക്കൽ**

227(3933) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യബന്ധന നയം പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നത്?

സംസ്ഥാനത്തെ മത്സ്യബന്ധന നയം പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. മത്സ്യബന്ധനാവകാശം മത്സ്യത്തൊഴിലാളികൾക്ക്, എല്ലാ ജലാശയങ്ങളിലും മത്സ്യകൃഷി, മത്സ്യോൽപാദനത്തിൽ സ്വയംപര്യാപ്തത തുടങ്ങിയ അടിസ്ഥാന ആശയങ്ങളിൽ ഊന്നിക്കൊണ്ട് പുതിയ ഒരു കരട് നയത്തിന് രൂപം നൽകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ബി) ഈ നയം പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികൾ എന്തെല്ലാം ആശങ്കകൾ ഉന്നയിച്ചിട്ടുണ്ട്; അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

&

(സി) ഇതുമായി ബന്ധപ്പെട്ട് തൊഴിലാളി പ്രതിനിധികളുമായി ചർച്ച നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

മത്സ്യബന്ധന നയം പരിഷ്കരിക്കുന്നതിന് രൂപീകരിച്ച വിദഗ്ദ്ധ സമിതി പ്രാരംഭ ഘട്ട നടപടികൾ സ്വീകരിച്ചുവരുന്നതേയുള്ളൂ.

## മണൽ വന്നടിഞ്ഞ് മൂടപ്പെട്ട ഓവുചാലുകൾ

228(3934) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നഗരസഭയിലെ മീനാപ്പീസ്, അജാനൂർ പഞ്ചായത്തിലെ അജാനൂർ കടപ്പുറം എന്നിവിടങ്ങളിൽ ഇതരഭാഗങ്ങളിൽ നിന്നും ഒഴുകി വരുന്ന മലിനജലം കടലിലേയ്ക്ക് ഒഴുക്കുന്ന ഓവുചാലുകളിൽ മണൽ വന്നടിഞ്ഞ് മൂടപ്പെട്ടത് പരിസരപ്രദേശത്ത് വെള്ളക്കെട്ടുകൾ സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

അജാനൂർ ബെല്ല കടപ്പുറത്തുള്ള ഡ്രെയിനേജ് പുതുക്കി പണിയുന്നതിനും ഈ പ്രദേശത്തെ മഴവെള്ളത്തിലുണ്ടായ ഒഴുക്ക് കാരണം കരയിടിച്ചിൽ പരിഹരിക്കുന്നതിനുമായി 84 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും മീനാപ്പീസ് ഭാഗത്തുള്ള മേൽ പ്രവൃത്തിക്കായി 24 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്.

## നീർക്കടവ് ഫിഷിംഗ് ഹാർബർ

229 (3935) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20-ലേയ്ക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II-ൽ ക്രമനമ്പർ 2220-ൽ സൂചിപ്പിച്ചിട്ടുള്ള നീർക്കടവ് ഫിഷിംഗ് ഹാർബർ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ?

ഇല്ല.

(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇല്ല.

(സി) തുടർനടപടികൾ ഉണ്ടായിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

കണ്ണൂർ ജില്ലയിലെ അഴീക്കോട് പഞ്ചായത്തിൽത്തന്നെ ഈ ഭാഗങ്ങളിലുള്ള മത്സ്യത്തൊഴിലാളികൾക്ക് ഉപയോഗപ്രദമായതും പ്രവർത്തനക്ഷമവുമായ അഴീക്കൽ ഫിഷിംഗ് ഹാർബർ നിലവിലുണ്ട്.

**ചെറുവത്തൂർ ഫിഷിംഗ് ഹാർബർ**

230 (3936) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ചെറുവത്തൂർ ഫിഷിംഗ് ഹാർബറിൽ നിലവിലുള്ള ജെട്ടിക്ക് സമീപം ലോ ലെവൽ ജെട്ടി നിർമ്മിക്കാനായി സമർപ്പിച്ച എസ്റ്റിമേറ്റിന് ഭരണാനുമതി നൽകാൻ കഴിയാതെ വന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ചെറുവത്തൂർ ഫിഷിംഗ് ഹാർബറിൽ ഒരു ലോ ലെവൽ ജെട്ടി നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി എൻ.എഫ്.ഡി.ബി., ആർ.കെ.വി.വൈ. എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തിയെങ്കിലും അംഗീകാരം ലഭിച്ചില്ല. എന്നാൽ നിലവിൽ പ്രസ്തുത പദ്ധതിക്കായി 1.63 കോടി രൂപയുടെ എസ്റ്റിമേറ്റ് കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജിൽ ഡി.എൽ.റ്റി.സി.-ക്ക് ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള ജെട്ടിയിൽ ചെറിയ വള്ളങ്ങൾക്ക് മത്സ്യം ഇറക്കാൻ കഴിയാതെവന്ന സാഹചര്യത്തിൽ ഈ ജെട്ടിയുടെ നിർമ്മാണം എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നതാണ്.

**ഡീസൽ ബങ്ക്**

231 (3937) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി ഫിഷിംഗ് ഹാർബറിനുള്ളിൽ മത്സ്യഫെഡിന് ഡീസൽ ബങ്ക് നിർമ്മിക്കാൻ അനുമതിയായ തീയതി ഏതാണ്?

6-7-2013-ലാണ് കൊയിലാണ്ടി ഫിഷിംഗ് ഹാർബറിനുള്ളിൽ മത്സ്യഫെഡിന് ഡീസൽ ബങ്ക് നിർമ്മിക്കാൻ അനുമതി നൽകിയിട്ടുള്ളത്.

(ബി) അനുമതി ലഭിച്ചിട്ടും ഇന്നേ വരെ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസമുണ്ടായതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

കൊയിലാണ്ടി ഫിഷിംഗ് ഹാർബറിനുള്ളിൽ മത്സ്യഫെഡിന് ഡീസൽ ബങ്ക് നിർമ്മിക്കാൻ അനുവദിച്ച സ്ഥലത്ത് വാർഫ് ലഭ്യമല്ലാത്തതിനാലും സ്ഥലത്തെ ചതുപ്പ് നികത്തേണ്ടതിനാലുമാണ് ബങ്കിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിട്ടത്.

(സി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ സാധിക്കും എന്നാണ് മത്സ്യഫെഡ് കരുതുന്നതെന്ന് വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തി രണ്ട് മാസത്തിനുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## സീഫുഡ് റസ്റ്റോറന്റുകൾ

232 (3938) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര നിലവാരത്തിലുള്ള സീഫുഡ് റസ്റ്റോറന്റുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉണ്ട്. ഓഖി ദുരന്തബാധിതരായ മത്സ്യത്തൊഴിലാളി വിഭാഗത്തിന്റെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വിഴിഞ്ഞം തുറമുഖ പ്രദേശത്ത് ഒരു സമുദ്ര ഭക്ഷ്യസംസ്കരണ യൂണിറ്റും വിപണന ഔട്ട്ലെറ്റും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ആരംഭിക്കുന്നതിനായി 4 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ കോവളം ആഴാംകുളത്ത് ഒരു സീഫുഡ് റസ്റ്റോറന്റും വിപണന ഔട്ട്ലെറ്റും സ്ഥാപിക്കുന്നതിനായി 63.22 ലക്ഷം രൂപയ്ക്ക് വർക്ക് അവാർഡ് ചെയ്യുകയും ചെയ്തു. നിലവിൽ പ്രവൃത്തി ദ്രുതഗതിയിൽ നടപ്പിലാക്കിവരുന്നു. ഇതുകൂടാതെ കൊല്ലം ജില്ലയിലും ഇത്തരത്തിൽ ഒരു സീഫുഡ് റസ്റ്റോറന്റുൾപ്പെടെയുള്ള പദ്ധതി നടപ്പിലാക്കുന്നതിന് 2.07 കോടി രൂപയുടെ അംഗീകാരം നൽകിയിരുന്നു. റസ്റ്റോറന്റ് നിർമ്മിക്കാൻ കൊല്ലം കോർപ്പറേഷന്റെ സ്ഥലം ലഭ്യമായാലുടൻ നിർമ്മാണമാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വുമൺ (സാഫ്) മുഖാന്തരം തീരമൈത്രി സീഫുഡ് റസ്റ്റോറന്റ് 2020-21 പദ്ധതിയിലുൾപ്പെടുത്തി മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചുകൊണ്ട് 9 തീരദേശ ജില്ലകളിലായി 46 തീരമൈത്രി സീഫുഡ് റസ്റ്റോറൻറുകൾ ആരംഭിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് കൂടുതൽ മത്സ്യഫെഡ് സ്റ്റാളുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉണ്ട്. സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിലായി മത്സ്യഫെഡ് മുഖേന ആധുനീകരിച്ച എയർകണ്ടീഷൻ ചെയ്ത 47 ഫിഷ്മാർട്ടുകൾ സ്ഥാപിച്ച്

പ്രവർത്തിപ്പിച്ചുവരുന്നു. സർവ്വീസ് സഹകരണ ബാങ്ക്/സംഘവുമായി ചേർന്നുള്ള മത്സ്യവിപണന പദ്ധതിയിൽ കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലും ഫിഷ്മാർട്ട് ആരംഭിക്കുന്നതിന് തുടക്കമിട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ നിയോജകമണ്ഡലങ്ങളിലായി ആകെ 53 ഫ്രാഞ്ചൈസി ഫിഷ്മാർട്ടുകൾ പ്രവർത്തിക്കുന്നു. മത്സ്യഫെഡിന്റെ 'തീരത്തിൽനിന്ന് മാർക്കറ്റിലേയ്ക്ക്' എന്ന പദ്ധതിയിൽ അന്നന്നുള്ള മത്സ്യം ഉപഭോക്താക്കൾക്ക് നേരിട്ട് ഗുണമേന്മയോടെ എത്തിക്കുന്നതിന് "അന്തിപച്ച" എന്ന നാമധേയത്തിൽ തിരുവനന്തപുരത്ത് 3-ഉം കൊല്ലം ശക്തികുളങ്ങര കോമൺ പ്രീ- പ്രോസസ്സിംഗ് സെന്റർ കേന്ദ്രീകരിച്ച് 5-ഉം എറണാകുളം, കോട്ടയം എന്നിവിടങ്ങളിൽ ഓരോന്ന് വീതവും ഇപ്രകാരം ആകെ 10 മൊബൈൽ യൂണിറ്റുകളും പ്രവർത്തിപ്പിക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾ അനുവദിക്കുന്ന സ്ഥലമോ/കെട്ടിടമോ അല്ലെങ്കിൽ അനുയോജ്യമായ സ്ഥലങ്ങളിലെ സ്വകാര്യ കെട്ടിടമോ/സ്ഥലമോ ലഭ്യമാകുന്നമുറയ്ക്ക് കൂടുതൽ മത്സ്യഫെഡ് ഫിഷ്മാർട്ടുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. സഹകരണ ബാങ്കുകളുമായി ചേർന്നും ഈ പദ്ധതി നടത്തിവരുന്നു.

(സി) മത്സ്യ വില്പനക്കാരായ വനിതകൾക്ക് സൗജന്യ ബസ് യാത്ര പദ്ധതിയാരംഭിക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉണ്ട്. മത്സ്യവിപണനത്തിനായി പോകുന്ന വനിതാ മത്സ്യത്തൊഴിലാളികൾക്ക് പ്രധാന മത്സ്യവിപണന കേന്ദ്രങ്ങളിൽനിന്നും സിറ്റിയിലേയ്ക്കുള്ള വിവിധ സ്ഥലങ്ങളിലേയ്ക്ക് തിരിച്ചെത്തുന്നതിനായി പ്രത്യേക സംവിധാനത്തോടും ഡിസൈനോടുംകൂടിയ "സമുദ്ര" എന്ന പേരിൽ സ്പെഷ്യൽ ബസ് സർവ്വീസുകൾ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനും ഫിഷറീസ് വകുപ്പുമായി സംയോജിച്ച് ആരംഭിക്കുന്നതിന് 72 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

**മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിന് നടപടി**

233 (3939) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ വർഷവും സംസ്ഥാനത്ത് മത്സ്യലഭ്യതയിൽ ഇടിവുണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ 2011-ൽ എത്ര ലക്ഷം മെട്രിക് ടൺ മത്സ്യം കിട്ടിയിരുന്നു; ആയത് 2021-ൽ എത്ര; വ്യക്തമാക്കുമോ?

2010-11 സാമ്പത്തിക വർഷം ആകെ 6.82 ലക്ഷം മെട്രിക് ടൺ മത്സ്യം ലഭിച്ചിരുന്നു. 2020-21 സാമ്പത്തിക വർഷം ആകെ 6.15 ലക്ഷം മെട്രിക് ടൺ മത്സ്യമാണ് ലഭിച്ചത്.

(സി) നിലവിൽ ദിനംപ്രതി ആവശ്യമുള്ള മത്സ്യത്തിന്റെ അളവെത്ര; ദിനംപ്രതി നിലവിലെ മത്സ്യലഭ്യതയുടെ അളവെത്ര?

സംസ്ഥാനത്ത് നിലവിൽ ദിനംപ്രതി ഏകദേശം 2054 മെട്രിക് ടൺ മത്സ്യമാണ് ആവശ്യമായിവരുന്നത്. ദിനംപ്രതി കേരളത്തിലെ മത്സ്യ ലഭ്യത നിലവിൽ 2050 മെട്രിക് ടൺ ആണ്.

(ഡി) ഇതര സംസ്ഥാനങ്ങളിൽനിന്നും ദിനംപ്രതി കേരളത്തിലെത്തുന്ന മത്സ്യത്തിന്റെ അളവെത്ര?

ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്കെത്തുന്ന മത്സ്യത്തിന്റെ ഏകദേശ അളവ് ഒരു വർഷം 2.18 ലക്ഷം മെട്രിക് ടൺ ആണ്.

(ഇ) പ്രസ്തുത ഇടിവ് പരിഹരിക്കുവാനും സംസ്ഥാനം മത്സ്യ ലഭ്യതയിൽ സ്വയംപര്യാപ്തത കൈവരിക്കുവാനും പ്രാപ്തമാകുന്നതിന് ഈ സർക്കാർ നൂതനമായ എന്തൊക്കെ നടപടികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

മത്സ്യോൽപാദനത്തിലെ കുറവ് പരിഹരിക്കുന്നതിനും സംസ്ഥാനം മത്സ്യലഭ്യതയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു*.

### എൽ.ഇ.ഡി. ലൈറ്റുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം

234 (3940) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളതീരത്തെ കടലിൽനിന്നും അന്യസംസ്ഥാന ബോട്ടുകൾ അതിശക്തമായ എൽ.ഇ.ഡി. ലൈറ്റുകളുപയോഗിച്ച് വൻതോതിൽ മത്സ്യബന്ധനം നടത്തുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) അതിശക്തമായ വെളിച്ചമുപയോഗിച്ച് ചെറുമീനുകളെയുൾപ്പെടെ ആകർഷിച്ച് കൂട്ടത്തോടെ പിടിക്കുന്ന രീതിയാണ് ഇവർ പിൻതുടരുന്നതെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(സി) ഇപ്രകാരം മത്സ്യബന്ധനം നടത്തുമ്പോൾ വലകളിൽ കുടുങ്ങാത്ത മത്സ്യങ്ങൾ ആഴങ്ങളിലേയ്ക്കുപോയി മറ്റ് വൻമത്സ്യങ്ങൾക്ക് ഇരയാകുമെന്ന വിദഗ്ദ്ധാഭിപ്രായം സർക്കാർ പരിശോധിക്കുമോ?

ഉണ്ട്. ഇത് തടയുന്നതിനായി 12 വാട്സിന് മുകളിലുള്ള പ്രകാശമുപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നത് നിരോധിച്ചിട്ടുണ്ട്. മറൈൻ എൻഫോഴ്സ്മെന്റും ഫിഷറീസ് വകുപ്പും പട്രോളിംഗ് കർശനമാക്കുകയും നിയമലംഘനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ യാനം പിടിച്ചെടുത്ത് പിഴ ഈടാക്കുന്നുമുണ്ട്. കൂടാതെ, മത്സ്യഗ്രാമങ്ങൾ വഴി നടത്തുന്ന ബോധവത്കരണ പരിപാടികളിലൂടെ ഇത്തരം മത്സ്യബന്ധനത്തിനെതിരെ മത്സ്യത്തൊഴിലാളികൾക്കിടയിൽ അവബോധം സൃഷ്ടിക്കാൻ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. നിരോധനം കേരളത്തിലെ യാനങ്ങൾക്കും അന്യസംസ്ഥാന യാനങ്ങൾക്കും ബാധകമാണ്. സംസ്ഥാനത്തിന്റെ ടെറിട്ടോറിയൽ പ്രദേശത്തിനപ്പുറം ലൈറ്റുപയോഗിച്ചുള്ള മത്സ്യബന്ധനം കേന്ദ്രസർക്കാർ നിരോധിച്ചിട്ടുണ്ട്.

(ഡി) ഇപ്രകാരം മത്സ്യബന്ധനം നടത്തുന്നത് മറ്റുസംസ്ഥാനങ്ങളിൽ നിരോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

മറ്റ് സംസ്ഥാനങ്ങളുടെ അധീനതയിലുള്ള തീരക്കടൽ പ്രദേശത്ത് (ടെറിട്ടോറിയൽ സീ) ഇത്തരം വിലക്ക് സംബന്ധിച്ച വിവരം ലഭ്യമല്ല. എന്നാൽ കേന്ദ്ര കൃഷി, കർഷക ക്ഷേമ മന്ത്രാലയത്തിന്റെ കീഴിലുള്ള മത്സ്യബന്ധന വകുപ്പ് സംസ്ഥാനങ്ങളുടെ തീരക്കടൽ പരിധി (ടെറിട്ടോറിയൽ സീ) കഴിഞ്ഞുള്ള സമുദ്രഭാഗത്ത് (EEZ) ലൈറ്റുപയോഗിച്ചുള്ള മത്സ്യബന്ധനം നിരോധിച്ചിട്ടുണ്ട്.

**കാസർഗോഡ് അഴിമുഖത്തുണ്ടായ തോണി അപകടം**

235 (3941) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജൂലൈ 4-ന് കാസർഗോഡ് അഴിമുഖത്തുണ്ടായ തോണി അപകടത്തിൽ മരിച്ച എല്ലാവരുടേയും കുടുംബങ്ങൾക്ക് ഏത് പദ്ധതി പ്രകാരമാണ്

ധനസഹായം നൽകിയതെന്നും ഇനിയും സഹായം നൽകുമോയെന്നും എങ്കിൽ എപ്പോഴാണെന്നും അത് ഏത് പദ്ധതി പ്രകാരമായിരിക്കുമെന്നും വ്യക്തമാക്കാമോ?

തോണി അപകടത്തിൽ മരണപ്പെട്ട രതീഷ്, സന്ദീപ് എന്നിവരുടെ കുടുംബത്തിന് അടിയന്തര മുൻകൂർ ധനസഹായം 10,000 രൂപ വീതവും മുൻകൂർ ഇൻഷ്വറൻസ് ക്ലെയിം 1,00,000 രൂപ വീതവും മത്സ്യബോർഡിൽനിന്നും അനുവദിച്ചിട്ടുണ്ട്. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരമാണ് മത്സ്യബോർഡിൽ നിന്നും ധനസഹായം നൽകിയിട്ടുള്ളത്. ഇതുകൂടാതെ ഇവർക്ക് മത്സ്യഫെഡിൽനിന്നും അടിയന്തര ധനസഹായമായി 10,000 രൂപ വീതം നൽകിയിട്ടുണ്ട്. രതീഷിന്റെയും സന്ദീപിന്റെയും ഇൻഷ്വറൻസ് ക്ലെയിം തുക 10,00,000 രൂപ വീതം ലഭ്യമാകുന്നമുറയ്ക്ക് അടിയന്തര ധനസഹായമായി മുൻകൂർ അനുവദിച്ച തുക കുറച്ച് ബാക്കി 8,90,000 രൂപ വീതം രണ്ട് പേരുടെയും കുടുംബത്തിന് അനുവദിച്ചുനൽകുന്നതാണ്.

(ബി) മരണപ്പെട്ടവരിൽ ആരുടെയെങ്കിലും കുടുംബത്തിന് സഹായധനം നൽകാൻ ബാക്കിയുണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്നും പ്രസ്തുത കുടുംബത്തിന് സഹായം ലഭിക്കാൻ സാദ്ധ്യതയുണ്ടോയെന്നും എങ്കിൽ ഏത് പദ്ധതിയിൽ നിന്നായിരിക്കും സഹായമെന്നും തുക എത്രയായിരിക്കുമെന്നും വ്യക്തമാക്കാമോ?

തോണി അപകടത്തിൽ മരണപ്പെട്ട കാർത്തിക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമല്ലാത്തതിനാൽ ടിയാന്റെ കുടുംബത്തിന് മത്സ്യബോർഡിൽനിന്നും 5,000 രൂപയും മത്സ്യഫെഡിൽനിന്നും 5,000 രൂപയും ധനസഹായമായി നൽകിയിട്ടുണ്ട്. കുടുംബത്തിന് പരമാവധി ധനസഹായം അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## മത്സ്യബന്ധന ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ്

236 (3942) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പരമ്പരാഗത മത്സ്യമേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഈ മേഖലയിലുള്ളവർ ഉപയോഗിക്കുന്ന മത്സ്യബന്ധന ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. അപകടത്തിൽപ്പെടുന്ന മത്സ്യബന്ധനയാനങ്ങൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നത് സംബന്ധിച്ച് 2018 മുതൽ ഫിഷറീസ് വകുപ്പ് മത്സ്യബന്ധന

ഉപകരണങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി നടപ്പിലാക്കിവരുന്നു. പദ്ധതി തുടങ്ങിയ 2018 സാമ്പത്തിക വർഷം ഹള്ളിന് മാത്രമായി ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ 2019 മുതൽ യാനങ്ങൾക്ക് പുറമെ എൻജിനുകൾക്കുംകൂടി ഇൻഷ്വറൻസ് കവറേജ് നടപ്പിലാക്കിവരുന്നു. ടി പദ്ധതിയിൽ സർക്കാർ വിഹിതം 90% ആണ്. 2018-ൽ 647, 2019-ൽ 858, 2020-ൽ 926 എന്ന കണക്കിൽ യാനങ്ങൾ ടി പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്. 2018 മുതൽ ഇ-ടെൻഡറിലൂടെ തെരഞ്ഞെടുത്ത യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസ് കമ്പനി മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. നിശ്ചിത വിലയുടെ 1.5%+ടാക്സ് എന്ന രീതിയിലാണ് പ്രീമിയം കണക്കാക്കി 2018-19 സാമ്പത്തിക വർഷം മുതൽ പദ്ധതി നടപ്പിലാക്കിയിരുന്നത്. 2020 സാമ്പത്തിക വർഷം മുതൽ നിശ്ചിത വിലയുടെ 1.3%+ടാക്സ് എന്ന രീതിയിലാണ് പ്രീമിയം അടവാക്കി പദ്ധതി നടപ്പിലാക്കുന്നത്.

**തോയക്കാവ് പ്രവർത്തിച്ചിരുന്ന ഫിഷറീസ് സ്കൂൾ**

237 (3943) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിന്റെ കീഴിൽ മണലൂർ നിയോജകമണ്ഡലത്തിലെ വെങ്കിടങ്ങ് പഞ്ചായത്തിലെ തോയക്കാവ് പള്ളിക്കടവിൽ പ്രവർത്തിച്ചിരുന്ന ഫിഷറീസ് സ്കൂൾ ഏത് വർഷമാണ് പ്രവർത്തനരഹിതമായതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സ്കൂളിന്റെ പ്രവർത്തനം നിലയ്ക്കാനുണ്ടായ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്കൂൾ നിലനിന്നിരുന്ന സ്ഥലത്ത് ഫിഷറീസ് വകുപ്പിന്റെ കൈവശത്തിലുള്ള ഭൂമിയുടെ വിസ്തീർണ്ണം എത്രയാണെന്ന് അറിയിക്കാമോ;

(ഡി) ഈ സ്ഥലം ഫിഷറീസ് വകുപ്പിന്റെ ഏതെങ്കിലും പദ്ധതിക്കായി വിനിയോഗിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

&

(ഇ) ഇല്ലെങ്കിൽ വെങ്കിടങ്ങ് ഉൾനാടൻ മത്സ്യത്തൊഴിലാളി സഹകരണ സംഘത്തിന്റെ പ്രവർത്തനങ്ങൾക്കായി പ്രസ്തുത സ്ഥലം വിട്ടുനൽകാൻ നടപടി സ്വീകരിക്കുമോ?

(എ-ഇ) മണലൂർ നിയോജകമണ്ഡലത്തിലെ വെങ്കിടങ്ങ് പഞ്ചായത്തിൽ തോയക്കാവ് പള്ളിക്കടവിൽ പ്രവർത്തിച്ചിരുന്ന സ്കൂൾ ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിലല്ല.

**പുനർഗേഹം പദ്ധതി**

238 (3944) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം നിയോജകമണ്ഡലത്തിൽ പുനർഗേഹം പദ്ധതി പ്രകാരം എത്രപേർ സ്ഥലംവാങ്ങി വീട് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്നും എത്രപേർ സ്ഥലം കണ്ടെത്തി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അറിയിക്കാമോ;

&

(ബി) പ്രസ്തുത മണ്ഡലത്തിൽ ആകെ എത്രപേർക്ക് പുനർഗേഹം പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്; വിശദമായ കണക്കുകൾ നൽകാമോ?

കോവളം നിയോജകമണ്ഡലത്തിൽ 18 പേർ പുനർഗേഹം പദ്ധതി പ്രകാരം സ്ഥലം വാങ്ങി രജിസ്റ്റർ ചെയ്യുകയും അതിൽ 4 പേർ ഭവനനിർമ്മാണം പൂർത്തിയാക്കുകയും 4 പേർ ഭവനനിർമ്മാണത്തിന്റെ രണ്ടാം ഘട്ടത്തിലുമാണ്.

**മത്സ്യത്തൊഴിലാളി മേഖലയിൽ സമ്പൂർണ്ണ ഭവനം**

239 (3945) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി മേഖലയിൽ സമ്പൂർണ്ണഭവനം എന്ന ലക്ഷ്യത്തിനായി നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കുമോ?

അർഹരായ എല്ലാവർക്കും സമ്പൂർണ്ണ പാർപ്പിടം ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ നടപ്പാക്കുന്ന 'ലൈഫ് മിഷൻ' പദ്ധതി വഴിയാണ് നിലവിൽ മത്സ്യത്തൊഴിലാളികളുൾപ്പെടെ എല്ലാ വിഭാഗം ജനങ്ങൾക്കും ഭവന പദ്ധതി നടപ്പാക്കിവരുന്നത്. 2016-17 മുതൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയ വിവിധ ഭവന പദ്ധതികളിലുൾപ്പെടുത്തി 3555 പേർക്ക് ഭവനനിർമ്മാണ ധനസഹായത്തിൽ പരിഗണിച്ചതിൽ 3030 പേർ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയ വിവിധ പുനരധിവാസ പദ്ധതികളിലുൾപ്പെടുത്തി 1854 പേരെ പുനരധിവസിപ്പിക്കുന്നതിന് പരിഗണിച്ചതിൽ 1418 പേർ സ്ഥലം രജിസ്റ്റർ ചെയ്യുകയും 1119 പേർ ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതി പ്രകാരം ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകരിച്ച 10307 ഗുണഭോക്താക്കളിൽ

7692 പേർ മാറി താമസിക്കാൻ സമ്മതം അറിയിച്ചിട്ടുള്ളതും 1596 പേർ ഭൂമി രജിസ്റ്റർ ചെയ്യുകയും 1109 പേർ ഭവനനിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 368 പേർ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം മുട്ടത്തറയിൽ 192 മത്സ്യത്തൊഴിലാളികളെ ഫ്ളാറ്റിൽ പുനരധിവസിപ്പിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിലായി 1174 ഗുണഭോക്താക്കളെ പുനർഗേഹം പദ്ധതി പ്രകാരം ഫ്ളാറ്റ് സമുച്ചയം നിർമ്മിച്ച് പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 2017-18 മുതൽ ഫിഷറീസ് വകുപ്പ് മുഖേന ഭവനനിർമ്മാണ പദ്ധതികൾ നടപ്പാക്കുന്നില്ല. തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതികളാണ് ഫിഷറീസ് വകുപ്പ് നടപ്പാക്കിവരുന്നത്. നിലവിൽ ഭൂമിയുള്ള ഭവനരഹിതരായവരും ഭൂരഹിത ഭവനരഹിതരായവരുമായ അർഹതപ്പെട്ട എല്ലാ മത്സ്യത്തൊഴിലാളികൾക്കും ലൈഫ് പദ്ധതിയിലുൾപ്പെടുത്തി ലൈഫ് മിഷൻ മുഖേനയാണ് ഭവനനിർമ്മാണ ധനസഹായം നൽകുന്നത്. ഭവനരഹിതരായ മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും സുരക്ഷിത ഭവനമൊരുക്കുന്നതിന് ഫിഷറീസ് വകുപ്പ് മുഖേന 7778 പേരുടെ ലിസ്റ്റും ഭൂരഹിത ഭവനരഹിതരായ 7346 പേരുടെ ലിസ്റ്റും ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്. ലൈഫ് മിഷൻ രണ്ടാം ഘട്ടത്തിലുൾപ്പെടെ ഭവനരഹിതരായ 2011 മത്സ്യത്തൊഴിലാളി ഗുണഭോക്താക്കളുടെ പട്ടിക അംഗീകരിക്കുകയും 1305 പേർ കരാറിലേർപ്പെട്ട് ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇതിൽ 1161 പേർ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ലൈഫ് മിഷൻ മൂന്നാം ഘട്ടത്തിലുൾപ്പെടുത്തി ഭൂരഹിത ഭവനരഹിതരായ 374 പേരുടെ പട്ടിക അംഗീകരിക്കുകയും ഇതിൽ 225 പേരുടെ അർഹത നിശ്ചയിച്ച് 194 പേർ എഗ്രിമെൻറ് വയ്ക്കുകയും 17 പേർ ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്ന ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഫിഷറീസ് വകുപ്പ് മുഖേന നിലവിൽ ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം നൽകുന്ന പദ്ധതി നടപ്പാക്കുന്നില്ല.

(സി) തിരൂർ നിയോജകമണ്ഡലത്തിൽ ഭൂരഹിതരായ എത്ര മത്സ്യത്തൊഴിലാളി ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് ധനസഹായം നൽകാനുണ്ടെന്നും എപ്പോൾ നൽകാനാകുമെന്നും വ്യക്തമാക്കുമോ?

ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് മുൻവർഷങ്ങളിൽ ഫിഷറീസ് വകുപ്പ് മുഖേന ആനുകൂല്യം നൽകിയിരുന്നു. എന്നാൽ നിലവിൽ ടി പദ്ധതി നടപ്പിലാക്കുന്നില്ല. ഇത്തരത്തിൽ നടപ്പിലാക്കിയ പദ്ധതിയിൽ തിരൂർ നിയോജകമണ്ഡലത്തിൽ ആർക്കും ധനസഹായം നൽകാനില്ല.

## മത്സ്യത്തൊഴിലാളികൾക്കുള്ള സഹായങ്ങൾ

240 (3946) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര മത്സ്യത്തൊഴിലാളികളും അനുബന്ധ ത്തൊഴിലാളികളുമുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത തൊഴിലാളികളുടെ വരുമാനത്തെക്കുറിച്ചുള്ള യഥാർത്ഥ വിവരം സർക്കാരിന്റെ പക്കലുണ്ടോയെന്ന് അറിയിക്കാമോ?

2018-19 സാമ്പത്തിക വർഷം വരെയുള്ള മത്സ്യത്തൊഴിലാളികളുടെ പ്രതിശീർഷ വരുമാനം അനുബന്ധമായി ചേർക്കുന്നു*.

(സി) എല്ലാ ദിവസവും ജോലിചെയ്ത് ഉപജീവനം നടത്താൻ ഇവർക്ക് കഴിയുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

പ്രകൃതിക്ഷോഭം, ട്രോൾബാൻ, കോവിഡ് 19-ന്റെ നിയന്ത്രണങ്ങൾ എന്നിവമൂലം മത്സ്യത്തൊഴിലാളികൾക്ക് എല്ലാ ദിവസവും ജോലി ചെയ്ത് ഉപജീവനം നടത്താൻ കഴിയുന്നില്ല. കേന്ദ്ര കാലാവസ്ഥ മുന്നറിയിപ്പുമൂലവും കോവിഡ്-19 മഹാമാരിമൂലവും 2020 ഏപ്രിൽ മുതൽ 2021 മാർച്ച് വരെയുള്ള കാലയളവിൽ ഏകദേശം 120 തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ടതായി കണക്കാക്കിയിട്ടുണ്ട്.

(ഡി) ഇല്ലെങ്കിൽ, വർഷത്തിൽ എത്ര ദിവസം ഇവർക്ക് വരുമാനമില്ലാതെയുണ്ടെന്നും ആ കാലത്ത് എന്തെല്ലാം സഹായങ്ങളാണ് സർക്കാർ നൽകുന്നതെന്നും വിശദമാക്കാമോ;

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ട്രോളിംഗ് നിരോധന കാലയളവിൽ മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം മൂന്ന് മാസങ്ങളിലായി 4500 രൂപയുടെ ധനസഹായം അനുവദിക്കുന്നുണ്ട്. കൂടാതെ ട്രോളിംഗ് നിരോധന കാലയളവിൽ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും സൗജന്യ റേഷൻ അനുവദിക്കുന്നുണ്ട്. കാലാവസ്ഥാ മുന്നറിയിപ്പ്, കോവിഡ് ആദ്യ ഘട്ടം എന്നിവയാൽ തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം നൽകുന്നതിനായി എസ്.ഡി.ആർ.എഫ്. പ്രകാരം 31.126 കോടി രൂപയും സി.എം.ഡി.ആർ.എഫ്. പ്രകാരം 5 കോടി രൂപയുമുൾപ്പെടെ 36.126 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടൗട്ടേ ചുഴലിക്കാറ്റുമായി ബന്ധപ്പെട്ട് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയിരുന്ന ആറുദിവസത്തേയ്ക്കുള്ള ധനസഹായം ഒരു കുടുംബത്തിന് 1200 രൂപ നിരക്കിൽ തിട്ടപ്പെടുത്തി 18.36 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കോവിഡ്-19 രണ്ടാം തരംഗത്തിന്റെയും ടൗട്ടേ ചുഴലിക്കാറ്റിന്റെ പ്രഭാവത്തിലുണ്ടായ പേമാരിയുടെയും പശ്ചാത്തലത്തിൽ ഭക്ഷ്യ ഇനങ്ങൾ, മാസ്ക്, സാനിറ്റൈസർ എന്നിവയുൾപ്പെടുന്ന 20 ഇനങ്ങളുടെ കിറ്റ് സിവിൽ സപ്ലൈസ് മുഖേന റേഷൻ കടകൾ വഴി 122377 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് നൽകിയിട്ടുണ്ട്.

(ഇ) മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും വേണ്ടി എന്തെല്ലാം പദ്ധതികളും ആനുകൂല്യങ്ങളുമുണ്ടെന്നും ഇതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അപേക്ഷിക്കേണ്ട രീതി എങ്ങനെയാണെന്നും വ്യക്തമാക്കാമോ?

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും നടപ്പാക്കിവരുന്ന വിവിധ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

(എഫ്) മത്സ്യത്തൊഴിലാളികളുടെ തൊഴിൽ ഉപകരണങ്ങൾ (തോണിയും ബോട്ടും അടക്കം) നഷ്ടപ്പെട്ടാലോ അവയ്ക്ക് കേടുപാടുകൾ സംഭവിച്ചാലോ ധനസഹായം ലഭിക്കുമോ; വിശദാംശം നൽകാമോ?

പ്രകൃതിക്ഷോഭത്തിൽ/കടൽക്ഷോഭത്തിൽപ്പെട്ട് മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന ഉപകരണങ്ങൾ പൂർണ്ണമായോ ഭാഗികമായോ തകരാർ/നഷ്ടം സംഭവിക്കുന്നവർക്ക് ജില്ലാ കളക്ടറുടെ എസ്.ഡി.ആർ.എഫ്. നിന്നും ധനസഹായം അനുവദിക്കുന്നുണ്ട്. കൂടാതെ അപകടത്തിൽപ്പെടുന്ന മത്സ്യബന്ധനയാനങ്ങൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നത് സംബന്ധിച്ച് 2018 മുതൽ ഫിഷറീസ് വകുപ്പ് മത്സ്യബന്ധന ഉപകരണങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപ്പിലാക്കിവരുന്നു. പദ്ധതി തുടങ്ങിയ 2018 സാമ്പത്തിക വർഷം ഹള്ളിന് മാത്രമായി ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. എന്നാൽ 2019 മുതൽ യാനങ്ങൾക്ക് പുറമേ എഞ്ചിനുകൾക്കുംകൂടി ഇൻഷ്വറൻസ് കവറേജ് നടപ്പിലാക്കിവരുന്നു.

**മാർക്കറ്റുകൾ സ്ത്രീ സൗഹൃദമാക്കാൻ നടപടി**

241 (3947) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യ വിപണന മേഖലയിലേർപ്പെട്ടിരിക്കുന്ന സ്ത്രീകൾക്ക് മാർക്കറ്റുകളിൽ പ്രാഥമിക സൗകര്യം ഏർപ്പെടുത്താനും മാർക്കറ്റുകൾ സ്ത്രീ സൗഹൃദമാക്കാനും ആധുനീകരിക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ കേന്ദ്ര/ സംസ്ഥാന/ കിഫ്ബി ധനസഹായം മുഖേന സംസ്ഥാനമൊട്ടാകെ ആധുനിക മത്സ്യമാർക്കറ്റുകളുടെ ഒരു ശൃംഖലതന്നെ സജ്ജമാക്കിവരുന്നു. ഓരോ മത്സ്യമാർക്കറ്റിലും പച്ച മത്സ്യത്തിനും ഉണക്ക മത്സ്യത്തിനും പ്രത്യേകം സ്റ്റാളുകൾ, മത്സ്യം വൃത്തിയായി കഴുകുന്നതിനാവശ്യമായ സിങ്ക്, മലിനജലം പൂർണ്ണമായും ഒഴുകിപ്പോകുന്ന രീതിയിലുള്ള ഡ്രെയിനേജ് സംവിധാനം, മത്സ്യം മുറിക്കുന്നതിനുള്ള സ്ലാബ് എന്നീ സംവിധാനങ്ങളോടുകൂടിയ വിപണന സ്റ്റാളുകളും ശുചിത്വം ഉറപ്പാക്കുന്നതിനായി മലിനജല സംസ്കരണ യൂണിറ്റും ഉൾപ്പെടുത്തിയിട്ടുണ്ട്. കച്ചവടക്കാർക്ക് പ്രത്യേകിച്ച് മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് വിശ്രമിക്കുന്നതിനായി റെസ്റ്റ് റൂം സ്ഥല സൗകര്യമനുസരിച്ച് മത്സ്യമാർക്കറ്റുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ശുദ്ധജല ലഭ്യത, പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകം ടോയ്‌ലെറ്റ് സംവിധാനം എന്നിവയും ഓരോ മത്സ്യമാർക്കറ്റിലും ഉറപ്പാക്കിയിട്ടുണ്ട്.

**പുനർഗേഹം പദ്ധതി**

242 (3948) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനർഗേഹം പദ്ധതി പ്രകാരം കടൽത്തീരത്തുനിന്നും അധികം ദൂരെയല്ലാതെ ഭൂമി കണ്ടെത്താൻ മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രയാസം ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

ശ്രദ്ധയിൽവന്നിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഒന്നിൽ കൂടുതൽ അപേക്ഷകർക്ക് കൂട്ടായി ഭൂമി വാങ്ങാൻ കഴിയുമോ;

&

(സി) ഭൂമിയുടെ ലഭ്യതക്കുറവ് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് ആലോചിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് ഒരുമിച്ച് ചേർന്ന് റസിഡന്റ് ഗ്രൂപ്പായി ഭൂമി വാങ്ങി ഫ്ളാറ്റ് അപ്പാർട്ട്മെന്റ് നിർമ്മിക്കുന്നതിന് അനുമതി നൽകുന്നുണ്ട്. കൂടാതെ ഭൂമി ഏറ്റെടുത്ത് സർക്കാർ ഫ്ളാറ്റ് നിർമ്മാണം നടത്തി ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നുമുണ്ട്.

**പുനർഗേഹം പദ്ധതി**

243 (3949) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലോരത്തുനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത സ്ഥാനത്തേയ്ക്ക് മാറ്റി പുനരധിവസിപ്പിക്കുന്നതിനുള്ള പുനർഗേഹം പദ്ധതിക്കായി ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്?

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും പദ്ധതി നിർവ്വഹണത്തിന് അടിയന്തരമായി അനുവദിച്ച 200 കോടി രൂപയിൽ 161,62,29,675 (നൂറ്റി അറുപത്തിയൊന്ന് കോടി അറുപത്തിരണ്ട് ലക്ഷത്തി ഇരുപത്തിയൊൻ പതിനായിരത്തി അറുന്നൂറ്റി എഴുപത്തിയഞ്ച് രൂപ) ചെലവഴിച്ചിട്ടുണ്ട്.

(ബി) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ പുനർഗേഹം പദ്ധതിയിലുൾപ്പെടുത്തുന്നതിനായി എത്ര കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ട്; എത്ര കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

കണ്ണൂർ ജില്ലയിൽ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ പുനർഗേഹം പദ്ധതിയിലുൾപ്പെടുത്തുന്നതിലേയ്ക്കായി ആകെ 258 കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത കുടുംബങ്ങളിൽ ആകെ 18 കുടുംബങ്ങൾ മാത്രമാണ് നിലവിൽ 50 മീറ്ററിനുള്ളിൽനിന്നും മാറിത്താമസിക്കുന്നതിന് സമ്മതം അറിയിച്ചിട്ടുള്ളത്. ഇതിൽ ഒരു കുടുംബത്തെ പുനരധിവസിപ്പിച്ചിട്ടുണ്ട്.

## ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി

244 (3950) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 26-7-2020-ന് മത്സ്യബന്ധനത്തിനിടെ വള്ളം മറിഞ്ഞ് മരണപ്പെട്ട വൈപ്പിൻ നിയോജകമണ്ഡലത്തിലെ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ പള്ളിപ്പോർട്ട് കരയിൽ അന്നനടയ്ക്കൽ വീട്ടിൽ ലീലാധരന്റെ ക്ഷേമനിധി ആനുകൂല്യങ്ങൾ ടിയാളുടെ കുടുംബത്തിന് ലഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ?

ലീലാധരൻ 26-7-2020-ന് മത്സ്യബന്ധനത്തിനിടയിൽ അപകടത്തിൽ മരണപ്പെട്ടതുമായി ബന്ധപ്പെട്ട് സമർപ്പിച്ച ഇൻഷ്വറൻസ് ക്ലെയിം അപേക്ഷയിൽ അനന്തരാവകാശ സർട്ടിഫിക്കറ്റ്, കെമിക്കൽ അനാലിസിസ് റിപ്പോർട്ട്, ന്യൂസ് പേപ്പർ കട്ടിംഗ്, ഡയാറ്റം ടെസ്റ്റ് റിപ്പോർട്ട് എന്നീ രേഖകൾകൂടി ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ആവശ്യപ്പെട്ടിരുന്നു. ആയത് എറണാകുളം മേഖല ഓഫീസിൽനിന്നും അപേക്ഷകയെ അറിയിച്ചിട്ടുണ്ട്. ആവശ്യപ്പെട്ട രേഖകൾ അപേക്ഷകയിൽനിന്ന് ലഭ്യമാകാത്തതിനാലാണ് ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കുന്നതിന് കാലതാമസമുണ്ടാകുന്നത്.

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ?

ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കുന്നമുറയ്ക്ക് അപേക്ഷയിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

## മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യം

245 (3951) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പ് മുഖേന നിലവിൽ എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ;

&

(ബി) പ്രസ്തുത ആനുകൂല്യങ്ങൾക്ക് അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ആരാണ്; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പ് മുഖേന നിലവിൽ നൽകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവരുടെ സുരക്ഷ**

246 (3952) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശക്തമായ കടൽക്ഷോഭത്തിൽ മത്സ്യബന്ധന വള്ളങ്ങൾ മറിഞ്ഞ് മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**മറൈൻ ആംബുലൻസ്**

247(3953) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ സുരക്ഷയുമായി ബന്ധപ്പെട്ട് പുതിയതായി തുടങ്ങിയ മറൈൻ ആംബുലൻസിന്റെ പ്രവർത്തനം സംബന്ധിച്ച് വിശദീകരണം നൽകാമോ?

ഓഖി പോലുള്ള അടിയന്തര സാഹചര്യങ്ങളിൽ കടലിൽ അകപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര രക്ഷാപ്രവർത്തനം നടത്തി കരയിലെത്തിക്കുക, അവർക്ക് പ്രഥമ ശുശ്രൂഷ നൽകുക എന്നീ ലക്ഷ്യവുമായിട്ടാണ് മറൈൻ ആംബുലൻസ് പദ്ധതി ആരംഭിച്ചിട്ടുള്ളത്.

(ബി) ആധുനിക സൗകര്യങ്ങളോടുകൂടിയ ഇത്തരത്തിലുള്ള എത്ര ആംബുലൻസുകൾ ഫിഷറീസ് വകുപ്പിന്റെ കൈവശമുണ്ട്; ഇവ കേരളത്തിലെ ഏത് തീരത്താണ് നങ്കൂരമിട്ടിരിക്കുന്നത്; വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3 എണ്ണം. തിരുവനന്തപുരം ജില്ലയിൽ വിഴിഞ്ഞത്ത് 'പ്രതീക്ഷ', എറണാകുളം ജില്ലയിൽ വൈപ്പിനിൽ 'പ്രത്യാശ', കോഴിക്കോട് ജില്ലയിൽ ബേപ്പൂരിൽ 'കാരുണ്യ' എന്നിവയാണ് പ്രവർത്തിക്കുന്നത്.

(സി) ഇതിന്റെ പ്രവർത്തനഫലമായി എത്ര അപകടങ്ങളിൽനിന്നും മത്സ്യത്തൊഴിലാളികളെ രക്ഷിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ; ഇതിൽ ജോലി ചെയ്യുന്നവർക്ക് പരിശീലനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ 28, കോഴിക്കോട് ജില്ലയിൽ 4, എറണാകുളം ജില്ലയിൽ 2 എന്നിങ്ങനെ ആകെ 34 സീ റെസ്ക്യൂ & സെർച്ച് ഓപ്പറേഷനുകൾ മറൈൻ ആംബുലൻസുകൾ മുഖേന നടത്തിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷനിലെ പരിചയസമ്പന്നരായ ക്രൂ അംഗങ്ങളാണ് മറൈൻ ആംബുലൻസ് പ്രവർത്തിപ്പിക്കുന്നത് എന്നതിനാൽ അവർക്ക് പ്രത്യേക പരിശീലനത്തിന്റെ ആവശ്യമില്ല.

**മത്സ്യമേഖലയിലെ പദ്ധതികളുടെ നടത്തിപ്പ്**

248 (3954) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിൽ മേഖലയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ സുഗമമായ നടത്തിപ്പിനുവേണ്ടി വകുപ്പുമന്ത്രിയും മത്സ്യത്തൊഴിലാളി സംഘടനാ നേതാക്കളുമായും ചർച്ചകൾ നടത്തിയിരുന്നോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ചർച്ച നടത്തിയിരുന്നു. മത്സ്യമേഖലയിലെ വിവിധ വികസന പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 28-6-2021-ന് മത്സ്യത്തൊഴിലാളി സംഘടന നേതാക്കളുമായി ഒരു ഓൺലൈൻ മീറ്റിംഗ് കൂടിയിരുന്നു. ടി മീറ്റിംഗിൽ പ്രധാനപ്പെട്ട എല്ലാ മത്സ്യത്തൊഴിലാളി സംഘടനാ നേതാക്കളും പങ്കെടുത്തിരുന്നു. യോഗത്തിലെടുത്ത പ്രധാനപ്പെട്ട തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

1) സമ്പാദ്യ സമാശ്വാസ പദ്ധതിക്കാവശ്യമായ തുക അടിയന്തരമായി അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിന് വീണ്ടും കത്തയയ്ക്കുന്നതാണ്.

2) പ്രാദേശിക തലത്തിൽ മത്സ്യത്തൊഴിലാളികളെക്കൂടി പങ്കാളിത്തമുള്ള ജനകീയ കമ്മിറ്റികൾ രൂപീകരിക്കാനും ആയതിലൂടെ പദ്ധതി പ്രവർത്തനങ്ങൾ മത്സ്യത്തൊഴിലാളി സമൂഹത്തിന് പ്രയോജനകരമായി നടപ്പാക്കാനും തീരുമാനിച്ചു.

3) എല്ലാ മത്സ്യത്തൊഴിലാളികളെയും തീരദേശം, ഉൾനാടൻ എന്ന വേർതിരിവില്ലാതെ കാണാനും തുടർപദ്ധതികൾ അതിൻപ്രകാരം ആവിഷ്കരിക്കാനും തീരുമാനിച്ചു.

4) എല്ലാ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെയും എഞ്ചിനും യാനങ്ങളും രജിസ്റ്റർ ചെയ്യുവാനും ഇൻഷ്വറൻസ് പരിരക്ഷയിൽ കൊണ്ടുവരാനും തീരുമാനിച്ചു.

5) മത്സ്യവിപണനത്തിന് പോകുന്ന സ്ത്രീകൾക്ക് കെ.എസ്.ആർ.ടി.സി. മുഖേന യാത്രാസൗകര്യം സൗജന്യമായി നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന് ആഗസ്റ്റ് മാസം തുടക്കം കുറിക്കും.

6) മത്സ്യബോർഡിൽ അംഗത്വമുള്ളതും എന്നാൽ എഫ്.ഐ.എം.എസ്.-ൽ (ഡാറ്റാ ബേസ്) ഉൾപ്പെടാത്തവർക്ക് പേരുൾപ്പെടുത്താൻ ജൂലൈ 15 വരെ സമയം ദീർഘിപ്പിച്ചുനൽകി. ആവശ്യമെങ്കിൽ മത്സ്യഗ്രാമങ്ങൾ കേന്ദ്രീകരിച്ച് ഹെൽപ് ഡെസ്കുകൾ തുറക്കുന്നതിനും തീരുമാനിച്ചു. ഇതിന് ട്രേഡ് യൂണിയൻ ആവശ്യമായ പ്രചരണം നൽകണം.

7) 25 രൂപയ്ക്ക് മത്സ്യബന്ധനയാനങ്ങൾക്ക് മണ്ണെണ്ണ അനുവദിക്കുമെന്ന നിർദ്ദേശം നടപ്പാക്കുന്നതാണ്.

8) വിവിധ മത്സ്യത്തൊഴിലാളി ക്ഷേമപദ്ധതികളെക്കുറിച്ചും കടൽ സുരക്ഷയെക്കുറിച്ചും മത്സ്യത്തൊഴിലാളി മേഖലകളിൽ ബോധവത്കരണം സംഘടിപ്പിക്കും.

9) കമ്മിറ്റികളിൽ മത്സ്യത്തൊഴിലാളി പ്രാതിനിധ്യം ഉറപ്പാക്കുന്നതാണ്.

10) സഹകരണ മേഖലയെ ശക്തിപ്പെടുത്തി മത്സ്യത്തൊഴിലാളി കൾക്കാവശ്യമായ പരിശീലനം നൽകി ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കും.

11) മത്സ്യത്തൊഴിലാളികൾക്ക് വായ്പാ സൗകര്യം വർദ്ധിപ്പിക്കുന്നതിന് നിലവിലെ ക്ഷേമസഹകരണ സംഘങ്ങളുടെ പ്രവർത്തനം പുനരാവിഷ്കരിക്കാൻ പഠനം നടത്തും.

12) മത്സ്യത്തിന്റെ ആദ്യ വില്പനാവകാശവും കടലിലേയ്ക്കുള്ള പ്രവേശനാവകാശവും തീരത്ത് അധിവസിക്കാനുള്ള അവകാശവും സംരക്ഷിക്കുന്നതിന് നിയമനിർമ്മാണം നടപ്പാക്കും.

(ബി) കേന്ദ്രസർക്കാർ മണ്ണെണ്ണയ്ക്ക് അനുദിനം വിലവർദ്ധിപ്പിക്കുന്ന സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ന്യായവിലയിൽ മണ്ണെണ്ണ ലഭ്യമാക്കുന്നതിനാവശ്യമായ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

നിലവിൽ സിവിൽ സപ്ലൈസ് വഴി നൽകിവരുന്ന നോൺ സബ്സിഡി പി.ഡി.എസ്. മണ്ണെണ്ണയ്ക്കുപുറമേ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ത്തിനാവശ്യമായ മണ്ണെണ്ണ മത്സ്യഫെഡ് വഴി വിതരണം ചെയ്യുകയും ആയതിന് ലിറ്ററിന് 25 രൂപ സബ്സിഡി മത്സ്യത്തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കാലതാമസമില്ലാതെ ഡി.ബി.റ്റി. ആയി നൽകുകയും ചെയ്തുവരുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ 56.25 കോടി രൂപ ടി പദ്ധതിക്കായി വകയിരുത്തിയതിൽ 37.740 കോടി രൂപ മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡിയായി നൽകിയിട്ടുണ്ട്. 2021-22 വർഷം ബഡ്ജറ്റിൽ 56.25 കോടി രൂപ മണ്ണെണ്ണ സബ്സിഡിക്കായി വകയിരുത്തിയിട്ടുണ്ട്. മേയ് മാസം വരെയുള്ള സബ്സിഡി നൽകുകയും ഈ വർഷം 4.23 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. മത്സ്യത്തൊഴിലാളികൾക്ക് ആവശ്യത്തിന് മണ്ണെണ്ണ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നത് സംബന്ധിച്ച് 2016, 2017 വർഷങ്ങളിൽ മുൻസർക്കാർ കേന്ദ്ര പെട്രോളിയം വകുപ്പുമന്ത്രിയുമായി ചർച്ച നടത്തിയിരുന്നു. അതനുസരിച്ചാണ് 2018 മുതൽ ഫിഷറീസ് ആവശ്യങ്ങൾക്കുൾപ്പെടെ വിവിധ ആവശ്യങ്ങൾക്കുള്ള നോൺ സബ്സിഡൈസ്ഡ് പി.ഡി.എസ്. മണ്ണെണ്ണ സംസ്ഥാനത്തിന് അനുവദിക്കുകയുണ്ടായിട്ടുള്ളത്. നിലവിൽ സിവിൽ സപ്ലൈസ് മുഖേനയാണ് ടി മണ്ണെണ്ണ നൽകിവരുന്നത്. മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമുള്ളയത്രയും അളവിൽ നോൺ സബ്സിഡിഡൈസ്ഡ് പി.ഡി.എസ്. മണ്ണെണ്ണ ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

(സി) കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാനിൽ മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണത്തിലടക്കമുണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ പരിശോധിക്കാനും മത്സ്യമേഖലയ്ക്ക് അനുസൃതമായവ പ്ലാനിൽ ഉൾക്കൊള്ളിച്ച് റിപ്പോർട്ട് സമർപ്പിക്കാനുമായി ഡോ. കെ. വി. തോമസ്, ചീഫ് സയന്റിസ്റ്റ് & ഹെഡ്ഡ്, കോസ്റ്റൽ പ്രോസസ്സ് ഡിവിഷൻ (റിട്ടയേർഡ്), എൻ.സി.ഇ.എസ്.എസ്. ചെയർമാനായ 10 അംഗങ്ങളുള്ള കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ഫിഷറീസ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം

249 (3955) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യമേഖലയിൽ ഫിഷറീസ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം നടപ്പാക്കുന്നതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കാമോ;

&

(ബി) മത്സ്യമേഖലയിലെ തൊഴിലാളികൾക്ക് ഈ സിസ്റ്റത്തിന്റെ പ്രയോജനം ലഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും സർക്കാർ നിലവിൽ പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങളും സർക്കാർ പുതിയതായി പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങളും കാലതാമസം കൂടാതെ യഥാർത്ഥ വ്യക്തികൾക്ക് കൃത്യമായി എത്തിക്കുക എന്നതാണ് 'ഫിഷറീസ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം' (FIMS) ലക്ഷ്യമിടുന്നത്. സർക്കാർ സേവനങ്ങൾ യഥാസമയം മത്സ്യത്തൊഴിലാളികൾക്കും കുടുംബാംഗങ്ങൾക്കും ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട ഫിഷറീസ് ഓഫീസുകൾ സന്ദർശിക്കാതെതന്നെ ഓൺലൈനായി അപേക്ഷകൾ സ്വീകരിക്കുന്നതിനും സേവനങ്ങൾ നൽകുന്നതിനുമായി സംവിധാനമൊരുക്കുന്നതിന്റെ അവസാനഘട്ടത്തിലാണ്.

(സി) വൈപ്പിൻ നിയോജകമണ്ഡലത്തിലെ എത്ര മത്സ്യത്തൊഴിലാളികൾ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഇനി എത്രപേർ രജിസ്റ്റർ ചെയ്യേണ്ടതായിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിലെ വിവിധ മത്സ്യ ഗ്രാമങ്ങളിലുൾപ്പെട്ട 11216 പേർ ഫിഷറീസ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റത്തിൽ (FIMS) രജിസ്റ്റർ ചെയ്തിട്ടുണ്ട്.

5518 പേർ ഇനിയും രജിസ്റ്റർ ചെയ്യാനുണ്ട്.

## മത്സ്യബന്ധന മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ

250 (3956) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ മത്സ്യബന്ധന മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാൻ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ?

ആലപ്പുഴ ജില്ലയിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന ഫിഷറീസ് വകുപ്പ്, കിഫ്ബി എന്നിവയുടെ സഹായത്തോടെ കഴിഞ്ഞ 5 വർഷമായി നടപ്പിലാക്കിയ അടിസ്ഥാനസൗകര്യ വികസന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഈ മേഖലയിലെ ദീർഘകാല ആവശ്യമായ ഫിഷറീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

സ്വീകരിക്കും. ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിലായി പുതിയ 4 ഫിഷറീസ് സ്റ്റേഷനുകളാരംഭിക്കുന്നതിന് അതത് ജില്ലകളിൽ കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും പൂർത്തിയാക്കിയിട്ടുണ്ട്. ടി ഫിഷറീസ് സ്റ്റേഷനുകളിൽ മറൈൻ എൻഫോഴ്സ്മെന്റ് വിംഗ് ഉൾപ്പെടെ അത്യാവശ്യമായ ജീവനക്കാരെ അനുവദിക്കുന്നതിനുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. സർക്കാരിന്റെ നൂറ് ദിന കർമ്മ പരിപാടികളിൽ മത്സ്യമേഖലയിൽനിന്നുള്ള ഒരു പ്രധാന പരിപാടി 4 ഫിഷറീസ് സ്റ്റേഷനുകളും പ്രവർത്തനക്ഷമമാക്കുകയെന്നതാണ്.

## അടിസ്ഥാനസൗകര്യ വികസന ഫണ്ട്

251 (3957) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരപ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്നതും മത്സ്യത്തൊഴിലാളികളുടെ മക്കൾ പഠിക്കുന്നതുമായ സർക്കാർ വിദ്യാലയങ്ങൾക്കും അങ്കണവാടികൾക്കും കെട്ടിടം നിർമ്മിക്കാനും ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്താനും ഫിഷറീസ് വകുപ്പ് ഫണ്ട് അനുവദിക്കുന്നുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

ഫിഷറീസ് വകുപ്പ് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സ്റ്റേറ്റ് ഫണ്ട്, നബാർഡ്, കിഫ്ബി ഫണ്ട് എന്നിവയുപയോഗിച്ച് തീരപ്രദേശത്ത് സ്ഥിതി ചെയ്യുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ ഏറ്റെടുത്ത് പൂർത്തീകരിച്ചുവരുന്നു. പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു *.

(ബി) തീരപ്രദേശത്തെ ഏതൊക്കെ സർക്കാർ സ്ഥാപനങ്ങൾക്കാണ് ഫിഷറീസ് വകുപ്പ് അടിസ്ഥാനസൗകര്യ വികസനത്തിന് ഫണ്ട് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഫിഷറീസ് വകുപ്പിലെ ഫണ്ടുപയോഗിച്ച് തീരദേശത്തെ സർക്കാർ സ്കൂളുകളുടെ വികസനം, സർക്കാർ ആശുപത്രികളുടെ വികസനം, സർക്കാർ ഫിഷ് ഫാമുകളുടെയും ഫിഷ് ഹാച്ചറികളുടെയും വികസനം, തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള മത്സ്യമാർക്കറ്റുകളുടെ വികസനം, ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണം എന്നിവ നടപ്പിലാക്കിവരുന്നു.

**തീരദേശ മേഖലയിലെ സ്കൂളുകളുടെ വികസനം**

252 (3958) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u> താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തീരദേശ മേഖലയിലെ സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി മൂന്ന് ക്ലാസ് റൂമുകളുള്ള പുതിയ കെട്ടിട നിർമ്മാണത്തിനായി അറുപത്തിയാറ് ലക്ഷം രൂപ അനുവദിച്ചിരുന്ന പയ്യന്നൂർ നിയോജകമണ്ഡലത്തിലെ കവ്വായി ഗവൺമെന്റ് യു.പി. സ്കൂളിൽ നാല് ക്ലാസ് റൂമുകൾകൂടി അത്യാവശ്യമായതിനാൽ കൂടുതൽ ഫണ്ട് അനുവദിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

തീരദേശ മേഖലയിലെ സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി പയ്യന്നൂർ നിയോജകമണ്ഡലത്തിലെ കവ്വായി ഗവൺമെന്റ് യു.പി. സ്കൂളിൽ വികസനം നടത്തുന്നതിനായി തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. ഇതേത്തുടർന്ന് അഞ്ച് ക്ലാസ്സ് മുറികളുള്ള പുതിയ കെട്ടിട നിർമ്മാണത്തിനായി പദ്ധതി രൂപരേഖ തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. എന്നാൽ എസ്റ്റിമേറ്റ് തുക കൂടി നിന്നതിനാൽ കിഫ്ബിയുടെ നിർദ്ദേശ പ്രകാരം എസ്റ്റിമേറ്റ് പുതുക്കി 3 ക്ലാസ്സ് റൂമുകളായി പദ്ധതി രൂപരേഖ സമർപ്പിക്കുകയും ആയത് പ്രകാരം 67.69 ലക്ഷം രൂപയുടെ പദ്ധതിക്ക് കിഫ്ബിയുടെ അംഗീകാരം ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവൃത്തി പുരോഗമിച്ചുവരുന്നു. നിലവിലുള്ള ഭരണാനുമതിയിൽ മൂന്ന് ക്ലാസ്സ് റൂമുകൾ മാത്രമാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. അധിക ക്ലാസ്സ് മുറികളാവശ്യമാണെന്ന് കാണിച്ച് സ്കൂൾ പി.ടി.എ. സമർപ്പിച്ച കത്ത് പൊതുവിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ ശിപാർശ സഹിതം കിഫ്ബിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

## ചില്ലയ്ക്കൽ മിനി ഫിഷ് ലാൻഡിംഗ് സെന്റർ

253 (3959) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പരവൂർ നഗരസഭയിലുൾപ്പെട്ട ചില്ലയ്ക്കലിൽ നബാർഡിന്റെ ധനസഹായത്തോടെ മത്സ്യബന്ധന വകുപ്പ് ആരംഭിക്കാനുദ്ദേശിക്കുന്ന മിനി ഫിഷ് ലാൻഡിംഗ് സെന്റർ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ചില്ലയ്ക്കലിൽ ഫിഷ് ലാന്റിംഗ് സംവിധാനമൊരുക്കുന്നതിനായി നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന പദ്ധതി ട്രാഞ്ചേ 26-ലുൾപ്പെടുത്തി 8.55 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. CRZ അനുമതി ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## മത്സ്യത്തൊഴിലാളി മേഖലകളിൽ പശ്ചാത്തല സൗകര്യങ്ങൾ പരിഷ്കരിക്കുന്നതിന് നടപടി

254 (3960) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾ അധിവസിക്കുന്ന മേഖലകളിൽ പശ്ചാത്തല പരിഷ്കരണത്തിന് നൽകുന്ന തുക കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

മത്സ്യത്തൊഴിലാളികൾ അധിവസിക്കുന്ന മേഖലകളിലെ അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, വൈദ്യുതി, ആരോഗ്യ കേന്ദ്രങ്ങൾ ,സ്കൂളുകൾ എന്നിവ മെച്ചപ്പെടുത്തുന്നതിന് ഫിഷറീസ് വകുപ്പ് തുക വകയിരുത്തിയിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി ഇതിനായി നീക്കിവച്ചിട്ടുള്ള തുക പത്ത് കോടിയാണ്. ഇതിനുപുറമേ ആർ.ഐ.ഡി.എഫ്., കിഫ്ബി, ഓഖി പുനരധിവാസം എന്നിവയിൽനിന്നും മത്സ്യമേഖലയുടെ വികസനത്തിനായി തുക കണ്ടെത്തുന്നുണ്ട്.

(ബി) പ്രസ്തുത മേഖലയിൽ എല്ലാവർക്കും കുടിവെള്ളവും വൈദ്യുതിയും നൽകുന്നതിന് പ്രത്യേക സ്കീം നടപ്പാക്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

ഫിഷറീസ് വകുപ്പ് മുഖേന എല്ലാവർക്കും വൈദ്യുതിയും കുടിവെള്ളവും എത്തിക്കുന്നതിനായി പ്രത്യേക പദ്ധതി നടപ്പാക്കുന്നില്ല. എന്നാൽ കുടിവെള്ളമെത്താത്ത മത്സ്യത്തൊഴിലാളികൾ അധിവസിക്കുന്ന മേഖലകളിൽ ഫിഷറീസ് വകുപ്പ് മുഖേന അടിസ്ഥാനസൗകര്യ വികസന പദ്ധതിയിലുൾപ്പെടുത്തി കുടിവെള്ള പദ്ധതി നടപ്പാക്കുന്നുണ്ട്.

## അമ്പലപ്പുഴ മണ്ഡലത്തിലെ പദ്ധതികൾ

255 (3961) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷമായി ഫിഷറീസ് വകുപ്പിനുകീഴിൽ നടപ്പിലാക്കിയ പദ്ധതികൾ, അവയ്ക്കായി അനുവദിച്ച തുക, പ്രവൃത്തിയുടെ ഇപ്പോഴത്തെ സ്ഥിതി എന്നിവയുടെ വിവരം ലഭ്യമാക്കാമോ?

അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷമായി ഫിഷറീസ് വകുപ്പ്, മത്സ്യഫെഡ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്നിവ മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*

(ബി) ഇവയിൽ ഭരണാനുമതി ലഭിച്ചിട്ടും തുടങ്ങിയിട്ടില്ലാത്ത പ്രവൃത്തികൾ, ടെൻഡർ ചെയ്തിട്ടുള്ള പ്രവൃത്തികൾ, എഗ്രിമെന്റ് ചെയ്തിട്ടുള്ള പ്രവൃത്തികൾ എന്നിവ ഇനം തിരിച്ച് വ്യക്തമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു*.

## മത്സ്യത്തൊഴിലാളികളുടെ അവകാശസംരക്ഷണം

256 (3962) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾ പിടിക്കുന്ന മത്സ്യത്തിന്റെ വില നിശ്ചയിക്കുന്നതിനും അവ സ്വതന്ത്രമായി വിൽപ്പന നടത്തുന്നതിനുമുള്ള മത്സ്യത്തൊഴിലാളികളുടെ അവകാശമുറപ്പാക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

മത്സ്യത്തിന്റെ വില നിശ്ചയിക്കുന്നതിനുള്ള അവകാശം മത്സ്യത്തൊഴിലാളികൾക്കുതന്നെ നൽകുന്നതിനും ആയതിലൂടെ ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും ഒഴിവാകുന്നതിനും ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യം ലഭ്യമാകുന്നതിനും മത്സ്യ ലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രോത്സാഹിപ്പിക്കുന്നതിനും അവയുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നതിനുള്ള ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ ഹാർബറുകളുടെയും ലാൻഡിംഗ് സെന്ററുകളുടെയും അടിസ്ഥാനസൗകര്യം വികസിപ്പിച്ചുകൊണ്ട് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും മെച്ചപ്പെട്ട പരിപാലനം ഉറപ്പു വരുത്തുന്നതിനുമായി 19 മത്സ്യബന്ധന തുറമുഖങ്ങളിൽ ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ അടിസ്ഥാനത്തിൽ മത്സ്യത്തിന്റെ അടിസ്ഥാനവില നിശ്ചയിക്കുക, ഹാർബറിനുള്ളിലെ മത്സ്യലേലത്തിലും വില്പനയിലുമുണ്ടാകാനിടയുള്ള അനാവശ്യ പ്രവണതകളെ നിയന്ത്രിച്ച് മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിച്ചുകൊണ്ടു വരുന്ന മത്സ്യത്തിന് അർഹിക്കുന്ന വില ഉറപ്പാക്കുക, ഹാർബറിലെ ലേലം, മത്സ്യ വിൽപ്പന, ഗുണനിലവാര പരിപാലനം എന്നിവ നിയന്ത്രിക്കുക തുടങ്ങിയവ ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയുടെ ചുമതലകളാണ്.

(ബി) ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിനായി പ്രത്യേക സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ രൂപീകരിക്കുമോ?

നിലവിലുള്ള മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾതന്നെയാണ് ഇപ്പോൾ മത്സ്യലേലവും വിപണനവും ഏറ്റെടുത്ത് നടത്തുന്നത്. മത്സ്യവിപണനത്തിന് മാത്രമായി സംഘങ്ങൾ രൂപീകരിച്ചിട്ടില്ല.

## ബ്ലൂ ഇക്കോണമി പദ്ധതി

257 (3963) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രിയുടെ സാമ്പത്തിക ഉപദേശക കൗൺസിൽ തയ്യാറാക്കിയ ബ്ലൂ ഇക്കോണമി പദ്ധതി സംസ്ഥാനത്തെ മത്സ്യബന്ധന, തീരദേശ, പരിസ്ഥിതി മേഖലകളിലും സംസ്ഥാനത്ത് പൊതുവെയും ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കാൻ സാധ്യതയുണ്ടോ;

&

(ബി) സംസ്ഥാനത്തെ തീരദേശവാസികൾക്ക് പ്രസ്തുത നയത്തിൽ ഏതെങ്കിലും തരത്തിൽ പങ്കാളിത്തം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ?

കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന ബ്ലൂ ഇക്കോണമി സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയെ ഏതെല്ലാം തരത്തിൽ ബാധിക്കുമെന്നത് സർക്കാർ പരിശോധിച്ചുവരുന്നു.

**ആഴക്കടൽ മത്സ്യബന്ധനം നടത്തുന്നതിന് മത്സ്യത്തൊഴിലാളികൾക്ക് സഹായം**

258 (3964) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധനം നടത്തുന്നതിന് എന്തെല്ലാം സഹായങ്ങളാണ് സർക്കാർ നൽകുന്നതെന്നും സഹായം ലഭിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിലവിലുള്ളതെന്നും വ്യക്തമാക്കാമോ?

2020-21-ൽ PMMSY പദ്ധതിയിലുൾപ്പെടുത്തി തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ നടപ്പിലാക്കുന്ന Providing Mechanized deep sea fishing vessel to traditional fishermen of Kerala പദ്ധതിക്കായി 1700 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സുരക്ഷിതമല്ലാത്ത പരമ്പരാഗത യാനങ്ങളിൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികളെ ഘട്ടംഘട്ടമായി സുരക്ഷിത യന്ത്രവത്കൃത മത്സ്യബന്ധന രീതിയിലേയ്ക്ക് പരിവർത്തനം ചെയ്യുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ആയതിന്റെ അടിസ്ഥാനത്തിൽ മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിനായി ആദ്യഘട്ടത്തിൽ 10 ആഴക്കടൽ ബോട്ടുകൾക്ക് ധനസഹായം നൽകുന്ന പദ്ധതിക്ക് അനുമതി ലഭ്യമായിട്ടുണ്ട്. നിലവിൽ ആഴക്കടൽ മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളായ 10 പേർ വീതമടങ്ങുന്ന JLG ഗ്രൂപ്പുകൾക്കോ/ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള ഗ്രൂപ്പുകൾക്കോടി പദ്ധതിയിൽ ഗുണഭോക്താക്കളാകാവുന്നതാണ്.

(ബി) സംസ്ഥാനത്തെ എത്ര മത്സ്യത്തൊഴിലാളികൾ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം നേടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2,40,211 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**മായം ചേർത്ത മത്സ്യത്തിന്റെ വില്പന**

259 (3965) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിപണിയിൽ മായം ചേർന്ന മത്സ്യം വിറ്റഴിക്കപ്പെടുന്ന വിവരം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നിയന്ത്രിക്കാൻ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

ഉണ്ട്. മത്സ്യത്തിൽ മായം ചേർക്കലും രാസവസ്തുക്കളുപയോഗിച്ച് കൂടുതൽ കാലം മത്സ്യം കേടുകൂടാതെ വയ്ക്കുന്നതും രാസവസ്തു ഉപയോഗിച്ചുള്ള മത്സ്യവില്പന പ്രവണതകളും നിയന്ത്രിക്കുന്നതിനായി ഫുഡ് സേഫ്റ്റി വിഭാഗവും ഫിഷറീസ് വകുപ്പും ചേർന്ന് എല്ലാ ജില്ലകളിലും ജോയിന്റ് ഇൻസ്പെക്ഷൻ സ്ക്വാഡുകൾ-ടാസ്ക് ഫോഴ്സ് രൂപീകരിച്ച് ചെക്ക് പോസ്റ്റുകൾ, മത്സ്യ മൊത്ത/ചില്ലറ വ്യാപാര കേന്ദ്രങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, ഫിഷിംഗ് ഹാർബറുകൾ, ഫിഷ് ലാൻഡിംഗ് സെന്ററുകൾ എന്നിവിടങ്ങളിൽ പരിശോധനകൾ നടത്തിവരുന്നു. പ്രസ്തുത പരിശോധനയിൽ രാസപദാർത്ഥങ്ങൾ കലർന്നതോ പഴക്കം ചെന്നതോ ആയ മത്സ്യം കണ്ടെത്തുന്ന സാഹചര്യത്തിൽ അവ അതേ സംസ്ഥാനത്തേയ്ക്കുതന്നെ തിരിച്ചയയ്ക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്നുണ്ട്. ഇപ്രകാരം നടത്തുന്ന പരിശോധനകളിൽ " unsafe" ആയി കണ്ടെത്തിയ ഭക്ഷ്യസാമ്പിളുകൾ വിൽക്കുന്നവർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരമുള്ള പ്രോസിക്യൂഷൻ നടപടികളും ഗുണനിലവാരമില്ലാത്തതായ (Substandard) പരിശോധനാഫലം ലഭിക്കുന്നവർക്കെതിരെ അഡ്ജൂഡിക്കേഷൻ നടപടികളും സ്വീകരിച്ചുവരുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യം ലഭ്യമാക്കാൻ സഹായകരമായിട്ടുണ്ട്. കോവിഡ്-19 ഒന്നാം തരംഗത്തിൽ ചെക്ക് പോസ്റ്റുകൾ, മത്സ്യ മാർക്കറ്റുകൾ എന്നിവ കേന്ദ്രീകരിച്ച് സംസ്ഥാനത്തൊട്ടാകെ നടത്തിയ പരിശോധനകളിൽ 201 മെട്രിക് ടൺ കേടായ മത്സ്യം പിടിച്ചെടുത്ത് നശിപ്പിച്ചിട്ടുണ്ട്. കോവിഡ് രണ്ടാം തരംഗത്തിൽ സംസ്ഥാനത്തൊട്ടാകെ 2458 പരിശോധനകൾ നടത്തുകയും 926 മത്സ്യ സാമ്പിളുകൾ ശേഖരിക്കുകയും 185 പേർക്ക് നോട്ടീസ് നൽകുകയും 19 പേർക്ക് പിഴ അടയ്ക്കുന്നതിനായി നോട്ടീസ് നൽകുകയും 1065.44 കിലോഗ്രാം കേടായ മത്സ്യം പിടിച്ചെടുത്ത് നശിപ്പിക്കുകയും കൂടാതെ ഫോർമാലിൻ/അമോണിയ കിറ്റ് ഉപയോഗിച്ച് നടത്തിയ തത്സമയ പരിശോധനകളിൽ ഫോർമാലിന്റെ സാന്നിദ്ധ്യം കണ്ടെത്തിയതിനെത്തുടർന്ന് 247 കിലോഗ്രാം മത്സ്യം നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 298 സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കിയതിൽ 26 മത്സ്യസാമ്പിളുകൾ ഭക്ഷ്യയോഗ്യമല്ലായെന്ന് ലബോറട്ടറി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. ഈ കാലയളവിൽ മത്സ്യവിപണന കേന്ദ്രങ്ങളിൽ സൂക്ഷിച്ചിരുന്ന മത്സ്യത്തിൽ ഐസിന്റെയും മത്സ്യത്തിന്റെയും അളവ് 1:1 എന്ന അനുപാതത്തിൽ കുറവായി ശ്രദ്ധയിൽപ്പെട്ട സ്ഥാപനങ്ങൾക്കും ഭക്ഷ്യ സുരക്ഷാ വകുപ്പ് നോട്ടീസ് നൽകിയിട്ടുണ്ട്. മത്സ്യത്തിൽ മായം ചേർക്കലും രാസവസ്തുക്കളുപയോഗിച്ചുള്ള മത്സ്യവില്പന പ്രവണതകൾ തടയുന്നതിനും പൊതുജനങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട് അവരുടെ പരാതികൾ സമയബന്ധിതമായി വകുപ്പിനെ അറിയിക്കുന്നതിനുമായി ഫിഷറീസ് വകുപ്പ് ടോൾ ഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുമുണ്ട് (18004253183).

(ബി) കഴിഞ്ഞ വർഷം മായം ചേർത്ത മത്സ്യം വിറ്റഴിച്ചതുമായി ബന്ധപ്പെട്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

ഭക്ഷ്യയോഗ്യമല്ലാത്ത മത്സ്യം വിറ്റഴിച്ചതുമായി ബന്ധപ്പെട്ട് ഭക്ഷ്യസുരക്ഷാ വകുപ്പ് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ കൊല്ലം ജില്ലയിൽ ഒരു കേസും ആലപ്പുഴ ജില്ലയിൽ 2 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**സമുദ്രമത്സ്യസമ്പത്തിലെ കുറവ്**

260 (3966) ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വാഴൂർ സോമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ടാം പദ്ധതിക്കാലയളവിൽ ലഭിച്ച സമുദ്രമത്സ്യത്തിന്റെ അളവ് സ്ഥിരമായി കുറഞ്ഞുവരുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

മുൻകാലങ്ങളെ അപേക്ഷിച്ച് കടൽ മത്സ്യത്തിന്റെ ലഭ്യത 2017-18 വരെ കുറഞ്ഞുവരുന്നതായി വിലയിരുത്തിയിട്ടുണ്ട്. എന്നാൽ കെ.എം.എഫ്.ആർ. നിയമം 2017-ൽ കാലോചിതമായി പരിഷ്കരിക്കുകയും 2018-ൽ പുതിയ കെ.എം.എഫ്.ആർ. റൂൾ നടപ്പാക്കുകയും ചെയ്യുകവഴി ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുകയും കടൽ മത്സ്യസമ്പത്ത് 2018-19-ൽ 6.09 ടണ്ണായി വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ തുടർന്നുള്ള രണ്ടുവർഷങ്ങളിൽ കടൽ മത്സ്യലഭ്യത കുറയുന്നതായാണ് കാണുന്നത്.

(ബി) സമുദ്രമത്സ്യ സമ്പത്തിൽ കുറവുവരാനുള്ള പ്രധാന കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

വർദ്ധിച്ച മത്സ്യബന്ധന സമ്മർദ്ദം, ചെറുമത്സ്യങ്ങളെ പിടിക്കൽ, അശാസ്ത്രീയ മത്സ്യബന്ധനം, വിദേശ ട്രോളറുകളുടെ കടന്നുകയറ്റം, ജലമലിനീകരണം, കണ്ടൽക്കാടുകളുടെ തിരോധാനം, കാലാവസ്ഥാ വ്യതിയാനം, ആഗോള താപനം തുടങ്ങിയ നിരവധി കാരണങ്ങളാൽ മത്സ്യസമ്പത്തിന് ശോഷണം സംഭവിക്കുന്നുവെന്ന് കേന്ദ്രസർക്കാർ സ്ഥാപനമായ സി.എം.എഫ്.ആർ.ഐ.-യുടെ പഠനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇവയിൽ ചില കാരണങ്ങൾ മനുഷ്യജന്യവും മറ്റ് ചിലവ പ്രകൃതിജന്യവുമാണ്. ഓഖി, പ്രളയം പോലുള്ള പ്രകൃതി ദുരന്തങ്ങളും മത്സ്യസമ്പത്ത് കുറയുന്നതിനൊരു പരിധിവരെ കാരണമായി മാറിയിട്ടുണ്ട്. കഴിഞ്ഞ രണ്ടുവർഷങ്ങളിൽ മത്സ്യലഭ്യത കുറയാനുള്ള പ്രധാന കാരണം കോവിഡ് പ്രതിസന്ധി, കാലാവസ്ഥാ മുന്നറിയിപ്പ് എന്നിവമൂലം മത്സ്യബന്ധന ദിവസങ്ങൾ കുറഞ്ഞതാണ്.

(സി) സമുദ്ര മത്സ്യസമ്പത്തിന്റെ കാര്യക്ഷമമായ മാനേജ്മെന്റിലുൾപ്പെടുന്ന പ്രധാന ഘടകങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

കടൽ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനും ഉതകുന്നതരത്തിൽ കെ.എം.എഫ്.ആർ. ആക്ടും റൂളും കാര്യക്ഷമമായി നടപ്പിലാക്കുക, വിവിധ മത്സ്യവർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസവ്യവസ്ഥകൾ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുക, കടൽ മലിനീകരണം നിയന്ത്രിക്കുക, അശാസ്ത്രീയ മത്സ്യബന്ധന രീതികൾ നിയന്ത്രിക്കുകയോ നിരോധിക്കുകയോ ചെയ്യുക തുടങ്ങിയവയാണ് സമുദ്ര മത്സ്യസമ്പത്തിന്റെ കാര്യക്ഷമമായ മാനേജ്മെന്റിലുൾപ്പെടുന്ന പ്രധാന ഘടകങ്ങൾ.

(ഡി) ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ, ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ് കൗൺസിൽ എന്നിവ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### മത്സ്യത്തൊഴിലാളികളുടെ ദുരിതം

261 (3967) <u>ശ്രീ. റോജി എം. ജോൺ</u>: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാലാവസ്ഥാ മുന്നറിയിപ്പിലെ കൃത്യതയില്ലായ്മ കാരണം കടലിൽ പോകാൻ കഴിയാതെ മത്സ്യത്തൊഴിലാളികൾ ദുരിതത്തിലാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കാലാവസ്ഥാ മുന്നറിയിപ്പുകൾ കൃത്യമായി മത്സ്യത്തൊഴിലാളികൾക്ക് എത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### മത്സ്യത്തൊഴിലാളി മേഖലയിലെ പ്രതിസന്ധി

262 (3968) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അശാസ്ത്രീയമായ ട്രോളിംഗ് നിരോധനവും കാലവർഷവും മത്സ്യത്തൊഴിലാളി മേഖലയിൽ കടുത്ത പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് മൺസൂൺ കാലത്ത് ട്രോളിംഗ് നിരോധനം നടപ്പിലാക്കിവരുന്നത്.

## ഇന്ത്യൻ മറൈൻ ഫിഷറീസ് ബിൽ

263 (3969) ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ പ്രഖ്യാപിച്ച ഇന്ത്യൻ മറൈൻ ഫിഷറീസ് ബില്ലിലെ മത്സ്യത്തൊഴിലാളി വിരുദ്ധ വ്യവസ്ഥകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

&

(ബി) പ്രസ്തുത ബിൽ നടപ്പാക്കുന്നത് കേരളത്തിലെ മത്സ്യത്തൊഴിലാളി മേഖലയെ എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ സംസ്ഥാന താൽപ്പര്യം സംരക്ഷിക്കുന്നതിന് ഇക്കാര്യത്തിൽ എന്തൊക്കെ തുടർനടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

ഉണ്ട്. കേന്ദ്ര സർക്കാരിന്റെ സമുദ്ര മത്സ്യബന്ധന നിയന്ത്രണ ബില്ലിലെ ആദ്യ കരടിലുൾപ്പെട്ടിരുന്ന മത്സ്യത്തൊഴിലാളി വിരുദ്ധ വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

- 12 നോട്ടിക്കൽ മൈലിനപ്പുറം 200 വരെയുള്ള പ്രദേശത്തെ മത്സ്യബന്ധന രജിസ്ട്രേഷൻ/ലൈസൻസ് നൽകുന്നതിനുള്ള അവകാശം ആർക്കാണെന്ന് ബില്ലിൽ വ്യക്തമാക്കിയിരുന്നില്ല.
- നിയമലംഘന പരിശോധിക്കുന്നതിനുള്ള അധികാരം കോസ്റ്റ്ഗാർഡ്, നേവി എന്നിവർക്ക് മാത്രമായിരിക്കും.
- നിയമലംഘന വിഷയത്തിൽ തീരുമാനമെടുക്കാനും ശിക്ഷ വിധിക്കാനുമുള്ള അധികാരം (Adjudication) പ്രിൻസിപ്പൽ മജിസ്ട്രേറ്റ്/ മെട്രോപോളിറ്റൻ മജിസ്ട്രേറ്റ് എന്നിവർക്കായിരിക്കും.
- ഇന്ത്യയുടെ സമുദ്രാതിർത്തിയിൽ മത്സ്യബന്ധനത്തിന് വിദേശ യാനങ്ങൾക്ക് അനുമതി നൽകുമോയെന്ന കാര്യത്തിൽ അവ്യക്തത നിലനിൽക്കുന്നു.
- നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ മത്സ്യത്തൊഴിലാളികളെ വാറന്റില്ലാതെ അറസ്റ്റ് ചെയ്യാൻ ബില്ലിൽ വ്യവസ്ഥയുണ്ട്.
- മത്സ്യബന്ധനയാനം നിർവ്വചനത്തിൽ യന്ത്രം ഘടിപ്പിക്കാത്ത യാനങ്ങളെ ഉൾപ്പെടുത്തിയിട്ടില്ല.
- നിയമലംഘനത്തിന്റെ ഗൗരവത്തിനനുസരിച്ച് പിഴയുടെ അളവ് നിശ്ചയിച്ചിട്ടില്ല.

കേന്ദ്ര സർക്കാരിന്റെ കരട് മത്സ്യബന്ധന നിയമം 2019 പ്രസിദ്ധീകരിച്ചയുടൻതന്നെ അതിൽ സംസ്ഥാന താൽപ്പര്യത്തിന് ഹാനികരമാകുന്ന നിർദ്ദേശങ്ങൾ തിരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. ഇതിനുപുറമേ സംസ്ഥാനത്തിന്റെ ആശങ്കകൾ കേന്ദ്ര ഫിഷറീസ് സെക്രട്ടറിയെ നേരിട്ട് അറിയിക്കുകയും ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തു.

1. 12 നോട്ടിക്കൽ മൈലിനപ്പുറമുള്ള (200 നോട്ടിക്കൽ മൈൽ വരെയുള്ള) പ്രദേശങ്ങളിലെ മത്സ്യബന്ധന രജിസ്ട്രേഷൻ/ലൈസൻസ് നൽകുന്നതിന് കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിനെ ചുമതലപ്പെടുത്തണം.

2. കേന്ദ്രസർക്കാർ കൊണ്ടുവരാനുദ്ദേശിക്കുന്ന മറൈൻ ഫിഷറീസ് (റെഗുലേഷൻ & മാനേജ്മെന്റ്) ബിൽ 2019-ൽ കേന്ദ്ര സർക്കാരിന്റെ അധികാര പരിധി കൃത്യമായി രേഖപ്പെടുത്തണം. തീരക്കടലിലെ (12 നോട്ടിക്കൽ മൈലിനകത്ത്) മത്സ്യബന്ധന നിയന്ത്രണം, മാനേജ്മെന്റ് എന്നിവ നിലവിലുള്ളതുപോലെ പൂർണ്ണമായും സംസ്ഥാനത്തിന്റെ അധികാര പരിധിയിൽത്തന്നെ നിലനിർത്തണം.

3. നിയമലംഘനം പരിശോധിക്കുന്നതിനുള്ള അധികാരം കോസ്റ്റ്ഗാർഡ്, നേവി എന്നിവരിൽ മാത്രം നിജപ്പെടുത്തി നിശ്ചയിക്കാതെ സംസ്ഥാന ഫിഷറീസ് ഉദ്യോഗസ്ഥരെയും ഇതിനായി നിയോഗിക്കണം.

4. നിയമലംഘന വിഷയത്തിൽ തീരുമാനമെടുക്കാനുള്ള അധികാരം (Adjudication) പ്രിൻസിപ്പൽ മജിസ്ട്രേറ്റ്/മെട്രോപോളിറ്റൻ മജിസ്ട്രേറ്റ് എന്നിവരിൽനിന്ന് മാറ്റി ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരെ ഇതിനായി ചുമതലപ്പെടുത്തണം.

5. തീരുമാനത്തിൽ അപ്പീൽ കേൾക്കുന്നതിനുള്ള അധികാരം ഫിഷറീസ് വകുപ്പിൽ (ഫിഷറീസ് ഡയറക്ടറിൽ) നിക്ഷിപ്തമാക്കണം.

6. ഇന്ത്യയുടെ സമുദ്രാതിർത്തിയിൽ മത്സ്യബന്ധനത്തിന് വിദേശ യാനങ്ങൾക്ക് അനുമതി നൽകാൻ പാടില്ല.

7. ആഴക്കടൽ മത്സ്യബന്ധനത്തിനുള്ള അവകാശം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും അവരുടെ സഹകരണ സംഘങ്ങൾക്കുമായി നിജപ്പെടുത്തണം. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളെ അതിനായി പ്രാപ്തരാക്കണം.

8. നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ മത്സ്യത്തൊഴിലാളികളെ വാറന്റില്ലാതെ അറസ്റ്റ് ചെയ്യണമെന്ന വ്യവസ്ഥ എടുത്തുകളയണം.

9. സംസ്ഥാനത്തിന്റെ അധികാര പരിധിയിലുള്ള 12 നോട്ടിക്കൽ മൈൽ പ്രദേശത്ത് ഫിഷറീസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിരിക്കണം.

10. മത്സ്യവിഭവ പരിപാലനം, മാനേജ്മെന്റ് എന്നീ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിന് മത്സ്യത്തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തിയുള്ള പങ്കാളിത്ത മാനേജ്മെന്റ് സംവിധാനം കൊണ്ടുവരണം.

11. നിയമലംഘനത്തിന്റെ ഗൗരവത്തിനനുസരിച്ച് പിഴയുടെ അളവ് നിശ്ചയിക്കണം.

12. നിയമലംഘകരിൽനിന്ന് പിടിച്ചെടുക്കുന്ന മത്സ്യങ്ങളെ വിറ്റഴിക്കുന്നതിനും സർക്കാരിലേയ്ക്ക് മുതൽക്കൂട്ടുന്നതിനും സുതാര്യമായ സംവിധാനം വേണം.

13. മത്സ്യബന്ധനയാനങ്ങൾക്ക് എന്തെങ്കിലും കാരണവശാൽ പെർമിറ്റ് നഷ്ടപ്പെട്ടാൽ അതിനെതിരെ അപ്പീൽ നൽകാൻ വ്യവസ്ഥ വേണം.

14. ഫിഷിംഗ് പെർമിറ്റിന്റെ കാലാവധി നിശ്ചയിക്കുന്നതിനും ' Seaworthiness' ഉറപ്പാക്കുന്നതിനും ബില്ലിൽ വ്യവസ്ഥ ചെയ്യണം.

15. ചെറുമത്സ്യങ്ങളെ പിടിക്കുന്നത് തടയൽ, മൺസൂൺകാല മത്സ്യബന്ധന നിയന്ത്രണം, മത്സ്യബന്ധന യാനങ്ങളുടെ എണ്ണം നിയന്ത്രിക്കൽ, അശാസ്ത്രീയ മത്സ്യബന്ധന നിയന്ത്രണം, വലകളുടെ കണ്ണി വലുപ്പം, ആകെ വലുപ്പം എന്നിവയിലെ നിയന്ത്രണം എന്നിവയ്ക്ക് ബില്ലിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തണം.

16. "മത്സ്യബന്ധനയാനം" എന്നതിന്റെ നിർവ്വചനത്തിൽ യന്ത്രം ഘടിപ്പിക്കാത്ത യാനങ്ങളെക്കൂടി ഉൾപ്പെടുത്തണം.

17. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള എല്ലാത്തരം കടൽ മലിനീകരണത്തെയും നിയന്ത്രിക്കുന്നതിനുള്ള വ്യവസ്ഥ ബില്ലിലുൾപ്പെടുത്തണം.

ഈ നിർദ്ദേശങ്ങൾ ഏകദേശം എല്ലാം കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത ബില്ലിന്റെ ഫൈനൽ ഡ്രാഫ്റ്റ് ഇപ്പോൾ കേന്ദ്രസർക്കാർ ലഭ്യമാക്കിയതനുസരിച്ച് ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾകൂടി കേന്ദ്രസർക്കാരിനെ അറിയിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

- കരട് ബിൽ എക്സ്ക്ലൂസീവ് ഇക്കണോമിക് സോണിലെയും (EEZ-കരയിൽനിന്ന് പന്ത്രണ്ട് മുതൽ ഇരുന്നൂറ് നോട്ടിക്കൽ മൈൽ വരെയുള്ള കടൽ പ്രദേശങ്ങൾ) ഹൈ സീയിലെയും (High Sea-കരയിൽനിന്ന് ഇരുന്നൂറ് നോട്ടിക്കൽ മൈലിനപ്പുറമുള്ള കടൽ പ്രദേശങ്ങൾ) മത്സ്യബന്ധന പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനാണെന്ന് ആമുഖത്തിൽ സൂചിപ്പിക്കുന്നുണ്ടെങ്കിലും സംസ്ഥാനങ്ങളുടെ അധികാരപരിധിയിലുള്ള ടെറിറ്റോറിയൽ കടലിലും വികസനത്തിനും പരിപാലനത്തിനുമുള്ള പ്ലാനുകളുണ്ടാക്കാൻ കേന്ദ്ര സർക്കാരിന് അധികാരം നൽകുന്നു. എന്നാൽ ഇന്ത്യൻ ഭരണഘടനയനുസരിച്ച് ടെറിറ്റോറിയൽ കടലിലെ മത്സ്യബന്ധനം സംസ്ഥാനത്തിന്റെ അധികാരപരിധിയിലുള്ള വിഷയമാണ്. ഈ പ്രദേശങ്ങളിലെ വികസന, പരിപാലന പ്ലാനുകളുണ്ടാക്കാനുള്ള അധികാരം സംസ്ഥാന സർക്കാരിന് നൽകണം.

- കരട് ബില്ലിൽ പങ്കാളിത്ത മാനേജ്മെന്റിനെ സംബന്ധിച്ച് പരാമർശമില്ല. കടലിലെ മത്സ്യവിഭവങ്ങളുടെ കൈകാര്യകർത്താക്കളായ മത്സ്യത്തൊഴിലാളികളെക്കൂടി വിഭവ സംരക്ഷണ/പരിപാലന ചുമതലകളിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇതിനായി ദേശീയതലത്തിലും സംസ്ഥാന തലത്തിലും മത്സ്യത്തൊഴിലാളി പ്രതിനിധികളുൾപ്പെടുന്ന മാനേജ്മെന്റ് കമ്മിറ്റികളുണ്ടാവേണ്ടതുണ്ട്.

- ചെറുകിട മത്സ്യത്തൊഴിലാളികളുടെ (Small scale fishers) നിർവ്വചനം കൂടുതൽ കൃത്യതയോടെ വേണം. അല്ലാത്തപക്ഷം വൻകിട മത്സ്യബന്ധന യാനങ്ങളും ഇതിന്റെ പരിധിയിൽ വരാൻ സാധ്യതയുണ്ട്. കേരളത്തിലെ എല്ലാ മത്സ്യബന്ധന യൂണിറ്റുകളും (യന്ത്രവത്കൃത ബോട്ടുകൾ ഉൾപ്പെടെ) കരട് ബില്ലിലെ നിർവ്വചനമനുസരിച്ച് ചെറുകിട മത്സ്യത്തൊഴിലാളികളുടെ ഗണത്തിലുൾപ്പെടും. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ യന്ത്രവത്കൃത ബോട്ടുടമകളിൽനിന്ന് വ്യത്യസ്തമായി പ്രത്യേക വിഭാഗമായി പരിഗണിക്കേണ്ടതാണ്.

- മത്സ്യബന്ധനയാനങ്ങളുടെ രജിസ്ട്രേഷൻ, ലൈസൻസ് എന്നിവയിൽനിന്ന് ലഭിക്കുന്ന വരുമാനംകൊണ്ട് രൂപീകരിക്കുന്ന മറൈൻ ഫിഷറീസ് ഡെവലപ്മെന്റ് ഫണ്ട് മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി വിനിയോഗിക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിന് നൽകാവുന്നതാണ്.

- 12 നോട്ടിക്കൽ മൈലിനകത്തുള്ള വികസന പ്രവർത്തനങ്ങൾ ആർട്ടിഫിഷ്യൽ റീഫ്, സീ റാഞ്ചിംഗ്, റിക്രീഷണൽ ഫിഷിംഗ്, അക്വാ സ്പോർട്സ്, മറൈൻ ടൂറിസം എന്നിവ നടത്തുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിന് നൽകാവുന്നതാണ്. No Fishing Zones, Spatial and temporal closures എന്നിവ നടപ്പിലാക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിന് നൽകണം.

## ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള മത്സ്യം

264 (3970) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽനിന്ന് മതിയായ ശീതീകരണ സംവിധാനമില്ലാത്ത വാഹനങ്ങളിൽ ഐസും ഫോർമാലിൻപോലുള്ള ആരോഗ്യത്തിന് ഹാനികരമായ രാസപദാർത്ഥങ്ങളും കലർത്തിയ മത്സ്യമാണ് സംസ്ഥാനത്ത് വിപണനത്തിനെത്തുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിക്കുന്നതിന് ചെക്ക് പോസ്റ്റിൽ സംവിധാനമുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. ഇതര സംസ്ഥാനങ്ങളിൽനിന്ന് മതിയായ ശീതീകരണ സംവിധാനമില്ലാത്ത വാഹനങ്ങളിൽ ഫോർമാലിൻ പോലുള്ള ആരോഗ്യത്തിന് ഹാനികരമായ രാസപദാർത്ഥങ്ങൾ കലർത്തിയ മത്സ്യം സംസ്ഥാനത്ത് വിപണനത്തിനെത്തുന്നുവെന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ അന്യ സംസ്ഥാനത്തുനിന്ന് കൊണ്ടുവരുന്ന മത്സ്യം പരിശോധിക്കുന്നതിനായി ഫുഡ് സേഫ്റ്റി വിഭാഗവും ഫിഷറീസ് വകുപ്പും ചേർന്ന് എല്ലാ ജില്ലകളിലും ജോയിന്റ് ഇൻസ്പെക്ഷൻ സ്ക്വാഡുകൾ-ടാസ്ക് ഫോഴ്സ് രൂപീകരിച്ച് ചെക്ക് പോസ്റ്റുകൾ, മത്സ്യ മൊത്ത/ചില്ലറ വ്യാപാര കേന്ദ്രങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, ഫിഷിംഗ് ഹാർബറുകൾ, ഫിഷ് ലാൻഡിംഗ് സെന്ററുകൾ എന്നിവിടങ്ങളിൽ പരിശോധനകൾ നടത്തിവരുന്നു. പ്രസ്തുത പരിശോധനയിൽ രാസപദാർത്ഥങ്ങൾ കലർന്നതോ പഴക്കം ചെന്നതോ ആയ മത്സ്യം കണ്ടെത്തുന്ന സാഹചര്യത്തിൽ അവ അതേ സംസ്ഥാനത്തേക്കുതന്നെ തിരിച്ചയയ്ക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്നുണ്ട്. ഇപ്രകാരം നടത്തുന്ന പരിശോധനകളിൽ കുറ്റക്കാർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരം നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യങ്ങൾ ലഭ്യമാക്കാൻ സഹായകരമായിട്ടുണ്ട്. മത്സ്യത്തിൽ മായം ചേർക്കലും രാസവസ്തുക്കളുപയോഗിച്ചുള്ള മത്സ്യവില്പന പ്രവണതകൾ തടയുന്നതിനും പൊതുജനങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട് അവരുടെ പരാതികൾ സമയബന്ധിതമായി വകുപ്പിനെ അറിയിക്കുന്നതിനുമായി ഫിഷറീസ് വകുപ്പ് ടോൾ ഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുമുണ്ട് (18004253183).

(ബി) ഇത്തരത്തിൽ കേടായതും രാസപദാർത്ഥങ്ങൾ കലർത്തിയതുമായ ഏകദേശം എത്ര അളവ് മത്സ്യമാണ് ദിനംപ്രതി നശിപ്പിക്കുന്നത്; കുറ്റക്കാർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കുമോ?

കോവിഡ്-19 ഒന്നാം തരംഗത്തിൽ ചെക്ക്പോസ്റ്റുകൾ, മത്സ്യ മാർക്കറ്റുകൾ എന്നിവ കേന്ദ്രീകരിച്ച് സംസ്ഥാനത്തൊട്ടാകെ നടത്തിയ പരിശോധനകളിൽ 201 മെട്രിക് ടൺ കേടായ മത്സ്യം പിടിച്ചെടുത്ത് നശിപ്പിച്ചിട്ടുണ്ട്. കോവിഡ് രണ്ടാം തരംഗത്തിൽ സംസ്ഥാനത്തൊട്ടാകെ 2458 പരിശോധനകൾ നടത്തുകയും 926 മത്സ്യസാമ്പിളുകൾ ശേഖരിക്കുകയും 185 പേർക്ക് നോട്ടീസ് നൽകുകയും 19 പേർക്ക് പിഴ അടയ്ക്കുന്നതിനായി നോട്ടീസ് നൽകുകയും 1065.44 കിലോഗ്രാം കേടായ മത്സ്യം പിടിച്ചെടുത്ത് നശിപ്പിക്കുകയും കൂടാതെ ഫോർമാലിൻ/ അമോണിയ കിറ്റ് ഉപയോഗിച്ച് നടത്തിയ തത്സമയ പരിശോധനകളിൽ ഫോർമാലിന്റെ സാന്നിദ്ധ്യം കണ്ടെത്തിയതിനെത്തുടർന്ന് 247 കിലോഗ്രാം മത്സ്യം നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പരിശോധനകളിൽ "unsafe" ആയി കണ്ടെത്തിയ ഭക്ഷ്യസാമ്പിളുകൾ വിൽക്കുന്നവർക്കെതിരെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാരനിയമം 2006 പ്രകാരമുള്ള പ്രോസിക്യൂഷൻ നടപടികളും ഗുണനിലവാരമില്ലാത്തതായ (substandard) പരിശോധനാഫലം ലഭിക്കുന്നവർക്കെതിരെ അഡ്ജൂഡിക്കേഷൻ നടപടികളും സ്വീകരിച്ചുവരുന്നു.

(സി) ഇതര സംസ്ഥാനങ്ങളിൽനിന്ന് മതിയായ ശീതീകരണ സംവിധാനമുള്ള വാഹനങ്ങളിൽ മാത്രം മത്സ്യം കൊണ്ടുവന്ന് വിപണനം നടത്തുന്നതിന് അനുമതി നൽകുന്നതിനും കേടായതും രാസപദാർത്ഥങ്ങൾ കലർത്തിയതുമായ മത്സ്യം കൊണ്ടുവരുന്ന വാഹനങ്ങൾ ചെക്ക് പോസ്റ്റുകളിൽ വച്ചുതന്നെ തടയുന്നതിനും നടപടി സ്വീകരിക്കുമോ?

ഇതര സംസ്ഥാനങ്ങളിൽനിന്ന് മതിയായ ശീതീകരണ സംവിധാനമുള്ള വാഹനങ്ങളിൽ മാത്രം മത്സ്യം കൊണ്ടുവന്ന് വിപണനം നടത്തുന്നതിന് അനുമതി നൽകുന്നതിനും കേടായതും രാസപദാർത്ഥങ്ങൾ കലർത്തിയതുമായ മത്സ്യം കൊണ്ടുവരുന്ന വാഹനങ്ങൾ ചെക്ക് പോസ്റ്റുകളിൽ വച്ചുതന്നെ തടയുന്നതിനും ഫുഡ് സേഫ്റ്റി വിഭാഗവും ഫിഷറീസ് വകുപ്പും ചേർന്ന് എല്ലാ ജില്ലകളിലും ജോയിന്റ് ഇൻസ്പെക്ഷൻ സ്ക്വാഡുകൾ-ടാസ്ക് ഫോഴ്സ് രൂപീകരിച്ച് പരിശോധനകൾ നടത്തിവരുന്നു.

**ശുദ്ധജല മത്സ്യകൃഷി**

265 (3971) <u>ശ്രീ. സി. സി. മുകുന്ദൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധജല മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്?

ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2021-22 സാമ്പത്തികവർഷം സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി പദ്ധതിക്കായി 98 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആയതനുസരിച്ച് ശുദ്ധജല മത്സ്യകൃഷിയും ഓരുജല മത്സ്യകൃഷിയും നടപ്പാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പുരോഗമിച്ചുവരുന്നു. ആയതിൽ ശുദ്ധജല മത്സ്യകൃഷിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത പദ്ധതിക്കായി എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത്; നാടൻ മത്സ്യ ഇനങ്ങളെ പോഷിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശുദ്ധജല മത്സ്യകൃഷി പ്രവർത്തനങ്ങൾക്ക് മാത്രമായി സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി പദ്ധതിയിലുൾപ്പെടുത്തി 2021-22 സാമ്പത്തികവർഷം 4503.78 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നാടൻ മത്സ്യ ഇനങ്ങളുടെ കൃഷി പോഷിപ്പിക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

**കൃത്രിമ ജലാശയങ്ങളിലെ മത്സ്യകൃഷി**

266 (3972) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടാങ്കുകൾ, കൃത്രിമ ജലാശയങ്ങൾ എന്നിവിടങ്ങളിലെ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത്?

സംസ്ഥാനത്ത് ടാങ്കുകൾ, കൃത്രിമ ജലാശയങ്ങൾ എന്നിവിടങ്ങളിലെ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷിയിലുൾപ്പെടുത്തി ബയോഫ്ളോക് ടാങ്കിലെ മത്സ്യകൃഷി, RAS മത്സ്യകൃഷി, പടുതാകുളത്തിലെ മത്സ്യകൃഷി തുടങ്ങിയവ നടപ്പിലാക്കുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇതിലൂടെ പ്രതിവർഷം എത്ര ടൺ മത്സ്യം ഉൽപ്പാദിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

2021-22 സാമ്പത്തിക വർഷം സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി പദ്ധതിയിലുൾപ്പെടുത്തി ടാങ്കുകൾ, കൃത്രിമ ജലാശയങ്ങൾ എന്നിവിടങ്ങളിൽ നിന്നായി 10635.6 ടൺ മത്സ്യം അധികമായി ഉൽപ്പാദിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു.

(സി) ഇത് സംസ്ഥാനത്തെ പ്രതിവർഷ മത്സ്യഉപഭോഗത്തിന്റെ എത്ര ശതമാനമാണ്; കൂടുതൽ പേരെ ഇതിലേയ്ക്ക് ആകർഷിക്കാനുതകുന്ന പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

ഇത് സംസ്ഥാനത്തെ പ്രതിവർഷ മത്സ്യ ഉപഭോഗത്തിന്റെ 1.42 ശതമാനമാണ്. നൂതന മത്സ്യകൃഷി രീതികൾ അവലംബിച്ചും മത്സ്യയിനങ്ങളിലും കൃഷിരീതിയിലും വൈവിദ്ധ്യവത്കരണം സാദ്ധ്യമാക്കിയും കൂടുതൽ ശാസ്ത്രീയമായ പരിപാലന മുറകൾ അവലംബിച്ചും ഉൽപാദനക്ഷമത ഉയർത്തിയും കൂടുതൽ കർഷകർക്ക് പരിശീലനം നൽകിയും കൃഷിയിലേയ്ക്ക് മത്സ്യകർഷകരെ ആകർഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബയോഫ്ളോക് അക്വാകൾച്ചർ സിസ്റ്റം (BAS), റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (RAS) തുടങ്ങിയ നൂതന പദ്ധതികൾ സുഭിക്ഷകേരളം, ജനകീയ മത്സ്യകൃഷി, PMMSY പദ്ധതികളിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. കഴിഞ്ഞ വർഷം ബയോഫ്ളോക് യൂണിറ്റുകളിൽ ഗിഫ്റ്റ് മത്സ്യകൃഷിയാണ് മുഖ്യമായും നടപ്പിലാക്കിയത്. ബയോഫ്ളോക് യൂണിറ്റുകളിൽ ഈ സാമ്പത്തിക വർഷം മുതൽ വനാമി കൃഷിയും ഏർപ്പെടുത്തിവരുന്നു.

**മത്സ്യ വിത്ത് ലഭ്യതയിൽ സ്വയംപര്യാപ്തത**

267 (3973) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓരുജല, ശുദ്ധജല മത്സ്യകൃഷി മേഖലയിലെ പ്രധാന പ്രശ്നം ഗുണമേന്മയുള്ള വിത്ത് സമയബന്ധിതമായി ലഭിക്കാത്തതാകയാൽ വിത്തിനായി കേരളം അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന സാഹചര്യത്തിൽ കേരളത്തിലെ കർഷകർക്കാവശ്യമായ വിത്ത് കേരളത്തിൽത്തന്നെ ഉണ്ടാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

മത്സ്യവിത്തുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ നെയ്യാർ, തൃശ്ശൂർ ജില്ലയിലെ പീച്ചി, വയനാട് ജില്ലയിലെ തളിപ്പുഴ, കാരാപ്പുഴ എന്നിവിടങ്ങളിൽ പുതിയ കാർപ്പ് ഹാച്ചറികൾ സ്ഥാപിച്ചു. പത്തനംതിട്ട ജില്ലയിലെ പോളച്ചിറ, കോട്ടയം ജില്ലയിലെ പള്ളം, പാലക്കാട് ജില്ലയിലെ മീങ്കര, ചുള്ളിയാർ, കോഴിക്കോട് ജില്ലയിലെ കല്ലനോട് എന്നീ കാർപ്പ് ഹാച്ചറികളിലെ അടിസ്ഥാന സൗകര്യം വികസിപ്പിച്ച് ഉൽപ്പാദനശേഷി വർദ്ധിപ്പിച്ചു. മത്സ്യവിത്തുകളുടെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുകയെന്ന ലക്ഷ്യത്തോടെ പുതിയ മത്സ്യവിത്തുഫാമുകൾ, ഹാച്ചറികൾ സ്ഥാപിക്കൽ, നിലവിലുള്ളവയുടെ വികസനം എന്നിവയ്ക്കായി സംസ്ഥാന ബഡ്ജറ്റിൽ 2016-17 സാമ്പത്തികവർഷം മുതൽ ഉൾനാടൻ മത്സ്യമേഖലയുടെ വികസനത്തിലുൾപ്പെടുത്തി 50.4 കോടി രൂപയുടെയും ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി 37.54 കോടി രൂപയുടെയും പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

## മത്സ്യത്തൊഴിലാളി ക്ഷേമനിധി അംഗത്വം

268 (3974) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവളം നിയോജകമണ്ഡലത്തിലെ പള്ളം മത്സ്യത്തൊഴിലാളി ക്ഷേമനിധി ഓഫീസിൽ അർഹരായ മത്സ്യത്തൊഴിലാളികൾക്ക് ക്ഷേമനിധി അംഗത്വം നിഷേധിക്കുന്നുവെന്നും ചില ഏജന്റുമാർ മുഖേന അപേക്ഷകൾ നൽകുന്നവർക്ക് അംഗത്വം നൽകുന്നുവെന്നുമുള്ള ആക്ഷേപത്തെക്കുറിച്ച് അന്വേഷിച്ച് അർഹരായ മത്സ്യത്തൊഴിലാളികൾക്ക് അംഗത്വമുറപ്പുവരുത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പള്ളം ഫിഷറീസ് ഓഫീസിൽ ക്ഷേമനിധി അംഗത്വത്തിനായി പ്രതിവർഷം ലഭിക്കുന്ന ഏകദേശം ആയിരത്തോളം അപേക്ഷകൾ പ്രാദേശികമായി അന്വേഷണം നടത്തിയാണ് പള്ളം ഫിഷറീസ് ഓഫീസർ പട്ടിക പ്രസിദ്ധീകരിക്കുന്നത്. കരട് പട്ടിക പ്രസിദ്ധീകരിച്ചുകഴിഞ്ഞാൽ പട്ടികയിലുൾപ്പെട്ടിട്ടില്ലെന്ന് ആക്ഷേപമുള്ളവർക്ക് 15 ദിവസത്തിനകം ഫിഷറീസ് ഓഫീസർക്ക് അപ്പീൽ നൽകാവുന്നതാണ്. അന്തിമ പട്ടികയിലും പേരില്ലാത്തവർക്ക് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം തിരുവനന്തപുരം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് അപ്പീൽ നൽകാവുന്നതാണ്. അപ്പലേറ്റ് അതോറിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും. ഏജന്റുമാർ മുഖേന അപേക്ഷകൾ വിതരണം ചെയ്യുകയോ സ്വീകരിക്കുകയോ ചെയ്യാറില്ല. കൂടാതെ അംഗത്വ അപേക്ഷകളിന്മേൽ കൃത്യമായി അന്വേഷണം നടത്തി അർഹരായ മത്സ്യത്തൊഴിലാളികൾക്ക് അംഗത്വമുറപ്പുവരുത്തുവാൻ വേണ്ട നിർദ്ദേശം പള്ളം ഫിഷറീസ് ഓഫീസർക്ക് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് കമ്മീഷണർ നൽകിയിട്ടുണ്ട്.

## പൊഴിയൂർ മത്സ്യബന്ധന തുറമുഖത്തിന്റെ ഡി.പി.ആർ.

269 (3975) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര പൊഴിയൂരിൽ പ്രവർത്തനമാരംഭിക്കുന്ന മത്സ്യബന്ധന തുറമുഖത്തിന്റെ ഡി.പി.ആർ. പൂർത്തീകരിച്ചിട്ടുണ്ടോ; തുറമുഖത്തിന്റെ പ്രവൃത്തികൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഇല്ല. പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത മത്സ്യബന്ധന തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം പൂർത്തീകരിച്ചതെന്ന് വിശദമാക്കാമോ?

പ്രസ്തുത തുറമുഖത്തിന്റെ നിർമ്മാണത്തിനാവശ്യമായ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മാതൃകാ പഠനം നടത്തിയതിന്റെ പ്രിലിമിനറി റിപ്പോർട്ട് ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ചുവരുന്നു.

## തുറമുഖങ്ങളുടെ അറ്റകുറ്റപ്പണിക്കും ഗതാഗതം സുഗമമാക്കാനും നടപടി

270 (3976) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന തുറമുഖങ്ങളുടെ അറ്റകുറ്റപ്പണിക്കും തുറമുഖങ്ങളിലെ മണ്ണ് മാന്തിമാറ്റി ഗതാഗതം സുഗമമാക്കാനും നടപടികളുണ്ടാകുമോ?

മത്സ്യബന്ധന തുറമുഖങ്ങളുടെ അറ്റകുറ്റപ്പണിക്കും തുറമുഖങ്ങളിലെ മണ്ണ് മാന്തിമാറ്റി ഗതാഗതം സുഗമമാക്കുന്നതിനുമുള്ള പ്രവൃത്തികൾ ഏർപ്പാടാക്കിവരുന്നു.

(ബി) ചെറുവത്തൂർ മത്സ്യബന്ധന തുറമുഖത്തിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് ലോ ലെവൽ ജെട്ടി അടിയന്തരമായി അനുവദിക്കുമോ?

ലോ ലെവൽ ജെട്ടിക്ക് 1.63 കോടി രൂപയുടെ എസ്റ്റിമേറ്റ് കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജിലുൾപ്പെടുത്തി DLTC-യ്ക്ക് ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്.

## സാംസ്കാരിക ക്ഷേമനിധി ബോർഡ് അംഗത്വം

271 (3977) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സാംസ്കാരിക ക്ഷേമനിധി ബോർഡിൽ അംഗത്വം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

18 വയസ്സ് പൂർത്തിയായിട്ടുള്ളവരും എന്നാൽ 60 വയസ്സ് പൂർത്തിയായിട്ടില്ലാത്തവരുമായ കലാസാംസ്കാരിക, സാഹിത്യ മേഖലയിലുള്ളവർക്ക് നിശ്ചിത ഫോറത്തിലാവശ്യമായ രേഖകളും ഫീസും സഹിതം ക്ഷേമനിധി അംഗത്വത്തിനായി അപേക്ഷ സമർപ്പിക്കാവുന്നതും അപേക്ഷകൾ പരിശോധിച്ച് അപേക്ഷകർക്ക് ക്ഷേമനിധി അംഗീകാരം നൽകിയ അക്കാദമികളോ സ്ഥാപനങ്ങളോ സംഘടനകളിൽനിന്നോ അംഗീകാരം കിട്ടുന്നമുറയ്ക്ക് അംഗത്വം നൽകുന്നതുമാണ്.

(ബി) ചലച്ചിത്ര അക്കാദമിപോലുള്ള സർക്കാർ ഏജൻസികളുടെ ശിപാർശ പ്രകാരമോ തദ്ദേശഭരണ സ്ഥാപനങ്ങളുടെയോ നിയമസഭാ സാമാജികരുടെയോ സാക്ഷ്യപത്ര പ്രകാരമോ പ്രസ്തുത ക്ഷേമനിധിയിൽ അംഗത്വം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

നിലവിൽ ക്ഷേമനിധി ബോർഡിൽ ലഭിക്കുന്ന അപേക്ഷകൾ സർക്കാർ അംഗീകാരമുള്ള സാംസ്കാരിക സ്ഥാപനങ്ങളായ ചലച്ചിത്ര അക്കാദമി, സംഗീത നാടക അക്കാദമി, ഫോക്‌ലോർ അക്കാദമി, കലാമണ്ഡലം, സാഹിത്യ അക്കാദമി, ലളിതകലാ അക്കാദമി, ഹാന്റിക്രാഫ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ, സിനിമാ മേഖലയിൽ അമ്മ, ഫെഫ്ക, മലയാളം ഫിലിം ഫെർട്ടേണിറ്റി, ആത്മ എന്നീ സംഘടനകൾക്ക് അയച്ചുകൊടുക്കുകയും അവരുടെ അംഗീകാരം കിട്ടുന്നമുറയ്ക്ക് അംഗത്വം നൽകുകയുമാണ് ചെയ്യുന്നത്.

## കലാകാരന്മാർക്ക് നൽകിവരുന്ന പെൻഷൻ

272 (3978) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാകാരൻമാർക്ക് നൽകിവരുന്ന പെൻഷൻ പദ്ധതിയിൽ ഏതെല്ലാം കലകളിൽ പ്രവർത്തിക്കുന്ന കലാകാരൻമാരെയാണ് പരിഗണിക്കുന്നതെന്നറിയിക്കുമോ?

സാഹിത്യകാരന്മാർക്കും സംഗീതം, നൃത്തം, കഥകളി, കേരളീയ ക്ഷേത്ര കലകൾ, നാടകം, കഥാപ്രസംഗം, ഹരികഥ, അക്ഷരശ്ലോകം, ചിത്രകല, ശില്പകല, പൂരക്കളി, ബാന്റ് വാദ്യം, നാടൻ കലകൾ, മേള പ്രമാണിമാർ എന്നിങ്ങനെയുള്ള കലാരംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള കലാകാരന്മാർക്കും സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റ് മുഖേനയുള്ള കലാകാര പെൻഷന് അപേക്ഷിക്കാവുന്നതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

കേരളീയക്ഷേത്ര കലകൾ

i) വാദ്യകലകൾ - മദ്ദളം, ചെണ്ട, തിമില, ഉടുക്ക്, കുറുങ്കുഴൽ, നാദസ്വരം, കുഴിത്താളം, ചേങ്ങില, മിഴാവ്, ഇടയ്ക്ക, തകിൽ, കൊമ്പ്.

ii) ക്ലാസിക് കലകൾ - പാടവം, കൂത്ത്, കൂടിയാട്ടം, കൃഷ്ണനാട്ടം, ഓട്ടൻതുള്ളൽ, കഥകളി, തിടമ്പ്, നൃത്തം, പുരാണപാരായണം, തോറ്റംപാട്ട്, സോപാന സംഗീതം.

iii) ക്ഷേത്ര ശില്പകല:- തടി, കരിങ്കല്ല് മുതലായവയിലെ കൊത്തുപണികൾ (കാർവിംഗ്) തുടങ്ങിയവ.

iv) ചിത്രകല:- ഭിത്തി ചിത്രങ്ങൾ (മ്യൂറലുകൾ) കളമെഴുത്ത്, തെയ്യം, തിറ മുതലായ കലകളുടെ മുഖമെഴുത്ത്, അലങ്കാരങ്ങൾ മുതലായ ചിത്രപ്പണികൾ.

v) നാടൻ കലാരൂപങ്ങൾ: - തെയ്യം, തിറ, പടയണി, മുടിയേറ്റ്, യക്ഷഗാനം, പൂരക്കളി, കാക്കാരിശ്ശി നാടകം, കണ്യാർകളി, പരിചമുട്ടുകളി, കോർക്കളി, പൂതനും തിറയും, തിരിയുടിച്ചിൽ, ആവാമിക്കളി, ചിന്മാനക്കളി, നിണബലി, കളമെഴുത്തും പാട്ടും, കെന്ത്രാൽപാട്ട്, കോതാമൂരി, അർജ്ജുന നൃത്തം, കുത്തിയോട്ടം, വേലകളി, പലവിധം പാട്ടുകൾ, മുടിയാട്ടം, കളരിപ്പയറ്റ്, പുള്ളുവൻപാട്ട്, ഭഗവതി പാട്ട്, ഒപ്പന, ദഫ്മുട്ട്, അറബനമുട്ട്, മുട്ടും വിളിയും, മാർഗ്ഗം കളി.

vi) ആദിവാസി കലകൾ - പലതരം ആദിവാസി നൃത്തങ്ങൾ, വാദ്യം, സംഗീതം, വാമൊഴി, രൂപങ്ങൾ (ഗദ്ദിക, പുജഗദ്ദിക, വട്ടക്കളി, തുടി, മാരി നീക്കൽ കംബകളി എന്നീ ഗോത്രകലകൾ)

ഇതുകൂടാതെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ അംഗങ്ങളായ കലാകാരന്മാർക്ക് ക്ഷേമനിധി പെൻഷൻ നൽകിവരുന്നുണ്ട്. ക്ഷേമനിധി ആക്ട് പ്രകാരം സാംസ്കാരിക പ്രവർത്തകൻ എന്നാൽ സിനിമ, ഇലക്ട്രോണിക് മാധ്യമം, കേബിളും കേബിൾ ശൃംഖലയും, നാടകം, സംഗീതം, കഥകളി, ഗാനമേള, അനുകരണകല, സാഹിത്യം, ചിത്രരചന, ശില്പകല, നാടൻ കലകൾ, അനുഷ്ഠാന കലകൾ, സെമിക്ലാസിക്കൽ കലകൾ, നാടൻപാട്ടുകൾ,

മേക്കപ്പ്, വാദ്യകലകൾ, മാജിക്, സർക്കസ്, മാർഗ്ഗംകളി, ചവിട്ടുനാടകം, കാർട്ടൂൺ, കഥാപ്രസംഗം, പുരാണ പാരായണം, ബൈബിൾ പാരായണം, ഖുറാൻ പാരായണം, മാപ്പിളകലകൾ, പന്തൽ അലങ്കാരം, ശബ്ദവും വെളിച്ചവും, വസ്ത്രരൂപകൽപ്പന, പരസ്യകല, പെയിന്റിംഗ്, കോംപിയറിംഗ്, ഫോട്ടോഗ്രാഫി എന്നീ മേഖലകളിലെ ഏതെങ്കിലും പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏതൊരാളും അല്ലെങ്കിൽ സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകളിൽ ലൈബ്രേറിയനായി പ്രവർത്തിക്കുന്ന ഏതൊരാളും അല്ലെങ്കിൽ തന്റെ ഉപജീവനത്തിനായി അങ്ങനെയുള്ള മറ്റേതെങ്കിലും രൂപത്തിലുള്ള കല, സാഹിത്യം, സംസ്കാരം, സാംസ്കാരിക പ്രഭാഷണം, അതുപോലുള്ള മറ്റുപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏതൊരാളും അല്ലെങ്കിൽ ക്ഷേമനിധി ആക്ടിന്റെ ആവശ്യത്തിലേയ്ക്കായി വിജ്ഞാപനംമൂലം സർക്കാർ പ്രഖ്യാപിക്കുന്ന അങ്ങനെയുള്ള മറ്റ് പ്രവർത്തനങ്ങൾ എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നതോ ഏർപ്പെട്ടിരുന്നവരോ ആയ ഏതൊരാളെയുമാണ് ക്ഷേമനിധി അംഗത്വത്തിനായി പരിഗണിക്കുന്നത്.

(ബി) ഈ പെൻഷൻ പദ്ധതിയുടെ അർഹതാ മാനദണ്ഡങ്ങൾ വിശദമാക്കുമോ?

കലാകാര പെൻഷൻ അനുവദിച്ചുവരുന്നത് 11-8-2017-ലെ സ.ഉ. (കൈ) 21/2017/സാം.കാ.വ. നമ്പർ സർക്കാർ ഉത്തരവിൻ പ്രകാരമുള്ള മാനദണ്ഡങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ്. 50 വയസ്സ് പൂർത്തീകരിക്കുകയും വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ളവരുമായ അവശരായ എല്ലാ കലാകാരന്മാർക്കും കലാകാരപെൻഷനുവേണ്ടി അപേക്ഷിക്കാവുന്നതാണ്. വയസ്സ് തെളിയിക്കുന്ന രേഖ സാക്ഷ്യപ്പെടുത്തിയും വില്ലേജ് ഓഫീസറിൽനിന്നുള്ള വരുമാന സർട്ടിഫിക്കറ്റും കലാകാരനെന്ന് തെളിയിക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾ നൽകുന്ന സാക്ഷ്യപത്രവും ഇതോടൊപ്പം ഹാജരാക്കേണ്ടതുണ്ട്. ഇത്തരം അപേക്ഷകൾ ബന്ധപ്പെട്ട അക്കാദമികൾ സൂക്ഷ്മപരിശോധന നടത്തി ശിപാർശ ചെയ്ത് റിപ്പോർട്ട് സാംസ്കാരിക വകുപ്പ് അദ്ധ്യക്ഷന് നൽകുന്നമുറയ്ക്ക് ആയതിൽ ന്യൂനതകളുള്ള അപേക്ഷകരെ മാറ്റിനിർത്തി സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയും യോഗ്യതയുള്ള അർഹരായ കലാകാരന്മാർക്ക് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പെൻഷൻ അനുവദിച്ച് നൽകുകയുമാണ് ചെയ്യുന്നത്. മറ്റ് സാമൂഹ്യ സുരക്ഷാ പെൻഷനുകളോ സർക്കാർ ഫണ്ടിൽനിന്നുള്ള ക്ഷേമപെൻഷനുകളോ കൈപ്പറ്റാത്ത ഗുണഭോക്താക്കൾക്കാണ് ഈ പ്രതിമാസ ധനസഹായം അനുവദിച്ചുവരുന്നത്. കലാകാരപെൻഷൻ മുടങ്ങാതെ തുടർന്നും ലഭിക്കുന്നതിന്

കലാകാര പെൻഷൻ ഗുണഭോക്താക്കൾ ആറ് മാസത്തിലൊരിക്കൽ ലൈഫ് സർട്ടിഫിക്കറ്റും മൂന്ന് വർഷത്തിലൊരിക്കൽ വരുമാന സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതുണ്ട്. കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പെൻഷനുള്ള മാനദണ്ഡങ്ങൾ താഴെപ്പറയും പ്രകാരമാണ്.

ക്ഷേമനിധിയിൽ 18 വയസ്സ് പൂർത്തിയായിട്ടുള്ളവരും എന്നാൽ 60 വയസ്സ് പൂർത്തിയായിട്ടില്ലാത്തവരുമായ കലാ-സാംസ്കാരിക-സാഹിത്യ മേഖലയിലുള്ളവർക്ക് നിശ്ചിത ഫോറത്തിൽ ആവശ്യമായ രേഖകളും ഫീസും സഹിതം അപേക്ഷ സമർപ്പിക്കാവുന്നതും അപേക്ഷകൾ പരിശോധിച്ച് അപേക്ഷകർക്ക് ക്ഷേമനിധി അംഗീകാരം നൽകിയ അക്കാദമികളോ സ്ഥാപനങ്ങളോ സംഘടനകളിൽനിന്നോ അംഗീകാരം കിട്ടുന്നമുറയ്ക്ക് ക്ഷേമനിധി അംഗത്വം നൽകുന്നതുമാണ്. അംഗത്വം ലഭിച്ച് അംശദായം അടച്ച ഒരു അംഗത്തിന് 60 വയസ്സ് തികയുന്നമുറയ്ക്ക് ക്ഷേമനിധി പെൻഷൻ അനുവദിക്കുന്നതാണ്. സൂപ്പറാന്വേഷൻ പെൻഷനുവേണ്ടി ക്ഷേമനിധി പദ്ധതി പ്രകാരമുള്ള 5-ാം നമ്പർ ഫാറം പൂരിപ്പിച്ച് നൽകേണ്ടതാണ്.

## സാഹിത്യ അക്കാദമിയുടെ പ്രവർത്തനങ്ങൾ

273 (3979) <u>ശ്രീ. എ. എൻ. ഷംസീർ:</u>
<u>ശ്രീമതി ദെലീമ:</u>
<u>ശ്രീ. കെ. ഡി. പ്രസേനൻ:</u>
<u>ശ്രീ. എച്ച്. സലാം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ സാംസ്കാരിക സ്ഥാപനങ്ങളെ പുരോഗമന ചിന്തകൾക്കും മാനവികതയ്ക്കുമെതിരായ ദിശയിലേയ്ക്ക് രൂപമാറ്റം നടത്തുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ സാംസ്കാരിക കേന്ദ്രങ്ങളുടെ പ്രവർത്തനം ഒരു ബദൽ സാംസ്കാരിക ഇടപെടലാക്കി മാറ്റുന്നതിന് മുൻസർക്കാർ നടത്തിവന്ന പ്രവർത്തനങ്ങൾ ഈ സർക്കാർ പിന്തുടരാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉദ്ദേശിക്കുന്നുണ്ട്.

(ബി) സാഹിത്യ അക്കാദമിയുടെ പ്രവർത്തനങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിനും അക്കാദമിയുടെ പ്രവർത്തനം കൂടുതൽ ജനകീയമാക്കുന്നതിനും എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

സാഹിത്യ അക്കാദമിയുടെ പ്രവർത്തനങ്ങൾ കാലോചിതമായി പരിഷ്കരിക്കാനും കൂടുതൽ ജനകീയമാക്കാനുമുള്ള ശ്രമങ്ങളിലാണ് കഴിഞ്ഞ 5 വർഷം സാഹിത്യ അക്കാദമി ഏർപ്പെട്ടത്. കൃഷിക്കാരും തൊഴിലാളികളുമടങ്ങുന്ന ജനവിഭാഗങ്ങൾ, വനിതകൾ, ദളിത് വിഭാഗങ്ങൾ, ട്രാൻസ്ജെൻഡറുകൾ, പാർശ്വവൽക്കരിക്കപ്പെട്ട മറ്റ് ജനവിഭാഗങ്ങൾ എന്നിവർക്കുകൂടി അക്കാദമിയുടെ പ്രവർത്തനങ്ങളിൽ പങ്കാളിത്തമുണ്ടാകണമെന്ന് ഈ സർക്കാർ ആഗ്രഹിക്കുന്നുണ്ട്. അതോടൊപ്പംതന്നെ ഇന്ത്യൻ ജനാധിപത്യത്തിനും ഇന്ത്യയുടെ മതേതര ചിന്തയ്ക്കും ഇന്ത്യയുടെ ബഹുസ്വര സംസ്കൃതിക്കും കോട്ടംതട്ടുന്ന രീതിയിലുള്ള വർഗ്ഗീയശക്തികളുടെ പ്രവർത്തനങ്ങളെ ചെറുത്തുനിൽക്കാനും അക്കാദമി ശ്രമിച്ചുപോന്നിട്ടുണ്ട്. സംസ്കാരം എന്നത് ഒരു ഭൗതിക ശക്തിയാണെന്ന തിരിച്ചറിവോടെ അക്കാദമി ജനങ്ങൾക്കിടയിൽ പ്രവർത്തിക്കുന്നു.

(സി) നിലവിൽ സാഹിത്യ അക്കാദമിയിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

കേരളപ്പിറവിയോടൊപ്പം രൂപംകൊണ്ട കേരള സാഹിത്യ അക്കാദമി 64-ാം വർഷം പൂർത്തിയാക്കുകയാണ്. ഇക്കാലമത്രയും കേരള സാഹിത്യ അക്കാദമി സാംസ്കാരിക രംഗത്ത് ശ്രദ്ധേയമായ നിരവധി ഇടപെടലുകൾ നടത്തിപ്പോന്നിട്ടുണ്ട്. സമൂഹത്തിന്റെ വിവിധ മേഖലയിൽപ്പെട്ട എഴുത്തുകാരെ പ്രോത്സാഹിപ്പിക്കാനും സ്വതന്ത്ര ചിന്തയുടെ വെളിച്ചം പ്രാദേശിക തലങ്ങളിൽ പ്രസരിപ്പിക്കാനും അക്കാദമി ശ്രമിച്ചുപോരുന്നുണ്ട്. പുസ്തകപ്രസാധനം, ആനുകാലികങ്ങൾ, സെമിനാറുകൾ, ക്യാമ്പുകൾ, പ്രധാനപ്പെട്ട സാംസ്കാരിക രേഖകളുടെ ഡോക്യുമെന്റേഷൻ എന്നിങ്ങനെ വിവിധ രംഗങ്ങളിൽ അക്കാദമി കാലോചിതമായ രീതിയിൽ പ്രവർത്തിച്ചുപോന്നു.

**സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ**

274 (3980) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിന്റെ കീഴിൽ ഇപ്പോൾ ഏതെല്ലാം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

&

(ബി) 2015 മുതൽ ഈ സ്ഥാപനങ്ങൾക്ക് പ്ലാൻ, നോൺ പ്ലാൻ ഇനത്തിൽ എത്ര ഫണ്ട് നൽകിയെന്ന് ഓരോ സ്ഥാപനത്തിന്റേയും വർഷം, ഇനം എന്നിവ തിരിച്ച് വിശദമാക്കുമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സിനിമാ മേഖലയിലെ പ്രതിസന്ധി

275 (3981) ശ്രീ. പി. കെ. ബഷീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ഭീഷണി സിനിമ ചിത്രീകരണ മേഖലയെ ഏതെല്ലാം വിധത്തിൽ ബാധിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

കോവിഡിന്റെ സാഹചര്യത്തിൽ ഷൂട്ടിംഗ് മുടങ്ങിയതിനാൽ ദിവസ വേതനക്കാരായ നിരവധി സിനിമാ തൊഴിലാളികളുടെ ഉപജീവനമാർഗ്ഗം വഴിമുട്ടിയിരിക്കുകയാണ്. നിലവിൽ 50 പേരെ വച്ചുകൊണ്ടുള്ള ഇൻഡോർ ഷൂട്ടിംഗിന് അനുമതിയുണ്ടെങ്കിലും പ്രധാനതാരങ്ങളും സാങ്കേതിക പ്രവർത്തകരും ചേർന്നാൽ 50 പേരോളം വരുമെന്നതിനാൽ ജൂനിയർ ആർട്ടിസ്റ്റുകൾ ഉൾപ്പെടെയുള്ളവരെ ചിത്രീകരണത്തിൽ പങ്കെടുപ്പിക്കാൻ കഴിയുന്നില്ല. സംസ്ഥാനത്തെ തിയേറ്ററുകളെല്ലാം ഇപ്പോൾ പ്രവർത്തനരഹിതമാണ്. സിനിമാ ഷൂട്ടിംഗിന് പൊതുസ്ഥലത്ത് അനുമതി നൽകാൻ കഴിയാത്തതിനാൽ ചലച്ചിത്ര നിർമ്മാണരംഗത്ത് പ്രതിസന്ധിയുണ്ട്. കോവിഡ് മാറുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കും.

(ബി) സിനിമാ മേഖലയിലെ തൊഴിൽ സാദ്ധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തി സംസ്ഥാനത്തുതന്നെ സിനിമ, സീരിയൽ ഷൂട്ടിംഗ് നടത്തുന്നതിനാവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കോവിഡ് സാഹചര്യം നിലനിൽക്കുന്നുവെങ്കിൽക്കൂടി നല്ലൊരു ശതമാനം സിനിമകളുടെയും ചിത്രീകരണം കേരളത്തിൽ തന്നെയാണ് നടക്കുന്നത്. ഫലപ്രദമായ മുൻകരുതലെടുത്ത് ചലച്ചിത്ര നിർമ്മാണത്തിനായി കെ.എസ്.എഫ്.ഡി.സി.-യുടെ ചിത്രാഞ്ജലി സ്റ്റുഡിയോയിൽ സിനിമാ/സീരിയൽ ഷൂട്ടിംഗിനായി സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. സ്റ്റുഡിയോ അണുനശീകരണം നടത്തുകയും ചിത്രീകരണത്തിനായി എത്തുന്ന ഓരോ സിനിമാ പ്രവർത്തകരേയും തെർമ്മൽ സ്കാൻ നടത്തി, സാനിറ്റൈസ് ചെയ്താണ് സ്റ്റുഡിയോയിലേയ്ക്ക് പ്രവേശിപ്പിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ കോവിഡ് ചട്ടങ്ങൾ പൂർണ്ണമായി പാലിച്ച് സിനിമാ നിർമ്മാണത്തിനായി എല്ലാവിധ സൗകര്യങ്ങളുമൊരുക്കുന്നുണ്ട്.

(സി) കോവിഡുമൂലം പ്രതിസന്ധിയിലായ തിയേറ്റർ ഉടമകളെ സഹായിക്കുന്നതിനായി കൈക്കൊണ്ടിട്ടുള്ള പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ?

സംസ്ഥാന സർക്കാർ തിയേറ്റർ ഉടമകളെ സഹായിക്കാനായി വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വൈദ്യുതി ഫിക്സഡ് ചാർജ്ജ് പകുതിയാക്കുകയും വൈദ്യുതി ബില്ലുകൾ ഘട്ടംഘട്ടമായി ഒടുക്കാനുള്ള അനുമതി നൽകുകയും ചെയ്തിരുന്നു. കൂടാതെ 2021 മാർച്ച് 31 വരെയുള്ള വിനോദ നികുതി ഒഴിവാക്കിയിട്ടുണ്ട്.

## കവി തിലകൻ പണ്ഡിറ്റ് കറുപ്പൻ സ്മാരകം

276 (3982) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ ചെറായിയിൽ സാംസ്കാരിക വകുപ്പിനുകീഴിൽ കവി തിലകൻ പണ്ഡിറ്റ് കറുപ്പൻ സ്മാരകം നിർമ്മിക്കുന്നതിന് അധിക സഹായമായി എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

2021-2022 സാമ്പത്തികവർഷം ചെറായിയിലെ കവി തിലകൻ പണ്ഡിറ്റ് കറുപ്പൻ സ്മാരകം നിർമ്മാണത്തിന് സംസ്ഥാന ബഡ്ജറ്റിൽ തുക പ്രത്യേകം ഉൾപ്പെടുത്തിയിട്ടില്ല.

(ബി) ഇതുസംബന്ധിച്ച് എ 2/104/17/സാം.കാ.വ. ഫയലിലും സാംസ്കാരിക വകുപ്പ് ഡയറക്ടറാഫീസിലെ എ 1/2757/20 നമ്പർ ഫയലിലും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഈ വിഷയം സംബന്ധിച്ച സർക്കാരിലെ സാംസ്കാരികകാര്യ വകുപ്പിൽ കൈകാര്യം ചെയ്യുന്ന എ 2/104/2017/സാം.കാ.വ. നമ്പർ ഫയലിൽ എറണാകുളം ജില്ലയിലെ ചെറായിയിൽ പ്രവർത്തിക്കുന്ന കവി തിലകൻ പണ്ഡിറ്റ് കറുപ്പൻ സ്മാരക ട്രസ്റ്റിന്റെ നേതൃത്വത്തിൽ നിർമ്മിക്കുന്ന കവി തിലകൻ പണ്ഡിറ്റ് കറുപ്പൻ സ്മാരകം മൊത്തം 49,75,000 രൂപ ചെലവിൽ (29,75,000 രൂപയ്ക്ക് സ്ഥലം വാങ്ങിയും 20 ലക്ഷം രൂപയ്ക്ക് സ്മാരകം നിർമ്മിക്കുന്നതിനും) സ്ഥാപിക്കുന്നതിന് 26-6-2019-ലെ സ.ഉ. (സാധാ.) 250/2019/സാം.കാ.വ., 07-11-2019-ലെ സ.ഉ. (സാധാ.) 506/2019/സാം.കാ.വ., 11-6-2020-ലെ സ.ഉ. (സാധാ.) നമ്പർ. 3540/2020/ധന. എന്നിവ പ്രകാരം ഭരണാനുമതി നൽകി പ്രസ്തുത തുക അനുവദിക്കുകയുമുണ്ടായി. ആയതിനുശേഷം പ്രസ്തുത നിർമ്മാണത്തിന് അധിക

ധനസഹായമായി 1,00,00,000 രൂപകൂടി അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതിന് വിശദമായ പ്രൊപ്പോസൽ ടി ട്രസ്റ്റ് അധികൃതരിൽനിന്ന് വാങ്ങി സമർപ്പിക്കാൻ സാംസ്കാരിക വകുപ്പ് ഡയറക്ടറോട് 31-10-2020-ൽ ആവശ്യപ്പെടുകയുണ്ടായി. തുടർന്ന് പ്രസ്തുത നിർമ്മാണത്തിന് പുതുക്കിയ ഭരണാനുമതി പുറപ്പെടുവിച്ചുകൊണ്ട് അധിക ധനസഹായമായി 1,00,00,000 രൂപകൂടി അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് ടി ട്രസ്റ്റ് അധികൃതർ 09-2-2021-ൽ നേരിട്ട് സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിക്കുകയും സർക്കാർ ഇക്കാര്യം പരിശോധിച്ചുവരികയുമാണ്. ഈ വിഷയം സംബന്ധിച്ച സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിൽ കൈകാര്യം ചെയ്യുന്ന എ 1/2757/20/സാം.വ. നമ്പർ ഫയലിൽ സർക്കാരിന്റെ മേൽപരാമർശിച്ച 31-10-2020-ലെ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ട്രസ്റ്റ് അധികൃതരോട് വിശദമായ പ്രൊപ്പോസലും രേഖകളും വിശദാംശങ്ങളും ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ടി ട്രസ്റ്റ് അധികൃതർ 09-2-2021-ൽ നേരിട്ട് സർക്കാരിൽ ലഭ്യമാക്കുകയാണുണ്ടായത്.

(സി) പ്രസ്തുത അധിക ധനസഹായം എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

അധിക ധനസഹായം ലഭ്യമാക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്.

**കോവിഡ് കാരണം കലാകാരന്മാർക്കുണ്ടായ പ്രതിസന്ധി**

277 (3983) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 പ്രതിരോധ നടപടികളുടെ ഭാഗമായി സംസ്ഥാനത്ത് കൈക്കൊണ്ട നിയന്ത്രണങ്ങൾ കാരണം ഉപജീവനമാർഗ്ഗം തടസ്സപ്പെട്ട അസംഘടിതരായ കലാകാരന്മാരെ സഹായിക്കുന്നതിന് വകുപ്പ് കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ;

&

(ബി) പ്രസ്തുത കലാകാരന്മാർക്ക് സമാശ്വാസ സഹായങ്ങൾ വിതരണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

കോവിഡ് മഹാമാരിമൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടിയവരും കുറഞ്ഞത് 10 വർഷക്കാലം തുടർച്ചയായി കലാരംഗത്ത് പ്രവർത്തിക്കുന്നവരും കേരളത്തിൽ സ്ഥിരതാമസമാക്കിയിട്ടുള്ളവരുമായ 32000 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും ആകെ 640 ലക്ഷം രൂപ

ചെലവഴിച്ച് പ്രതിമാസം 1,000 രൂപാ വീതം 2 മാസത്തേയ്ക്ക് അടിയന്തര ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ സാംസ്കാരിക വകുപ്പും അക്കാദമികളും മുഖേനയുള്ള സമാശ്വാസ ധനസഹായത്തിന് യഥാസമയം അപേക്ഷിക്കാൻ കഴിയാതെ പോയവരും അതുവരെ മറ്റ് യാതൊരുവിധ ധനസഹായങ്ങൾ ലഭിച്ചിട്ടില്ലാത്തവരുമായ 29050 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കുംകൂടി സമാശ്വാസ ധനസഹായമായി 1,000 രൂപാവീതം ആകെ 290.5 ലക്ഷം രൂപ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും വിതരണം ചെയ്തിട്ടുണ്ട്. സാംസ്കാരിക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവർക്ക് കഴിഞ്ഞ വർഷം 2,000 രൂപ വീതം നൽകി. ഈ വർഷം 1,000 രൂപവീതം ധനസഹായം നൽകിവരുന്നു. കൂടാതെ ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് പെൻഷൻ, ചികിത്സാ ധനസഹായം, അംഗങ്ങളുടെ അവകാശികൾക്ക് മരണാനന്തര ധനസഹായം, കുടുംബ പെൻഷൻ എന്നിവ നൽകിവരുന്നു. കോവിഡ് കാലത്ത് കലാ-സാംസ്കാരിക രംഗത്തെ തൊഴിൽ നഷ്ടം കണക്കിലെടുത്ത് കലാകാരന്മാരുടെ കുടുംബാംഗങ്ങളെ സഹായിക്കുകയെന്നതുകൂടി പരിഗണിച്ച് മലയാളം മിഷന്റെ റേഡിയോ മലയാളം വഴി നവോത്ഥാന നാടക പരമ്പര ആരംഭിച്ചു. ആദ്യ നാടകം 6 എപ്പിസോഡുകളിലായി റേഡിയോ, യൂട്യൂബ് എന്നിവ വഴി പ്രക്ഷേപണം ചെയ്തു. ഇതിലൂടെ കലാകാരന്മാർക്ക് ചെറിയ തോതിൽ ധനസഹായം ലഭിക്കുന്നുണ്ട്. ലളിതകലാ അക്കാദമി കോവിഡ് സമാശ്വാസ പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച 'നിറകേരളം' ചിത്രരചനാ പരിപാടിയിൽ 250 കലാകാരന്മാർക്ക് 20,000 രൂപാവീതം ധനസഹായവും പെയിന്റിംഗ് ഉപകരണങ്ങളും വിതരണം ചെയ്തിട്ടുണ്ട്.

(സി) കോവിഡ് പ്രതിസന്ധി നിലവിൽ തുടരുന്ന സാഹചര്യത്തിൽ എന്തെല്ലാം പദ്ധതികളാണ് കലാകാരന്മാരുടെ ഉന്നമനത്തിനായി നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

കോവിഡ് മഹാമാരിമൂലം തൊഴിൽ നഷ്ടമായ കലാകാരന്മാരെ സഹായിക്കുന്നതിനായി കേരള സംഗീത നാടക അക്കാദമി 'സർഗ്ഗഭൂമിക' എന്ന ഓൺലൈൻ പ്ലാറ്റ്ഫോം വഴി കലാകാരന്മാർക്ക് പ്രതിഫലത്തോടെ പരിപാടികൾ അവതരിപ്പിക്കാൻ അവസരം നൽകി. ഈ സർക്കാരിന്റെ കാലത്ത് നൂറ് കേരള ഗാനങ്ങൾ രചിച്ച് സംഗീതം നൽകി പാടുന്ന കലാകാരന്മാർക്ക് ഓരോരുത്തർക്കും 5000 രൂപ വീതം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 25 അമച്വർ

കലാസമിതികൾക്ക് 2 ലക്ഷം രൂപാവീതം ധനസഹായം നൽകുന്ന പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾ കേരള സംഗീത നാടക അക്കാദമിയുടെ നേതൃത്വത്തിൽ നടന്നുവരുന്നു. കോവിഡ് ലോക്ഡൗൺമൂലം പ്രതിസന്ധി നേരിടുന്ന കലാസമൂഹത്തിന് സാമ്പത്തികമായും മാനസികമായും കൈത്താങ്ങാവുന്ന തരത്തിൽ മുപ്പത് ദിവസം ദൈർഘ്യമുള്ള ഒരു നവമാധ്യമ കലാസംഗമം സാംസ്കാരികകാര്യ വകുപ്പിനുവേണ്ടി 'മഴമിഴി' എന്ന പേരിൽ ആകെ 99,75,000 രൂപ എസ്റ്റിമേറ്റിൽ സംഘടിപ്പിക്കുന്നതിന് ഭരണാനുമതി നൽകുകയും അതുപ്രകാരം പദ്ധതി നടപ്പിലാക്കി വരികയും ചെയ്യുന്നു.

## സാംസ്കാരിക സ്ഥാപനങ്ങൾക്ക് അനുവദിച്ച ഫണ്ട്

278 (3984) <u>ശ്രീ. വി. ജോയി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡല പരിധിയിലുള്ള ഏതെല്ലാം സാംസ്കാരിക സ്ഥാപനങ്ങൾക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആവർത്തന ഫണ്ടും അനാവർത്തന ഫണ്ടും അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

&

(ബി) ഓരോ സ്ഥാപനങ്ങൾക്കും അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് വിശദമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വർക്കല നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന വിവിധ സംഘടനകൾക്ക്/സ്ഥാപനങ്ങൾക്ക് അനുവദിച്ച ധനസഹായങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) ഓരോ സ്ഥാപനവും സമർപ്പിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

1. പ്രശസ്ത സംഗീതജ്ഞയായിരുന്ന ഡോ. എം. എസ്. സുബ്ബലക്ഷ്മിയുടെ സ്മരണാർത്ഥമുള്ള സംഗീതോത്സവം സംഘടിപ്പിക്കുന്നതിനും ഡോ. എം. എസ്. സുബ്ബലക്ഷ്മിയുടെ പേരിലുള്ള പുരസ്കാരദാനത്തിനും സർക്കാർ ധനസഹായം അനുവദിക്കണമെന്നഭ്യർത്ഥിച്ച് വർക്കല ഡോ. എം. എസ് സുബ്ബലക്ഷ്മി ഫൗണ്ടേഷൻ അധികൃതർ അപേക്ഷ സമർപ്പിച്ചിരുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2. കഥകളി മുൻനിർത്തിയുള്ള വിവിധ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനമായി ധനസഹായങ്ങൾ അനുവദിക്കണമെന്നഭ്യർത്ഥിച്ച് കലാഭാരതി ഗുരു ചെങ്ങന്നൂർ കഥകളി അക്കാദമി അധികൃതർ അപേക്ഷ സമർപ്പിച്ചിരുന്നു.

3. വർക്കല ശ്രീകൃഷ്ണ നാട്യസംഗീത അക്കാദമിയുടെ വാർഷികാഘോഷ പരിപാടികൾ സംഘടിപ്പിക്കുന്നതിനും പ്രശസ്ത സംഗീതജ്ഞയായിരുന്ന ഡോ. എം. എസ്. സുബ്ബലക്ഷ്മിയുടെ സ്മരണാർത്ഥമുള്ള സംഗീതോത്സവം സംഘടിപ്പിക്കുന്നതിനും ഡോ. എം. എസ്. സുബ്ബലക്ഷ്മിയുടെ പേരിലുള്ള പുരസ്കാരദാനത്തിനും വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച വിശിഷ്ട വ്യക്തികളെ ആദരിക്കൽ എന്നിവയ്ക്കും സർക്കാർ ധനസഹായം അനുവദിക്കണമെന്നഭ്യർത്ഥിച്ച് വർക്കല ശ്രീകൃഷ്ണ നാട്യസംഗീത അക്കാദമി അധികൃതർ അപേക്ഷ സമർപ്പിച്ചിരുന്നു.

**നന്ദികേശ ശില്പ പൈതൃക ഗ്രാമം പദ്ധതി**

279 (3985) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര നിയോജകമണ്ഡലത്തിൽ നൂറനാട്, നന്ദികേശ ശില്പ പൈതൃക ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മാവേലിക്കര നിയമസഭാ മണ്ഡലത്തിലെ നൂറനാട് നന്ദികേശ ശില്പ പൈതൃകഗ്രാമം പദ്ധതിക്ക് ലളിതകലാ അക്കാദമിയുടെ മേൽനോട്ടത്തിൽ നടപടികൾ സ്വീകരിക്കുന്നതിന് ലളിതകലാ അക്കാദമിയുടെ 30-10-2018-ൽ കൂടിയ നിർവ്വാഹക സമിതി യോഗം ചർച്ച ചെയ്യുകയും നന്ദികേശ ശില്പം സൂക്ഷിക്കുന്നതിനുതകുംവിധം കെട്ടിടം നിർമ്മിച്ച് ലഭിക്കുകയും കൂടാതെ പൈതൃക ആർട്ട് ഗ്യാലറി സജ്ജീകരിക്കുന്നതിനുള്ള സൗകര്യങ്ങൾകൂടി ഒരുക്കി അക്കാദമിയെ ഏൽപ്പിക്കുകയാണെങ്കിൽ നടത്തിപ്പ് ലളിതകലാ അക്കാദമി ഏറ്റെടുക്കാമെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് പടനിലം പരബ്രഹ്മക്ഷേത്ര ഭരണസമിതിയുടെ തീരുമാനം അക്കാദമിയെ അറിയിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് 25-1-2019-ൽ കത്ത് നൽകിയിരുന്നു. തുടർന്ന് ലളിതകലാ അക്കാദമി എക്സിബിഷൻ ഓഫീസർ തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് ക്ഷേത്ര ഭാരവാഹികളുടെ അഭിപ്രായം ആരാഞ്ഞിരുന്നു. അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനുള്ള ഫണ്ട് ലഭ്യമാക്കുന്നമുറയ്ക്ക് അക്കാദമിയെ സമീപിക്കുന്നതാണെന്നാണ് ക്ഷേത്ര കമ്മിറ്റി ഭാരവാഹികൾ അറിയിച്ചിരുന്നത്. എന്നാൽ ക്ഷേത്രഭാരവാഹികൾ നാളിതുവരെ കെട്ടിടം നിർമ്മിച്ച് അക്കാദമിയെ ഏൽപ്പിച്ചിട്ടില്ലാത്തതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.

## കെ.എസ്.എഫ്.ഡി.സി. സഹായത്തോടെയുള്ള തിയേറ്റർ സമുച്ചയം

280 (3986) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് നിയോജകമണ്ഡലത്തിൽപ്പെട്ട അളഗപ്പനഗർ പഞ്ചായത്ത് വിട്ടുനൽകിയ സ്ഥലത്ത് കെ.എസ്.എഫ്.ഡി.സി. കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന തിയേറ്റർ സമുച്ചയ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

പുതുക്കാട് നിയോജകമണ്ഡലത്തിൽപ്പെട്ട അളഗപ്പനഗറിൽ നിർമ്മിച്ചു കൊണ്ടിരിക്കുന്ന തിയേറ്റർ സമുച്ചയ നിർമ്മാണത്തിന്റെ സിവിൽ, എം.ഇ.പി. ജോലികൾ പുരോഗമിച്ചുവരികയാണ്. തിയേറ്ററിന്റെ പ്രൊജക്ഷൻ, സൗണ്ട്, അക്കൗസ്റ്റിക്ക്, ഇന്റീരിയർ ജോലികൾ നിർവ്വഹിക്കുന്നതിനുള്ള ടെൻഡർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) എന്തൊക്കെ സൗകര്യങ്ങളോടെയാണ് പ്രസ്തുത തിയേറ്റർ നിർമ്മിക്കുന്നതെന്നും എത്ര രൂപയാണ് ഇതിനായി അനുവദിച്ചിട്ടുള്ളതെന്നും എന്നത്തേയ്ക്ക് നിർമ്മാണം പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

രണ്ട് സ്ക്രീനുള്ള തിയേറ്റർ സമുച്ചയമാണ് നിർമ്മിക്കുന്നത്. രണ്ട് സ്ക്രീനുകളിലായി 309 സീറ്റുകളാണ് സജ്ജീകരിക്കാനുദ്ദേശിക്കുന്നത്. അത്യാധുനിക രീതിയിലുള്ള 4 കെ ലേസർ പ്രൊജക്ഷൻ സംവിധാനം, അറ്റ്മോസ് സൗണ്ട് സിസ്റ്റം, ഇൻവെർട്ടർ ടൈപ്പ് ശീതീകരണ സംവിധാനം, തിയേറ്ററിന്റെ നാനാഭാഗത്തും നിരീക്ഷണ ക്യാമറകൾ, വൈദ്യുതി തടസ്സം നേരിടാനുള്ള ആധുനിക ജനറേറ്ററുകൾ, ഫയർ ഫൈറ്റിംഗ് സംവിധാനം, സൗകര്യപ്രദമായ സോഫാ-പുഷ്-ബാക്ക് ഇരിപ്പിടങ്ങൾ, എൽ.ഇ.ഡി. ഡിസ്പ്ലേ, ആധുനിക ടോയ്‌ലെറ്റ് സൗകര്യം, ലിഫ്റ്റ് സംവിധാനം, ക്യാന്റീൻ സൗകര്യം, സൗകര്യപ്രദമായ പാർക്കിംഗ് തുടങ്ങിയ സൗകര്യങ്ങളോടുകൂടിയ ഈ തിയേറ്റർ സമുച്ചയം 2021 ഡിസംബറോടുകൂടി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. 11.11 കോടി രൂപയുടെ ബഡ്ജറ്റിനാണ് കിഫ്ബിയിൽനിന്നും അനുമതി ലഭിച്ചിട്ടുള്ളത്.

## സാംസ്കാരിക വകുപ്പിന്റെ പദ്ധതികൾ

281 (3987) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സാംസ്കാരിക വകുപ്പ് വാമനപുരം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്താരംഭിച്ച യുവകലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതിയുടെ ഭാഗമായി വാമനപുരം നിയോജകമണ്ഡലത്തിൽ 7 കലാകാരന്മാരെ നിയോഗിക്കുകയും പ്രസ്തുത കലാകാരന്മാർക്ക് വാമനപുരം ബ്ലോക്ക് പഞ്ചായത്തിനുകീഴിലുള്ള വിവിധ കേന്ദ്രങ്ങളിൽ വിവിധ കലാരൂപങ്ങളിൽ കലാപരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. ഓരോ കലാകാരനും 10,000 രൂപ സാംസ്കാരിക വകുപ്പിൽനിന്നും 5,000 രൂപ തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നുമുൾപ്പെടെ പ്രതിമാസം 15,000 രൂപ ഫെലോഷിപ്പായി നൽകി വരുന്നുണ്ട്.

(ബി) വരുംവർഷങ്ങളിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ?

നിലവിൽ തീരുമാനമെടുത്തിട്ടില്ല.

**ഇ.കെ. അയമു സാംസ്കാരിക മന്ദിരം**

282 (3988) <u>ശ്രീ. പി. വി. അൻവർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22-ലെ ബഡ്ജറ്റിൽ നിലമ്പൂർ നിയോജകമണ്ഡലത്തിൽ മലബാറിലെ പ്രശസ്ത നാടക പ്രവർത്തകനായിരുന്ന ഇ. കെ. അയമുവിന്റെ പേരിൽ സാംസ്കാരിക മന്ദിരം സ്ഥാപിക്കുന്നതിന് ടോക്കൺ തുക അനുവദിച്ചിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് ഈ വർഷം എത്ര തുകയാണ് ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാംസ്കാരിക സമുച്ചയനിർമ്മാണം കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ്.

(ബി) നിലമ്പൂർ ഇ. കെ. അയമു സാംസ്കാരിക മന്ദിരം സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം അനുവദിക്കുന്നതിന് സർക്കാർ സന്നദ്ധമാകുമോ; വില കൊടുക്കാൻ തയ്യാറായാൽ ഏതെങ്കിലും വകുപ്പിന്റെയോ മറ്റോ കൈവശമിരിക്കുന്ന ഭൂമി ഏറ്റെടുത്ത് നല്കാൻ സാംസ്കാരിക വകുപ്പ് തയ്യാറാകുമോ?

ഇതിനുവേണ്ടിയുള്ള പ്രൊപ്പോസലുകളൊന്നും സർക്കാരിൽ ലഭിച്ചിട്ടില്ല. ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

(സി) നിലമ്പൂർ ഇ. കെ. അയമു സാംസ്കാരിക മന്ദിരം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾക്ക് ഏത് കാര്യാലയത്തെയാണ് സമീപിക്കേണ്ടതെന്നും ബന്ധപ്പെടേണ്ട ഉദ്യോഗസ്ഥരുടെ ഫോൺ നമ്പരും വിലാസവും അറിയിക്കാമോ; ഇതിനുള്ള പദ്ധതിയും എസ്റ്റിമേറ്റും ഏത് വകുപ്പ് മുഖാന്തരമാണ് നൽകേണ്ടതെന്നും വ്യക്തമാക്കാമോ?

വിശദമായ പ്രൊപ്പോസൽ (പദ്ധതി വിവരങ്ങളും എസ്റ്റിമേറ്റും സഹിതം) സർക്കാരിലെ സാംസ്കാരികകാര്യ വകുപ്പിൽ താഴെപ്പറയുന്ന മേൽവിലാസത്തിൽ സമർപ്പിക്കാവുന്നതാണ്. പ്രിൻസിപ്പൽ സെക്രട്ടറി സാംസ്കാരികകാര്യ (എ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം, ഫോൺ നമ്പർ. 0471- 2518890.

### കുറ്റ്യാടിയിൽ മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ

283 (3989) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും പ്രസ്തുത പദ്ധതിയെ വിനോദസഞ്ചാരവുമായി എപ്രകാരം ബന്ധപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ;

&

(ബി) പ്രസ്തുത മ്യൂസിയം നടത്തിപ്പിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

മ്യൂസിയം നിർമ്മാണത്തിന് കുറ്റ്യാടി നിയോജകമണ്ഡലത്തിൽ പദ്ധതി വിഭാവനം ചെയ്തിട്ടില്ല.

### വള്ളിക്കുന്നിൽ നാട്ടരങ്ങ് പദ്ധതി

284 (3990) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലകളിൽ മിതമായ സ്ഥലസൗകര്യങ്ങളുള്ള പാതയോരങ്ങൾ കണ്ടെത്തി നാട്ടരങ്ങ് എന്ന പേരിൽ രംഗവേദികൾ സ്ഥാപിക്കുന്ന പദ്ധതി വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതുസംബന്ധിച്ച് സാംസ്കാരിക വകുപ്പ് ഡയറക്ടർ നൽകിയ ശിപാർശയിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

&

(സി) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ അത്താണിക്കൽ കേന്ദ്രീകരിച്ച് നാട്ടരങ്ങ് പദ്ധതി ആരംഭിക്കുന്നതിന് നടപ്പ് സാമ്പത്തികവർഷം ഫണ്ട് അനുവദിക്കുമോ?

(എ-സി) സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പൊതുയിടങ്ങൾ എന്ന ലക്ഷ്യത്തോടനുബന്ധിച്ചുള്ള നാട്ടരങ്ങ് പദ്ധതി വള്ളിക്കുന്നു നിയോജക മണ്ഡലത്തിലെ അത്താണിക്കൽ ഉൾപ്പെടുത്തണമെന്ന പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## എരഞ്ഞോളി മൂസ ഫൗണ്ടേഷന് അനുവദിച്ച ഗ്രാന്റ്

285 (3991) ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ എരഞ്ഞോളി മൂസ ഫൗണ്ടേഷന് നടപ്പുവർഷത്തെ ബഡ്ജറ്റിൽ ഗ്രാന്റായി അനുവദിച്ച 10 ലക്ഷം രൂപ എന്തൊക്കെ കാര്യങ്ങൾക്കാണ് ചെലവാക്കാൻ സാധിക്കുകയെന്ന് വ്യക്തമാക്കാമോ?

ഓരോ സ്ഥാപനങ്ങളുടേയും നേതൃത്വത്തിലുള്ള വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കും കലാ-സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നതിനുംവേണ്ടിയാണ് സാധാരണഗതിയിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക വിവിധ സ്ഥാപനങ്ങൾക്ക് അനുവദിച്ചുവരുന്നത്.

(ബി) പ്രസ്തുത ഫണ്ട് റിലീസ് ചെയ്യുന്നത് സംബന്ധിച്ച് എന്തെല്ലാം നടപടിക്രമങ്ങളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ആയത് അടിയന്തരമായി അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

2021-2022 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനയിൽ 2205-0-102-8-42-നോൺ പ്ലാൻ എന്ന ശീർഷകത്തിൽ കണ്ണൂർ ജില്ലയിൽ പ്രവർത്തിക്കുന്ന എരഞ്ഞോളി മൂസ ഫൗണ്ടേഷന് വകയിരുത്തിയിട്ടുള്ള 10,00,000 രൂപ ആവശ്യപ്പെട്ടുകൊണ്ട് പ്രസ്തുത ഫൗണ്ടേഷൻ അധികൃതർ വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുന്നമുറയ്ക്ക് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

## സാംസ്കാരിക വകുപ്പിനുകീഴിൽ അനുവദിച്ച പ്രവൃത്തികൾ

286 (3992) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ അഞ്ചുവർഷം സാംസ്കാരിക വകുപ്പിനുകീഴിൽ അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളും അവയ്ക്കനുവദിച്ച തുകയും പ്രവർത്തന പുരോഗതിയും വിശദമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച യുവകലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതിയുടെ ഭാഗമായി അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ 4 കലാകാരന്മാരെ നിയോഗിക്കുകയും പ്രസ്തുത കലാകാരന്മാർ അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിനുകീഴിലുള്ള വിവിധ കേന്ദ്രങ്ങളിൽ വിവിധ കലാരൂപങ്ങളിൽ കലാപരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. ഓരോ കലാകാരനും 10,000 രൂപ സാംസ്കാരിക വകുപ്പിൽനിന്നും 5000 രൂപ തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും ഉൾപ്പെടെ പ്രതിമാസം 15,000 രൂപ ഫെലോഷിപ്പായി നൽകിവരുന്നുണ്ട്. സാംസ്കാരിക വകുപ്പിനുകീഴിൽ 1967-ൽ സ്ഥാപിതമായി അമ്പലപ്പുഴയിൽ പ്രവർത്തിച്ചുവരുന്ന കുഞ്ചൻനമ്പ്യാർ സ്മാരകം, കുഞ്ചൻനമ്പ്യാരുടെ സ്മരണ നിലനിർത്തുന്നതിനും തുള്ളൽകലയെ പ്രോത്സാഹിപ്പിക്കുന്നതിനുമായി വിവിധങ്ങളായ സാംസ്കാരിക പ്രവർത്തനങ്ങളും ഇടപെടലും നടത്തിവരുന്നു. കേരളത്തിലെ മികച്ച തുള്ളൽ കലാകാരന് കുഞ്ചൻനമ്പ്യാർ പുരസ്കാരം നൽകി ആദരിക്കുന്നു. കൂടാതെ ഹാസ്യ കലയ്ക്ക് നൽകുന്ന സംഭാവനയെ മാനിച്ച് മികച്ച ഹാസ്യ പ്രതിഭയ്ക്ക് ഹാസ്യ പ്രതിഭാ പുരസ്കാരം നൽകി ആദരിക്കുന്നു. കുഞ്ചൻ നമ്പ്യാരുടെ കവിതകളും തുള്ളൽ കലയും കുട്ടികളെ പരിചയപ്പെടുത്തുന്നതിനായി 'തുള്ളൽ കല ജനങ്ങളിലേയ്ക്ക് ' എന്ന പേരിൽ ജില്ലയിലെ വിവിധ സ്കൂളുകളിൽ ക്ലാസ്സുകളും തുള്ളൽ അവതരണങ്ങളും നടത്തിവരുന്നു. 1967-ൽ പണിപൂർത്തീകരിച്ച ഓഫീസ് കെട്ടിടത്തിന്റെ പുനർനിർമ്മാണത്തിനായി അമ്പലപ്പുഴ എം.എൽ.എ.-യും മന്ത്രിയുമായിരുന്ന ശ്രീ. ജി. സുധാകരന്റെ ആസ്തി വികസന ഫണ്ടിൽനിന്നുള്ള തുക വിനിയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കേരള സാക്ഷരതാ സമിതിയുടെ പരിപാടിയുടെ ഭാഗമായി 14-11-2017-ന് അമ്പലപ്പുഴ തുടർ വിദ്യാകേന്ദ്രത്തിലും കുടുംബശ്രീ മിഷന്റെ ഭാഗമായി 07-3-2018-ന് അമ്പലപ്പുഴ ഇം.എം.എസ്. ഹാളിലും കുഞ്ചൻ നമ്പ്യാർ സ്മാരകത്തിലും സാംസ്കാരിക വകുപ്പിനുകീഴിലുള്ള കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ ടൂറിംഗ് ടാക്കീസ് സിനിമാ പ്രദർശനങ്ങൾ സംഘടിപ്പിച്ചു.

## കലാകാരന്മാർക്കുള്ള ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

287 (3993) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പ് മുഖേന കലാകാരന്മാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കാമോ; ഇവ ഓരോന്നും ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്?

പ്രതിമാസ ധനസഹായം - സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റ് മുഖേന അവശരായ കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും പ്രതിമാസ ധനസഹായം/ കലാകാര പെൻഷൻ അനുവദിച്ചുവരുന്നത് 11-8-2017-ലെ സ.ഉ.(കൈ)21/2017/ സാം.കാ.വ. സർക്കാർ ഉത്തരവിൻ പ്രകാരമുള്ള മാനദണ്ഡങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ്. 50 വയസ്സ് പൂർത്തീകരിച്ചവരും വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ളവരുമായ അവശരായ എല്ലാ കലാകാരന്മാർക്കും കലാകാര പെൻഷനുവേണ്ടി അപേക്ഷിക്കാവുന്നതാണ്. വയസ്സ് തെളിയിക്കുന്ന രേഖ സാക്ഷ്യപ്പെടുത്തിയതും വില്ലേജ് ഓഫീസിൽനിന്നുള്ള വരുമാന സർട്ടിഫിക്കറ്റും കലാകാരനെന്ന് തെളിയിക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾ നൽകുന്ന സാക്ഷ്യപത്രവും ഇതോടൊപ്പം ഹാജരാക്കേണ്ടതുണ്ട്. ഇത്തരം അപേക്ഷകൾ ബന്ധപ്പെട്ട അക്കാദമികൾ സൂക്ഷ്മപരിശോധന നടത്തി ശിപാർശ ചെയ്ത് റിപ്പോർട്ട് സാംസ്കാരിക വകുപ്പദ്ധ്യക്ഷന് നൽകുന്ന മുറയ്ക്ക് ആയതിൽ ന്യൂനതകളുള്ള അപേക്ഷകരെ മാറ്റിനിർത്തി സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയും യോഗ്യതയുള്ള, അർഹരായ കലാകാരന്മാർക്ക് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പെൻഷൻ അനുവദിച്ച് തുടങ്ങുകയുമാണ് ചെയ്യുന്നത്. മറ്റ് സാമൂഹ്യ സുരക്ഷാ പെൻഷനുകളോ സർക്കാർ ഫണ്ടിൽനിന്നുള്ള ക്ഷേമപെൻഷനുകളോ കൈപ്പറ്റാത്ത ഗുണഭോക്താക്കൾക്കാണ് ഈ പ്രതിമാസ ധനസഹായം അനുവദിച്ചുവരുന്നത്. കലാകാര പെൻഷൻ മുടങ്ങാതെ തുടർന്നും ലഭിക്കുന്നതിന് കലാകാര പെൻഷൻ ഗുണഭോക്താക്കൾ ആറ് മാസത്തിലൊരിക്കൽ ലൈഫ് സർട്ടിഫിക്കറ്റും മൂന്ന് വർഷത്തിലൊരിക്കൽ വരുമാന സർട്ടിഫിക്കറ്റും വകുപ്പിൽ ഹാജരാക്കേണ്ടതുണ്ട്.

ചികിത്സാ സഹായം - സാംസ്കാരിക വകുപ്പ് മുഖേന, അവശരായ കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും ചികിത്സാ ധനസഹായം അനുവദിച്ചുവരുന്നത് 11-8-2017-ലെ സ.ഉ.(കൈ.)22/2017/സാം.കാ.വ. സർക്കാർ

ഉത്തരവിൻ പ്രകാരമുള്ള മാനദണ്ഡങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ്. 50 വയസ്സ് പൂർത്തീകരിക്കുകയും വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽത്താഴെയുള്ളവരുമായ അവശരായ കലാകാരന്മാർക്ക് ചികിത്സാ സഹായത്തിനുവേണ്ടി അപേക്ഷിക്കാവുന്നതാണ്. ചികിത്സ സംബന്ധിച്ച രേഖകളും മരുന്ന് വാങ്ങിയതിന്റെ ബില്ലും ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളും വയസ്സ് തെളിയിക്കുന്ന രേഖ സാക്ഷ്യപ്പെടുത്തിയതും വില്ലേജ് ഓഫീസിൽനിന്നുള്ള വരുമാന സർട്ടിഫിക്കറ്റും കലാകാരനെന്ന് തെളിയിക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾ നൽകുന്ന സാക്ഷ്യപത്രവും ഇതോടൊപ്പം ഹാജരാക്കേണ്ടതുണ്ട്. ഇതോടൊപ്പം കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ അംഗങ്ങളായ കലാകാരന്മാർക്ക് ചുവടെ കൊടുക്കുന്ന ആനുകൂല്യങ്ങൾ നൽകിവരുന്നു.

പെൻഷൻ - കുറഞ്ഞത് 5 വർഷം തുടർച്ചയായി അംശദായം അടച്ച ഒരു അംഗത്തിന് 60 വയസ്സ് തികയുന്നമുറയ്ക്ക് പെൻഷൻ അനുവദിക്കുന്നതാണ്.

കുടുംബ പെൻഷൻ - കുറഞ്ഞത് 2 വർഷം അംശദായം അടച്ച ഒരു അംഗമോ ക്ഷേമനിധി പദ്ധതി പ്രകാരം പെൻഷൻ ലഭിക്കുന്ന അംഗമോ മരണപ്പെട്ടാൽ അയാളുടെ കുടുംബത്തിന് കുടുംബ പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്.

വിവാഹാനുകൂല്യം - കുറഞ്ഞത് ഒരു വർഷമെങ്കിലും ക്ഷേമനിധിയിലേയ്ക്ക് അംശദായം അടച്ച അംഗത്തിന്റെയോ അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടെയോ വിവാഹ ആവശ്യത്തിനായി 25,000 രൂപ ധനസഹായമായി ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

മരണാനന്തര സഹായം - ഒരു അംഗത്തിന്റെ മരണാനന്തര ചെലവുകൾക്കായി 10,000 രൂപ ക്ഷേമനിധിയിൽനിന്നും ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

ചികിത്സാ സഹായം - മൂന്ന് വർഷമെങ്കിലും സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിലേയ്ക്ക് തുടർച്ചയായി അംശദായം അടച്ച ' ചിസ് ആരോഗ്യസുരക്ഷാ പദ്ധതിയിൽപ്പെടാത്ത അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും ചികിത്സയ്ക്ക് അംഗത്വ കാലാവധിയിൽ പരമാവധി 50,000 രൂപ ബോർഡിന്റെ അംഗീകാരത്തിന് വിധേയമായി ചികിത്സാ ധനസഹായം അനുവദിക്കാവുന്നതാണ്. ഹൃദ്രോഗം, ക്യാൻസർ, വൃക്ക സംബന്ധമായ അസുഖം, കരൾ രോഗം, ശ്വാസകോശ സംബന്ധമായ അസുഖം, തലച്ചോറിൽ രക്തസ്രാവവുമായി ബന്ധപ്പെട്ട അസുഖം അഥവാ സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന മറ്റേതെങ്കിലും ഗുരുതരമായ മാരകരോഗങ്ങളാൽ കഷ്ടപ്പെടുന്ന അംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും

വൈദ്യചികിത്സയ്ക്കുള്ള ചെലവുകൾ നേരിടുന്നതിനായി അംഗത്വ കാലാവധി പരിഗണിക്കാതെ പരമാവധി 1.5 ലക്ഷം രൂപ (ഒരു ലക്ഷത്തി അമ്പതിനായിരം രൂപ) ബോർഡിന്റെ അംഗീകാരത്തോടെ നൽകാവുന്നതാണ്. അടിയന്തര ഘട്ടങ്ങളിൽ ബോർഡ് ചെയർമാന്റെ അംഗീകാരത്തോടെ 25,000 രൂപ ചികിത്സാ ധനസഹായമായി അനുവദിക്കാവുന്നതാണ്.

(ബി) കലാകാര പെൻഷൻ ലഭിക്കുന്നതിന് കലാകാര ക്ഷേമനിധിയിൽ അംഗമായിരിക്കണമെന്ന നിബന്ധനയുണ്ടോ;

&

(സി) ക്ഷേമനിധി അംഗത്വമെടുക്കാൻ സാധിക്കാതെ പോയവരും അവശരായവരും പ്രായാധിക്യത്താൽ പ്രയാസപ്പെടുന്നവരുമായ കലാകാരന്മാർക്ക് നിബന്ധനയിൽ ഇളവുനൽകി പെൻഷൻ നൽകാൻ നടപടി സ്വീകരിക്കുമോ?

സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റ് മുഖേനയുള്ള കലാകാര പെൻഷൻ ലഭിക്കുന്നതിന് കലാകാര ക്ഷേമനിധിയിൽ അംഗമായിരിക്കണമെന്ന് നിബന്ധനയില്ല. ക്ഷേമനിധി അംഗത്വമുള്ളവർക്ക് മാത്രമേ ക്ഷേമനിധി മുഖേനയുള്ള പെൻഷൻ ലഭിക്കുന്നതിന് അർഹതയുള്ളു.

**ഗിരീഷ് പുത്തഞ്ചേരിക്ക് സ്മാരക മന്ദിരം**

288 (3994) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കവിയും ഗാനരചയിതാവുമായിരുന്ന ഗിരീഷ് പുത്തഞ്ചേരിക്ക് സ്മാരക മന്ദിരമില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഗിരീഷ് പുത്തഞ്ചേരിക്ക് സ്മാരക മന്ദിരം നിർമ്മിക്കുവാൻ സർക്കാർ തയ്യാറാകുമോ;

&

(സി) എങ്കിൽ പ്രസ്തുത സ്മാരക മന്ദിരം ചലച്ചിത്രഗാനങ്ങളെ കുറിച്ചുള്ള പഠനം നടത്തുന്നതിനുള്ള ഗവേഷണ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള നടപടിയുണ്ടാകുമോ?

ഇപ്പോൾ പരിഗണനയിലില്ല.

## പ്രതിസന്ധിയിലായ കലാകാരന്മാർക്ക് സഹായ പദ്ധതി

289 (3995) ശ്രീ. ഇ. ചന്ദ്രശേഖരൻ
ശ്രീ. പി. എസ്. സുപാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് മഹാമാരിയെത്തുടർന്ന് പ്രതിസന്ധിയിലായ വിവിധ മേഖലകളിലെ കലാകാരന്മാർക്ക് ആശ്വാസമായി സർക്കാർ നടപ്പിലാക്കിവരുന്ന സഹായ പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

കോവിഡ് മഹാമാരിമൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടിയവരും കുറഞ്ഞത് 10 വർഷക്കാലം തുടർച്ചയായി കലാരംഗത്ത് പ്രവർത്തിക്കുന്നവരും കേരളത്തിൽ സ്ഥിരതാമസമാക്കിയിട്ടുള്ളവരുമായ 32000 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും ആകെ 640 ലക്ഷം രൂപ ചെലവഴിച്ച് പ്രതിമാസം 1,000 രൂപാ വീതം 2 മാസത്തേയ്ക്ക് അടിയന്തര ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ, സാംസ്കാരിക വകുപ്പും അക്കാദമികളും മുഖേനയുള്ള സമാശ്വാസ ധനസഹായത്തിന് യഥാസമയം അപേക്ഷിക്കാൻ കഴിയാതെ പോയവരും അതുവരെ മറ്റ് യാതൊരുവിധ ധനസഹായങ്ങൾ ലഭിച്ചിട്ടില്ലാത്തവരുമായ 29050 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കുംകൂടി സമാശ്വാസ ധനസഹായമായി 1,000 രൂപാ വീതം ആകെ 290.5 ലക്ഷം രൂപ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും വിതരണം ചെയ്തിട്ടുണ്ട്. സാംസ്കാരിക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവർക്ക് കഴിഞ്ഞ വർഷം 2000 രൂപ വീതം നൽകി. ഈ വർഷം 1,000 രൂപ വീതം ധനസഹായം നൽകിവരുന്നു. കൂടാതെ ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് പെൻഷൻ, ചികിത്സാ ധനസഹായം, അംഗങ്ങളുടെ അവകാശികൾക്ക് മരണാനന്തര ധനസഹായം, കുടുംബപെൻഷൻ എന്നിവ നൽകിവരുന്നു. കോവിഡ് കാലത്ത് കലാ സാംസ്കാരിക രംഗത്തെ തൊഴിൽ നഷ്ടം കണക്കിലെടുത്ത് കലാകാരന്മാരുടെ കുടുംബാംഗങ്ങളെ സഹായിക്കുകയെന്നതുകൂടി പരിഗണിച്ച് മലയാളം മിഷന്റെ റേഡിയോ മലയാളം വഴി നവോത്ഥാന നാടക പരമ്പര ആരംഭിച്ചു. ആദ്യ നാടകം 6 എപ്പിസോഡുകളിലായി റേഡിയോ, യൂട്യൂബ് എന്നിവ വഴി പ്രക്ഷേപണം ചെയ്തു. ഇതിലൂടെ കുറച്ച് കലാകാരന്മാർക്ക് ചെറിയ

ധനസഹായം ലഭിക്കുന്നുണ്ട്. കോവിഡ് മഹാമാരിമൂലം തൊഴിൽ നഷ്ടമായ കലാകാരന്മാരെ സഹായിക്കുന്നതിനായി കേരള സംഗീത നാടക അക്കാദമി 'സർഗ്ഗഭ്രമിക' എന്ന ഓൺലൈൻ പ്ലാറ്റ്ഫോം വഴി കലാകാരന്മാർക്ക് പ്രതിഫലത്തോടെ പരിപാടികൾ അവതരിപ്പിക്കാൻ അവസരം നൽകി. ഈ സർക്കാരിന്റെ കാലത്ത് നൂറ് കേരള ഗാനങ്ങൾ രചിച്ച് സംഗീതം നൽകി പാടുന്ന കലാകാരന്മാർക്ക് ഓരോരുത്തർക്കും 5,000 രൂപ വീതം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 25 അമച്വർ കലാസമിതികൾക്ക് 2 ലക്ഷം രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾ കേരള സംഗീത നാടക അക്കാദമിയുടെ നേതൃത്വത്തിൽ നടന്നുവരുന്നു. കോവിഡ് ലോക്ഡൗൺമൂലം പ്രതിസന്ധി നേരിടുന്ന കലാസമൂഹത്തിന് സാമ്പത്തികമായും മാനസികമായും കൈത്താങ്ങാവുന്ന തരത്തിൽ മുപ്പത് ദിവസം ദൈർഘ്യമുള്ള ഒരു നവമാധ്യമ കലാസംഗമം സാംസ്കാരികകാര്യ വകുപ്പിനുവേണ്ടി ' മഴമിഴി ' എന്ന പേരിൽ ആകെ 99,75,000 രൂപ എസ്റ്റിമേറ്റിൽ സംഘടിപ്പിക്കുന്നതിന് ഭരണാനുമതി നൽകുകയും അതുപ്രകാരം പദ്ധതി നടപ്പിലാക്കി വരികയും ചെയ്യുന്നു. ലളിതകലാ അക്കാദമി കോവിഡ് സമാശ്വാസ പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച 'നിറകേരളം' ചിത്രരചനാ പരിപാടിയിൽ 250 കലാകാരന്മാർക്ക് 20,000 രൂപാ വീതം ധനസഹായവും പെയിന്റിംഗ് ഉപകരണങ്ങളും വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഇപ്രകാരം പ്രതിസന്ധിയിലായ കലാകാരന്മാരെ സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ; ഈ കാലഘട്ടത്തിൽ മരണം സംഭവിച്ചിട്ടുള്ള നിർധനരായ കലാകാരൻമാരുടെ കുടുംബങ്ങൾക്ക് എന്തെങ്കിലും ധനസഹായം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കോവിഡ് പ്രതിസന്ധിയിലായ കലാകാരന്മാരുടെ വിവരം വിവിധ അക്കാദമികളും സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയവും ശേഖരിച്ചിട്ടുണ്ട്. കോവിഡ് കാലഘട്ടത്തിൽ മരണം സംഭവിച്ചിട്ടുള്ള നിർധനരായ കലാകാരന്മാരുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകുന്നതിന് പൊതുവായ പദ്ധതി നിലവിലില്ല. മരണപ്പെട്ട ക്ഷേമനിധി അംഗത്വമുള്ള കലാകാരന്മാരുടെ കുടുംബങ്ങൾക്ക് മരണാനന്തര ധനസഹായവും ഫാമിലി പെൻഷനും അനുവദിച്ചിട്ടുണ്ട്. കൂടാതെ തിറയാട്ട കലാകാരനായിരുന്ന ധനേഷ് മരണപ്പെട്ടതിനെ തുടർന്ന് അദ്ദേഹത്തിന്റെ ഭാര്യയ്ക്ക് കേരള ഫോക്‌ലോർ അക്കാദമി 25,000 രൂപയുടെ ധനസഹായം നൽകിയിട്ടുണ്ട്.

## സിനിമാ റെഗുലേറ്ററി അതോറിറ്റിയുടെ രൂപീകരണം

290 (3996) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജസ്റ്റിസ് കെ. ഹേമ അധ്യക്ഷയായ സമിതി തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് ഈ സർക്കാർ പ്രസ്തുത മേഖലയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

&

(ബി) കഴിഞ്ഞ സർക്കാർ നടപ്പിലാക്കാനുദ്ദേശിച്ചതും സംസ്ഥാനത്തെ സിനിമ മേഖലയുടെ ഉന്നമനത്തിനായുള്ളതുമായ സിനിമാ റെഗുലേറ്ററി അതോറിറ്റിയുടെ രൂപീകരണം സംബന്ധിച്ചുള്ള നടപടിക്രമം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ജസ്റ്റിസ് കെ. ഹേമ അദ്ധ്യക്ഷയായ സമിതി തയ്യാറാക്കിയ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ പ്രത്യേക പ്രാധാന്യം നൽകി തുടർനടപടികൾ സ്വീകരിച്ചു വരികയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം 13-7-2021-ന് സാംസ്കാരിക വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി, ചലച്ചിത്ര അക്കാദമി, ചലച്ചിത്ര വികസന കോർപ്പറേഷൻ, സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് എന്നിവയുടെ പ്രതിനിധികൾ, നിയമ വകുപ്പ് സെക്രട്ടറി എന്നിവരെയുൾപ്പെടുത്തി ഒരു യോഗം ചേരുകയും ഹേമ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകളിൽ സ്വീകരിക്കാവുന്ന തുടർനടപടികൾ സംബന്ധിച്ച് വിശദമായി ചർച്ച നടത്തുകയും ചെയ്തു. ഹേമ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകളിൽ ഭരണപരമായ നടപടി സ്വീകരിക്കാവുന്ന വിഷയങ്ങളിൽ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് എന്നിവ മുഖേന തുടർനടപടികൾ സ്വീകരിച്ചുവരുന്നു. സിനിമ റെഗുലേറ്ററി അതോറിറ്റി/സിനിമാ മേഖലയിലെ തർക്ക പരിഹാരത്തിനായി ട്രിബ്യൂണൽ രൂപീകരിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ സംബന്ധിച്ച നിയമവശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

**കടത്തനാടൻ കളരിയുടെ പ്രചരണവും പ്രോത്സാഹനവും**

291 (3997) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടത്തനാടൻ കളരിയുടെ പ്രചരണത്തിനായും പ്രോത്സാഹനത്തിനായും എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ?

കളരി അഭ്യാസങ്ങൾ പൊതുവേയും കടത്തനാടൻ കളരി ശൈലി പ്രത്യേകിച്ചും പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കേരള ഫോക്‌ലോർ അക്കാദമി പൊന്ന്യം ഏഴരക്കണ്ടത്തിൽ അഞ്ച് വർഷക്കാലമായി ഏഴ് ദിവസം നീണ്ടുനിൽക്കുന്ന പൊന്ന്യത്തങ്കം എന്ന പേരിൽ കളരി മഹോത്സവം സംഘടിപ്പിക്കുകയും അഭ്യാസികൾക്ക് മതിയായ പ്രതിഫലം നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ അക്കാദമി കളരി അഭ്യാസങ്ങൾക്ക് ഫെലോഷിപ്പ്, അവാർഡ്, യുവപ്രതിഭാ പുരസ്കാരം, ഗുരുപൂജ പുരസ്കാരം, പ്രത്യേക പുരസ്കാരങ്ങൾ എന്നിവ നൽകാറുണ്ട്. കടത്തനാടൻ കളരിയുമായി ബന്ധപ്പെട്ട് കാലിക്കറ്റ് സർവ്വകലാശാല കളരി ചികിത്സ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കളരി നിർമ്മിച്ച് പരിശീലനം നൽകുന്നുമുണ്ട്.

(ബി) കടത്തനാടൻ കളരിയുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കുന്നതിനും സ്മാരകങ്ങൾ സംരക്ഷിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

കടത്തനാടൻ കളരി പാരമ്പര്യവുമായി ബന്ധമുണ്ടെന്ന് അനുമാനിക്കുന്ന വടകര ലോകനാർകാവിന്റെ ചരിത്ര പുരാവസ്തു പ്രാധാന്യം കണക്കിലെടുത്ത് ആയതിനെ കേരള പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിലുൾപ്പെടുത്തിയിട്ടുണ്ട്. കടത്തനാടൻ കളരിയെക്കുറിച്ച് വടക്കൻപാട്ട് പണ്ഡിതൻ ശ്രീ. ഒഞ്ചിയം പ്രഭാകരൻ രചിച്ച ഒരു പുസ്തകം അച്ചടിക്കുന്നതിനുവേണ്ടി കേരള ഫോക്‌ലോർ അക്കാദമി തെരഞ്ഞെടുത്തിട്ടുണ്ട്.

(സി) കടത്തനാടൻ കളരി പരിശീലിപ്പിക്കുന്നതിനായി പരിശീലന കേന്ദ്രങ്ങൾ സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) കളരി അക്കാദമികൾ നിർമ്മിക്കുന്നതിനായി പദ്ധതിയുണ്ടോ; എങ്കിൽ പദ്ധതിയുടെ തുക സഹിതം വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

&

(ഇ) വിദ്യാർത്ഥികളിലും യുവാക്കളിലും കടത്തനാടൻ കളരിയുടെ മേന്മകൾ സംബന്ധിച്ച അറിവ് നൽകുന്നതിനായി ആയത് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താനുള്ള പദ്ധതിയുണ്ടോ?

(സി-ഇ) കാലിക്കറ്റ് സർവ്വകലാശാല ഫോക്‌ലോർ വകുപ്പിന്റെ ഭാഗമായുള്ള കളരിയിൽ പരിശീലനം നൽകുന്നുണ്ട്. സർവ്വകലാശാലയുടെ ഫോക്‌ലോർ എം.എ. പാഠ്യപദ്ധതിയിൽ കളരി ചികിത്സ ഉൾപ്പെടുത്തിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പ് പാഠ്യപദ്ധതി പരിഷ്കരണം ആരംഭിക്കുന്ന സമയത്ത് ഫോക്കസ് ഗ്രൂപ്പ് സമിതിക്കുമുമ്പായി കടത്തനാടൻ കളരി ഉൾപ്പെടുത്തുന്നത് പരിഗണിക്കുന്നതിനായി സമർപ്പിക്കുന്നതാണെന്ന് സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി അറിയിച്ചിട്ടുണ്ട്.

**കലാകാരന്മാർക്കുള്ള പെൻഷൻ**

292 (3998) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര കലാകാരന്മാർക്ക് പെൻഷൻ നൽകുന്നുണ്ടെന്ന് അറിയിക്കാമോ; പെൻഷൻ തുക എത്രയെന്ന് അറിയിക്കാമോ?

സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റ് മുഖേന ഒരാൾക്ക് പ്രതിമാസം 1,600 രൂപ നിരക്കിൽ നിലവിൽ 2690 കലാകാരന്മാർക്ക് കലാകാര പെൻഷൻ നൽകിവരുന്നു. കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽനിന്നും 3330 കലാകാരന്മാർക്ക് 4,000 രൂപ പ്രതിമാസ നിരക്കിൽ ക്ഷേമനിധി പെൻഷൻ നൽകിവരുന്നു. കൂടാതെ കേരള ചലച്ചിത്ര അക്കാദമി മുഖേന ചലച്ചിത്ര രംഗത്തെ 225 അവശകലാകാരന്മാർക്ക് പ്രതിമാസം 1000 രൂപ വീതം പെൻഷൻ നൽകിവരുന്നു.

(ബി) പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

**അന്യം നിന്നുപോകുന്ന കലാരൂപങ്ങൾ**

293 (3999) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യം നിന്നുപോകുന്ന ഗോത്ര കലാരൂപങ്ങളെയും കരകൗശല വൈദഗ്ധ്യങ്ങളെയും സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഗ്രാമീണ കലാകാരൻമാരുടേയും കരകൗശല വിദഗ്ധരുടേയും നൈപുണ്യം ശക്തിപ്പെടുത്തുക, അവർക്ക് അന്തർദ്ദേശീയ വിപണന ബന്ധങ്ങൾ സ്ഥാപിച്ച് വിപണന സാദ്ധ്യതകൾ വർദ്ധിപ്പിക്കുക, ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുക, ഗ്രാമീണ കരകൗശല പൈതൃകം സംരക്ഷിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾക്കായി സാംസ്കാരിക വകുപ്പ് ഗ്രാമീണ കലാകേന്ദ്രം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. പട്ടിക വിഭാഗക്കാരുടെ പരമ്പരാഗത കലകളെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി പ്രവർത്തിക്കുന്ന ആദികലാകേന്ദ്രം പ്രവർത്തനങ്ങളുടെ ഭാഗമായി ഗവേഷണ പഠനങ്ങൾ, സെമിനാറുകൾ, ശില്പശാലകൾ, പരിശീലന പരിപാടികൾ, കലാമേളകൾ, പുസ്തക പ്രസിദ്ധീകരണങ്ങൾ എന്നിവ കിർത്താഡ്സ് നടത്തിവരുന്നു. 2017 മാർച്ചിൽ സംസ്ഥാനത്തിലെ അതീവ ദുർബ്ബല പട്ടികവർഗ്ഗ ജനതയുൾപ്പെടെയുള്ള ഗോത്ര കലാരൂപങ്ങളുടെ പ്രോത്സാഹനവും സംരക്ഷണവും ലക്ഷ്യമിട്ട് " ഇന്ത്യയിലെ ഗോത്ര കലകൾ" എന്ന പേരിൽ ഒരു അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിക്കുകയും ആയതിലെ പ്രബന്ധങ്ങൾ " ട്രൈബൽ ആർട്ട് ആൻഡ് സൊസൈറ്റി" എന്ന പേരിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. വയനാട്, ഇടുക്കി ജില്ലകളിലെ ഗോത്ര ജനതയുടെ സംസ്കാരം, കലകൾ എന്നിവയുൾപ്പെടുന്ന 'ഗോത്ര താളം, വാല്യം ഒന്ന്', സംസ്ഥാനത്തിലെ വിവിധ ഗോത്ര ജനവിഭാഗങ്ങളുടെ പാരമ്പര്യ കലകളെക്കുറിച്ച് 'ഗോത്ര താളം, വാല്യം രണ്ട്', 'കേരളത്തിലെ ഗോത്ര കലകൾ' എന്നീ പുസ്തകങ്ങൾ കിർത്താഡ്സ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിലെ ഗോത്ര ജനവിഭാഗങ്ങളുടെ പാരമ്പര്യ കലാരൂപങ്ങൾ വേദികളിൽ അവതരിപ്പിക്കുന്നതിനും അവയെ ചിട്ടപ്പെടുത്തുന്നതിനും ശില്പശാലകൾ കിർത്താഡ്സ് മുഖാന്തരം നടത്താറുണ്ട്. അന്യംനിന്നുകൊണ്ടിരിക്കുന്ന ഗോത്രവർഗ്ഗ കലകൾ സംരക്ഷിക്കുന്നതിനും പട്ടികവർഗ്ഗക്കാർ ഉൽപ്പാദിപ്പിക്കുന്ന കരകൗശല വസ്തുക്കൾക്ക് വിപണി കണ്ടെത്തുന്നതിനും ഇവരുടെ കലാരൂപങ്ങൾ പുതുതലമുറയ്ക്ക് മുമ്പിൽ അവതരിപ്പിക്കുന്നതിനും വർഷത്തിൽ 2 ജില്ലകളിൽ 10 ദിവസം വീതം ദൈർഘ്യത്തിൽ ഗദ്ദിക എന്ന പേരിൽ സാംസ്കാരിക ഉത്സവം പട്ടികവർഗ വികസന വകുപ്പ് സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, ഹോസ്റ്റലുകൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്കായി വകുപ്പ് സംഘടിപ്പിക്കുന്ന സർഗ്ഗോത്സവത്തിൽ പട്ടികവർഗ്ഗ കലാരൂപങ്ങൾ അവതരിപ്പിക്കുന്നതിനും അവസരം നൽകി വരുന്നുണ്ട്. കേരള ഫോക്‌ലോർ അക്കാദമി ഗോത്രവർഗ്ഗ കലകൾ സംരക്ഷിക്കുന്നതിനുവേണ്ടി വർഷാവർഷം ആദിവാസി കലോത്സവങ്ങളും ആദിവാസി കരകൗശല മേളകളും സംഘടിപ്പിക്കുകയും ആദിവാസി കലാകാരൻമാർക്ക് കലാവതരണത്തിനുള്ള അവസരവും മതിയായ പ്രതിഫലവും നൽകിവരുന്നുണ്ട്. കൊണ്ടോട്ടി കേന്ദ്രമായി

പ്രവർത്തിക്കുന്ന മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി നാടോടി പാരമ്പര്യത്തിന്റെ ഭാഗമായ മാപ്പിള കലാരൂപങ്ങൾ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വൈവിദ്ധ്യമാർന്ന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

(ബി) ഗോത്ര ഭാഷകൾ സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തിലെ ഗോത്ര ഭാഷകൾ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിവിധ ഗോത്ര ഭാഷാ നിഘണ്ടുക്കൾ, ഭാഷ പ്രൈമറുകൾ, പണിയൻ ഭാഷാ പഠന സഹായി, ലിപി എന്നിവ കിർത്താഡ്സ് തയ്യാറാക്കിയിട്ടുണ്ട്.

വയനാട് ഗോത്ര ഭാഷാ-കലാപഠന കേന്ദ്രം പദ്ധതിയുടെ ഭാഗമായി വയനാട്ടിലെ വെട്ടകുറുമർ, കുറിച്യർ സമുദായക്കാരുടെ വാമൊഴി സാഹിത്യം ഭാഷ എന്നിവയെക്കുറിച്ച് "കുറിച്യരുടെ വാമൊഴി സാഹിത്യം ഭാഷ, കലകൾ," "വെട്ടകുറുമരുടെ വാമൊഴി സാഹിത്യം, ഭാഷ, കലകൾ" എന്നീ രണ്ട് ഗവേഷണ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും മലവേടൻ ഗോത്ര ജനതയുടെ ഭാഷയെ അധികരിച്ചുള്ള പഠനം കിർത്താഡ്സ് നടത്തി വരുന്നുമുണ്ട്. മലബാറിലെ മാപ്പിള സമൂഹത്തിന്റെ പ്രാചീന ഭാഷാരൂപമായ മാപ്പിള മലയാളം എന്നറിയപ്പെടുന്ന അറബിമലയാള ലിപിരൂപം സംരക്ഷിക്കുന്നതിനും അവയിൽ ഗവേഷണം പ്രോത്സാഹിപ്പിക്കാനുമായി മാപ്പിളകലാ അക്കാദമിയിൽ അറബി മലയാളം റിസർച്ച് ആൻഡ് റഫറൻസ് ലൈബ്രറി പ്രവർത്തിക്കുന്നുണ്ട്. അറബി അക്ഷരമാലയിൽ മലയാളമെഴുതുന്ന ലിപി പരിശീലിപ്പിക്കുന്നതിനായി അറബി മലയാളം കോഴ്സും അക്കാദമി നടത്തുന്നു.

(സി) പഴയ മാപ്പിള കലകൾ സംരക്ഷിക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മാപ്പിളകലാ അക്കാദമി മുട്ടുംവിളി എന്ന ചീനിമുട്ട്, ഖിസ്സപ്പാട്ട് എന്ന പാടിപ്പറയൽ കലാരൂപം തുടങ്ങിയ അന്യംനിന്നുപോകുന്ന മാപ്പിളകലകൾ ഉൾപ്പെടെ സംരക്ഷിക്കുന്നതിനും പരിശീലിപ്പിച്ച് പ്രോത്സാഹിപ്പിക്കുന്നതിനും വിവിധ പരിപാടികൾ സംഘടിപ്പിക്കുകയും പാടിപ്പറയൽ കലാരൂപം ജീവിതവൃത്തിയാക്കിയവർക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുന്നുണ്ട്.

**പ്രോഗ്രാം ബുക്കിംഗ് ഏജന്റുമാരുടെ ക്ഷേമം**

294 (4000) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രൊഫഷണൽ കലാമേഖലയ്ക്കൊപ്പം പ്രവർത്തിച്ചു വരുന്ന പ്രോഗ്രാം ബുക്കിംഗ് ഏജന്റുമാരുടെ എണ്ണം സംബന്ധിച്ച കണക്ക് ലഭ്യമാണോ; എങ്കിൽ ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ;

(ബി) ഈ വിഭാഗത്തിന് സർക്കാർ എന്തെങ്കിലും തരത്തിലുള്ള ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകാമോ;

&

(സി) കോവിഡ് പശ്ചാത്തലത്തിൽ കലാകാരന്മാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ പ്രോഗ്രാം ബുക്കിംഗ് ഏജന്റുമാർക്കുകൂടി നൽകുന്ന കാര്യം പരിഗണിക്കുമോ?

പ്രോഗ്രാം ബുക്കിംഗ് ഏജന്റുമാരുടെ കണക്ക് സംബന്ധിച്ചോ ഇവർക്ക് നൽകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ചോ സാംസ്കാരിക വകുപ്പിൽ വിവരങ്ങൾ ലഭ്യമല്ല.

(ഡി) കലാകാരന്മാരുടെ ക്ഷേമനിധിയിൽ പ്രസ്തുത ഏജന്റുമാരെക്കൂടി ഉൾപ്പെടുത്താമോ?

ബന്ധപ്പെട്ട ക്ഷേമനിധി ആക്ടിൽ ഇതിനുള്ള വ്യവസ്ഥയില്ല.

(ഇ) പ്രോഗ്രാം ബുക്കിംഗ് ഏജന്റുമാർക്ക് സർക്കാർതല രജിസ്ട്രേഷൻ ഉണ്ടോ; വിശദമാക്കുമോ; ഇല്ലായെങ്കിൽ രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തുമോ?

പ്രസക്തമല്ല.

**കലാപൈതൃക സംരക്ഷണ കമ്മീഷൻ**

295 (4001) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വിഭാവനം ചെയ്ത കലാപൈതൃക സംരക്ഷണ കമ്മീഷൻ വഴി പൈതൃക സമുച്ചയങ്ങൾ, സ്മാരകങ്ങൾ, വാസ്തുവിദ്യാ പ്രാധാന്യമുള്ള കെട്ടിടങ്ങൾ എന്നിവ നഗരാതിർത്തിക്കകത്ത് സംരക്ഷിക്കുന്ന പദ്ധതി നിലവിലുണ്ടോ?

മാസ്റ്റർ പ്ലാൻ മുഖേന ഹെറിറ്റേജ് സോൺ/കൺസർവേഷൻ സോൺ എന്ന് വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളിലെ പൈതൃക സമുച്ചയങ്ങളുടെയും സ്മാരകങ്ങളുടെയും വാസ്തുവിദ്യാ പ്രാധാന്യമുള്ള കെട്ടിടങ്ങളുടെയും സംരക്ഷണം തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിലെ കലാപൈതൃക സംരക്ഷണ കമ്മീഷൻ എന്ന പദ്ധതിയിലൂടെ നടത്തിവരുന്നു.

(ബി) തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ നീലേശ്വരം നഗരസഭയ്ക്കകത്തെ കോവിലകവും ചിറയും ദാരുശില്പങ്ങളും കൊത്തുപണികളും ഉൾപ്പെടെയുള്ളവ സംരക്ഷിക്കാൻ നടപടികൾ ഉണ്ടാകുമോ; കാസർഗോഡ് ജില്ലയിലെ സാംസ്കാരിക കേന്ദ്രമായി അറിയപ്പെടുന്ന ഇവിടെ തദ്ദേശസ്വയംഭരണ വകുപ്പുവഴി നഗരാസൂത്രണം നടത്താൻ നടപടികളുണ്ടാകുമോ?

തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിൽപ്പെടുന്ന നീലേശ്വരം കോവിലകവും മറ്റും വില നൽകി ഏറ്റെടുത്ത് പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള പുരാവസ്തു വകുപ്പിന്റെ ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. തദ്ദേശസ്വയംഭരണ വകുപ്പിൽ കലാപൈതൃക സംരക്ഷണ കമ്മീഷൻ എന്ന പദ്ധതിയിലുൾപ്പെടുത്തി തയ്യാറാക്കി വരുന്ന കാസർഗോഡ് ജില്ലയുടെ കരട് ഹെറിറ്റേജ് ലിസ്റ്റിൽ നീലേശ്വരം കോവിലകം ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളതല്ല.

## സാംസ്കാരിക രംഗത്ത് ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ

296 (4002) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാംസ്കാരിക രംഗത്തെ വ്യക്തികളെ ഒരു കുടക്കീഴിൽ അണിനിരത്തുന്നതിനും അവർക്ക് സ്ഥിരമായ വരുമാന സ്രോതസ്സ് ഉറപ്പുവരുത്തുന്നതിനുമായി ഡിജിറ്റൽ പ്ലാറ്റ്ഫോമുകളെ ഉപയോഗപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടി സ്വീകരിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കലാകാരന്മാർക്ക് അവരുടെ കലാസൃഷ്ടികൾ ഓൺലൈൻ പ്ലാറ്റ്ഫോമിൽ അവതരിപ്പിക്കുന്നതിന് ബന്ധപ്പെട്ട അക്കാദമികൾ അവസരമൊരുക്കുന്നുണ്ട്. കേരള സർക്കാരിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവന്റെ നേതൃത്വത്തിൽ വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ സഹകരണത്തോടെ കലാസമൂഹത്തിന് സാമ്പത്തികമായും മാനസികമായും കൈത്താങ്ങാവുന്ന തരത്തിൽ ഒരു നവമാധ്യമ കലാസംഗമം ' മഴമിഴി' എന്ന പേരിൽ വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സാംസ്കാരിക വകുപ്പിനും സ്ഥാപനങ്ങൾക്കുമായി പൊതുവായ ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോം രൂപീകരിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

## സിനിമാ മേഖലയ്ക്ക് പ്രത്യേക പാക്കേജ്

297 (4003) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാള സിനിമാ വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ ഈ മേഖലയ്ക്ക് ഒരു പ്രത്യേക പാക്കേജ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കോവിഡിനെ തുടർന്ന് സിനിമാ മേഖലയിലുണ്ടായ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി സിനിമാ, ടെലിവിഷൻ രംഗത്തെ 2364 കലാകാരൻമാർക്ക് ചലച്ചിത്ര അക്കാദമി മുഖേന 2000 രൂപ വീതം സമാശ്വാസ ധനസഹായം അനുവദിക്കുകയുണ്ടായി. 32000-ൽപ്പരം സാംസ്കാരിക പ്രവർത്തകർക്ക് 2000 രൂപ വീതം നൽകിയ സാംസ്കാരിക വകുപ്പിന്റെ കോവിഡ് സമാശ്വാസ പദ്ധതിയുടെ ഭാഗമായിരുന്നു ഇത്. ഇതിനായി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ചലച്ചിത്ര അക്കാദമി ഉൾപ്പെടെ വിവിധ അക്കാദമികളുടെ പദ്ധതിവിഹിതത്തിൽനിന്ന് 645 ലക്ഷം രൂപ ധനപുനർവിനിയോഗം നടത്തി ചെലവഴിച്ചിട്ടുണ്ട്. സിനിമാ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനായി 19-11-2020-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ സിനിമാ മേഖലയിലെ സംഘടനാ പ്രതിനിധികളും ചലച്ചിത്ര അക്കാദമി ഉൾപ്പെടെ ബന്ധപ്പെട്ട സ്ഥാപനമേധാവികളും പങ്കെടുത്തിരുന്നു. 24-6-2021-ന് ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രി ചലച്ചിത്ര സംഘടനകളുടെ യോഗം വിളിച്ചുചേർത്തിരുന്നു. തളർന്നുകിടക്കുന്ന വ്യവസായത്തെ പ്രവർത്തന സജ്ജമാക്കാൻവേണ്ട നിരവധി നിർദ്ദേശങ്ങൾ ഈ യോഗങ്ങളിൽ ഉയരുകയുണ്ടായി. വിനോദ നികുതി ഒഴിവാക്കുക, തിയേറ്ററുകളുടെ വൈദ്യുതി ഫിക്സഡ് ചാർജ്ജുകളിൽ ഇളവുനൽകുക, സിനിമയെ വ്യവസായമായി അംഗീകരിക്കുക, സിനിമയിൽ പൊതു-സ്വകാര്യ നിക്ഷേപം നടത്തുക, ഷൂട്ടിംഗ് അനുമതിക്കായി ഏകജാലക സംവിധാനം ഏർപ്പെടുത്തുക, കെ.എസ്.എഫ്.ഡി.സി. നിലവിൽ നൽകുന്ന സബ്സിഡി 5 ലക്ഷം രൂപയിൽനിന്ന് പത്ത് ലക്ഷം രൂപയായി ഉയർത്തുക തുടങ്ങിയ ആവശ്യങ്ങളും നിർദ്ദേശങ്ങളുമാണ് ഈ യോഗങ്ങളിൽ ചലച്ചിത്ര സംഘടനാ പ്രതിനിധികൾ പ്രധാനമായും മുന്നോട്ടുവച്ചത്. ഈ നിർദ്ദേശങ്ങൾ സർക്കാർ അനുഭാവപൂർവ്വം പരിശോധിച്ചുവരുന്നു.

(ബി) മലയാള സിനിമയുടെ വളർച്ചയ്ക്ക് മെരിലാൻഡ് സ്റ്റുഡിയോ ഉൾപ്പെടെ വികസിപ്പിക്കുന്നതിനും ഷൂട്ടിംഗിനും മറ്റും കൂടുതൽ സൗകര്യങ്ങൾ നൽകുന്നതിനും നടപടികളുണ്ടാകുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

മെരിലാൻഡ് സ്റ്റുഡിയോ വികസിപ്പിക്കുന്നതിനുള്ള പദ്ധതികളൊന്നും ഇപ്പോൾ പരിഗണനയിലില്ല. കേരള സ്റ്റേറ്റ് ചലച്ചിത്ര വികസന കോർപ്പറേഷന്റെ കീഴിലുള്ള ചിത്രാഞ്ജലി സ്റ്റുഡിയോ ആധുനിക സൗകര്യങ്ങളോടെ വികസിപ്പിക്കുന്നതിനുള്ള പദ്ധതി KIIFB ധനസഹായത്തോടെ നടപ്പിലാക്കി വരുന്നു.

**ആറാലുംമൂട്ടിൽ കെ.എസ്.എഫ്.ഡി.സി.-യുടെ സിനിമാ തിയേറ്റർ**

298 (4004) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ആറാലുംമൂട്ടിൽ കെ.എസ്.എഫ്.ഡി.സി. സ്ഥാപിക്കാനുദ്ദേശിക്കുന്ന സിനിമാ തിയേറ്റർ നിർമ്മാണത്തിന്റെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ തിയേറ്റർ നിർമ്മാണ പദ്ധതിക്കായി 16.37 കോടി രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; പ്രസ്തുത വിഷയത്തിൽ എന്തൊക്കെ നടപടികളാണ് കെ.എസ്.എഫ്.ഡി.സി. പൂർത്തീകരിച്ച് നൽകേണ്ടതെന്ന് വ്യക്തമാക്കാമോ;

&

(സി) തിയേറ്ററിന്റെ നിർമ്മാണ പ്രവൃത്തികൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചിട്ടില്ല. ഡി.പി.ആർ. കിഫ്ബി അംഗീകരിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## യുവജനക്ഷേമ ബോർഡ് നടത്തുന്ന കോഴ്സുകൾ

299 (4005) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പി.എസ്.സി.-യുടെ സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് യുവാക്കളെ പ്രാപ്തരാക്കുന്നതിനായി എന്തൊക്കെ കോഴ്സുകളാണ് യുവജനക്ഷേമ ബോർഡ് നടത്തുന്നതെന്ന് കോഴ്സിന്റെ വിവരങ്ങൾ, കോഴ്സിൽ ചേരുന്നതിനുള്ള യോഗ്യത, കോഴ്സിന്റെ കാലയളവ്, ഫീസ്, കോഴ്സ് നടത്തുന്ന സ്ഥലം എന്നീ വിവരങ്ങൾ സഹിതം അറിയിക്കാമോ?

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പിലാക്കുന്ന പരീക്ഷാ പരിശീലന പദ്ധതികൾ ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ നടപ്പിലാക്കുന്നതിനായി ആധുനിക സജ്ജീകരണങ്ങളോടുകൂടിയ സ്റ്റുഡിയോയും ഓൺലൈൻ ക്ലാസ്റൂമും യുവജനക്ഷേമ ബോർഡിന്റെ കുടപ്പനക്കുന്നിലുള്ള ആസ്ഥാനമന്ദിരത്തിൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഓൺലൈൻ മുഖാന്തരം ബോർഡിന്റെ യൂട്യൂബ് ചാനൽ വഴിയും ബോർഡിന്റെ ഔദ്യോഗിക ഫേസ്ബുക്ക് പേജ് വഴിയും പരിശീലന ക്ലാസ്സുകൾ നൽകാനാണുദ്ദേശിക്കുന്നത്. പി.എസ്.സി., യു.പി.എസ്.സി., റെയിൽവേ, സിവിൽ സർവ്വീസ് തുടങ്ങിയ മത്സരപരീക്ഷകൾക്കും കരിയർ ഡെവലപ്മെന്റുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കും ഓൺലൈൻ മുഖാന്തരം പരിശീലനം നൽകുന്നു. 2020-21 സാമ്പത്തികവർഷം പി.എസ്.സി. 10th level പരീക്ഷാ പരിശീലനം, കെ.എ.എസ്. പരീക്ഷാ പരിശീലനം എന്നിവ തൽപ്പരരായ യുവജനങ്ങൾക്ക് ടി പരിശീലന ക്ലാസ്സുകൾ കാണാവുന്ന രീതിയിൽ ബോർഡിന്റെ യൂട്യൂബ് ചാനൽ വഴിയും ബോർഡിന്റെ ഔദ്യോഗിക ഫേസ്ബുക്ക് പേജ് വഴിയും നൽകുകയുണ്ടായി. ബോർഡ് നടത്തുന്ന ക്ലാസ്സുകൾ തികച്ചും സൗജന്യമായാണ് സംഘടിപ്പിച്ചത്. വെർച്വൽ റൂം വഴി നടത്തുന്ന ക്ലാസ്സുകളിൽ തദ്ദേശീയരായ താൽപ്പര്യമുള്ള യുവജനങ്ങൾക്ക് പങ്കെടുക്കാവുന്നതാണ്. പി.എസ്.സി., യു.പി.എസ്.സി. നോട്ടിഫിക്കേഷൻ വരുന്നമുറയ്ക്ക് ക്ലാസ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## യുവജനക്ഷേമ വകുപ്പിനുകീഴിലെ പദ്ധതികൾ

300 (4006) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ വകുപ്പിന്റെ കീഴിലുള്ള പദ്ധതികൾക്കുവേണ്ടി അപേക്ഷ സമർപ്പിക്കേണ്ടത് എപ്രകാരമാണെന്ന് വ്യക്തമാക്കാമോ?

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ സംസ്ഥാനതലത്തിലും ജില്ലാ യുവജനകേന്ദ്രങ്ങൾ വഴിയും പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. പുതിയ പദ്ധതികൾക്കുള്ള അപേക്ഷകൾ ജില്ലാ കേന്ദ്രങ്ങളിലോ ആസ്ഥാന ഓഫീസിലോ ലഭ്യമാകുന്നപക്ഷം ആയവ പരിശോധിച്ച് തുടർവർഷത്തെ പ്ലാൻ പ്രൊപ്പോസലിൽ അവകൂടി പരിഗണിക്കുന്നതാണ്. കേരള സംസ്ഥാന യുവജന കമ്മീഷൻ നേരിട്ടും അംഗങ്ങൾ മുഖേനയും തെരഞ്ഞെടുക്കപ്പെട്ട സംസ്ഥാന/ജില്ലാ കോ-ഓർഡിനേറ്റർമാർ മുഖേനയുമാണ് പദ്ധതികൾ നടപ്പിലാക്കിവരുന്നത്.

(ബി) കഴിഞ്ഞ പത്ത് വർഷം യുവജനക്ഷേമ വകുപ്പിന്റെ കീഴിൽ നടത്തിയ പ്രവർത്തനങ്ങളും അതിനുവേണ്ടി ചെലവഴിച്ച തുകയും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

കേരളത്തിലെ യുവജനങ്ങളുടെ സമഗ്രമായ വികസനത്തിനും ക്ഷേമത്തിനും സഹായകരമാകുന്ന പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കുക എന്ന ലക്ഷ്യം മുൻനിർത്തി യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ മുൻവർഷങ്ങളിൽ കേരളോത്സവം, അഭിപ്രായ സ്വാതന്ത്ര്യത്തിനും ആവിഷ്കാര സ്വാതന്ത്ര്യത്തിനും ഊന്നൽ നൽകിക്കൊണ്ട് സംഘടിപ്പിച്ച ആർട്ട് ഡിട്ടൂർ, ദേശീയ നാടൻ കലാമേള, നാടകോത്സവം, ദേശീയ യുവജന സെമിനാർ, സംരംഭകത്വ വികസന സെമിനാറും തൊഴിൽ പരിശീലനവും, ജോബ്ഫെസ്റ്റ്, മ്യൂസിക്കൽ ബാന്റ് മത്സരം, ചിത്രകലാ ക്യാമ്പ്, വനിതാ കാർട്ടൂൺ ക്യാമ്പ്, സാംസ്കാരിക സായാഹ്നങ്ങൾ, മാധ്യമ സെമിനാർ, ദേശീയ ആയോധന കലോത്സവം, ഇന്റർനാഷണൽ ഡാൻസ് ഫെസ്റ്റിവൽ ഫോർ യൂത്ത്, ബോധവത്കരണ പരിപാടി, മത്സരപരീക്ഷാ പരിശീലന പരിപാടി, ആരോഗ്യ സംരക്ഷണ ക്യാമ്പയിനുകൾ, പാരിസ്ഥിതിക പ്രവർത്തനങ്ങൾ, സാംസ്കാരിക കൂട്ടായ്മ, യുവതാ മാസിക, യുവശക്തി പദ്ധതി, സാഹസിക പ്രവർത്തനങ്ങൾ, യൂത്ത് അവാർഡ്, സ്പോർട്സ് കിറ്റ് വിതരണം, യുവജന ദിനാചരണം, സാഹിത്യ ക്യാമ്പ്, ഇന്റർനാഷണൽ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം, ചലച്ചിത്ര ക്യാമ്പ്, സാഹസിക പ്രവർത്തനങ്ങൾ, വനിതാ ശില്പശാല, പി.എസ്.സി. പരിശീലനം, പരിസ്ഥിതി ദിനാചരണം, സാഹസിക ഫോട്ടോഗ്രാഫി അവാർഡ്, യൂത്ത് അവാർഡ്, സ്ത്രീ സുരക്ഷാ പരിശീലനം എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന ചെറുഗ്രാമങ്ങൾ, പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ, തീരദേശ മേഖലകൾ, മലയോര പ്രദേശങ്ങൾ എന്നീ മേഖലകൾക്ക് മുൻതൂക്കം നൽകി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നേരിട്ട് രൂപീകരിച്ച യുവാക്ലബ്ബുകൾ മുഖേന ഒട്ടനവധി പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ബോർഡിന്റെ തുടർപദ്ധതികളെല്ലാംതന്നെ എല്ലാ ജില്ലകളിലുമായും ആസ്ഥാന ഓഫീസ് നേരിട്ടുമാണ് നടപ്പിലാക്കുന്നത്. ഇപ്രകാരം കഴിഞ്ഞ പത്ത് വർഷം ജില്ലാടിസ്ഥാനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശം

അനുബന്ധമായി ചേർക്കുന്നു*. 2013 ൽ രൂപീകൃതമായ കേരള സംസ്ഥാന യുവജന കമ്മീഷൻ 2014-15 സാമ്പത്തിക വർഷം മുതലാണ് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചത്. സംസ്ഥാനമൊട്ടാകെയാണ് കമ്മീഷൻ പദ്ധതികൾ നടപ്പിലാക്കിവരുന്നത്. 2014-15 സാമ്പത്തിക വർഷം മുതലുള്ള പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) യുവജനക്ഷേമ വകുപ്പിന്റെ കീഴിൽ ഈ സർക്കാർ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ?

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ആസൂത്രണം ചെയ്യുന്ന പദ്ധതികൾ 14 ജില്ലാ യുവജനകേന്ദ്രങ്ങൾ മുഖേനയും ആസ്ഥാന കാര്യാലയം നേരിട്ടുമാണ് നടപ്പിലാക്കിവരുന്നത്. എല്ലാ ജില്ലകളിലെയും യുവതീയുവാക്കൾ ഇതിന്റെ ഗുണഭോക്താക്കളിൽ ഉൾപ്പെടുന്നു. നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

കേരളോത്സവം, യൂത്ത് ക്ലബ്ബുകൾ, കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ് പരിശീലന പദ്ധതികൾ, ജൻഡർ പദ്ധതികൾ കലയും സംസ്കാരവും, മറ്റ് യുവജന വികസന പരിപാടികൾ, അഡ്വഞ്ചർ അക്കാഡമി നിർമ്മാണ/സാഹസിക പ്രവർത്തനങ്ങൾ, യുവശക്തി.

(ഡി) യുവജനക്ഷേമ വകുപ്പിന് എല്ലാ ജില്ലകളിലും ഓഫീസുകളുണ്ടോയെന്ന് വ്യക്തമാക്കാമോ?

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന് എല്ലാ ജില്ലകളിലും ഓഫീസുകളുണ്ട്. കേരള സംസ്ഥാന യുവജന കമ്മീഷന് തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ആസ്ഥാന ഓഫീസ് മാത്രമേയുള്ളൂ.

(ഇ) എങ്കിൽ പ്രസ്തുത ഓഫീസുകളിൽ നിലവിലുള്ള തസ്തികകളും സംവിധാനങ്ങളും സൗകര്യങ്ങളും സംബന്ധിച്ച വിവരം ജില്ല തിരിച്ച് വ്യക്തമാക്കാമോ?

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിൽ ഒരു ആസ്ഥാന മന്ദിരവും 14 ജില്ലകളിലും ജില്ലാ യുവജനകേന്ദ്രങ്ങളും ഇടുക്കി ദേവികുളത്ത് ദേശീയ സാഹസിക അക്കാദമി, കണ്ണൂർ മുഴപ്പിലങ്ങാട് സാഹസിക അക്കാദമി ഉപകേന്ദ്രം എന്നിവയാണ് പ്രവർത്തിക്കുന്നത്. സംസ്ഥാന യുവജനക്ഷേമ ബോർഡിലെ 14 ജില്ലാ യുവജനകേന്ദ്രങ്ങൾ, സാഹസിക അക്കാദമികൾ എന്നീ ഓഫീസുകളുടെയും ജീവനക്കാരുടെയും വിശദശാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**യുവജനക്ഷേമ പദ്ധതികൾ**

301 (4007) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിൽ യുവജനക്ഷേമ ബോർഡ് വഴി നടപ്പാക്കി വരുന്ന പദ്ധതികൾ ഏതെല്ലാം; വിശദീകരിക്കാമോ;

&

(ബി) നിലവിൽ നടപ്പിലാക്കി വരുന്ന ഓരോ പദ്ധതിയുടെയും പുരോഗതിയുടെ വിശദാംശം ലഭ്യമാക്കുമോ; ഈ സാമ്പത്തികവർഷം പ്രസ്തുത നിയോജകമണ്ഡലത്തിൽ വകുപ്പുവഴി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളും പ്രോഗ്രാമുകളും ഏതൊക്കെയാണെന്ന് അറിയിക്കുമോ?

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് സംഘടിപ്പിക്കുന്ന പരിപാടികൾ ജില്ലാ യുവജന കേന്ദ്രങ്ങൾ വഴിയാണ് നടപ്പിലാക്കുന്നത്. നിയമസഭാ മണ്ഡലങ്ങൾ കേന്ദ്രീകരിച്ച് ബോർഡ് പ്രത്യേകം പദ്ധതികൾ/പരിപാടികൾ നടപ്പിലാക്കുന്നില്ല.

**യുവജനങ്ങൾക്ക് തൊഴിൽ പരിശീലനം**

302 (4008) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങൾക്ക് തൊഴിൽ പരിശീലനം നൽകൽ, സ്വയം സംരംഭകത്വം പ്രോത്സാഹിപ്പിക്കൽ, സാമൂഹിക പ്രവർത്തനം തുടങ്ങിയവയ്ക്കായി സംസ്ഥാന യുവജന ക്ഷേമബോർഡ് എന്തെല്ലാം പരിപാടികളാണ് സംഘടിപ്പിച്ചുവരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

തൊഴിൽ പരിശീലനം, സ്വയം സംരംഭകത്വം പരിശീലിപ്പിക്കൽ എന്നിവയുടെ ഭാഗമായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിൽ ഇടുക്കി ജില്ല യുവജന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ജില്ലയിലെ യൂത്ത് കോ-ഓർഡിനേറ്റർമാരും കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ് അംഗങ്ങളും ചേർന്ന് എൽ.ഇ.ഡി. ചലഞ്ച് എന്ന സംരംഭത്തിന് തുടക്കമിട്ട് എൽ.ഇ.ഡി. ബൾബുകൾ നിർമ്മിക്കുന്നതിന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും തെരഞ്ഞെടുക്കപ്പെട്ട വോളന്റിയർമാർക്ക് പരിശീലനം നൽകുകയുണ്ടായി. കൂടാതെ, സാമൂഹ്യ

പ്രവർത്തനം, സംരംഭകത്വം എന്നീ മേഖലകളിലെ മികച്ച പ്രവർത്തനം നടത്തിയ വ്യക്തികൾക്ക് സ്വാമി വിവേകാനന്ദൻ യുവ പ്രതിഭാ പുരസ്കാരം 2020-21 സാമ്പത്തികവർഷം അവാർഡിനർഹരായ വ്യക്തികൾക്ക് 50,000 രൂപയും പ്രശസ്തിപത്രവും മൊമെന്റോയും നൽകുകയുണ്ടായി. സാമൂഹ്യ പ്രവർത്തനം, സന്നദ്ധ സേവന രംഗത്ത് തൽപ്പരരായിട്ടുള്ള 1,15,000-ഓളം യുവജനങ്ങൾ ഓൺലൈനായി കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ് സേനയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഡിസാസ്റ്റർ മാനേജ്മെന്റ്, ദുരിതാശ്വാസ പ്രവർത്തനം, മാലിന്യ നിർമ്മാർജ്ജനം, പാലിയേറ്റീവ് പ്രവർത്തനം, ബോധവത്കരണ പ്രവർത്തനങ്ങൾ തുടങ്ങി അടിയന്തര പ്രാധാന്യമുള്ള പ്രവർത്തനങ്ങളിൽ ഇടപെടാൻ കഴിയുന്ന തരത്തിൽ വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ് സേനയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽനിന്നും ജില്ലാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട 18-നും 25-നും മദ്ധ്യേ പ്രായമുള്ള 3000 യുവതീയുവാക്കൾക്ക് ദേവികുളം അഡ്വഞ്ചർ അക്കാഡമിയിൽവച്ച് ദുരന്തനിവാരണ മേഖലയിൽ വിദഗ്ദ്ധ പരിശീലനം നൽകുകയുണ്ടായി. 2020 ആഗസ്റ്റ് 6-ന് മൂന്നാർ പെട്ടിമുടിയിലുണ്ടായ ഉരുൾപൊട്ടലിൽ അകപ്പെട്ടവരെ രക്ഷിക്കുന്നതിനും മരിച്ചവരുടെ മൃതദേഹങ്ങൾ കണ്ടെത്തുന്നതിനുമായി പരിശീലനം ലഭിച്ച കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ് അംഗങ്ങൾ, വിവിധ യൂത്ത് ക്ലബ്ബ് അംഗങ്ങൾ, യുവാക്ലബ്ബ് അംഗങ്ങൾ, യൂത്ത് കോ-ഓർഡിനേറ്റർമാർ എന്നിവർ 21 ദിവസത്തോളം പ്രവർത്തിച്ചു.

(ബി) പുതുതായി ഇത്തരത്തിൽ എന്തെങ്കിലും സംരംഭങ്ങൾ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എന്തെല്ലാമെന്ന് വിശദമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**സ്റ്റേഡിയങ്ങൾക്ക് ഫണ്ട്**

303 (4009) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്റ്റേഡിയങ്ങൾക്ക് 2016-21 കാലത്ത് യുവജനക്ഷേമ വകുപ്പിൽനിന്നും ഫണ്ടുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പ്രവൃത്തികളുടെ ഇപ്പോഴത്തെ പുരോഗതി വിശദമാക്കുമോ?

സ്റ്റേഡിയങ്ങൾക്ക് ഫണ്ടുകൾ അനുവദിക്കുന്നത് സംബന്ധിച്ച പദ്ധതികളൊന്നും യുവജനക്ഷേമവകുപ്പിൽ നിലവിലില്ല.

**യുവജനകാര്യ വകുപ്പിലെ പദ്ധതികൾ**

304 (4010) <u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് യുവജനകാര്യ വകുപ്പിൽ നടപ്പിലാക്കിയ പ്രധാനപ്പെട്ട പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

&

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത വകുപ്പിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാനപ്പെട്ട പദ്ധതികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

കേരളത്തിലെ യുവജനങ്ങളുടെ സമഗ്രമായ വികസനത്തിനും ക്ഷേമത്തിനും സഹായകരമാകുന്ന പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കുക എന്ന ലക്ഷ്യം മുൻനിർത്തി യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരളോത്സവം, അഭിപ്രായ സ്വാതന്ത്ര്യത്തിനും ആവിഷ്കാര സ്വാതന്ത്ര്യത്തിനും ഊന്നൽ നൽകിക്കൊണ്ട് സംഘടിപ്പിച്ച ആർട്ട് ഡിറ്റൂർ, ദേശീയ നാടൻ കലാമേള, നാടകോത്സവം, ദേശീയ യുവജനസെമിനാർ, സംരംഭകത്വ വികസന സെമിനാറും തൊഴിൽ പരിശീലനവും, ജോബ്ഫെസ്റ്റ്, മ്യൂസിക്കൽ ബാന്റ് മത്സരം, ചിത്രകലാ ക്യാമ്പ്, വനിതാ കാർട്ടൂൺ ക്യാമ്പ്, സാംസ്കാരിക സായാഹ്നങ്ങൾ, മാധ്യമ സെമിനാർ, ദേശീയ ആയോധനകലോത്സവം, ഇന്റർനാഷണൽ ഡാൻസ് ഫെസ്റ്റിവൽ ഫോർ യൂത്ത്, ബോധവത്കരണ പരിപാടി, മത്സരപരീക്ഷാ പരിശീലന പരിപാടി, ആരോഗ്യ സംരക്ഷണ ക്യാമ്പയിനുകൾ, പാരിസ്ഥിതിക പ്രവർത്തനങ്ങൾ, സാംസ്കാരിക കൂട്ടായ്മ, യുവതാമാസിക, യുവശക്തി പദ്ധതി, സാഹസിക പ്രവർത്തനങ്ങൾ, യൂത്ത് അവാർഡ്, സ്പോർട്സ് കിറ്റ് വിതരണം, യുവജന ദിനാചരണം, സാഹിത്യ ക്യാമ്പ്, ഇന്റർനാഷണൽ യൂത്ത്

എക്സ്ചേഞ്ച് പ്രോഗ്രാം, ചലച്ചിത്ര ക്യാമ്പ്, സാഹസിക പ്രവർത്തനങ്ങൾ, വനിതാ ശില്പശാല, പി.എസ്.സി പരിശീലനം, പരിസ്ഥിതി ദിനാചരണം, സാഹസിക ഫോട്ടോഗ്രാഫി അവാർഡ്, യൂത്ത് അവാർഡ്, സ്ത്രീ സുരക്ഷാ പരിശീലനം എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന ചെറുഗ്രാമങ്ങൾ, പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ, തീരദേശ മേഖലകൾ, മലയോര പ്രദേശങ്ങൾ എന്നീ മേഖലകൾക്ക് മുൻതൂക്കം നൽകി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നേരിട്ട് രൂപീകരിച്ച യുവാക്ലബ്ബുകൾ മുഖേന ഒട്ടനവധി പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

1. കേരളോത്സവം - കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങളിൽ ഏറ്റവും ജനശ്രദ്ധ ആകർഷിക്കുന്ന പരിപാടിയാണ് കേരളോത്സവം. നഗരവാസികൾക്കൊപ്പം തന്നെ ഗ്രാമീണ മേഖലയിലെ യുവജനങ്ങൾക്കും തങ്ങളുടെ കലാകായിക കഴിവുകൾ പ്രകടിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും അവസരമൊരുക്കുക എന്ന മഹത്തായ ലക്ഷ്യമാണ് ഇതിനുള്ളത്.

2. യൂത്ത് ക്ലബ്ബുകൾ (5 വിഭാഗം).

(i) കാർഷിക ക്ലബ്ബുകളുടെ രൂപീകരണം - യുവാക്കളെ കാർഷിക രംഗത്തേയ്ക്ക് ആകർഷിക്കുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുമായി ഒരു ജില്ലയിൽ 10 കാർഷിക ക്ലബ്ബ് വീതം യുവജനക്ഷേമ ബോർഡ് നേരിട്ട് രൂപീകരിക്കുന്നു. ഈ ക്ലബ്ബുകൾക്ക് കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനായി വിവിധ പദ്ധതികൾ തയ്യാറാക്കുകയും ആയത് നടപ്പാക്കുന്നതിനായി സാമ്പത്തിക സഹായം നൽകുകയും ചെയ്യുന്നു.

(ii) യുവതീ ക്ലബ്ബുകളുടെ രൂപീകരണം - യുവതീ ശാക്തീകരണത്തിന്റെ ഭാഗമായി ഒരു പഞ്ചായത്ത്/മുനിസിപ്പാലിറ്റിയിൽ ഒന്ന്, കോർപ്പറേഷനിൽ രണ്ട് എന്നിങ്ങനെ സംസ്ഥാനത്തെ എല്ലാ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും യുവജനക്ഷേമ ബോർഡ് നേരിട്ട് യുവതീ ക്ലബ്ബുകൾ രൂപീകരിക്കുന്നു. യുവതീ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ട്. ഈ ക്ലബ്ബുകളുടെ പങ്കാളിത്തത്തോടെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു.

(iii) ഭിന്നശേഷിക്കാർക്കുള്ള ക്ലബ്ബുകളുടെ രൂപീകരണം - ഒരു ജില്ലയിൽ ഒരു ക്ലബ്ബ് എന്ന രീതിയിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്കായി യുവജനക്ഷേമ ബോർഡ് നേരിട്ട് ക്ലബ്ബുകൾ രൂപീകരിക്കുന്നു. ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നു.

(iv) ട്രാൻസ്ജെൻഡേഴ്സ് ക്ലബ്ബുകളുടെ രൂപീകരണം - ട്രാൻജെൻഡർ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്കായി ഒരു ജില്ലയിൽ ഒരു ട്രാൻസ്ജെൻഡർ ക്ലബ്ബ് എന്ന നിരക്കിൽ ക്ലബ്ബുകൾ രൂപീകരിക്കുന്നു. ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നു.

(v) യൂത്ത്-യുവാ ക്ലബ്ബുകൾക്ക് ധനസഹായം - കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് കേരളത്തിലെ യുവതീയുവാക്കളുടെ ശാക്തീകരണം മുൻനിർത്തി നിരവധി പ്രവർത്തനങ്ങൾ യൂത്ത്-യുവാ ക്ലബ്ബുകളിലൂടെ നടത്തിവരുന്നു. യുവജനക്ഷേമ ബോർഡുമായി സഹകരിച്ച് പ്രവർത്തിക്കുന്ന യൂത്ത് ക്ലബ്ബുകളും യുവജനക്ഷേമ ബോർഡ് നേരിട്ട് രൂപീകരിച്ച യുവാ ക്ലബ്ബുകളും സംസ്ഥാനത്താകമാനം വിവിധ പദ്ധതികളും പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നുണ്ട്.

3. കേരള വോളന്റിയർ യൂത്ത് ആക്ഷൻ ഫോഴ്സ് - പ്രകൃതി ദുരന്തങ്ങൾ, മഹാമാരികൾ തുടങ്ങിയവയുണ്ടാകുമ്പോൾ അവയെ നേരിടാൻ സജ്ജമായ യുവജന പങ്കാളിത്തത്തോടെയുള്ള വോളന്റിയർമാരെ തയ്യാറാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സേനയാണ് കേരള വോളന്റിയർ യൂത്ത് ആക്ഷൻ ഫോഴ്സ്.

4. പരിശീലന പദ്ധതികൾ - പരീക്ഷാ പരിശീലന പദ്ധതി - സംസ്ഥാനത്തെ യുവജനങ്ങൾക്ക് വിവിധ മേഖലകളിലെ പരീക്ഷകളിലും അഭിമുഖങ്ങളിലും ഉന്നത വിജയം കരസ്ഥമാക്കുന്നതിന് ഉപയുക്തമായ രീതിയിൽ അവർക്ക് പരിശീലനം നൽകുന്ന പദ്ധതിയാണിത്.

5. ജൻഡർ പദ്ധതികൾ - യുവതികൾക്കായി എൽ.ഇ.ഡി. ബൾബ് നിർമ്മാണം - യുവതികളെ സ്വയംതൊഴിൽ പര്യാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ അവർക്കായി എൽ.ഇ.ഡി. ബൾബ് നിർമ്മാണ പരിശീലനം നൽകുന്നു.

ട്രാൻസ്ജെൻഡേഴ്സ് ശാക്തീകരണം - സംസ്ഥാനത്തെ ട്രാൻസ്ജെൻഡർ വിഭാഗത്തിലുള്ളവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനും സാമൂഹ്യമായും സാമ്പത്തികമായും സ്വയംപര്യാപ്തരാക്കുന്നതിനുമായി സെമിനാറുകൾ, കലാ-കായിക പരിപാടികൾ, സ്വയംതൊഴിൽ പരിശീലനങ്ങൾ തുടങ്ങിയ വിവിധതരം പദ്ധതികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നു. സംസ്ഥാനത്തെ ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും.

6. കലയും സംസ്കാരവും.

(i) ഷോർട്ട് ഫിലിം ഫെസ്റ്റിവൽ - യുവജനങ്ങളുടെ പങ്കാളിത്തത്തോടെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് സാമൂഹ്യനന്മ ലക്ഷ്യം വച്ചുകൊണ്ട് പ്രധാനപ്പെട്ട 3 വിഷയങ്ങളെ ആസ്പദമാക്കി ഷോർട്ട് ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നു.

(ii) യുവ സാഹിത്യ ക്യാമ്പ് - തുടക്കക്കാരായ യുവ എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുന്നതിനായി യുവ സാഹിത്യ ക്യാമ്പ് സംഘടിപ്പിക്കുന്നു.

(iii) മണിനാദം (കലാഭവൻ മണി മെമ്മോറിയൽ നാടൻ പാട്ട് മത്സരം) - പ്രശസ്ത ചലച്ചിത്ര നടനും നാടൻ പാട്ട് കലാകാരനുമായ കലാഭവൻ മണിയുടെ സ്മരണയ്ക്കായി എല്ലാ വർഷവും അദ്ദേഹത്തിന്റെ ചരമദിനമായ മാർച്ച് 6-ന് തൃശ്ശൂർ ചാലക്കുടിയിൽവച്ച് മണിനാദം എന്ന പേരിൽ നാടൻപാട്ട് മത്സരം സംഘടിപ്പിക്കുന്നു.

7. മറ്റ് യുവജന വികസന പരിപാടികൾ.

(i) യൂത്ത് അവാർഡ് - വിവിധതലങ്ങളിൽ പ്രതിസന്ധികളെ അതിജീവിച്ചുകൊണ്ട് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച യുവപ്രതിഭകളെ സ്വാമി വിവേകാനന്ദ യുവപ്രതിഭാ പുരസ്കാരം നൽകി അംഗീകരിക്കുന്നു.

(ii) യുവ മാധ്യമ ക്യാമ്പ് - സാമൂഹ്യ പുരോഗതിയിൽ മാധ്യമങ്ങൾക്കുള്ള സ്വാധീനം, മാധ്യമരംഗത്തെ നൂതന പ്രവണതകൾ തുടങ്ങിയവ സംബന്ധിച്ച് യുവജനങ്ങൾക്കും യുവമാധ്യമ പ്രവർത്തകർക്കും അവബോധം വളർത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടുകൂടി യുവജനക്ഷേമ ബോർഡ് യുവ മാധ്യമ പ്രവർത്തക ക്യാമ്പ് സംഘടിപ്പിക്കുന്നു.

(iii) ദിനാചരണങ്ങൾ-ദേശീയ അന്തർദ്ദേശീയ യുവജന ദിനാഘോഷങ്ങളാണ് ഈ പദ്ധതിയുടെ ഭാഗമായി പ്രധാനമായും സംഘടിപ്പിക്കുന്നത്. കൂടാതെ പരിസ്ഥിതി ദിനാചരണം, ലഹരിവിമുക്ത ദിനാചരണം, മറ്റ് പ്രധാനപ്പെട്ട ദിനങ്ങൾ എന്നിവയും ആചരിക്കുന്നു.

(iv) ഇതര സ്ഥാപനങ്ങളുമായി സഹകരിച്ചുള്ള പരിപാടികൾ-കേരളത്തിലെ യുവജനങ്ങളുടെ കലാ-കായിക-വിദ്യാഭ്യാസ-സാംസ്കാരിക കഴിവുകളെ കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും അവരെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനുമായി യൂത്ത് ക്ലബ്ബുകൾ, സാംസ്കാരിക സംഘടനകൾ, സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാസ്ഥാപനങ്ങൾ, ഇതര ഏജൻസികൾ തുടങ്ങിയവയുമായി സഹകരിച്ച് സംസ്ഥാന യുവജനക്ഷേമ ബോർഡ് ജില്ലാ യുവജനകേന്ദ്രങ്ങൾ മുഖേന വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു.

(v) പ്രചരണവും പൊതുജനസമ്പർക്കവും - യുവജനക്ഷേമ രംഗത്ത് ഇന്ത്യയ്ക്കാകെ മാതൃകയായിട്ടുള്ള സ്ഥാപനമാണ് കേരള സംസ്ഥാന

യുവജനക്ഷേമ ബോർഡ്. ജില്ലാ യുവജന കേന്ദ്രങ്ങൾ, സാഹസിക അക്കാദമികൾ ഉൾപ്പെടെയുള്ള അനുബന്ധ സംവിധാനങ്ങളുമെല്ലാം വൈവിദ്ധ്യമാർന്ന പദ്ധതികൾ യുവജന വികസനത്തിനായി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ദൃശ്യ-ശ്രവ്യ-അച്ചടി മാധ്യമങ്ങൾ, നവമാധ്യമങ്ങൾ ഉൾപ്പെടെയുള്ളവയുടെ സഹായത്തോടെ ബോർഡിന്റെ പ്രവർത്തനങ്ങളെ കൂടുതൽ യുവജനങ്ങളിലേയ്ക്കെത്തിക്കുന്നു.

(vi) ഫോട്ടോഗ്രാഫി അവാർഡ് - യുവജനങ്ങളിൽ ഫോട്ടോഗ്രാഫിയുടെ അനന്തസാദ്ധ്യതകളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനും ഈ രംഗത്ത് പ്രവർത്തിക്കുന്ന യുവാക്കൾക്ക് പ്രോത്സാഹനം നൽകുന്നതിനുമായി യുവാക്കൾക്ക് ഫോട്ടോഗ്രാഫി അവാർഡുകൾ നൽകുന്നു.

8. അഡ്വഞ്ചർ അക്കാഡമി.

(i) നാഷണൽ അഡ്വഞ്ചർ അക്കാഡമി, ദേവികുളം - ഇടുക്കി ജില്ലയിലെ ദേവികുളത്താണ് ദേശീയ അഡ്വഞ്ചർ അക്കാഡമി സ്ഥിതി ചെയ്യുന്നത്. യുവജനങ്ങൾക്കിടയിൽ സാഹസിക കായിക വിനോദങ്ങളുടെ പ്രാധാന്യം പ്രചരിപ്പിക്കുക, അവരുടെ കായികവും മാനസികവുമായ ആരോഗ്യം നിലനിർത്തുന്നതിന് സാഹസിക കായിക വിനോദങ്ങൾ ഉപയോഗപ്പെടുത്തുക, സാഹസിക ടൂറിസം ഉൾപ്പെടെയുള്ള മേഖലകളിൽ യുവാക്കളുടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക, സ്കൂൾ, കോളേജ് ക്ലബ്ബുകൾ മുതലായ സ്ഥാപനങ്ങൾ എന്നിവയ്ക്ക് പരിശീലനങ്ങൾ നൽകുക തുടങ്ങിയ ഉദ്ദേശ്യ ലക്ഷ്യങ്ങളോടുകൂടിയാണ് ഈ സ്ഥാപനം പ്രവർത്തിച്ചുവരുന്നത്.

(ii) സാഹസിക പ്രവർത്തനങ്ങൾ- നാഷണൽ അഡ്വഞ്ചർ അക്കാഡമിയുടെ ഒരു ഉപകേന്ദ്രം കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ബീച്ചിൽ പ്രവർത്തിക്കുന്നുണ്ട്. ഈ അക്കാഡമിയിലൂടെ നിരവധി സാഹസിക പ്രവർത്തനങ്ങളും ട്രെയിനിംഗുകളും സംഘടിപ്പിച്ചു വരുന്നു.

9. യുവശക്തി-യൂത്ത് കോ-ഓർഡിനേറ്റർമാർ മുഖേനയുള്ള പ്രവർത്തനങ്ങൾ- കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ ജില്ലാതലങ്ങളിലും പ്രാദേശിക തലങ്ങളിലും സംഘടിപ്പിക്കുന്നതിന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലങ്ങളിലും ജില്ലാതലത്തിലും യൂത്ത് കോ-ഓർഡിനേറ്റർമാരെ നിയോഗിച്ചിട്ടുണ്ട്. യൂത്ത് ക്ലബ്ബുകളെ സംഘടിപ്പിച്ച് സാമൂഹ്യ വികസന പ്രവർത്തനങ്ങൾ നടത്തുക, സന്നദ്ധ പ്രവർത്തനങ്ങൾ നടത്തുക, കേരളോത്സവം ഉൾപ്പെടെയുള്ള പരിപാടികളിൽ യുവജന പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി പരിശ്രമിക്കുക, ഗ്രാമസഭകളിൽ യുവജന പങ്കാളിത്തം വർദ്ധിപ്പിക്കുക, ലേബർ ബാങ്ക് ഉൾപ്പെടെയുള്ള വിവിധ തൊഴിലധിഷ്ഠിത പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നിവ യൂത്ത് കോ-ഓർഡിനേറ്റർമാരുടെ ഉത്തരവാദിത്വങ്ങളാണ്. പ്രതിമാസം ഓണറേറിയം വ്യവസ്ഥയിലാണ് യൂത്ത് കോ-ഓർഡിനേറ്റർമാർ പ്രവർത്തിക്കുന്നത്. കേരള സംസ്ഥാന യുവജന കമ്മീഷൻ കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും മദ്യം-മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയ്ക്കെതിരെയും റോഡ് സുരക്ഷ, മാനസികാരോഗ്യം എന്നിവ സംബന്ധിച്ചും കോളേജുകളിലും പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലും ബോധവത്കരണ പരിപാടികൾ, ജില്ലകളിൽ അദാലത്തുകളും സിറ്റിംഗും (ദേശീയ സെമിനാർ, ജില്ലാതല സെമിനാർ/സിമ്പോസിയം, ശില്പശാല), യൂത്ത് ഐക്കൺ അവാർഡ്, പാർശ്വവത്കൃത യുവജനങ്ങളുടെ ശാക്തീകരണം/ആരോഗ്യപരിപാലനം, യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ, സാംസ്കാരിക വിനിമയ പദ്ധതി, യുവജനങ്ങളുടെ ഫെസിലിറ്റേഷൻ പ്രോഗ്രാം, ദേശീയ യുവജന ദിനാഘോഷം എന്നീ പ്രധാന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10.00 A.M]

## II അനുമോദനം

ഒളിമ്പിക്സ് മെഡൽ ജേതാക്കൾക്ക് അഭിനന്ദനം

മി. സ്പീക്കർ: ടോക്കിയോ ഒളിമ്പിക്സിൽ പുരുഷ വിഭാഗം ഹോക്കി മത്സരത്തിൽ ഇന്ത്യ വെങ്കല മെഡൽ നേടിയിരിക്കുന്നു. 1980-ലെ മോസ്കോ ഒളിമ്പിക്സിനുശേഷം പുരുഷ വിഭാഗം ഹോക്കി മത്സരത്തിൽ ഇന്ത്യ ആദ്യമായാണ് മെഡൽ നേടുന്നത്. 5-4 എന്ന സ്കോറിന് ജർമ്മനിയെ തോൽപ്പിച്ചാണ് ഇന്ത്യ വെങ്കല മെഡൽ നേടിയത്. മലയാളിയായ ഗോൾ കീപ്പർ ശ്രീ. പി. ആർ. ശ്രീജേഷ് നടത്തിയ മികച്ച സേവുകളാണ് ഇന്ത്യയെ വിജയത്തിലേയ്ക്ക് നയിച്ചതെന്നത് അഭിമാനകരവും ആഹ്ലാദകരവുമാണ്. ശ്രീ. മൻപ്രീത് സിംഗ് നയിച്ച ഇന്ത്യൻ ടീമിനും ശ്രീ. പി. ആർ. ശ്രീജേഷിനും കേരള നിയമസഭയുടെ അഭിനന്ദനങ്ങൾ.

വനിതാ വിഭാഗം ഹോക്കിയിൽ ഇന്നുനടന്ന വാശിയേറിയ മത്സരത്തിൽ ഇന്ത്യയ്ക്ക് വെങ്കല മെഡൽ നഷ്ടപ്പെട്ടെങ്കിലും നമ്മുടെ പെൺകുട്ടികൾ വീരോചിതമായ പോരാട്ടമാണ് നടത്തിയത്. വനിതാ ടീമിന് മെഡൽ ലഭിച്ചില്ലെങ്കിലും അവരുടെ പോരാട്ടവീര്യവും അഭിനന്ദനമർഹിക്കുന്നു.

പുരുഷവിഭാഗം 57 കിലോ ഫ്രീസ്റ്റൈൽ ഗുസ്തി മത്സരത്തിൽ ശ്രീ. രവികുമാർ ദഹിയ വെള്ളിമെഡലും 69 കിലോ വനിതാ വിഭാഗം ബോക്സിംഗിൽ ലവ്ലിന ബോർഗോഹെയ്ൻ വെങ്കല മെഡലും നേടിയിട്ടുണ്ട്. ആദ്യ ഒളിമ്പിക്സിൽത്തന്നെ ലവ്ലിനയ്ക്ക് മെഡൽ നേടാൻ കഴിഞ്ഞത് എടുത്തുപറയേണ്ട നേട്ടമാണ്. ഒളിമ്പിക്സ് പുരുഷവിഭാഗം ഗുസ്തി മത്സരത്തിൽ സുശീൽ കുമാറിനുശേഷം ഇന്ത്യ നേടുന്ന മിന്നുന്ന വിജയമാണ് രവികുമാർ ദഹിയയുടേത്. രണ്ടുപേർക്കും ഈ സഭയുടെ അഭിനന്ദനങ്ങൾ. 32-ാം ഒളിമ്പിക്സിൽ രാജ്യത്തിനുവേണ്ടി അഭിമാനകരമായ വിജയങ്ങൾ നേടിയ എല്ലാ കായിക താരങ്ങളെയും ഈ സഭ അഭിനന്ദിക്കുന്നു. തുടർന്നും മികച്ച വിജയങ്ങൾ നേടാൻ നമ്മുടെ കായിക താരങ്ങൾക്ക് കഴിയട്ടെ എന്നാശംസിക്കുന്നു.

## III അടിയന്തരപ്രമേയം

അശാസ്ത്രീയ ലോക്ഡൗൺ നിയന്ത്രണം

മി. സ്പീക്കർ: ചട്ടം 50 പ്രകാരം ഇന്ന് ലഭിച്ചിരിക്കുന്ന നോട്ടീസ് കോവിഡ് വ്യാപനം തടയുന്നതിനായി ഏർപ്പെടുത്തിയ ലോക്ഡൗണും മറ്റ് നിയന്ത്രണങ്ങളും പിഴയീടാക്കലുംമൂലം പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ചാണ്. ഈ സമ്മേളന കാലയളവിൽ ഏറെക്കുറെ സമാനമായതും മേൽപ്പറഞ്ഞ

വിഷയങ്ങളെ സംബന്ധിച്ചുള്ളതുമായ ഒരു അടിയന്തരപ്രമേയം, നാല് ശ്രദ്ധക്ഷണിക്കലുകൾ, മൂന്നിലധികം സബ്മിഷനുകൾ എന്നിവ സഭ മുമ്പാകെ വരികയുണ്ടായി. കൂടാതെ മൂന്ന് മണിക്കൂർ നീണ്ടുനിൽക്കുന്ന ധനാഭ്യർത്ഥന ചർച്ചയും ചട്ടം 300 പ്രകാരമുള്ള ഒരു പ്രസ്താവനയും ഇതുമായി ബന്ധപ്പെട്ട് സഭയിലുണ്ടായിട്ടുണ്ട്. ആ പ്രസ്താവനയെ സംബന്ധിച്ച ക്രമപ്രശ്നവും ഇന്നലെ ഉന്നയിക്കപ്പെടുകയുണ്ടായി. വീണ്ടും ഇക്കാര്യത്തിൽ ഒരു അടിയന്തര പ്രമേയത്തിനുള്ള നോട്ടീസ് സ്വാഭാവികമായും ഉചിതമായ കാര്യമല്ല. മാത്രമല്ല, നോട്ടീസിൽ ഉന്നയിച്ചിരിക്കുന്ന തരത്തിലുള്ള ഒരു അടിയന്തര സ്വഭാവം ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ളതായും കാണുന്നില്ല. എന്നിരുന്നാലും ഒരു പ്രത്യേക കേസായി പരിഗണിച്ച് ഇക്കാര്യം ഉന്നയിക്കാൻ അവസരം നൽകുകയാണ്. ഇതൊരു കീഴ്വഴക്കമായി കാണേണ്ടതില്ല. ഇന്നത്തെ നോട്ടീസുമായി ബന്ധപ്പെട്ട് സഭയിൽ ഇതുവരെ ഉയർന്നുവരാത്ത കാര്യങ്ങളുണ്ടെങ്കിൽമാത്രം ചുരുക്കി പറയണമെന്ന വ്യവസ്ഥയിലാണ് അനുമതി നൽകുന്നത്. നോട്ടീസിന്റെ അവതരണത്തിലും മന്ത്രിയുടെ മറുപടിയിലും സാധാരണ അനുവദിക്കുന്നതിന്റെ പകുതിയിൽ താഴെ സമയം മാത്രം ഉപയോഗപ്പെടുത്തി കാര്യങ്ങൾ വിശദീകരിക്കേണ്ടതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നിയന്ത്രണങ്ങൾ അടിച്ചേൽപ്പിക്കുന്നത് മാത്രമല്ല, നിയന്ത്രണങ്ങളുടെ മറവിൽ പോലീസ് കനത്ത പിഴ ഈടാക്കുകയും പോലീസ് അതിക്രമങ്ങൾ വർദ്ധിച്ചുവരുകയും ചെയ്യുന്ന പ്രശ്നമാണ് recent occurrence-ഓടുകൂടി ഞങ്ങൾ നോട്ടീസിൽ പറഞ്ഞിരിക്കുന്നത്. ഇതുസംബന്ധിച്ച് വ്യാപകമായ പരാതികളാണുള്ളത്. ആ വിഷയം ഞങ്ങൾ ഇതുവരെ ഉന്നയിച്ചിട്ടില്ല; ഇപ്പോൾ ഉന്നയിക്കുകയാണ്. ഇന്നലെ കൊണ്ടുവന്നത് ഒരു ക്രമപ്രശ്നമാണ്. ബഹുമാനപ്പെട്ട മന്ത്രി ചട്ടം 300 അനുസരിച്ച് നിയമസഭയിൽ ഒരു സ്റ്റേറ്റ്മെന്റ് വച്ചുകഴിഞ്ഞാൽ അതിന്റെ സ്പിരിറ്റിന് വിരുദ്ധമായി ചീഫ് സെക്രട്ടറിക്ക് ഒരു ഗവൺമെന്റ് ഉത്തരവ് ഇറക്കാമോ എന്നത് സംബന്ധിച്ച ഒരു നിയമപ്രശ്നമാണ് കൊണ്ടുവന്നത്. ഇത് ഏറ്റവും recent occurrence ആണ്. ചട്ടം 300 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റിന് വിരുദ്ധമായി അന്നുരാത്രി ചീഫ് സെക്രട്ടറി പുതിയൊരു ഉത്തരവിറക്കുന്നു; അതിനെ കേരളം മുഴുവൻ വളരെ ഷോക്കോടുകൂടി നോക്കിക്കാണുന്നു; അതിന്റെ അടിസ്ഥാനത്തിൽ ധാരാളം പോലീസ് അതിക്രമങ്ങൾ നടക്കുന്നു. ഈ വിഷയങ്ങൾ പല രീതിയിൽ ഡെവലപ് ചെയ്യുകയാണ്. അതുകൊണ്ടാണ് ആ വിഷയം വീണ്ടും ഞങ്ങൾക്ക് ചർച്ച ചെയ്യേണ്ടി വന്നത്. അങ്ങ് അതിനനുവദിച്ചതിനെ ഞാൻ സ്വാഗതം ചെയ്യുന്നുവെങ്കിലും അത് വീണ്ടും കൊണ്ടുവരാനുണ്ടായ പശ്ചാത്തലം സംബന്ധിച്ച് പറയേണ്ട ബാദ്ധ്യത എനിക്കുള്ളതുകൊണ്ടാണ് സൂചിപ്പിച്ചത്.

മി. സ്പീക്കർ: ഇത്തരം കാര്യങ്ങളിൽ നമ്മൾ ഇപ്പോൾ കൂടുതൽ സമയം നഷ്ടപ്പെടുത്തേണ്ടതില്ല. ഇന്ന് വെള്ളിയാഴ്ചയാണ്. അനൗദ്യോഗികാംഗങ്ങളുടെ ബിസിനസ്സുള്ള ദിവസമാണ്. അതുകൊണ്ട് കർശനമായി സമയ നിയന്ത്രണം പാലിക്കേണ്ടതുണ്ട്. കോവിഡ് വ്യാപനം തടയുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള ലോക്ഡൗൺ നിയന്ത്രണങ്ങളും പിഴ ഈടാക്കുന്നതുംമൂലം ജനങ്ങൾക്കുള വായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. ബാബു (തൃപ്പൂണിത്തുറ), കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, കോവിഡ് രണ്ടാം തരംഗത്തിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. രണ്ടാം തരംഗം കേരളത്തിൽ ആരംഭിച്ചത് 2021 ഏപ്രിൽ പകുതിയോടെയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പോലീസ് അതിക്രമത്തെക്കുറിച്ചാണ് ഞങ്ങൾ അടിയന്തരപ്രമേയം ഉന്നയിച്ചത്. ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് അതിന് മറുപടി പറയേണ്ടത്, ആരോഗ്യ വകുപ്പുമന്ത്രിയല്ല. ഇത് തെറ്റാണ്.

മി. സ്പീക്കർ: ചെയർ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയെ മറുപടി പറയുന്നതിനായി വിളിച്ചുകഴിഞ്ഞു. ഇനി ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കട്ടെ. ദയവായി സഹകരിക്കുക.

ശ്രീമതി വീണാ ജോർജ്ജ്: സർ, നിയമസഭയിൽ ചട്ടം 300 പ്രകാരം അവതരിപ്പിച്ച പ്രസ്താവന സംബന്ധിച്ച ക്രമപ്രശ്നം ഇന്നലെ ഉന്നയിക്കുകയും അതിന് വിശദീകരണം നൽകുകയും ബഹുമാനപ്പെട്ട ചെയർ അത് തീർപ്പാക്കുകയും ചെയ്തിട്ടുള്ളതാണ്. കോവിഡിന്റെ ആദ്യതരംഗം കേരളത്തിലുണ്ടാകുന്നത് 2020 മേയ് മാസം അവസാനത്തോടെയാണ്. രോഗവ്യാപനത്തെ പിടിച്ചുനിർത്താനാണ് ആദ്യതരംഗത്തിൽ നമ്മൾ ശ്രമിച്ചതും രണ്ടാം തരംഗത്തിൽ ശ്രമിച്ചു കൊണ്ടിരിക്കുന്നതും. അതിവ്യാപന ശേഷിയുള്ള ഡെൽറ്റാ വേരിയന്റ് കാരണമാണ് രണ്ടാം തരംഗമുണ്ടായതെന്ന് ജനിതക ശ്രേണീകരണത്തിലൂടെ കണ്ടെത്തിയിട്ടുണ്ട്. രണ്ടാം തരംഗത്തിൽ 6284 സാമ്പിളുകൾ Genome study-ക്ക് വിധേയമാക്കിയപ്പോൾ 90 ശതമാനവും ഡെൽറ്റാ വേരിയന്റ് കാരണമാണെന്ന് കണ്ടെത്തിയിരുന്നു. അതിതീവ്ര വ്യാപനശേഷിയുള്ളതാണ് ഡെൽറ്റാ വേരിയന്റ്. ഈ വേരിയന്റുമൂലം കോവിഡ് വന്നാൽ പോസ്റ്റ് കോവിഡ് രോഗങ്ങൾ ധാരാളമായിട്ടുണ്ടാകുന്നു എന്നതാണ് പ്രത്യേകത. പ്രമേഹം, ബ്ലഡ് പ്രഷർ, ഹൃദ്രോഗം തുടങ്ങിയ അസുഖങ്ങളുള്ളവർ മരണത്തിന് കീഴ്പ്പെടുന്നു. ഇന്നലെ മാത്രം സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടത്

22,040 കോവിഡ് പോസിറ്റീവ് കേസ്സുകളാണ്. സംസ്ഥാനത്ത് ഇപ്പോൾ ചികിത്സയിലുള്ളത് 1,77,924 പേരാണ്. ഇന്നലെ പരിശോധിച്ച സാമ്പിളുകളുടെ എണ്ണം 1,63,396 ആണ്. അതിനുമുൻപുണ്ടായ 117 മരണങ്ങൾ ഇന്നലെ സ്ഥിരീകരിക്കുകയും ചെയ്തു. പല ജില്ലകളിലും Reproduction Number (RO Number) ഒന്നിൽക്കൂടുതലാണ്. അതിന്റെ അർത്ഥം നമ്മൾ ജാഗ്രതയോടി രുന്നില്ലെങ്കിൽ കുറച്ച് ദിവസങ്ങൾക്കുള്ളിൽ സംസ്ഥാനത്ത് രോഗികളുടെ എണ്ണം ഇരട്ടിയോ അതിലധികമോ ആകാമെന്നതാണ്. കോവിഡ് സാഹചര്യം ഇങ്ങനെ നിലനിൽക്കുമ്പോഴാണ് ജീവനോപാധികൾ നിശ്ചലമായിപ്പോകാതിരിക്കാൻ ഇടപെടൽ നടത്തി നിയന്ത്രണങ്ങളോടെ ഇളവുകൾ നൽകാൻ തീരുമാനിച്ചത്. എല്ലാ കാലവും നമുക്ക് ലോക്ഡൗണിലൂടെ കോവിഡിനെ പ്രതിരോധിക്കാൻ കഴിയില്ല. ജനങ്ങളുടെ ജീവനും ജീവനോപാധിയും ഒരുപോലെ സംരക്ഷിക്കപ്പെടുന്നത് മുന്നിൽക്കണ്ടുള്ള പ്രവർത്തനങ്ങളാണ് കേരളം നടപ്പാക്കുന്നത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഒന്നാം തരംഗമുണ്ടായപ്പോൾ പ്രതിരോധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിൽ പകച്ചുനിൽക്കുന്ന ഒരു കാഴ്ചയാണ് നമ്മൾ കണ്ടത്. എന്നാൽ കേരളം ശക്തമായ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് ഇതിനെതിരായി പ്രതിരോധം തീർത്തതിന്റെ ഫലമായി മരണനിരക്ക് കുറച്ചുകൊണ്ടുവരാൻ നമുക്ക് കഴിഞ്ഞു.

പ്രമേയാവതാരകൻ ചില സംഭവങ്ങളെക്കുറിച്ച് നോട്ടീസിൽ സൂചിപ്പിച്ചിട്ടുണ്ട്. രോഗവ്യാപനം തടയുന്നതിന് സർക്കാർ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിയന്ത്രണങ്ങൾ മറികടക്കാൻ ശ്രമിക്കുമ്പോൾ അത് തടയണമെന്ന ഉത്തരവാദിത്വമാണ് പോലീസ് നിർവ്വഹിച്ചിട്ടുള്ളത്. കോവിഡ്-19 രോഗ സംക്രമണത്തിന്റെ നിലവിലെ അവസ്ഥയിൽ അതീവ ജാഗ്രത പാലിച്ചില്ലെങ്കിൽ മൂന്നാം തരംഗമുണ്ടാകുമെന്ന വിദഗ്ദ്ധാഭിപ്രായത്തിന്റെയും അതോടൊപ്പം രണ്ടാം തരംഗത്തിൽനിന്നും നമ്മൾ പൂർണ്ണമായും മോചനം നേടിയിട്ടില്ലാത്തതിനാലുമാണ് നിയന്ത്രണങ്ങൾ തുടർന്നത്. Seroprevalence പഠനമനുസരിച്ച് മൊത്തം ജനസംഖ്യയുടെ പകുതിയോളം പേർക്ക് രോഗസാധ്യത നിലനിൽക്കുകയാണ്. മാത്രമല്ല, അതിവ്യാപന ശേഷിയുള്ള ഡെൽറ്റാ വൈറസിന്റെ സാന്നിദ്ധ്യവുമുണ്ട്. വാക്സിനേഷൻ ഭൂരിഭാഗം പേരിലേയ്ക്ക് എത്തുന്നതിനുമുമ്പ് മൂന്നാം തരംഗമുണ്ടാകുകയാണെങ്കിൽ ഉണ്ടാകാവുന്ന ഗുരുതരാവസ്ഥയും ആശുപത്രി അഡ്മിഷനുകളും മുന്നിൽക്കണ്ടുള്ള പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള നിയന്ത്രണങ്ങളാണ് സർക്കാർ ആലോചിക്കുന്നതും നടപ്പാക്കുന്നതും. പകർച്ചവ്യാധിയിൽനിന്ന് ജനങ്ങളെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം ഒരു റെസ്പോൺസിബിൾ സ്റ്റേറ്റിനുണ്ട്. ആ ഉത്തരവാദിത്വമാണ് സംസ്ഥാന സർക്കാർ നിറവേറ്റുന്നത്. ഇതിൽ ബഹുമാനപ്പെട്ട പ്രതിപക്ഷത്തിന്റെ പൂർണ്ണമായ സഹകരണം അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞങ്ങൾ അടിയന്തരപ്രമേയ നോട്ടീസ് നൽകിയത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കാണ്, മുഖ്യമന്ത്രി ഇതെല്ലാം കണ്ട് രസിക്കുകയാണ്. ഇത്രയും നിഷേധാത്മകമായ ഒരു നിലപാട് സ്വീകരിക്കരുത്. ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശു വികസന വകുപ്പ് മന്ത്രിയുടെ മറുപടി കേട്ടപ്പോൾ വെന്റിലേറ്റർ സപ്പോർട്ട് നൽകേണ്ട രോഗിക്ക് പനിക്കുള്ള മരുന്ന് കൊടുത്തതുപോലെയായി. ഞാൻ ഒരു ഫേസ്ബുക്ക് പോസ്റ്റ് വായിക്കാം, "ഈ കോവിഡ് വിദഗ്ദ്ധ സമിതി അംഗങ്ങൾ ആരും കോമൺസെൻസ് വാക്സിൻ എടുത്തവരല്ലേ; പല നിബന്ധനകളും അപ്രായോഗികമാണ്. മദ്യഷോപ്പുകൾക്ക് മുൻപിൽ നിൽക്കുന്നവർക്കില്ലാത്ത നിബന്ധനകൾ അരിമേടിക്കാൻ പോകുന്നവർ പാലിക്കണംപോലും, വിദഗ്ദ്ധ സമിതിയുടെ വൈദഗ്ദ്ധ്യം സമ്മതിച്ചേ പറ്റൂ". ഇതാരുടെ ഫേസ്ബുക്ക് പോസ്റ്റാണെന്ന് അറിയാമോ? യാക്കോബായ സഭയുടെ നിരണം ഭദ്രാസനാധിപൻ ഗീവർഗീസ് മാർ കൂറിലോസ് തിരുമേനിയുടേതാണ്. മുഖ്യമന്ത്രിക്ക് നന്നായിട്ടറിയാവുന്ന ആളാണ്. സർവ്വത്ര അടച്ചുപൂട്ടി കേരളമാകെ പ്രതിസന്ധിയിലാക്കുന്ന ഗവൺമെന്റിന്റെ നിലപാട് പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷം ഇവിടെ പലപ്രാവശ്യം സംസാരിച്ചു. നിയമസഭയ്ക്ക് പുറത്ത് വ്യാപാരി വ്യവസായികൾ സമരം പ്രഖ്യാപിച്ചു; ഗവൺമെന്റിന്റെ നിലപാട് ശരിയല്ലെന്ന് ഐ.എം.എ. പറഞ്ഞു; അതുപോലെ കേരളത്തിലെ എല്ലാവിധ സംരംഭകരും തൊഴിലെടുത്ത് ജീവിക്കുന്നവരും ഗവൺമെന്റിന്റെ അപ്രായോഗികവും അശാസ്ത്രീയവുമായ ലോക്ഡൗൺ നിലപാടിനെതിരായി പ്രതിഷേധിച്ചു. ഞങ്ങളെല്ലാം പറഞ്ഞത് 'Live with Covid' എന്ന നിലപാട് സ്വീകരിക്കണമെന്നാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റിന്റെ നിലപാട് തിരുത്തുമെന്ന് ഞങ്ങൾ പ്രതീക്ഷിച്ചു. പക്ഷേ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഇവിടെയൊരു പ്രഖ്യാപനം നടത്തി. കടകൾ സന്ദർശിക്കുന്നവർ കോവിഡ്-19 വാക്സിന്റെ ആദ്യ ഡോസെങ്കിലും എടുത്തവരോ 72 മണിക്കൂറുകൾക്കകം എടുത്തിട്ടുള്ള RTPCR നെഗറ്റീവ് സർട്ടിഫിക്കറ്റ് കൈവശമുള്ളവരോ അല്ലെങ്കിൽ കുറഞ്ഞത് ഒരു മാസം മുൻപെങ്കിലും കോവിഡ് ബാധിച്ച് രോഗം ഭേദമായ സർട്ടിഫിക്കറ്റ് കൈവശമുള്ളവരോ ആകുന്നതായിരിക്കും അഭികാമ്യമെന്ന രീതിയിലായിരുന്നു പ്രഖ്യാപനം. എന്നാൽ ചീഫ് സെക്രട്ടറിയുടെ ഉത്തരവിറങ്ങിയപ്പോൾ നിബന്ധനകളെല്ലാം നിർബന്ധമാക്കി. മന്ത്രിയും ചീഫ് സെക്രട്ടറിയും പറയുന്നതിൽ, ആര് പറയുന്നതാണ് വിശ്വസിക്കേണ്ടതെന്നുള്ളതിനെക്കുറിച്ച് ഇപ്പോൾ സംശയമാണ്. ചീഫ് സെക്രട്ടറിയുടെ ഉത്തരവ് പ്രകാരം, "കുറഞ്ഞത് രണ്ടാഴ്ചയ്ക്ക് മുൻപെങ്കിലും കോവിഡ്-19 വാക്സിന്റെ ആദ്യ ഡോസ് എങ്കിലും എടുത്തവർക്കോ 72 മണിക്കൂറുകൾക്കകം എടുത്തിട്ടുള്ള RTPCR നെഗറ്റീവ് സർട്ടിഫിക്കറ്റ് കൈവശം ഉള്ളവർക്കോ അല്ലെങ്കിൽ കുറഞ്ഞത് ഒരു മാസം

മുൻപെങ്കിലും കോവിഡ്-19 രോഗം പിടിപെട്ട് ഭേദമായ സർട്ടിഫിക്കറ്റ് കൈവശമുള്ളവർക്കോ മാത്രമേ കടകൾ, കമ്പോളങ്ങൾ, ബാങ്കുകൾ, പൊതു/സ്വകാര്യ മേഖലയിലെ ഓഫീസുകൾ, ധനകാര്യസ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ, ഫാക്ടറികൾ, തുറന്ന ടൂറിസ്റ്റ് ഇടങ്ങൾ, മറ്റ് സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ പ്രവേശനാനുമതിയുള്ളൂ." അഞ്ചാമത്തെ ഖണ്ഡികയിൽ പറയുന്നത്, "മുൻഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ളവരും അല്ലാത്തവരുമായ എല്ലാ ആളുകൾക്കും വാക്സിനേഷൻ, കോവിഡ്-19-ന്റെ പരിശോധന, മെഡിക്കൽ എമർജൻസി, മരുന്നുകൾ വാങ്ങൽ, ബന്ധുജനങ്ങളുടെ മരണം, അടുത്ത ബന്ധുക്കളുടെ വിവാഹം, ബസ്/ട്രെയിൻ/ഫ്ലൈറ്റ്/കപ്പൽ എന്നിവ കയറുന്നതിനായുള്ള പ്രാദേശിക യാത്ര, പരീക്ഷകൾ തുടങ്ങിയ അത്യാവശ്യ സാഹചര്യങ്ങളിൽ വീടിന് പുറത്തിറങ്ങാവുന്നതാണ്." വലിയ പ്രതീക്ഷയിലിരുന്ന ജനങ്ങൾ ഈ ഓർഡറിറങ്ങിയപ്പോൾ വലിയ നിരാശയിലാണ്. ആന കൊടുത്താലും ആശ കൊടുക്കരുതെന്ന് പറയും, ഇവിടെ അതാണുണ്ടായത്. 'ആറ്റുനോറ്റിരുന്ന് പ്രസവിച്ചത് ചാപിള്ളയായിപ്പോയി' എന്ന് പറയുന്നതുപോലെയാണ് ഗവൺമെന്റ് ഇപ്പോൾ പറയുന്നത്.

<u>മി. സ്പീക്കർ</u>: അങ്ങേയ്ക്ക് ഒരു മിനിറ്റ് കൂടിയേയുള്ളൂ.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഒരു മിനിറ്റിൽ എങ്ങനെയാണ് അടിയന്തരപ്രമേയം അവതരിപ്പിക്കുന്നത്?

<u>മി. സ്പീക്കർ</u>: നേരത്തെ ഉപാധിക്ക് വിധേയമായിട്ടാണ് അനുവദിച്ചത്. ഒരു മിനിറ്റുകൂടി വേണമെങ്കിൽ സംസാരിക്കാം.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, അതുകൊണ്ട് ഇപ്പോൾ ഇറക്കിയിട്ടുള്ള ഉത്തരവനുസരിച്ച് യുവാക്കൾ വീട്ടിലിരിക്കേണ്ടിവരും; കാരണം വാക്സിൻ എടുത്ത ആളുകളിൽ യുവാക്കൾ കുറവാണ്. യുവാക്കൾ വീട്ടിലിരിക്കുകയും പ്രായമായ ആളുകൾ കടകളിൽ പോകാനുമുള്ള വിചിത്രമായ ഉത്തരവാണ് ഇപ്പോഴുള്ളത്. 18 മുതൽ 45 വയസ്സുവരെയുള്ള വിഭാഗക്കാരിൽ 28.6 ശതമാനമാണ് വാക്സിനെടുത്തിട്ടുള്ളത്. സർക്കാരിന്റെ കണക്കുപ്രകാരം തന്നെ 16,000 ആളുകൾ മരിച്ചു. അതുപോലെ മുൻധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ പറഞ്ഞ കണക്കനുസരിച്ച് 80,000 കോടി രൂപയുടെ നഷ്ടമാണുണ്ടായിട്ടുള്ളത്. കൂലിപ്പണിയെടുക്കുന്നവരും വ്യാപാരികളുമുൾപ്പെടെ പതിനായിരക്കണക്കിന് ആളുകൾക്ക് തൊഴിൽ നഷ്ടപ്പെട്ടു.

<u>മി. സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്...

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, രണ്ടാം തരംഗം വന്നതിനുശേഷം 22 പേർ ആത്മഹത്യ ചെയ്തു, ഇന്നത്തെ പത്രത്തിൽ വന്നിട്ടുണ്ട്. (പത്രക്കെട്ട് ഉയർത്തി കാണിച്ചു)

മി. സ്പീക്കർ: ഇതെല്ലാം നേരത്തെ പറഞ്ഞ കാര്യങ്ങളാണ്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ വായിക്കുന്നില്ല. വടകരയിൽ ആത്മഹത്യയുണ്ട്. (...മൈക്ക് ഓഫ്....)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി..... (ബഹളം).....

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ബഹുമാന്യനായ പ്രമേയാവതാരകൻ എന്താണ് പറയാൻ ഉദ്ദേശിച്ചതെന്നോ പറഞ്ഞതെന്താണെന്നോ ഈ സഭയിലിരിക്കുന്ന ആർക്കും മനസ്സിലായതായി എനിക്ക് തോന്നുന്നില്ല. അതുകൊണ്ട് വെന്റിലേറ്റർ സപ്പോർട്ട് ആർക്കാണ്, എന്തിനാണ് വേണ്ടതെന്നുകൂടി ഒന്ന് ചിന്തിക്കുന്നത് നന്നായിരിക്കും. കോവിഡ് വ്യാപനത്തിന്റെ ആദ്യഘട്ടത്തിൽ അന്തർ സംസ്ഥാന യാത്രകൾക്ക് എല്ലാ സംസ്ഥാനങ്ങളും ചില നിയന്ത്രണങ്ങളും നിബന്ധനകളും ഏർപ്പെടുത്തിയിരുന്നു. കർശനമായ നിബന്ധനകൾക്ക് വിധേയമായാണ് ബസ്, ട്രെയിൻ, വിമാന യാത്രകൾക്ക് ഒരു ഘട്ടം കഴിഞ്ഞശേഷം അനുമതി നൽകിയത്. എന്നാൽ കേരളത്തിൽ യു.ഡി.എഫ്. നേതാക്കൾ ചെക്ക് പോസ്റ്റുകളിൽ കൂട്ടംകൂടി പ്രതിഷേധിക്കാനും ശാസ്ത്രീയാടിസ്ഥാനത്തിൽ ഏർപ്പെടുത്തിയ നിബന്ധനകളെ വെല്ലുവിളിക്കാനും മുൻകയ്യെടുത്തത് മറക്കാൻ കഴിയുകയില്ല. അതിലൂടെ കോവിഡ് രോഗം പലർക്കും ബാധിച്ചുവെന്നത് ഒരു വസ്തുതയാണ്. ......(ബഹളം).......... പറയാൻ അനുവദിക്കൂ..

മി. സ്പീക്കർ: ഈ അടിയന്തരപ്രമേയത്തിന് അനുമതിതേടി സംസാരിക്കാൻ അവസരം നൽകിയതുതന്നെ ഉപാധികളോടെയായിരുന്നു. സാധാരണയെടുക്കുന്ന സമയത്തിന്റെ പകുതിയെ എടുക്കാവൂ എന്ന് വളരെ വ്യക്തമായി പറഞ്ഞതാണ്, പലതവണ ഇവിടെ ഉന്നയിക്കപ്പെട്ട കാര്യവുമാണ്. ചെയർ ഉദാരമായ ഒരു സമീപനം സ്വീകരിച്ചതിനെ ദുരുപയോഗപ്പെടുത്താൻ പാടില്ല. ......... (ബഹളം).......... ബഹളമൊന്നും വയ്ക്കേണ്ടതില്ല, അങ്ങനെ സമ്മർദ്ദത്തിലാക്കാൻ ശ്രമിക്കരുത്, അതൊന്നും വേണ്ട. ബഹുമാനപ്പെട്ട മന്ത്രി.....

(പ്രമേയാവതാരകന് പ്രസംഗം പൂർത്തീകരിക്കാൻ സമയം നൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ എഴുന്നേറ്റ് ബഹളം വയ്ക്കുകയും അല്പസമയത്തിനുശേഷം അവരവരുടെ ഇരിപ്പിടങ്ങളിൽ ഉപവിഷ്ടരാകുകയും ചെയ്തു.)

ശ്രീമതി വീണാ ജോർജ്ജ്: സർ, കൊറോണ വൈറസിന്റെ വ്യാപനം തടയാൻ ജനങ്ങളുടെ സഹകരണത്തോടെ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ സർക്കാർ നിർബന്ധിതമാകുമ്പോൾ, അതിനെതിരെ നിഷേധാത്മക നിലപാടുകൾ സ്വീകരിച്ചുകൊണ്ട് എതിർക്കുന്നത് നിർഭാഗ്യകരമാണ്. കേരളത്തിലെ സാഹചര്യം രാജ്യത്തെ സാഹചര്യത്തിൽ നിന്നും വ്യത്യസ്തമാണ്. നമ്മുടെ ജനസംഖ്യാ ഘടനയിൽ പ്രായമായവരുടെ അനുപാതം വളരെ കൂടുതലാണ്. ആരോഗ്യ രംഗത്തെ ഫലപ്രദമായ ഇടപെടലിന്റെ ഭാഗമായിട്ടാണ് ആയുർദൈർഘ്യം കൂടിയത്. എന്നാൽ പ്രായമായവർ കോവിഡ് രോഗത്തിന് വിധേയമാകാനുള്ള സാധ്യത വളരെ കൂടുതലാണ്. നമ്മുടെ സംസ്ഥാനത്ത് ജനസാന്ദ്രത വളരെ കൂടുതലും ദേശീയ ശരാശരിയെക്കാൾ ഇരട്ടിയുമാണ്. വളരെയേറെപ്പേർ ഇനിയും രോഗം വരാത്തവരാണ്, അതാണ് ഐ.സി.എം.ആർ.-ന്റെ സിറോപ്രിവലൻസ് സ്റ്റഡിയിൽ 50 ശതമാനത്തിലധികം ആളുകൾക്ക് ഇനിയും രോഗം വരാനുണ്ട് എന്നുപറഞ്ഞത്. ഇക്കാരണത്താൽ ലോക്ഡൗൺ നിയന്ത്രണങ്ങൾ എടുത്തുമാറ്റുമ്പോഴും ചില ലഘൂകരിച്ച നിയന്ത്രണങ്ങൾ ആവശ്യമായി വരും. സർക്കാർ വളരെയേറെ ആലോചിച്ച ശേഷമാണ് അത് നടപ്പിലാക്കുന്നത്. കോവിഡ് വ്യാപനം എത്രയായാലും വേണ്ടില്ല, സർക്കാരിന് ദുഷ്പേരുണ്ടാകട്ടെ എന്ന സമീപനത്തിന്റെ ഭാഗമായാണ് ഇതിനെ എതിർക്കുന്നത്.

ഇവിടെ ഒന്നുരണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ പറയണമെന്ന് ആഗ്രഹിക്കുകയാണ്. ഒന്ന്, സർക്കാരിന്റെ പ്രധാന ദൗത്യം ജനങ്ങളെ സംരക്ഷിക്കുകയെന്നുള്ളതാണ്. ഏറ്റവും ജനസാന്ദ്രതയുള്ളതും സീനിയർ സിറ്റിസൺസിന്റെയും ജീവിതശൈലീ രോഗികളുടെയും എണ്ണം കൂടുതലുള്ളതുമായ സംസ്ഥാനമാണ് കേരളം. ഇതുവരെ 34,93,603 പേർക്കാണ് കോവിഡ് ബാധിച്ചത്, ഇതിൽ 32,97,834 പേരെ രക്ഷിക്കാൻ നമുക്ക് കഴിഞ്ഞു. 17,000-ത്തിലധികം ആളുകളുടെ ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട്. ഏറ്റവും കൂടുതൽ മരണങ്ങളുണ്ടായിട്ടുള്ളത് മേയ് മാസത്തിലാണ്. 4771 മരണങ്ങളാണുണ്ടായത്. ജൂൺ മാസത്തിൽ 3829-ഉം ജൂലൈ മാസത്തിൽ 2800-ഉം മരണങ്ങളുണ്ടായി. ബഹുമാനപ്പെട്ട സുപ്രീംകോടതി ഇതുമായി ബന്ധപ്പെട്ട് ഒരു പരാമർശം നടത്തിയതിനെ നമ്മൾ കാണാതിരിക്കരുത്. കൊറോണ വൈറസ് പകർച്ച വ്യാധിയുമായി ബന്ധപ്പെട്ട് ടെസ്റ്റ് ചെയ്യുക, ട്രേസ് ചെയ്യുക, ട്രീറ്റ് ചെയ്യുക, രോഗം വ്യാപിക്കാതെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക, ജനങ്ങൾക്കാകമാനം വാക്സിൻ നൽകുക എന്നീ പ്രവർത്തനങ്ങൾക്കാണ് നമ്മൾ പ്രാധാന്യം നൽകുന്നത്. സർക്കാർ നിയന്ത്രണങ്ങൾ എടുത്തു മാറ്റുന്ന സമീപനം സ്വീകരിച്ചപ്പോൾ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഇതുസംബന്ധിച്ചൊരു കേസ് വരികയുണ്ടായി. അതിന്റെ

അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞ കാര്യം: ഭരണഘടനയുടെ 21-ാം അനുച്ഛേദ പ്രകാരം ഉറപ്പുനൽകുന്ന ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുകയെന്നുള്ളതിന് പ്രഥമ പരിഗണന നൽകിക്കൊണ്ടുവേണം കോവിഡ് നിയന്ത്രണങ്ങളിൽ ഇളവ് വരുത്തേണ്ടതെന്നുള്ളതാണ്. 20-7-2021-ലെ സുപ്രീം കോടതി വിധിയിൽ പറയുന്നത് ......(ബഹളം)........

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി വളരെ വിശദമായി പറയണമെന്നില്ല.

ശ്രീമതി വീണാ ജോർജ്ജ്: സർ, ഒരു മിനിറ്റ് കൂടി.... "To give in to pressure groups so that the citizenry of India is laid bare to a nationwide pandemic discloses a sorry state of affairs," എന്നാണ് ബഹുമാനപ്പെട്ട സുപ്രീം കോടതി പറഞ്ഞിട്ടുള്ളത്. ഭരണഘടനയുടെ 21-ാം അനുച്ഛേദ പ്രകാരം ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട ഉത്തരവാദിത്വം സ്റ്റേറ്റിനാണ്. അതുകൊണ്ട് നമുക്ക് പൂർണ്ണമായ ഇളവുകൾ പെട്ടെന്ന് കൊണ്ടുവരാൻ കഴിയില്ല. കൃത്യമായ അവലോകനങ്ങളിലൂടെയും വിലയിരുത്തലുകളിലൂടെയുമാണ് നമ്മൾ മുന്നോട്ട് പോകുന്നത്. നിയന്ത്രണങ്ങളില്ലാതെ പോയാൽ പകരം കൊടുക്കേണ്ടി വരിക ജനങ്ങളുടെ ജീവനായിരിക്കും അത് നമ്മൾ അനുവദിക്കേണ്ടതുണ്ടോ എന്ന് ചിന്തിക്കണം. ഒരു കാരണവശാലും നമുക്കതിന് കഴിയില്ല. അതുകൊണ്ടു തന്നെയാണ് വാക്സിൻ എടുത്തവരും പരിശോധനാഫലം നെഗറ്റീവായവരും മാത്രമേ വീടിന് പുറത്തുപോകാവൂ എന്നുപറയുന്നത്. എല്ലാവർക്കും ഒരു മാസത്തിനകം ആദ്യ ഡോസ് വാക്സിൻ നൽകുന്നതിനാണ് സർക്കാർ ആലോചിക്കുന്നത്. അതിനാവശ്യമായ ഡോസുകൾ ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇനി ഓണമാണ് വരുന്നത്. ഇപ്പോൾ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ എല്ലാക്കാലത്തേയ്ക്കുമുള്ളതല്ല. വളരെ കുറഞ്ഞ സമയ പരിധിക്കുള്ളിൽതന്നെ എല്ലാവരും വാക്സിനേറ്റഡാകും. അതുകൊണ്ടുതന്നെ നമ്മൾ ഒന്നിച്ചുനിന്നുകൊണ്ട്, പകർച്ചവ്യാധി തടയുന്നതിനും ജീവനോപാധികൾ സംരക്ഷിക്കുന്നതിനുമൊപ്പം അതിനുവേണ്ടിയെടുത്ത നിയന്ത്രണങ്ങളോടും സഹകരിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

മി.സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ ഒരിക്കൽക്കൂടി മനസ്സിലാക്കേണ്ട കാര്യം ഈ സമ്മേളന കാലയളവിൽ മാത്രം ഒരു ഡസനോളം തവണ പല മാർഗ്ഗങ്ങളിലൂടെ ഉന്നയിക്കപ്പെട്ടൊരു വിഷയമാണിത്. വ്യവസ്ഥകൾക്ക് വിധേയമായാണ് സംസാരിക്കാൻ അനുവദിച്ചത്. ആ വ്യവസ്ഥ നടപ്പാക്കുക മാത്രമേ ചെയർ ചെയ്തിട്ടുള്ളൂ.

ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കേരളത്തിന്റെ ചീഫ് സെക്രട്ടറി മിനിഞ്ഞാന്ന് രാത്രി ഇറക്കിയ ഉത്തരവിനെ സംബന്ധിച്ച വിഷയം എങ്ങനെയാണ് ഞങ്ങൾ ഒരു ഡസൻ പ്രാവശ്യം ഈ സഭയിൽ അവതരിപ്പിക്കുന്നത്. അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയ ബഹുമാനപ്പെട്ട അംഗത്തിന് അദ്ദേഹത്തിന്റെ വാചകങ്ങൾ പൂർത്തിയാക്കാൻപോലും സമ്മതിക്കാത്തതിൽ ഞങ്ങൾക്ക് വളരെ ദുഃഖമുണ്ട്. I register my strong protest. ഇവിടെ യഥാർത്ഥത്തിൽ സർക്കാർ ജനങ്ങളെ കളിയാക്കുകയാണ്, പരിഹസിക്കുകയാണ്. നിലവിലുണ്ടായിരുന്ന നിയന്ത്രണങ്ങളിൽ ഇളവ് വരുത്തുമെന്ന് പ്രഖ്യാപിക്കുകയും എന്നാൽ പ്രഖ്യാപനത്തിന് മുമ്പുള്ളതിനേക്കാൾ കൂടുതൽ നിയന്ത്രണങ്ങൾ അടിച്ചേൽപ്പിക്കുകയുമാണ് ഇപ്പോൾ ചെയ്തിരിക്കുന്നത്. ഇതുമൂലം ജീവിക്കാൻ കഴിയാത്ത സാഹചര്യം സൃഷ്ടിച്ചിരിക്കുകയാണ്. ചീഫ് സെക്രട്ടറിയുടെ ഉത്തരവിൽ എന്താണ് പറഞ്ഞിരിക്കുന്നത്? ഒരു ഡോസ് വാക്സിനെടുത്തവർ, എഴുപത്തിരണ്ട് മണിക്കൂറിനുമുമ്പ് ആർ.ടി.പി.സി.ആർ. പരിശോധനാഫലം നെഗറ്റീവാണെന്ന സർട്ടിഫിക്കറ്റ് ലഭ്യമായവർ, ഒരു മാസം മുമ്പ് കോവിഡ് രോഗം വന്ന് ഭേദമായവർ എന്നീ മൂന്ന് വിഭാഗങ്ങളിലുമുൾപ്പെടാത്ത ആർക്കും ഒരു കടയിലോ സ്ഥാപനത്തിലോ കയറാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. കേരളത്തിൽ ഒരു ഡോസ് വാക്സിൻ മാത്രം എടുത്തത് 42.14% ആളുകളാണ്. അതിന്റെയർത്ഥം കേരളത്തിലെ 57.86% ആളുകൾക്ക് കടയിൽപ്പോകാൻപോലും സാധിക്കില്ലെന്നാണ്, അഥവാ പോകണമെങ്കിൽ 500 രൂപകൊടുത്ത് ആർ.ടി.പി.സി.ആർ. പരിശോധന നടത്തി സർട്ടിഫിക്കറ്റെടുക്കണം. എന്തുതരത്തിലുള്ള നിയന്ത്രണമാണിത്? നേരത്തെ വാക്സിൻ നൽകിയിരുന്നത് എങ്ങനെയാണെന്ന് ബഹുമാനപ്പെട്ട അംഗം കെ. ബാബു (തൃപ്പൂണിത്തുറ) ചൂണ്ടിക്കാണിച്ചുകഴിഞ്ഞു. നാൽപ്പത്തിയഞ്ച് വയസിന് മുകളിലുള്ളവർക്ക് വാക്സിനേഷന് മുൻഗണന നൽകിയിരുന്നു, അതായത് ഏറ്റവും കൂടുതൽ വാക്സിൻ എടുത്തത് നാൽപ്പത്തിയഞ്ച് വയസിന് മുകളിലുള്ളവരാണ്. പ്രസ്തുത പ്രായത്തിന് താഴെയുള്ളവരിൽ വാക്സിനെടുത്തത് വളരെക്കുറച്ച് പേരാണ്. മാത്രമല്ല അറുപത് വയസിന് മുകളിലുള്ളവർക്ക് റിവേഴ്സ് ക്വാറന്റൈൻ വേണമെന്ന് സർക്കാർ നിഷ്കർഷിക്കുകയും ചെയ്തിരുന്നു. എന്നാൽ അറുപത് വയസിനുമുകളിലുള്ള, റിവേഴ്സ് ക്വാറന്റൈനിൽ പോകേണ്ടയാളുകൾ കടയിൽപ്പോകുകയും നാൽപ്പത്തഞ്ച് വയസിൽ താഴെയുള്ളവർ വീട്ടിലിരിക്കുകയും ചെയ്യുന്ന വിചിത്രമായ സംഭവമാണ് ഈ ഉത്തരവിൽ പ്രതിഫലിക്കുന്നത്. ആരുടെ ആലോചനാ ഫലമാണിത്? ഇത്തരം

കാര്യങ്ങളിൽ സാമാന്യബോധമാണ് പ്രയോഗിക്കേണ്ടതെന്ന് ഞങ്ങൾ എപ്പോഴും പറയാറുണ്ട്. കോവിഡ് നിയന്ത്രണവുമായി ബന്ധപ്പെട്ടുകൊണ്ട് പോലീസിന് എന്തുവേണമെങ്കിലും ചെയ്യാനുള്ള ലൈസൻസാണ് ചീഫ് സെക്രട്ടറിയുടെ ഉത്തരവിലൂടെ കൈവരുന്നത്. പ്രമേയാവതാരകൻ നേരത്തേ പറഞ്ഞ നാലോ അഞ്ചോ കാര്യങ്ങൾക്കൊഴികെ പുറത്തിറങ്ങുന്ന ആരെയും തടഞ്ഞുനിർത്താനും അവരിൽനിന്നും ഫൈൻ ഈടാക്കാനുമുള്ള അളവറ്റ അധികാരങ്ങൾ പോലീസിന് വിട്ടുകൊടുത്തിരിക്കുന്ന നടപടിയാണ് ഈ ഉത്തരവിലൂടെ സംഭവിച്ചിരിക്കുന്നത്. പോലീസ് അതിക്രമവും കടന്നുകയറ്റവുമായി ബന്ധപ്പെട്ട് പറഞ്ഞാലൊടുങ്ങാത്തത്ര രേഖകൾ എന്റെ കൈവശമുണ്ട്, സമയക്കുറവുമൂലം ഞാൻ വായിക്കുന്നില്ല. ഇത്തരത്തിലുള്ള വാർത്തകൾ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും വന്നുകൊണ്ടിരിക്കുകയാണ്. ഒരു പെൺകുട്ടി അമ്മയോടൊപ്പം എ.ടി.എം. കൗണ്ടറിന് മുമ്പിൽ ക്യൂ നിൽക്കുന്ന സമയത്ത്, പെറ്റി എഴുതിക്കൊടുത്തതിന്റെ പേരിൽ ഒരാൾ പോലീസുമായി തർക്കിക്കുന്നതുകണ്ട് എന്താണ് വിഷയമെന്ന് ചോദിച്ചതിന്, ആ പെൺകുട്ടിക്കും പോലീസ് പെറ്റി എഴുതിക്കൊടുത്തു. ഈ നടപടിയെ ചോദ്യംചെയ്തപ്പോൾ പോലീസ് പെൺകുട്ടിയെ അസഭ്യം പറയുകയും പകർച്ചവ്യാധി നിയന്ത്രണ നിയമപ്രകാരം കേസെടുക്കുകയും ചെയ്തു. ഓരോ ആവശ്യത്തിനായി റോഡിലിറങ്ങുമ്പോൾ നാട്ടിലെ പെൺകുട്ടികളെ, നമ്മുടെ പെൺമക്കളെ, അസഭ്യം പറയാനും അവർക്കെതിരെ കള്ളക്കേസെടുക്കാനും നിങ്ങളുടെ പോലീസിന് ആരാണ് അധികാരം നൽകിയത്? ഗവൺമെന്റ് പോലീസിനെ കയറൂരി വിട്ടിരിക്കുകയാണ്. തൊഴിലെടുത്തുപോലും ജീവിക്കാൻ സാധിക്കാത്തത്ര നിയന്ത്രണങ്ങൾ വന്നിരിക്കുകയാണ്. ലാത്തി പ്രയോഗിച്ചും തെറിയഭിഷേകം നടത്തിയും വഴിയിൽ നിൽക്കുന്നവന്റെ നേരെ തട്ടിക്കയറിയുമാണോ നിങ്ങൾ കോവിഡിനെ പ്രതിരോധിക്കുന്നത്? കോവിഡ് ഒരു ക്രമസമാധാന പ്രശ്നമല്ല, അതൊരു ആരോഗ്യപ്രശ്നമാണ്. ഇപ്പോൾ എല്ലാവർക്കും പോലീസിനെക്കണ്ടാൽ പേടിയാണ്, ജനമൈത്രി പോലീസ് എന്നതൊക്കെ പോയി. അമ്പത് വർഷംമുമ്പുള്ള സിനിമകളിൽ സാധാരണ കണ്ടുവരുന്ന പോലീസ് കഥാപാത്രമാണ് ഹെഡ് കുട്ടൻപിള്ള. കുർബൻ തൊപ്പിവച്ച്, വലിയ കൊമ്പൻ മീശയുള്ള, കുടവയറും ചുവന്ന കണ്ണുകളുമുള്ള, ഹാഫ് നിക്കറിട്ട പോലീസുകാരൻ. അയാൾ തെരുവിലിറങ്ങുമ്പോൾത്തന്നെ ആളുകൾ ഓടി അകത്തുകയറി വാതിൽ കൊട്ടിയടയ്ക്കും. അക്കാലങ്ങളിൽ ഭക്ഷണം കഴിക്കാതെ വാശികാണിക്കുന്ന കുട്ടികളെ കുട്ടൻപിള്ള പോലീസ് വരുമെന്ന് പറഞ്ഞ് പേടിപ്പിച്ചിട്ടാണ് അമ്മമാർ ഭക്ഷണം കഴിപ്പിക്കുന്നത്. ഈ സർക്കാർ അൻപത് കൊല്ലം മുമ്പുള്ള കുട്ടൻപിള്ള പോലീസിന്റെ കാലത്തേയ്ക്ക് നമ്മുടെ പോലീസിനെ മടക്കിക്കൊണ്ടുപോയിരിക്കുകയാണ്. അത്രമാത്രം പിഴയാണ് പോലീസ് ചുമത്തുന്നത്, ജനങ്ങളെ പീഡിപ്പിക്കുകയാണ്. ചീഫ് സെക്രട്ടറി കഴിഞ്ഞ ദിവസം ഇറക്കിയ ഉത്തരവിലെ അനുബന്ധം (5) ബഹുമാനപ്പെട്ട മുഖ്യമന്ത്രി വായിക്കണം. അതനുസരിച്ച്

ആർക്കും പുറത്തിറങ്ങാനോ ജോലിക്ക് പോകാനോ സാധിക്കില്ല. ജോലിക്ക് പോകുകയാണെങ്കിലും തടഞ്ഞുനിർത്താം. കടയിൽ കയറണമെങ്കിൽ അഞ്ഞൂറ് രൂപയുടെ ആർ.ടി.പി.സി.ആർ. പരിശോധന നടത്തണമെന്നത് എന്തൊരു നിബന്ധനയാണ്! അങ്ങ് സോഷ്യൽ മീഡിയ നോക്കണം, 'തണൽ'-ലെ ശ്രീ. ശ്രീധരനുൾപ്പെടെയുള്ള കേരളത്തിലെ പ്രമുഖരായ വ്യക്തികളുടെ ഫേസ്ബുക്ക് പോസ്റ്റ് വായിക്കണം. എനിക്കുവേണ്ടി ആരാണ് പുറത്തുപോയി സാധനം വാങ്ങിക്കുകയെന്നാണ് അദ്ദേഹം ആ ഫേസ്ബുക്ക് പോസ്റ്റിലൂടെ ചോദിച്ചത്? അദ്ദേഹത്തിന് പുറത്തുപോകാൻ സാധിക്കില്ല. നമ്മുടെ നാട്ടിൽ പ്രായമായ ആളുകളില്ലേ, വന്ദ്യവയോധികരായ ദമ്പതിമാരില്ലേ, മക്കളൊക്കെ ജോലി സംബന്ധമായി ഗൾഫിലും രക്ഷിതാക്കൾ നാട്ടിലുമെന്ന അവസ്ഥയിൽ ജീവിക്കുന്ന ആളുകളില്ലേ, പുറത്തിറങ്ങാൻ കഴിയാത്ത ആളുകളില്ലേ? അവർക്കൊക്കെ കടയിൽ പോയി സാധനം വാങ്ങിക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകും. റിയാസ് എന്നൊരു ചെറുപ്പക്കാരൻ അയാൾക്ക് കിട്ടിയിരിക്കുന്ന മുഴുവൻ പിഴയും കഴുത്തിൽതൂക്കി നടക്കുന്നത് കണ്ടില്ലേ? നൂറ്റിയൻപത് പെറ്റിയാണ് അദ്ദേഹത്തിന് കിട്ടിയത്. വഴിയിൽ ആരെക്കണ്ടാലും പോലീസ് പിഴചുമത്തും. പോലീസിന് നിങ്ങൾ ക്വാട്ട നിശ്ചയിച്ചുകൊടുത്തിരിക്കുകയാണ്. അവസാനം ചരിത്രത്തിൽ ഈ സർക്കാരിനുള്ള പേര് പെറ്റി സർക്കാർ എന്നായിരിക്കുമെന്നതിൽ ഒരു സംശയവും വേണ്ട. ആളുകളെ ഇങ്ങനെ ബുദ്ധിമുട്ടിച്ചുകൊണ്ടാണോ കോവിഡ് പ്രതിരോധിക്കേണ്ടത്? ഈ കാര്യങ്ങളെല്ലാം തീരുമാനിച്ചതാരാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കണം, തീർച്ചയായും തിരുത്തണം. അല്ലെങ്കിൽ അതിക്രമങ്ങൾകൊണ്ടും പിഴചുമത്തൽകൊണ്ടും കേരളത്തിലെ പോലീസ് കോവിഡിന്റെ പേരിൽ ജനങ്ങളെ മുഴുവൻ ദ്രോഹിക്കുന്ന അവസ്ഥ വന്നുചേരും. ഇതൊരു ക്രമസമാധാനപ്രശ്നമായി എടുക്കരുതെന്ന് ഞങ്ങൾ ആവർത്തിച്ച് പറയുകയാണ്. പോലീസ് അതിക്രമം അവസാനിപ്പിക്കണം. ഈ വിഷയത്തിൽ വളരെ നിഷേധാത്മകമായ നിലപാടാണ് കൈക്കൊള്ളുന്നത് . ഏത് തെറ്റ് ചൂണ്ടിക്കാണിച്ചാലും, തങ്ങൾ ചെയ്തതാണ് ശരിയെന്ന രീതിയിലാണ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മറുപടി പറയുന്നത്. കേരളത്തിലെ പൊതുസമൂഹം മുഴുവൻ ഈ നടപടി തിരുത്തണമെന്ന് ഒരേ ശബ്ദത്തിൽ ആവശ്യപ്പെടുകയാണ്. അപ്പുറത്തിരിക്കുന്നവരുടെയെല്ലാം മനസ് ഞങ്ങൾക്കറിയാം. ആരും ഈ ഉത്തരവിനോട് യോജിക്കുന്നവരല്ല, എല്ലാവരും ഇതിനെതിരാണ്. കേരളത്തിലെ പൊതുസമൂഹത്തിന്റെ ബുദ്ധിമുട്ട് മനസ്സിലാക്കണം. കോവിഡ് പ്രതിരോധത്തിൽ ഞങ്ങൾ കൂടെയുണ്ടാകുമെന്നതിൽ സംശയംവേണ്ട. ഞങ്ങൾ ചെയ്യാത്ത സഹായമെന്താണ്; കേരളത്തിലെ നാൽപ്പത് ശതമാനം വരുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ ഞങ്ങളല്ലേ ഭരിക്കുന്നത്; ഏതെങ്കിലുമൊരു പഞ്ചായത്തിൽ ഞങ്ങളുടെയാളുകൾ ഇതിനെതിരായ നിലപാട് സ്വീകരിച്ചിട്ടുണ്ടോ; എം.പി.-മാരും എം.എൽ.എ.-മാരും തദ്ദേശഭരണ ജനപ്രതിനിധികളും ഒരെതിർപ്പുമില്ലാതെ തുടക്കംമുതൽ കോവിഡ് വിഷയത്തിൽ കൂടെയില്ലേ?

പോലീസ് കടന്നുകയറ്റങ്ങൾ അനുവദിക്കുന്നതരത്തിൽ വാതിൽ തുറന്നുകൊടുക്കുന്ന ഇത്തരം നടപടികളോട് ഞങ്ങൾക്ക് യോജിക്കാൻ കഴിയില്ല. തെറ്റുകണ്ടാൽ ചൂണ്ടിക്കാണിക്കുകതന്നെ ചെയ്യും. ഈ നടപടി വലിയൊരു പാതകമാണ്. ഇത്തരം ബുദ്ധിമുട്ടുകൾകൊണ്ട് ഇന്നലെ മാത്രം മരിച്ചത് നാലുപേരാണ്, അത് ഇന്നത്തെ പത്രങ്ങളിലുണ്ട്. രണ്ട് വ്യാപാരികളും രണ്ട് ഓട്ടോറിക്ഷാ ഡ്രൈവർമാരും ജീവനൊടുക്കി. കേരളത്തിൽ ആത്മഹത്യ വർദ്ധിപ്പിക്കാനാണോ നിങ്ങളിങ്ങനെ ചെയ്യുന്നത്; ആളുകളെ ഇനിയും ദ്രോഹിക്കുകയാണോ? ഈ സർക്കാരിന്റെ നിഷേധാത്മകമായ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ഡോ. എം. കെ. മുനീർ: സർ, ഡിസാസ്റ്റർ മാനേജ്മെന്റ് ഡിപ്പാർട്ടുമെന്റ് ഒരു ഡിസാസ്റ്ററായി മാറാൻ പാടില്ല. നിലവിൽ മൂന്ന് വിഭാഗക്കാർക്ക് പുറത്തുപോകാമെന്നാണ് ചീഫ് സെക്രട്ടറിയുടെ ഉത്തരവിൽ പറയുന്നത്. അതിൽ ഒന്ന്, ആദ്യ ഡോസ് വാക്സിൻ എടുത്ത ആളുകളാണ്. അവർ എത്ര ശതമാനമുണ്ടെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞു. രണ്ടാമത്, 72 മണിക്കൂറിനുള്ളിൽ ആർ.ടി.പി.സി.ആർ. ടെസ്റ്റ് ചെയ്തവർക്കാണ്. അതനുസരിച്ച് ഒരുമാസത്തിൽ ഒരാൾക്ക് ജോലി സ്ഥലത്തേയ്ക്ക് പോകണമെങ്കിൽ പത്ത് ആർ.ടി.പി.സി.ആർ. ടെസ്റ്റെങ്കിലും എടുക്കേണ്ടിവരും. അതിന് ഏകദേശം ആറായിരം രൂപ ചെലവ് വരും. വരുമാനമില്ലാത്ത ഒരാൾക്ക് പുറത്തിറങ്ങണമെങ്കിൽ ആറായിരം രൂപ ചെലവ് വരും; അല്ലെങ്കിൽ ആറായിരം രൂപ മാസവരുമാനമുള്ള ഒരാളാണെങ്കിൽ മുഴുവൻ തുകയും ആർ.ടി.പി.സി.ആർ. ടെസ്റ്റിന് കൊടുക്കേണ്ടിവരും. മൂന്നാമത്തേത്, ഒരുമാസം മുമ്പ് കോവിഡ് വന്ന് രോഗം ഭേദമായ സർട്ടിഫിക്കറ്റുള്ളവർക്ക് പുറത്തുപോകാമെന്നാണ്. കോവിഡ് നെഗറ്റീവായി കഴിഞ്ഞാൽ രോഗം പൂർണ്ണമായും ഭേദമായെന്നുള്ള സർട്ടിഫിക്കറ്റ് ഏത് ഹോസ്പിറ്റലിൽ നിന്നാണ് വിതരണം ചെയ്യുന്നത്; അങ്ങനെ നൽകാൻ സാധിക്കുമോ; കാരണം പോസ്റ്റ് കോവിഡ് ഇൻഫെക്ഷൻ വരുമോ ഇല്ലയോ എന്ന് ഉറപ്പില്ലാതെ ഏത് ഡോക്ടർക്കാണ് സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കുന്നത്. ഈ ഉത്തരവിൽ പറയുന്ന മൂന്ന് കാര്യങ്ങളും പ്രായോഗികമല്ലെന്നുള്ളതുകൊണ്ടാണ് ഇതൊരു ഡിസാസ്റ്ററായി മാറരുതെന്ന് ഞാൻ പറഞ്ഞത്. അതേസമയം കുട്ടികൾക്ക് പുറത്തുപോകുന്നതിന് ഇത്തരത്തിലുള്ള സർട്ടിഫിക്കറ്റുകളൊന്നും ആവശ്യമില്ല. മൂന്നാം തരംഗം കുട്ടികളെ ബാധിക്കുമെന്ന് പറയുമ്പോൾ കുട്ടികൾക്ക് ഇതൊന്നും ആവശ്യമില്ലെന്നാണ് ഉത്തരവിലുള്ളത്. എക്സ്പെർട്ട് കമ്മിറ്റി എന്തുകൊണ്ടാണ് മൈൻഡ് അപ്ലൈ ചെയ്യാത്തത്; ഞങ്ങൾ ഇവിടെ പറഞ്ഞ കാര്യങ്ങൾ നടപ്പാക്കിയെങ്കിൽ സന്തോഷമുണ്ടാകുമായിരുന്നു.

<u>മി. സ്പീക്കർ</u>: ഇതെല്ലാം പലതവണ പറഞ്ഞ കാര്യങ്ങളാണ്. അങ്ങ് ചുരുക്കണം.

<u>ഡോ. എം. കെ. മുനീർ</u>: സർ, ചീഫ് സെക്രട്ടറിയുടെ നാലാം തീയതിയിലെ ഓർഡറിനെക്കുറിച്ചാണ് പറയുന്നത്. അതു സംബന്ധിച്ച് ഞങ്ങൾ ഇവിടെ പറഞ്ഞിട്ടില്ലല്ലോ. ഗവൺമെന്റ് ഇതുവരെ ചെയ്ത കാര്യങ്ങളിലൊന്നും ഞങ്ങൾ കുറ്റം പറയുന്നില്ല, ഇളവുകളൊക്കെ നൽകണം. അതേസമയം മിണ്ടാപ്രാണിയായ പശുവിന് തീറ്റകൊടുക്കാനായി പുല്ലരിയാൻ പോകുന്ന ആളുകളിൽനിന്നും രണ്ടായിരം രൂപ ഫൈൻ ഈടാക്കി കോവിഡിനെ ഒരു പോലീസ് രാജാക്കി മാറ്റരുത്. ഇതൊരു രോഗമാണെന്ന് പരിഗണിച്ചുകൊണ്ട്, വലിയൊരു പാനിക് സിറ്റുവേഷൻ ഉണ്ടാക്കുന്ന രീതിയും ആളുകൾ പോലീസിനെ കാണുമ്പോൾ ഓടിയൊളിക്കുന്നൊരു സാഹചര്യവും ഒഴിവാക്കാൻ വേണ്ടി കൊണ്ടുവന്ന പ്രമേയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, ഇളവുകൾ പ്രതീക്ഷിച്ചിരുന്നപ്പോൾ കൂടുതൽ കർശനമായ നിയന്ത്രണങ്ങളാണ് ഉണ്ടായിരിക്കുന്നത്. ആദ്യ ഡോസ് വാക്സിൻ എടുത്തവരെ തിരിച്ചറിഞ്ഞ് കടകളിലേയ്ക്ക് കടത്തി വിടുന്നതിന്റെ ഉത്തരവാദിത്വം വ്യാപാരികൾക്കാണോ അതോ പോലീസിനാണോ? ഇക്കാര്യത്തിലാകെ കൺഫ്യൂഷൻ ഉണ്ടായിരിക്കുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത് പുന:പരിശോധിക്കണം. നാലാം തീയതി ഇറക്കിയ ഉത്തരവിൽ അപ്രായോഗികമായ കാര്യങ്ങളുണ്ട്. പോലീസിന് അമിതാധികാരങ്ങൾ നൽകിയിരിക്കുകയാണ്. കൂടുതൽ ഇളവുകൾ പ്രതീക്ഷിച്ചപ്പോൾ കൂടുതൽ കർശനമായ നിലപാടുകളാണുണ്ടായിരിക്കുന്നത്. അതുകൊണ്ട് ഇതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭവിട്ട് പുറത്തുപോയി. സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരായി.)

## IV ശ്രദ്ധ ക്ഷണിക്കൽ

### (1) കിഫ്ബി വഴി നടപ്പാക്കുന്ന റോഡ് പദ്ധതികളിലെ തടസ്സങ്ങൾ

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, 2016-ൽ അധികാരത്തിലെത്തിയ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഏറ്റവും വലിയ പരിഷ്കാരമാണ് കിഫ്ബി. കോവിഡിന്റെ കാലഘട്ടത്തിൽ കഴിഞ്ഞ രണ്ടുവർഷമായി ഇന്ത്യാ രാജ്യവും ലോകവും നേരിടുന്ന സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും വികസന രംഗത്ത് തടസ്സങ്ങളില്ലാതെ കേരളത്തിന് മുന്നേറാൻ കഴിയുന്നതിനു കാരണം കിഫ്ബി പദ്ധതിയാണ്. ആ പദ്ധതിയെ യു.ഡി.എഫ്.-ന്റെ നേതാക്കളും എം.എൽ.എ.-മാരും ശക്തമായെതിർത്തെങ്കിലും അവരുടെ നിയോജക മണ്ഡലങ്ങളിലെ വികസനങ്ങൾക്കും ഇത് വളരെ ഉപകാരപ്പെട്ട കാര്യം മറക്കാൻ കഴിയില്ല. പ്രത്യേകിച്ച് വിദ്യാഭ്യാസ രംഗത്ത് കിഫ്ബി വഴി അനേകം സ്കൂളുകൾ നിർമ്മിക്കാൻ സാധിച്ചു. എന്നാൽ അതിലിപ്പോൾ ചില കാലതാമസവും പ്രശ്നങ്ങളും ഉയർന്നുവരുന്നുണ്ട്. അക്കാര്യങ്ങൾ ചൂണ്ടിക്കാണിക്കാനാണ് ഞാനീ അവസരം ഉപയോഗിക്കുന്നത്. കിഫ്ബിയെ വിമർശിക്കാനോ മോശപ്പെടുത്താനോ പറയുന്നതല്ല. ഒരു ജനപ്രതിനിധി എന്ന നിലയിൽ നേരിടുന്ന പ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കുകയാണ്. കാരണം വികസന പ്രവർത്തനങ്ങൾ പ്രഖ്യാപിക്കുമ്പോൾ ജനങ്ങളിൽനിന്ന് വലിയ സ്വീകരണമാണ് ലഭിക്കുന്നത്. 2016-17-ൽ എന്റെ നിയോജകമണ്ഡലത്തിൽ പ്രഖ്യാപിക്കപ്പെട്ട റോഡുകളാണ് മെതുവിൻമേൽ-തടിക്കാട്-പൊലിക്കോട് റോഡ്, കലഞ്ഞൂർ-പാടം റോഡ് എന്നിവ. ഇത് എന്റെ നിയോജകമണ്ഡലത്തിലൂടെ മാത്രമല്ല കടന്നുപോകുന്നത്; ഒരു റോഡ് കോന്നി-പത്തനാപുരത്തിലൂടെയും മറ്റൊന്ന് പത്തനാപുരം-പുനലൂരിലൂടെയും കടന്നു പോകുന്നുണ്ട്. വലിയൊരു മേഖലയുമായി ബന്ധിപ്പിക്കുന്ന റോഡാണ്. നിർഭാഗ്യവശാൽ പ്രസ്തുത റോഡുകളുടെ നിർമ്മാണം പൂർത്തിയായിട്ടില്ല. ടെണ്ടർ റീ-ഷെഡ്യൂൾ ചെയ്ത് എസ്റ്റിമേറ്റ് മാറ്റിക്കൊടുത്തുവെങ്കിലും കിഫ്ബി ഫണ്ട് അനുവദിച്ചിട്ടില്ലാത്തതിനാൽ നിർമ്മാണം പൂർത്തിയായിട്ടില്ലെന്നാണ് അന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞത്. നിർമ്മാണം പൂർത്തിയായിട്ടില്ലെങ്കിലും ഈ റോഡിലൂടെ യാത്രചെയ്യാൻ കഴിയും, പക്ഷേ ചില സ്ഥലങ്ങളിൽ നിർമ്മാണം മുടങ്ങിക്കിടക്കുകയാണ്. അതുപോലെ, 2017-18-ലെ ബഡ്ജറ്റിൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് പത്തനാപുരം നിയോജകമണ്ഡലത്തിൽ പ്രഖ്യാപിച്ച നാല് റോഡുകളിൽ ഒന്നിന്റെ നിർമ്മാണംപോലും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. അതിൽ ഏനാത്ത്-പത്തനാപുരം റോഡിന് 10-7-2017-ൽ കിഫ്ബിയിൽ നിന്നും ഭരണാനുമതിയും അതിനുശേഷം

സാങ്കേതികാനുമതിയും ലഭിക്കുകയും പി.ഡബ്ല്യു.ഡി. വർക്ക് ടെണ്ടർ ചെയ്യുകയും ചെയ്തു. എന്നാൽ രണ്ട് കോൺട്രാക്ടർമാർ ഏകദേശം ഒരേ തുക ക്വാട്ട് ചെയ്തപ്പോൾ അവർ തമ്മിൽ തർക്കമുണ്ടായതിനെത്തുടർന്ന് ഈ വിഷയം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ഒരു കോൺട്രാക്ടർക്ക് ടെണ്ടർ നൽകാൻ ഹൈക്കോടതി അനുവദിക്കുകയും ചെയ്തു. അദ്ദേഹം ടെണ്ടർ ഏറ്റെടുത്ത് എഗ്രിമെന്റിൽ ഒപ്പുവയ്ക്കുകയും അന്നത്തെ പൊതുമരാമത്ത് വകുപ്പുമന്ത്രി നിർമ്മാണോദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. എന്നാൽ തെരഞ്ഞെടുപ്പ് വിജ്ഞാപനം വന്നതിനുശേഷം കോൺട്രാക്ടർക്ക് റോഡിന്റെ നിർമ്മാണം നിർത്തിവയ്ക്കാനുള്ള സ്റ്റോപ് മെമ്മോ കിഫ്ബിയിൽനിന്ന് നൽകുകയാണുണ്ടായത്. കെ.ആർ.എഫ്.ബി. (കേരള റോഡ് ഫണ്ട് ബോർഡ്)-യോ പി.ഡബ്ല്യു.ഡി.-യോ അല്ല കിഫ്ബിയിലെ ഉദ്യോഗസ്ഥനാണ് സ്റ്റോപ് മെമ്മോ നൽകിയത്. 7 മീറ്റർ വീതിയിലാണ് റോഡ് നിർമ്മിക്കാൻ തീരുമാനിച്ചത്. അതിനോട് ചേർന്ന് മൂന്നര മീറ്റർ സ്ഥലംകൂടി ആവശ്യമായി വന്നപ്പോൾ ജനങ്ങൾ സൗജന്യമായി കൊടുക്കാനും തയ്യാറായി. പക്ഷേ ഏഴ് മീറ്റർ വീതിയിലാണ് ടാർ ചെയ്യേണ്ടതെങ്കിലും പതിമൂന്നര മീറ്റർ വീതി വേണമെന്ന് കിഫ്ബി തീരുമാനിച്ചു. അതായത് ഭാവിയിൽ ആവശ്യം വരികയാണെങ്കിൽ ഉപയോഗിക്കാമെന്നുള്ള നിലയിൽ കൂടുതൽ സ്ഥലം അക്വയർ ചെയ്യാൻ തീരുമാനിക്കുകയും അതിനുശേഷം നിർമ്മാണം നടത്തിയാൽ മതിയെന്ന് കാണിച്ച് കോൺട്രാക്ടർക്ക് സ്റ്റോപ് മെമ്മോ നൽകുകയും ചെയ്തു. ഒരു മുസ്ലീം ദേവാലയം, രണ്ട് ക്രിസ്ത്യൻ പള്ളികളുടെ കുരിശ്ശടികൾ, ഒരു എസ്.എൻ.ഡി.പി. ഗുരുമന്ദിരം, ഒരു എൻ.എസ്.എസ്. കരയോഗ മന്ദിരം, ഏകദേശം ഇരുനൂറിലധികം വീടുകൾ എന്നിവ പൊളിച്ചുമാറ്റിയാൽ മാത്രമേ ലാൻഡ് അക്വയർ ചെയ്ത് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. അതിന് എത്ര വർഷം വേണ്ടിവരുമെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമല്ലോ. കാരണം നമ്മുടെ നാട്ടിൽ സർവ്വേയർമാരുടെ എണ്ണം വളരെ കുറവാണ്. വേറൊരു സംഭവംകൂടി എനിക്ക് ചൂണ്ടിക്കാണിക്കാനുണ്ട്. എന്റെ അമ്മയെ ഹൃദയാഘാതംമൂലം വളരെ സീരിയസായി കൊട്ടാരക്കര വിജയാസ് ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്തിരിക്കുകയാണെന്നും ഉടനെ വരണമെന്നും പറഞ്ഞ് 03-1-2018-ന് രാവിലെ എനിക്കൊരു ഫോൺ വന്നു. ഞാനിവിടെനിന്ന് പുറപ്പെട്ടു, 9.30 മണിക്ക് വെഞ്ഞാറമൂട് എത്തി, പക്ഷേ അവിടെ 20 മിനിറ്റ് ട്രാഫിക് ബ്ലോക്കിൽപ്പെട്ടു. ഇപ്പോൾ ലോക്ഡൗണായതുകൊണ്ട് ട്രാഫിക് ബ്ലോക്ക് കുറവാണെങ്കിലും രാവിലെയും വൈകിട്ടും ഇതാണ് സ്ഥിതി. ഞാൻ കൊട്ടാരക്കരയിൽ എത്തുന്നതിന് അഞ്ച് മിനിട്ട് മുമ്പ് എന്റെ അമ്മ എന്നെ വിട്ടുപോയി. ജീവനോടെ ഒന്ന് കാണാൻ കഴിഞ്ഞില്ല. വെഞ്ഞാറമൂട് വഴി കൊട്ടാരക്കരയ്ക്കും പത്തനാപുരത്തേയ്ക്കും സ്ഥിരമായി

പോകുന്ന ഞാൻ ബഹുമാനപ്പെട്ട വെഞ്ഞാറമൂട് എം.എൽ.എ.-യോട് അവിടെ ഒരു പാലം നിർമ്മിക്കുന്ന ആശയം പറഞ്ഞു. അദ്ദേഹം പ്രസ്തുത ട്രാഫിക് ബ്ലോക്കിനെതിരെ മാധ്യമങ്ങളിൽ വരുന്ന ചർച്ചകളിൽ പങ്കെടുക്കുന്നുണ്ടായിരുന്നു. ഞാൻ പറഞ്ഞത് അദ്ദേഹം വളരെ താല്പര്യത്തോടുകൂടി കേൾക്കുകയും ഞങ്ങൾ ഒരുമിച്ച് അന്നത്തെ പൊതുമരാമത്ത് വകുപ്പുമന്ത്രിയെ കണ്ട് ഇതുസംബന്ധിച്ച പ്ലാൻ സമർപ്പിക്കുകയും ചെയ്തു. കേരളത്തിൽവച്ച് ഏറ്റവും നല്ല പ്ലാനെന്ന് വിശേഷിപ്പിക്കാൻ കഴിയുന്ന ഒന്നാണത്. ബഹുമാനപ്പെട്ട മന്ത്രിക്ക് പ്ലാൻ പരിശോധിച്ചാൽ മനസ്സിലാകും. അവിടെ കുറേയധികം ദൂരം ചുറ്റി ടൗണിനുപുറത്ത് നിർമ്മിക്കുന്ന ബൈപാസ്സിന് 65 കോടി രൂപയാണ് നിർമ്മാണ ചെലവ്. അതിനാവശ്യമുള്ള സ്ഥലം അക്വയർ ചെയ്ത് വരുമ്പോൾ നൂറുകോടി രൂപയിൽ കൂടുതലാകും. അതിനുപകരം 26 കോടി രൂപയ്ക്ക് ഈ പാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് കിഫ്ബി അംഗീകാരം നൽകുകയും ടെണ്ടർ വിളിക്കുകയും ചെയ്തു. അടുത്തകാലത്ത് ബഹുമാനപ്പെട്ട വെഞ്ഞാറമൂട് എം.എൽ.എ.-യോട് പ്രസ്തുത പ്രവൃത്തിയെക്കുറിച്ച് അന്വേഷിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് ടെണ്ടറായി, പക്ഷേ പാലത്തിലേയ്ക്ക് പ്രവേശിക്കുന്ന ഭാഗത്ത് ഒന്നര സെന്റ് സ്ഥലം അക്വയർ ചെയ്യേണ്ടതിനാൽ അതുകഴിഞ്ഞ് പാലം നിർമ്മിച്ചാൽ മതിയെന്ന് കിഫ്ബി തീരുമാനിച്ചുവെന്നാണ്. ഇതൊക്കെ തീരുമാനിക്കാൻ കിഫ്ബിക്ക് എന്താണ് അധികാരം?

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി മുൻകയ്യെടുത്ത് ഇക്കാര്യം പരിഹരിക്കാനുള്ള നടപടികളിലേയ്ക്ക് പോയിട്ടുണ്ട്.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, നമ്മൾ വീടുവയ്ക്കുന്നതിനുവേണ്ടി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽനിന്നും ഒരു ലോൺ എടുത്തെന്ന് കരുതി നമ്മുടെ വീടിന്റെ ഡിസൈൻ തീരുമാനിക്കുന്നത് ബാങ്കല്ല. അക്കാര്യങ്ങളെല്ലാം നമ്മളും എഞ്ചിനീയറുമാണ് തീരുമാനിക്കേണ്ടത്. സ്റ്റേറ്റ് ബാങ്കിന്റെ മാനേജർ അല്ലല്ലോ നമ്മുടെ വീടിന്റെ അടുക്കള എവിടെയാണെന്ന് തീരുമാനിക്കേണ്ടത്. ഞാൻ നേരത്തെ പറഞ്ഞ റോഡുകൾ പൂർത്തീകരിക്കുന്നതിന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ഇടപെടണമെന്ന് അഭ്യർത്ഥിക്കുകയാണ്. കോന്നി, അടൂർ അടക്കമുള്ള അഞ്ച് നിയോജകമണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന ആനയടി-കൂടൽ റോഡിന്റെ നിർമ്മാണവും പൂർത്തീകരിച്ചിട്ടില്ല. കൺസൾട്ടന്റാണ് മറ്റൊരു പ്രശ്നം. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രികൂടി ശ്രദ്ധിക്കണം. നമ്മുടെ എഞ്ചിനീയർമാരിൽനിന്നും സമർത്ഥരായവരെ തെരഞ്ഞെടുത്ത് ഒരു ടീമുണ്ടാക്കി

ആവശ്യമെങ്കിൽ അവരെ വിദേശത്തേയ്ക്കയച്ച് ആധുനിക എഞ്ചിനീയറിംഗ് വിദ്യകൾ പഠിപ്പിച്ച് അവരെ നമ്മൾ ഉപയോഗിക്കണം. എഞ്ചിനീയർമാർക്കായി പി.ഡബ്ല്യു.ഡി. കോടിക്കണക്കിന് രൂപ ശമ്പള ഇനത്തിൽ ചെലവാക്കുമ്പോൾത്തന്നെ ഈ രാജ്യത്ത് ബി.ജെ.പി.യും കോൺഗ്രസ്സും കൊണ്ടുവന്ന കൺസൾട്ടൻസി പരിപാടിയിലൂടെ നമ്മുടെ സമ്പത്ത് ചോരുകയാണ്. കിഫ്ബിയുടെ സമ്പത്തിൽ നല്ലൊരു ശതമാനവും കൺസൾട്ടന്റ് കൊണ്ടുപോകുകയാണ്. പ്രായോഗികമായ സമീപനം സ്വീകരിക്കാൻ സമർത്ഥരായ എഞ്ചിനീയർമാർ പി.ഡബ്ല്യു.ഡി.-യിലുണ്ട്. അങ്ങ് വന്നതിനുശേഷം കിഫ്ബിയുടെ ആവശ്യങ്ങൾക്കുവേണ്ടി എഴുപതോളം വിദഗ്ദ്ധ എഞ്ചിനീയർമാർമാരെ KRFB-യിലേയ്ക്ക് നിയമിച്ചിട്ടുണ്ട്. ഇറിഗേഷൻ വകുപ്പ്, വാട്ടർ അതോറിറ്റി എന്നിവയുമായി ബന്ധപ്പെട്ടും ഇതേ പ്രശ്നമുണ്ട്. ഇത്രയും കൺസൾട്ടൻസികൾ പരിശോധിച്ചിട്ടും ശരിയായ വിധത്തിൽ റോഡ് നിർമ്മിക്കാത്തതിനാൽ മഴവെള്ളം റോഡിൽനിന്ന് വീടിനകത്തേയ്ക്കിറങ്ങുന്നു. ഇതുപോലുള്ള ധാരാളം പ്രശ്നങ്ങളുണ്ട്. അതെല്ലാം പരിഹരിക്കപ്പെടണം. ലാൻഡ് അക്വയർ ചെയ്യുന്നതിന് നമ്മൾ എതിരല്ല. അതിന് പണം മാറ്റിവയ്ക്കുന്നതും നല്ലകാര്യം തന്നെയാണ്. പക്ഷേ അക്വയർ ചെയ്യാനുള്ള സംവിധാനം ഇന്ന് കേരളത്തിലില്ല. റവന്യൂ വകുപ്പുമന്ത്രിക്ക് അറിയാം; ഏറ്റവും കുറച്ച് സർവ്വേയർമാരുള്ള സംസ്ഥാനമാണ് കേരളം. ഏതാണ്ട് 1800 സർവ്വേയർമാരെയാണ് നമുക്കാവശ്യമുള്ളത്. 2011-ൽ ഏകദേശം ആയിരത്തോളം സർവ്വേയർമാരെ ആവശ്യമുണ്ടായിരുന്നുവെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. ഇന്നത്തെ കാലത്ത് പുതിയ തസ്തിക സൃഷ്ടിക്കുന്നത് എളുപ്പമല്ല. അങ്ങനെ ചെയ്യാതെതന്നെ നിലവിലുള്ള സർവ്വേയർമാരുടെ കീഴിൽ കോൺട്രാക്ട് വ്യവസ്ഥയിലെങ്കിലും സർവ്വേ പഠിച്ച ചെറുപ്പക്കാരെ നിയമിച്ചാൽ അവർക്കൊരു തൊഴിലുമാകും, രണ്ടുവർഷംകൊണ്ട് സർവ്വേകളെല്ലാം വേഗത്തിലാക്കാനും സാധിക്കും. അതിനുള്ള നടപടിയടക്കം അങ്ങ് സ്വീകരിക്കണം. കിഫ്ബി കൺസൾട്ടൻസിക്കായി എത്ര രൂപ ചെലവാക്കുന്നുവെന്ന് ധനകാര്യ വകുപ്പുമന്ത്രി പരിശോധിക്കണം. കാരണം കൺസൾട്ടന്റുകളുണ്ടാക്കുന്ന പ്രശ്നം കാരണം പല റോഡുകളുടെയും നിർമ്മാണത്തിൽ തടസ്സം നേരിടുകയാണ്. അവർ നൂറ് ക്വറി ഇടും, എഞ്ചിനീയർമാർ അതെല്ലാം പരിഹരിക്കുമ്പോൾ അടുത്തദിവസം അതിനേക്കാൾ കൂടുതൽ ക്വറി വരും. ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ചർച്ച ചെയ്യുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹാരമുണ്ടാക്കുകയും വേണം. ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ ഹൈലൈറ്റ് പ്രോഗ്രാം വിജയിപ്പിക്കാൻ ബഹുമാനപ്പെട്ട മന്ത്രി നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എ. എൻ. ഷംസീർ: സർ, ഇതൊരു പൊതുവികാരമായി കാണണം. സർവ്വേയർമാരുടെ പ്രശ്നം എല്ലാ നിയോജകമണ്ഡലങ്ങളിലെയും വികസനത്തിന് തടസ്സമായി നിൽക്കുന്നുണ്ട്. ഈ വിഷയത്തിൽ പരിഹാരമുണ്ടാക്കാൻ ബഹുമാനപ്പെട്ട മന്ത്രി ആത്മാർത്ഥമായി ഇടപെടണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കേരളത്തിന്റെ പതിറ്റാണ്ടുകളായുള്ള വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗമെന്ന നിലയ്ക്കാണ് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ കിഫ്ബിയെ നവീകരിച്ചത്. ഇവിടെയിരിക്കുന്ന പല സാമാജികർക്കും അഭിമാനത്തോടെ ജനങ്ങളുടെ മുന്നിലേയ്ക്കെത്താൻ കിഫ്ബി പദ്ധതികൾ ഗുണം ചെയ്തിട്ടുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. പൊതുമരാമത്ത് വകുപ്പിലും കിഫ്ബി ഫണ്ടുപയോഗിച്ച് പല പദ്ധതികളും പുരോഗമിക്കുന്നുണ്ട്. വൈറ്റില-കുണ്ടന്നൂർ മേൽപ്പാലങ്ങളുൾപ്പെടെ നിരവധി പദ്ധതികൾ കിഫ്ബി ഫണ്ടുപയോഗിച്ച് പൂർത്തിയാക്കിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് കിഫ്ബി മുഖേന ആയിരം കോടിയോളം രൂപയുടെ മുപ്പതോളം പദ്ധതികൾ പൂർത്തീകരിച്ച് നാടിന് സമ്മാനിച്ചിട്ടുണ്ട്. 178 പദ്ധതികളിലായി 5,544 കോടി രൂപയുടെ പ്രവൃത്തികളാണ് അവാർഡ് ചെയ്യുകയോ പുരോഗമിക്കുകയോ ചെയ്യുന്നത്. 419 റോഡുകൾ, 125 പാലങ്ങൾ തുടങ്ങി 22,859 കോടി രൂപയുടെ പദ്ധതികൾക്ക് പൊതുമരാമത്ത് വകുപ്പിനുകീഴിൽ മാത്രം കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുക എന്ന ഭാരിച്ച ഉത്തരവാദിത്വമാണ് വകുപ്പിനുള്ളത്. പദ്ധതികളിലെ ഗുണനിലവാരം ഉറപ്പാക്കാനായി കിഫ്ബി ചില നിബന്ധനകൾ മുന്നോട്ടുവച്ചിട്ടുണ്ട്. റോഡിന് നിശ്ചിത വീതി ഉറപ്പാക്കുകയാണ് പ്രധാനം. ഉദാഹരണത്തിന് പത്ത് മീറ്റർ വീതിയാണ് നിഷ്കർഷിക്കുന്നതെങ്കിൽ ഏഴ് മീറ്റർ റോഡും ഇരുഭാഗത്തും നടപ്പാതയും എന്ന നിലയിലാണ് തീരുമാനിച്ചത്. 2020 മാർച്ച് 31-ലെ കണക്കനുസരിച്ച് 1 കോടി 41 ലക്ഷം വാഹനങ്ങൾ നമ്മുടെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. മൂന്നിലൊരു മലയാളിക്ക് ഒരു വാഹനമുണ്ടെന്നും റിപ്പോർട്ടുകൾ പറയുന്നു. ആ വാഹനങ്ങളെ ഉൾക്കൊള്ളാൻ കഴിയുന്നതരത്തിൽ റോഡിന്റെ സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. കിഫ്ബി പദ്ധതിപ്രകാരമുള്ള റോഡുകൾക്ക് നിശ്ചിത വീതി ഉറപ്പാക്കുന്നതിലൂടെ ലക്ഷ്യമിടുന്നതും അതാണ്. ജനങ്ങൾ സ്വമേധയാ സ്ഥലം വിട്ടുനൽകുന്നതിനനുസരിച്ചാണ് ചില പ്രവൃത്തികൾ നടക്കുന്നത്. എന്നാൽ സ്ഥലം വിട്ടുകിട്ടാത്തതിനാൽ ചില സ്ഥലങ്ങളിൽ റോഡ് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യവുമുണ്ട്. ചിലയിടങ്ങളിൽ തടസ്സമുണ്ടെന്നുകരുതി നിലവിലുള്ള മാനദണ്ഡം മുഴുവൻ മാറ്റാൻ നമുക്ക് കഴിയില്ല. മെയ് 20-ന്

പൊതുമരാമത്ത് വകുപ്പിന്റെ ചുമതല ഏറ്റെടുത്തശേഷം വകുപ്പിലെ കിഫ്ബി പ്രവൃത്തികളെ സംബന്ധിച്ച് കിഫ്ബിയിലെയും പൊതുമരാമത്ത് വകുപ്പിലെയും ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് ഒന്നിലേറെ തവണ ചർച്ചകൾ നടത്തിയതിന്റെയും ഒട്ടുമിക്ക എം.എൽ.എ.-മാരും ഇതുമായി ബന്ധപ്പെട്ട് അവരുടെ പ്രയാസങ്ങളും പ്രശ്നങ്ങളും എന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെയും ഭാഗമായാണ് ഇത്തരമൊരു നിലപാട് കൈക്കൊണ്ടത്. പ്രധാന പദ്ധതികളുടെ പുരോഗതി കൃത്യമായി വിലയിരുത്തുകയും ജൂലൈ 27-ന് ചേർന്ന യോഗത്തിൽ പദ്ധതികൾ വേഗത്തിലാക്കാൻ ചില തീരുമാനങ്ങളെടുക്കുകയും ചെയ്തു. കിഫ്ബിയിലെയും പി.ഡബ്ല്യൂ.ഡി.യിലെയും ഉദ്യോഗസ്ഥർ പങ്കെടുത്ത പ്രസ്തുത യോഗത്തിലെ പ്രധാന തീരുമാനം എം.എൽ.എ.-മാർ നേരത്തെ ചൂണ്ടിക്കാട്ടിയ യൂട്ടിലിറ്റി ഷിഫ്റ്റിംഗുമായി ബന്ധപ്പെട്ടതാണ്. വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈനുകൾ, കെ.എസ്.ഇ.ബി. പോസ്റ്റുകൾ തുടങ്ങിയവ സമയബന്ധിതമായി മാറ്റുകയെന്നതും പ്രധാനമാണ്. അതുകൊണ്ട് പ്രോജക്ട് കോസ്റ്റിന്റെ പത്ത് ശതമാനം വരെയുള്ള യൂട്ടിലിറ്റി ഷിഫ്റ്റിംഗ് ഫണ്ട് എസ്.പി.വി.-യായ കെ.ആർ.എഫ്.ബി.-ക്കുതന്നെ അനുവദിക്കാമെന്ന ധാരണയായിട്ടുണ്ടെന്നുള്ളത് ഈ സഭയെ അറിയിക്കുകയാണ്. യൂട്ടിലിറ്റി ഷിഫ്റ്റിംഗിനുള്ള തുക ഡി.പി.ആർ.-ൽ അപര്യാപ്തമാണെങ്കിൽ ആവശ്യമായ തുക പ്രത്യേകമായി അനുവദിക്കാനും തീരുമാനിച്ചിട്ടുണ്ട്. കിഫ്ബി പദ്ധതിയിൽ വരുന്ന പാലങ്ങളുടെ ടെണ്ടറുകൾ ക്ലബ്ബ് ചെയ്ത് അനുമതിക്കുവേണ്ടി സമർപ്പിക്കാനാകും. കിഫ്ബി പദ്ധതികൾ നടക്കുന്ന പി.ഡബ്ല്യൂ.ഡി. ഭൂമിയുടെ അതിരുകൾ സർവ്വേ നടത്തി തിട്ടപ്പെടുത്താൻ ലാൻഡ് അക്വിസിഷന്റെ ചുമതലയുള്ള അതാത് തഹസീൽദാർമാരെ നിയോഗിക്കാൻ ധാരണയായിട്ടുണ്ട്. ഇപ്പോൾ നാല് ജില്ലകളിൽ ഒരു തഹസീൽദാരാണുള്ളത്. ഇതുമായി ബന്ധപ്പെട്ട് സാദ്ധ്യമാകുന്ന രീതിയിൽ സർവ്വേയർമാരെ ലഭ്യമാക്കുന്ന നിലപാട് കൈക്കൊള്ളണമെന്ന് ആഗസ്റ്റ് 4-ന് ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ലാൻഡ് അക്വിസിഷനും റോഡിന്റെ അളവുമായും ബന്ധപ്പെട്ട പ്രശ്നങ്ങളാണുള്ളത്. റോഡിന്റെ അളവ് തിട്ടപ്പെടുത്തുന്നതിന്റെ പ്രശ്നം കാരണം നിർമ്മാണം പൂർത്തീകരിക്കാൻ ധാരാളം സമയം വേണ്ടിവരുന്നു. ഈ പ്രശ്നം പരിഹരിക്കപ്പെടുന്നതിന് സാധ്യമാകുന്ന രീതിയിൽ ഇപ്പോൾ റവന്യൂ വകുപ്പിൽ സർവ്വേയർമാരില്ല. അക്കാര്യം റവന്യൂ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്യുകയും ആഗസ്റ്റ് 4-ലെ യോഗതീരുമാനം അറിയിക്കുകയും ചെയ്തിട്ടുണ്ട്. അതിൽ നിലപാടെടുത്താൽ തീർച്ചയായും നമുക്ക് സമയം ലാഭിക്കാൻ സാധിക്കും.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, സർവ്വേയർമാരുടെ കാര്യം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. സർവ്വേ

വകുപ്പിന്റെ കീഴിൽത്തന്നെ അക്കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാനാകും. സ്വതന്ത്രമായ സർവ്വേ സംവിധാനം അംഗീകരിക്കാൻ സാദ്ധ്യമല്ല. ദേശീയപാതയ്ക്കും വിമാനത്താവളത്തിനും വേണ്ടി സർവ്വേ ചെയ്യുന്നതടക്കമുള്ള സംവിധാനങ്ങൾ നിലനിൽക്കുന്നുണ്ട്. അതുപോലെയൊരു മോഡൽ തുടരാം. നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ സർവ്വേ ചെയ്യാൻ കഴിയുകയുള്ളൂ. അക്കാര്യത്തിൽ പുതിയ സംവിധാനം എന്തെങ്കിലും ആലോചിക്കണമെങ്കിൽ സർക്കാരിന്റെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. സ്വതന്ത്രമായ സർവ്വേ സംവിധാനം അംഗീകരിക്കാൻ നിലവിൽ സർക്കാരിന് സാദ്ധ്യമല്ല.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, നൂറ് സർവ്വേയർമാരെ പുതുതായി അനുവദിച്ചിട്ടുണ്ടെന്ന കാര്യം കൂടി ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കണം.

റവന്യൂ- ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പറഞ്ഞതുൾപ്പെടെ, CORS (Continuously Operating Reference Stations) നെറ്റ്‌വർക്ക് സംവിധാനവും ആലോചിച്ചിട്ടുണ്ട്. നിലവിലുള്ള സർവ്വേ ടീമിന്റെ നേതൃത്വത്തിൻകീഴിൽ താൽക്കാലികക്കാരെ നിയമിക്കുന്ന കാര്യം നമുക്ക് ആലോചിക്കാവുന്നതാണ്. അതല്ലാതെ സർവ്വേ സ്വതന്ത്രമായ സംവിധാനമായി ഒരു വകുപ്പിന്റെ കീഴിലും അനുവദിക്കാൻ സാധിക്കില്ലെന്ന കാര്യം സഭയെ അറിയിക്കുകയാണ്.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കിയതിന്റെ കുഴപ്പമാണ്. ഞാൻ അങ്ങനെയല്ല പറഞ്ഞത്. ഞാൻ പറഞ്ഞിട്ടുള്ളത് വളരെ വ്യക്തമാണ്. റവന്യൂ വകുപ്പുമന്ത്രിയുമായി ഞാൻ സംസാരിച്ചതാണ്. ഇവിടെ പറഞ്ഞതുപോലെ റവന്യൂ വകുപ്പ് ആലോചിച്ച് ഇക്കാര്യത്തിൽ തീരുമാനമെടുക്കണമെന്നുള്ള അഭിപ്രായമാണുള്ളത്. മറ്റൊരു കാര്യം നിർമ്മാണത്തിലെ മാനദണ്ഡങ്ങൾ പാലിക്കുന്നതുമായി ബന്ധപ്പെട്ടാണ്. ഗുണനിലവാരത്തിൽ വിട്ടുവീഴ്ച പാടില്ലെന്നത് സർക്കാരിന്റെ പൊതുനയമാണ്. അത് പാലിക്കപ്പെടാത്ത ചിലയിടങ്ങളിൽ പ്രവൃത്തി സസ്പെൻഡ് ചെയ്തിട്ടുണ്ട്. അങ്ങനെ നിർത്തിവയ്ക്കപ്പെട്ട ഇടങ്ങളിൽ ന്യൂനത പരിഹരിച്ച് പ്രവൃത്തിയാരംഭിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കിഫ്ബിയും കെ.ആർ.എഫ്.ബി.-യും അത്തരം പ്രവൃത്തികൾ പുനരാരംഭിക്കാനാവശ്യമായ ഇടപെടലുകൾ നടത്തും. ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടാൽ ആദ്യം അത് പരിഹരിക്കാൻ നിർദ്ദേശിക്കുകയും നിയമാനുസൃതമായ നോട്ടീസ് നൽകുകയും ചെയ്യും. എന്നിട്ടും പരിഹരിക്കപ്പെടുന്നില്ലെങ്കിൽ മാത്രമേ മറ്റ് നടപടികളിലേയ്ക്ക് കടക്കുകയുള്ളൂ. എന്നാൽ ഗുണനിലവാരത്തിൽ വിട്ടു വീഴ്ചയുണ്ടാകുകയില്ല. അത്തരത്തിൽ തെറ്റായ രീതിയിൽ പോയാൽ കർശന നടപടി

സ്വീകരിക്കുന്നതാണ്. കിഫ്ബി പ്രവൃത്തികൾ കാര്യക്ഷമമാക്കാൻ കൂടുതൽ എഞ്ചിനീയർമാരെ കെ.ആർ.എഫ്.ബി.-ൽ നിയമിക്കുമെന്നുള്ള കാര്യംകൂടി ഈ സഭയെ അറിയിക്കാൻ ഉദ്ദേശിക്കുകയാണ്. കിഫ്ബി പദ്ധതികളുടെ ടെക്നിക്കൽ സപ്പോർട്ടിംഗ് ടീമായി കെ.എച്ച്.ആർ.ഐ. (കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്), പി.ഡബ്ല്യു.ഡി. ഡിസൈൻ വിംഗ് എന്നിവയെ ഉപയോഗിക്കാനും തീരുമാനിച്ചിട്ടുണ്ട്. കിഫ്ബി പദ്ധതികളിൽ വിവിധ നൂതന സാങ്കേതികവിദ്യകൾ ഉപയോഗിക്കാൻ തീരുമാനിക്കുകയും അതിനായി ആറംഗ അഡ്വൈസറി കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഇതുപ്രകാരം പത്ത് നൂതന സാങ്കേതികവിദ്യകൾ കണ്ടെത്തുകയും അവയിൽ ജിയോസെൽ, സോയിൽ നെയിലിംഗ്, ഫുൾ ഡെപ്ത് റിക്ലമേഷൻ, ഹൈഡ്രോ സീഡിംഗ്, സെമെന്റൽ ബ്ലോക്ക്, മൈക്രോ സർഫസിംഗ് എന്നിവയെ PRICE (Project Information and Cost Estimation) സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാരിന്റെ അഭിമാനസ്തംഭങ്ങളായ പി.ഡബ്ല്യു.ഡി.-യും കിഫ്ബിയും ഒരേ തലത്തിലാണ് സഞ്ചരിക്കുന്നത്. ഈ രണ്ടര മാസവും ഒന്നിച്ച് പോകാനാണ് ശ്രമിച്ചിട്ടുള്ളത്. ഇതിനെ രണ്ട് രീതിയിലാക്കാൻ ശ്രമിച്ചിട്ട് കാര്യമില്ലെന്നതുകൂടി ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗം വളരെ പോസിറ്റീവായാണ് കിഫ്ബിയെ സംബന്ധിച്ച് പറഞ്ഞത്. പക്ഷേ കുറച്ച് ദിവസങ്ങളായി ചില മാധ്യമങ്ങളിൽ വന്നുകൊണ്ടിരിക്കുന്ന വാർത്തകൾ ഇത്തരത്തിലുള്ള ഒരു നീക്കത്തിന്റെ ഭാഗമാണോ എന്ന് സംശയിക്കേണ്ടതുണ്ട്. പൊതുമരാമത്ത് വകുപ്പിലെയും കിഫ്ബിയിലെയും ഉദ്യോഗസ്ഥർ ഒരുമിച്ചുനിന്നാണ് നേരത്തേ ചൂണ്ടിക്കാട്ടിയ പല പ്രവൃത്തികളും പൂർത്തിയാക്കിയത്. പരസ്പരം സഹായിച്ചും നിർദ്ദേശങ്ങൾ നൽകിയും തുടർന്നും ഒന്നിച്ചുപോകുന്നതിനുള്ള സ്ഥിരം സംവിധാനം രൂപീകരിക്കാൻ ആഗസ്റ്റ് 4-ന് ചേർന്ന യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കാത്ത സ്ഥലങ്ങളിലെ കാര്യങ്ങൾ യോഗങ്ങളിൽ പ്രത്യേകമായി പരിശോധിക്കുകയും ആവശ്യമായ ഇടപെടൽ നടത്തുകയും ചെയ്യും.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ വളരെ സന്തോഷമുണ്ട്. വളരെ വേഗത്തിൽ കാര്യങ്ങൾ നീക്കാൻ ശ്രമിക്കുന്നതിൽ സന്തോഷമുണ്ട്. നാട്ടുകാർക്ക് വേണ്ടിയല്ല, കിഫ്ബിക്ക് വേണ്ടിയാണ് റോഡ് പണിയുന്നതെന്നാണ് കണ്ടാൽ തോന്നുന്നത്. ആളിന്റെ നീളത്തിനാണല്ലോ കട്ടിൽ പണിയേണ്ടത്. കട്ടിലിന്റെ നീളത്തിനനുസരിച്ച് കാൽ മുറിക്കാൻ പറ്റില്ല. രണ്ടുകൂട്ടരും ഒരുമിച്ച് നീങ്ങുമെന്ന് അങ്ങ് പറഞ്ഞതിൽ വളരെ സന്തോഷമുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളിലെ നിർമ്മാണ തടസ്സങ്ങൾ നീക്കുന്നതിന്

സഹായകരമായി ജനങ്ങൾക്കുവേണ്ടി അങ്ങ് ഒരു മൊബൈൽ ആപ്പ് ഏർപ്പെടുത്തിയതുപോലെ എം.എൽ.എ.-മാർക്ക് അങ്ങയോട് ബന്ധപ്പെടാനും നിശ്ചിത സമയത്തിനുള്ളിൽ പരിഹാരം കണ്ടെത്താനും കഴിയുന്നവിധത്തിലൊരു സംവിധാനമുണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ രണ്ട് വകുപ്പുകളെയും ഒരേ തൂവൽപക്ഷികളായി കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ടു പോകുന്നതിന് അങ്ങയുടെ ഭാഗത്തുനിന്ന് സ്വീകരിക്കുന്ന നടപടിയെന്താണ്?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇത് വളരെ പ്രസക്തമായൊരു വിഷയം തന്നെയാണ്. എം.എൽ.എ.-മാർ നിരവധി പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കിഫ്ബിയും പി.ഡബ്ല്യു.ഡി.-യും തമ്മിലുള്ള കമ്മ്യൂണിക്കേഷൻ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മാസത്തിലൊരിക്കൽ കിഫ്ബിയുടെയും പി.ഡബ്ല്യു.ഡി.-യുടെയും പ്രധാന ഉദ്യോഗസ്ഥരുടെ യോഗം ചേരാൻ തീരുമാനിച്ച കാര്യംകൂടി സഭയെ അറിയിക്കാൻ ഉദ്ദേശിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ആപ്പിന്റെ കാര്യം പരിശോധിക്കാം. ഓരോ യോഗത്തിലുമെടുക്കുന്ന തീരുമാനങ്ങൾ മാസത്തിലൊരിക്കൽ ചേരുന്ന യോഗങ്ങളിൽ പരിശോധിക്കുകയും പുതിയ കാര്യങ്ങൾ ആലോചിക്കുകയും ചെയ്യാം. എല്ലാ എം.എൽ.എ.-മാർക്കും ഇതുമായി ബന്ധപ്പെട്ട് അതാത് സമയത്ത് പരാതി നൽകാനും അവ മാസത്തിലൊരിക്കൽ ചേരുന്ന യോഗത്തിൽ പരിശോധിക്കാനും തീരുമാനിച്ച കാര്യംകൂടി സഭയെ അറിയിക്കുകയാണ്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രിയും റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയും ഇക്കാര്യത്തിൽ അഭിപ്രായങ്ങൾ പറയുകയുണ്ടായി. യഥാർത്ഥത്തിൽ പരസ്പര വിരുദ്ധമായ അഭിപ്രായങ്ങളാണ് പ്രകടിപ്പിച്ചത്. കിഫ്ബിക്കെതിരായി ഗൂഢാലോചന നടക്കുന്നതായി ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി പറഞ്ഞു. അതുകൊണ്ട് പരസ്പര വിരുദ്ധമായി മന്ത്രിമാർ സഭയിൽ സംസാരിക്കുന്നത് ഓർഡറിലാണോ എന്നുള്ളതാണ് എന്റെ പോയിന്റ്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ശ്രദ്ധക്ഷണിക്കലിൽ പരസ്പരവിരുദ്ധമായി ഒന്നും പറഞ്ഞിട്ടില്ല. പൊതുമരാമത്ത് വകുപ്പുമന്ത്രി സർവ്വേയ്ക്ക് സംവിധാനമുണ്ടാക്കാമെന്ന് പറഞ്ഞപ്പോൾ, റവന്യൂ വകുപ്പുമന്ത്രി വകുപ്പ് ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനത്തെക്കുറിച്ചാണ് പറഞ്ഞത്. അതായത് അദ്ദേഹത്തിന്റെ വകുപ്പിനെക്കുറിച്ചാണ് പറഞ്ഞത്. ഇത് രണ്ടും രണ്ടല്ല, ഒന്നുതന്നെയാണ്. റവന്യൂ വകുപ്പിന്റെ കീഴിലുള്ള ഉദ്യോഗസ്ഥർ തന്നെയാണ് സർവ്വേ ചെയ്യേണ്ടതും സ്ഥലമേറ്റെടുത്ത് നൽകേണ്ടതും. അതുകൊണ്ട് മന്ത്രിമാർ പരസ്പരവിരുദ്ധമായി ഒന്നും പറഞ്ഞിട്ടില്ല.

## (2) കനാൽ നവീകരണ പുനരധിവാസ പ്രവർത്തനങ്ങൾ

ശ്രീ. ടി. ജെ. വിനോദ്: സർ, സംസ്ഥാന സർക്കാരിന്റെ കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (കെ.എം.ആർ.എൽ.) നിർവ്വഹണ ഏജൻസിയായി കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടുകൂടി 1528.27 കോടി രൂപ ചെലവ് വരുന്ന ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആൻഡ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം പ്രോജക്ട് കൊച്ചി നഗരത്തിൽ നടപ്പാക്കുന്നതിലൂടെ കൊച്ചിയുടെ വികസനത്തിന് ആക്കം കൂട്ടുന്നതാണ്. ഏകദേശം മുപ്പത്തിയഞ്ച് കിലോമീറ്റർ നീളത്തിൽ ഭൂമി ഏറ്റെടുത്തുകൊണ്ട് ആറ് കനാലുകളുടെ വീതിയും ആഴവും കൂട്ടുന്നതാണ് പ്രസ്തുത പദ്ധതി. അതിൽ ഇടപ്പള്ളി കനാൽ, ചിലവന്നൂർ കനാൽ, തേവര-പേരണ്ടൂർ കനാൽ, തേവര കനാൽ, മാർക്കറ്റ് കനാൽ എന്നീ അഞ്ച് കനാലുകൾ വില്ലേജ് റിക്കാർഡ് പ്രകാരമോ അല്ലെങ്കിൽ 16.5 മീറ്ററോ ഏതാണ് കൂടുതൽ അതനുസരിച്ച് വീതി വർദ്ധിപ്പിക്കുക എന്നുള്ളതാണ് തീരുമാനം. അഞ്ച് കനാലുകൾക്കായി 41.27 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കേണ്ടത്. ജില്ലാ ഭരണകൂടം കോന്തുരുത്തി കനാലിന്റെ കയ്യേറ്റം ഒഴിപ്പിച്ച് നൽകുന്ന മുറയ്ക്ക് നിർവ്വഹണ ഏജൻസിയായ കെ.എം.ആർ.എൽ. ആഴവും വീതിയും വർദ്ധിപ്പിച്ച് നൽകണം. കനാലുകളുടെ വീതി വർദ്ധിപ്പിക്കുമ്പോൾ ഭൂമിയും വീടും നഷ്ടപ്പെടുന്നവർക്ക് ഫ്ലാറ്റ് നിർമ്മിച്ച് കൊടുക്കുന്ന പുനരധിവാസ പാക്കേജിൽ ആദ്യത്തെ അഞ്ച് കനാലുകളെ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും കോന്തുരുത്തി കനാലിനെ ഉൾപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് ഈ കനാലിന്റെ ഇരുവശങ്ങളിലും അറുപതും എഴുപതും വർഷങ്ങളായി താമസിക്കുന്ന കുടുംബങ്ങളുടെ പുനരധിവാസംകൂടി കെ.എം.ആർ.എൽ.-നെ ഏൽപ്പിക്കേണ്ടതാണ്. കിഫ്ബി സാമ്പത്തികാനുമതി നൽകിയതിനെ തുടർന്ന് 2021 ഫെബ്രുവരി 12-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസ്തുത പദ്ധതിയുടെ ലോഞ്ചിംഗ് നിർവ്വഹിച്ചുവെങ്കിലും നാളിതുവരെയായി മറ്റ് യാതൊരു നടപടിയുമുണ്ടായിട്ടില്ല. കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിക്കായി കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്ക് പ്രോജക്ട് സമർപ്പിച്ച് നാളിതുവരെയായിട്ടും ഒരു നടപടിയുമുണ്ടായിട്ടില്ല. പുനരധിവാസത്തിനായി സ്ഥലം വാങ്ങുന്നതിനും കനാലുകൾക്ക് കുറുകെ നിർമ്മിച്ചിട്ടുള്ള പാലങ്ങൾ പൊളിച്ച് പണിയുന്നതിനും കിഫ്ബിയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടിയന്തരമായി ഇടപെട്ട് ഇതിന് പരിഹാരമുണ്ടാക്കണമെന്നാണ് ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ശ്രീ. ടി. ജെ. വിനോദ്, എം.എൽ.എ. ഉന്നയിച്ച ശ്രദ്ധക്ഷണിക്കലിലെ പ്രധാനപ്പെട്ട ആവശ്യം കോന്തുരുത്തി, ചിലവന്നൂർ, ഇടപ്പള്ളി, തേവര, തേവര-പേരണ്ടൂർ, മാർക്കറ്റ് കനാൽ എന്നീ ആറ് കനാലുകൾ നവീകരിച്ച് ജലഗതാഗത യോഗ്യമാക്കുക എന്നതാണ്. ഇതിനായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് നിർവ്വഹണ ഏജൻസിയായി പ്രവർത്തിക്കുന്ന ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആൻഡ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം എന്ന പ്രോജക്ടിന് തത്വത്തിലുള്ള അനുമതി നൽകിയിരുന്നു. ഇവയിൽ അഞ്ച് കനാലുകളുടെ സാമൂഹികാഘാത പഠനം പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കുമ്പോൾ 1641 കുടുംബങ്ങളെയാണ് ബാധിക്കുന്നത്. ഇതിൽ പട്ടയമില്ലാത്ത 257 പേരുടെ പുനരധിവാസത്തിനുള്ള പ്രവൃത്തികൾ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് 'ഭവനം ഫൗണ്ടേഷൻ കേരള'യെ ഏൽപ്പിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ പുരോഗമിച്ചുവരികയാണ്. പുനരധിവാസത്തിനായി കാക്കനാട്ട് പത്ത് നിലകളുള്ള ഏഴ് അപ്പാർട്ടുമെന്റുകൾ നിർമ്മിക്കാനുള്ള ടെണ്ടർ നടപടികളും പുരോഗമിച്ചു വരികയാണ്. കോന്തുരുത്തി കനാലുമായി ബന്ധപ്പെട്ട് പുനരധിവസിപ്പിക്കേണ്ട 178 കുടുംബങ്ങളെ സംബന്ധിച്ച് ജില്ലാ കളക്ടറുടെയും കൊച്ചി കോർപ്പറേഷൻ സെക്രട്ടറിയുടെയും ചുമതലയിൽ സർവ്വേ നടത്തി ഭവനം ഫൗണ്ടേഷൻ കേരളയ്ക്ക് റിപ്പോർട്ട് നൽകാനും അതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി തുടർ നടപടികൾ സ്വീകരിക്കാനും അഡീഷണൽ ചീഫ് സെക്രട്ടറി (കോ-ഓർഡിനേഷൻ)-യുടെ അദ്ധ്യക്ഷതയിൽ 04-12-2020-ന് ചേർന്ന യോഗത്തിൽ നിശ്ചയിച്ചിട്ടുണ്ട്. ഒഴിപ്പിക്കപ്പെടുന്നവർക്ക് താൽക്കാലിക താമസമൊരുക്കുന്നതിനും വാടകയുടെ ചെലവ് വഹിക്കുന്നതിനും കൊച്ചി കോർപ്പറേഷനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. സർക്കാർ രേഖകൾ പ്രകാരമുള്ള കോന്തുരുത്തി കനാലിന്റെ യഥാർത്ഥ വീതി നിശ്ചയിച്ച് കയ്യേറ്റം ഒഴിപ്പിക്കൽ, പുനരധിവാസം എന്നിവ നടത്താൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത് പൂർത്തിയായി സ്ഥലം നിർവ്വഹണ ഏജൻസിക്ക് കൈമാറുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കും.

ശ്രീ. ടി. ജെ. വിനോദ്: സർ, ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ കോന്തുരുത്തി കനാലിന്റെ തീരത്ത് ഏകദേശം 178-ഓളം കുടുംബങ്ങളാണുള്ളത്. അവരെ ഒഴിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വ്യക്തമായ ഉത്തരവിറക്കിയിട്ടുണ്ട്. അതുകൊണ്ട് അവരുടെ പുനരധിവാസം നമ്മുടെ ഉത്തരവാദിത്വമായി കണക്കാക്കി ഈ പദ്ധതിയിലുൾപ്പെടുത്തി മുന്നോട്ട് പോകാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, മറുപടിയിൽത്തന്നെ ചൂണ്ടിക്കാണിച്ചതുപോലെ, കോന്തുരുത്തി കനാലുമായി ബന്ധപ്പെട്ട് പുനരധിവസിപ്പിക്കേണ്ടിവരുന്ന 178 കുടുംബങ്ങളെ സംബന്ധിച്ച് ഗവൺമെന്റിന് കൃത്യമായ വിവരങ്ങളുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഒഴിപ്പിക്കപ്പെടുന്നവർക്ക് താൽക്കാലിക താമസമൊരുക്കുന്നതിനും അവരുടെ വാടകയുടെ ചെലവ് വഹിക്കുന്നതിനും കൊച്ചി കോർപ്പറേഷനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. കൃത്യമായ ധാരണയോടുകൂടിത്തന്നെ അവരെ ഒഴിപ്പിക്കുകയും പ്രത്യേക സൗകര്യമുണ്ടാകുന്നതുവരെ വാടകയ്ക്ക് താമസിപ്പിച്ച് വാടക കൊച്ചി കോർപ്പറേഷൻ നൽകുകയും പുനരധിവസിപ്പിക്കുകയും ചെയ്യുന്ന സ്ഥിതിയുണ്ടാകും.

[11.00 a.m.]

## V സബ്മിഷൻ

### (1) JNTBGRI ഉപകേന്ദ്രത്തിന്റെ പ്രവർത്തനം

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, 2019 ജനുവരി 12-ന് കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ കുഴൂർ പഞ്ചായത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത് പ്രവർത്തനമാരംഭിച്ച ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (JNTBGRI)-ന്റെ ഗവേഷണ ഉപകേന്ദ്രം തുടക്കത്തിൽ വിവിധയിനം തഴകൈത ചെടിയുടെ ഉൽപ്പാദനമാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ JNTBGRI ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ അലംഭാവം കാരണം അതിന് ഫണ്ട് വകയിരുത്തുന്നതിനോ ഗവേഷണ പ്രവർത്തനം തുടരുന്നതിനോ സാധിച്ചിട്ടില്ല. ലബോറട്ടറിയിൽ ഉൽപ്പാദിപ്പിക്കുന്ന ചെടികൾ പുറത്തിറക്കുന്നതിനാവശ്യമായ മിസ്റ്റ് ഹൗസ് നിർമ്മിക്കാത്തതു കാരണം വിപുലമായ തോതിൽ ചെടികളുടെ ഉൽപ്പാദനം നടക്കുന്നില്ല. സർക്കാരിന്റെ വിവിധ പദ്ധതികൾക്കും മറ്റ് ആഭ്യന്തര ഉപയോഗത്തിനും ആവശ്യകതകളേറെയുള്ള ചെടികൾക്ക് ഓർഡർ ലഭിക്കുന്നുണ്ടെങ്കിലും വിപുലമായ തോതിൽ ഉൽപ്പാദനം നടക്കാത്തതുമൂലം ലബോറട്ടറി ഉപയോഗമില്ലാതെ സ്ഥാപനം നശിച്ചുപോകുന്ന സ്ഥിതിയിലാണ്. കഴിഞ്ഞ അഞ്ചുമാസമായി ജീവനക്കാർക്ക് ശമ്പളവും ലഭിക്കുന്നില്ല. ഇത് പരിഹരിക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും അടിയന്തര ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ശ്രീ. വി. ആർ. സുനിൽ കുമാർ എം.എൽ.എ. സബ്മിഷനിലൂടെ അവതരിപ്പിച്ചിരിക്കുന്നത്. പരമ്പരാഗത കൈത വ്യവസായത്തെ

പരിപോഷിപ്പിക്കുന്നതിനാണ് ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കൊടുങ്ങല്ലൂർ ഉപകേന്ദ്രം ആരംഭിച്ചത്. കൈതച്ചെടികളുടെ വൻതോതിലുള്ള ഉൽപ്പാദനവും ഹരിത വ്യവസായത്തിനാവശ്യമായ കാർഷിക വിളകളും അലങ്കാര ചെടികളുടെ ഉൽപ്പാദനവുമാണ് ഇതുവഴി ലക്ഷ്യമിട്ടത്. ഇതിനായി സ്ഥാപിച്ച പ്ലാന്റിന്റെ ടിഷ്യൂകൾച്ചർ ലബോറട്ടറിയിൽ വാഴ, കൈത, അലങ്കാര സസ്യങ്ങൾ എന്നിവ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുന്നുണ്ട്. എന്നാൽ ഉൽപ്പാദനവും വിപണനവും വൻതോതിൽ വർദ്ധിപ്പിക്കേണ്ടതുണ്ട്. നിലവിലെ പ്രതികൂല സാഹചര്യങ്ങൾ മാറുന്ന മുറയ്ക്ക് ഉപകേന്ദ്രത്തിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ കഴിയും.

(2) ഭവന വായ്പാ കുടിശ്ശിക

ശ്രീമതി യു. പ്രതിഭ: സർ, കായംകുളം നഗരസഭ 1998-99, 1999-2000, 2000-2001 വർഷങ്ങളിലായി NSDP (National Slum Development Programme) പദ്ധതി പ്രകാരം 640 ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിനായി 23,700 രൂപ വീതം KURDFC (Kerala Urban & Rural Development Finance Corporation Limited)-ൽ നിന്നും CDS (Community Development Society) കരാർ പ്രകാരം 96 ലക്ഷം രൂപ വായ്പയെടുത്തിരുന്നു. ഈ തുക ഗുണഭോക്താക്കൾ 143 രൂപ വീതം 150 ഗഡുക്കളായി തിരിച്ചടയ്ക്കേണ്ടതായിരുന്നു. നാളിതുവരെ 1,41,19,000 രൂപ KURDFC-ക്ക് നഗരസഭ തിരിച്ചടച്ചിട്ടുണ്ട്. ഇനിയും 92,25,244 രൂപ അടയ്ക്കാനുണ്ടെന്ന് KURDFC നഗരസഭയെ അറിയിച്ചിരിക്കുകയാണ്. വളരെ ദരിദ്രരായ ആളുകളാണ് ഈ വായ്പയുടെ ഗുണഭോക്താക്കളായുള്ളത്. പിന്നീട് വന്നിട്ടുള്ള എല്ലാ ഭവന പദ്ധതികളിലും തുകയൊന്നും തിരിച്ചടയ്ക്കേണ്ടതായി വന്നിട്ടില്ല. ഇനി അടയ്ക്കാനുള്ള തുകയിൽ 29,06,295 രൂപ മുതലും 52,65,821 രൂപ പലിശയും 10,53,164 രൂപ പിഴപലിശയുമാണ്. 204 ഗുണഭോക്താക്കൾ വായ്പ തിരിച്ചടയ്ക്കാനുണ്ട്. അവർക്ക് പലിശയും പിഴ പലിശയുമുൾപ്പെടെയുള്ള തുകയടയ്ക്കാൻ യാതൊരു നിവൃത്തിയുമില്ല. ആയതിനാൽ കുടിശ്ശിക എഴുതിത്തള്ളുന്നതിനും ഗുണഭോക്താക്കൾ ഈടായി നൽകിയിരിക്കുന്ന ആധാരങ്ങൾ തിരികെ നൽകുന്നതിനും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, നഗരങ്ങളിലെ ചേരിനിവാസികളുടെ അടിസ്ഥാന സൗകര്യങ്ങളായ പാർപ്പിടം, കുടിവെള്ളം, ശുചിത്വ സൗകര്യങ്ങൾ എന്നിവ വർദ്ധിപ്പിക്കുന്നതിന് 1996-ൽ നടപ്പാക്കിയ പദ്ധതിയാണ് ദേശീയ ചേരി വികസന

പദ്ധതി. പ്രസ്തുത പദ്ധതി പ്രകാരം കായംകുളം നഗരസഭയിലും ഭവന പുനരധിവാസ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ചേരിനിവാസികളായ ഗുണഭോക്താക്കളുടെകൂടി പങ്കാളിത്തത്തോടെ നടപ്പാക്കിയ പദ്ധതിയുടെ ഒരു ഘടകമായ ഭവന പുനരധിവാസത്തിന് കായംകുളം നഗരസഭയിലെ ഗുണഭോക്താക്കൾക്ക് നൽകിയ വായ്പാ തിരിച്ചടവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട എം.എൽ.എ. സബ്മിഷനിലൂടെ ഉന്നയിച്ച വിഷയം ന്യായവും പരിഗണിക്കപ്പെടേണ്ടതുമാണ്. എന്നാൽ പദ്ധതി നടപ്പാക്കിയ നഗരസഭയുടെകൂടി അഭിപ്രായം പരിഗണിച്ചുമാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. ഭവന വായ്പാ കുടിശ്ശിക എഴുതിത്തള്ളുന്നത് സംബന്ധിച്ച് കായംകുളം നഗരസഭയിൽനിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തീരുമാനമെടുക്കാവുന്നതാണ്.

(3) ജനറൽ ആശുപത്രിയുടെ വികസനം

ശ്രീ. വി. കെ. പ്രശാന്ത്: സർ, തിരുവനന്തപുരം നഗരത്തിലെ ഏറ്റവും പ്രധാനപ്പെട്ട ചികിത്സാ കേന്ദ്രമായ ജനറൽ ആശുപത്രിയുമായി ബന്ധപ്പെട്ടാണ് ഞാനിവിടെ സബ്മിഷൻ അവതരിപ്പിക്കുന്നത്. ഓരോ ദിവസവും മൂവായിരത്തിലധികം രോഗികൾ ചികിത്സയ്ക്കെത്തുന്ന ഒരു സ്ഥലമാണിത്. അവിടെ മേജർ, മൈനർ ശസ്ത്രക്രിയകളടക്കം മുപ്പതോളം ശസ്ത്രക്രിയകൾ സ്ഥിരമായി നടക്കുന്നുണ്ട്. കഴിഞ്ഞ ഗവൺമെന്റ് അവിടെ അനുവദിച്ച 143 കോടി രൂപയുടെ കിഫ്ബി വികസന പദ്ധതികൾ എ.എസ്. ഉൾപ്പെടെയുള്ളവ ലഭിച്ച് മുന്നോട്ടുപോകുകയുമാണ്. നിലവിൽ ജനറൽ ആശുപത്രി പരിസരത്ത് നിർമ്മിച്ച മെഡിക്കൽ കോളേജ് കെട്ടിടം ഉപയോഗശൂന്യമായി കിടക്കുകയാണ്. അതിന്റെ മൂന്ന് നിലകൾ ജനറൽ ആശുപത്രിക്ക് വിട്ടുനൽകിയാൽ ഓപ്പറേഷൻ തീയേറ്റർ ആൻഡ് അനസ്തേഷ്യ ടെക്നീഷ്യൻ, ഇ.സി.ജി. ടെക്നീഷ്യൻ, കാത്ത് ലാബ് ടെക്നീഷ്യൻ, എക്കോ ടെക്നീഷ്യൻ, ഡയാലിസിസ് ടെക്നീഷ്യൻ തുടങ്ങിയ പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിക്കാൻ സാധിക്കും. ഡോക്ടർമാരെയും നഴ്സുമാരെയും സൃഷ്ടിക്കുന്ന നിരവധി സ്ഥാപനങ്ങൾ നമ്മുടെ നാട്ടിലുണ്ട്. എന്നാൽ ഇത്തരം അനുബന്ധ തൊഴിലുകൾ പഠിപ്പിക്കുന്ന ഒരു സ്ഥാപനം അവിടെ വരികയാണെങ്കിൽ എല്ലാവർക്കും അത് ഗുണകരമാകുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, കേരളത്തിലെതന്നെ ഏറ്റവും പഴക്കംചെന്നതും തലസ്ഥാനത്ത് ഏറ്റവും കൂടുതൽ ആളുകൾ ചികിത്സയ്ക്കായി ആശ്രയിക്കുന്നതുമായ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ 749 കിടക്കകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. ദിവസം ശരാശരി

മൂവായിരത്തോളം രോഗികൾ ഒ.പി. വിഭാഗത്തിലും 450-ഓളം രോഗികൾ വിവിധ വാർഡുകളിലായി ഇൻപേഷ്യന്റ് വിഭാഗത്തിലും ചികിത്സ തേടുന്നുണ്ട്. ആശുപത്രിയുടെ സമഗ്ര വികസനത്തിനായി കിഫ്ബിയിലൂടെ 143.06 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എസ്.പി.വി. (Special Purpose Vehicle) ആയ WAPCOS (Water and Power Consultancy Services (India) Limited) തയ്യാറാക്കിയ വിശദ പദ്ധതി രേഖയുടെ അടിസ്ഥാനത്തിൽ കിഫ്ബി 137.28 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. നാല് നിലകളിലായി ട്രോമാ കെയർ, ഒ.പി. വിഭാഗം, അത്യാഹിത വിഭാഗം, റേഡിയോളജി, സ്പെഷ്യാലിറ്റി-സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കുകൾ, എമർജൻസി ഓപ്പറേഷൻ തീയേറ്റർ, തീവ്ര പരിചരണ യൂണിറ്റ്, ബ്ലഡ് ബാങ്ക്, ലബോറട്ടറി, ഡേകെയർ കീമോ തെറാപ്പി, ഫാർമസി, വാർഡുകൾ എന്നീ സൗകര്യങ്ങളോടുകൂടിയ ഔട്ട് പേഷ്യന്റ് ഡിപ്പാർട്ടുമെന്റ് (ഒ.പി.ഡി) & ട്രോമാ ബിൽഡിംഗ്, മറ്റനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനായുള്ള സർവ്വീസ് ബിൽഡിംഗ്, ലോൺട്രി ബിൽഡിംഗ് തുടങ്ങിയ നൂതന സൗകര്യങ്ങളടങ്ങിയതാണ് ഈ പദ്ധതി. സ്ട്രക്ചറൽ ഡിസൈൻ പരിപൂർണ്ണമാണെന്ന് ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ ടെണ്ടർ നടപടികളിലേയ്ക്ക് കടക്കാവൂവെന്ന നിബന്ധനയിലാണ് ഈ പദ്ധതിക്ക് കിഫ്ബി ധനാനുമതി നൽകിയത്. നിർമ്മാണത്തിന്റെ ഒന്നാംഘട്ടത്തിൽ ട്രോമാ കെയർ, ഒ.പി.ഡി., റേഡിയോളജി, ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ലബോറട്ടറി, എമർജൻസി ഓപ്പറേഷൻ തീയേറ്റർ എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. രണ്ടാം ഘട്ടത്തിൽ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെയും മൂന്നാം ഘട്ടത്തിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെയും നിർമ്മാണം എന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് GRIHA (Green Rating for Integrated Habitat Assessment) Three Star റേറ്റിംഗ് ലഭിക്കുന്നതിനായി വിശദ പദ്ധതി രേഖയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും അധിക സാമ്പത്തിക ബാദ്ധ്യതയുണ്ടാകുന്നപക്ഷം ആയതിന്റെ വിശദവിവരങ്ങൾ സഹിതം കിഫ്ബിയിൽ സമർപ്പിക്കാനും സാമ്പത്തികാനുമതി നൽകിയ ഉത്തരവിൽ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ WAPCOS വിശദ പദ്ധതി രേഖ പുതുക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനു വേണ്ടിയുള്ള കൃത്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ബഹുമാന്യനായ എം.എൽ.എ. ഇതിൽ നിരന്തരമായി ഇടപെടുന്നുണ്ട്. പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട കാര്യം നിലവിൽ സർക്കാർ പരിഗണനയിലില്ല. പക്ഷേ അത് പരിശോധിക്കാവുന്നതാണ്.

## (4) ആർ. ടി. ഓഫീസ് നിർമ്മാണം

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, എറണാകുളം ജില്ലയിലെ ഏറ്റവും തിരക്കേറിയ ആർ.ടി. ഓഫീസുകളിൽ രണ്ടാം സ്ഥാനത്തുനിൽക്കുന്ന ഓഫീസാണ് പെരുമ്പാവൂർ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്. വളരെയേറെ തിരക്കുള്ള ഈ ഓഫീസ് പെരുമ്പാവൂർ മുനിസിപ്പാലിറ്റിയുടെ പട്ടാലിലുള്ള ഒരു വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ കെട്ടിടം ഇടിഞ്ഞുവീഴാറായെന്ന് അവിടത്തെ ഓഫീസർതന്നെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് 2018 മുതൽ ഞാൻ സഭയിൽ ഉന്നയിക്കുകയാണ്. ഇതിന്റെ പരിമിതികൾ മനസ്സിലാക്കി പുതിയൊരു കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാക്കേണ്ടതുണ്ട്. പെരുമ്പാവൂരിൽ പെരിയാർ വാലി ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പിന്റെ ഉപയോഗശൂന്യമായ സ്ഥലത്തുനിന്നും ആവശ്യമായ സ്ഥലം ഗതാഗത വകുപ്പിന് ലഭ്യമാക്കുകയാണെങ്കിൽ പുതിയ കെട്ടിടം നിർമ്മിക്കാനും അവിടെ ഡ്രൈവിംഗ് ടെസ്റ്റ് യാർഡ്, റോഡ് സേഫ്റ്റി ഹാൾ, വാഹനം സൂക്ഷിക്കുന്ന യാർഡ് തുടങ്ങിയവയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താനും കഴിയും. ഇതുസംബന്ധിച്ച് ഗതാഗത വകുപ്പുമന്ത്രിയും ജലവിഭവ വകുപ്പുമന്ത്രിയും സംയുക്തമായി ഒരു അടിയന്തര യോഗം വിളിച്ചുകൂട്ടണം. സ്ഥലം ലഭിച്ചാൽ ഓഫീസ് മന്ദിരം നിർമ്മിക്കുന്നതിന് എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്ന് തുക നൽകാമെന്ന് ഞാൻ ഗതാഗത വകുപ്പിനെ അറിയിച്ചിട്ടുണ്ട്. പെരിയാർ വാലി പ്രോജക്ടിന്റെ ഏക്കർ കണക്കിന് കാടുപിടിച്ചുകിടക്കുന്ന സ്ഥലത്തിൽനിന്നും രണ്ട് ഏക്കർ സ്ഥലം ലഭിച്ചാൽ ഓഫീസ് നിർമ്മിക്കാൻ കഴിയും. അതിനാവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, ബഹുമാനപ്പെട്ട പെരുമ്പാവൂർ അംഗം ഉന്നയിച്ചത് പെരുമ്പാവൂർ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ചാണ്. എറണാകുളം ജില്ലയിലെ പെരുമ്പാവൂർ സബ് ആർ.ടി. ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള പെരുമ്പാവൂർ പട്ടാലിലുള്ള പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ കൈവശമുള്ള പെരുമ്പാവൂർ വില്ലേജിൽ സർവ്വേ നമ്പർ 6-ൽപ്പെട്ട ഒരു ഏക്കർ പത്ത് സെന്റ് സ്ഥലം സംസ്ഥാന മോട്ടോർ വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച് 2019-ൽ ജലവിഭവ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇതുവരെ ജലവിഭവ വകുപ്പിൽനിന്നും അനുകൂലമായ തീരുമാനമുണ്ടായിട്ടില്ല. എം.എൽ.എ.-യുടെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ സ്ഥലം കൈമാറുന്നതിനായി ജലവിഭവ വകുപ്പിനോട് വീണ്ടും ആവശ്യപ്പെടുന്നതും സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പെരുമ്പാവൂർ ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിഗണിക്കുന്നതുമാണ്.

## VI റിപ്പോർട്ട് സമർപ്പണം

2021-ലെ കേരള ധനകാര്യ ബിൽ, 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ അദ്ധ്യക്ഷനായ ഞാൻ 2021-ലെ കേരള ധനകാര്യ ബിൽ, 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

## VII അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ടിന്റെ പരിഗണന

ശ്രീ. പ്രമോദ് നാരായൺ: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ മൂന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(i) 2021-ലെ കേരള അന്ധവിശ്വാസ-അനാചാര നിർമ്മാർജ്ജന ബിൽ

ശ്രീ. കെ. ഡി. പ്രസേനൻ: സർ, 2021-ലെ കേരള അന്ധവിശ്വാസ-അനാചാര നിർമ്മാർജ്ജന ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. ഡി. പ്രസേനൻ അവതരണാനുമതി തേടിയ 2021-ലെ കേരള അന്ധവിശ്വാസ-അനാചാര നിർമ്മാർജ്ജന ബില്ലുമായി ബന്ധപ്പെട്ട് ഗവൺമെന്റെടുത്ത നിലപാടുകളുണ്ട്. നമ്മുടെ നാടിന്റെ നവോത്ഥാന മൂല്യങ്ങളെ സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

സമൂഹത്തിൽ ശാസ്ത്രബോധവും യുക്തിബോധവും വളർത്തി നമ്മുടെ ജനതയ്ക്കിടയിൽ ശാസ്ത്രീയ ചിന്തയും യുക്തിചിന്തയും പരിപോഷിപ്പിക്കുക എന്നതാണ് ഏറ്റവും പ്രധാനം. സർക്കാർ ഈ മൗലികമായ കടമ നിർവ്വഹിക്കുകയാണ്. നമ്മുടെ മാനവിക, സാംസ്കാരിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാനും അതിന്റെ പ്രവർത്തനങ്ങൾ എല്ലാ വിഭാഗങ്ങളിലും എത്തിക്കാനുമാണ് സർക്കാർ ശ്രമിക്കുന്നത്. അതോടൊപ്പം മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ മുൻനിർത്തി അന്ധവിശ്വാസങ്ങളുടെ പേരിലുള്ള ചൂഷണങ്ങളും അതിക്രമങ്ങളും നിയന്ത്രിക്കേണ്ടതുണ്ട്. നമ്മുടെ സംസ്ഥാനത്തും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വലിയ രീതിയിൽ പ്രചരിപ്പിക്കാനും നടപ്പാക്കാനും ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. തീർച്ചയായും അത്തരം പ്രവർത്തനങ്ങൾ തടയാൻവേണ്ടിയുള്ള ഫലപ്രദമായ ഇടപെടൽ നടത്തണം. അതുതന്നെയാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നതും. അതുകൊണ്ട് ' The Kerala Prevention and Eradication of Inhuman Evil Practices, Sorcery and Black Magic Bill'-ന്റെ കരട് സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ നിയമപരിഷ്കാര കമ്മീഷന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. അവരുടെ അഭിപ്രായംകൂടി പരിശോധിച്ച് തീർച്ചയായും ഇത്തരത്തിലൊരു നിയമനിർമ്മാണത്തിന് സർക്കാർ തയ്യാറാകുമെന്നതന്നെയാണ് ഇതുസംബന്ധിച്ച് പറയാനുള്ളത്. നിയമ നിർമ്മാണത്തിന് മുമ്പായി വലിയ രീതിയിലുള്ള അഭിപ്രായ ശേഖരണം നടത്താനും ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. ഡി. പ്രസേനൻ അവതരണാനുമതിക്ക് അപേക്ഷിച്ചിട്ടുള്ള '2021-ലെ കേരള അന്ധവിശ്വാസ-അനാചാര നിർമ്മാർജ്ജന ബിൽ' ഇപ്പോൾ അംഗീകരിക്കേണ്ടതില്ലെന്നും അതിനുപകരം ഗവൺമെന്റ് ഒരു പ്രധാനപ്പെട്ട നിയമനിർമ്മാണം നടത്തുമെന്നുമാണ് പറയാനുള്ളത്. അതുകൊണ്ട് ഈ ബിൽ ഇപ്പോൾ അംഗീകരിക്കുന്നില്ലെന്നാണ് ഗവൺമെന്റിനുവേണ്ടി വ്യക്തമാക്കാനുള്ളത്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, താൽക്കാലികമായി ബിൽ അംഗീകരിക്കുന്നില്ലെന്ന് പറയുമ്പോഴും ഈ ബില്ലിലെ ആശയം പൂർണ്ണമായും ഏറ്റെടുത്തുകൊണ്ട് അതിവേഗത്തിൽ അന്ധവിശ്വാസ-അനാചാര നിർമ്മാർജ്ജനത്തിനാവശ്യമായ നിയമനിർമ്മാണം നടത്തുമെന്ന മറുപടി ഈ സഭയിൽ കേൾക്കാൻ കഴിഞ്ഞതിലുള്ള അതിയായ സന്തോഷം ഞാൻ രേഖപ്പെടുത്തുകയാണ്. ഇത്തരം ബില്ലുകളുടെ ചർച്ചകൾ വരുമ്പോൾ പലപ്പോഴും നമ്മുടെ സമൂഹം തെറ്റിദ്ധരിക്കാറുണ്ട്. യഥാർത്ഥത്തിൽ നിഷ്കളങ്കരായ മതവിശ്വാസികളെയും ദൈവവിശ്വാസികളെയും മതേതരവിശ്വാസികളെയും മതനിരപേക്ഷ മനുഷ്യരെയും സഹായിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഇത്തരമൊരു ബിൽ കൊണ്ടുവന്നത്. ഇന്ത്യൻ ഭരണഘടനയെ അടിസ്ഥാനമാക്കിയാണ് ഈ ബിൽ രൂപപ്പെടുത്തിയിട്ടുള്ളത്. നമ്മുടെ

ഭരണഘടനയുടെ ആർട്ടിക്കിൾ 51A (b)-ലും ആർട്ടിക്കിൾ 51A (h)-ലുമെല്ലാം ചൂണ്ടിക്കാണിച്ചിട്ടുള്ളത് ഇന്ത്യൻ സമൂഹം ശാസ്ത്രബോധവും മാനവികതയും അന്വേഷണ താൽപ്പര്യത്തോടുള്ള പരിഷ്കരണങ്ങളും ഉൾക്കൊള്ളുന്നതാണെന്നാണ്. സ്വാതന്ത്ര്യസമര കാലത്തെ ആശയങ്ങൾ ഉയർത്തിപ്പിടിക്കുന്നതായിരിക്കണം ഇന്ത്യയുടെ മൂല്യങ്ങളെന്ന് ഭരണഘടന നമ്മെ ഓർമ്മപ്പെടുത്തുന്നു. ആർട്ടിക്കിൾ 25(1)-ൽ പ്രതിപാദിക്കുന്നതുപോലെ ഇഷ്ടമുള്ള മതം സ്വീകരിക്കാനും ആരാധിക്കാനും പ്രചരിപ്പിക്കാനുമുള്ള സ്വാതന്ത്ര്യത്തിനുവേണ്ടിയാണ് ഈ നിയമം നിർമ്മിക്കണമെന്ന് ആവശ്യപ്പെടുന്നത്. മതവിശ്വാസത്തെ രാഷ്ട്രീയ അധികാരത്തിലേയ്ക്കുള്ള കുറുക്കുവഴിയാക്കി മാറ്റുന്നവരും കോർപ്പറേറ്റ് മൂലധനശക്തികളുടെ കമ്പോള വിപുലീകരണത്തിനുവേണ്ടി ഉപയോഗപ്പെടുത്തുന്ന വരുമെല്ലാം ഇന്ന് അന്ധവിശ്വാസങ്ങളുടെ നടത്തിപ്പുകാരും പ്രചാരകരുമായി മാറിയിരിക്കുകയാണ്. അധികാര-സാമ്പത്തിക താല്പര്യങ്ങളാണ് അന്ധവിശ്വാസ ത്തിലധിഷ്ഠിതമായ അനാചാരങ്ങൾക്കടിസ്ഥാനമെന്ന് നമ്മൾ കാണേണ്ടതുണ്ട്. അറിവുള്ള സമൂഹത്തിൽ അന്ധവിശ്വാസം വേരുപിടിക്കില്ലെന്നാണ് പൊതുവെ കരുതുന്നത്. എന്നാൽ നമ്മൾ രൂപപ്പെടുത്തിയെടുക്കുന്ന അറിവുകൾപോലും ഏതാണ്ട് അന്ധവിശ്വാസത്തിലധിഷ്ഠിതമാണെന്നതാണ് ഇവിടത്തെ പ്രശ്നം. അറിവെന്ന് പറഞ്ഞാൽ ഔപചാരിക വിദ്യാഭ്യാസത്തിന്റെ സർട്ടിഫിക്കറ്റു കളാണെന്നെല്ലാം തെറ്റിദ്ധരിപ്പിക്കപ്പെടുന്ന രീതിലേയ്ക്ക് നമ്മുടെ സമൂഹത്തെ മാറ്റുകയാണ്. ഔപചാരിക വിദ്യാഭ്യാസം രൂപപ്പെടുത്തിയെടുക്കുന്ന കാഴ്ചപ്പാട് മുന്നോട്ടുവച്ച ഇന്ത്യയിലെ ഭരണവർഗ്ഗം ഫ്യൂഡലിസവുമായി സന്ധി ചെയ്തുകൊണ്ടാണ് ഇന്ത്യൻ മുതലാളിത്തത്തിന്റെ കാഴ്ചപ്പാടുകളും ആശയങ്ങളും രൂപപ്പെടുത്തിയത്. അതുകൊണ്ടാണ് ലോകത്ത് മറ്റൊരു മുതലാളിത്ത സമൂഹത്തിലും കാണാത്ത രീതിയിൽ അന്ധവിശ്വാസത്തിന് അരങ്ങുതീർക്കുന്ന രൂപത്തിൽ, ഔപചാരിക വിദ്യാഭ്യാസക്രമത്തിലൂൾപ്പെടെ അതടിച്ചേൽപ്പിക്കാൻ അവർക്ക് കഴിയുന്നതെന്ന് കാണാൻ കഴിയും. ഇന്ത്യൻ ഭരണവർഗ്ഗത്തിന്റെ ഈ കാഴ്ചപ്പാടുകൾ നമുക്ക് മാറ്റേണ്ടതുണ്ട്. ഉന്നത ബിരുദധാരികൾപോലും ഇപ്പോൾ അന്ധവിശ്വാസത്തിനടിമകളായി മാറുന്നതും അനാചാരങ്ങൾക്ക് വിധേയരാകുന്നതും നമ്മൾ കാണാറുണ്ട്. യുക്തിഭദ്രവും ശാസ്ത്രീയവുമായ സമന്വയത്തിലുള്ള ഒരു സത്യമാക്കി അറിവിനെ രൂപപ്പെടുത്തിയെടുക്കുകയെന്നത് അടിസ്ഥാനപരമായ നമ്മുടെ ചുമതലയായി മാറണം. എല്ലാം മാറ്റത്തിന് വിധേയമാണ്, മാറ്റമെന്നത് ശാസ്ത്രമാണ്. അദ്ധ്വാനത്തിൽ നിന്ന് അറിവ് രൂപപ്പെട്ടുവരുമ്പോഴാണ് അതിനൊരു യുക്തിഭദ്രതയുണ്ടാകുന്നത്. അനുഭവങ്ങളിൽനിന്നാണ് മനുഷ്യൻ അറിവ് രൂപപ്പെടുത്തിയെടുക്കുന്നത്. വർത്തമാനകാല സാഹചര്യത്തിൽ അദ്ധ്വാനത്തിലെല്ലാം വലിയ മാറ്റങ്ങൾ രൂപപ്പെട്ടുവരുന്ന സാഹചര്യമുണ്ട്. ഔപചാരിക വിദ്യാഭ്യാസത്തിലും അതിനനുസരിച്ചുള്ള മാറ്റങ്ങൾ വരുത്താനുള്ള കാഴ്ചപ്പാട് മുന്നോട്ടുവയ്ക്കേണ്ടതുണ്ട്.

അറിവിലൂടെ നമ്മൾ സമാഹരിച്ച ശാസ്ത്രസാങ്കേതിക മേന്മകളെപ്പോലും അന്ധവിശ്വാസത്തെ സാധൂകരിക്കാനുള്ള ഉപകരണങ്ങളാക്കി മാറ്റുകയാണ്. കമ്പ്യൂട്ടർ ജാതകം നിലവിൽവന്നു, ഓൺലൈൻ പൂജകൾ നടപ്പാക്കി, അത്തരത്തിലേയ്ക്കെല്ലാം കാര്യങ്ങൾ പൊയ്ക്കൊണ്ടിരിക്കുന്നു. ആധുനികകാലത്ത് ദൈവവിശ്വാസവുമായോ മതവിശ്വാസികളുമായോ അന്ധവിശ്വാസത്തിന് ഒരു ബന്ധവുമില്ലെന്ന് നമ്മൾ മനസ്സിലാക്കണം. ഇത്തരം അനാചാരങ്ങൾക്ക് മതവും ദൈവവുമായി ഒരു ബന്ധവുമില്ല. തികഞ്ഞ മതവിശ്വാസത്തിനും മതധർമ്മങ്ങൾക്കും പാവപ്പെട്ട ദൈവവിശ്വാസികളുടെ വിശ്വാസത്തിനുമെതിരാണ് ഇന്നു നമ്മൾ കണ്ടു കൊണ്ടിരിക്കുന്ന അനാചാരങ്ങളും അന്ധവിശ്വാസങ്ങളുമെന്ന് തിരിച്ചറിഞ്ഞുകൊണ്ട് എല്ലാ മതനിരപേക്ഷ സമൂഹത്തെയും രക്ഷിക്കുന്നതിനുവേണ്ടി, യഥാർത്ഥ ദൈവവിശ്വാസികളെയും മതവിശ്വാസികളെയും സംരക്ഷിക്കുന്നതിനുവേണ്ടി ഈ ബിൽ തുടർചർച്ചയ്ക്ക് വിധേയമാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

## (ii) 2021-ലെ കേരള സംസ്ഥാന അക്ഷയ സംരംഭക ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, 2021-ലെ കേരള സംസ്ഥാന അക്ഷയ സംരംഭക ക്ഷേമനിധി ബോർഡ് രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ബഹുമാനപ്പെട്ട എൻ. ഷംസുദ്ദീൻ അവതരണാനുമതി തേടിയ ബിൽ അക്ഷയ സെന്റർ നടത്തുന്ന സംരംഭകർക്കുള്ള ക്ഷേമത്തിനും സംരക്ഷണത്തിനും വേണ്ടിയുള്ള ഒരു ബിൽ എന്ന നിലയ്ക്കാണ് വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ സംസ്ഥാന സർക്കാരിന്റെ 25-2-2021-ലെ 24/2021/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം 2021-ലെ കേരളത്തിലെ ഐ.ടി., ഐ.ടി. അനുബന്ധ മേഖലയിലെ ജീവനക്കാരുടെയും സംരംഭകരുടെയും ക്ഷേമപദ്ധതി രൂപീകരിച്ചിട്ടുള്ളതും ആയതിന്റെ നടത്തിപ്പിനായി കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിനെ ചുമതലപ്പെടുത്തുകയും അതിന്റെ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. പ്രസ്തുത പദ്ധതിയുടെ ഖണ്ഡിക (2)-ന്റെ നിർവ്വചനപ്രകാരം, കേരളത്തിലെ ഐ.ടി., ഐ.ടി. അനുബന്ധ മേഖലയിലെ

എല്ലാത്തരം ജീവനക്കാരും സംരംഭകരും ഉൾപ്പെടുന്നതിനാൽ ഈ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന അക്ഷയ സെന്ററുകളും പ്രസ്തുത നിർവ്വചനത്തിലുൾപ്പെടുന്നതാണ്. അക്ഷയ സെന്റർ സംരംഭകർക്കും ഈ ക്ഷേമനിധിയിൽ അംഗത്വമെടുക്കാവുന്നതും പദ്ധതിയാനുകൂല്യങ്ങൾക്ക് അർഹരാകാവുന്നതുമാണ്. ഈ സാഹചര്യത്തിൽ അക്ഷയ സംരംഭകർക്കായി പ്രത്യേക ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നതിൽ പ്രസക്തിയില്ല. 2021-ലെ കേരളത്തിലെ ഐ.ടി., ഐ.ടി. അനുബന്ധ മേഖലയിലെ ജീവനക്കാരുടെയും സംരംഭകരുടെയും ക്ഷേമപദ്ധതിയിൽ അംഗത്വമെടുത്ത ജീവനക്കാർക്കും സംരംഭകർക്കും വിവിധ ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. ഇപ്പോൾ ഏകദേശം 3000 രൂപ പെൻഷനായി നൽകുന്നുണ്ട്. പതിനഞ്ച് വർഷം അംശദായം അടച്ച അംഗം മരണപ്പെടുകയോ പെൻഷൻ ലഭിക്കുന്ന അംഗം മരണപ്പെടുകയോ ചെയ്താൽ മിനിമം പെൻഷന്റെ പകുതിയോ വാങ്ങികൊണ്ടിരിക്കുന്ന പെൻഷന്റെ പകുതിയോ കുടുംബ പെൻഷനായി ലഭിക്കും. വിവാഹ ധനസഹായമായി പതിനായിരം രൂപയോളം നൽകുന്നുണ്ട്. പ്രസവാനുകൂല്യമായി 15,000 രൂപയും ഗർഭം അലസുന്ന ഘട്ടമുണ്ടായാൽ ചികിത്സയ്ക്ക് 2,500 രൂപയും നൽകുന്നു. വിദ്യാഭ്യാസാനുകൂല്യവും നൽകുന്നുണ്ട്. കലാ-കായിക-സാംസ്കാരിക രംഗത്ത് പ്രാഗത്ഭ്യം തെളിയിക്കുന്ന, ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് സ്കോളർഷിപ്പും മറ്റ് പ്രത്യേക ധനസഹായങ്ങളും നൽകുന്നുണ്ട്. അതുപോലെ മൂന്ന് വർഷം അംശദായം അടച്ച അംഗത്തിനും കുടുംബത്തിനും സർക്കാർ അംഗീകൃത/സർക്കാർ ആശുപത്രികളിലെ കിടത്തി ചികിത്സയ്ക്ക് പരമാവധി 15,000 രൂപ വ്യവസ്ഥ ചെയ്യുന്നുണ്ട്. മരണാനന്തര സഹായമായി 5,000 രൂപ മുതൽ 20,000 രൂപവരെ നൽകുന്നുണ്ട്. ഒരു വർഷമെങ്കിലും ക്ഷേമനിധിയിലേയ്ക്ക് തുടർച്ചയായി അംശദായം അടച്ച അംഗമോ കുടുംബാംഗമോ മരണപ്പെട്ടാൽ മരണാനന്തര ചെലവുകൾക്കായി 5,000 രൂപ നൽകും.

മേൽവിവരിച്ച വിവിധ ആനുകൂല്യങ്ങൾ കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ള സാഹചര്യത്തിൽ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരിക്കുംവിധം സംസ്ഥാനത്ത് അക്ഷയ സെന്ററുകൾ നടത്തുന്ന സംരംഭകരുടെ ക്ഷേമത്തിനും സംരക്ഷണത്തിനുംവേണ്ടി ഇപ്പോൾ ഒരു പ്രത്യേക ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നതിൽ പ്രസക്തിയില്ലെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നമ്മുടെ നാട്ടിലെ അക്ഷയ സംരംഭകർക്കുവേണ്ടി പ്രത്യേകമായി ക്ഷേമനിധി ബോർഡ് രൂപീകരിക്കണമെന്ന ആവശ്യമാണുള്ളത്. വിവരസാങ്കേതികവിദ്യ മനുഷ്യജീവിതത്തിന്റെ എല്ലാ

തലങ്ങളെയും സ്പർശിച്ചുകൊണ്ടിരിക്കുകയാണ്. ഈ കാലഘട്ടത്തിൽ ഈ മേഖലയിലെ സേവനങ്ങൾ സംസ്ഥാനത്തെ ജനങ്ങളിൽ പരമാവധി എത്തിച്ചുകൊടുക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നത് അക്ഷയ സംരംഭകരാണ്. സംസ്ഥാനത്ത് മൂവായിരത്തിയഞ്ഞൂറോളം അക്ഷയ സംരംഭകരാണുള്ളത്. ബിരുദവും ബിരുദാനന്തര ബിരുദവുമുള്ളവരൊക്കെയാണ് അക്ഷയ സംരംഭകരായി പ്രവർത്തിക്കുന്നത്. മലപ്പുറം ജില്ലാ പഞ്ചായത്താണ് അക്ഷയ സംരംഭങ്ങൾക്ക് തുടക്കം കുറിച്ചത്. പിന്നീടത് സംസ്ഥാനം മുഴുവനും വ്യാപിച്ചു. ഞാൻ അതിന്റെ ചരിത്രത്തിലേയ്ക്ക് കടക്കുന്നില്ല. ഏതായാലും അക്ഷയ കേന്ദ്രങ്ങളിലെ ജീവനക്കാർക്ക് വളരെ തുച്ഛമായ വരുമാനമാണ് ലഭിക്കുന്നത്. അവർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളൊന്നുമില്ല. അവർ ചെയ്യുന്ന സേവനത്തിനുള്ള ഫീസുമാത്രമാണ് വരുമാനമായി ലഭിക്കുന്നത്. മറ്റൊരു ആനുകൂല്യമോ സർക്കാർ സംരക്ഷണമോ അവർക്കില്ല. കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്ടിന്റെ പരിധിയിൽ ഐ.ടി. സംരംഭകരെയും ഉൾപ്പെടുത്തിയിട്ടുണ്ടെന്നാണ് പറയുന്നത്. പുതിയ ക്ഷേമനിധികൾക്കുവേണ്ടിയുള്ള ആവശ്യം ഉന്നയിക്കുമ്പോഴൊക്കെ അതെല്ലാം കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്ടിന്റെ പരിധിയിലുണ്ടെന്നാണ് സർക്കാരിന്റെ ഭാഗത്തുനിന്നുള്ള മറുപടി. എന്നാൽ അങ്ങനെയല്ല, പുതിയ തൊഴിൽ മേഖലകൾ ശക്തിപ്പെട്ടുവരുമ്പോൾ ആ മേഖലകളിലെ തൊഴിലാളികൾക്ക് കൂടുതൽ ഫോക്കസ് ലഭിക്കണമെങ്കിൽ അവർക്കായി ചില ക്ഷേമപദ്ധതികളും പെൻഷനും ക്ഷേമനിധിയുമൊക്കെ ഉണ്ടാകണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. ഏകദേശം സംരംഭകരും ഇരുപത് വർഷത്തിലധികമായി ഈ മേഖലയിൽ പ്രവർത്തിക്കുന്നവരാണ്. സ്ത്രീകൾക്ക് കൈകാര്യം ചെയ്യാവുന്ന ഒരു മേഖലയായതിനാൽ ധാരാളം സ്ത്രീ സംരംഭകരുമുണ്ട്. ഈ കാലഘട്ടത്തിൽ ഇവർക്ക് ഒരു ക്ഷേമനിധി ആവശ്യമാണ്. കേരളത്തിൽ ഇന്ന് ഇ-ഗവേണൻസ് പദ്ധതി വളരെ വ്യാപകമായി നടക്കുകയാണ്. എല്ലാ സർട്ടിഫിക്കറ്റുകളും സേവനങ്ങളുമൊക്കെ ഓൺലൈനായാണ് ലഭിക്കുന്നത്. അതിനാൽ സാധാരണക്കാർക്കും ഉയർന്ന വിദ്യാഭ്യാസമില്ലാത്തവർക്കും നിരന്തരം ആശ്രയിക്കാൻ കഴിയുന്നത് അക്ഷയ കേന്ദ്രങ്ങളെയാണ്. അക്ഷയ സംരംഭകർക്ക് ആനുകൂല്യങ്ങളും വരുമാനവുമില്ല, കൂടാതെ പുതിയ സർവ്വീസ് സെന്ററുകൾ വ്യാപകമായിവരുന്നതുകൊണ്ട് അക്ഷയ സംരംഭങ്ങൾ നടത്തിക്കൊണ്ടുപോകാനും വളരെയേറെ പ്രയാസപ്പെടുന്നുണ്ട്. അതുകൊണ്ട് ആനുകൂല്യവും സംരക്ഷണവും നൽകി അവരെ ഈ മേഖലയിൽ നിലനിർത്താൻവേണ്ടി സർക്കാരിന്റെ ഭാഗത്തുനിന്നും ശ്രമമുണ്ടാകണം. പൊതുവിൽ എല്ലാവർക്കും കൂടിയുള്ള കേരള

ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്ടിന്റെ പരിധിയിലുള്ള സംരക്ഷണം മാത്രം പോര. അതിനാണ് അക്ഷയ സംരംഭകർക്കായുള്ള ക്ഷേമനിധി ബോർഡ് എന്ന ആശയം ഞങ്ങൾ മുന്നോട്ടുവയ്ക്കുന്നത്. മറ്റെല്ലാ ക്ഷേമനിധികളെയും പോലെ സംരംഭകരിൽനിന്ന് ഒരു വിഹിതവും അത്രയും വിഹിതംതന്നെ സർക്കാരും ഏറ്റെടുത്ത് കേരള സംസ്ഥാന അക്ഷയ സംരംഭക ക്ഷേമനിധി ബോർഡ് രൂപീകരിക്കണം. ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്ക് അറുപത് വയസ്സിനുശേഷം പെൻഷൻ നൽകുന്ന വിധത്തിലായിരിക്കണം ക്രമീകരണം. വിവാഹം, വിദ്യാഭ്യാസം, മരണം തുടങ്ങിയവയ്ക്കെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളും നൽകാനും ആവശ്യമുള്ള ഘട്ടങ്ങളിൽ പലിശരഹിത വായ്പ നൽകാനും സാധിക്കണം. ഇന്നത്തെ പ്രധാനപ്പെട്ട പ്രശ്നം ചികിത്സാ സൗകര്യങ്ങളുണ്ടാകുക എന്നുള്ളതാണ്. അതിനാൽ സംരംഭകന്റെയും കുടുംബത്തിന്റെയും ആരോഗ്യ പരിരക്ഷയ്ക്കായി മെഡിക്കൽ ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്തണമെന്നും ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഒരു ഗസറ്റ് വിജ്ഞാപനം വഴി നമുക്ക് ഏത് ബോർഡും രൂപീകരിക്കാൻ സാധിക്കും. തൊഴിൽ, ഐ.ടി. വകുപ്പ് സെക്രട്ടറിമാർ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ചെയർമാൻ, സർക്കാർ നിയമിക്കുന്ന മാനേജിംഗ് ഡയറക്ടർ, ധനകാര്യം, നിയമം എന്നീ വകുപ്പുകളിലെ ഓരോ പ്രതിനിധികൾ, സർക്കാർ നോമിനേറ്റ് ചെയ്യുന്ന അഞ്ച് പ്രതിനിധികൾ എന്നിവർ ബോർഡിൽ അംഗങ്ങളാകണമെന്നാണ് ബില്ലിൽ നിർദ്ദേശിക്കുന്നത്. ഇതൊക്കെ എല്ലാ ക്ഷേമനിധിയിലുമുള്ളതാണ്. ഇത് ഐ.ടി.-യുമായി ബന്ധപ്പെട്ടതായതുകൊണ്ട് ബോർഡ് അംഗങ്ങളിൽ ഐ.ടി. മിഷൻ ഡയറക്ടറും സംരംഭകർ തെരഞ്ഞെടുക്കുന്ന മൂന്ന് പ്രതിനിധികളുമുണ്ടാകണം. കാരണം, നമ്മുടെ ക്ഷേമനിധി ബോർഡുകളിലൊന്നും അതത് മേഖലകളിൽനിന്നുള്ള പ്രതിനിധികളില്ല. ഇന്നത്തെ കാലഘട്ടത്തിൽ ഓൺലൈൻ സംവിധാനമൊക്കെയുള്ളതുകൊണ്ട് സംരംഭകർ തെരഞ്ഞെടുക്കുന്ന ഒരു പ്രതിനിധിയെക്കൂടി ബോർഡിൽ കൊണ്ടുവരികയെന്നുള്ളത് വളരെ എളുപ്പമാണ്. കൂടാതെ സംസ്ഥാന ബോർഡിനോടൊപ്പം ജില്ലാ സമിതികളും ജില്ലാ ലേബർ ഓഫീസർ അദ്ധ്യക്ഷനായി ജില്ലാടിസ്ഥാനത്തിൽ ഉപസമിതികളും രൂപീകരിക്കണം. അതിലേയ്ക്ക് സർക്കാരിന് മൂന്ന് അംഗങ്ങളെ നോമിനേറ്റ് ചെയ്യാവുന്നതുമാണ്. ഈ മൂന്ന് അംഗങ്ങളും ജില്ലാ ഉപസമിതികളിൽനിന്നും അക്ഷയ സംരംഭകരിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടവരായിരിക്കണം. ഭാവിയിൽ വളരെയേറെ സാധ്യതകളുള്ളതും ജനങ്ങൾ ആശ്രയിക്കേണ്ടി വരുന്നതുമായ വളർന്നുവരുന്ന ഈ പുതിയ മേഖലയ്ക്ക് സർക്കാർ വർഷാവർഷങ്ങളിൽ ബഡ്ജറ്റിലൂടെ ഗ്രാന്റ് നൽകണമെന്നും ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്.

ഏത് മേഖലയിലും പുതിയൊരു ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്ന കാര്യം പറയുമ്പോൾ സർക്കാർ നൽകുന്ന മറുപടി, ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ അത് വേറൊരു ആക്ടിന്റെ പരിധിയിൽവരുന്നുണ്ട്, അതുകൊണ്ട് പ്രത്യേകമായി ഒരു ബോർഡ് വേണ്ട എന്നാണ്. അതിൽ ഞാൻ രാഷ്ട്രീയമൊന്നുമല്ല പറയുന്നത്. പ്രതിപക്ഷ-ഭരണപക്ഷ വാഗ്വാദങ്ങളുടെ പ്രശ്നം അനൗദ്യോഗിക ബില്ലുകളുടെ കാര്യത്തിൽ ഇല്ലല്ലോ. ഈ മേഖലയ്ക്ക് ഫോക്കസ് കിട്ടുന്നതിനായി ഓരോന്നും ഡിവൈഡ് ചെയ്യുന്നതാണ് നല്ലത്. ആദ്യം സംസ്ഥാനത്ത് ഒരു സർവ്വകലാശാല മാത്രമേയുണ്ടായിരുന്നുള്ളൂ. ഇപ്പോൾ സബ്ജക്ടിനനുസരിച്ച് സർവ്വകലാശാലകൾ രൂപീകരിച്ചു; ആരോഗ്യ സർവ്വകലാശാല, ശാസ്ത്രസാങ്കേതിക സർവ്വകലാശാല, മലയാള സർവ്വകലാശാല, സംസ്കൃത സർവ്വകലാശാല തുടങ്ങിയവ രൂപീകരിച്ചു. ഓരോ മേഖലയിലും പ്രത്യേക ഫോക്കസ് ലഭിക്കുന്നതിനുവേണ്ടിയാണ് അങ്ങനെ ചെയ്തത്. വിവിധ തൊഴിൽ മേഖലകൾ കാലഘട്ടത്തിനനുസരിച്ച് ശക്തിപ്പെട്ടുവരുമ്പോൾ ആ മേഖലകളെ പരിപോഷിപ്പിക്കാൻവേണ്ടി പുതിയ ക്ഷേമനിധി ബോർഡുകൾ രൂപീകരിക്കണം.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, സർക്കാരിന്റെ പല ആനുകൂല്യങ്ങളെക്കുറിച്ചും സാധാരണക്കാർക്ക് അറിയുന്നതിനും അത് നേടിയെടുക്കുന്നതിനും അക്ഷയ കേന്ദ്രങ്ങൾ വഹിക്കുന്ന പങ്ക് അതുല്യമാണ്. അതുകൊണ്ട് അക്ഷയ സംരംഭകരെ സർക്കാർ ജീവനക്കാരായി പരിഗണിക്കണമെന്ന അഭിപ്രായം താങ്കൾക്കുണ്ടോ?

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ബഹുമാനപ്പെട്ട എൻ. എ. നെല്ലിക്കുന്ന് അംഗം മുന്നോട്ടുവച്ച നിർദ്ദേശം നല്ലതാണ്. ഇങ്ങനെയൊക്കെയാണ് ഓരോ നിർദ്ദേശങ്ങളും വരുന്നത്. ജനങ്ങൾ കരുതുന്നത് അക്ഷയ എന്നത് സർക്കാരിന്റെ ഒരു സ്ഥാപനമാണെന്നാണ്. കാരണം, ഇന്ന് എല്ലാ സർക്കാർ സർവ്വീസിന്റെയും ഒരു ഏജൻസി പോലെയാണ് അക്ഷയ സംരംഭങ്ങൾ പ്രവർത്തിക്കുന്നത്. ബഹുമാനപ്പെട്ട അംഗം മുന്നോട്ടുവച്ച നിർദ്ദേശം സർക്കാരിന് പരിഗണിക്കാവുന്നതാണ്. കാരണം, ഈ മേഖലയിലെ ഭൂരിഭാഗം ജീവനക്കാരും 20 വർഷമായി പ്രവർത്തിക്കുന്നവരാണ്. അതുകൊണ്ട് അക്ഷയ സംരംഭകരെ സർക്കാർ ജീവനക്കാരായി പരിഗണിക്കുന്നത് ഏറെ ഗുണകരവും പ്രോത്സാഹനജനകവുമാണെന്ന് സൂചിപ്പിക്കുകയാണ്. വിപുലമായ ചർച്ചകൾ ആവശ്യമായ വിഷയമായതിനാൽ തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കാവുന്നതാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

## (iii) 2021-ലെ കേരള ഉച്ചഭാഷിണി വെളിച്ച സംവിധാന തൊഴിലാളി ക്ഷേമനിധി ബിൽ

ശ്രീ. ടി. ജെ. വിനോദ്: സർ, 2021-ലെ കേരള ഉച്ചഭാഷിണി വെളിച്ച സംവിധാന തൊഴിലാളി ക്ഷേമനിധി ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ബഹുമാനപ്പെട്ട അംഗം ടി. ജെ. വിനോദ് അവതരണാനുമതി തേടിയിട്ടുള്ള 2021-ലെ കേരള ഉച്ചഭാഷിണി വെളിച്ച സംവിധാന തൊഴിലാളി ക്ഷേമനിധി ബിൽ; സംസ്ഥാനത്ത് ഉച്ചഭാഷിണി, വെളിച്ച സംവിധാനമൊരുക്കൽ, പന്തൽ, കമാനം ഒരുക്കൽ എന്നിവയുമായി ബന്ധപ്പെട്ട തൊഴിലാളികൾക്ക് പ്രത്യേക ക്ഷേമനിധി രൂപീകരിക്കുന്നതിനാണ്. വെളിച്ചം, ഉച്ചഭാഷിണി, പന്തൽ എന്നിവ സംബന്ധിച്ച സേവനം നൽകുന്ന സ്ഥാപനങ്ങളെല്ലാംതന്നെ 1960-ലെ കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ടിന്റെ പരിധിയിൽപ്പെട്ടതാണ്. 2006-ലെ കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്ടിലെ വകുപ്പ് 2 (ഡി)-ലെ 'തൊഴിലുടമ' എന്ന നിർവ്വചനത്തിൽ ശബ്ദവും വെളിച്ചവും അലങ്കാരവും ലഭ്യമാക്കുന്ന സ്ഥാപനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിയമത്തിലെ വകുപ്പ് 2 (ജി)-യിലെ 'തൊഴിലാളി' എന്ന നിർവ്വചനത്തിൽ ശബ്ദവും വെളിച്ചവും അലങ്കാരവും ലഭ്യമാക്കുന്ന സ്ഥാപനങ്ങളിലെ നേരിട്ടോ ഏജന്റ് മുഖേനയോ കരാർ വ്യവസ്ഥയിലോ സ്വയംതൊഴിൽ ചെയ്യുന്ന എല്ലാത്തരം തൊഴിലാളികളുമുൾപ്പെടും. പ്രസ്തുത ക്ഷേമനിധിയിൽ അംഗമാകുന്ന തൊഴിലാളികൾക്ക് പദ്ധതിയുടെ എല്ലാ ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്. കേരള ഉച്ചഭാഷിണി വെളിച്ച സംവിധാന തൊഴിലാളി ക്ഷേമനിധി ബില്ലിൽ ഉൾപ്പെട്ട എല്ലാത്തരം തൊഴിലാളികൾക്കും പ്രസ്തുത മേഖലയിൽ സ്വയംതൊഴിൽ ചെയ്യുന്നവർക്കും കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്നതിനും പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനും അർഹതയുള്ളതിനാൽ ഇപ്പോൾ ഈ ബില്ലിന് പ്രസക്തിയില്ല. ഈ ക്ഷേമനിധിയിൽനിന്നും നിരവധി ആനുകൂല്യങ്ങൾ ലഭ്യമാകുന്നുണ്ട്. 60 വയസ് പൂർത്തിയാകുന്ന അംഗത്തിന് 3,000 രൂപ പെൻഷൻ ലഭിക്കും. 15 വർഷം അംശദായം അടച്ച അംഗം മരണപ്പെടുകയോ പെൻഷൻ ലഭിക്കുന്ന അംഗം മരണപ്പെടുകയോ ചെയ്താൽ മിനിമം പെൻഷന്റെ പകുതിയോ

വാങ്ങിക്കൊണ്ടിരിക്കുന്ന പെൻഷന്റെ പകുതിയോ കുടുംബ പെൻഷൻ അനുവദിക്കും. വിദ്യാഭ്യാസം, വിവാഹം, പ്രസവം എന്നിവയ്ക്കും ധനസഹായം ലഭിക്കുന്നുണ്ട്. 3 വർഷം അംശദായം അടച്ച അംഗത്തിനും കുടുംബത്തിനും പരമാവധി 10,000 രൂപ സർക്കാർ ആശുപത്രിയിൽ കിടന്നുള്ള ചികിത്സയ്ക്ക് വ്യവസ്ഥ ചെയ്യുന്നുണ്ട്. മരണാനന്തര സഹായമായി 5,000 രൂപ മുതൽ 20,000 രൂപവരെയും 3 വർഷംവരെ അംശദായം അടച്ച അംഗത്തിന്റെ കുടുംബത്തിന് മരണാനന്തര ചെലവിനായി 5,000 രൂപയും നൽകുന്നുണ്ട്. മേൽപ്പറഞ്ഞ വിഭാഗം തൊഴിലാളികൾക്ക് നിലവിലുള്ള നിയമപ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട അംഗം ടി. ജെ. വിനോദ് അവതരണാനുമതി തേടിയ കേരള ഉച്ചഭാഷിണി വെളിച്ച സംവിധാന തൊഴിലാളി ക്ഷേമനിധി ബില്ലിന് പ്രസക്തിയില്ല എന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

ശ്രീ. ടി. ജെ. വിനോദ്: സർ, പൊതുപ്രവർത്തകരെ സംബന്ധിച്ചിടത്തോളം ഒഴിച്ചുകൂടാനാകാത്ത ഒരു വിഭാഗമാണ് ലൈറ്റ് ആൻഡ് സൗണ്ട് മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളും തൊഴിലുടമകളും. കേരളത്തിൽ കോവിഡിന്റെ രണ്ടാം വരവിനെത്തുടർന്ന് ഈ മേഖലയിലെ അഞ്ച് തൊഴിലാളികൾ ആത്മഹത്യ ചെയ്ത സാഹചര്യം ഒരിക്കലും വിസ്മരിക്കാൻ കഴിയില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ ലൈറ്റ് ആൻഡ് സൗണ്ട് മേഖലയിൽ പ്രവർത്തിക്കുന്നവരെ കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്ടിന്റെ കീഴിലാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് പറയുകയുണ്ടായി. ഈ മേഖലയിൽ ഏകദേശം 18,328 സ്ഥാപന ഉടമകളും 2,19,936 തൊഴിലാളികളുമുൾപ്പെടെ 2,38,264 പേരാണുള്ളത്. അതിൽ ഏറ്റവും കൂടുതൽ മലപ്പുറം ജില്ലയിലാണുള്ളത്. അവരുടെ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും പരിഹരിക്കാൻ കഴിയുന്ന രീതിയിൽ ഒരു ക്ഷേമനിധി ബോർഡ് ഉണ്ടാകണമെന്നത് ഒരു കാരണവശാലും അധികമായ ഒരു ആഗ്രഹമായി പരിഗണിക്കാൻ കഴിയില്ലെന്നുള്ളതാണ് സഭയുടെ മുമ്പാകെ സൂചിപ്പിക്കാനുള്ളത്. പൊതുപ്രവർത്തകരുമായി വളരെ അടുത്ത ബന്ധം പുലർത്തുന്നവരാണ് ലൈറ്റ് ആൻഡ് സൗണ്ട് മേഖലയുമായി ബന്ധപ്പെട്ടയാളുകൾ. ഇവരില്ലെങ്കിൽ പൊതുപ്രവർത്തകർക്ക് യാതൊരു പ്രാധാന്യവുമില്ല. പ്രാചീന കാലഘട്ടത്തിൽ പൊതുപ്രവർത്തകർ കടലാസ് ചുരുട്ടിയാണ് പ്രസംഗിച്ചിരുന്നത്. പൊതുസമൂഹത്തിനിടയിൽ നമ്മുടെ സംസാരം കൂടുതൽ വ്യാപിപ്പിക്കാൻ കഴിയുന്നത് ലൈറ്റ് ആൻഡ് സൗണ്ട് രംഗത്ത് പ്രവർത്തിക്കുന്ന ആളുകളുടെ സേവനം പ്രയോജനപ്പെടുത്തുന്നതിലൂടെയാണ്. സ്വാഭാവികമായും അവർ ഇന്ന് വളരെ ദുരിതമനുഭവിക്കുകയാണ്. ലക്ഷക്കണക്കിന് രൂപ മുതൽമുടക്കിയ അവർ കോവിഡിന്റെ പശ്ചാത്തലത്തിൽ ഒരു പ്രവൃത്തിയും ചെയ്യാൻ കഴിയാതെ ജീവിതം

മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കാത്ത ചുറ്റുപാടിലൂടെയാണ് കടന്നുപോകുന്നത്. അതുകൊണ്ടാണ് ഈ മേഖലയിൽ പ്രവർത്തിക്കുന്ന അഞ്ച് ആളുകൾ മരണപ്പെടാനിടയായത്. അതുകൊണ്ട് ഈ ജനവിഭാഗത്തിന്റേതായ ഒരു ക്ഷേമനിധിയുണ്ടാക്കി അതിന്റെ പ്രയോജനം ലഭ്യമാക്കുന്നതിനുള്ള സൗകര്യമൊരുക്കി ക്കൊടുക്കേണ്ടത് പൊതുപ്രവർത്തകരെന്നുള്ള നിലയിൽ അവരോട് ചെയ്യാൻ കഴിയുന്ന ഏറ്റവും വലിയ നീതിയാണ്.

ഇന്ത്യയിലെ മറ്റ് നിയമസഭകൾക്ക് മാതൃകയാണ് കേരളനിയമസഭ. വർഷത്തിൽ ഏറ്റവും കൂടുതൽ ദിവസങ്ങളിൽ സമ്മേളിക്കുന്ന ഒരു സഭയാണ് നമ്മുടേത്. ഒരു വർഷം ഏകദേശം 53 ദിവസം സഭ ചേരുന്നുവെന്നുള്ളതാണ് ഈ സഭയുടെ പ്രത്യേകത. 37 സഭാസമിതികളുള്ളതും ഏറ്റവും കൂടുതൽ ക്ഷേമനിധി നിയമങ്ങൾ പാസ്സാക്കിയിട്ടുള്ളതുമായ ഒരു സഭയാണിത്. ഏകദേശം 2019 അംഗങ്ങൾ മാത്രമുള്ള കേരള ടോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് നമ്മൾ രൂപീകരിച്ചിട്ടുണ്ട്. ക്ഷേമനിധി ബോർഡുമായി ബന്ധപ്പെട്ട് 29 ബില്ലുകൾ കേരള നിയമസഭ പാസ്സാക്കിയിട്ടുണ്ട്. 1969-ൽ പാസ്സാക്കിയ കേരള ടോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബിൽ മുതൽ 2019-ൽ പാസ്സാക്കിയ മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബിൽ വരെ ഇതിലുൾപ്പെടുന്നു. ലൈറ്റ് ആൻഡ് സൗണ്ട് മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ഒരുപാട് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. എന്നാൽ കോവിഡ് വന്നതിനെത്തുടർന്ന് ക്ഷേമനിധി ബോർഡിൽനിന്നും ഒരാനുകൂല്യവും കാര്യമായി നൽകിയിട്ടില്ലെന്നാണ് എന്റെ അറിവ്. സ്വാഭാവികമായും കോവിഡിന്റെ കാലഘട്ടത്തിൽ അവരെല്ലാം വളരെയധികം ബുദ്ധിമുട്ടനുഭവിക്കുകയാണ്. അതുകൊണ്ടാണ് ലൈറ്റ് ആൻഡ് സൗണ്ട് മേഖലയിലുള്ള അഞ്ച് ആളുകൾ ആത്മഹത്യ ചെയ്യപ്പെടാനിടയായ സാഹചര്യത്തെക്കുറിച്ച് സൂചിപ്പിച്ചത്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, വളരെ പ്രസക്തമായ ഒരു ബില്ലിനെക്കുറിച്ചാണ് താങ്കൾ ഇവിടെ സംസാരിക്കുന്നത്. നിയമസഭതന്നെ ലൈറ്റും സൗണ്ടും ഇല്ലെങ്കിൽ പ്രവർത്തിപ്പിക്കാൻ കഴിയില്ല. ആ മേഖലയിലെ അഞ്ച് ആളുകൾ ആത്മഹത്യചെയ്തത് സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു; ഏറ്റവുമൊടുവിൽ കണ്ണൂർ ജില്ലയിലെ ഒരു ലൈറ്റ് ആൻഡ് സൗണ്ട് ഉടമയായ മനോജ് 04-8-2021-ൽ ആത്മഹത്യ ചെയ്തു. മൂന്നര ലക്ഷത്തോളം ആളുകളെ ബാധിക്കുന്ന ഒരു കാര്യമാണ്. രാഷ്ട്രീയ ജീവിതത്തിൽ നമ്മളുമായി ഏറ്റവും അടുത്ത് ബന്ധപ്പെട്ട് നിൽക്കുന്ന ആളുകളാണിവർ. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ അവർ അംഗങ്ങളാണെന്നാണ് പറഞ്ഞത്. ഈ

മേഖലയിലെ തൊഴിലാളിയും തൊഴിൽദാതാവും ഒരാൾ തന്നെയാണ്. ഇവിടെ രണ്ട് വിഭാഗമൊന്നുമില്ല. മാത്രമല്ല പ്രസ്തുത ക്ഷേമനിധി ബോർഡിൽ തൊഴിലുടമയ്ക്കും തൊഴിലാളിക്കും ഒരേ സമയം അംഗമാകാൻ കഴിയുന്നതരത്തിലുള്ള വ്യവസ്ഥകളും നിയമത്തിലില്ല. ആ സാഹചര്യത്തിൽ ഇവർക്കായുള്ള ബില്ലിന് പ്രസക്തി വർദ്ധിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ ജീവിതത്തിന്റെ ഒരുപാട് ആഘോഷങ്ങളും സന്തോഷങ്ങളും കോവിഡ് കെടുത്തിക്കളഞ്ഞു. പൊതുജീവിതത്തിന്റെ വർണ്ണാഭമായ ചിത്രങ്ങളെന്നുപറയുന്നത് സമ്മേളനങ്ങൾ, പ്രചരണ ജാഥകൾ, മറ്റ് പരിപാടികൾ എന്നിവയൊക്കെയാണ്. ഇതെല്ലാം സംഘടിപ്പിക്കുന്നതിൽ ഏറ്റവും പ്രധാനപ്പെട്ട ഘടകം ലൈറ്റും സൗണ്ടും പ്രചരണ ഗാനങ്ങളുമൊക്കെയാണ്. അതൊക്കെ ഇന്ന് നിശ്ചലമായി. അതുപോലെതന്നെ വിവാഹ പാർട്ടികളും മറ്റുമെല്ലാം നിലച്ചതോടുകൂടി ജോലി നഷ്ടപ്പെട്ട ഒരു വിഭാഗത്തിനുവേണ്ടിയാണ് അങ്ങിവിടെ ശബ്ദിച്ചുകൊണ്ടിരിക്കുന്നത്. അവർക്ക് ഒരു ക്ഷേമനിധി ബോർഡ് വേണമെന്നതുപോലെതന്നെ കോവിഡിന്റെ പശ്ചാത്തലത്തിൽ അവർക്ക് സർക്കാർ ഇടക്കാലാശ്വാസമായി സാമ്പത്തിക സഹായം നൽകണമെന്ന അഭിപ്രായം ന്യായമല്ലേ; അങ്ങേയ്ക്ക് അങ്ങനെ അഭിപ്രായമില്ലേ?

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, തീർച്ചയായും. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, ജനനം മുതൽ മരണം വരെ ഒരു വ്യക്തിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരാണ് ഈ വിഭാഗത്തിൽപ്പെട്ടവർ. അതുകൊണ്ടുതന്നെ അവർക്ക് പ്രത്യേകമായ പരിഗണന നൽകണമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കോവിഡ് -19 മഹാമാരിയുടെ ഒന്നാം ഘട്ടത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിച്ച ലോക്ഡൗൺ കാലത്ത് തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് സാമ്പത്തികഭദ്രത കുറഞ്ഞ ക്ഷേമനിധി ബോർഡുകൾ 1000 രൂപ മുതൽ 3000 രൂപ വരെയാണ് നൽകിയത്. രണ്ടാം അടച്ചിടലിൽ 1000 രൂപ വീതം നൽകി. സാധനങ്ങൾക്ക് വിലകൂടിയ ഈ കാലഘട്ടത്തിൽ 1000 രൂപ കൊണ്ട് ഒരു കുടുംബം എങ്ങനെയാണ് ജീവിക്കുന്നത്. പല കുടുംബങ്ങളും സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് മുന്നോട്ടുപോകുന്നത്. അവർക്കൊരു ക്ഷേമനിധി ബോർഡുണ്ടായാൽ വിവാഹമോ മരണമോ മറ്റെന്തെങ്കിലും ആവശ്യമോ വന്നാൽ സഹായം നൽകാനും 60 വയസ്സ് കഴിഞ്ഞവർക്ക് പെൻഷൻ നൽകാനും മക്കളുടെ വിദ്യാഭ്യാസത്തിനായി ആനുകൂല്യങ്ങൾ നൽകാനും കഴിയുന്നതിലൂടെ ഒട്ടനവധി പ്രവർത്തനങ്ങൾ ഈ മേഖലയിലുള്ളവർക്ക് ലഭ്യമാക്കാൻ സാധിക്കും.

ശ്രീ. എം. വിൻസെന്റ്: സർ, അങ്ങ് ആത്മഹത്യകളെക്കുറിച്ച് പറഞ്ഞു. ഇന്ന് എന്റെ നിയോജകമണ്ഡലത്തിൽ ബേക്കറി നടത്തുന്ന മുരുകൻ എന്ന ആൾ ആത്മഹത്യ ചെയ്തു. നിയന്ത്രണങ്ങൾ എടുത്തുകളയുമെന്ന രീതിയിൽ കഴിഞ്ഞ ദിവസം കൊണ്ടുവന്ന പുതിയ ഉത്തരവ് അദ്ദേഹത്തെ ആത്മഹത്യയിലേയ്ക്ക് നയിച്ച ഒരു കാരണമായി മാറിയേക്കാം. ഇക്കഴിഞ്ഞ ഒന്നര വർഷക്കാലമായി പ്രവർത്തിക്കാതിരിക്കുന്നതുമൂലം ലൈറ്റ് ആൻഡ് സൗണ്ട് മേഖലയിൽ പ്രവർത്തിക്കുന്നവരുടെ കോടിക്കണക്കിന് രൂപയുടെ സാധനങ്ങൾ നശിച്ചുപോകുന്നതായി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവയ്ക്ക് നഷ്ടപരിഹാരം നൽകണമെന്നതും ഈ ഓണക്കാലത്ത് അവർക്ക് സാമ്പത്തിക സഹായം നൽകണമെന്നതും അങ്ങയുടെ ശ്രദ്ധയിൽപ്പെടുന്നുണ്ടോ?

ശ്രീ. ടി. ജെ. വിനോദ്: സർ, തീർച്ചയായും. ബഹുമാനപ്പെട്ട എം. വിൻസെന്റ് പറഞ്ഞതുപോലെ ലൈറ്റ് ആൻഡ് സൗണ്ട് മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് അടിയന്തരമായി 5000 രൂപയെങ്കിലും ധനസഹായം അനുവദിക്കണം. അവർക്കായി പ്രത്യേക ക്ഷേമനിധി രൂപീകരിക്കണമെന്നുള്ളതുകൊണ്ട് വിശദമായ ചർച്ചയ്ക്ക് വിധേയമാക്കുന്നതിനായി ഈ ബിൽ തുടർ ചർച്ചയ്ക്ക് മാറ്റി വയ്ക്കണമെന്നാണ് എന്റെ അഭിപ്രായം.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

## (iv) 2021-ലെ കേരള മിശ്ര വിവാഹിത കുടുംബസംരക്ഷണ ബിൽ

ശ്രീ. എം. രാജഗോപാലൻ: സർ, 2021-ലെ കേരള മിശ്ര വിവാഹിത കുടുംബസംരക്ഷണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, തികച്ചും സാമൂഹ്യപ്രസക്തിയുള്ള ഒരു വിഷയം തന്നെയാണ് ബഹുമാനപ്പെട്ട അംഗം ഈ പ്രമേയത്തിൽ പരാമർശിച്ചിട്ടുള്ളത്. മതേതരത്വത്തിലധിഷ്ഠിതമായ ഭരണഘടന നിലനിൽക്കുന്ന ഒരു ജനാധിപത്യ രാജ്യമാണ് ഇന്ത്യ. പക്ഷേ ഇപ്പോഴും സങ്കുചിതമായ ജാതി-മത മതിൽക്കെട്ടിനകത്തുതന്നെയാണ് വിവാഹങ്ങൾ നടന്നുവരുന്നതെന്നുള്ളത് അത്യന്തം ഖേദകരമാണ്. വലിയൊരു വിഭാഗം ഇന്ത്യക്കാരും 21-ാം നൂറ്റാണ്ടിലെ ഉത്തരാധുനിക ജീവിത സാഹചര്യങ്ങളിലും ആയിരക്കണക്കിന് വർഷങ്ങൾ പഴക്കമുള്ള ചാതുർവർണ്യ

സാമൂഹ്യഘടനയെ ഉള്ളിൽപേറി ജീവിക്കുകയും ജാതീയവും മതപരവുമായിട്ടുള്ള വിഭാഗീയതകളെ കൂടെക്കൊണ്ടുനടക്കുകയുമാണ്. അതിയാഥാസ്ഥിതികവും അറുപഴഞ്ചനുമായിട്ടുള്ള ആന്തരികഘടനയെ മാറ്റിപ്പണിയാൻ നമുക്കിനിയും കഴിഞ്ഞിട്ടില്ല. നിരർത്ഥകമായിട്ടുള്ള കുടുംബ ആഭിജാത്യഘോഷങ്ങളുടെ പേരിൽ വിജാതീയ വിവാഹങ്ങളിലേർപ്പെടുന്നവരെ പച്ചജീവനോടെ ചുട്ടുകരിക്കുന്ന ദുരഭിമാനഹത്യകൾ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലാകെ നിരന്തരം ആവർത്തിക്കപ്പെടുകയാണ്. പക്ഷേ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് സാമൂഹ്യമായും വിദ്യാഭ്യാസപരമായും സാംസ്കാരികമായും ഏറെ പുരോഗമിച്ചിട്ടുള്ള കേരളത്തിൽ സമാനമായ രീതികൾ സംഭവിക്കുന്നത് ഒരിക്കലും അനുവദിക്കാനാവില്ല. വിവാഹവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പുരോഗമനാത്മകമായ നിലപാടുകൾ സ്വീകരിച്ചുകൊണ്ടാണ് നവോത്ഥാന കേരളം വേറിട്ട മാതൃക സൃഷ്ടിച്ചിട്ടുള്ളത്. ബോധപൂർവ്വം തന്നെയാണ് നവോത്ഥാന നായകർ വിവാഹവുമായി ബന്ധപ്പെട്ട പുരോഗമനാത്മകമായ നിലപാടുകൾ ഉയർത്തിപ്പിടിച്ചിട്ടുള്ളത്. 19-ാം നൂറ്റാണ്ടിന്റെ അവസാനപാദത്തിൽത്തന്നെ യുഗപ്രഭാവനായ ശ്രീനാരായണ ഗുരുദേവനിൽ നിന്നാരംഭിച്ച നവോത്ഥാന ചിന്തകൾ, ജാതിക്കും മതത്തിനും അതീതമായി മനുഷ്യൻ എന്ന മഹാപദം ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള പോരാട്ടങ്ങൾ നടത്തിക്കൊണ്ട് സാമൂഹിക മാറ്റങ്ങൾക്ക് വിത്തുപാകിയപ്പോൾ വിവാഹവുമായി ബന്ധപ്പെട്ട പരിഷ്കരണങ്ങൾക്കുള്ള നിർദ്ദേശങ്ങളുമുണ്ടായി. മിശ്രഭോജനവും മിശ്രവിവാഹവുമെല്ലാം ജാതി ഉന്മൂലനവുമായി ബന്ധപ്പെട്ട നീക്കങ്ങളുടെ സമരായുധങ്ങളായിത്തന്നെ പ്രയോഗിക്കപ്പെട്ടു. ജാതിയുടെയും മതത്തിന്റെയും സങ്കുചിതമായ മതിൽക്കെട്ടുകൾക്കപ്പുറത്തേയ്ക്ക് നീങ്ങുന്ന മാനവികവും പുരോഗമനാത്മകവുമായിട്ടുള്ള പൊതുമണ്ഡല സൃഷ്ടിക്ക് മിശ്രവിവാഹം ഒരു അനിവാര്യതയായിക്കണ്ട് അതിന് മുൻകയ്യെടുത്തവരാണ് നവോത്ഥാന നായകർ; പ്രത്യേകിച്ച് സഹോദരൻ അയ്യപ്പനെപോലുള്ള ആളുകൾ. എന്നാൽ ഒരു നൂറ്റാണ്ടുകാലം മുമ്പുതന്നെ കേരളത്തിന്റെ മണ്ണിൽനിന്ന് ഉച്ചാടനം ചെയ്ത ഈ പിന്തിരിപ്പൻ ആശയങ്ങളും ആചാരങ്ങളും വീണ്ടും നമ്മുടെ മണ്ണിൽ കയറിക്കൂടി വേരുറപ്പിക്കാൻ തക്കം പാർത്തിരിക്കുകയാണ്. ദേശീയതലത്തിൽ ശക്തിയാർജ്ജിക്കുന്ന ജാതി-മത വിഭാഗീയതകളുടെയും അസഹിഷ്ണുതയുടെയും രാഷ്ട്രീയവും അതിന്റെ അനുരണനങ്ങളും ഇത്തരം പുറകോട്ടുപോക്കിന് പ്രേരണയാകുന്നുണ്ടെന്നത് വസ്തുതയാണ്. ജാതി-മത-സാമുദായിക പരിഗണനകൾക്കപ്പുറം മാനവികതയിലൂന്നുന്ന വിവാഹ ബന്ധങ്ങൾ ഒന്നുംതന്നെ സാമാന്യേന പ്രോത്സാഹിപ്പിക്കപ്പെടുന്നില്ലെന്നു മാത്രമല്ല മിശ്രവിവാഹത്തിന്റെ പേരിൽ ദമ്പതികൾ വേട്ടയാടപ്പെടുന്ന പ്രവണത ശക്തിപ്പെട്ടുവരികയാണ്. മിശ്രവിവാഹങ്ങളോടുള്ള സാമൂഹിക അസഹിഷ്ണുതമൂലം നിർഭാഗ്യകരമായ ചില

സംഭവങ്ങൾ കേരളത്തിലും ഉണ്ടാകാനിടയായിട്ടുണ്ട്. വിജാതീയ വിവാഹത്തിന് തയ്യാറായതിന്റെ പേരിൽ സ്വന്തം അച്ഛനാൽ കൊലചെയ്യപ്പെട്ട മലപ്പുറത്തെ ആതിരയും ഭാര്യയുടെ സഹോദരങ്ങളാൽ കൊലചെയ്യപ്പെട്ട കെവിനും ഈ ഒരു വികല വീക്ഷണത്തിന്റെ രക്തസാക്ഷികളാണ്. കുടുംബത്തിന്റെ അന്തസ്സ് കാത്തുസൂക്ഷിക്കാനെന്ന വ്യാജേന അപൂർവ്വമായെങ്കിലും കേരളത്തിലും ദുരഭിമാനഹത്യകൾ ഉണ്ടാകുന്നുവെന്നത് ഉത്കണ്ഠാജനകമാണ്. കുടുംബത്തിൽ നിന്നും ചിലപ്പോൾ സമൂഹത്തിൽനിന്നുതന്നെയുമുണ്ടാകുന്ന ഒറ്റപ്പെടുത്തലുകളടക്കം മിശ്രവിവാഹ ദമ്പതികൾ സമൂഹത്തിൽ നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. പ്രത്യേകിച്ച് അടിസ്ഥാന വർഗ്ഗത്തിലും മദ്ധ്യ വർഗ്ഗത്തിലുംപെട്ട ബഹുഭൂരിപക്ഷം മിശ്രവിവാഹിതരും ഇത്തരം ദുരനുഭവങ്ങൾക്ക് വിധേയരാകുന്നുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. മിശ്ര വിവാഹങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടുന്നതിന് പകരം അങ്ങനെയുള്ളവരെ പാർശ്വവൽക്കരിക്കുന്നതിന് പരിശ്രമിക്കുമ്പോൾ നമ്മൾ അഭിമാനത്തോടെ വീമ്പുപറയുന്ന മതേതരത്വവും നാനാത്വത്തിൽ ഏകത്വം എന്നുള്ള സംസ്കൃതിയുമൊക്കെത്തന്നെ അർത്ഥരഹിതമായ അക്ഷരങ്ങളും വാക്കുകളുമായി ചുരുങ്ങിപ്പോകുകയാണ്. ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനും വിശ്വസിക്കാതിരിക്കാനും മൗലികാവകാശം ഉറപ്പുകൊടുക്കുന്ന ലിഖിത ഭരണഘടനയുള്ള ഒരു രാജ്യത്ത്, സ്വന്തം ജീവിതപങ്കാളി ആരായിരിക്കണമെന്ന് തീരുമാനിക്കുന്നതിനുകൂടി അവകാശമുണ്ടെന്നിരിക്കെ, വ്യത്യസ്ത ജാതിയിലോ മതത്തിലോപെട്ടവർ വിവാഹിതരാകുമ്പോൾ അവരെ ഒറ്റപ്പെടുത്തുന്ന സമീപനം തീർച്ചയായും ഭൂഷണമല്ല. അവർക്ക് പരമാവധി സംരക്ഷണം ഉറപ്പു വരുത്തുകയെന്നുള്ളത് സമൂഹത്തിന്റെയാകെ ഉത്തരവാദിത്വമാണ്. സമൂഹത്തിന്റെ പൊതുബോധത്തിലും ജനമനസ്സാക്ഷിയിലുമാണ് മാറ്റമുണ്ടാകേണ്ടത്. സംസ്ഥാനത്ത് മിശ്രവിവാഹിതർക്ക് സാമൂഹ്യനീതി വകുപ്പ് നിരവധി കുടുംബക്ഷേമ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. മിശ്രവിവാഹിതർക്ക് 30,000 രൂപ വീതം ധനസഹായം അനുവദിക്കുന്ന പദ്ധതി വകുപ്പ് നടപ്പാക്കിവരുന്നുണ്ട്. കേരളത്തിലെ മിശ്രവിവാഹിതർക്ക് പ്രതിസന്ധികൾ തരണം ചെയ്യുന്നതിനും അതിജീവനം സാധ്യമാക്കുന്നതിനും അവരുടെ സാമൂഹിക പ്രശ്നങ്ങൾ ലഘൂകരിച്ച് സുരക്ഷ ഉറപ്പാക്കി സാമൂഹിക പുനരധിവാസം ഒരുക്കുന്നതിനുമായി സംവിധാനം ചെയ്തുകൊണ്ടിരിക്കുന്ന പരിപാടിയാണ് സെയ്ഫ് ഹോം പദ്ധതി. പ്രസ്തുത പദ്ധതി എൻ.ജി.ഒ.-കളുടെ സഹകരണത്തോടുകൂടി നടപ്പാക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. മിശ്രവിവാഹ ദമ്പതികൾക്ക് സാമൂഹ്യസുരക്ഷ, പുനരധിവാസത്തിനുള്ള പിന്തുണ, ബന്ധപ്പെട്ട ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി മുഖേന നിയമസഹായം, കൗൺസിലിംഗ് സൗകര്യങ്ങൾ തുടങ്ങിയവയാണ് ഈ പദ്ധതികൊണ്ട്

ലക്ഷ്യമാക്കുന്നത്. പട്ടികജാതി-'പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മിശ്ര വിവാഹിതർക്ക് ആ വകുപ്പ് മുഖേന നിരവധി ക്ഷേമ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. ദമ്പതികളിൽ ഒരാൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ട മിശ്രവിവാഹിതയാണെങ്കിൽ വകുപ്പ് മുഖേന 75,000 രൂപയുടെ ധനസഹായം നൽകിവരുന്നുണ്ട്. അങ്ങനെയുള്ള ദമ്പതികൾ അഭിമുഖീകരിക്കേണ്ടിവരുന്ന സാമൂഹിക പ്രശ്നങ്ങൾ തരണം ചെയ്യുന്നതിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനുമുള്ള ഉപാധിയെന്നുള്ള രീതിയിലുമാണ് ധനസഹായം നൽകിവരുന്നത്. കൂടാതെ മിശ്രവിവാഹ ദമ്പതികളിൽ ഒരാൾ പട്ടികജാതി വിഭാഗത്തിലുൾപ്പെട്ടാൽ അവർക്ക് ഡോ.അംബേദ്കർ സ്കീം ഫോർ സോഷ്യൽ ഇന്റഗ്രേഷൻ ത്രൂ ഇന്റർകാസ്റ്റ് മാര്യേജസ് പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ നൽകിവരുന്നു. സർക്കാർ സേവനത്തിലിരിക്കുന്ന മിശ്രവിവാഹ ദമ്പതികൾക്ക് സ്ഥലംമാറ്റത്തിന്റെയും ആദ്യനിയമനത്തിന്റെയും കാര്യത്തിൽ പ്രത്യേക പരിഗണന നൽകിവരുന്നുണ്ട്. സാമൂഹിക പരിഷ്കരണത്തിന്റെ മഹത്തായ ചുവടുവയ്പെന്ന നിലയിൽ മിശ്രവിവാഹം പ്രോത്സാഹിപ്പിക്കുന്ന നിരവധി പദ്ധതികൾ ഇപ്പോൾ നിലവിലുണ്ട്. മിശ്രവിവാഹിതരുടെ മക്കളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കായുള്ള സ്കോളർഷിപ്പ് പദ്ധതികളുടെ വിപുലീകരണം സംബന്ധിച്ച് സർക്കാർതലത്തിൽ ആലോചിക്കുന്നുണ്ട്.

ബഹുമാനപ്പെട്ട അംഗം എം. രാജഗോപാലന്റെ 17-ാം നമ്പർ കേരള മിശ്രവിവാഹിത കുടുംബ സംരക്ഷണ ബില്ലിൽ പ്രധാനമായും വ്യവസ്ഥ ചെയ്യുന്നത് സംസ്ഥാനതലത്തിലും ജില്ലാതലത്തിലുമുള്ള ബോർഡുകളുടെ രൂപീകരണമാണ്. മിശ്രവിവാഹിതർക്ക് നിലവിൽ ഭരണഘടനാപരമായും നിയമപരമായും ലഭ്യമാകേണ്ട അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ മുഖാന്തിരം കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കാനാകും. ബില്ലിൽ വിഭാവന ചെയ്യുന്ന സംസ്ഥാന-ജില്ലാതല ബോർഡുകൾ രൂപീകരിക്കപ്പെടുന്നതുകൊണ്ട് മിശ്രവിവാഹിതർ നിലവിൽ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കപ്പെടുന്നില്ലെന്നുമാത്രമല്ല സർക്കാർ ഖജനാവിന് അധിക സാമ്പത്തിക ബാദ്ധ്യതയുണ്ടാകുന്നതുമാണ്. ഭരണഘടനാപരവും നിയമ പരവുമായിട്ടുള്ള അവകാശങ്ങൾ നിലവിലുള്ള സംവിധാനങ്ങൾ മുഖേന സംരക്ഷിക്കപ്പെടുന്നതിന് പുറമെ സാമൂഹ്യനീതി വകുപ്പിന്റെയും പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും ആഭിമുഖ്യത്തിൽ നിരവധി പദ്ധതികളിലൂടെ മികച്ച ആനുകൂല്യങ്ങളും ഇവർക്ക് നൽകിവരുന്നുണ്ട്. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട അംഗത്തിന്റെ 17-ാം നമ്പർ ബിൽ ആവശ്യമുള്ളതാണെന്ന് തോന്നുന്നില്ല. അതിനാൽ ബിൽ ഇപ്പോൾ അംഗീകരിക്കുന്നില്ല.

12.00 Noon]

ശ്രീ. എം. രാജഗോപാലൻ: സർ, ഈ ബില്ലിന്റെ അവതരണവുമായി ബന്ധപ്പെട്ട് ഞാൻ ഉന്നയിക്കാൻ പോകുന്ന വിഷയത്തിലെ ചില കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ വന്നിട്ടുണ്ട്. ഏതായാലും ഒരുകാര്യം വ്യക്തമാണ്. സർക്കാരിന്റെ ഈ രംഗത്തുള്ള ഇടപെടലിനെ കുറച്ചുകാണുകയോ മറ്റുരീതിയിൽ പ്രതിപാദിക്കുകയോ അല്ല, മറിച്ച് സർക്കാർ ഈ മേഖലയിൽ വിഭാവന ചെയ്യുന്ന പദ്ധതികളും പ്രഖ്യാപനങ്ങളും സമയബന്ധിതമായി പ്രയോഗവൽക്കരിക്കാനും മിശ്രവിവാഹിതരായ കുടുംബാംഗങ്ങൾക്ക് ആനുകൂല്യങ്ങൾ ഉറപ്പുവരുത്താനും സഹായകരമായ രീതിയിലുള്ളൊരു ബില്ലാണിത്. വിവിധ വിഭാഗങ്ങളാൽ അവഗണിക്കപ്പെടുന്നവരോ ക്രൂശിക്കപ്പെടുന്നവരോ ആണ് മിശ്രവിവാഹിതർ. അത് ചിലപ്പോൾ വീട്ടുകാരാലോ കുടുംബക്കാരാലോ പ്രദേശവാസികളാലോ മതസങ്കുചിതത്വമുള്ള മതതീവ്രവാദ പ്രസ്ഥാനങ്ങളുടെ ഭീഷണികളാലോ ആകാം. വലിയ മാനസിക സംഘർഷത്തിന് അടിമപ്പെടാൻ ഇടയാകുന്നൊരു വിഭാഗം കൂടിയാണിത്. ഇങ്ങനെ വരുമ്പോൾ, പ്രഖ്യാപിക്കപ്പെടുന്ന ആനുകൂല്യങ്ങൾ അവർക്ക് ലഭിക്കാനുള്ള ഒരു നിയമ പരിരക്ഷ ഉറപ്പുവരുത്തേണ്ടത് അനിവാര്യമാണ്. വർത്തമാനകാല കേരളത്തിലായാലും ഇന്ത്യയിലായാലും സ്ത്രീധന-ഗാർഹിക പീഡനങ്ങളെയും ദുരഭിമാന കൊലകളെക്കുറിച്ചുമെല്ലാം ചർച്ച ചെയ്യുന്ന സന്ദർഭമാണിത്. ചില മതവിഭാഗവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംഘടനകളുടെ സങ്കുചിത കാഴ്ചപ്പാടിനെ മുൻനിർത്തിയുള്ള ആക്രോശങ്ങളും ഭീഷണികളുമെല്ലാം മിശ്രവിവാഹവുമായി ബന്ധപ്പെട്ട് നിലനിൽക്കുകയാണ്. ഘർ വാപസി, ലൗ ജിഹാദ് പരാമർശങ്ങളും ഇതുമായി ബന്ധപ്പെട്ടുണ്ട്. ഇത്തരം വിഷയങ്ങളിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയും സുപ്രീം കോടതിയും ചില നിരീക്ഷണങ്ങളൊക്കെ നടത്തിയിട്ടുണ്ട്. വ്യക്തി സ്വാതന്ത്ര്യത്തിനുള്ള അവകാശം ഉയർത്തിപ്പിടിക്കുന്ന വിധിന്യായമാണ് ഇതുമായി ബന്ധപ്പെട്ട് പുറത്തുവന്നു കൊണ്ടിരിക്കുന്നത്. ഈ സാഹചര്യത്തിൽ മിശ്രവിവാഹം മതേതര സൃഷ്ടിയുടെ പ്രയോഗവൽക്കരണമാണ്. കേരളം രാഷ്ട്രീയ പ്രബുദ്ധമാണ്, സാംസ്കാരിക സമ്പന്നമാണ്, സാക്ഷരതാ സമ്പന്നമാണ്.

ശ്രീ. പി. ടി. തോമസ്: സർ, വളരെ പുരോഗമനപരവും കാലികവുമായൊരു വിഷയമാണ് ബില്ലായി ഇവിടെ അവതരിപ്പിക്കുന്നത്. എന്നാൽ മിശ്രവിവാഹിതർ നേരിടുന്ന പ്രധാനപ്പെട്ടൊരു പ്രശ്നം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകുമെന്ന് ഞാൻ വിചാരിക്കുകയാണ്. കേരള വില്ലേജ് മാനുവലിലെ 246-ാം ഖണ്ഡികയിൽ പറയുന്നത് ഇന്ത്യയിൽ ജാതിവ്യവസ്ഥ നിലവിലുള്ളത് ഹിന്ദു, സിക്ക്, ബുദ്ധമത വിഭാഗങ്ങളിൽ മാത്രമാണെന്നും അതിനാൽ അവയിൽപ്പെട്ടവർ തമ്മിലുള്ള

വിവാഹം മാത്രമേ മിശ്രവിവാഹമായി പരിഗണിക്കാവൂവെന്നും ക്രിസ്ത്യൻ, മുസ്ലീം വിഭാഗങ്ങളിൽപ്പെട്ടവർ മറ്റു ജാതികളിൽപ്പെട്ടവരെ വിവാഹം ചെയ്താൽ അത് മിശ്രവിവാഹമായി പരിഗണിക്കേണ്ടതില്ലെന്നുമാണ്. ഈ വ്യവസ്ഥമൂലം മിശ്രവിവാഹിതരായ ആളുകൾക്കും അവരുടെ കുട്ടികൾക്കും ഒട്ടനവധി ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്ന വിവരം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. രാജഗോപാലൻ: സർ, തീർച്ചയായും. ഈയൊരു വിഷയം നിലനിൽക്കുകയാണ്. ഇതുസംബന്ധിച്ച് ചില വിവാദങ്ങളും സംവാദങ്ങളും ഇടക്കാലത്തുണ്ടായതുകൂടി പരിശോധിക്കപ്പെടേണ്ടതാണ്. ഈ സാഹചര്യത്തിൽ മിശ്രവിവാഹം മതേതര സൃഷ്ടിയുടെ ഒരു പ്രയോഗവൽക്കരണം കൂടിയാണ്. അതുകൊണ്ടാണ് മിശ്രവിവാഹങ്ങൾ പ്രോത്സാഹിപ്പിക്കണമെന്നൊരു പൊതുനിലപാടിലേയ്ക്ക് ബഹുമാനപ്പെട്ട സുപ്രീം കോടതിയും ഹൈക്കോടതിയും വന്നത്. കേരളംപോലെ പ്രബുദ്ധത കൈവരിച്ച സംസ്ഥാനത്ത് താൻ വിവാഹം കഴിച്ച കണ്ണൂർ സ്വദേശി ശ്രുതിയെ വിട്ടുകിട്ടാൻ കണ്ണൂർ പരിയാരം സ്വദേശി അനീഷ് ഹമീദ് നൽകിയ ഹർജിയിലാണ് 2017 ഒക്ടോബർ 19-ന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിയും നിരീക്ഷണങ്ങളുമുണ്ടായത്. "ജാതി വ്യവസ്ഥ ഇന്ത്യയുടെ ശാപമാണ്. മിശ്രവിവാഹം ജാതി വ്യവസ്ഥയെ ഇല്ലാതാക്കുമെന്നുള്ളതിനാൽ മിശ്രവിവാഹങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടണമെന്ന ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി കൂട്ടിച്ചേർത്തുകൊണ്ട് പ്രണയ വിവാഹങ്ങളെ ലൗ ജിഹാദ്/ഘർ വാപസി എന്ന പേരുനൽകി വൈകാരികമായി കാണുന്നത് നടുക്കമുണ്ടാക്കുന്നു" എന്നാണ് കോടതിയുടെ നിരീക്ഷണം. മിശ്രവിവാഹിതരായ കുടുംബത്തെ പ്രതികൂലമായി ബാധിക്കാൻ ഇത്തരത്തിലുള്ള പല വിഷയങ്ങൾ കടന്നുവരികയാണ്. ഈ പശ്ചാത്തലത്തിൽ വളരെ പ്രസക്തമായ പല കാര്യങ്ങളും ബില്ലിലുണ്ട്.

ശ്രീ. മുരളി പെരുനെല്ലി: സർ, മിശ്രവിവാഹിതരായ ദമ്പതികൾക്ക് ജോലി ലഭിക്കുമ്പോൾ, ആദ്യ നിയമന ഘട്ടത്തിൽ പരിഗണന നൽകുമെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. അതിൽ മാത്രമല്ല, പിന്നീട് വിദൂര സ്ഥലങ്ങളിലേയ്ക്ക് ട്രാൻസ്ഫർ നൽകാതിരിക്കാനാവശ്യമായ നടപടികൂടി മിശ്രവിവാഹിതരായ ദമ്പതികളുടെ സംരക്ഷണത്തിന്റെ ഭാഗമായി നടപ്പാക്കേണ്ടതല്ലേ?

ശ്രീ. എം. രാജഗോപാലൻ: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്. നിയമനത്തിലെ ആദ്യപരിഗണന എന്നതിനോടൊപ്പം മറ്റുതലങ്ങളിലെ കാര്യംകൂടി പരിഗണിക്കണമെന്ന ആവശ്യമാണ് ഉന്നയിക്കപ്പെട്ടിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ സംസ്ഥാന ജില്ലാതല മിശ്രവിവാഹിത കുടുംബസംരക്ഷണ ബോർഡിന്റെ കാര്യം സൂചിപ്പിക്കുകയുണ്ടായി. കുടുംബസംരക്ഷണ ബോർഡിന്റെ മുമ്പാകെ ലഭ്യമാകുന്ന ഏതൊരപേക്ഷയും പരിശോധിച്ച് ആവശ്യമായ നിയമസഹായവും ധനസഹായവും സമയബന്ധിതമായി ലഭ്യമാക്കാൻ കഴിയുകയും ആയത് ഉറപ്പുവരുത്തണമെന്നുകൊണ്ടുമാണ് ഇങ്ങനെയൊരു നിർദ്ദേശം ഞാൻ ബില്ലിലുൾപ്പെടുത്തിയത്. അതുപോലെ ബഹുമാനപ്പെട്ട സുപ്രീം കോടതി, ഹൈക്കോടതി, സംസ്ഥാനതല ട്രിബ്യൂണലുകൾ തുടങ്ങി സംസ്ഥാനതലത്തിൽ വരുന്ന മുഴുവൻ കേസ്സുകളിലും അതിവിദഗ്ദ്ധരായ അഭിഭാഷകരെ നിർദ്ദേശിക്കാനും കേസ്സുകൾ നടത്തുന്നതിനാവശ്യമായ നിയമോപദേശം തേടുന്നതിനും കൗൺസിലിന് അധികാരമുണ്ടായിരിക്കുന്നതുമാണെന്നും സംസ്ഥാനത്തിന്റെ ഏതുഭാഗത്തും മിശ്രവിവാഹിതർക്ക് അവശതയോ സാമൂഹ്യ പിന്നോക്കാവസ്ഥ കാരണമോ വിധവയായതുകൊണ്ടുള്ള പരിമിതിയാലോ നീതിയോ ക്ഷേമമോ ലഭിക്കാതെ വന്നതായി അറിവ് ലഭിച്ചാൽ സ്വമേധയാ പ്രസ്തുത വ്യക്തിക്ക് ക്ഷേമവും സുരക്ഷയും ഉറപ്പാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്നും ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട പ്രയാസങ്ങൾ ലഘൂകരിക്കുന്നതിനും അതിനെ മറികടക്കുന്നതിനും സഹായകമായ നിയമ പരിരക്ഷ ലഭിക്കുന്നതിനാണ് അത്തരം കാര്യങ്ങളെല്ലാം ബില്ലിലുൾപ്പെടുത്തിയിട്ടുള്ളത്. ഈ ബില്ലിന്റെ പൊതു താല്പര്യത്തെക്കുറിച്ച് ഗവൺമെന്റ് പരാമർശിച്ചിട്ടുണ്ടെങ്കിലും തീർച്ചയായും ഈ ബിൽ തുടർചർച്ചയ്ക്ക് വയ്ക്കുന്നത് അനിവാര്യമാണെന്ന അഭിപ്രായമാണ് എനിക്കുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

### (v) 2021-ലെ സംസ്ഥാനത്തെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ഏകോപിപ്പിക്കുന്നതിനുള്ള അപ്പെക്സ് കൗൺസിൽ രൂപീകരണ ബിൽ

ശ്രീമതി ഒ. എസ്. അംബിക: സർ, 2021-ലെ സംസ്ഥാനത്തെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ഏകോപിപ്പിക്കുന്നതിനുള്ള അപ്പെക്സ് കൗൺസിൽ രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി യു. പ്രതിഭ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, സംസ്ഥാനത്തെ പതിനാല് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ ഏകോപനത്തിനും കാര്യക്ഷമമായ പ്രവർത്തനത്തിനുമായി സംസ്ഥാനതലത്തിൽ അപ്പെക്സ് കൗൺസിൽ രൂപീകരിക്കണമെന്നാണ് ശ്രീമതി ഒ. എസ്. അംബികയുടെ ബില്ലിലെ ശിപാർശ. സംസ്ഥാനത്തിന്റെ വിനോദസഞ്ചാര സാധ്യതകൾ പ്രയോജനപ്പെടുത്താനും പ്രാദേശികതലത്തിൽ ഏകോപന സംവിധാനം ഏർപ്പെടുത്താനും ലക്ഷ്യമിട്ടാണ് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ (ഡി.ടി.പി.സി.) രൂപീകരിച്ചത്. തുടർന്ന് എല്ലാ ജില്ലകളിലും അതാത് ജില്ലാ കളക്ടർമാർ ചെയർമാൻമാരായി ഡി.ടി.പി.സി.-കൾ രജിസ്റ്റർ ചെയ്യപ്പെട്ടു. നിലവിൽ ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിലുള്ള പതിനാല് ഡി.ടി.പി.സി.-കളും സ്വയംഭരണ സ്ഥാപനങ്ങളായാണ് പ്രവർത്തിക്കുന്നത്. ജീവനക്കാരുടെ നിയമന-സേവന-വേതന വ്യവസ്ഥകൾ ഏകീകരിക്കുന്നത് സംബന്ധിച്ച നിർദ്ദേശം നിലവിൽ സർക്കാർ പരിശോധിച്ചുവരുന്നുണ്ട്. ഒന്നിലേറെ ഡി.ടി.പി.സി.-കളുടെ ഏകോപനത്തിനും മതിയായ മാർഗ്ഗനിർദ്ദേശത്തിനും മേൽനോട്ടത്തിനും വിനോദസഞ്ചാര വകുപ്പും ഡയറക്ടറേറ്റും ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. ബില്ലിൽ നിർദ്ദേശിച്ചിരിക്കുന്ന, നിയമസഭാംഗങ്ങൾ ഉൾപ്പെടുന്ന അപ്പെക്സ് കൗൺസിലിന്റെ അതേ ഘടനയാണ് നിലവിൽ ഡി.ടി.പി.സി.-കളുടെ ഭരണസമിതി രൂപീകരണത്തിൽ പിന്തുടരുന്നത്. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട അംഗം ശ്രീമതി ഒ. എസ്. അംബിക നോട്ടീസ് നൽകിയ അനൗദ്യോഗിക ബില്ലിന് അവതരണാനുമതി നിഷേധിക്കാവുന്നതാണ്.

ശ്രീമതി ഒ. എസ്. അംബിക: സർ, സംസ്ഥാനത്തെ ടൂറിസം വികസനത്തിനായി 1988-ൽ രൂപീകരിച്ച ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ഇപ്പോഴും ശൈശവദശയിലാണ്. ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ട്. പല ജില്ലകളിലെയും സേവന-വേതന വ്യവസ്ഥകൾ നിലവിൽ വ്യത്യസ്തമാണ്. ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും ഏകോപനമില്ല. പ്രോജക്ടുകൾക്ക് കേന്ദ്ര-സംസ്ഥാന ഫണ്ട് ലഭിക്കുന്നുണ്ടെങ്കിലും സാധ്യതയ്ക്കനുസരിച്ച് ഉപയോഗിക്കുന്നില്ല. കേരളം ദൈവത്തിന്റെ സ്വന്തം നാടെന്നാണ് അറിയപ്പെടുന്നത്. അനുഗ്രഹീതമായ പ്രകൃതി സൗന്ദര്യമാണ് കേരളത്തിന്റെ മുഖമുദ്ര. ഈ സൗന്ദര്യവും കാലാവസ്ഥയും നമ്മുടെ നാടിന്റെ സംസ്കാരവും അടുത്തറിയുന്നതിനും ആസ്വദിക്കുന്നതിനുമായി നിരവധി വിദേശ/ സ്വദേശ സഞ്ചാരികൾ വർഷംതോറും നമ്മുടെ നാട് സന്ദർശിക്കാനെത്തുന്നുണ്ട്. കേരളം പോലെ ജനസാന്ദ്രതയുള്ള സംസ്ഥാനത്ത് തികച്ചും അനുയോജ്യമായ

വ്യവസായമാണ് ടൂറിസം. പ്രശ്നങ്ങളില്ലാതെ, Smokeless Industry എന്നറിയപ്പെടുന്ന ടൂറിസത്തിന്റെ നട്ടെല്ലായി പ്രവർത്തിച്ചുവരുന്നത് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളാണ്. ടൂറിസം സാധ്യതകൾക്കായി രൂപീകരിക്കപ്പെട്ട ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ 14 ജില്ലകളിലും മാതൃകാപരമായി പ്രവർത്തിച്ചുവരുന്നു. വിദേശ/സ്വദേശ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് കേന്ദ്ര-സംസ്ഥാന ടൂറിസം വകുപ്പുകൾ നടത്തുന്ന പദ്ധതികൾ, ഓണാഘോഷ ഉത്സവ പരിപാടികൾ, ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ തുടങ്ങിയവ നടപ്പാക്കുന്നതിന് ഡി.ടി.പി.സി.കൾ നിസ്തുലമായ പങ്കാണ് വഹിക്കുന്നത്. 28-7-1988-ലെ G.O.(P) No. 254/88/GAD എന്ന ഉത്തരവ് പ്രകാരം സംസ്ഥാന ടൂറിസം പ്രൊമോഷൻ കൗൺസിലിന് സർക്കാർ ഉത്തരവിറക്കിയെങ്കിലും അത് നടപ്പായില്ല. അത് നടപ്പാക്കേണ്ടതിന്റെ പ്രാധാന്യത്തിലേയ്ക്ക് സഭയുടെ ശ്രദ്ധക്ഷണിക്കുകയാണ്. നമ്മുടെ രാജ്യത്ത് വിരുന്നിനെത്തുന്ന സഞ്ചാരികൾക്ക് വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ലഭിക്കുന്ന ഊഷ്മളതയാർന്ന പെരുമാറ്റത്തിലൂടെയാണ് അവർ നമ്മെക്കുറിച്ച് മനസ്സിലാക്കുന്നത്. നമ്മുടെ നാടിന്റെ മുഖമായും നമ്മൾ ഓരോരുത്തരുടെയും പ്രതിനിധിയായും പകരക്കാരനായും ചുമതല നിർവ്വഹിക്കുന്നത് ഡി.ടി.പി.സി.-കളിലെ ജീവനക്കാരാണ്. സംസ്ഥാനത്താകെ 483 സ്ഥിരജീവനക്കാരും 89 ദിവസവേതന ജീവനക്കാരും 67 ക്ലീൻ ഡെസ്റ്റിനേഷൻ ജീവനക്കാരുമാണുള്ളത്. ഇവരുടെ സേവന-വേതന വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ട്. സർക്കാർ അനുശാസിക്കുന്ന യാതൊരുവിധ ആനുകൂല്യങ്ങളും ഇവർക്ക് ലഭിക്കുന്നില്ല. തികഞ്ഞ ആത്മാർത്ഥതയോടെയും ചിരിച്ച മുഖത്തോടെയും സഞ്ചാരികളെ നമ്മുടെ നാട്ടിലേയ്ക്ക് സ്വാഗതം ചെയ്യുകയും യാത്രയാക്കുകയും ചെയ്യുന്ന ഇവർക്ക് ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിച്ചേർക്കാൻ കഴിയുന്നത്ര വരുമാനം ലഭ്യമാക്കുന്നതിന് സമൂഹത്തിന് ഉത്തരവാദിത്വമുണ്ട്. അതുകൊണ്ട് ഡി.ടി.പി.സി.യിലെ താല്കാലിക ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിച്ച് മാന്യമായ വേതനം ലഭ്യമാക്കണം. സംസ്ഥാനതലത്തിൽ ടൂറിസം വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിന് ടൂറിസം വ്യവസായത്തിലൂടെ സംസ്ഥാനത്തെ ഓരോ പൗരനും വരുമാനം ഉറപ്പാക്കുന്ന തരത്തിൽ വ്യത്യസ്തമായ ഉൽപ്പന്നങ്ങളും സേവനങ്ങളും പ്രദാനം ചെയ്ത് കൂടുതൽ സഞ്ചാരികളെ ആകർഷിച്ച് ജനകീയമാക്കേണ്ടതുണ്ട്. ഇതിനായി സംസ്ഥാനത്തെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ഏകോപിപ്പിച്ച് സംസ്ഥാനതല കൗൺസിൽ രൂപീകരിക്കുകയും അതിന് ബഡ്ജറ്റ് വിഹിതം അനുവദിക്കുകയും ചെയ്യണം. ടൂറിസം പ്രൊമോഷൻ കൗൺസിലിന് ലഭിക്കുന്ന മുഴുവൻ വരുമാനവും സർക്കാരിന്റെ വരുമാനമായി ട്രഷറിയിലെത്തിച്ച് സാമ്പത്തിക സാധ്യത കണ്ടെത്തണം. വിവിധ ജില്ലകളിലെ ടൂറിസം കേന്ദ്രങ്ങളെയുൾപ്പെടുത്തി പുതിയതും ആകർഷകവുമായ ടൂറിസം സർക്യൂട്ടുകൾ രൂപപ്പെടുത്തിയാൽ സംസ്ഥാനത്തിന് പുതിയ സഞ്ചാരികളെ

ആകർഷിക്കാൻ കഴിയും. ഇത്തരത്തിൽ മെച്ചപ്പെട്ട സംവിധാനങ്ങളും സൗകര്യങ്ങളും ടൂറിസ്റ്റുകൾക്ക് ലഭ്യമാക്കിയാൽ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ നൽകിവരുന്ന സേവനങ്ങളും ഗുണനിലവാരവും ഉയർത്താൻ കഴിയും. സംസ്ഥാനതലത്തിൽ ടൂറിസം വരുമാനം വർദ്ധിപ്പിക്കുന്നതിലൂടെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കാൻ കഴിയും. സംസ്ഥാനത്തെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ഏകോപിപ്പിക്കുന്നതിനുള്ള അപ്പെക്സ് കൗൺസിൽ രൂപീകരണ ബിൽ സഭയുടെ അംഗീകാരത്തിനായി സമർപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു. പ്രസ്തുത ബിൽ തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

(3) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങളുടെ തുടർചർച്ച

(i) 2021-ലെ കേരള അതിഥി തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ അവതരിപ്പിച്ച 2021-ലെ കേരള അതിഥി തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരണ ബില്ലിന് വളരെ അനുകൂലമായ ചർച്ചയും അഭിപ്രായവുമാണ് സമൂഹത്തിൽ ഉയർന്നുവന്നു കൊണ്ടിരിക്കുന്നത്. കേരളത്തിലെ അതിഥി തൊഴിലാളികൾ അസംഘടിത മേഖലയിലും സംഘടിത മേഖലയിലും നിരവധി ജോലികൾ ചെയ്ത് മുന്നേറുന്നവരാണ്. തൊഴിൽ മേഖലയിൽ അവരില്ലാതെ നമുക്കിനി മുന്നോട്ടു പോകാൻ കഴിയില്ല. പ്രത്യേകിച്ച്, ഹോട്ടൽ മേഖല. നമ്മുടെ ഹോട്ടലുകൾ ഇപ്പോൾ അടഞ്ഞുകിടക്കുകയാണെങ്കിലും ഫൈവ് സ്റ്റാർ, സെവൻ സ്റ്റാർ, സാധാരണ ഹോട്ടലുകൾ എന്നിവിടങ്ങളിലെല്ലാം മറ്റ് സംസ്ഥാനങ്ങളിലുള്ള തൊഴിലാളികളാണുള്ളതെന്ന് നമുക്കെല്ലാം അറിയാവുന്നതാണ്. ഏറ്റവും കൂടുതൽ അതിഥി തൊഴിലാളികളെ ആശ്രയിച്ച് മുന്നോട്ടുപോകുന്ന മറ്റൊരു മേഖലയാണ് തടി വ്യവസായം. ഇടുക്കി ജില്ലയിലെ തേയിലത്തോട്ടങ്ങളിലും പൈനാപ്പിൾ കൃഷിയിടങ്ങളിലും ജോലി ചെയ്യുന്നതും അയൽ സംസ്ഥാന തൊഴിലാളികളാണ്. പക്ഷേ, ഇവരുടെ ജോലിക്ക് സ്ഥിരതയില്ലാതെ പോകുന്നു. കൃഷിക്കും മറ്റ് കാര്യങ്ങൾക്കുമൊക്കെ ഇവരെ ആശ്രയിക്കുന്നതുകൊണ്ട് നമ്മുടെ നാട്ടിൽ ഇത്തരം തൊഴിലാളികളെ കൂടുതലായി ജോലിക്ക് ലഭിക്കുന്നില്ലെന്നുള്ളത് വസ്തുതയാണ്. പെരുമ്പാവൂരിലെ പ്ലൈവുഡ് മേഖലയിൽ നൂറ്റിയമ്പതോളം അതിഥി തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. മറ്റൊരു സ്ഥലത്ത് കൂടുതൽ ശമ്പളം

ലഭിക്കുന്ന ജോലിക്ക് സാധ്യത വരുമ്പോൾ അവർ ജോലിചെയ്തിരുന്നിടത്തുനിന്ന് ആരോടും പറയാതെ പോകുന്ന സ്ഥിതിവിശേഷവുമുണ്ട്. ഇവിടെ കൃത്യമായി രജിസ്ട്രേഷൻ സൗകര്യങ്ങളില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. സംസ്ഥാന ഗവൺമെന്റിന്റെ കീഴിൽ ഏകദേശം 40 ലക്ഷം അതിഥിത്തൊഴിലാളികൾ മാത്രമേ രജിസ്റ്റർ ചെയ്തിട്ടുള്ളൂ. ലക്ഷക്കണക്കിന് തൊഴിലാളികൾ ഇപ്പോഴും രജിസ്റ്റർ ചെയ്യാത്ത സാഹചര്യമുണ്ട്. അതുകൊണ്ട് ഇവരെ രജിസ്റ്റർ ചെയ്യിക്കേണ്ടതിനും ക്ഷേമനിധി ബോർഡ് രൂപീകരിക്കേണ്ടതിനും വളരെയധികം പ്രാധാന്യമുണ്ട്. ഏകദേശം ഒന്നര ലക്ഷത്തോളം അതിഥി തൊഴിലാളികളുള്ള പ്രദേശമാണ് പെരുമ്പാവൂർ മേഖല. എറണാകുളം ജില്ലയിൽത്തന്നെ ലക്ഷക്കണക്കിന് അതിഥി തൊഴിലാളികളുണ്ട്. ഒട്ടനവധിയാളുകൾ ഈ മേഖലയിൽ ജോലി ചെയ്യാനായി സംസ്ഥാനത്തേയ്ക്ക് വരുന്നുണ്ട്. ഇവരുടെ ജീവിതത്തിന് സുരക്ഷയില്ല. അവരുടെ ജീവിതനിലവാരം വർദ്ധിപ്പിക്കാനോ സർക്കാർ മേഖലയിൽ അവർക്കാവശ്യമായ സംരക്ഷണം നൽകാനോ സാധിക്കുന്നില്ല. കൃത്യമായ രജിസ്ട്രേഷൻ ഇല്ലെന്നുള്ളത് ഒരു പാകപ്പിഴതന്നെയാണ്. അതിഥി തൊഴിലാളികളായി വരുന്ന 70 ശതമാനത്തോളം ആളുകളും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ്. അവരുടെ കുടുംബത്തിന്റെ ശോചനീയാവസ്ഥമൂലമാണ് ഇങ്ങോട്ടുവരുന്നത്. അവർ ചൂഷണത്തിന് വിധേയരാകുന്നുണ്ടോ, കൃത്യമായ രീതിയിൽ ചികിത്സ ലഭിക്കുന്നുണ്ടോ, സുസ്ഥിരമായ ജോലി ലഭിക്കുന്നുണ്ടോയെന്നും മറ്റുമുള്ള കാര്യങ്ങൾ ചർച്ച ചെയ്യേണ്ടത് അത്യാവശ്യമാണ്. ഈ ഒരു സാഹചര്യത്തിലാണ് അതിഥി തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ ഞാൻ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ഒട്ടേറെ ക്ഷേമനിധി ബോർഡുകളുണ്ടെങ്കിലും ഈ മേഖലയിൽ വ്യക്തമായ കാഴ്ചപ്പാടുള്ള ഒരു ബില്ലിന്റെ അഭാവമുണ്ടെന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽവരേണ്ടത് ആവശ്യമാണ്. അതിഥി തൊഴിലാളിയെന്ന് പറയുന്നതുപോലും തെറ്റാണ്. ഇന്ത്യയിലെ എല്ലാവരെയും തൊഴിലാളികളായി കാണണമെന്ന രീതിയിലുള്ള ചർച്ചകൾ നടക്കുന്നുണ്ടെങ്കിലും അവർക്ക് ഇന്ത്യാക്കാരൻ എന്ന നിലയ്ക്കുള്ള ബഹുമാനം നൽകാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ക്ഷേമനിധി ബോർഡ് രൂപീകൃതമായാൽ അതിലൂടെ ഒട്ടേറെ കാര്യങ്ങൾ ചെയ്യാൻ സാധിക്കും.

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, കേരളത്തിൽ അതിഥിത്തൊഴിലാളികൾക്ക് നൽകുന്ന പരിഗണനയും സംരക്ഷണവും ഇന്ത്യാരാജ്യത്തെ മറ്റൊരു സംസ്ഥാനങ്ങളിലും ഇല്ലെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, തീർച്ചയായും. മലയാളികൾക്ക് മറ്റ് സംസ്ഥാനങ്ങളിൽ അർഹമായ രീതിയിലുള്ള പ്രാധാന്യവും ബഹുമാനവും ലഭിക്കുന്നുണ്ടോ എന്നാണ് ബഹുമാനപ്പെട്ട അംഗം ഉദ്ദേശിച്ചതെന്ന് ഞാൻ

മനസ്സിലാക്കുന്നു. നമ്മുടെ സംസ്ഥാനത്ത് ജോലി ചെയ്യാൻ വരുന്ന തൊഴിലാളികൾക്ക് കൂടുതൽ സംരക്ഷണവും ബഹുമാനവും കൊടുക്കുകയാണെങ്കിൽ അതേ അർത്ഥത്തിൽത്തന്നെ ബഹുമാനവും ആദരവും മലയാളികൾക്കും ലഭിക്കും. ലക്ഷക്കണക്കിന് മലയാളികളാണ് പ്രവാസികളായി ലോകത്തിന്റെ പല ഭാഗങ്ങളിലും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലും ജോലി ചെയ്യുന്നത്. അവർക്ക് കൊടുക്കുന്ന ആദരവായിക്കൂടി ഇത് മാറുകയാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, അതിഥി തൊഴിലാളികളുമായി ബന്ധപ്പെട്ട് പുതുതായി എന്റെ ശ്രദ്ധയിൽപ്പെട്ട കാര്യമാണ് ഞാൻ സൂചിപ്പിക്കുന്നത്. ദീർഘകാലമായി കേരളത്തിൽ വന്ന് ജോലി ചെയ്ത് ഇവിടെത്തന്നെ ജീവിക്കാൻ തീരുമാനിച്ച നൂറുകണക്കിന് കുടുംബങ്ങളുണ്ട്. അവർ അതിഥി തൊഴിലാളികൾ എന്ന ബ്രാക്കറ്റിൽനിന്നും പുറത്തിറങ്ങി കേരളീയനോ മലയാളിയോ ആയി അടുത്ത തലമുറ വരുന്ന സാഹചര്യത്തെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; അവരെ എങ്ങനെ ഡീൽ ചെയ്യണമെന്നാണ് ബില്ലിൽ പരാമർശിക്കുന്നത്?

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഡോ. മാത്യു കുഴൻനാടൻ സൂചിപ്പിച്ചതുപോലെ, തീർച്ചയായും അത്തരം പ്രശ്നങ്ങൾകൂടി ഇവിടെ നിലനിൽക്കുന്നുണ്ട്. പെരുമ്പാവൂരിൽത്തന്നെ പണ്ട് അതിഥി തൊഴിലാളിയായി വന്ന് ഇവിടെ ബിസിനസ് നടത്തി വളർന്നുവന്നവരുണ്ട്. ആ സാഹചര്യംകൂടി കണക്കിലെടുക്കേണ്ടതുണ്ട്. ഭാവിയിൽ അതിഥി തൊഴിലാളി എന്നതിലെ അതിഥി മാറ്റേണ്ടിവരും. ഇപ്പോൾ പൊതുവിൽ മറ്റ് സംസ്ഥാനങ്ങളിലുള്ള തൊഴിലാളികൾക്ക് ബഹുമാനം കൊടുക്കാൻകൂടി ഈ ബിൽ ആവശ്യമാണ്. തുടർചർച്ചയ്ക്കായി പ്രസ്തുത ബിൽ മാറ്റിവയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി.ഡെപ്യൂട്ടി സ്പീക്കർ: ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

## (ii) 2021-ലെ കേരള സംസ്ഥാന വാതിൽപ്പടി സേവനരംഗത്ത് ജോലി ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബിൽ

ശ്രീ. പി. എസ്. സുപാൽ: സർ, വാതിൽപ്പടി സേവനരംഗത്ത് പ്രവർത്തിക്കുന്നവരുടെ പ്രശ്നമാണ് കഴിഞ്ഞ ദിവസം ഞാൻ ബില്ലിലൂടെ അവതരിപ്പിച്ചത്. വളരെയധികം വിപുലമായിക്കൊണ്ടിരിക്കുന്ന മേഖല എന്നതരത്തിൽ ഇവരുടെ പ്രാധാന്യം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഡെലിവറി

ബോയ്സ് എന്നാണ് അവരെ വിളിക്കുന്നത്. ആ ചെറുപ്പക്കാരുടെ സേവനം നമ്മുടെ സങ്കൽപ്പങ്ങൾക്കുമപ്പുറമാണ്. അവരെ ഏൽപ്പിക്കുന്ന ചുമതലകൾ നിർവ്വഹിക്കുന്നതോടൊപ്പം എല്ലാവർക്കും ആശ്വാസമുണ്ടാകുന്ന തരത്തിലുള്ള സാഹചര്യങ്ങൾപോലും രൂപപ്പെടുന്നുവെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. നമ്മുടെ സംസ്ഥാനത്തെ സാഹചര്യം നമുക്കറിയാം, ഒറ്റപ്പെട്ടു താമസിക്കുന്ന കുടുംബങ്ങളിൽ പ്രായമായ ധാരാളം ആളുകളുണ്ട്. മക്കളോ ബന്ധുക്കളോ സഹായത്തിനായി അടുത്തില്ലാത്ത ധാരാളം ആളുകളുണ്ട്. പുറത്തുപോകാൻ കഴിയാതെ അവശതയനുഭവിക്കുന്ന ഇത്തരം ആളുകൾ ഭക്ഷണകാര്യത്തിനും മരുന്ന് ലഭ്യമാക്കുന്നതിനും വാതിൽപ്പടി സേവനരംഗത്ത് പ്രവർത്തിക്കുന്നവരെ ധാരാളമായി ആശ്രയിക്കുന്നുണ്ട്. അത്തരം ആളുകളെ സഹായിക്കുന്ന പ്രവർത്തനങ്ങൾകൂടി ഡെലിവറി ബോയ്സ് എന്ന വിഭാഗത്തിന്റെ ഭാഗത്തുനിന്നുണ്ടാകുന്നുവെന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. നിരന്തരമായ സമ്പർക്കത്തിലൂടെ വളർന്നുവരുന്ന ആത്മബന്ധംവഴി അടിയന്തര ഘട്ടങ്ങളിൽ വയോജനങ്ങളുടെ കാര്യത്തിൽ ഇടപെടുകയും അവരെ സഹായിക്കുകയും ചെയ്യുന്ന സാഹചര്യങ്ങൾ ഇന്ന് സർവ്വസാധാരണമാണ്. പല വീടുകളിലും ഒറ്റപ്പെട്ടവർക്ക് ആശ്വാസവും സ്നേഹവും കൈത്താങ്ങുമായി ഡെലിവറി ബോയ്സ് എന്ന് വിളിപ്പേരുള്ള ഈ മേഖലയിലെ തൊഴിലാളികൾ പ്രവർത്തിക്കുന്നു. വളരെ ക്ലേശകരവും അപകടകരവുമായ സാഹചര്യങ്ങളിലാണ് അവർ ജോലി ചെയ്യുന്നത്. അവർക്ക് കൃത്യമായ ജോലി സമയം നിശ്ചയിച്ചിട്ടില്ല. അതെല്ലാം ജോലി ചെയ്യിക്കുന്ന കമ്പനികളാണ് തീരുമാനിക്കുന്നത്. 8 മണിക്കൂർ ജോലിയെന്ന് നമ്മൾ നിജപ്പെടുത്തിയിട്ടുണ്ടെങ്കിലും 12 മണിക്കൂറും അതിൽ കൂടുതൽ സമയവും അവർക്ക് ജോലി ചെയ്യേണ്ടിവരും. 12 മണിക്കൂറിലധികം ജോലി ചെയ്യുമ്പോൾപോലും അവർക്ക് അർഹമായ വേതനം നൽകുന്നില്ലെന്നുള്ളത് ഖേദകരമായ കാര്യമാണ്. ജോലിയുടെ ഭാഗമായി മഴയെന്നോ വെയിലെന്നോ നോക്കാതെ ഇരുചക്രവാഹനങ്ങളിലാണ് അവർക്ക് യാത്ര ചെയ്യേണ്ടി വരുന്നത്. 60 മുതൽ 75 കിലോമീറ്റർ വരെ വേഗത്തിൽ അവർക്ക് യാത്ര ചെയ്യേണ്ടിവരും. കാരണം ഒരു സിംഗിൾ ഡെലിവറിക്ക് ഏകദേശം 30 മിനിറ്റുമുതൽ 1 മണിക്കൂർ വരെ സമയം നൽകുന്നുണ്ടെങ്കിലും വരുമാനം നൽകുന്നത് ഡെലിവറിയുടെ എണ്ണത്തിന് ആനുപാതികമായാണ്. അതുകൊണ്ട് ഒരു ഡെലിവറി കഴിഞ്ഞ് അടുത്തതിനുവേണ്ടി വളരെ വേഗത്തിൽ പോകേണ്ടിവരും. ഓർഡർ യഥാസമയം എത്തിച്ചില്ലെങ്കിൽ കമ്പനിയുടെയും ഓർഡർ ചെയ്യുന്ന ആളുകളുടെയും ശകാരം കേൾക്കേണ്ടിവരും.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, വാതിൽപ്പടി സേവന രംഗത്തെ സംബന്ധിച്ച് സൂചിപ്പിച്ചതുപോലെ, ഓൺലൈനിൽ ഫുഡ് ഓർഡർ ചെയ്യുമ്പോൾ നിശ്ചിത സമയത്ത് എത്തിച്ചില്ലെങ്കിൽ പണം അടയ്ക്കേണ്ടതില്ല. അങ്ങനെ പണം കൊടുക്കാതെ വരുമ്പോൾ ഡെലിവറി ബോയ്സിൽനിന്നും ഹോട്ടലുകാർ പണം ഈടാക്കാനുള്ള സാധ്യതയുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ ഇവർ ഏറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. കൂടാതെ ഭക്ഷ്യമേഖലയിലും മറ്റെല്ലാ മേഖലയിലും ഓൺലൈൻ ബിസിനസ്സുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ധാരാളം പ്രതിസന്ധികളും നിലനിൽക്കുന്നുണ്ട്. അതുപോലെ ഓൺലൈൻ ബിസിനസിലൂടെ വസ്ത്രവ്യാപാരം നടത്തുന്ന ഒട്ടേറെ സ്ത്രീകൾ കേരളത്തിലുണ്ട്. ഇവർ അയച്ചുകൊടുക്കുന്ന സാധനങ്ങൾ ചില കൊറിയർ സർവ്വീസുകാർ കൃത്യമായി എത്തിക്കുന്നില്ല. എന്റെ മണ്ഡലത്തിലും ഇതുപോലുള്ള പ്രശ്നങ്ങളുണ്ട്. ഇത്തരം സാഹചര്യങ്ങളൊക്കെ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി. എസ്. സുപാൽ:</u> സർ, ഡെലിവറി ബോയ്സ് ധാരാളം പ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇത് അവരെ അപകടത്തിലേയ്ക്കുവരെ കൊണ്ടുചെന്നെത്തിക്കുകയാണ്.

<u>ശ്രീ. വാഴൂർ സോമൻ</u>: സർ, ജെൻഡർ ഇക്വാളിറ്റിക്കുവേണ്ടി നിലകൊള്ളുന്ന പൊതുസമൂഹമാണ് നമ്മുടേത്. അങ്ങ് അവതരിപ്പിച്ച ബില്ലിൽ ഡെലിവറി ബോയ്സ് എന്നാണ് പറയുന്നത്. ധാരാളം വനിതകളും ഈ രംഗത്ത് തൊഴിലെടുക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട സുഹൃത്ത് പറയുകയുണ്ടായി. അത്തരമൊരു സാഹചര്യത്തിൽ അങ്ങയുടെ ബില്ലിൽ വന്നിട്ടുള്ള ഡെലിവറി ബോയ്സ് എന്ന പരാമർശം മാറ്റി മറ്റെന്തെങ്കിലുമൊരു പേര് നൽകാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. എസ്. സുപാൽ:</u> സർ, അങ്ങ് തെറ്റിദ്ധരിച്ചതാണ്. 2021-ലെ കേരള സംസ്ഥാന വാതിൽപ്പടി സേവനരംഗത്ത് ജോലി ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബില്ലാണ് ഞാൻ അവതരിപ്പിക്കുന്നത്. എല്ലാ വിഭാഗവും അതിൽ ഉൾപ്പെടുന്നതാണ്. ഞാൻ ഡെലിവറി ബോയ്സ് എന്ന് പറഞ്ഞെന്നേയുള്ളൂ. ധാരാളം പെൺകുട്ടികളടക്കം പ്രവർത്തിക്കുന്ന ഒരു മേഖലയാണിത്. പൊതുവായ ആ കാഴ്ചപ്പാടാണ് ഇവിടെ അവതരിപ്പിക്കുന്നത്. ഇത് തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

## (iii) 2021-ലെ കേരള ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണ ബിൽ

ശ്രീ. പി. ടി. തോമസ്: സർ, 2021-ലെ കേരള ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണ ബിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്. ലോകാരോഗ്യ സംഘടനയുടെ കുടിവെള്ളം സംബന്ധിച്ച മാനദണ്ഡത്തിൽ വ്യക്തമായ ചില നിബന്ധനകൾ പറഞ്ഞിട്ടുണ്ട്. എന്നാൽ പല രാജ്യങ്ങളും കാലാവസ്ഥ, ഭൂപ്രകൃതി, തുടങ്ങി മറ്റ് സാഹചര്യങ്ങളൊക്കെ കണക്കിലെടുത്ത് ശുദ്ധജല ലഭ്യതയ്ക്കായി അതാത് രാജ്യങ്ങളുടേതായ ചില പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനവും വരൾച്ചയുംമൂലം ശുദ്ധജലം ലഭ്യമല്ലാത്ത ഒട്ടേറെ സാഹചര്യങ്ങളുണ്ട്. കേരളത്തെ സംബന്ധിച്ച് ശുദ്ധജലം ലഭ്യമാക്കാനുള്ള എല്ലാ സാഹചര്യങ്ങളുമുണ്ടെങ്കിലും അനുദിനം, അനുനിമിഷം നമ്മുടെ ജലസ്രോതസ്സുകൾ വൻതോതിൽ മലിനപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതിന് അറുതിവരുത്താത്തിടത്തോളം നമുക്ക് ശുദ്ധജലം എന്നുള്ളത് വലിയൊരു കിട്ടാക്കനിയായി മാറുമെന്നുള്ളതിൽ സംശയമില്ല. അപ്പോൾ അതിനുള്ള ആസൂത്രണവും മാനേജ്മെന്റും അത്യാവശ്യഘടകങ്ങളാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. നഗരവൽക്കരണത്തെ തുടർന്നുണ്ടാകുന്ന പ്രശ്നങ്ങളും ജനസംഖ്യാ വിസ്ഫോടനവും ഈ മേഖലയിൽ ശുദ്ധജല ലഭ്യത കുറച്ചുകൊണ്ടുവന്നിരിക്കുകയാണ്. ലഭിക്കുന്ന ജലത്തെ സംസ്കരിക്കുന്ന രീതി അശാസ്ത്രീയവും വളരെ പഴക്കംചെന്നിട്ടുള്ളതുമാണ്. അതിന് മാറ്റം വരേണ്ടതുണ്ട്.

ശ്രീ. നജീബ് കാന്തപുരം: സർ, ശുദ്ധജല ലഭ്യത ഉറപ്പാക്കുന്ന സമയത്തുതന്നെ നമ്മുടെ നാട്ടിലെ ഏറ്റവും വലിയ പ്രതിസന്ധിയെന്നുപറയുന്നത് കുഴൽക്കിണറുകളുടെ നിർമ്മാണമാണ്. അത് നിയന്ത്രിക്കാൻ എന്തെങ്കിലും ശിപാർശയുണ്ടോ?

ശ്രീ. പി. ടി. തോമസ്: സർ, തീർച്ചയായും അത് അടിയന്തരമായി നിയന്ത്രിക്കേണ്ടതുതന്നെയാണ്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന കുഴൽക്കിണറുകളെ സംബന്ധിച്ച് കഴിഞ്ഞ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ചില ഉദാഹരണങ്ങൾ പറയുകയുണ്ടായി. ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. മാത്രമല്ല, കുഴൽക്കിണറിലെ വെള്ളം കുടിക്കുന്നതുകൊണ്ട് കിഡ്നി, കരൾ

സംബന്ധമായ രോഗങ്ങൾ വളരെ ഗുരുതരമായി ബാധിക്കുന്നുവെന്ന് ആരോഗ്യ വകുപ്പിന്റെ റിപ്പോർട്ടുണ്ട്. അതിനകത്തുള്ള പല മൂലകങ്ങളും ഗുരുതരമായ ആരോഗ്യപ്രശ്നം ഉണ്ടാക്കുന്നതാണെന്നും കണ്ടെത്തിയിട്ടുണ്ട്. എല്ലാ കുഴൽക്കിണറുകളിലെയും വെള്ളം കുടിക്കാൻ കഴിയില്ല. ഏറ്റവും ചുരുങ്ങിയത്, തിളപ്പിച്ചാറ്റിയ വെള്ളമെങ്കിലും കുടിക്കേണ്ടതാണ്. കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി 1980 മുതൽ എൻവയോൺമെന്റ് സ്റ്റഡീസ് വിഭാഗം ആരംഭിച്ചിട്ടുണ്ട്. അവിടെനിന്നും അയ്യായിരത്തിൽപ്പരം വിദ്യാർത്ഥികൾ ബിരുദ-ബിരുദാനന്തരബിരുദ പഠനം പൂർത്തിയാക്കി പുറത്തുവന്നിട്ടുണ്ട്. എന്നാൽ ശുദ്ധജലം സംസ്കരിക്കുന്നതുമായി ബന്ധപ്പെട്ടോ ജലവിതരണവുമായി ബന്ധപ്പെട്ടോ ഇവരെ ഉപയോഗപ്പെടുത്തുന്ന കാര്യം ആലോചിച്ചിട്ടില്ല. അതുകൊണ്ട് കേരളത്തിൽ ഏറ്റവും കൂടുതൽ ജനങ്ങൾക്ക് വെള്ളം കൊടുക്കുന്ന ആലുവ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിലെ ജലശുദ്ധീകരണത്തിന്റെ മേൽനോട്ട ചുമതലയ്ക്കായി കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയുടെ എൻവയോൺമെന്റ് സ്റ്റഡീസ് വിഭാഗത്തെ ഉപയോഗപ്പെടുത്താൻ കഴിഞ്ഞാൽ പ്രയോജനകര മായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. ജലശുദ്ധീകരണത്തിനായി ശാസ്ത്രീയമായി ധാരാളം പഠനങ്ങൾ നടത്തുന്നുണ്ട്. നമ്മൾ ജലം ശുദ്ധീകരിക്കാൻവേണ്ടി കുറെ കുമ്മായം ഇടുക മാത്രമാണ് ചെയ്യുന്നത്. ഇന്ന് അതിനെ അതിജീവിച്ച് ധാരാളം രോഗാണുക്കൾ പടർന്നുവരുന്നതിനാൽ വളർന്നുവരുന്ന കുഞ്ഞുങ്ങൾക്കുവേണ്ടിയും ജീവിച്ചിരിക്കുന്ന വർക്കുവേണ്ടിയും വരാൻപോകുന്ന തലമുറയ്ക്കുവേണ്ടിയും ശുദ്ധജലം ഉറപ്പാക്കുക എന്നുള്ളത് അനിവാര്യമാണ്. സർക്കാർ ഈ രംഗത്ത് ശക്തമായ നിലപാടുകൾ സ്വീകരിച്ചില്ലെങ്കിൽ വലിയ ദുരന്തങ്ങൾ സംഭവിക്കും. ജലത്തിലടങ്ങിയിരിക്കുന്ന മൂലകങ്ങൾ കാരണം ഗുരുതര ആരോഗ്യ പ്രശ്നങ്ങളാണുണ്ടാകുന്നത്. കിഡ്നി രോഗികളുടെ എണ്ണം ദിവസംതോറും വർദ്ധിക്കുകയാണ്. കുഴൽക്കിണർ വെള്ളമൊക്കെ അതിനൊരു പ്രധാന കാരണമാണ്. ശുദ്ധജലമെന്നത് ഒരു പൗരന്റെ മൗലികമായ അവകാശമായി മാറ്റുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്ന് ശക്തമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അതിലൂടെ മാത്രമേ നാളത്തെ തലമുറയ്ക്ക് ഇവിടെ നിലനിൽക്കാൻ കഴിയുകയുള്ളൂ. ശുദ്ധജല പ്ലാന്റുകളും സംഭരണികളും വിതരണ സിസ്റ്റവും പരിശോധിച്ചാൽ പൈപ്പിൽ വിള്ളൽ വീണതായും വെള്ളം ഇല്ലാത്ത സമയത്ത് ആ വിള്ളലിലൂടെ ചെളി പൈപ്പിലേയ്ക്ക് വരുന്നതായും മനസ്സിലാക്കാൻ

കഴിയും. ഈ ചെളിവെള്ളം ഉപയോഗിക്കുന്നതിലൂടെ ഗുരുതരമായ പ്രശ്നങ്ങളാണുണ്ടാകുന്നത്. കുടിവെള്ളമെത്തിക്കുന്നതിനുള്ള സിസ്റ്റമൊക്കെ ലോകത്തിന്റെ പലഭാഗത്തും വലിയതോതിൽ മാറിക്കഴിഞ്ഞു. ഇപ്പോഴും നമ്മൾ പഴയ സിസ്റ്റവുമായി നിൽക്കുകയാണ്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, കുടിവെള്ളം വില കൊടുത്ത് വാങ്ങേണ്ടിവരുമെന്ന് പണ്ടത്തെ ആളുകൾ ചിന്തിച്ചിട്ടുണ്ടാകില്ല. ഏറ്റവും കൂടുതൽ കുടിവെള്ളം ലഭ്യമാകുന്ന ഈ സാഹചര്യത്തിൽ കുടിവെള്ളം വിലകൊടുത്ത് വാങ്ങേണ്ടിവരുന്ന അഭിപ്രായത്തോട് അങ്ങ് യോജിക്കുന്നുണ്ടോ?

ശ്രീ. പി. ടി. തോമസ്: സർ, 2021-22-ൽ കേന്ദ്രഗവൺമെന്റ് ജൽ ജീവൻ മിഷൻവഴി 1,804 കോടി രൂപ ശുദ്ധജലം ലഭ്യമാക്കാൻ അനുവദിക്കുന്നുണ്ട്. 66 ലക്ഷത്തോളം വരുന്ന വീടുകളിൽ കുടിവെള്ളമെത്തിക്കാനുള്ള പദ്ധതിയിൽ ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നത് സംബന്ധിച്ച വിഷയം പ്രധാനപ്പെട്ടതാണ്. ആയതിനാൽ മറ്റൊരു ദിവസം ഈ വിഷയം ചർച്ച ചെയ്യാവുന്നതാണ്. ഇത് തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

ഓർഡർ...... ഓർഡർ....... സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ആഗസ്റ്റ് മാസം 09-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.)

## അനുബന്ധം

നക്ഷത്രചിഹ്നമിട്ട 3(343)-ാം നമ്പർ ചോദ്യത്തിന്റെ (സി) പിരിവിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ- ദേവസ്വം വകുപ്പുമന്ത്രി നൽകിയ വിശദീകരണം

ആദിവാസി ഗോത്രസമൂഹങ്ങളിൽ ആധുനിക ചികിത്സാ സമ്പ്രദായം അനുവർത്തിക്കുന്നതിനും പട്ടികവർഗ്ഗക്കാർക്ക് കൂടുതൽ ചികിത്സാ സൗകര്യങ്ങളൊരുക്കുന്നതിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് "പട്ടികവർഗ്ഗക്കാർക്കായുള്ള സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി."

സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്ക് ചികിത്സയും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി നടപ്പാക്കിവരുന്ന പദ്ധതിയാണിത്. എ.പി.എൽ./ ബി.പി.എൽ. വ്യത്യാസമില്ലാതെ എല്ലാ പട്ടികവർഗ്ഗക്കാർക്കും 10,000 രൂപവരെയുള്ള ചികിത്സാ ചെലവ് സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജ് ആശുപത്രികളിലും സൗജന്യമായി ലഭിക്കുന്നു. കുടുംബവാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽത്താഴെയുള്ള പട്ടികവർഗ്ഗ രോഗികൾക്ക് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികൾ, റീജിയണൽ കാൻസർ സെന്റർ തുടങ്ങിയവയിൽ സൗജന്യചികിത്സ നൽകിവരുന്നു. ഇത്തരം ആശുപത്രികളിൽ ചികിത്സാ ചെലവ് 50,000 രൂപയിൽ അധികരിക്കുന്ന സാഹചര്യങ്ങളിൽ സർക്കാരിൽനിന്നും പ്രത്യേക അനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചികിത്സാ ചെലവ് അനുവദിക്കുന്നു. ആശുപത്രികളിൽ സൗജന്യമായി ലഭ്യമല്ലാത്ത മരുന്നുകൾ പുറമേനിന്നും വാങ്ങുന്നതിനുള്ള ചെലവ്, ലാബ് ടെസ്റ്റുകൾക്കുള്ള ചെലവ്, ചികിത്സയ്ക്കായി അത്യാവശ്യം വേണ്ടിവരുന്ന ചികിത്സാ ഉപകരണങ്ങൾ ലഭ്യമാക്കൽ തുടങ്ങിയവയും ഈ പദ്ധതിയുടെ കീഴിൽ സൗജന്യമായി നടപ്പിലാക്കുന്നു. രോഗികളെ ആശുപത്രിയിൽ എത്തിക്കുന്നതിനും അർഹരായ രോഗികളെ ചികിത്സ കഴിഞ്ഞ് വീടുകളിലെത്തിക്കുന്നതിനും മരണമടഞ്ഞവരുടെ മൃതദേഹം വീടുകളിലെത്തിക്കുന്നതിനും വേണ്ടിവരുന്ന യഥാർത്ഥ ആംബുലൻസ്/വാഹന വാടക, ആശുപത്രികളിൽ പ്രവേശിപ്പിച്ച രോഗികളായവർക്ക് സൗജന്യ ഭക്ഷണം ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ ഭക്ഷണത്തിനായി പ്രതിദിനം 150 രൂപ, ആശുപത്രികളിൽ രോഗികളുടെ കൂട്ടിരിപ്പുകാർക്ക് പ്രതിദിനം 200 രൂപ എന്നിവയും അനുവദിച്ചുനൽകുന്നു.